# കോടതിവ്യവഹാരങ്ങൾ: മലയാള നോവൽ സാഹിത്യത്തിൽ - തെരഞ്ഞെടുത്ത കൃതികളെ മുൻനിർത്തിയുള്ള പഠനം

ജോഫി റാഫി

കോഴിക്കോട് സർവ്വകലാശാലയിൽ മലയാളം

ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി

സമർപ്പിക്കുന്ന പ്രബന്ധം

(സംശോധിത പതിപ്പ്)

മാർഗ്ഗദർശക

ഡോ. ഷീബ എ.സി

മലയാള വിഭാഗം
ലിറ്റിൽ ഫ്ലവർ കോളേജ് (ഓട്ടോണമസ്)
ഗുരുവായൂർ
(കോഴിക്കോട് സർവ്വകലാശാല)
നവംബർ 2025

# JUDICIAL COURT DISCOURSES: A STUDY ON SELECTED MALAYALAM NOVELS

**JOFY RAPHY**

**Thesis Submitted to the**

**University of Calicut for the Degree of**

**Doctor of Philosophy in Malayalam**

**(Corrected Copy)**

**Supervising Teacher**

Dr. Sheeba A.C

**Department of Malayalam**

**Little Flower College (Autonomous)**

**Guruvayur**

**(University of Calicut)**

**November 2025**

ജോഫി റാഫി

ഗവേഷക

മലയാള വിഭാഗം

ലിറ്റിൽ ഫ്ലവർ കോളേജ്

ഗുരുവായൂർ - 680103

## സത്യപ്രസ്താവന

"കോടതിവ്യവഹാരങ്ങൾ: മലയാള നോവൽ സാഹിത്യത്തിൽ - തെരഞ്ഞെടുത്ത കൃതികളെ മുൻനിർത്തിയുള്ള പഠനം" എന്ന ഈ പ്രബന്ധം കോഴിക്കോട് സർവ്വകലാശാലയുടെ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിന്റെ പൂർത്തീകരണത്തിനായി ഡോ. ഷീബ എ. സി നൽകിയ മാർഗ്ഗ നിർദ്ദേശമനുസരിച്ച് ഞാൻ നടത്തിയ അന്വേഷണത്തിന്റെ രേഖയാണെന്നും ഈ ഗവേഷണ പ്രബന്ധത്തിൽ യാതൊരുവിധ എ ഐ കണ്ടെന്റും ഉൾപ്പെടുത്തിയിട്ടില്ല എന്നും ഏതെങ്കിലും സർവ്വകലാശാലയോ അതുപോലുള്ള സ്ഥാപനമോ നൽകുന്ന മറ്റേതെങ്കിലും ബിരുദത്തിനോ അംഗീകാരത്തിനോ ഈ പ്രബന്ധം ആധാരമായിട്ടില്ലെന്നും ഇതിനാൽ ബോധിപ്പിക്കുന്നു.

ഗുരുവായൂർ

തിയ്യതി: 21-11-2025

ജോഫി റാഫി

ജോഫി റാഫി

ഗവേഷക

മലയാള വിഭാഗം

ലിറ്റിൽ ഫ്ലവർ കോളേജ്

ഗുരുവായൂർ - 680103

## സത്യപ്രസ്താവന

"കോടതിവ്യവഹാരങ്ങൾ: മലയാള നോവൽ സാഹിത്യത്തിൽ - തെരഞ്ഞെടുത്ത കൃതികളെ മുൻനിർത്തിയുള്ള പഠനം" എന്ന ഈ പ്രബന്ധം കോഴിക്കോട് സർവ്വകലാശാലയുടെ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിന്റെ പൂർത്തീകരണത്തിനായി ഡോ. ഷീബ എ. സി നൽകിയ മാർഗ്ഗ നിർദ്ദേശമനുസരിച്ച് ഞാൻ നടത്തിയ അന്വേഷണത്തിന്റെ രേഖയാണെന്നും ഈ ഗവേഷണ പ്രബന്ധത്തിൽ യാതൊരുവിധ എ ഐ കണ്ടെന്റും ഉൾപ്പെടുത്തിയിട്ടില്ല എന്നും ഏതെങ്കിലും സർവ്വകലാശാലയോ അതുപോലുള്ള സ്ഥാപനമോ നൽകുന്ന മറ്റേതെങ്കിലും ബിരുദത്തിനോ അംഗീകാരത്തിനോ ഈ പ്രബന്ധം ആധാരമായിട്ടില്ലെന്നും ഇതിനാൽ ബോധിപ്പിക്കുന്നു.

ഗുരുവായൂർ

തിയ്യതി: 21-11-2025

ജോഫി റാഫി

GURUVAYUR LITTLE FLOWER COLLEGE (AUTONOMOUS)

ഡോ. ഷീബ എ.സി

മാർഗ്ഗനിർദ്ദേശക

മലയാളവിഭാഗം

ലിറ്റിൽ ഫ്ലവർ കോളേജ്

ഗുരുവായൂർ - 680103

സാക്ഷ്യപത്രം

കോഴിക്കോട് സർവ്വകലാശാലയിൽ പി.എച്ച്.ഡി ബിരുദത്തിന് വേണ്ടി സമർപ്പിക്കുന്ന "കോടതിവ്യവഹാരങ്ങൾ: മലയാള നോവൽ സാഹിത്യത്തിൽ - തെരഞ്ഞെടുത്ത കൃതികളെ മുൻനിർത്തിയുള്ള പഠനം" എന്ന ഈ പ്രബന്ധം ജോഫി റാഫി എന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഗുരുവായൂർ

തിയ്യതി: 21-11-2025

ഡോ. ഷീബ എ. സി

Dr.SHEEBA A.C.
Research Guide
U.O.No.8788/2019/Admn Calicut Uty.04.07.19
P. G.& Research Dept. of Malayalam
Little Flower College Guruvayoor
P.O. Puthenpalli, Thrissur (Dt)
Kerala, PIN - 680103

ഡോ. ഷീബ എ. സി

മാർഗ്ഗനിർദ്ദേശക

മലയാള വിഭാഗം

ലിറ്റിൽ ഫ്ലവർ കോളേജ്

ഗുരുവായൂർ- 680103

സാക്ഷ്യപത്രം

കോഴിക്കോട് സർവ്വകലാശാലയിൽ പി.എച്ച്.ഡി ബിരുദത്തിന് വേണ്ടി സമർപ്പിക്കുന്ന "കോടതിവ്യവഹാരങ്ങൾ: മലയാള നോവൽ സാഹിത്യത്തിൽ - തെരഞ്ഞെടുത്ത കൃതികളെ മുൻനിർത്തിയുള്ള പഠനം" എന്ന ഈ പ്രബന്ധം ജോഫി റാഫി എന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ കുറ്റമറ്റ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഗുരുവായൂർ

തിയ്യതി: 16-04-2026

Sheeba Ac

ഡോ. ഷീബ എ. സി

Dr.SHEEBA A.C.
Research Guide
U.O.No.8788/2019/Admn Calicut Uty.04.07.19
P. G.& Research Dept. of Malayalam
Little Flower College Guruvayoor
P.O. Puthenpalli; Thrissur (Dt)
Kerala. PIN - 680103

## കൃതജ്ഞത

"കോടതിവ്യവഹാരങ്ങൾ: മലയാളനോവൽ സാഹിത്യത്തിൽ - തെരഞ്ഞെടുത്ത കൃതികളെ മുൻനിർത്തിയുള്ള പഠനം" എന്ന ഈ പ്രബന്ധത്തിന്റെ ഓരോ ഘട്ടത്തിലും ആവശ്യമായ പ്രോത്സാഹനവും ക്രിയാത്മകമായ നിർദ്ദേശങ്ങളും തിരുത്തലുകളും നൽകിയ എന്റെ മാർഗ്ഗദർശി ഡോ. ഷീബ എ. സി ക്ക് സ്നേഹാദരങ്ങളോടെ നന്ദി. പ്രബന്ധരചനയിൽ എന്നോട് സഹകരിച്ച ലിറ്റിൽ ഫ്ലവർ കോളേജ് ഓരോ അധ്യാപകരേയും നന്ദിപൂർവ്വം ഓർക്കുന്നു.

ലിറ്റിൽ ഫ്ലവർ കോളേജ് ലൈബ്രറി, കേരളസാഹിത്യ അക്കാദമി ലൈബ്രറി, അപ്പൻതമ്പുരാൻ സ്മാരകഗ്രന്ഥ ശേഖരം, കോഴിക്കോട് സർവ്വകലാശാല മലയാളവിഭാഗം ലൈബ്രറി എന്നീ സ്ഥാപനങ്ങളെയാണ് റഫറൻസിനായി പ്രധാനമായും ഉപയോഗിച്ചിരുന്നത്. ഈ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നന്ദി രേഖപ്പെടുത്തുന്നു.

ഈ ഗവേഷണത്തിലുടനീളം ചർച്ചകളിലൂടെയും നിർദ്ദേശങ്ങളിലൂടെയും ദിശാബോധം പകർന്ന പ്രിയ അധ്യാപകർ ഡോ. ജിഷ എലിസബത്ത് വർഗ്ഗീസ്, ഡോ. ഉഷ ബാലകൃഷ്ണൻ എന്നിവരെ കൃതജ്ഞതയോടെ ഓർക്കുന്നു. ഗവേഷണവഴികളിൽ ഒപ്പം നിന്ന പ്രിയ ഗവേഷക സുഹൃത്തുക്കൾക്കും നന്ദി അറിയിക്കുന്നു. ഗവേഷണത്തിന് പ്രോത്സാഹനവും മാനസികപിന്തുണയും നൽകി എപ്പോഴും കൂടെ നിന്ന എന്റെ ജീവിത പങ്കാളി ജോയൽ ജോണിനോടും പ്രിയപ്പെട്ട മാതാപിതാക്കളോടുമുള്ള നന്ദി ഇവിടെ രേഖപ്പെടുത്തുന്നു.

ജോഫി റാഫി

## പ്രബന്ധസംഗ്രഹം

"കോടതിവ്യവഹാരങ്ങൾ: മലയാള നോവൽ സാഹിത്യത്തിൽ - തെരഞ്ഞെടുത്ത കൃതികളെ മുൻനിർത്തിയുള്ള പഠനം" എന്ന പ്രബന്ധം മലയാള നോവൽ സാഹിത്യത്തിൽ കോടതിയെന്ന സ്ഥാപനവും വ്യവഹാരവും എപ്രകാരമാണ് കടന്നുവരുന്നതെന്നും കാലത്തിലൂടെ നീതിന്യായ വ്യവസ്ഥയ്ക്കും കോടതികൾക്കും സംഭവിച്ച പരിവർത്തനങ്ങളെ എഴുത്തുകാർ എങ്ങനെ അടയാള പ്പെടുത്തിയിരിക്കുന്നുവെന്നും കണ്ടെത്താനാണ് ശ്രമിക്കുന്നത്. നോവലിലെ നീതിന്യായ വ്യവഹാരങ്ങളെ വിശകലനം ചെയ്തുകൊണ്ട് കോടതിഭാഷ, അധികാരവിനിമയം എന്നിവയും സൂക്ഷ്മമായി അപഗ്രഥിക്കുന്നു. ഒ. ചന്തുമേനോന്റെ 'ശാരദ', പോത്തേരി കുഞ്ഞമ്പുവിന്റെ 'സരസ്വതീ വിജയം', കോവിലന്റെ 'ഭരതൻ' ആനന്ദിന്റെ 'ഗോവർധന്റെ യാത്രകൾ', കെ. ആർ. മീരയുടെ 'ഖബർ' എന്നീ നോവലുകളെയാണ് പഠനമാതൃകകളായി തെരഞ്ഞെടുത്തിരിക്കുന്നത്. ഫൂക്കോയുടെ വ്യവഹാരവിശകലനത്തിന്റെയും സംസ്കാരപഠനത്തിന്റെയും രീതിശാസ്ത്രം പ്രബന്ധരചനക്ക് ഉപയോഗിച്ചിരിക്കുന്നു. കോടതിവ്യവഹാരത്തിന്റെ കാലോചിതമായ വികാസപരിണാമങ്ങളെ നോവൽവ്യവഹാരത്തിലൂടെ നിരീക്ഷിച്ചറിഞ്ഞ് അവ സമൂഹത്തിന്റെ നീതിന്യായവ്യവസ്ഥയിൽ ചെലുത്തുന്ന സ്വാധീനങ്ങളെ അടയാളപ്പെടുത്തുകയാണ് ഈ പ്രബന്ധത്തിലൂടെ ചെയ്യുന്നത്.

**താക്കോൽവാക്കുകൾ: നൈതികത,അറിവ്,അധികാരം,പ്രത്യയശാസ്ത്രം,വ്യവഹാരം,വ്യവഹാര വിശകലനം,വിമർശനാത്മക,വ്യവഹാരാപഗ്രഥനം,കോളനിയനന്തരം,സാംസ്കാരികവ്യവഹാര ങ്ങൾ,ജാതി,ലിംഗം.**

# Abstract

The Dissertation titled "Judicial Court Discourses: A Study on Selected Malayalam Novels" seeks to explore how the institution of the court and the practice of litigation are represented in Malayalam novels, and how writers have marked the transformations that the judicial system and courts have undergone over time. By analysing depictions of judicial processes in novels, the study closely examines courtroom language, the distribution of power, and related socio-legal nuances. The works chosen as primary texts for this study are *Sarada* by O. ChanduMenon, *Saraswathi Vijayam* by Potheri Kunjhambu, *Bharathan*by Kovilan, *Govardhante Yathrakal* by Anand, and *Qabar* by K. R. Meera. Methodologies used in this study are Discourse Analysis and Cultural Analysis. Through these novels, the Dissertation observes the evolution of court discourses across different periods and identifies their influence on society's perception of the judicial system

**Key Words: Justice, Knowledge, Power, Ideology, Discourse, Discourse Analysis, Critical Discourse Analysis, Post Colonial, Cultural Discourses, Caste, Sex, Property.**

## ഉള്ളടക്കം


**ആമുഖം** **1 - 7**

**അധ്യായം ഒന്ന്**

വ്യവഹാരം- സൈദ്ധാന്തിക വിശകലനം **8 - 28**

1.1 വ്യവഹാരം ഫൂക്കോയുടെ വീക്ഷണത്തിൽ

1.1.1 വ്യവഹാര രൂപീകരണവും മാർക്സിയൻ പ്രത്യയശാസ്ത്രത്തിന്റെ വ്യഖ്യാനങ്ങളും

1.2 ആധുനിക ഭരണസംവിധാനവും ഫൂക്കോയുടെ ഗവൺമെന്റാലിറ്റിയും

1.3 ഫൂക്കോയുടെ സമകാലീനരും വ്യവഹാരചിന്തകളുടെ വ്യാപനവും

1.3.1 നോർമൻ ഫെയർക്ലോ

1.3.2 റൂഫ് വോഡാക്ക്

1.3.3 റോബർട്ട് കാപ്ലൻ

1.3.4 ട്യൂൻ വാൻ ഡിജ്ക്

1.4 കോളനിയനന്തര വ്യവഹാരവിശകലനം

1.4. 1 ഹോമി.കെ. ഭാഭ

1.4.1.1 സങ്കരത്വം

1.4.1.2 അനുകരണം

1.4.1.3 വിരുദ്ധസംസ്കാരവിഭാവനം

1.4.2 ഗായത്രി ചക്രവർത്തി സ്പിവാക്ക്

**അധ്യായം രണ്ട്**


കോടതിവ്യവഹാരങ്ങൾ - ചരിത്രാവലോകനം 29-78

2.1 കൊളോണിയൽ പൂർവ്വഘട്ടത്തിലെ കോടതിയുടെ ചരിത്രവും നീതിവ്യവസ്ഥയും

2.1.1 ഗോത്രകാലഘട്ടതിലെ നൈതികത

2.1.2 നീതിവിചാരങ്ങൾ സംഘകാലത്തിൽ

2.1.2.1 സംഘകാലത്തെ ഭരണരീതി

2.1.2.2 സംഘകാലത്തെ നീതിനിർവ്വഹണം

2.1.2.3 സംഘകാലത്തെ നീതിന്യായകോടതി

2.1.2.4 സംഘകാലത്തെ ദണ്ഡനീതിയും ശിക്ഷാരീതികളും

2.1.3 നീതിവിചാരങ്ങൾ ധർമ്മശാസ്ത്രങ്ങളിൽ

2.1.3.1 മനുസ്മൃതി

2.1.3.2 ഭാർഗവസ്മൃതി

2.1.3.3 ശാങ്കരസ്മൃതി

2.1.3.4 നാരദസ്മൃതി

2.1.4 വ്യവഹാരമാലയിലെ നൈതികവിചാരങ്ങൾ

2.1.5 കൗടില്യ നീതിസങ്കല്പം

2.2 കൊളോണിയൽ കാലത്തെ കോടതിചരിത്രം

2.2.1 നീതിനിർവ്വഹണവും കോടതിയുടെ സ്ഥാപനവും - മലബാറിൽ

2.2.2 തിരുവിതാംകൂറിലെ കോടതിയും നീതിനിർവ്വഹണവും

2.2.3 കൊച്ചിരാജ്യത്തെ കോടതിയുടെ സ്ഥാപനവും നീതി നടത്തിപ്പും

2.3 കേരളരൂപീകരണവും കോടതികളുടെ ഏകീകരണവും

2.4 ഭരണഘടനയും നീതിന്യായവ്യവസ്ഥയും

2.4.1 ഇന്ത്യൻ നീതിന്യായ സംവിധാനം

2.4.1.1 സുപ്രീംകോടതി

2.4.1.2 ഹൈക്കോടതി

2.4.1.3 കീഴ്ക്കോടതികൾ

2.4.1.3.1 മുൻസിഫ് കോടതികൾ

2.4.1.3.2 സബ്കോടതികൾ

2.4.1.3.3 ജില്ലാകോടതികൾ

2.4.1.3.4 ഒന്നാംക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികൾ

2.4.1.3.5 ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികൾ

2.4.1.3.6 സെഷൻസ് കോടതികൾ

2.4.1.3.7 മെട്രോപൊളിറ്റൻ മജിസ്ട്രേറ്റ് കോടതി

2.4.1.4 ഇതരകോടതികൾ

2.4.1.4.1 ട്രൈബ്യൂണലുകൾ

2.4.1.4.2 ലോക് അദാലത്ത്

2.4.1.4.3 ലോകായുക്ത

2.4.1.4.4 ലോക്പാൽ

2.4.1.4.5 ബെഞ്ചുകൾ

2.5 കോടതിഭാഷ – ചരിത്രാവലോകനം

2.5.1 കോടതിഭാഷയുടെ മാറ്റത്തിനുവേണ്ടിയുള്ള ശ്രമങ്ങൾ

2.5.2 കോടതിഭാഷയും പൊതുനീതിയും

2.5.3 കോടതിഭാഷ: സുപ്രീംകോടതിയുടെ പൊളിച്ചെഴുത്ത്

2.6 പൊതുനീതിയും നിയമഭേദഗതികളും

**അധ്യായം മൂന്ന്**

ആദ്യകാലനോവലുകളിലെ കോടതിവ്യവഹാരം **79 - 132**

3.1 'ശാരദ'

3.1.1 'ശാരദ' യിലെ കൊളോണിയൽ വ്യവഹാരം

3.1.2 'ശാരദ' യിലെ കോടതിവ്യവഹാരങ്ങൾ

3.1.2.1 കോടതി എന്ന വ്യവഹാരസ്ഥലം 'ശാരദ'യിൽ

3.1.2.2 കോടതിയധികാരത്തിന്റെ മൂർത്തരൂപങ്ങൾ

3.1.3 'ശാരദ' യിലെ നീതിന്യായവ്യവഹാരങ്ങൾ

3.1.4 'ശാരദ' യിലെ കോടതിഭാഷ - വ്യവഹാരവിശകലനം

3.1.5 സാംസ്കാരിക വ്യവഹാരങ്ങൾ 'ശാരദ' യിൽ

3.1.5.1 സാമ്പത്തിക വ്യവഹാരം

3.1.5.2 ജാതി- മത വ്യവഹാരം

3.1.5.3 വിദ്യാഭ്യാസ വ്യവഹാരം

3.1.5.4 തൊഴിൽ വ്യവഹാരം

3.2 'സരസ്വതീവിജയം'

3.2.1 'സരസ്വതീവിജയ'ത്തിലെ കൊളോണിയൽ വ്യവഹാരം

3.2.2 'സരസ്വതീവിജയ'ത്തിലെ കോടതിയധികാരവ്യവഹാരങ്ങൾ

3.2.2.1 കോടതി എന്ന വ്യവഹാരസ്ഥലം നോവലിൽ

3.2.2.2 കോടതിയധികാരത്തിന്റെ മൂർത്തരൂപങ്ങൾ

3.2.3 'സരസ്വതീവിജയ'ത്തിലെ നീതിന്യായവ്യവഹാരങ്ങൾ

3.2.4 'സരസ്വതീവിജയ'ത്തിലെ ഭാഷ- വ്യവഹാരവിശകലനം

3.2.5 നോവലിലെ സാംസ്കാരികവ്യവഹാരങ്ങൾ

3.2.5.1 ജാതി വ്യവഹാരം

3.2.5.2 സാമ്പത്തിക വ്യവഹാരം

3.2.5.3 വിദ്യാഭ്യാസ - തൊഴിൽ വ്യവഹാരങ്ങൾ

**അധ്യായം നാല്**

ആധുനിക നോവലുകളിലെ നൈതികപ്രശ്നങ്ങളും കോടതി വ്യവഹാര വിശകലനവും **133-180**

4.1 'ഭരതൻ'

4.1.1 'ഭരതനി' ലെ കൊളോണിയൽ അധികാരവ്യവഹാരങ്ങൾ

4.1.2 കോടതിയെന്ന വ്യവഹാരസ്ഥലം 'ഭരതനി'ൽ

4.1.3 അധികാരത്തിന്റെ മൂർത്തരൂപങ്ങൾ കോടതിയ്ക്കകത്തും പുറത്തും

4.1.4 'ഭരതനി' ലെ നീതിന്യായവ്യവഹാരങ്ങൾ

4.1.4.1 'ഭരതനി' ലെ കോടതി വിചാരണ- അയുക്തികതയുടെ വ്യാവഹാരികത

4.1.5 'ഭരതനി' ലെ കോടതിഭാഷ - വ്യവഹാരവിശകലനം

4.1.6 'ഭരതനി'ലെ സാംസ്കാരിക വ്യവഹാരങ്ങൾ

4.1.6.1 സവർണാധിപത്യവും സാമൂഹികവ്യവഹാരവും 'ഭരതനി' ൽ

4.1.6.2 വിദ്യാഭ്യാസ - തൊഴിൽ വ്യവഹാരങ്ങൾ

4.2 'ഗോവർധന്റെ യാത്രകൾ'

4.2.1 'ഗോവർധന്റെ യാത്ര'കളിലെ കൊളോണിയൽ വ്യവഹാരങ്ങൾ

4.2.2 'ഗോവർധന്റെ യാത്ര'കളിലെ നീതിന്യായ വ്യവഹാരങ്ങൾ

4.2.2.1 രാജനീതിയും കൊളോണിയൽ നീതിയും

4.2.2.2 ചരിത്ര - സാഹിത്യവ്യവഹാരങ്ങളിലെ അധികാരത്തിന്റെ വിശകലനം

4.2.3 'ഗോവർധന്റെ യാത്രകളി'ലെ കോടതി - വ്യവഹാര വിശകലനം

4.2.3.1 കോടതിക്കകത്തു നടക്കുന്ന വിചാരണകൾ

4.2.3.2 കോടതിയ്ക്കുപുറത്തുള്ള നീതിവ്യവഹാരങ്ങൾ- ഒരു സാംസ്കാരിക വിശകലനം

4.2.3.2.1 പുരാണങ്ങളിലും കലാസാഹിത്യരംഗങ്ങളിലുമുള്ള നീതിവിചാരണകൾ

4.2.3.2.2 ശാസ്ത്രത്തിലെ നീതിവിചാരങ്ങൾ

4.2.4 കോടതിയെന്ന വ്യവഹാരസ്ഥലം 'ഗോവർധന്റെ യാത്ര'കളിൽ

4.2.5 കോടതിയധികാരത്തിന്റെ മൂർത്തരൂപങ്ങൾ

4.2.6 നോവലിലെ കോടതിഭാഷ - വ്യവഹാരവിശകലനം

**അധ്യായം അഞ്ച്**

കോടതിയുടെ ഉത്തരാധുനികമുഖവും വ്യാവഹാരികവിശകലനവും **181-201**

5.1 'ഖബർ'

5.1.1 'ഖബറി'ലെ കോടതി - വ്യവഹാര വിശകലനം

5.1.1.1 കോടതിയെന്ന വ്യവഹാരസ്ഥലം 'ഖബറി'ൽ

5.1.1.2 കോടതി അധികാരത്തിന്റെ മൂർത്തരൂപങ്ങൾ

5.1.2 ലിംഗന്യൂനപക്ഷ നീതിവിചാരങ്ങൾ 'ഖബറി'ൽ

5.1.3 'ഖബറി'ലെ ചരിത്ര-കാല- നീതിവിചാരങ്ങൾ

5.1.3.1 'ഖബറി'ലെ രാഷ്ട്രീയ നീതിവിചാരം

5.1.4 'ഖബറി'ലെ കോടതിഭാഷയും അധികാരവും

**ഉപദർശനങ്ങൾ** **202-208**

**ഗ്രന്ഥസൂചി** **209-215**

**ആമുഖം**

ജൈവമോ സ്വതന്ത്രമോ ആയ വ്യക്തിജീവിതത്തെ സാമൂഹികപരിപ്രേക്ഷ്യത്തിൽ നിയന്ത്രിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ആധുനികവ്യവസ്ഥയാണ് നിയമസംവിധാനം. മനുഷ്യന്റെ നൈതികബോധങ്ങളെയും സാമൂഹിക സാംസ്കാരിക ജീവിതത്തെയും ക്രമപ്പെടുത്തുകയോ നിയന്ത്രിക്കുകയോ ആണ് നിയമങ്ങളും നിയമങ്ങളെ വ്യാഖ്യാനിക്കുന്ന കോടതികളും ചെയ്യുന്നത്. ആധുനികസമൂഹം നിലനിന്നുപോരുന്നത് കോടതിയടക്കമുള്ള നിയമസംവിധാനങ്ങൾ ക്രമപ്പെടുത്തിയും നിർവ്വചിച്ചും പോരുന്ന നീതിബോധത്തിന്റെയും അതിന്റെ വിതരണത്തിന്റെയും ചട്ടക്കൂടിൽ നിന്നുകൊണ്ടാണ്. പറ്റംചേർന്നു ജീവിക്കുമ്പോൾ തന്നെ ഒറ്റയാവുകയും സ്വന്തം ജീവിതാവസ്ഥകളിലൂടെയും സംഘർഷങ്ങളിലൂടെയും കടന്നുപോവുകയും ചെയ്യുന്ന ഓരോ മനുഷ്യനും ഈ നിയമവ്യവസ്ഥയെ ഏതെങ്കിലും തരത്തിൽ അനുസരിക്കേണ്ടിവരുന്നു. മനുഷ്യൻ സമൂഹജീവിതം ആരംഭിച്ച കാലം മുതൽ അവർക്കിടയിൽ നീതി നടപ്പാക്കുന്നതിന് നിയമവ്യവസ്ഥകളും ഭരണരീതികളും ഉണ്ടായിരുന്നു. കാലത്തിലൂടെ പരിഷ്കരിക്കപ്പെട്ട ഈ നീതി- നിയമവ്യവസ്ഥകൾ ആധുനികകാലമാകുമ്പോഴേക്കും കോടതി എന്ന സ്ഥാപനത്തിന്റെ പരിധിക്കുള്ളിലേക്ക് ക്രമപ്പെടുകയും മനുഷ്യൻ നീതിനിർവ്വഹണത്തിനായി കോടതിയെ ആശ്രയിക്കുകയും ചെയ്തു. വ്യത്യസ്തരൂപത്തിലും ഭാവത്തിലും ചരിത്രത്തിൽ രൂപപ്പെട്ട കോടതി, അതാതു കാലത്തിന്റെ നീതിബോധത്തെയും ജനതയുടെ യുക്തിയെയും സംസ്കാരത്തെയും പ്രതിഫലിപ്പിച്ചിരുന്നു.

മനുഷ്യസംസ്കാരത്തിന്റെ അടയാളമായ സാഹിത്യം ഉടലെടുത്ത കാലംമുതൽ നീതിനിഷേധിക്കപ്പെടുകയും നീതി നടപ്പാക്കുകയും ചെയ്യുന്ന മനുഷ്യന്റെ സംഘർഷങ്ങൾ സജീവവിഷയമായി ആവിഷ്കരിച്ചുവന്നിരുന്നു. അതുകൊണ്ട്തന്നെ ലോകസാഹിത്യത്തിന്റെ എക്കാലത്തെയും പ്രധാന പരിചിന്തനമായിരുന്നു നീതിനിർവ്വഹണവും വിതരണവും. മലയാള സാഹിത്യത്തിലും കോടതിവ്യവഹാരങ്ങളെയും നീതിന്യായ ചിന്തകളെയും രചനാസങ്കേതമാക്കിയിട്ടുള്ള നിരവധി സാഹിത്യരചനകൾ കടന്നുവന്നിട്ടുണ്ട്. കഥ, നോവൽ, നാടകം, സിനിമ എന്നിങ്ങനെ വിവിധ ജനുസ്സുകളിൽ കോടതി, ദൃശ്യമോ അദൃശ്യമോ ആയ സാന്നിധ്യമാണ് എന്ന് കാണാം. പ്രമേയത്തിന്റെയും ഇതിവൃത്തത്തിന്റെയും ഒരു ഭാഗമെന്ന നിലയിൽ പ്രത്യക്ഷമായും പരോക്ഷമായും നീതിപ്രശ്നങ്ങളും കോടതിവ്യവഹാരങ്ങളും ആദ്യകാലം മുതൽതന്നെ കൃതികളിൽ കാണാമായിരുന്നു. കൂടാതെ കോടതിയെ ഒരു പ്രതീകമായി നിലനിർത്തിക്കൊണ്ട് അതു പ്രതിനിധാനം ചെയ്യുന്ന അധികാരത്തിന്റെ മൂർത്തസ്വഭാവം എഴുത്തുകാർ അവതരിപ്പിച്ചിരുന്നു. ഭരണകൂടത്തിന്റെ ഒരു ഉപകരണമെന്ന

നിലയിലും അധികാരപ്രയോഗത്തിന്റെ കേന്ദ്രമെന്നനിലയിലും ഇവ മലയാളസാഹിത്യത്തിൽ ഇടംപിടിക്കുന്നതെങ്ങനെയെന്നും സൂക്ഷ്മവിചിന്തനം ചെയ്യുകയാണ് ഈ പ്രബന്ധത്തിൽ.

നിത്യജീവിതത്തിന്റെ അടയാളമായ സാഹിത്യകൃതികളിൽ കോടതി എന്ന അധികാരസ്ഥാപനം കടന്നുവന്നിട്ടുള്ളത് പരിശോധിക്കുമ്പോൾ വിശാലമായ ക്യാൻവാസിൽ ജീവിതം പകർത്തിയിട്ടുള്ള നോവലുകളിലാണ് ഇതിന്റെ സൂക്ഷ്മവും വിപുലവും ആഴമുള്ളതുമായ വിവരണം നമുക്ക കാണാൻകഴിയുന്നത്. മനുഷ്യനെന്ന സംവർഗ്ഗത്തിന്റെ ഭൗതികജീവിതത്തിൽ വ്യക്തികൾ പരസ്പരം ഇടയുമ്പോഴും സമൂഹമായി ഇണങ്ങുമ്പോഴും നീതിന്യായ പ്രശ്നങ്ങൾ സജീവമാകുന്നു എന്നത് സ്വാഭാവികമാണ്. അതു സവിശേഷമായി ആവിഷ്കരിക്കുന്ന നോവൽപ്രപഞ്ചത്തിൽനിന്നും ഉദാഹരണങ്ങൾ തെരെഞ്ഞെടുത്ത് പരിശോധിക്കേണ്ടത് സമൂഹത്തിന്റെ നീതിന്യായബോധങ്ങളെയും കാലാകാലങ്ങളിൽ സംഭവിച്ച മാറ്റങ്ങളെയും തിരിച്ചറിയുന്നതിനു ഏറെ സഹായകമാകുന്നു. ആധുനിക കേരളീയസമൂഹരൂപീകരണത്തിൽ നീതിന്യായവ്യവസ്ഥയും അതിന്റെ നിർവ്വഹണസ്ഥലമായ കോടതിയും മലയാളനോവൽ എങ്ങനെയാണ് അടയാളപ്പെടുത്തിയിരിക്കുന്നത് എന്നു തിരിച്ചറിയുന്നത് സംസ്കാരത്തിന്റെ സൂക്ഷ്മവിചിന്തനത്തിന് സഹായകമാകുന്നതുകൊണ്ടാണ് ഈ പഠനം കാലോചിതമാകുന്നത്. മനുഷ്യൻപോലും അപ്രസക്തമാകുന്ന മനുഷ്യാനന്തരകാലം സജീവമായി ചർച്ചചെയ്യുന്ന സമകാലചിന്താമണ്ഡലത്തിൽ ജാതിയുടെയും മതത്തിന്റെയും സാമ്പത്തികാവസ്ഥയുടെയും പേരിൽ നീതിനിഷേധിക്കപ്പെടുന്ന യാഥാർത്ഥ്യം തിരിച്ചറിയുകയും അത് മനുഷ്യാസ്തിത്വത്തിന്റെ ഏറ്റവും ദുരന്തപൂർണ്ണമായ മുഖമാണെന്ന് ബോധ്യപ്പെടുകയും ചെയ്യുന്നതുകൊണ്ടാണ് നീതിവിതരണത്തിലെ അപാകതകൾ കൂടുതൽ പ്രസക്തമാകുന്നത്.

❖ പഠനമേഖല

മലയാള നോവൽരചനയുടെ ആദ്യകാലഘട്ടം മുതൽ കോടതിവ്യവഹാരങ്ങൾ സജീവശ്രദ്ധ ആകർഷിച്ച രചനാവിഷയ മായിരുന്നു. നൂറ്റാണ്ടിലധികമുള്ള നോവൽ ചരിത്രത്തിൽ പല കാലങ്ങളിലായി കോടതി ഇടംനേടിയിട്ടുണ്ട്. അതോടൊപ്പം കേരളീയ ചരിത്രമണ്ഡലത്തിൽ കോടതി വലിയ മാറ്റങ്ങൾക്കു വിധേയമായിട്ടുണ്ട്. ബ്രിട്ടീഷ് നിയമാവലികൾക്കനുസൃതം പ്രവർത്തിച്ചുകൊണ്ടിരുന്ന കോടതി, അതിന്റെ ചട്ടക്കൂടുകൾ മാറ്റിയില്ലെങ്കിലും നിയമാവലികളിൽ പരിഷ്കരണം നടത്തിയാണ് സ്വാതന്ത്ര്യാനന്തരം പ്രവർത്തിച്ചത്. ഓരോ കാലഘട്ടത്തിലും എപ്രകാരമാണ് കോടതിവ്യവഹാരങ്ങൾ നോവൽസാഹിത്യത്തിൽ കടന്നുവരുന്നത് എന്ന അന്വേഷണവും ഈ പ്രബന്ധപരിധിയിൽ ചർച്ചചെയ്യുന്നുണ്ട്.നോവൽ സാഹിത്യത്തിൽ

കോടതി എന്ന സ്ഥാപനവും വ്യവഹാരവും ഉണ്ട്. കോടതിമുറി എന്ന സ്ഥലരാശി നോവലിന്റെ ക്രിയാഭൂമികയായി തീരുന്നിടത്ത് കോടതി എന്ന സ്ഥാപനത്തെ കാണാം. എന്നാൽ കോടതി എന്ന സ്ഥാപനത്തിന്റെ പ്രകടസാന്നിധ്യം ഇല്ലാതെ തന്നെ നീതി എന്ന സങ്കല്പനവും വ്യവഹാരങ്ങളും നോവലിൽ ഇടംനേടുന്നുണ്ട്. ഭാഷയിലൂടെ ആവിഷ്കരിച്ചിട്ടുള്ള ഈ പ്രശ്നമണ്ഡലത്തിന്റെ അർത്ഥതലം വ്യവഹാരവിശകലനത്തിലൂടെ വ്യാവർത്തിപ്പിക്കുകയാണ് ഈ പ്രബന്ധത്തിൽ ഉദ്ദേശിച്ചിട്ടുള്ളത്. കോടതി ഒരു വ്യവഹാരമണ്ഡലമെന്ന നിലയിലും അതിന്റെ ഘടകങ്ങളും കോടതിഭാഷയും വ്യവഹാരവിശകലനത്തിൽ ഉൾപ്പെടുന്നു. കൂടാതെ ഓരോരോ കാലത്തിലും സമൂഹത്തിൽ രൂപംകൊള്ളുന്ന നൈതിക- നൈയാമിക പ്രശ്നങ്ങൾ നോവൽ വ്യവഹാരത്തിനുള്ളിൽ ആവിഷ്കരിച്ചിട്ടുള്ളത് സൂക്ഷ്മവിചിന്തനത്തിനും പഠനത്തിനും വിധേയമാക്കിയിട്ടുണ്ട്.

മലയാള നോവൽസാഹിത്യത്തിൽനിന്നും തെരെഞ്ഞെടുത്ത നോവലുകളെ മുൻനിർത്തിയാണ് ഈ പഠനം നിർവ്വഹിക്കുന്നത്. ആധ്യകാല നോവലുകളിൽ നിന്ന് ഒ. ചന്തുമേനോന്റെ 'ശാരദ'യും പോത്തേരി കുഞ്ഞമ്പുവിന്റെ 'സരസ്വതിവിജയ'വും നവോത്ഥാനകാലനോവലുകളിൽ നിന്ന് കോവിലന്റെ 'ഭരതനും' പഠനവിധേയമാക്കുന്നു. തുടർന്ന് ആധുനികനോവലുകളിൽ നിന്ന് ആനന്ദിന്റെ 'ഗോവർദ്ധന്റെ യാത്രകളും' ഉത്തരാധുനിക നോവലുകളിൽ നിന്ന് കെ. ആർ മീരയുടെ 'ഖബർ' എന്ന നോവലുമാണ് വിശദപഠനത്തിനായി തെരെഞ്ഞെടുത്തിരിക്കുന്നത്.

- **പഠനലക്ഷ്യം**

മലയാള നോവൽസാഹിത്യത്തിൽ കോടതിയെന്ന സ്ഥാപനവും വ്യവഹാരവും എപ്രകാരമാണ് കടന്നുവരുന്നതെന്നും കാലത്തിലൂടെ കോടതികൾക്കു സംഭവിച്ച പരിവർത്തനങ്ങളെ എഴുത്തുകാർ എങ്ങനെ അടയാളപ്പെടുത്തിയിരിക്കുന്നു എന്നും വിശദീകരിക്കാനുള്ള ഒരു ശ്രമമാണ് ഈ പ്രബന്ധത്തിൽ. തെരഞ്ഞെടുത്തിരിക്കുന്ന നോവലുകൾ കൈകാര്യം ചെയ്യുന്ന കാലഘട്ടം, സാംസ്കാരിക- രാഷ്ട്രീയ പരിസരം, ബൗദ്ധികവ്യാപാരങ്ങൾ എന്നിവ വ്യത്യസ്തങ്ങളായതിനാൽ ഓരോ നോവലിലെയും കോടതി വ്യവഹാരങ്ങളെയും നീതിപ്രശ്നങ്ങളെയും അപഗ്രഥ നവിധേയമാക്കിക്കൊണ്ട് വിവിധ സാമൂഹിക സന്ദർഭങ്ങളിലെ നൈതിക ബോധങ്ങളെ ഈ പഠനം വിലയിരുത്തുന്നു. നോവലിലെ നീതിന്യായവ്യവഹാരങ്ങളെ വിശകലനം ചെയ്തു കൊണ്ട് കോടതിഭാഷ, അധികാരവിനിമയം എന്നിവയും സൂക്ഷ്മമായി അപഗ്രഥിക്കുന്നു. 'ശാരദ', 'സരസ്വതീവിജയം' എന്നീ ആദ്യകാലമലയാള നോവലുകളുടെ പഠന ത്തിലൂടെ കേരളസമൂഹത്തിലുണ്ടായ നവോത്ഥാനമുന്നേറ്റങ്ങളുടെ പശ്ചാത്തലത്തിൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിലെ നീതി

ന്യായവ്യവസ്ഥയെ പഠനവിധേയമാക്കുന്നു. കോടതിയെ ഒരു അധികാര പ്രതീകമായി കാണുന്ന സ്വാതന്ത്ര്യാനന്തര സമൂഹത്തിലെ നൈതിക ബോധങ്ങളെ കോവിലന്റെ 'ഭരതൻ' എന്ന കൃതിയെ മുൻനിർത്തി പഠിക്കുന്നു. തുടർന്ന് 'ഗോവർധന്റെ യാത്രകൾ' എന്ന കൃതിയിലൂടെ ആധുനികകേരളത്തിലെ നൈതിക വിചാരങ്ങൾ വിലയിരുത്തുന്നു. സത്യാനന്തരകാലത്തിലെ നീതിനിർവ്വഹണത്തിലും വിതരണത്തിലും സംഭവിച്ചിട്ടുള്ള മതകേന്ദ്രീകൃതവും വംശീയവുമായ ബോധങ്ങളും സൂക്ഷ്മമായി നിരീക്ഷിക്കാൻ 'ഖബർ' എന്ന നോവലിന്റെ പഠനം ഏറെ സഹായകമായിട്ടുണ്ട്. കോടതിവ്യവഹാരത്തിന്റെ കാലോചിതമായ വികാസ പരിണാമങ്ങളെ നോവൽവ്യവഹാരത്തിലൂടെ നിരീക്ഷിച്ചറിഞ്ഞ് അവ സമൂഹത്തിന്റെ നീതിന്യായവ്യവസ്ഥയിൽ ചെലുത്തുന്ന സ്വാധീനങ്ങളെ അടയാളപ്പെടുത്തുകയാണ് ഈ പഠനത്തിന്റെ ലക്ഷ്യം.

❖ **പഠനത്തിന്റെ പ്രസക്തിയും പ്രാധാന്യവും**

നിയമസംവിധാനങ്ങളുടെ നീതിവിതരണം സമകാലചിന്താമണ്ഡലത്തിൽ വലിയതോതിൽ ചർച്ചയാകുന്നതിനാൽ ഈ പ്രബന്ധത്തിന്റെ പ്രാധാന്യം വർദ്ധിക്കുന്നു. അധികാരത്തിന്റെ സൂക്ഷ്മരാഷ്ട്രീയങ്ങളെ വിശാലാർത്ഥത്തിൽ ചർച്ചചെയ്യുന്നു എന്നിടത്ത് നോവൽ പ്രസക്തമായ ആകരസാമഗ്രിയാകുന്നുണ്ട്. ചന്തുമേനോൻ മുതൽ കെ. ആർ മീര വരെയുള്ള എഴുത്തുകാർ നീതിന്യായവ്യവസ്ഥയെ അടയാളപ്പെടു ത്തുന്നതിൽ ഭിന്നരീതികൾ പുലർത്തുന്നവരാണ്. കോടതിവ്യവഹാരങ്ങളെയും കോടതിക്കു പുറത്തുള്ള നൈതികപ്രശ്നങ്ങളെയും കേന്ദ്രീകരിച്ചുള്ള ഒരു സൂക്ഷ്മപഠനം ഇനിയും മലയാളത്തിൽ നിർവഹിക്ക പ്പെട്ടിട്ടില്ലാത്തതിനാൽ ഈ ഗവേഷണപ്രശ്നം പ്രസക്തമാകുന്നു. ജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിലും സവർണാധിപത്യത്തിലും ഊന്നി ഇന്ത്യൻനീതിവ്യവസ്ഥ പൊതുജനങ്ങൾക്ക് അന്യമാകുന്ന സമകാല ഇന്ത്യൻസാഹചര്യത്തിൽ നീതിയുടെ കാലാനുസൃതമായ മാറ്റവും സ്ഥിരമായ അസ്തിത്വവും പഠനവിധേയമാക്കേണ്ടത് ഒരു ജനാധിപത്യസംവിധാനത്തിന്റെ ഉള്ളിൽ പൗരധർമ്മമായി കാണേണ്ടതുണ്ട്. നൂറുപ്രാവശ്യം ആവർത്തിച്ചാൽ നുണ സത്യമായിത്തീരുന്ന സത്യാനന്തരകാലഘട്ടത്തിൽ നീതിനിഷേധിക്കപ്പെടുന്ന അടിസ്ഥാന വർഗ്ഗങ്ങളുടെയും ന്യൂനപക്ഷ മതവിഭാഗങ്ങളുടെയും അടിച്ചമർത്തൽ തടയുന്നതിനും മനുഷ്യസമത്വത്തിലൂന്നിയ ധാർമ്മികക്രമം വീണ്ടെടുക്കുന്നതിനും നീതിനിർവഹണത്തിലെ അപര്യാപ്തതകൾ തിരിച്ചറിയേണ്ടതിന്റെ ആവശ്യം വളരെ വലുതാണ്. എല്ലാവർക്കും തുല്യമായി അനുഭവിക്കാവുന്ന അവകാശങ്ങളാണ് നീതി എന്ന സങ്കല്പം എന്നിരിക്കെ അതിനു ഹാനിവരുത്തുന്ന എല്ലാ അക്രമങ്ങളെയും നിയമവ്യവസ്ഥകൊണ്ട് തടയേണ്ടതും മനുഷ്യസ്വാതന്ത്ര്യത്തിന്റെ വില നീതിപൂർവ്വം നിലനിർത്തേണ്ടതുമാണ്. എന്നാൽ

അതിനു നിയുക്തമായ സ്ഥാപനം- കോടതി തന്നെ അർഹമായ നീതി നിഷേധിക്കുകയും അനീതി പ്രവർത്തിക്കുകയും അധികാരിയുടെ ഇച്ഛയാണ് നീതിയെന്ന ചിന്തയിൽ ഇന്ത്യൻജനാധിപത്യത്തെ വെല്ലുവിളിക്കുകയും ചെയ്യുന്നു. കാലാകാലങ്ങളിലെ നീതിചരിത്രത്തിന്റെ അടയാളമായ സർഗ്ഗാത്മക സാഹിത്യത്തെ മുൻനിർത്തിക്കൊണ്ട് ജനാധിപത്യപരമായ ധാർമ്മികതയെ വീണ്ടെടുക്കുക എന്ന ലക്ഷ്യമാണ് ഈ പഠനം മുന്നോട്ടു വെക്കുന്നത്. അതുതന്നെയാണ് ഈ വിഷയത്തിന്റെ പരമമായ പ്രാധാന്യം.

❖ **രീതിശാസ്ത്രം**

ഫൂക്കോയുടെ അറിവ്, അധികാരം, വ്യവഹാരം എന്നിങ്ങനെയുള്ള സങ്കല്പങ്ങളെ ആധാരമാക്കി നീതിന്യായസംവിധാനത്തെ അപഗ്രഥിക്കുകയും വിമർശനാത്മകവ്യവഹാരപഗ്രഥനത്തിന്റെ സാധ്യതകൾ ഉപയോഗിച്ചുകൊണ്ട് ഭാഷയിലും സാമൂഹികപ്രയോഗത്തിലുമുള്ള അധികാരാധിനിവേശങ്ങളെ വിശകലനം ചെയ്യുകയുമാണ് ഈ പഠനത്തിന്റെ സ്വഭാവം. ഫൂക്കോയെത്തുടർന്നുവരുന്ന വ്യവഹാരാ പഗ്രഥനചിന്തകളെയും പഠനത്തിനായി യഥാവസരം ഉപയോഗിച്ചിട്ടുണ്ട്. കോളനിയനന്തരചിന്തകളെയും മുൻനിർത്തി ആധുനിക കോടതിവ്യവഹാരത്തെ മനസ്സിലാക്കാനുള്ള ശ്രമവും ഈ പഠനം ലക്ഷ്യമാക്കുന്നു. കോടതിയെ ഒരു കോളനിവ്യവഹാരമെന്ന നിലയിൽ വിലയിരുത്തിക്കൊണ്ടു ഹോമിഭാഭയുടെ കോളനിസങ്കല്പനങ്ങളെ അടിസ്ഥാനമാക്കി നീതിന്യായവ്യവസ്ഥയും സമൂഹവും എന്ന വിഷയത്തിൽ വിശകലനാത്മകമായ ഒരന്വേഷണം നടത്തുന്നു. മനുഷ്യനെ സാമൂഹ്യ വത്ക്കരിക്കുന്നതൊടൊപ്പം അവന്റെ സാംസ്കാരികജീവിതത്തിൽ അറിഞ്ഞോ അറിയാതെയോ പ്രത്യക്ഷമായോ പരോക്ഷമായോ കോടതികൾ സ്വാധീനം ചെലുത്തുന്നുണ്ട്. ആയതിനാൽ സംസ്കാര പഠനത്തിന്റെ രീതിശാസ്ത്രവും സാധ്യതകളും ഈ പഠനത്തിൽ ഉപയോഗിക്കുന്നുണ്ട്

❖ **പൂർവ്വപഠനങ്ങൾ**

മലയാളനോവൽസാഹിത്യപഠനത്തിൽ കോടതികളും കോടതി വ്യവഹാരങ്ങളും ചർച്ചാവിഷയമായിട്ടുണ്ടെങ്കിലും നോവലിലെ കോടതികളെ സൂക്ഷ്മമായി പരിശോധിക്കുന്ന പഠനങ്ങൾ ഏറെ നടന്നിട്ടില്ല. സുനിൽ പി. ഇളയിടം രചിച്ച 'അജ്ഞാതവുമായുള്ള അഭിമുഖങ്ങൾ' എന്ന സാഹിത്യ നിരൂപണ ഗ്രന്ഥത്തിൽ കഥാസാഹിത്യത്തിലെ കോടതികളെ പഠനവിധേയമാക്കുന്നു. പ്രസ്തുത ഗ്രന്ഥത്തിലെ 'കഥയരങ്ങും കോടതിയും' എന്ന ലേഖനത്തിൽ സി. വി ശ്രീരാമന്റെ കഥകളിലെ കോടതിയാണ് പ്രതിപാദ്യവിഷയം. കേരളസർവകലാശാലയിൽനിന്നും ഗവേഷണബിരുദം ലഭിച്ച അരുൺ ശശിയുടെ 'നിയമവ്യവഹാരവും കേരളസംസ്കാരവും'

എന്ന ഗവേഷണപ്രബന്ധത്തിൽ കോടതിവ്യവഹാരങ്ങളെക്കുറിച്ച് പരമാർശമുണ്ട്. സിനിമ, നാടകം, നോവൽ എന്നിങ്ങനെ വ്യത്യസ്ത സാഹിത്യരൂപങ്ങളെ മുൻനിർത്തി നിയമവ്യവഹാരങ്ങളെയും വിവിധ നിയമദ്ധാന്ത ങ്ങളെയും പഠനവിഷയമാക്കുന്നതാണ് പ്രസ്തുത പ്രബന്ധം. 'ശാരദ' എന്ന നോവൽ മാത്രമാണ് ഇവിടെ പഠനവിധേയമാക്കിയിട്ടുള്ളത്. കൂടാതെ കാലിക്കറ്റ് സർവ്വകലാശാലയിൽനിന്നും ഗവേഷണബിരുദം ലഭിച്ച അനീഷ് പോളിന്റെ 'ആനന്ദിന്റെ നൈതികദർശനം' എന്ന ഗവേഷണപ്രബന്ധത്തിൽ ആനന്ദിന്റെ നോവലുകളിലെ നീതി എന്ന പ്രശ്നം മാത്രമാണ് പഠനവിഷയമായിട്ടുള്ളത്. ഷാജി ജേക്കബിന്റെ 'നോവൽ: ചരിത്രത്തിന്റെ പാഠഭേദം' എന്ന പുസ്തകത്തിലെ 'അധികാരത്തിന്റെ ആൾരൂപങ്ങൾ' എന്ന ലേഖനത്തിൽ നോവലിലെ നീതിന്യായ വ്യവസ്ഥയെക്കുറിച്ചുള്ള ആനുഷംഗിക സൂചനകൾ നൽകിയിട്ടുണ്ട്. എന്നാൽ മലയാള നോവൽസാഹിത്യത്തിലെ കോടതി വ്യവഹാരങ്ങളെയും നൈതികപ്രശ്നങ്ങളെയും ചരിത്രപരമായും താത്വിക മായും വ്യക്തമായി അടയാളപ്പെടുത്തുന്ന പഠനങ്ങൾ ഇതുവരെയും ലഭ്യമായിട്ടില്ല എന്നതാണ് ഈ പഠനത്തിന്റെ സാധ്യത.

### ❖ പ്രബന്ധസ്വരൂപം

ആമുഖവും ഉപദർശനങ്ങളും കൂടാതെ അഞ്ച് അധ്യായങ്ങളാണ് ഈ പ്രബന്ധത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1. വ്യവഹാരം- സൈദ്ധാന്തിക വിശകലനം
2. കോടതിവ്യവഹാരങ്ങൾ- ചരിത്രാവലോകനം
3. ആദ്യകാലനോവലുകളിലെ കോടതിവ്യവഹാരം
4. ആധുനിക നോവലുകളിലെ നൈതിക പ്രശ്നങ്ങളും കോടതിവ്യവഹാരവിശകലനവും
5. കോടതിയുടെ ഉത്തരാധുനികമുഖവും വ്യാവഹാരിക വിശകലനവും

ഒന്നാമധ്യായത്തിൽ ഫൂക്കോയുടെ വ്യവഹാരമെന്ന സങ്കല്പനത്തെയും അതിനനുബന്ധമായ ചിന്തകളെയും കുറിച്ച് സൂക്ഷ്മപഠനം നടത്തുന്നു. അതോടൊപ്പം തന്നെ ഫൂക്കോയുടെ സമകാലികരായ സൈദ്ധാന്തികരുടെ വ്യവഹാരസംബന്ധിയായ ദർശനങ്ങളെയും അപഗ്രഥിക്കുന്നു. രണ്ടാമധ്യായത്തിൽ മനുഷ്യൻ കൂട്ടമായി ജീവിച്ചു തുടങ്ങിയ കാലത്തെ നൈതികപ്രശ്നപരിഹാര ഇടങ്ങൾ മുതൽ ആധുനിക കോടതിയുടെ ഉത്ഭവം വരെയുള്ള ചരിത്രത്തെ ലഘുവായി അവതരിപ്പിക്കുന്നു. മൂന്ന്,നാല്,അഞ്ച്എന്നീ അധ്യായങ്ങളിൽ തെരഞ്ഞെടുത്തിരിക്കുന്ന നോവലുകളിലെ കോടതിവ്യവഹാരങ്ങളെയും നൈതികവ്യവഹാരങ്ങളെയും സൂക്ഷ്മവിശകലനം ചെയ്യുന്നു. ഉപദർശനങ്ങളും തുടർപഠന സാധ്യതകളും പ്രബന്ധാവസാനം ചേർത്തിരിക്കുന്നു. പഠനത്തിനായി

ഉപയോഗിച്ച ഗ്രന്ഥങ്ങളുടെ അകാരക്രമത്തിലുള്ള ഗ്രന്ഥസൂചിയും യഥാക്രമം ഉൾച്ചേർത്തിരിക്കുന്നു. കുറിപ്പുകൾ ഓരോ അധ്യായത്തിനും അനുബന്ധമായാണ് ചേർത്തിരിക്കുന്നത്.

## അധ്യായം 1

# വ്യവഹാരം - സൈദ്ധാന്തിക വിശകലനം

'ഡിസ്കേഴ്സസ്' എന്ന ലാറ്റിൻപദത്തിൽ നിന്നാണ് 'Discourse' അഥവാ വ്യവഹാരം എന്ന പദം രൂപമെടുക്കുന്നത്. അങ്ങോട്ടും ഇങ്ങോട്ടും പോവുക എന്ന അർത്ഥത്തിലാണ് 'ഡിസ്കേഴ്സസ്' എന്ന പദം ലാറ്റിൻ ഭാഷയിൽ പ്രയോഗിക്കുന്നത്[1] രണ്ടുപേർ തമ്മിലുള്ള സംഭാഷണത്തെയാണ് വ്യവഹാരം എന്ന പദംകൊണ്ട് ഇംഗ്ലീഷ് ഭാഷയിൽ അർത്ഥമാക്കുന്നത്[2] വക്താവിന്റെയും ശ്രോതാവിന്റെയും സന്ദർഭത്തിന്റെയും ഭാഷാപ്രയോഗമെന്ന അർത്ഥത്തിൽ സംവാദം എന്ന അർത്ഥവും ഡിസ്കോഴ്സ് എന്ന ഇംഗ്ലീഷ് പദത്തിനുണ്ട്. വ്യവഹാരം എന്ന വാക്കിന് വഴക്ക്, ഇടപാട്, വ്യവഹാരം, നാട്ടുനടപ്പ്, പെരുമാറ്റം, തൊഴിൽ എന്നിങ്ങനെ ശബ്ദതാരാവലി സാമാന്യമായ അർത്ഥങ്ങൾ നൽകുന്നുണ്ട്. എന്നാൽ മലയാളജ്ഞാനമണ്ഡലത്തിൽ കോടതിയിൽ വാദിക്കപ്പെടുന്ന വഴക്ക്, തർക്കം എന്നിങ്ങനെയുള്ള സവിശേഷാർത്ഥത്തിലാണ് ഈ വാക്ക് ഉപയോഗിച്ചിരുന്നത് എന്നുകാണാം. വ്യവഹാരമാതൃക എന്ന വാക്കിന് നിയമത്തിന്റെ മുറ അഥവാ നടപടി എന്നും വ്യവഹാരസഭ എന്നതിന് കോടതി എന്നും വിശേഷമായി ശ്രീകണ്ഠേശ്വരം അർഥം നൽകുന്നുണ്ട്. (1991:1635) എന്നാൽ ഇരുപതാംനൂറ്റാണ്ടിൽ ഭാഷാശാസ്ത്രചിന്തകൾ വികസിച്ചപ്പോൾ ഡിസ്കോഴ്സ് എന്നതിന്റെ ഭാഷാന്തരമായി വ്യവഹാരം എന്ന പദം സ്ഥാപിക്കപ്പെട്ടു. ഈ ഗവേഷണ പ്രബന്ധത്തിൽ കോടതി വ്യവഹാരമെന്ന അർത്ഥത്തിലും ഡിസ്കോഴ്സ് എന്ന പദത്തിന്റെ തർജമയായി സിദ്ധാന്തവിശദീകരണങ്ങളിലും ഈ പദം ഉപയോഗിച്ചിട്ടുണ്ട്.

വ്യവഹാരം എന്ന പദം സമകാലസാഹിത്യ- സാംസ്കാരിക രംഗങ്ങളിൽ ശക്തമായ സ്വാധീനം ചെലുത്തുകയും സാമൂഹ്യശാസ്ത്രം, നരവംശശാസ്ത്രം, മനശാസ്ത്രം, സംസ്കാരപഠനങ്ങൾ, കോളനിയനന്തരപഠനങ്ങൾ എന്നിങ്ങനെ വിവിധ മേഖലകളിലെ സൈദ്ധാന്തിക വിശകലനത്തിനായി ഉപയോഗിക്കുകയും ചെയ്യുന്നു. സെലിങ്ഗ് ഹാരിസ് എന്ന ചിന്തകനാണ് വ്യവഹാരവിശകലനം എന്ന പദം ആദ്യമായി ഉപയോഗിക്കുന്നത് (1952:28). 'വ്യവഹാരമെന്നത് നാം ഉപയോഗിക്കുന്ന ഭാഷയാണ്.'[3] ആയതിനാൽ വ്യവഹാര വിശകലനമെന്നത് ഭാഷയുടെതന്നെ വിശകലനരീതിയാണെന്നുള്ള ചിന്ത ശക്തമാവുകയും ചെയ്തു.

20-ാം നൂറ്റാൺണ്ടിൽ ഭാഷാശാസ്ത്രത്തിന്റെ പരിധിയിൽ വ്യവഹാരമെന്ന സംജ്ഞയ്ക്ക് കുറേക്കൂടി വിശാലമായ അർത്ഥങ്ങൾ കൈവന്നു. വാക്യത്തേക്കാൾ വലിയ ഭാഷാഖണ്ഡത്തെയാണ് ഭാഷാ ശാസ്ത്രത്തിൽ വ്യവഹാരം എന്ന പദംകൊണ്ടു ഉദ്ദേശിക്കുന്നത്. ഭാഷയെ ഒരു ചിഹ്നവ്യവസ്ഥയായി കണ്ടുകൊണ്ടുള്ള വിശകലനരീതിയാണ് ഭാഷാശാസ്ത്രം ചെയ്യുന്നതെങ്കിൽ ഭാഷയ്ക്കപ്പുറത്തുള്ള വിശകലനമാണ് വ്യവഹാരാപഗ്രഥനം വഴി സാധ്യമാകുന്നത്. വ്യവഹാര പഠനത്തിലൂടെ ഭാഷയെക്കുറിച്ചുള്ള എല്ലാ അന്വേഷണങ്ങൾക്കും കൃത്യമായ

ഉത്തരം ലഭിക്കുന്നു. ഭാഷയുടെ വൈവിധ്യവും ഭാഷയുടെയും മനുഷ്യമനസ്സിന്റെയും വൈചിത്ര്യവുമാണ് ഇതിലൂടെ വ്യക്തമാകുന്നത്. കൂടാതെ വ്യവഹാരവിശകലനത്തിലൂടെ ഭാഷാശാസ്ത്രം അതിന്റെ ചട്ടക്കൂടിൽനിന്നും വിശാലതയിലേക്ക് പ്രവേശിക്കുന്നു. പാഠങ്ങളിലും സാമൂഹികസന്ദർഭങ്ങളിലും അടങ്ങിയിരിക്കുന്ന ഭാഷയുടെ വിശകലനത്തിലൂടെ സാമൂഹിക- സാസ്കാരിക സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന അധികാരത്തിന്റെ ഭാഷയെ കണ്ടെത്തുകയാണ് വ്യവഹാരവിശകലനം ചെയ്യുന്നത്.

ട്യൂൻ വാൻ ഡിജ്കിന്റെ 'The Handbook of Discourse Analysis' എന്ന കൃതിയിലൂടെയാണ് സമകാലിക വ്യവഹാരപഠനങ്ങൾക്ക് തുടക്കം കുറിച്ചത്. ഭാഷാപ്രയോഗങ്ങളുടെ സമാനതയെ മുൻനിർത്തി അത്തരം ഗണങ്ങളെ വ്യവഹാരങ്ങൾ എന്ന് പൊതുവെ വിളിക്കാറുണ്ട്. ചലച്ചിത്രം, തത്ത്വചിന്ത, വിമർശനം എന്നിങ്ങനെയുള്ള ജനുസ്സുകളെ വ്യവഹാരമെന്ന് വിളിക്കുന്നത് ഈ അർത്ഥത്തിലാണ്. ഒരു കാലഘട്ടത്തിലെ പൊതുവായ ആശയസംഹിതകളെ നിലനിർത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന വിവിധ ജനുസുകളുടെ സംഘാതത്തെ സൂചിപ്പിക്കുന്നതിനായി വ്യവഹാരം എന്ന പദം സവിശേഷമായി ഉപയോഗിച്ചുവരുന്നു. സാഹിത്യവ്യവഹാരം, രാഷ്ട്രീയവ്യവഹാരം, ആധുനികതാവ്യവഹാരം, ദേശീയതാവ്യവഹാരം എന്നീ പ്രയോഗ ങ്ങൾ ഇതിനുദാഹരണമാണ്.

1.1 വ്യവഹാരം ഫൂക്കോയുടെ വീക്ഷണത്തിൽ

യൂറോപ്പിൽ ജ്ഞാനോദത്തിനുശേഷം വികസിച്ചുവന്ന ആധുനികതയെ മിഷേൽ ഫൂക്കോ അപഗ്രഥി ക്കുന്നത് വ്യവഹാര വിശകലനത്തിന്റെ രീതിശാസ്ത്രമുപയോഗിച്ച കൊണ്ടാണ്. ആയതിനാൽ ഫൂക്കോ തന്റെ വിവിധ ചിന്തകൾക്കും പഠനങ്ങൾക്കുമായി ഉപയോഗിച്ച രീതിപദ്ധതിയുടെ അടിസ്ഥാനമായി വ്യവഹാരത്തെ മനസിലാക്കാവുന്നതാണ്. 1969 ൽ ഫ്രാൻസിലെ 'കോളേജ് ഓഫ് ദി ഫ്രാൻസ്' എന്ന വിദ്യാഭ്യാ സസ്ഥാപനത്തിൽ അധ്യാപകനായി നിയമിതനാവുകയും ഫ്രാൻസിൽ ഓരോ കാലഘട്ടത്തിൽ പ്രബലമായ ചിന്താധാരകൾക്കൊപ്പം സഞ്ചരിക്കുകയും ചെയ്ത് വ്യത്യസ്തങ്ങളായ വിഷയങ്ങളെ കേന്ദ്രീകരിച്ചുള്ള പഠനങ്ങൾ അദ്ദേഹം ആരംഭിച്ചു. അധികാരം, വ്യവഹാരം, ജ്ഞാനം എന്നിങ്ങനെയുള്ള സങ്കല്പനങ്ങളുടെ സൂക്ഷ്മവിശകലനം സാഹിത്യ- സാംസ്കാരിക ലോകത്തെ നൂതന ചിന്തകളിലേക്ക് നിയിച്ചു. 'പത്തൊൻപതാം നൂറ്റാണ്ടിൽ ഉദയംചെയ്ത മനശ്ശാസ്ത്രം, വൈദ്യശാസ്ത്രം,ഭാഷാശാസ്ത്രം തുടങ്ങിയ മാനവിക ശാസ്ത്രങ്ങളും അതോടനു ബന്ധിച്ചുവന്ന ശിക്ഷാമുറകളും ശിക്ഷണ രീതികളുമെല്ലാം ചേർന്ന് എങ്ങനെ ആധുനികമനുഷ്യനെ ഒരേസമയം പ്രജാവൽക്കരിക്കുക (Subjective)യും വിഷയവൽക്കരിക്കുക (Objective)യും ചെയ്തു എന്ന അന്വേഷണമാണ്

ഫൂക്കോ നടത്തിയത്. 'സബ്ജെക്ട്' എന്ന വാക്കിന് ഫ്രഞ്ച്-ഇംഗ്ലീഷ് ഭാഷകളിലുള്ള ഉഭയാർഥസൂചനയെ (ഒരേ സമയം 'കർത്താവ്' 'പ്രജ' എന്നീ അർത്ഥങ്ങൾ ദ്യോതിപ്പിക്കുന്ന ഈ വാക്ക്) പരമാവധി ചൂഷണം ചെയ്തു കൊണ്ട് എങ്ങനെ പ്രജാവൽക്കരണം ((Subjectivi- zation) സമൂഹത്തിലെ വിനീതവിധേയനും നിയമബദ്ധനും (Normal) ആയ കർത്താവിന്റെ സംസ്ഥാപനത്തിലേക്കു നയിക്കുന്നുവെന്നും ഫൂക്കോ അന്വേഷിക്കുന്നു.' (രവീന്ദ്രൻ പി. പി, 2002:11)

വ്യവഹാരം പ്രകൃത്യാതന്നെ സ്ഥാപനമെന്ന നിലയിൽ പ്രവർത്തിക്കുന്നതാണെന്നും അത് സാമൂഹികമായി സ്ഥിതിചെയ്യുന്നതാണെന്നും ഉള്ള ചിന്തകൾ പൊതുവെ എല്ലാവരും അംഗീകരിച്ചിട്ടുള്ളതാണ്. ഭരണകൂടം, കോടതി, ആ" പത്രി, മതം എന്നിങ്ങനെയുള്ള സ്ഥാപനങ്ങളിലോ വ്യവസ്ഥകളിലോ നിർബാധം തുടർന്നുവരുന്ന കർതൃസംസ്ഥാപന പ്രക്രിയയെ വ്യവഹാര വിശകലനത്തിലൂടെ മനസിലാക്കാനുള്ള ശ്രമമാണ് ഫൂക്കോ ചെയ്യുന്നത്. വ്യവഹാരമെന്ന രീതിയിൽ അപഗ്രഥിച്ചുകൊണ്ടാണ് ഫൂക്കോ ജ്ഞാനവും അധികാരവും തമ്മിലുള്ള ബന്ധത്തെ അനാവരണം ചെയ്യുകയും ചരിത്രത്തിന്റെ കർതൃനിരപേക്ഷസ്വഭാവം വിശദമാക്കുകയും മാനവികവിഷയങ്ങളുടെ ആപേക്ഷികപദവിയെ നിർചിക്കുകയും ചെയ്യുന്നത്. വ്യവഹാരമാണ് ഫൂക്കോവിന്റെ അപഗ്രഥനത്തിലെ ഏറ്റവും പ്രാഥമികമായ ഏകകം. ഭാഷയല്ല വ്യവഹാരം. സാമൂഹിക പ്രയോഗത്തിലൂടെ വികസിച്ചുവരുന്ന ചിന്തയാണത്. ചില കാലഘട്ടങ്ങളിൽ ചിലതരം പ്രസ്താവങ്ങൾ മാത്രം സാധ്യമാകു ന്നതെന്തുകൊണ്ടാണെന്ന് ഫൂക്കോ അന്വേഷിക്കുന്നു. ചില കാലഘട്ടങ്ങളിൽ ചില പ്രയോഗങ്ങൾ സത്യവും മ ചിലത് അസത്യവുമായി മനസിലാക്കപ്പെടുന്നതിന്റെ നിയമങ്ങളാണ് ഫൂക്കോവിന്റെ വ്യവഹാരവിശകലനം അന്വേഷണവിഷയമാക്കുന്നത്. സമൂഹത്തിലെ ഭാഷയിലും പ്രയോഗത്തിലും പ്രകടമാകുന്ന അധികാര ബന്ധങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടാണ് ഫൂക്കോ വ്യവഹാരവിശകലനം നടത്തുന്നത്. ജീവിതത്തിന്റെ വിവിധ മേഖലകളിൽ വ്യക്തികൾ തമ്മിലുള്ള അധികാരബന്ധത്തെ സൂചിപ്പിക്കുന്ന ഭാഷാപ്രയോഗരീതിയായിട്ടാണ് ഈ വിശകലനം നടക്കുന്നത്. വ്യക്തിയുടെ അധികാരകർതൃത്വത്തിലൂന്നിയ ഭാഷാപ്രയോഗങ്ങളാണ് സാമൂഹികമായ അധികാരത്തിന്റെ ശ്രേണീകരണത്തിൽ ആ വ്യക്തിയെ ഉയർന്ന പദവിയിൽ എത്തിക്കുന്നത്. ആ ഭാഷയ്ക്ക് കീഴടങ്ങുന്ന ജനതയുടെ വിധേയത്വവും ആദരവും ഉണർത്തിക്കൊണ്ടാണ് അവരുടെമേൽ കർതൃത്വത്തിന്റെ അധികാരം സ്ഥാപിക്കുവാൻ അയാൾക്കു കഴിയുന്നത്.

ഫൂക്കോയുടെ അഭിപ്രായത്തിൽ വ്യവഹാരം രൂപപ്പെടുന്നത് മൂന്നു പ്രധാന സംവിധാനങ്ങൾ മുഖാന്തിരമാണ്. വ്യവഹാരങ്ങൾ രൂപപ്പെടുന്ന സാമൂഹികപ്രതലമാണ് (Surface of ക്ഷmergence) ആദ്യത്തേത് . തൊഴിലി

ടങ്ങൾ, കുടുംബം എന്നിങ്ങനെ വിവിധ സാമൂഹിക-സാംസ്കാരിക മേഖലകളിലാണ് ഓരോ വ്യവഹാരവും രൂപപ്പെടുന്നത്. രണ്ടാമതായി അധികാരത്തെ നിർവചിക്കുകയും അതിന് പരിധി നിർണയിക്കുകയും ചെയ്യുന്ന, അറിവും അധികാരവുമായി ബന്ധപ്പെട്ടു നി ാ ന്ന സാമൂഹിക സ്ഥാപനങ്ങളിലാണ് (Authorities of Delimitations) വ്യവഹാരം രൂപപ്പെടുന്നത്. വൈദ്യശാസ്ത്രം, നിയമമേഖലകൾ, മതാധികാര സ്ഥാപനങ്ങൾ എന്നിങ്ങനെയുള്ള സംവിധാനങ്ങളെ ഉദാഹരണമായി മനസിലാക്കാം. ഏതു വ്യവസ്ഥയിലാണ് വ്യവഹാ രത്തിലെ അർത്ഥം വിവരിക്കുകയും വർഗീകരിക്കുകയും മറ്റൊന്നിൽനിന്നും വേർതിരിക്കുകയും ചെയ്യുന്നത് അത്തരം സംവിധാനങ്ങളിലാണ് (Grids of Specification) മൂന്നാമതായി വ്യവഹാരം രൂപപ്പെട്ടുവരുന്നതെന്നു മനസിലാക്കാം. സാമൂഹ്യജീവിയായ മനുഷ്യന്റെ ദൈനംദിന അനുഭവങ്ങളിൽനിന്ന് അവൻ രൂപപ്പെടു ത്തിയെടുക്കുന്ന അറിവ് അഥവാ ജ്ഞാനമാണ് വ്യവഹാരങ്ങളുടെ രൂപീകരണത്തിനു നിദാനം. വ്യവഹാര ത്തിലൂടെയാണ് ഓരോ മനുഷ്യനും നിർമ്മിക്കപ്പെടുന്നത് എന്ന് ഫൂക്കോ പറയുന്നത് ഇതിനാലാണ്[4]. കർതൃത്വരൂപീകരണം സംബന്ധിക്കുന്ന വ്യവഹാരവും അതിൽനിന്നു അധികാരത്തെ സംബന്ധിക്കുന്ന ചർച്ചയും ഫൂക്കോ അവതരിപ്പിക്കുന്നത് 'ദ് ആർക്കി യോളജി ഓഫ് നോളേജ്' എന്ന കൃതിയിലൂടെയാണ്. സാമൂഹ്യ ജീവിയായ മനുഷ്യന്റെ പ്രവർത്തനങ്ങളെയും വിശ്വാസങ്ങളെയും ഏകോപിപ്പിക്കുകയും അവയെ നിയന്ത്രി ക്കുകയും ചെയ്യുന്നതിൽ ഇത്തരം സംവിധാനങ്ങൾ വലിയ പങ്ക് വഹിക്കുന്നു. ആശയങ്ങളെയും സ്ഥാപന ങ്ങളെയും വിശ്വാസങ്ങളെയും എല്ലാം സ്വാഭാവികമെന്നമട്ടിൽ കാണാതെ അവയെ അവ ഭാഗമായിരിക്കുന്ന വ്യവഹാരങ്ങളുടെ രൂപീകരണവുമായി ബന്ധപ്പെടുത്തി മനസ്സിലാക്കാനുള്ള ശ്രമമാണ് വ്യവഹാര വിശകലനത്തിലൂടെ ഫൂക്കോ നടത്തുന്നത്.

ജീവിതത്തിന്റെ വിവിധമേഖലകളിൽ വ്യക്തികൾ തമ്മിലുള്ള അധികാരബന്ധത്തെ സൂചിപ്പിക്കുന്ന ഭാഷാപ്രയോഗങ്ങൾ അതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ അധികാരവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഭരണകൂടപ്രത്യശാസ്ത്ര ഉപകരണങ്ങളുടെ അധികാരോത്പാദനവും പുനരുത്പാദനവും വിതരണവും നടക്കുന്നപ്രക്രിയ എങ്ങനെ ക്രിയാത്മകമായി പ്രവർത്തിക്കുന്നുവെന്നതാണ് ഫൂക്കോയുടെ പ്രധാന അന്വേ ഷണമേഖല. പ്രത്യയശാസ്ത്രപരവും സാസ്കാരികവും രാഷ്ട്രീയവുമായ അധികാരരൂപങ്ങൾ നിറഞ്ഞ നി ാ ന്ന ഭാഷയി ലേക്കുള്ള വ്യക്തിയുടെ പ്രവേശനഫലമായി വ്യത്യസ്ത വ്യവഹാരരൂപങ്ങളും കർതൃത്വത്തിലധി ിതമായ സവിശേഷ ബന്ധങ്ങളും രൂപപ്പെടുന്നുവെന്ന് ഫൂക്കോ കണ്ടെത്തുന്നു.

വ്യവഹാരം, അധികാരം, ജ്ഞാനം എന്നീ മൂന്നു സംജ്ഞകളെയും പരസ്പരപൂരകങ്ങളായ സങ്കല്പനങ്ങളായാണ് ഫൂക്കോ ദർശിക്കുന്നത്. ഒരു സമൂഹത്തിൽ നിലനിന്ന സത്യം-അസത്യം, നീതി-അനീതി, ധർമ്മം-അധർമ്മം എന്നീ ദ്വന്ദ്വങ്ങളെ സാമൂഹികപ്രയോഗങ്ങളുമായി ബന്ധിപ്പിക്കുകയും ശരിയേതെന്ന് തീരുമാനത്തിലെത്തിക്കുകയും ചെയ്യുന്നത് അക്കാലത്തെ അധികാരസമൂഹമാണ്. അധികാരിവർഗ്ഗം സൃഷ്ടിക്കുന്ന നിയമങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി ഓരോകാലത്തിലും സാധാരണജനങ്ങൾ ജീവിച്ചു പോരുന്നു. അധികാരിവർഗ്ഗത്തിന്റെ നിയമങ്ങളിലൂടെയും ആ നിയമങ്ങളോടുള്ള സംവാദങ്ങളിലൂടെയും അതുനൽകുന്ന അനുഭവങ്ങളിലൂടെയും കടന്നുപോകുന്ന വ്യക്തി സ്വാംശീകരിച്ചെടുക്കുന്നതാണ് അവന്റെ ജ്ഞാനം. വ്യവഹാരത്തിലൂടെയാണ് വ്യക്തിയിൽ അധികാരവും അറിവും സംയോജിക്കുന്നത്. കൂടാതെ വന്നുചേരുന്ന അനുഭവങ്ങളെ സ്വാംശീകരിക്കാൻ അവനെ നിർബന്ധിതനാക്കുന്നതും ഇതേ വ്യവഹാരമാണ്.

വ്യവഹാരങ്ങൾ ജ്ഞാനവുമായും ജ്ഞാനം അധികാരവുമായും ബന്ധപ്പെട്ടു നിൽക്കുന്നുവെന്ന് ഫൂക്കോ അഭിപ്രായപ്പെടുന്നു. കാരണം വ്യവഹാരങ്ങൾ പുതിയ അറിവുകളെ സൃഷ്ടിക്കുകയും അവ ഭരണകൂട ഉപകരണങ്ങളായി പ്രവർത്തിക്കുകയും ചെയ്യുന്നു എന്നാൽ വ്യവഹാരമെന്നതിനെ വ്യക്തിയുടെമേൽ അടിച്ചേൽപ്പിക്കുന്ന ഒരു കൂട്ടം ആശയങ്ങൾ മാത്രമായല്ല ഫൂക്കോ വിവക്ഷിക്കുന്നത്. (History Of Sexuality) എന്ന തന്റെ ഗ്രന്ഥത്തിൽ ഫൂക്കോ ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നു. 'വ്യവഹാരങ്ങൾ എല്ലായ്പ്പോഴും അധികാരത്തിന് കീഴ്പ്പെട്ടിരിക്കുന്നതോ അതിനെതിരെ ഉയരുന്നതോ ആവണമെന്നില്ല. വ്യവഹാരം അധികാരത്തിന്റെ ഒരു ഉപകരണമോ ഫലമോ പ്രതിരോധമോ ആകാം. വ്യവഹാരം അധികാരത്തെ വിനിമയം ചെയ്യുകയും ഉല്പാദിപ്പിക്കുകയും ചെയ്ത് അധികാരത്തെ ഉറപ്പിക്കുന്നു. വ്യവഹാരം അധികാരത്തെ തുറന്നു കാണിക്കുകയും അതിലൂടെതന്നെ അതിനെ ബലഹീനമാക്കി തകർക്കാനുള്ള സാധ്യതകൾ എടുത്തു കാണിക്കുകയും ചെയ്യുന്നു.'[5]

വ്യവഹാരങ്ങൾ സാമൂഹികഘടനയിലെ വിവിധ നിർമ്മിക്കുകയും അധികാരം നിലനിർത്തുന്നതിനുള്ള ഉപാധിയായി പ്രവർത്തിക്കുകയും ചെയ്യുന്നു. വ്യവഹാരത്തിന്റെ ധാർമ്മികവശങ്ങളെപ്പറ്റി പറയുന്ന സന്ദർഭത്തിൽ ഫൂക്കോ, സമൂഹത്തിലെ ഇത്തരം ശ്രേണിബന്ധങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. സമൂഹത്തെ നിയമബദ്ധമായ ഒരു വ്യവസ്ഥയായി പരിരക്ഷിക്കുന്ന ധർമത്തെ വ്യവഹാരത്തിന്റെ ന്യായവാദപരമായ (Judicative) ധർമം എന്നാണ് ഫൂക്കോ വിശേഷിപ്പിക്കുന്നത്. വ്യവഹാരത്തിന് സത്യവാദപരമായ ഒരു ധർമംകൂടി (Verdicate) ഉണ്ട്. പ്രത്യേക സമൂഹങ്ങളിൽ സത്യം- അസത്യം എന്ന ദ്വന്ദം സാധ്യമാകുന്നത്

വ്യവഹാരത്തിന്റെ ഈ ധർമം മൂലമാണ്. വ്യവഹാരത്തിന്റെ ന്യായവാദപരമായ ധർമത്തെ നിലനിർത്തുന്ന ഇടമാണ് കോടതികൾ.

### 1.1.1 വ്യവഹാരരൂപീകരണവും മാക്സിയൻ പ്രത്യയശാസ്ത്രത്തിന്റെ വ്യാഖ്യാനങ്ങളും

പ്രത്യയശാസ്ത്രമെന്നത് മാർക്സിയൻ ചിന്തയുടെ ഭാഗമായി പ്രചാരം നേടിയ സങ്കൽപ്പനമാണ്. സമൂഹത്തെ അധികാരവ്യവസ്ഥാനു സാരിയായി നിലനിർത്തുന്നതിൽ വ്യവഹാരങ്ങൾക്കുള്ള പങ്കിനെക്കുറിച്ച് ചിന്തിക്കുമ്പോൾ ഫൂക്കോയുടെ വ്യവഹാരവും ലൂയി അൽത്ത്യൂസറിന്റെ പ്രത്യയശാസ്ത്രവും ഒരേ ആശയത്തിന്റെ വിവിധ തലങ്ങളെക്കുറിച്ച് സൂക്ഷ്മാപഗ്രഥനം നടത്തുന്നതായി കാണാം. മാർക്സിസ്റ്റ് ചിന്തകളെ ഘടനാ വാദപരമായി വ്യാഖ്യാനിക്കുകയാണ് ഫ്രഞ്ച് ചിന്തകനായ ലൂയി അൽത്ത്യൂസർ ചെയ്തത്. അപ്രകാരം 'പ്രത്യയശാസ്ത്രം' എന്ന സങ്കൽപ്പനത്തിന് പുതിയ മാനങ്ങൾ നൽകാൻ 'Reading Capital' എന്ന കൃതിയിലൂടെ അൽത്ത്യൂസറിന് സാധിച്ചു.

ആദ്യകാല മാർക്സിസം ു ഡിയോളജിയെയാണ് പിന്തുടരുന്നത്. നിയമം, രാഷ്ട്രം, ഭരണം, മതം, കല, സാഹിത്യം എന്നിങ്ങനെ 'മേൽപ്പുര' യിലെ വ്യവഹാരങ്ങൾ ഓരോന്നും ചരിത്രപരമായി രൂപംകൊള്ളുന്നത് യുക്ത്യധി ിതമായല്ല, ചരിത്രപരമായും ഭാവനാത്മകമായും ഓരോ കാലഘട്ടത്തിന്റെ സവിശേഷത അനുസരിച്ചാണ്. സാർത്ര് തന്റെ ചിന്തകളിൽ ഇതിനാണ് പ്രധാന്യം നൽകിയത്. എന്നാൽ പിൽക്കാല മാർക്സിസം ഉല്പാദ്യ- ഉല്പാദന ബന്ധങ്ങളെ ശാസ്ത്രീയമായി അവതരിപ്പിക്കുന്ന യുക്ത്യധി ിതമായ ജ്ഞാനശാസ്ത്രത്തി (ഷpistomology) നാണ് പ്രാധാന്യം നൽകിയത്. ഈ ചിന്തയാണ് അൽത്ത്യൂസറിന്റെ പ്രത്യയശാസ്ത്രവിശകലനത്തിലേക്കും കർഹ ത്വരൂപീകരണത്തിന്റെ ആധുനികവ്യവഹാരചിന്തയിലേക്കും വഴിതുറന്നത്. കർഹ ത്വംര വിഷയിത്വം വൈയക്തികമല്ലെന്നും ചരിത്രപരമാണെന്നുമുള്ള അൽങ്ങ സറിന്റെ ചിന്തയാണ് 'ആർക്കിയോളജി ഓഫ് നോളേജിൽ' ഫൂക്കോ വികസിപ്പിക്കുന്നത്. സൈക്കോപത്തോളജിയുടെ ഭാഗമായി മാഡ്നസ്, ക്രിമിനാലിറ്റി എന്നി പദങ്ങളുടെ അർത്ഥരൂപീകരണ സന്ദർഭത്തിൽ ഓരോ ജ്ഞാനിമത്തിനുള്ളിൽ ഈ വ്യവഹാരങ്ങളുടെ അർത്ഥസാധ്യതകൾ ഫൂക്കോ വിശദീകരിക്കുന്നു. അൽത്ത്യൂസറിന്റെ അബോധ പ്രത്യയശാസ്ത്രത്തിനുള്ളിൽ (സാമാന്യപ്രത്യയ ശാസ്ത്രത്തിനുള്ളിൽ) വ്യക്തി കർഹ സ്ഥാനം സ്വീകരിക്കുന്നതിനെ വിശദീകരിക്കുമ്പോൾ ഫൂക്കോയുടെ വ്യവഹാരചിന്തയും സമാനത പുലർത്തുന്നതായി കാണാം.

താൻചെയ്യുന്ന കാര്യങ്ങൾ താൻ തീരുമാനിച്ചുചെയ്യുന്നതാണെന്ന തോന്നൽ ഉല്പാദിപ്പിച്ചുകൊണ്ടാണ് എന്നും അത് തന്റെ നിയോഗമാണെന്നുമുള്ള ബോധം പകർന്നുകൊണ്ടാണ് പ്രത്യയശാസ്ത്രം ആളുകളെക്കൊണ്ടു പ്രവർത്തിപ്പിക്കുന്നത്. അത് നിലവിലുള്ള മേലു കീഴ്കൽപനകൾ സ്വാഭാവികമാണെന്ന പ്രതീതി സൃഷ്ടിക്കുകയും അവയെ ദൃഢപ്പെടുത്തുകയും ചെയ്യുന്നു. വ്യവസ്ഥാനുകൂലമായ തോന്നലുകൾ ഉല്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നത് മേധാവി വർഗ്ഗത്തിന്റെ താൽപര്യങ്ങൾക്കിണങ്ങിയ അധീശപ്രത്യയ ശാസ്ത്രത്തിന്റെ പ്രവർത്തനഫലമായാണ്. ഈ പ്രത്യയശാസ്ത്രത്തെ പ്രസരിപ്പിച്ചുകൊണ്ട് സമൂഹത്തിന്റെ പ്രവർത്തനങ്ങളെ ഭരണകൂടത്തിനനു : ണമായതരത്തിൽ പ്രവർത്തിക്കുന്ന പ്രത്യയശാസ്ത്ര ഉപകരണങ്ങളാണ് കല, വിദ്യാഭ്യാസം, മതം എന്നിവ. ഭരണകൂടം പ്രവർത്തിക്കുന്നത് പട്ടാളം, ജയിൽ, പോലീസ് തുടങ്ങിയ മർദ്ദനോപാധികൾകൊണ്ടു മാത്രമല്ല, ഇപ്പറഞ്ഞ പ്രത്യയശാസ്ത്രഉപകരണങ്ങൾകൊണ്ടുകൂടിയാണെന്നും അൽത്ത്യൂസർ സിദ്ധാന്തിക്കുന്നു. (കെ.വി. തോമസ്, സി.ജെ.ജോർജ്,2010:54) അൽത്തൂസറിന്റെ പ്രത്യയശാസ്ത്ര ഉപകരണങ്ങൾ നിയന്ത്രണത്തിന്റെ മാർഗമാകുമ്പോൾ ഫൂക്കോയുടെ വ്യവഹാരം ഒരേ സമയം നിയന്ത്രണത്തിന്റെയും പ്രതിരോധത്തിന്റെയും മാർഗമായി മാറുന്നു. ഒരു ജ്ഞാനിമത്തിനുള്ളിൽ പുതിയ ഒരു വ്യവഹാരവും തദനുസൃതമായ കർതൃത്വനിർമ്മിതിയും സാധ്യമാക്കിക്കൊണ്ടാണ് ഫൂക്കോ ഈ പ്രതിരോധം രൂപപ്പെടുത്തുന്നത്.

### 1.2 ആധുനിക ഭരണസംവിധാനവും ഫൂക്കോയുടെ 'ഗവൺമെന്റാലിറ്റിയും'

പുരാതനഗ്രീസിൽ തുടങ്ങി ആധുനികതയിലേക്കും നവലിബറലിസത്തിലേയ്ക്കുമുള്ള ഒരു കാലഘട്ടത്തിന്റെ ചരിത്രപരമായ പുനർനിർമ്മാണങ്ങളിലൂടെ സാമൂഹികതയെ വിശകലനം ചെയ്യുന്നതിന് ഫൂക്കോ നിർദ്ദേശിച്ച മാർഗ്ഗമാണ് ഗവൺമെന്റാലിറ്റി. ഫൂക്കോ ആദ്യം വികസിപ്പിച്ച ആശയവും ഗവൺമെന്റിനെ മനസിലാക്കാനുള്ള ഒരു മാർഗ്ഗവുമാണിത്. ഭരണവ്യവസ്ഥയിലേക്കു ജനതയെ ഒരുക്കി സ മാക്കുക അഥവാ നീതിന്യായബോധം ജനങ്ങളിൽ രൂപപ്പെടുത്തുക എന്നതാണ് ഈ മാർഗ്ഗത്തിലുള്ളത്. നമ്മളെങ്ങനെ പെരുമാറുകയും പ്രവർത്തിക്കുകയും ചെയ്യുന്നുവെന്നതിനുള്ള കണക്കുക്കൂട്ടിയ മാർഗ്ഗങ്ങളാണ് ഗവൺമെന്റാലിറ്റി. ഒരു സമൂഹത്തെ ഭരിക്കാവുന്നതാക്കുന്ന സാങ്കേതികവിദ്യകളും തന്ത്രങ്ങളുമാണ് ഇതിലുൾപ്പെടുന്നത്. അതിനാൽ ഏറ്റവും പുതിയ ഭരണരീതിയെക്കുറിച്ചുള്ള യുക്തിസഹമായ ചിന്തയായി ഗവൺമെന്റാലിറ്റിയെ മനസിലാക്കാം. 'ഭരണത്തിന്റെ കല' എന്നാണ് ഗവൺമെന്റാലിറ്റിയെ ചിക്കാഗോ ക്രിട്ടിക്കുകൾ വിളിച്ചത്.[6] ബ്രാഹ്മണാധിപത്യത്തിൽ അധിഷ്ഠിതമായിരുന്ന പരമാധികാരഭരണവ്യവസ്ഥയാണ് പത്തൊൻപതാം നൂറ്റാണ്ടുവരെ ഇന്ത്യയിൽ നിലനിന്നിരുന്നത്. ഭരണാധികാരം രാജാവിനായിരുന്നെങ്കിലും അതിന്റെ ചാലകശക്തിയായി

വർത്തിച്ചിരുന്നത് സവർണാധിപത്യവും സ്മൃതിനിയമങ്ങളുമായിരുന്നു. ഫ്യൂഡലില് നാട്ടുവാഴിക്രമത്തിന്റെ നൈതികവിചാരങ്ങൾക്കു മുകളിലാണ് സ്വാതന്ത്ര്യാനന്തര ഇന്ത്യൻ ഭരണകൂടം സ്ഥാപിതമായത് എന്ന് ഇ.എം. എസ് അഭിപ്രായപ്പെടുന്നുണ്ട് (1996:210). ബ്രാമ ണമേൽക്കോയ്മയുടെയും രാജവാഴ്ചയുടെയും അധികാര പ്രയോഗത്തിൽനിന്ന് സ്വതന്ത്ര ജനാധിപത്യ ഗവൺമെന്റിലേയ്ക്കുള്ള മാറ്റത്തോടുകൂടിയാണ് ഭരണകൂടങ്ങളുടെ സ്വഭാവത്തിൽ പരിണാമം സംഭവിക്കുന്നത്.

മനുഷ്യന്റെ പ്രവർത്തനങ്ങളെ നിശ്ചയിക്കുകയും ക്രമീകരിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഒരു രാഷ്ട്രീയ സംഘടനയാണ് ഗവൺമെന്റ് എന്ന് ഫൂക്കോ അഭിപ്രായപ്പെടുന്നു. ഗവൺമെന്റിന്റെ രാഷ്ട്രീയരൂപം എന്ത്ന എന്താണതിന്റെ യഥാർത്ഥ നിർവ്വചനംന എന്നിങ്ങനെയുള്ള ഫൂക്കോയുടെ ആലോചനകളെ വിശദീ കരിക്കുന്നിടത്താണ് ഗവൺമെന്റിന്റെ ഭരണീയതയെക്കുറിച്ച് ചിന്തിക്കുന്നത്. പതിനാറാം നൂറ്റാണ്ടോടു കൂടിയാണ് ഫ്യൂഡലിസത്തിന്റെ തകർച്ച ആരംഭിക്കുകയും ജനകീയഗവൺമെന്റ് എന്നത് ഒരു പ്രധാന ചർച്ചാ വിഷയമായി യൂറോപ്പിൽ കടന്നുവരികയും ചെയ്തത്. അതിനുമുമ്പുള്ള പ്രാചീന മധ്യകാലഘട്ടങ്ങളിൽ രാജാവിനുള്ള നിയമോപദേശങ്ങൾ എന്ന നിലയ്ക്ക് ഗവൺമെന്റ് സംവിധാനങ്ങളെക്കുറിച്ച് ധാരാളം രചനകളിൽ സൂചനകൾ ഉണ്ടായിട്ടുണ്ട്. രാജാവിന്റെ ഭരണരീതികൾ, അധികാര ത്തിന്റെ വിതരണം, പ്രയോഗം, പ്രജാഹിതം മനസ്സിലാക്കുന്നതിനുള്ള മാർഗങ്ങൾ, ദൈവത്തോടുള്ള സ്നേഹവും വിധേയത്വവും, ദൈവിക നിയമങ്ങൾ പ്രജകൾക്കുമേൽ നടപ്പിലാക്കാനുള്ള മാർഗങ്ങൾ തുടങ്ങിയ വിഷയങ്ങളെ അധികരിച്ചുള്ള രചനകളായിരുന്നു അത്. എന്നാൽ പതിനാറാം നൂറ്റാണ്ടോടുകൂടി ഗവൺമെന്റ് അഥവാ ഭരണം ഒരു കലയാണെന്നു തിരിച്ചറിയുകയും അതിനെക്കുറിച്ചുള്ള ചിന്തകൾ ശക്തിപ്രാപിക്കുകയും ചെയ്തു. സ്വയം ഭരിക്കേണ്ടതെങ്ങനെനഎങ്ങനെയാണ് ഭരിക്കപ്പെടേണ്ടത്നമള്ളേവരെ ഭരിക്കേണ്ടതെങ്ങനെനഎങ്ങനെ ഒരു നല്ല ഭരണാധികാരിയാകാംനഇങ്ങനെയുള്ള ആലോചനകൾ ഉയർന്നുവന്നത് ഈ കാലഘട്ടത്തിലാണ് എന്ന് ഫൂക്കോ പറയുന്നു.[7]

പതിനാറാം നൂറ്റാണ്ടു മുതൽ പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനം വരെ ഗവേർണൻസുമായി (ഭരണവുമായി) ബന്ധപ്പെട്ട ധാരാളം ചിന്തകൾ പ്രബലമായി നിന്നിരുന്നു. ഫ്രഞ്ചുഭാഷയിൽ എഴുതപ്പെട്ട മാക്യവല്ലിയുടെ 'The Prince' എന്ന ഗ്രന്ഥമാണ് ഇത്തരുണത്തിൽ ശ്രദ്ധേയമായത്. പരമാധികാരം, പരമാധികാരത്തിന്റെ പരിധി, പരമാധികാരത്തിന്റെ വ്യത്യസ്തരൂപങ്ങൾ എന്നിവയെപ്പറ്റിയുള്ള ചർച്ചകൾ ഈ കാലഘട്ടത്തിൽ പ്രസക്തമായി. 'ഗവൺമെന്റാലിറ്റി'യെ കുറിച്ചുള്ള സങ്കൽപ്പങ്ങൾ ശക്തിപ്പെടുന്നതിന്റെ

സൂചകമായാണ് ഫൂക്കോ ഇതിനെ മനസ്സിലാക്കുന്നത്. ഭരണകൂടമെന്നത് ഒരു പരമാധികാര കേന്ദ്രത്തിൽ മാത്രം ഒതുങ്ങുന്നതല്ലെന്നും അത് വിവിധ സാമൂഹികതലങ്ങളിലേക്ക് വ്യാപിച്ച് കിടക്കുന്നതാണെന്നും ഫൂക്കോ പറയുന്നു. കുടുംബത്തിന്റെ തുടർച്ചയായാണ് ഭരണകൂടത്തെ അദ്ദേഹം മനസ്സിലാക്കുന്നത്. ലാമോത്തെ ലാവെയർ എന്ന രാഷ്ട്രതന്ത്രജ്ഞന്റെ അഭിപ്രായത്തെ ഉപജീവിച്ചുകൊണ്ടാണ് ഫൂക്കോ ഇക്കാര്യം വിശദീകരിക്കുന്നത്. ആധുനികഭരണസസദായം യാഥാർത്ഥത്തിൽ സമ്പദ്ഘടന, രാഷ്ട്രതന്ത്രം എന്നിവയുമായി ബന്ധപ്പെട്ടാ ണിരിക്കുന്നതെന്നും കുടുംബം അവയുടെ കേന്ദ്രമാണെന്നും ഫൂക്കോ നിരീക്ഷിക്കുന്നു. കുടുംബത്തിന്റെ സമ്പദ്ഘടനയാണ് പ്രധാനമായും ഭരണ സംവിധാനങ്ങളുടെ സുഗമമായ നടത്തിപ്പിന് അടിത്തറയാകുന്നത്. ഗവൺമെന്റ് എന്ന രാഷ്ട്രീയ പ്രയോഗത്തിലേക്ക് കുടുംബത്തെയും അതിന്റെ സമ്പദ്ഘടനയെയും ഉൾപ്പെടുത്തുമ്പോൾ സദാചാരം, ധാർമ്മികത എന്നിവ കൂടി പരിഗണിക്കേണ്ടി വരുന്നു. ഇപ്രകാരമാണ് ഗവൺമെന്റാലിറ്റിയുടെ ഘടന രൂപപ്പെടുന്നതെന്ന് ഫൂക്കോ വ്യക്തമാക്കുന്നു.[8]

ഗവൺമെന്റ് എന്നാൽ സൗകര്യപ്രദമായ ചില ലക്ഷ്യങ്ങൾക്കു വേണ്ടി വസ്തുക്കളെ ക്രമാനുസൃതമായി വിന്യസിക്കലാണ് എന്ന ലാ പിയറിയുടെ പ്രസ്താവനയെ ഫൂക്കോ അപഗ്രഥനത്തിന് വിധേയമാക്കുന്നു. പഴയ കാലത്ത് രാജാവിന്റെ പരമാധികാരത്തിൽ വസ്തു എന്നത് രാജാവിന്റെ കീഴിലുള്ള പ്രദേശവും ആ ദേശത്തെ പ്രജകളുമാണ്. ജുഡീഷ്യൽ പരമാധികാരത്തിന്റെ അടിസ്ഥാനഘടകമെന്നത് രാജാവിന്റെ കീഴിലുള്ള ഈ പ്രദേശമാണ്. ഈ പ്രദേശങ്ങളുടെ ഫലഭൂയിവ ത, പ്രജകളുടെ സ്വഭാവം, ജനസാന്ദ്രത, സാമ്പത്തിക നിലവാരം എന്നിവയൊന്നും രാജാവിന്റെ അധികാരത്തെ ബാധിക്കുന്നില്ല. എന്നാൽ ഗവൺമെന്റിനെക്കുറിച്ച് ചിന്തിക്കുമ്പോൾ അധികാരത്തിന്റെ ആധാരമായി വർത്തിക്കുന്നത് വസ്തുക്കളും മനുഷ്യരും തമ്മിലുള്ള സങ്കീർണ്ണമായ ബന്ധമാണ് ഇവിടെ സമ്പദ്വിഭവങ്ങൾ, ഉപജീവനം, തൊഴിൽ, ആചാരങ്ങൾ, പ്രകൃതി, കാലാവസ്ഥ, എന്നിവയെല്ലാം പ്രധാനമായിത്തീരുന്നു. ഗവൺമെന്റാലിറ്റിയുടെ വികാസത്തിന്റെ പ്രതാപ ഘട്ടത്തിൽ കുടുംബത്തിന് നൽകിയിരുന്ന കേന്ദ്രസ്ഥാനം പിന്നീട് ജനങ്ങൾക്ക് ലഭിക്കുന്നു. ജനങ്ങളുടെ ക്ഷേമം പ്രധാനമായിത്തീർന്ന ആധുനികഘട്ടത്തിൽ ജനം ഗവൺമെന്റിന്റെ നിയന്ത്രണത്തിലാവുന്നു. ജനങ്ങളുടെയും രാഷ്ട്രീയസമ്പദ്വ്യവസ്ഥയുടെയും സംരക്ഷണദൗത്യം ഗവൺമെന്റിന്റേതായി മാറുന്നു. ജനങ്ങളുടെ അദ്ധ്വാനമാണ് സർക്കാരിന്റെ മൂലധനമായി മാറുന്നത്. സമൂഹത്തിന്റെ ക്രയവിക്രയ ബന്ധങ്ങൾ ഗവൺമെന്റാണ് തീരുമാനിക്കുന്നതെങ്കിലും ഗവൺമെന്റിനെ തെരെഞ്ഞെടുക്കാനും നിലനിർത്താനും ജനങ്ങൾക്കും അവരുടെ

സമ്പദ്വിനിമയത്തിനും കഴിയുന്ന എന്നിടത്താണ് ജനാധിപത്യത്തിൽ ഗവൺമെന്റാലിറ്റിയുടെ ഘടന സങ്കീർണ്ണമാകുന്നത്.

ആധുനിക ഗവൺമെന്റിനെ ഭരണീയമാക്കുന്നത് ജനതയുടെ വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയ സാംസ്കാരികതലങ്ങളാണ്. ഈ സാംസ്കാരികതയെ സുഗമമാക്കുന്ന നീതിന്യായ ഇടപെടലാണ് കോടതി. അതുകൊണ്ട്തന്നെ ഫൂക്കോ പറയുന്ന ഗവൺമെന്റാലിറ്റിയെ സ മാക്കുന്ന പ്രധാന സ്ഥാപനമെന്ന നിലയിൽ കോടതി ആധുനിക ഭരണക്രമത്തിലെ ഏറ്റവും വിശകലന സാധ്യതയുള്ള പഠനമേഖലയാണ്.

## 1.3 ഫൂക്കോയുടെ സമകാലീനരും വ്യവഹാരചിന്തകളുടെ വ്യാപനവും

മാർക്സിന്റെയും, ഫ്രോയ്ഡിന്റെയും അധികാരസംബന്ധിയായ സിദ്ധാന്തങ്ങളുടെ പരിമിതികൾ ചൂണ്ടിക്കാണിച്ചുകൊണ്ട് അതിനെ മറികടക്കാനുള്ള ഒരു ഉപാധിയായാണ് ഫൂക്കോ തന്റെ അധികാര സങ്കല്പത്തെ മുന്നോട്ടുവയ്ക്കുന്നത് 'ഹില റി ഓഫ് സെക്ഷ്വാലിറ്റി' (1997) എന്ന കൃതിയിലൂടെ അധികാരം സുവിപരം ആണെന്നും സാമൂഹിക സ്ഥാപനങ്ങളിലൂടെയും സാമൂഹിക ബന്ധങ്ങളിലൂടെയും അത് പ്രസരിക്കും എന്നും അദ്ദേഹം കണ്ടെത്തുന്നു 'ഓർഡർ ഓഫ് തിങ്ങ്സ്' (1973) എന്ന കൃതിയിലൂടെ സാമൂഹികകർഹ ത്വങ്ങൾ രൂപീകരിക്കുന്നതിൽ വ്യവഹാരത്തിനുള്ള പങ്കിനെക്കുറിച്ചും ഫൂക്കോ വിശദമാക്കുന്നു. കർതൃത്വ രൂപീ കരണത്തിൽ ഭാഷയ്ക്കുള്ള പ്രാധാന്യത്തെക്കുറിച്ച് ഭാഷാശാസ്ത്രജ്ഞൻമാർ ചിന്തിച്ചിട്ടില്ലാത്ത കാലത്താണ് അധികാരത്തിന്റെ വ്യവഹാരികതലത്തെ മുൻനിർത്തി ഫൂക്കോ സാമൂഹികസംഘടനയെയും ഭാഷാ ഘടനയെയും വിശദീകരിക്കാൻ വ്യവഹാരപഗ്രഥനം എന്ന സങ്കല്പനത്തിന്റെ പ്രാത്തടന മുന്നോട്ട് വെക്കുന്നത്. വ്യവഹാരങ്ങൾ സാമൂഹികഘടനയിലെ വിവിധ ശ്രേണിതലങ്ങളെ നിർമ്മിച്ച് അധികാരത്തെ നിലനിർത്താൻ പ്രാപ്തമാക്കുന്നു എന്ന ഫൂക്കോയുടെ സിദ്ധാന്തത്തെ വിമർശനാത്മക വ്യവഹാര അപഗ്രഥനം എന്ന ചിന്താപദ്ധതിയിലൂടെ പ്രയോഗതലത്തിൽ കൊണ്ടുവരാനുള്ള ശ്രമങ്ങൾ ആണ് പിന്നീട് കടന്നുവന്നത്. ഫൂക്കോയുടെ അധികാരവ്യവഹാരചിന്തകളെ മുൻനിർത്തി ഭാഷയെ അപഗ്രഥിക്കാമെന്ന് ആശയം ആദ്യമായി അവതരിപ്പിച്ചത് നോർമൻ ഫെയർക്ലോ ആണ്. അദ്ദേഹത്തെ തുടർന്ന് റൂഥ് വോഡാക്, റോബർട്ട് കാപ്ലൻ, ട്യൂൻ വാൻ ഡിജിക്ക് തുടങ്ങിയ ചിന്തകർ വിമർശനാത്മക വ്യവഹാരപഗ്രഥനത്തിന്റെ വിവിധ സാധ്യതകളെ തിരിച്ചറിയുകയും പ്രയോജനപ്പെടുത്തുകയും ചെയ്തു.

### 1.3.1 നോർമൻ ഫെയർക്ലോ

മിഷേൻ ഫൂക്കോയുടെ അധികാരസങ്കൽപ്പനങ്ങളെ മുൻനിർത്തി ഭാഷയിലെ അധികാര പ്രത്യയ ശാസ്ത്രബന്ധത്തെ വിശകലനം ചെയ്യുകയാണ് ഫെയർക്ലോയുടെ രീതി ശാസ്ത്രപദ്ധതി. ഇതിനായി ഒരു ത്രിമാനരൂപരേഖ അദ്ദേഹം ആവിഷ്കരിച്ചിട്ടുണ്ട്. മൂന്ന് തലത്തിൽനിന്നുകൊണ്ട് വ്യവഹാരത്തെ വിശകലനം ചെയ്യുകയാണ് നോർമൻ ചെയ്യുന്നത്. വ്യവഹാരം എന്നതിനെ പാഠമായും പ്രയോഗമായും സാമൂഹിക പ്രയോഗവുമായാണ് അദ്ദേഹം നിരീക്ഷിക്കുന്നത്. പാഠത്തിന്റെ പദതലം, വ്യാകരണതലം, ഘടനാ തലം എന്നിവയാണ് ആദ്യം അപഗ്രഥിക്കുന്നത്. വ്യവഹാരത്തെ ഒരു പ്രയോഗമായി മനസ്സിലാക്കുന്നിടത്താണ് പാഠത്തിന്റെ സാമൂഹിക സാന്ദർഭിക ബന്ധത്തെ അപഗ്രഥിക്കുന്നത്. വ്യവഹാരത്തെ ഒരു സാമൂഹിക പ്രയോഗം എന്ന നിലയിൽ അപഗ്രഥിച്ചുകൊണ്ടാണ് പാഠത്തിൽ അടങ്ങിയിരിക്കുന്ന അധികാരം, പ്രത്യയശാസ്ത്രം എന്നിവയെ വിശകലനം ചെയ്യുന്നത്. ഇപ്രകാരമാണ് തന്റെ ത്രിമാനരൂപരേഖ ഫെയർക്ലോ ത- ാറാക്കുന്നത്. ഫെയർക്ലോ തന്റെ സിദ്ധാന്തത്തിലൂടെ പാഠത്തെ കേവലവിശകലനത്തിനു വിധേയമാക്കുകയല്ല ചെയ്യുന്നത്. സാമൂഹികപ്രക്രിയയുമായുള്ള പദത്തിന്റെ ബന്ധത്തെ സൂക്ഷ്മമായി വിശകലനം ചെയ്യുന്നതിനുള്ള സുസ്ഥിരമായ അന്തർവൈജ്ഞാനിക പാഠവിശകലനരീതിയെ നിഷ്കർഷിക്കുകയാണ് ചെയ്തത്. ഇതിലൂടെ നിലനിൽക്കുന്ന സാമൂഹികമായ അനീതിയുടെ വ്യവഹാരങ്ങളെ വിമർശിക്കുവാനും നീതിയുക്തമായ പരിഹാരം കണ്ടെത്തുവാനും ശ്രമിക്കുന്നു എന്നതാണ് ഈ വിമർശന പദ്ധതിയുടെ പ്രസക്തി. കോടതിയെ ഒരു വ്യവഹാരമായി കാണാനും നിലനിൽക്കുന്ന സാമ്പത്തികജാതീയ അനീതികളെ നൈതികവിമർശനത്തിനു വിധേയമാക്കാനും ഈ സിദ്ധാന്തം സഹായകമാണ്.

### 1.3.2 റൂഥ് വോഡാക്ക്

വിമർശനാത്മക വ്യവഹാരാപഗ്രഹനത്തെ സാമൂഹികഭാഷാ ശാസ്ത്രത്തിന്റെ രീതി ശാസ്ത്രമുപയോഗിച്ചുകൊണ്ട് പഠിക്കുന്ന രീതിയാണ് റൂഥ് വോഡാക്കിന്റെത്. നോർമൽ ഫെയർക്ലോയിൽനിന്ന് വ്യത്യസ്തമായ രീതിയാണിത്. ഭാഷയിൽ നിലനിൽക്കുന്ന അധികാരം, മേധാവിത്വം, നിയന്ത്രണം, വിവേചനം, വിധേയത്വം, എന്നി ഘടകങ്ങളെ ഈ പഠനരീതിയുടെ അടിസ്ഥാനത്തിൽ അപഗ്രഥിക്കാനാകും എന്ന് 'ലാംഗ്വേജ് പവർ ആൻഡ് ്യ ഡിയോളജി: ല ഡി ഇൻ പൊളിറ്റിക്കൽ ഡിസ്കോഴ്സസ്' (1989) എന്ന കൃതിയിൽ അദ്ദേഹം വ്യക്തമാക്കുന്നു

### 1.3.3 റോബർട്ട് കാപ്ലൻ

വിമരർശനാത്മകവ്യവഹാരപഗ്രഥനത്തിന്റെ സാധ്യതകൾ ഉപയോഗിച്ചുകൊണ്ട് സാഹിത്യകൃതികളെ പഠനവിധേയമാക്കാമെന്ന ആശയം റോബർട്ട് കാപ്ലനാണ് ആദ്യമായി അവതരിപ്പിച്ചത്. എഴുത്തുക്കാരൻെ കർത്താവ് ഒരു കൃതിയിലൂടെ ആവിഷ്കരിക്കുന്ന സാമൂഹികധാരണകൾ കൂടുതൽ വിപുലവും വ്യക്തവുമാകുന്നത് കർത്താവും വായനക്കാരനും തമ്മിലുള്ള വിനിമയത്തിലൂടെയാണ് എന്ന് കാപ്ലൻ വ്യക്തമാക്കുന്നു.

### 1.3.4 ട്യൂൻ വാൻ ഡിജ്ക്

വിമർശനാത്മകവ്യവഹാരപഗ്രഥനത്തിന്റെ സാധ്യതകളെ മാധ്യമ പഠനത്തിനും വംശീയപഠനത്തിനും ഉപയോഗിക്കുന്ന ചിന്തകനാണ് ഡിജ്ക്. അധികാരമെന്നത് സ്ഥായിയായി നിലനിൽക്കുന്ന ഒന്നല്ലെന്നും അധികാരത്തിനെതിരെ പ്രതിരോധം എപ്പോഴും നിലനിൽക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു. സമ്പത്ത്, അറിവ്, സാമൂഹികനില തുടങ്ങിയവയെല്ലാം അധികാരത്തിന്റെ അടിസ്ഥാനങ്ങളെണെന്നും ഇവയെ മുൻനിർത്തി വ്യക്തിയോ സമൂഹമോ മറ്റുള്ളവരിൽ നടത്തുന്ന നിയന്ത്രണമാണ് യഥാർത്ഥത്തിൽ അധികാര മെന്നും ട്യൂൻ വാൻ ഡിജ്ക് വ്യക്തമാക്കുന്നു

## 1.4 കോളനിയനന്തര വ്യവഹാരവിശകലനം

1947-ൽ ഇന്ത്യ സ്വതന്ത്രമായെങ്കിലും ഇന്ത്യൻ മനസുകളുടെ അടിത്തട്ട് കോളനി വൽക്കരിച്ച തന്നെയാണ് നിലനിന്നത് എന്ന് പിൽക്കാലജീവിതാവസ്ഥകൾ തെളിയിക്കുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടും ഇംഗ്ലീഷ്ഭാഷയോടും വർദ്ധിച്ചുവരുന്ന അഭിനിവേശം കോടതി തുടങ്ങിയ സ്ഥാപനങ്ങളുടെ ഘടനയിൽ പുല ർത്തുന്ന കോളനിവിധേയത്വം, മനുഷ്യബന്ധങ്ങളുടെ സ്ഥാപന വൽക്കരണം ഇവയെല്ലാം കോളനി യനന്തരജീവിതത്തിലെ ദുരന്തങ്ങളായി വായിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. സദാചാരം, വസ്ത്രധാരണം, ഭാഷ തുടങ്ങി സംസ്കാരത്തിന്റെ എല്ലാ ഘടകങ്ങളിലും കോളനീകരിച്ച ഘടനയാണ് ഇന്ത്യയിലുള്ളത് എന്ന് സ്പിവാക്ക്, ഹോമിഭാഭ തുടങ്ങിയ ഉത്തരാധുനിക സാസ്കാരിക വിമർശകർ ശക്തമായി ചൂണ്ടിക്കാണിക്കുന്നു. ഈ ചിന്തകളുടെ പ്രതിഫലനം വ്യക്തമായി വെളിപ്പെടുത്തുന്ന ആഖ്യാനരൂപങ്ങളാണ് നോവലുകൾ. അതുകൊണ്ടു തന്നെ സമകാലനോവൽ പഠനത്തിൽ കോളനിയനന്തര വ്യവഹാരപഠനങ്ങളും പ്രസക്തമാകുന്നു. കോളനി യനന്തരഘട്ടത്തിൽ നിലനിന്നിരുന്ന മേൽക്കോയ്മ സിദ്ധാന്തങ്ങളെയും വിശകലന രീതികളെയും അപ നിർമ്മിക്കുകയാണ് കോളനിയനന്തര വ്യവഹാരവിശകലനം ചെയ്യുന്നത്. കോളനിയനന്തരസമൂഹത്തിന്റെ

അബോധതലത്തിലുള്ള കൊളോണിയൽ ചിന്തകളെ അപഗ്രഥിച്ചുകൊണ്ട് എഡ്വേർഡ് സെയ്ദ് രചിച്ച 'ഓറിയൻറലിസം' എന്ന കൃതി കോടതിയനന്തരവ്യവഹാരവിശകലനങ്ങൾക്ക തുടക്കം കുറിച്ചു. പൗരസ്ത്യ ദേശത്തിനുമേൽ ആധിപത്യം നേടുന്നതിന് പാശ്ചാത്യജ്ഞാനവ്യവസ്ഥ വഹിച്ച പങ്കിനെക്കുറിച്ച് 'ഓറിയൻറലിസം' എന്ന കൃതി വിശദമാക്കുന്നു. പൗരസ്ത്യരാജ്യങ്ങളെക്കുറിച്ചുള്ള എല്ലാ പാശ്ചാത്യ വ്യവഹാരങ്ങളും പൗരസ്ത്യസംസ്കാരത്തെ അപരവത്കരിക്കുകയും നിശബ്ദമാക്കുകയും അതോടൊപ്പം പടിഞ്ഞാറിനെ ഉദാരവത്കരിക്കുകയും ചെയ്യുന്നതാണെന്ന് സെയ്ദ് വ്യക്തമാക്കുന്നു. തുടർന്ന് ഹോമി കെ ഭാഭ, ഗായത്രി ചക്രവർത്തി സ്പിവാക്ക് തുടങ്ങിയവർ ഈ ചിന്തകൾക്ക് വികാസം നൽകിയത് കോളനിയനന്തര നിരൂപണത്തിന്റെ വലിയ സാധ്യതയായി.

**1.4.1 ഹോമി കെ ഭാഭ**

കൊളോണിയൽ ഭരണസംവിധാനത്തിലൂടെ പുതിയ ജീവിതക്രമവും സംസ്കാരവും രൂപപ്പെട്ടു. കോളനിവത്കരിക്കപ്പെട്ട ജനത വിദേശശക്തികൾക്കുമുന്നിൽ വിധേയരായി നിന്നു. എന്നാൽ അവർ പിന്നീട് നടത്തിയ ഭരണപരിഷ്കാരങ്ങളും പുതിയ സാമൂഹികക്രമവും കൊളോണിയൽജനതയുടെ ബോധതലത്തെ മെച്ചപ്പെടുത്തുകയും ദേശസ്വത്വത്തെക്കുറിച്ചും വ്യക്തിസത്തയെക്കുറിച്ചും അവബോധം സൂവിക്കുകവഴി അപകോളനീകരണം എന്ന ചിന്തയിലേക്ക് വഴിതെളിയിക്കുകയും ചെയ്തു. കോളനികാലഘട്ടത്തിലെ ഭരണകൂടം, നീതിപീഠം, നിയമവ്യവസ്ഥ, വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങിയവയിലൂടെയാണ് ജനാധിപത്യത്തിലൂന്നിയ സാംസ്കാരിക വെളിച്ചം കോളനിരാജ്യങ്ങളിലേക്ക് വ്യാപിച്ചത്. അപകോളനീകരണം ഈ ഭരണരൂപത്തെ ഇല്ലാതാക്കുകയും തദ്ദേശീയസ്വാതന്ത്ര്യത്തിനുവേണ്ടി കലാപം ഉയർത്തുകയും ചെയ്തതോടെ കോളനീകരണസംസ്കാരത്തെ നിലനിർത്തുകയും ചെയ്തു. സംസ്കാരികമായും രാഷ്ട്രീയമായും വ്യത്യസ്തവും വിരുദ്ധസ്വഭാവവും ഉള്ള രണ്ട് കാലഘട്ടങ്ങളെ പരസ്പരബന്ധിതമാക്കുകയാണ് കോളനിവ്യവഹാരം ചെയ്തത് ഇത് ബോധപൂർവ്വമായ ഒരു പ്രവർത്തനമായല്ല നടപ്പിലായത്. മറിച്ച് കോളനിവത്കരണകാലഘട്ടത്തിലെ സാമൂഹ്യജീവിതരീതിയെ നിലനിർത്താനും തുടർന്നുകൊണ്ടു പോവാനുമുള്ള അബോധപൂർവ്വമായ ശ്രമം കോളനിവ്യവഹാരത്തിൽ നിലനിന്നിരുന്നു.

ഹോമിഭാഭയുടെ അഭിപ്രായത്തിൽ കോളനിവ്യവഹാരം സാധ്യമാകുന്നത് സങ്കരത്വം (Hibridity) അനുകരണം (Mimicry), വിരുദ്ധവൈകാരികത (Ambivalence) എന്നിവയിലൂടെയാണ്.

### 1.4.1.1 സങ്കരത്വം (Hibridity)

കോളനിവൽകരണത്തിലൂടെ രൂപപ്പെട്ട സങ്കരവർഗ മനുഷ്യരെക്കുറിച്ചാണ് സങ്കരത്വം എന്ന സംജ്ഞയിലൂടെ ഹോമിഭാഭ വിശദമാക്കുന്നത്. തങ്ങൾ അധിവസിക്കുന്ന ദേശത്തിന്റെ സംസ്കാരത്തിനുമേൽ മറ്റൊരു സംസ്കാരത്തിന്റെ നിയന്ത്രണം കടന്നുവരുമ്പോൾ ഭാഷാപരമായും വർഗപരമായും വർണ്ണപരമായും പുതിയൊരു സങ്കരസംസ്കാരം രൂപപ്പെടുന്നു. കോളനിയുടെ പരസ്യപ്രചാരകരായി അവർ മാറുകയും പുതിയ സങ്കര സംസ്കാരത്തെ വ്യാപിപ്പിക്കുകയും ചെയ്യുന്നു. (The oocation of The Culture- 1991) എന്ന ഗ്രന്ഥത്തിൽ സങ്കരത്വത്തിന്റെ സൈദ്ധാന്തികവശങ്ങളെക്കുറിച്ച് ഹോമിഭാഭ പറയുന്നുണ്ട്. സങ്കരവർഗത്തിന്റെ കോളനിമമതയുടെ കാരണങ്ങളും ഗ്രന്ഥത്തിൽ വിശദമാക്കുന്നു.

### 1.4.1.2 അനുകരണം (Mimicry)

തങ്ങളെ അധിനിവേശം ചെയ്ത ഭരണകൂടരൂപത്തിന്റെ സവിശേഷതകളെയും സംസ്കാരമാതൃകകളെയും അനുകരിച്ചുകൊണ്ട് കൊളോണിയൽജനത കൂടുതൽ പരിവർത്തനങ്ങൾക്ക് തുടക്കംകുറിച്ചു. കോളനിവ്യവഹാരം സാധ്യമാകുന്നത് കൊളോണിയൽജനതയുടെ അനുകരണ (Mimicry) ത്തോടുകൂടിയാണെന്ന് ഹോമിഭാഭ വ്യക്തമാക്കുന്നു. കോളനിവൽക്കരിക്കപ്പെട്ടവർ ഭാഷയിലും വേഷവിതാനത്തിലും ഇംഗ്ലീഷുകാരെ അനുകരിക്കുകയും അവർക്ക് ജനസമൂഹത്തിൽ ലഭിച്ചിരുന്ന പദവിയും സമ്മതിയും തങ്ങൾക്കും ലഭിക്കുന്നതിനും വേണ്ടിയുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്തു. എന്നാൽ മറ്റൊരു സംസ്കാരത്തെ അനുകരിക്കാനുള്ള ശ്രമത്തിൽ തങ്ങൾക്ക് സ്വന്തമായിരുന്ന സംസ്കാരത്തിൽ നിന്നകലുകയും പുതിയൊരു വിഭാഗമായി രൂപാന്തരപ്പെടുകയും ചെയ്തു.[9]

### 1.4.1.3 വിരുദ്ധസംസ്കാരവിഭാവനം (Ambivalence)

തികച്ചും വ്യത്യസ്തവും വൈരുദ്ധ്യവുമാർന്ന സംസ്കാരങ്ങളെ സ്വാംശീകരിക്കേണ്ടിവരുന്ന കോളനി ജനതയ്ക്ക് ഒരു 'ഹൈബ്രിഡ്' സ്വഭാവമാണ് സാധാരണ കാണുന്നത്. ഈ ഉഭയഭാവനയ്ക്ക് കാരണം വൈകാരികമായ ഒരു സ്വത്വവിഭജനം ഇവരിൽ സംഭവിക്കുന്നതു കൊണ്ടാണ്. താൻ രൂപപ്പെട്ട സാംസ്കാരികതയുടെ സ്വത്വവും കോളനിയുടെ സാംസ്കാരികതയും സങ്കരരൂപത്തിൽ ഇവരിൽ

കേന്ദ്രീകരിക്കുന്നുവെന്നും ഈ വിരുദ്ധ സംസ്കാരവിഭാവനം അവരുടെ സ്വത്വത്തെ അടിമത്തത്തിന് പ്രേരിപ്പിക്കുന്നുവെന്നും ഹോമിഭാഭ നിരീക്ഷിക്കുന്നു.[10]

കോളണിജനതയുടെ അനുകരണാത്മകമായ സാംസ്കാരിക വ്യവഹാരങ്ങളെല്ലാം ഈ ഉഭയഭാവനയുടെ ഫലമാണ്. ഇതിൽ സമൂഹത്തിന്റെ ഉന്നമനത്തിന് സഹായകമായ സാംസ്കാരികതകളെ ജനതയുടെമേൽ അടിച്ചേൽപ്പിക്കുന്നു. വിമത ചിന്താഗതികൾ വിഘടിച്ച് നിാ മ്പോഴും അധീശശക്തികളുടെ അനുരട്ട നംമൂലം സാംസ്കാരികമായ സമന്വയം സാധ്യമാവുന്നു എന്നതാണ് ഇതിന്റെ സവിശേഷത. സാംസ്കാരികമായ അനുകരണത്തിൽ സംഭവിക്കുന്ന പരാജയങ്ങളും അധികമാനങ്ങളും വ്യത്യാസങ്ങളും പ്രതിരോധങ്ങളും എപ്പോഴും ഉണ്ടാവുകയും കലാസാംസ്കാരിക മൂലധനങ്ങളിൽ ഈടുവയ്പ്പുകളായി അവ മാറുകയും ചെയ്യുന്നു. കോളണിജനതയുടെ കലാസാഹിത്യ പ്രവർത്തനങ്ങളിൽ ഏറെ ആവിഷ്കരിക്കപ്പെടുന്നതും കോളനീകരണസ്വത്വത്തെ നിർണയിക്കുന്നതും വൈരുദ്ധ്യമാർന്ന സാംസ്കാരികസ്വത്വങ്ങളുടെ സ്വാംശീ കരണത്തിലൂടെയാണ്. അവരുടെ സാംസ്കാരികസ്വത്വനിർമ്മിതിയിലെ ശക്തമായ ധാരകളായി സങ്കരസ്വഭാവവും അനുകരണവും വൈരുദ്ധ്യങ്ങളെ സമന്വയിക്കാനുള്ള ശേഷി രൂപപ്പെടുന്നതെങ്ങനെയെന്ന് വിവരിച്ചതിനുശേഷം അത്തരത്തിൽ രൂപപ്പെടുന്ന കോളനിവ്യവഹാരങ്ങളുടെ സാമാന്യസത്തയും വിധേയത്വവും അടിമത്വവും ഏറിനിൽക്കുമെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു.

### 1.4.2 ഗായത്രി ചക്രവർത്തി സ്പിവാക്ക്

കോളനിയനന്തര സാംസ്കാരിക വിശകലന സസദായങ്ങൾക്ക് മൗലികമായ സംഭാവനകൾ നൽകിയ ഇന്ത്യൻ വംശജരാണ് ഗായത്രി സ്പിവാക്ക്. ഫെമിനിസം, മാർക്സിസം, കോളനിയനന്തരവാദം തുടങ്ങി സാഹിത്യ നിരൂപണങ്ങളുടെ വിശാലമായ വ്യവഹാരമണ്ഡലത്തെ അപനിർമ്മിച്ചുകൊണ്ടാണ് സ്പിവാക്ക് സാഹിത്യ നിരൂപണത്തിലേക്ക് കടന്നുവന്നത്. അടിച്ചമർത്തപ്പെട്ടവന്റെ ശബ്ദം, അടിച്ചമർത്തപ്പെട്ടവരുടെ കൂടുതൽ വെളിവാക്കപ്പെട്ട നിശബ്ദതയായിമാറുന്നതിന്റെ രാഷ്ട്രീയമായ വിമർശനമാണ് സ്പിവാക്കിന്റെ രചനകൾ ഏറിയ പട ം. പൗരസ്ത്യവാദത്തിന്റെ വ്യവഹാരത്തിലൂടെ യാഥാർത്ഥ്യത്തിൽനിന്ന് വ്യത്യസ്തമായ ഒരു കൊളോണിയൽ സമൂഹത്തെ പാശ്ചാത്യലോകം ചിത്രീകരിക്കുന്നു എന്ന സെയ്ദിന്റെ കാളപ്പാടിനോട് സ്പിവാക്ക് യോജിക്കുന്നു. അന്റോണിയ ഗ്രാംഷിയുടെ ചിന്തകളോടുള്ള ആഭിമുഖ്യം സ്പിവാക്കിന്റെ നിരൂപണങ്ങളിൽ വ്യക്തമായി കാണാം. ഗ്രാംഷിയുടെ 'പ്രിസൺസ് നോട്ട്ക്ക ക്ക്' എന്ന കൃതിയിലാണ് 'സബാൾട്ടേൺ' എന്ന പദം ആദ്യമായി

ഉപയോഗിക്കുന്നത്. ഗ്രാമീണ കർഷകരെയും അസംഘടിതജനതയെയും കുറിക്കുന്നതിനായാണ് ഗ്രാംഷി ഈ പദം ഉപയോഗിക്കുന്നത്. ഇന്ത്യയുടെ ചരിത്രത്തിൽനിന്ന് ഒഴിവാക്കപ്പെട്ടഅരികുവത്കരിക്കപ്പെട്ട ജനതകളുടെയും സാമൂഹിക സംഘടനകളുടെയും സ്വത്വത്തെയും ചരിത്രത്തെയും കണ്ടെത്തുന്നതിനുവേണ്ടി 'സബാൾട്ടേൺ ല ഡീസ് കളക്ടീവ്' എന്ന പേരിൽ ചിന്തകർ ഒരുമിക്കുകയും ഈ മൂ പ്പിന്റെ ഭാഗമായി ഗായത്രി സ്പിവാക്ക് കടന്നുവരികയും ചെയ്തു. എന്നാൽ ഇവരുടെ ചിന്തകൾ പുരുഷ സബാൾട്ടേൺ വിഷയങ്ങൾക്ക് നൽകുന്ന അമിതപ്രാധാന്യത്തെക്കുറിച്ചും, ചരിത്രത്തിൽനിന്നും മാറ്റിനിർത്തപ്പെട്ട സ്ത്രീകളെ സബാൾട്ടേൺ ല ഡീസ് മൂ പ്പിന്റെ പഠനത്തിൽനിന്ന് ഒഴിവാക്കിയതിനെക്കുറിച്ചും തീൻമായി ആകുലപ്പെട്ടുകൊണ്ടാണ് ഗായത്രി സ്പിവാക്ക് സാംസ്കാരിക നിരൂപണ ചരിത്രത്തിൽ ഇടം നേടിയത്. 'Can the Subaltern Speak' എന്ന കൃതിയിലൂടെ രട്ട ിത് : ഹയെപ്പോലുള്ളവർ വികസിപ്പിച്ചെടുത്ത സബാൾട്ടേൺ എന്ന പദത്തിന്റെ നിർവചനത്തിന് സ്പിവാക്ക് പുതിയ മാനങ്ങൾ നൽകുന്നു.

ഹിർ പിതൃാധിപത്യ സദാചാരനിയമങ്ങളിൽ ആഴത്തിൽ കുരുങ്ങിക്കിടക്കുന്ന ഇന്ത്യൻ ഹൈന്ദവസ്ത്രീയുടെ ജീവിതവും ശബ്ദവും കൊളോണിയൽ ആഖ്യാനങ്ങളിലും പ്രതിനിധാനങ്ങളിലും ഹൈന്ദവ പ്രാകൃതസംസ്കാരത്തിന്റെ കേവലപ്രതീകങ്ങളായി മാത്രമാണ് ചിത്രീകരിക്കപ്പെട്ടിരുന്നത്. കോളനി വിദ്യാഭ്യാസവും സംസ്കാരവും അവരെ വിമോചിപ്പിക്കാനോ പുരോഗമനത്തിലേക്ക് കൊണ്ടുവരാനോ യഥാർത്ഥത്തിൽ ശ്രമിച്ചിരുന്നില്ല എന്ന് സ്പിവാക്ക് കണ്ടെത്തുന്നു. ബ്രിട്ടീഷ് ഭരണകാലത്തും ഇന്ത്യൻ സ്ത്രീക്ക് സ്വന്തം ശബ്ദം പുറംലോകത്ത് കേൾപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. സ്ത്രീവിദ്യാഭ്യാസം സ്ത്രീയെ എങ്ങനെ നല്ല കുടുംബിനിയാക്കാം എന്നതിലൂന്നിയായിരുന്നു എന്നും പെൺപള്ളിക്കൂടങ്ങളെന്ന വേറിട്ട സദാചാര സംഹിതക്കുള്ളിൽ അവർ ഹൈന്ദവസദാചാരത്തിന്റെ മൂശയിൽത്തന്നെയാണ് വീണ്ടും കുരുക്കപ്പെട്ടത് എന്നും സ്പിവാക്ക് തിരിച്ചറിയുന്നു. എന്നുമാത്രമല്ല അടിച്ചമർത്തപ്പെട്ട കീഴാളസ്ത്രീയുടെ അതേനിലയിൽത്ത ന്നെയായിരുന്നു ഉന്നതകുലജാതയായ സ്ത്രീയും എന്നും സ്ത്രീ എന്നത് ഒരു കീഴാളസംവർഗമായി ഇന്ത്യൻ സംസ്കാരത്തിൽ അടയാളപ്പെട്ടു ത്തിയിരുന്നു എന്നും സ്പിവാക്ക് വാദിക്കുന്നു. കീഴാളർ സംസാരിക്കാൻ ശ്രമിച്ചാലും അവരെ ആരുംതന്നെ കേൾക്കാൻ ത- ാറാവുകയില്ല എന്നും പ്രബലമായ അധികാര സംവിധാനങ്ങളിൽ അവരുടെ ശബ്ദം അംഗീകരിക്കപ്പെടാൻ സാധ്യതയില്ലെന്നും സ്പിവാക്ക് വ്യക്തമാക്കുന്നു.

ദറീദയുടെ തത്വചിന്തകളെ വായിക്കുന്ന പൊതുവായ പരമ്പരാഗത രീതിയിൽനിന്ന് വ്യത്യസ്തമായാണ് സ്പിവാക്ക് ദറീദയെ മനസിലാക്കുന്നത്. കോളനിയനന്തരസാഹിത്യപാഠങ്ങളെ അപഗ്രഥിക്കാനുള്ള ഒരു

ഉപാധിയായി അപനിർമ്മാണചിന്തയെ സ്പിവാക്ക് ഉപയോഗിക്കുന്നു. 'കാറ്റാക്രസിസ്' എന്ന പ്രയോഗത്തിലൂടെ കോളനിയനന്തര വ്യവഹാരത്തിൽ വാക്കുകൾക്ക് സംഭവിക്കുന്ന തെറ്റായ പ്രതിനിധാനങ്ങളെക്കുറിച്ച് സ്പിവാക്ക് സൂക്ഷ്മവിശകലനം നടത്തുന്നു. ഒന്നിലധികം വ്യത്യസ്ത അനുഭവങ്ങളെയും പരിസ്ഥിതികളെയും ഒരൊറ്റ സൈദ്ധാന്തിക ചിഹ്നത്തിനുകീഴിൽ പ്രതിനിധീകരിക്കുമ്പോൾ ഒരു പദത്തിന്റെ ദുരുപയോഗമാണ് സംഭവിക്കുന്നതെന്നും അത്തരം പ്രയോഗങ്ങളെ കാറ്റാക്രസിസ് എന്ന് വിളിക്കാമെന്നും സ്പിവാക്ക് കണ്ടെത്തുന്നു. ദറീദയുടെ അപനിർമ്മാണം എന്ന കേവലാർത്ഥമല്ല കാറ്റക്രസിസ് എന്ന പ്രയോഗത്തിന് ലഭിക്കുന്നത് മറിച്ച് എല്ലാ അർത്ഥസംവിധാനങ്ങളിലും അന്തർലീനമായ അപൂർണ്ണതയെക്കൂടി കുറിക്കുന്നതാണ് അത്. ഉദാഹരണത്തിന് ഇംഗ്ലീഷ് ഭാഷയിൽ 'ട്രീ' എന്ന വാക്ക് ഒരു വൃക്ഷത്തിന്റെ സൂചന നൽകുന്നു. എന്നാൽ ആ വാക്ക് ഏതു വൃക്ഷമാണ് എന്ന കൃത്യമായ സൂചനയല്ല നൽകുന്നത്. അതേസമയം ഒരു ആൽവൃക്ഷം' എന്ന് നാം ചിന്തിക്കുമ്പോൾ മറ്റേതെങ്കിലും വൃക്ഷത്തിന്റെ സാധ്യത ഇല്ലാതാവുകയും അർത്ഥത്തിന് വ്യക്തത വരികയും ചെയ്യുന്നു. അധികാരസ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന പദാവലി എല്ലാ സ്ത്രീകളെയും തൊഴിലാളികളെയും പ്രതിനിധീകരിക്കുന്നുവെന്ന് അവകാശപ്പെടുന്നതിനാൽ അത്തരം വാക്കുകൾ കാറ്റാക്രസിസ് ആണെന്ന് ഗായത്രി സ്പിവാക്ക് വ്യക്തമാക്കുന്നു.

മാർക്സിസം, പാശ്ചാത്യഫെമിനിസം, ദേശീയവിമോചന പ്രസ്ഥാനങ്ങൾ എന്നിവയുടെ അവകാശവാദങ്ങൾക്കെതിരെ എല്ലാ ചൂഷിതവിഭാഗജനതയെയും പ്രതിനിധീകരിക്കുന്നതിനുവേണ്ടി അപനിർമ്മാണം എന്ന സിദ്ധാന്തത്തെ സ്പിവാക്ക് രാഷ്ട്രീയഉപകരണമാക്കി തെരെഞ്ഞെടുക്കുന്നു. സബാൾട്ടേൺ എന്ന പദം സാധാരണ സാമൂഹിക അർത്ഥപരിസരത്തിൽനിന്ന് വിമോചിപ്പിച്ച് സ്ത്രീ എന്ന അടിച്ചമർത്തപ്പെട്ട സംവർഗ പരിപ്രേക്ഷ്യത്തിൽ സ്പിവാക്ക് ഉപയോഗിക്കുന്നത് കാറ്റാക്രസിസിന് ഏറ്റവും മികച്ച ഉദാഹരണമാണ്. കോടതികളിൽപോലും സ്ത്രീയെ അപമാനവീകരിക്കുന്ന ഭാഷയിലെ എല്ലാ പദങ്ങളും അപനിർമ്മിക്കാനും അതിലെ ലൈംഗികസൂചനകളും മൂല്യച്യുതികളും തുറന്നുകാട്ടാനും സ്പിവാക്കിന്റെ സബാൾട്ടേൺ തിയറി സഹായകമാവുന്നു.

വ്യവഹാരമെന്ന സാമാന്യ അർത്ഥത്തിന് ഉപരിയായി അക്കാദമിക മണ്ഡലത്തിൽ സവിശേഷമായ അർത്ഥബോധനം നൽകിയാണ് മിഷേൽ ഫൂക്കോ മുതൽ ഗായത്രി ചക്രവർത്തി സ്പിവാക്ക് വരെ വിശകലനം ചെയ്തത്. വ്യവഹാരത്തിന്റെ ന്യായവാദപരമായ ധർമ്മത്തെ എല്ലാ സമൂഹങ്ങളിലും നിലനിർത്തുകയും സാധ്യമാക്കുകയും ചെയ്യുന്ന സ്ഥാപനമാണ് കോടതിയെന്ന് ഫൂക്കോ രേഖപ്പെടുത്തുന്നു. (2.1 ഇൽ ഇത്

വിശദീകരിക്കുന്നുണ്ട്) കോടതിയുടെ സാഹനീയതയെയും നീതിവ്യവഹാരങ്ങളുടെ സാഹിത്യപരമായ മാനത്തെയും സൂക്ഷ്മമായി വിശകലനം ചെയ്യുക എന്ന പ്രബന്ധലക്ഷ്യത്തെ സാധ്യമാക്കുന്നതിന് കോടതിയുടെ രൂപീകരണവും കാലാകാലങ്ങളിലൂടെയുള്ള അതിന്റെ വികാസ ചരിത്രവും അറിയേണ്ടത് അനിവാര്യതയാണ്. കോടതിയുടെ ചരിത്രവും സമകാല അവസ്ഥയും വിശദീകരിക്കുന്നതാണ് അടുത്ത അധ്യായം.

കുറിപ്പുകൾ

1. “Discursus- running to and fro". This is derived from the verb discurrere, a combination of dis-(“apart", "away”) and currere (“to run")” - cook, 1989, 'Discourse' p.6.

2. "Discourse (noun) 1. conversation 2. ൈecture, Speech" - Julia കlliott, 2001, 'oxford dictionary ള്ളThesaurus ഫ്ഷ്യ p.211.

3. “Discourse can Simply be seen as language in use"-Brown ള്ളYule, 1989, ‘Discourse Analysis’, p. 170.

4. Micheal ഠoucault, 1972, ‘The Archeology of knowledge’, p. 40 (ആശയസംക്ഷിപ്തം)

5. “Discourses are not once and for all Subservient to power or raised up against it... Discourse transmits and produces powerം it reinforces it, but also undermines and exposes it, renders it fragile makes it possible to thwart it. -Michael ഠoucault, 1978, ‘The History of Sexuality’, p.100-101

6. “Governmentality is reffered as the art of Government”- Graham Burchell, Colin Gorden and Peter Mills (കd) 1991, ‘The ഠoucault കffect: Studies in Governmentality’, P.111.

7. "Government as an activity Could concern the relation between Self and self... how to govern oneself, how to be governed, how to become the best possible governor - all these problems, in their Multiplicity and intensity, seem to me to be Characterestic of the sixteenth Century" - Graham Burchell, Colin Gorden and Peter Mills (ഞd) 1991, 'The ○oucault ഞffect: Studies in Governmentality', P.87.

8. Graham Burchell, Colin Gorden and Peter Mills (ഞd) 1991, 'The ○oucault ഞffect: Studies in Governmentality', P.90-95 (ആശയസംക്ഷിപ്തം)

9. "ഹ്രhen colonial discourse encourages the colonial subject to mimic, the colonize, by adopting the colonizers cultural habits, assumptions, institutions and values, mimicry is never very for from mockery. Since it can appear to parody whatever mimics"- Homibaba, 1984, P.130.

10. Homibaba, 1984, P.125-130 (ആശയസംക്ഷിപ്തം)

# അധ്യായം 2

# കോടതിവ്യവഹാരങ്ങൾ - ചരിത്രാവലോകനം

മാനവരാശിയുടെ വികാസപരിണാമങ്ങളെ വിശകലനം ചെയ്യുമ്പോൾ മനുഷ്യൻ സംഘംചേർന്ന് ജീവിച്ച് തുടങ്ങുന്ന ചരിത്രഘട്ടത്തിലാണ് നിയമമെന്ന ആശയവും പൊതുനിയമങ്ങളും രൂപപ്പെട്ടത് എന്ന് ഗ്രഹിക്കാൻ കഴിയും. ഒറ്റതിരിഞ്ഞ ജീവിതാവസ്ഥകളിൽനിന്നു മാറി കൂട്ടംചേർന്ന ജീവിതാ വസ്ഥകളിലേക്കെത്തുമ്പോൾ സ്വാഭാവികമായി ഉണ്ടാകാനിടയുള്ള സംഘർഷങ്ങളെ ലഘൂകരിക്കാനോ ഇല്ലാതാക്കാനോവേണ്ടി മനുഷ്യർ രൂപപ്പെടുത്തിയെടുത്ത പൊതുധാരണകളാണ് നിയമങ്ങളുടെ അടിസ്ഥാനം. എന്നാൽ അവയ്ക്ക് ലിഖിതസ്വഭാവമോ സുദൃഢ മായ ഘടനയോ ഉണ്ടായിരിക്കാൻ ഇടയില്ല. തങ്ങളുടെ ജീവിതസാഹചര്യങ്ങളിൽനിന്നും ചില ബോധ്യങ്ങളിൽനിന്നും ഉടലെടുത്തവയായിരുന്നു ഇത്തരം നിയമങ്ങൾ. ഈ അലിഖിതനിയമങ്ങളിൽ ഊന്നിയാണ് പ്രാചീനസമൂഹം വളർന്നുവന്നത്. ലിഖിതമോ പ്രഖ്യാപിതമോ ആയ നിയമവ്യവസ്ഥകൾ ഇല്ലാതിരുന്ന പ്രാചീന സമൂഹത്തിൽ പ്രകൃതിനിയമങ്ങൾക്കും ആദിമമനുഷ്യൻ രൂപപ്പെട്ടു ത്തിയെടുത്ത ചില ബോധ്യങ്ങൾക്കും വിധേയമായി നീതിനടത്തിപ്പും തർക്കപരിഹാരങ്ങളും നടപ്പാക്കിയിരുന്നു.

കാലത്തിന്റെ മാറ്റത്തിനനുസരിച്ച് ലിഖിതനിയമസംഹിതകൾ രൂപപ്പെടുകയും നീതി എന്ന സങ്കൽപ്പനം നിർവ്വചിക്കപ്പെടുകയും ചെയ്തപ്പോൾ നിയമത്തിൽ അടിസ്ഥാനമിട്ടുകൊണ്ട് ശരിതെകേൾ തീർപ്പാക്കാനും നീതി നടപ്പാക്കാനുമുള്ള സംവിധാനമായി കോടതികൾ രൂപംകൊണ്ടു. ഗോത്രകാലഘട്ടം മുതൽ ആരംഭിക്കുന്ന കോടതിയുടെ ചരിത്രം ഉത്തരാധുനിക കാലത്തോളം എത്തിനിൽക്കുന്നു. കോടതിയെന്ന സ്ഥാപനത്തെയും വ്യവഹാരങ്ങളെയും സൂക്ഷ്മമായി വിലയിരുത്തുന്നതിന് കോടതിയുടെ ചരിത്രമറിഞ്ഞിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. നീതിന്യായവ്യവസ്ഥയുടെ ചരിത്രപശ്ചാത്തലത്തെക്കുറിച്ച് കൃത്യമായി മനസിലാക്കാത്ത ഒരു വ്യക്തിക്കും ഇന്ന് നിലനിൽക്കുന്ന ആധുനിക നീതിന്യായസംവിധാനത്തെ മനസി ലാക്കാൻ സാധിക്കില്ലെന്ന് ഇന്ത്യൻ കോൺസിറ്റിറ്റ്യൂഷൻ ലോ എന്ന പുസ്തകത്തിൽ എം.പി. ജെയ്ൻ വ്യക്തമാക്കുന്നുണ്ട്.[1] നീതിന്യായ വ്യവസ്ഥയെ പൂർണമായി അപഗ്രഥിക്കുന്നതിന് കൊളോണിയൽ പൂർവ്വ ഘട്ടത്തിലെ കോടതിചരിത്രത്തെയും, കൊളോണിയൽകാലത്തെ ചരിത്രത്തെയും തുടർന്നുള്ള ചരിത്രവസ്തുതകളെയും സൂക്ഷ്മാവലോകനം ചെ- ണ്ടതുണ്ട്.

## 2.1 കൊളോണിയൽ പൂർവ്വഘട്ടത്തിലെ കോടതിയുടെ ചരിത്രവും നീതിവ്യവസ്ഥയും.

ഇന്ത്യൻ ജനതയുടെ ചരിത്രമന്വേഷിക്കുന്ന ഏതൊരാളും നിരീക്ഷിക്കുന്ന സന്നിഗ്ദ്ധ മായ ചരിത്ര ഘട്ടമാണ് കോളനിവാഴ്ച . നീതിയെയും നിയമത്തെയുംക്കുറിച്ച് ചിന്തിക്കുമ്പോഴും കോളനി പൂർവ്വഘട്ടമെന്നും

കോളനിഅനന്തരഘട്ടമെന്നും ഇന്ത്യൻ ചരിത്രത്തെയും തദ്വാരാ കേരളചരിത്രത്തെയും രണ്ടായി വിഭജിക്കാം. കോളോണിയൽ പൂർവ്വഘട്ടത്തിലെ നൈതികസംവിധാനത്തിന്റെ ചരിത്രമാരംഭിക്കുന്നത് ഗോത്രവ്യവസ്ഥയിൽ നിന്നാണ്. ഓരോ ഗോത്രവും അവരവരുടെ ഗോത്രങ്ങളിൽ രൂപപ്പെട്ടുവന്ന ആചാരങ്ങളുടെയും നീതിനിമി കളുടെയും ഭാഗമായി ജീവിച്ചു. തുടർന്ന് ഗോത്രങ്ങൾ തമ്മിലുള്ള വിനിമയങ്ങളുടെ ഭാഗമായിട്ടാകാം പുതിയ നീതിചിന്തകൾ രൂപപ്പെട്ടിരിക്കുക. ഇത്തരം നൈതികവിചാരങ്ങൾക്ക് മാറ്റം വന്നത് രാജഭരണ ഘട്ടത്തിലായിരിക്കാം. വിവിധ പ്രദേശങ്ങളെ കേന്ദ്രീകരിച്ച് ഭരണം നടത്തിയിരുന്ന രാജാക്കന്മാരും നാടുവാഴികളും അവരുടെ ഭരണത്തെ ശക്തമാക്കുംവിധമുള്ള നീതിന്യായ സംവിധാനങ്ങൾക്ക് രൂപംനൽകി. വിവിധ ധർമ്മശാസ്ത്രങ്ങളുടെ പിൻബലത്തോടെ നീതിനിർവ്വഹണവും അതുവഴി കോടതിയുടെ ആദിരൂപവും ഉത്ഭവിച്ചു. ആയതിനാൽ കോളോണിയൽ പൂർവ്വഘട്ടത്തിലെ കേരളത്തിൽ നടപ്പാക്കിയിരുന്ന ഗോത്രനീതി, രാജനീതി, സംഘകാലനീതി, ധർമ്മാധി ിതനീതി എന്നിവയെക്കുറിച്ചുള്ള അന്വേഷണം കോടതിയുടെ ചരിത്രത്തിലേക്ക് വഴിതെളിക്കുന്നു.

### 2.1.1 ഗോത്രകാലഘട്ടത്തിലെ നൈതികത

സമൂഹം വിവിധ ഗോത്രങ്ങളായി ജീവിച്ച കാലഘട്ടത്തിലാണ് ഭാരതത്തിലെ നീതിന്യായ സംവിധാനങ്ങളെക്കുറിച്ചുള്ള ആലോചനകൾ ഉടലെടുക്കുന്നത്. ആദിമമനുഷ്യർ പ്രകൃതിശക്തികളെ സംഘംചേർന്ന് പ്രതിരോധിക്കുകയും വേട്ടയാടി വിശപ്പടക്കുകയും ചെയ്തിരുന്നു. മനുഷ്യൻ നായാടി നടന്നിരുന്ന ആ കാലഘട്ടത്തിൽ അവരെ വിവിധ ഗണങ്ങളായി തിരിച്ചിരുന്നത് രക്തബന്ധം ആയിരുന്നുവെന്ന് കരുതാം. 'കുലം, ഗോത്രം, ഗണം എന്നിങ്ങനെയുള്ള പേരുകളിലാണ് അവർ സംഘടിക്കപ്പെട്ടിരുന്നത്. കുടുംബമായിരുന്നു ഏറ്റവും അടിത്തട്ടിലുള്ള ഘടകം. ഒരു തറവാട്ടിൽ ഒന്നിലധികം കുടുംബങ്ങൾ ഉണ്ടാകും. തറവാടുകൾ കൂടിച്ചേർന്നതാണ് ഗോത്രം. കുലത്തിലെ അല്ലെങ്കിൽ ഗോത്രത്തിലെ എല്ലാ അംഗങ്ങളും സമന്മാരായിരുന്നു' (ദാമോദരൻ കെ, 2011:11). അതിനാൽ തുല്യതയുടെ നൈതികസങ്കൽപ്പങ്ങളാണ് അവർക്കിടയിൽ നിലനിന്നിരുന്നതെന്ന് അനുമാനിക്കാം. ഓരോ ഗോത്രവും അവരവരുടെ വിശ്വാസങ്ങളിലും നീതിബോധങ്ങളിലും ആചാരങ്ങളിലും അധി ിതമായാണ് ജീവിച്ചിരുന്നത്. എന്നാൽ വിവിധ ഗോത്രങ്ങളുമായുള്ള സമ്പർക്കം പുതിയ നൈതികവിചാരങ്ങളിലേക്ക് വഴിതെളിച്ചു. ഗോത്രങ്ങൾ തമ്മിലുണ്ടാകുന്ന പ്രശ്നങ്ങൾ ഗോത്രത്തലവന്മാർ വഴി പരിഹരിക്കപ്പെട്ടിരുന്നു എന്നല്ലാതെ ഗോത്രകാലഘട്ടത്തിൽ ഒരു പ്രത്യേക അധികാരകേന്ദ്രമോ നീതിന്യായ സംവി ധാനങ്ങളോ ഉണ്ടായിരുന്നതായി തെളിവില്ല. അതിപ്രാചീനമായ ഈ കാലഘട്ടത്തെക്കുറിച്ച് വ്യക്തമായ

ഒരു ചിത്രം ചരിത്രകാരന്മാർ നിർമ്മിച്ചിട്ടില്ലാത്തതിനാൽ ചരിത്രപണ്ഡിതരുടെ നിരീക്ഷണങ്ങളെ മുൻനിർത്തി സാമാന്യമായ ചില അനുമാനങ്ങളിലെത്താനേ കഴിയുകയുള്ളു.

ശിലായുഗത്തിനുശേഷം രൂപംകൊണ്ട ലോഹയുഗത്തിലാണ് പുതിയ ആയുധങ്ങളും ഉപകരണങ്ങളും ഉടലെടുക്കുന്നതും അതേത്തുടർന്ന് പുതിയ നൈതികവിചാരങ്ങൾ ആരംഭിക്കുന്നതും. അതുവരെ ഇല്ലാതിരുന്ന സ്വകാര്യസ്വത്ത്, ഉത്പാദനം, എന്നിവ സമൂഹത്തിലേക്ക് കടന്നുവരികയും അത് സാമൂഹ്യഘടനയിലും നൈതികവ്യവസ്ഥയിലും മാറ്റങ്ങൾ ഉണ്ടാക്കുകയും ചെയ്തു.

2.1.2 നീതിവിചാരങ്ങൾ സംഘകാലത്തിൽ

ചരിത്രാതീതകാലം ലിഖിതചരിത്രകാലഘട്ടത്തിലേക്ക് പ്രവേശിക്കുന്നിടത്താണ് മഹാശിലാ സ്മാരകങ്ങളുടെ കാലം അവസാനിക്കുന്നതും തമിഴകത്ത് സംഘകാലം ആരംഭിക്കുന്നതും. സംഘകാലം ക്രിസ്തുബ്ദത്തിനു തൊട്ടുമുമ്പും പിമ്പുമുള്ള ഏതാനും ശതകങ്ങളാണ് എന്നാണ് ചരിത്രകാരന്മാരുടെ അഭിപ്രായം. 'സംഘകാലത്തിന്റെ രണ്ടു പരിധികൾ ബി.സി. അവു റെന്നും എ.ഡി. അവു റെന്നും നിർണ്ണയിക്കുന്നത് തെറ്റായിരിക്കുകയില്ല.' എന്ന് ശ്രീനിവാസ അ- ങ്കാറും (1914:293) 'സംഘത്തിന്റെ ഉത്ഭവം ബി. സി അഞ്ചാം ശതകത്തിൽ ആയിരുന്നുവെന്ന് വി.ആർ.രാമചന്ദ്രദീക്ഷിതരും (1936:21) രേഖപ്പെടുത്തുന്നു.' മധുര ആസ്ഥാനമാക്കിയിരുന്ന പണ്ഡിതരുടെ ഒരു കൂട്ടായയാണ് സംഘം എന്ന് അറിയപ്പെട്ടിരുന്നത്. മുതൽസംഘം, ഇടൈസംഘം, കടൈസംഘം എന്നിങ്ങനെ മൂന്നു കാലഘട്ടത്തിലെ സംഘങ്ങളാണ് അന്നുണ്ടായിരുന്നത്. ആയ് രാജ്യം, ചേരസാമ്രാജ്യം, ഏഴിമലരാജവംശം, എന്നിങ്ങനെ മൂന്നുരാഷ്ട്രീയ ശക്തികളും ചേര, ചോള പാണ്ഡ്യവംശങ്ങളും സംഘകാലത്ത് ഭരണം നടത്തിയിരുന്നു. ആ കാലഘട്ടങ്ങളിലെ സാമൂഹ്യജീവിതവും ഭരണരീതികളുമെല്ലാം സംഘംകൃതികളിൽനിന്ന് വ്യക്തമാകുന്നുണ്ട്. എട്ടുത്തൊകൈ, പത്തുപ്പാട്ട്, പതിനെൺ കീ ണക്ക് എന്നിങ്ങനെ മൂന്നു ഗാനകാവ്യങ്ങളും ചിലപ്പതികാരം, മണിമേഖല എന്നീ മഹാകാവ്യങ്ങളും തൊൽക്കാപ്പിയം എന്ന വ്യാകരണഗ്രന്ഥവും സംഘസാഹിത്യത്തിന്റെ സംഭാവനയാണ്. മുല്ലൈ, കുറിഞ്ചി, പാലൈ, മരുതം, നെയ്തൽ എന്നിങ്ങനെ {\} ന്തിണ കളായിട്ടായിരുന്നു അന്നത്തെ ഭൂപ്രകൃതിയുടെ വിന്യാസം. ഭൂപ്രകൃതിയുടെ അടിസ്ഥാനത്തിൽ ജനങ്ങളുടെ സാമൂഹ്യജീവിതവും സാമ്പത്തികസ്ഥിതിയും നിലനിന്നു. {\} ന്തിണകളുടെ ആവിർഭാവ ത്തോടുകൂടിയാണ് ഏകീകൃതമായ ഒരു കുടുംബവ്യവസ്ഥയും സാമൂഹികക്രമവും ആരംഭിച്ചത്. ശക്തമായ ഭരണസംവിധാനത്തിന്റെയും നീതിന്യായവ്യവസ്ഥയുടെയും ആരംഭവും ഇതിന്റെ തുടർച്ചയാണ്.

സംഘകാലത്തെ കവികൾ അന്നത്തെ ഭരണകാര്യങ്ങളിൽ ഇടപ്പെട്ടിരുന്നു. ജനങ്ങൾക്ക് എല്ലാവിധ സംരക്ഷണവും നൽകുന്ന ഭരണകൂടത്തെ പുകഴ്ത്തുന്നരീതി കവികൾക്കുണ്ടായിരുന്നു. നീതിനിർവഹണകാര്യത്തിൽ സംഘകവികൾക്ക് പ്രത്യേകശ്രദ്ധ ഉണ്ടായിരുന്നുവെന്നതിന് പുറനാനൂറിൽ തെളിവുകളുണ്ട്. 'പ്രസിദ്ധനായ കൊച്ചെങ്കണ് ചോഴൻ കണൈക്കാലിരുമ്പൊറൈയെ യുദ്ധത്തിൽ തടവുകാരനായി പിടിച്ച് തുറങ്കിലിട്ടപ്പോൾ പൊയ്കൈ എന്ന കേരളീയ കവി ചോഴരാജാവിനെ സന്ദർശിച്ച് കളവഴിനാൽപ്പത് എന്ന യുദ്ധഗാനം പാടി കണൈക്കാലിനെ മോചിപ്പിക്കുകയുണ്ടായി' (മേലങ്ങത്ത് നാരായൺകുട്ടി, 2003:202). ഭരണനീതിയുടെ കാര്യത്തിൽ ബോധവാന്മാരായിരുന്ന കവികൾ ഭരണീയരുടെ തെകേറ്റങ്ങൾ യുക്തിയുക്തം വിളിച്ചുപറയുകയും തങ്ങളുടെ പാട്ടുകളിൽ ഭരണകാര്യങ്ങളെക്കുറിച്ച് എഴുതുകയും ചെയ്തു. കുലശേഖര ചക്രവർത്തിയുടെ പാലപ്പാട്ടിൽ ഭരിക്കുന്നവരെക്കുറിച്ച് പരാമർശമുണ്ട്.

'അലവുക്കേടിക്കുവ, ആറുഇന്റിപൊരുൾ വെഹ്കിക്
കൊലൈയഞ്ചാപിനൈവരാൽ കോൽകൊടിയവൻനീഴൽ
ഉലകുപോൽ, ഉലറിയ ഉയർ മരവെഞ്ചുരം' (പാലപ്പാട്ട് പത്താം ഭാഗം)

നാട്ടുകാർ ദു: ഖിച്ച് അലറുംവിധം ലൂർത്തടിക്കാൻ പണത്തിനുവേണ്ടി നെറികെട്ട വഴികളിലൂടെ അവരെ ഭീ രിക്കുമ്പോൾ, അതിനുവേണ്ടി കൊലക്കും മടിക്കാത്ത ശിങ്കിടികളെ വിടുന്ന ദുവ നായ ഭരണാധികാരിയുടെ നാട് പാലനിലം പോലെ പാഴായിത്തീരുന്നു. അതയ്യു ത്താൽ കത്തിക്കരിഞ്ഞ മരങ്ങളുള്ള ഊഷരഭൂമിപോലെ അതിരറ്റ നികുതി ക്കുത്തി പ്രജകളെ പിഴിയുന്ന അഴിമതിക്കാരായ ഉദ്യോഗസ്ഥവൃന്ദവും അവരുടെ അനീതികൾക്ക് കൂട്ടുനിൽക്കുന്ന അധികാരിവർഗ്ഗവും നാട്ടുമുടിക്കുകയാണ് എന്നാണ് ഈ വരികളിലെ ധ്വനി (മേലങ്ങത്ത് നാരായൺകുട്ടി, 2003:282). പാണ്ഡ്യരാജാവായിരുന്ന നെടുംചെഴിയന്റെ സദസ്സിൽ അവതരിപ്പിക്കപ്പെട്ട തിരുക്കുറളിൽ ധർമ്മകാണ്ഡം, അർഥകാണ്ഡം, കാമകാണ്ഡം എന്ന മൂന്ന് ഭാഗങ്ങളുണ്ട്. ആദ്യത്തെ മുപ്പത്തിയേഴ് അദ്ധ്യായങ്ങളിൽ ധർമ്മനീതിയെയും എഴുപത് അദ്ധ്യായങ്ങളിൽ അർത്ഥത്തെയും (സാമ്പത്തികനീതി) ബാക്കിയുള്ള അദ്ധ്യായങ്ങളിൽ കാമ(ഗാർഹികനീതി)ത്തെയും ക്കുറിച്ച് പരാമർശിക്കുന്നു. ഭരണാധികാരികൾക്ക് വേണ്ട : ണങ്ങൾ, മന്ത്രിമാരുടെ കടമകൾ എന്നിങ്ങനെ രാജഭരണ കാര്യങ്ങളെക്കുറിച്ചുള്ള വിശദവിവരങ്ങൾ തിരുക്കുറളിൽ അവതരിപ്പിച്ചിരുന്നു.

#### 2.1.2.1 സംഘകാലത്തെ ഭരണരീതി

സംഘകാലത്ത് രാജഭരണരീതിയാണ് നിലനിന്നിരുന്നത് എന്നതിന് പതിപേത്ത് തുടങ്ങിയുള്ള കാവ്യങ്ങൾ തെളിവുനൽകുന്നു. പരമ്പരാഗതമായി തലമുറകളിലേക്കും രാജാധിപത്യം കൈമാറ്റപ്പെട്ടിരുന്നു. 'സംഘടിതമായ ഭരണകൂടം ആദ്യം രൂപപ്പെട്ടത് 'മുല്ലൈ' പ്രദേശത്തായിരിക്കുമെന്നു പറയപ്പെടുന്നു. തമിഴ് ഭാഷയിൽ രാജാവിനെ 'കോൻ' എന്നാണ് പറയുന്നത്. 'ഇടയൻ' എന്ന അർത്ഥവും ഈ വാക്കിനുണ്ട്. 'കോ' (രാജാവ് എന്നർത്ഥം) എന്നത് 'കോൻ' ശബ്ദത്തിന്റെ ക്ഷുക്കമാണ്. കൂടാതെ 'കോൻ' എന്നത് ഇടയന്റെ കോലോ, അമ്പോ ആകാവുന്നതാണ്. ഇടയന്റെയും രാജാവിന്റെയും കർത്തവ്യങ്ങൾക്ക് ്യ കൃരൂപം ഉണ്ടെന്നു വ്യക്തമാകയാൽ രണ്ട് ആശ്രയങ്ങളെയും പ്രകടിപ്പിക്കാനായി ഒരേപദം തന്നെ ഉപയോഗിച്ചിരിക്കുന്നതിൽനിന്ന് രാജത്വം മേച്ചിൽ ഭൂമിയിൽ ഉത്പന്നമായി എന്നു വിചാരിക്കും' (എൻ. സുബ്രമ ണ്യൻ, 2003:46). സംഘസാഹിത്യത്തിൽ ഉൾപ്പെടുന്ന പുറംകവിതയിൽ ഭരണം, യുദ്ധം തുടങ്ങിയ ബാഹ്യജീവിത വ്യവഹാരങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. ധർമ്മം, നീതി തുടങ്ങിയ ആദർശങ്ങളിൽ അധി ിതമായാണ് രാജഭരണവും യുദ്ധവ്യവഹാരങ്ങളും നടന്നിരുന്നത്. ഭൂപ്രകൃതിയുടെ അടിസ്ഥാനത്തിൽ രൂപമെടുത്ത ജീവിതരീതിയായതിനാൽത്തന്നെ രാജ്യകാര്യങ്ങളിലും പ്രകൃതിയുടെ സ്വാധീനം കാണാവുന്നതാണ്.

#### 2.1.2.2 സംഘകാലത്തെ നീതി നിർവ്വഹണം

ഗ്രാമങ്ങളെ കേന്ദ്രീകരിച്ചുള്ള ഭരണരീതിയായിരുന്നു സംഘകാലത്ത് നിലവിലിരുന്നത്. ഗ്രാമത്തിനകത്തും പുറത്തും നാട്ടുകാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി പ്രത്യേക സംവിധാനങ്ങൾ ഉണ്ടായിരുന്നു. പൊതിയൽ, മൻറം എന്നീ പേരുകളിൽ ഗ്രാമസഭകൾ അറിയപ്പെട്ടിരുന്നു.

ഗ്രാമകാര്യങ്ങൾ ചർച്ചചെയ്യുന്നതിനും നീതിപൂർവ്വകമായ തീരുമാനങ്ങൾ രൂപപ്പെടുത്തുന്നതിനും വേണ്ടിയുള്ള ഗ്രാമസഭയാണ് 'പൊതിയൽ.' ഗ്രാമത്തിന് പുറത്ത് ഒരു വൃക്ഷക്കൂട്ടിലായി ഒരുക്കിയിരിക്കുന്ന ഉയർന്ന തറയിലാണ് ഇത് സംഘടിക്കപ്പെട്ടിരുന്നത്. പ്രധാന തീരുമാനങ്ങളെടുത്തിരുന്ന തലവനെ 'അവയെത്താർ' എന്ന് വിളിച്ചിരുന്നു. ഗ്രാമത്തിലെ മുതിർന്ന വ്യക്തികളെയോ പ്രമാണികളെയോ അവയെത്താറായി ഗ്രാമവാസികൾ തന്നെ തിരഞ്ഞെടുക്കുകയാണ് പതിവ്. ഗ്രാമീണരുടെ പൊതുപ്രശ്നങ്ങളിൽ ഇടപെടുക, ഗ്രാമകാര്യങ്ങൾ ചർച്ചചെയ്യുക എന്നിവ പൊതിയലിലൂടെ നടത്തപ്പെട്ടിരുന്നു.

ഗ്രാമത്തിനുള്ളിൽത്തന്നെ ഗ്രാമകാര്യങ്ങൾ ചർച്ചചെ- ാനും ഭരണനിർവ്വഹണം നടത്താനും കൂടിയിരുന്ന സമിതിയാണ് 'മൻറം.' ഓരോ ഗ്രാമത്തിനും ഓരോ മൈതാനവും ഒരു അരയാലും ഉണ്ടായിരിക്കും. അരയാലിനുക്കുമുള്ള തറയുടെ പേരാണ് മൻറം. കേരളത്തിലെ ആദ്യത്തെ പഞ്ചായത്തും ഗ്രാമസഭയും ഇതാണെന്ന് കരുതാം. ഭരണത്തിന്റെ ഏറ്റവും താഴത്തെ ഘടകമായി ഗ്രാമസഭകൾ ഉണ്ടായിരുന്നുവെന്ന് ചെന്തമിഴ് ഇതിഹാസങ്ങൾ വ്യക്തമാക്കുന്നുണ്ട്. ശിവൻ, മുരുകൻ, വിഭ എന്നിങ്ങനെ പല ദൈവങ്ങളെയും ഗ്രാമവാസികൾ ആരാധിച്ചിരുന്നെങ്കിലും ഒരു മതത്തിന്റെ ദൃശ് രൂപം യാഥാർത്ഥ്യമായിരുന്നില്ല. അതിനാൽ മൻറങ്ങൾ മതനിരപേക്ഷമായി നിലകൊണ്ടിരുന്നു. ൃ ന്തിണകളിൽ ഓരോന്നിനും പ്രത്യേകം മൻറങ്ങൾ ഉണ്ടായിരുന്നു. ഗ്രാമത്തിന്റെ വികസനകാര്യങ്ങളും രാഷ്ട്രീയ കാര്യങ്ങളും ചർച്ചചെയ്യുന്നതിനോടൊപ്പം തന്നെ സായാഹ്നങ്ങളിൽ മൻറങ്ങളിൽവെച്ച് കുടുംബസംഗമങ്ങളും നടത്തിവന്നിരുന്നു. പാട്ടും ച്ചത്തവും നാടകവുമെല്ലാം ഉൾപ്പെടുന്ന ശാലയായി മൻറത്തെയും പൊതുസ്ഥലമായി പൊതിയലിനെയും കെ.എ. നീലകണ്ഠശാസ്ത്രി കണക്കാക്കുന്നു (1955:70).

#### 2.1.2.3 സംഘകാലത്തെ നീതിന്യായകോടതി

സംഘകാലത്തെ ജനങ്ങളുടെ പൊതുപ്രശ്നങ്ങളിലും നീതി സംബന്ധമായ തർക്കങ്ങളിലും നീതിന്യായകോടതികൾ ഇടപെട്ടിരുന്നു. ഗ്രാമങ്ങളിലെ കോടതികൾ 'മൻറം' എന്നും തലസ്ഥാനനഗരിയിലെ കോടതികൾ 'അവൈ' എന്നും അറിയപ്പെട്ടു. വ്യക്തികളും കുടുംബങ്ങളും തമ്മിലുള്ള തർക്കങ്ങൾ 'അവൈയത്താർ' പറത തീർപ്പുകൽപ്പിച്ചിരുന്നു. അതിനാൽ കോടതിവ്യവഹാരങ്ങളുടെ ആദി രൂപമായി 'അവൈ'കളെ കണക്കാക്കാവുന്നതാണ്. 'ചോളന്മാരുടെ കാലത്തു നിലവിൽവന്നതും അഭിനന്ദനീയമായി പ്രവർത്തിച്ചതും പൂർണ്ണവികാസം നേടിയതുമായ ഗ്രാമഭരണവ്യവസ്ഥയുടെ ഭാഗികമായ തുടക്കം ഈ പ്രാകൃതമായ നാടൻകൂട്ടങ്ങളിൽ നമുക്ക് കാണാവുന്നതാണ്' (കെ.എ. നീലകണ്ഠശാസ്ത്രി, 1955:71). രാജകൊട്ടാരങ്ങളുടെ അങ്കണത്ത് കൂടിയ ഴ ദ്യോഗികസഭര ദർബാർസഭ നീതിന്യായകോടതിയായി പലപ്പോഴും പ്രവർത്തിച്ചിരുന്നു. രാജകൊട്ടാരങ്ങളുടെ വാതിൽക്കലായി ന്യായമണി ഉണ്ടായിരുന്നതായും സാധാരണക്കാർക്ക് പരാതി അറിയിക്കുന്നതിനായി ന്യായമണി ഉപയോഗിച്ചിരുന്നതായും പറയപ്പെടുന്നു. കണ്ണകി രാജസഭയിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ് ന്യായമണി കണ്ടിരുന്നെങ്കിലും തന്റെ തീൻദുഃഖത്താൽ അതടിക്കാൻ തോന്നിയില്ല എന്ന് ചിലപ്പതികാരത്തിൽ പരാമർശമുണ്ട്. (നെന്മാറ പി. വിശ്വനാഥൻ നായർ, 1997:39)

'പിൽകാലത്തു രൂപംകൊണ്ട നിയമകോടതികൾ, പഞ്ചായത്തുകൾ, വിദേശകാര്യാലയങ്ങൾ എന്നിവയുടെ ആരംഭം സംഘകാലത്തോളം നീട്ടിക്കൊണ്ടുപോകാമെങ്കിലും ഇവയെല്ലാം തന്നെ അന്നു കേവലം ഉത്ഭവാവസ്ഥയിലായിരുന്നതിനാൽ വ്യക്തമായ തെളിവൊന്നും ഇവയെപറ്റി ഹാജരാക്കാവുന്നതല്ല. ഉന്നതമായ സ്വഭാവ: ണവും അറിവും സത്യസന്ധതയുമുള്ള ഒരുക്കൂട്ടം വിദ്വാന്മാരെ നഗരകോടതികളിൽ രാജാവിന്റെ നീതിന്യായോപദേവ ാക്കളായി നിയമിച്ചിരുന്നു. യുവരാജാവായ കരികാലനെ പരമർശിച്ച് ഉരൈമുടിവു കാണാൻ ഇളമൈയോൻ എന്ന 'പഴമൊഴി' യിൽ കാണുന്ന പ്രത്യേകപ്രയോഗം ഇങ്ങനെ വ്യാഖ്യാനിക്കാം. 'ഉരൈ' എന്നാൽ വാദിയുടെയും പ്രതിയുടെയും വാദങ്ങൾ 'ഉരൈമുടിവു' എന്നാൽ ന്യായവിധി തന്റെ വിദ്വാന്മരായ ഉപദേവ ാക്കളുടെ അഭിപ്രായം ആരാഞ്ഞശേഷം വിധി പ്രസ്താവിക്കുന്നതു രാജാവിന്റെ കർത്തവ്യമാകുന്നു' (എൻ. സുബ്രഹ്മ ണ്യൻ, 2003:176).

നീതിനിയമങ്ങളെപ്പറ്റി കാര്യകാരണങ്ങൾ വെളിപ്പെടുത്തി നിയമട ർ രാജസമക്ഷം കേസുകൾ അവതരിപ്പിക്കുമ്പോൾ വ്യവഹാരങ്ങളിലേർപ്പെട്ടവർ ധനവാനെന്നോ ദരിദ്രനെന്നോ ഉള്ള വിവേചനമില്ലാതെ നിഷ്പക്ഷമായ തീരുമാനങ്ങൾ രാജാവ് കൈകൊണ്ടിരുന്നു. കോടതിവ്യവഹാരങ്ങൾ അക്കാലത്ത് ഏറെ ജനകീയമായിരുന്നു. ന്യായമായ സങ്കടങ്ങളുള്ള എല്ലാവരുംതന്നെ കോടതിയെ സമീപിക്കുകയും കോടതി നേരിട്ട് ഇടപെടുകയും ചെയ്തിരുന്നു. വ്യക്തിപരമായ തർക്കങ്ങൾ, കുടുംബതർക്കങ്ങൾ, സാമൂഹ്യപ്രശ്നങ്ങൾ എന്നിങ്ങനെ സിവിലും ക്രിമിനലുമായ എല്ലാ വ്യവഹാരങ്ങളും അന്ന് നിലവിലുണ്ടായിരുന്നു. 'കേസ് എന്ന വാക്കിനു തുല്യമായി 'കുറൈ' എന്നും സാക്ഷിയെന്നതിന് 'കരി' എന്നും ന്യായവിധിക്കു 'മുറൈ' എന്നും പേരു നൽകിയിരുന്നു.' (എൻ. സുബ്രഹ്മ ണ്യൻ,2003:182). പ്രേമബന്ധത്തിൽപ്പെട്ട യുവതീയുവാക്കൾ കോടതിയെ സമീപിക്കുകയും കാമുകന് കാമുകിയെ ലഭിക്കാൻ അവകാശമുണ്ടെന്ന് കോടതിസമക്ഷം ബോധ്യപ്പെടുകയും ചെയ്താൽ വിവാഹത്തിനുള്ള ഏർപ്പാടുകൾ കോടതിതന്നെ നേരിട്ട് ചെയ്തിരുന്നു. കുറ്റവിചാരണയെ പൊതുവെ ലഘുവായ ഒരേർപ്പാടായാണ് കണ്ടിരുന്നത്. മൻറങ്ങളെ അപേക്ഷിച്ച് അവൈകളിലാണ് ഗൗരവമായരീതിയിൽ കുറ്റവിചാരണ നടന്നിരുന്നത്. ഇന്നത്തെ കോടതികളിലേതു പോലെത്തന്നെ സാക്ഷികളും കക്ഷികളും സത്യപ്രതിജ്ഞ ചെയ്യുന്ന പതിവ് അന്നും ഉണ്ടായിരുന്നു. രാജാവിന്റെ പാദം തൊട്ടാണ് സത്യപ്രതിജ്ഞ ചൊല്ലിയിരുന്നത്. പ്രായവും പരിചയവും ന്യായാധിപന്മാർക്കു വേണ്ടുന്ന യോഗ്യതകളായി ജനങ്ങൾ പൊതുവെ വിശ്വസിച്ചിരുന്നു.'വളരെ ചെറിയ പ്രായത്തിൽ തന്നെ രാജാവായിത്തീർന്ന കരികാലചോളൻ, രാജസഭയിൽ ന്യായാധിപനായി എത്തിയപ്പോൾ കക്ഷികളും,

ഒരുപക്ഷേ നീതിന്യായാപദേവ ാക്കളും വിചാരിച്ചത്, രാജാവിന്റെ ചെറുപ്പം നീതിന്യായപരമായ കാര്യക്ഷമതയ്ക്ക് വിലങ്ങായി നിൽക്കുമെന്നതായിരുന്നു കൃ ദ്ധികൂർമ്മതയുള്ള രാജാവ് ഇതു മനസ്സിലാക്കി വേഗം കോടതി വിട്ടുപോകുകയും നരച്ച കൃത്രിമമുടി ധരിച്ച് മടങ്ങിവന്ന്, വിമർശകരെ തൃപ്തിപ്പെടുത്തുമാറു കേസുകൾ വിചാരണ നടത്തുകയും ചെയ്തു. കൃത്രിമമുടിയിലല്ല തലയ്ക്കുള്ളിലാണു തന്റെ മേധയിരിക്കുന്നതെന്നു തെളിയിക്കാൻ അദ്ദേഹം ആഗ്രഹിച്ചു' (പി. ജനാർദ്ദനൻപിള്ള, 1997 :66). പ്രായം കൂടുന്നത് അറിവിന്റെയും കൃത്യമായി വിധിക്കുന്നതിന്റെയും അളവുകോലായാണ് അന്നത്തെ ജനങ്ങൾ മനസ്സിലാക്കിയിരുന്നത്. ന്യായാധിപന്റെ വസ്ത്രത്തെയും ജനങ്ങൾ മാനിച്ചിരുന്നു. ഴ ദ്യോഗിക കാര്യങ്ങൾ നിർവ്വഹിക്കുന്ന സമയത്തു ന്യായാധിപർ പൊപ്പടി ധരിച്ചിരുന്നു.

സംഘകാലത്തെ കോടതിയിൽ സാക്ഷി വിസ്താരമെന്നത് ഗൗരവമുള്ള ഒന്നായിരുന്നു. നല്ലവർ ഒരിക്കലും കള്ളസാക്ഷി പറയില്ല എന്നും കള്ളസാക്ഷി പറയുന്നവന്റെ പുറകിൽ പിശാക്കുണ്ടാകുമെന്നും അന്നത്തെ ജനങ്ങൾ വിശ്വസിച്ചിരുന്നു. തെറ്റായതും, വളച്ചൊടിച്ചതുമായ തെളിവുകൾ നൽകുക, അറിയാവുന്ന തെളിവുകൾ ഹാജരാക്കാതിരിക്കുക എന്നിവയെല്ലാം സാക്ഷികൾ ചെയ്യുന്ന കുറ്റങ്ങളായി കോടതി കണ്ടിരുന്നു. നാക്കുമുറിച്ചു കളയുക എന്നതാണ് കള്ളസാക്ഷ്യത്തിന് ലഭിക്കുന്ന ശിക്ഷ. സംഘം രാജാക്കന്മാരും പണ്ഡിതരും തികഞ്ഞ ദൈവവിശ്വാസികളായിരുന്നതിനാൽ നീതിയുടെ വിതരണസമയത്തും അവർ ചിലപ്പോഴെങ്കിലും ദൈവത്തെ കൂട്ടുപിടിക്കാറുണ്ട്. കോടതിവ്യവഹാരങ്ങളിലും നീതികാര്യങ്ങളിലും സംഘകാലത്തെ രാജാക്കന്മാർ പുലർത്തിയിരുന്ന ശ്രദ്ധയെപ്പറ്റി അന്നത്തെ സാഹിത്യകൃതികളിൽനിന്നും മനസ്സിലാക്കാവുന്നതാണ്. രാജനീതിയെപ്പറ്റി തിരുകുറൾ 55-ാം അദ്ധ്യായത്തിൽ വിവരണമുണ്ട്. വി.എം. ഗോപാലകൃഷ്ണനാചര്യയുടെ തിരുകുറൾ വ്യാഖ്യാനത്തിൽ ഇത് വ്യക്തമാക്കുന്നു. ചെങ്കോലിനെ രാജനീതിയുടെ പ്രത്യക്ഷചിഹ്നമായി കരുതിയിരുന്നു. പക്ഷപാതരഹിതവും സമതുല്യവുമായ നീതിയുടെ വിതരണത്തിന്റെ പ്രതീകമായിരുന്നു രാജാക്കന്മാരുടെ ചെങ്കോൽ. നീതി ആവശ്യമുള്ളവർക്ക് രാജാവിനെ നിഷ്പ്രയാസം സമീപിക്കാൻ സാധിക്കുക, അപ്രകാരം വരുന്നവരുടെ പ്രശ്നങ്ങൾ കൃത്യമായി മനസ്സിലാക്കി നീതിനിർവഹണം നടത്തുക എന്നീ കാര്യങ്ങൾ ചെ- ാത്ത രാജാവ് അധ: പതിക്കുകയും സ്വയം നശിക്കുകയും ചെയ്യുമെന്ന് തിരുകുറൾ വ്യക്തമാക്കുന്നു (വി.എം. ഗോപാലകൃഷ്ണമാചാരി, 1938:72).

#### 2.1.2.4 സംഘകാലത്തെ ദണ്ഡനീതിയും ശിക്ഷാരീതികളും

കോടതിയിൽ പ്രതി കുറ്റം സമ്മതിച്ചുകഴിഞ്ഞാൽ ഭീകരമായ ശിക്ഷാവിധികൾ അയാൾ നേരിട്ടിരുന്നു. ക്രൂരവും ഭയാനകവുമായിരുന്ന ശിക്ഷാരീതികൾ അന്ന് നിലവിലിരുന്നു. അപരാധികളായ പ്രജകളെ രാജാവ്

ശിക്ഷിക്കുന്നത് രാജധർമ്മമായി ജനങ്ങൾ കണക്കാക്കിയിരുന്നു. മോഷണം, ചാരപ്രവൃത്തി, ബ്രാമ ണരെ കൊല്ലുക, പ" വിന്റെ അകിടറുക്കുക, ഗർഭം അലസിപ്പിക്കുക എന്നിങ്ങനെയുള്ള കുറ്റങ്ങളെ വളരെ ഗൗരവമുള്ളതായി കണക്കാക്കുകയും ശ്രൂമായ ശിക്ഷാവിധികൾ നടപ്പാക്കുകയും ചെയ്തിരുന്നു. മോഷണത്തിനുള്ള ശിക്ഷം ശിരച്ഛേദമായിരുന്നു. മുക്കാലിൽ കെട്ടി അടിക്കുക, ആനയെകൊണ്ട് ചവിട്ടിക്കുക, തെറ്റ് ചെയ്ത അവയവം മുറിച്ചുമാകേ, തടങ്കൽ വിധിക്കൽ എന്നിങ്ങനെ വിവിധ ശിക്ഷാരീതികൾ അക്കാലത്ത് നിലനിന്നിരുന്നു. പ്രാചീനകാലത്തെ തമിഴർ, മനുഷ്യൻ സ്വതവേ ചീത്തയും കുറ്റവാസന ഉള്ളവരുമാണെന്ന് വിശ്വസിച്ചിരുന്നു. രാജശിക്ഷ പേടിച്ചു മാത്രമേ അവർ കുറ്റം ചെ- ാതിരിക്കു എന്നും വിശ്വസിച്ചു പോന്നു. ശിക്ഷകൾ ആവശ്യമാണെന്ന് അവർ കരുതി. അവയ്ക്ക് ദുർ: ണപരിഹാരത്തെക്കാളധികം ദണ്ഡനലക്ഷ്യമാണ് ഉണ്ടായിരുന്നത് എന്ന് സുബ്രമ ണ്യൻ എൻ നിരീക്ഷിക്കുന്നത് അർത്ഥവത്താണ്. വ്യഭിചാരം, ചാരപ്രവൃത്തി എന്നീ കുറ്റങ്ങൾക്ക് വ്യത്യസ്ത ശിക്ഷാവിധികൾ നൽകിയിരുന്നു. ശ. രാജ്യങ്ങളിലെയോ വിദേശനാട്ടുകളിലെയോ ചാരന്മരെ കൊലചെയ്യുകയും വ്യഭിചാരം ചെയ്യുന്നവരെ നാടുകടത്തുകയും ചെയ്തിരുന്നു. രാജാവിന്റെ അധികാരസീമയിൽ നികുതി, മ കരങ്ങൾ എന്നിവ അടയ്ക്കാതിരിക്കുന്നതു കുറ്റകരമായി കണക്കാക്കുകയും അതിന് പ്രത്യേക ശിക്ഷനൽകുകയും ചെയ്തിരുന്നു. ജയിൽ വാസം അനുഭവിക്കുക എന്നത് സംഘകാലത്തെ മറ്റൊരു ശിക്ഷാവിധിയായിരുന്നു.

സംഘകാലത്തെ ജയിലുകൾ 'ചിറൈ' എന്നോ 'ചിറൈകോട്ടം' എന്നോ ആണ് അറിയപ്പെട്ടിരുന്നത്. യുദ്ധത്തിൽ പരാജയപ്പെട്ട രാജാക്കന്മർക്കും സാധാരണ കുറ്റവാളികൾക്കും പ്രത്യേകതരം തടങ്കലുകൾ ഉണ്ടായിരുന്നു. ചേരമാൻ കണൈക്കാൽ ഇരുമ്പൊറയെ തോല്പിച്ച കുടവായിർക്കോട്ടം ജയിലിൽ തടവു പുള്ളിയായി ചോളൻ ചെംകണാൻ സൂക്ഷിക്കുകയുണ്ടായി. തടവുപുള്ളികളായ രാജാക്കന്മർക്കു പ്രത്യേകം ജയിലുകൾ ഉണ്ടായിരുന്നു. എന്നാൽ ജയിലാധികാരികൾ അവരെ വേണ്ടവിധം കണക്കാക്കിയിരുന്നില്ല എന്നതിനും തെളിവുണ്ട്. (കെ.എ. നീലകണ്ഠശാസ്ത്രി, 1955:72)

സംഘകാലത്തെ കോടതിയിൽ സിവിലും ക്രിമിനലുമായ വ്യവഹാരങ്ങൾ പരിഹരിക്കപ്പെട്ടിരുന്നെങ്കിലും വസ്തുസംബന്ധമായ തർക്കങ്ങളേക്കാളുപരി അക്രമപ്രവർത്തികളാണ് കൂടുതൽ പരിഹരിക്കപ്പെട്ടത്. സംഘംകവിതകളിൽ സിവിൽ വ്യവഹാരങ്ങളേക്കാൾ അധികമായി പരാമർശിച്ചിരിക്കുന്നത് ക്രിമിനൽ വ്യവഹാരങ്ങളായിരുന്നു എന്നു കാണാം.

### 2.1.3 നീതിവിചാരങ്ങൾ ധർമ്മശാസ്ത്രങ്ങളിൽ

പ്രകൃതിപ്രതിഭാസങ്ങളെയോ ധാർമികരീതികളെയോ ആശ്രയിച്ചല്ലാതെ ധർമയുക്തമായ ജീവിതം മുന്നോട്ടുകൊണ്ടു പോകാനാകില്ല എന്ന മനുഷ്യന്റെ തിരിച്ചറിവോടെയാണ് സനാതനമൂല്യങ്ങൾക്ക് പ്രാധാന്യമേറിയത്. മനുഷ്യത്വത്തിൽനിന്നും ഈശ്വരീയതയിലേക്കുള്ള യാത്രയിൽ ഒരിക്കലും മാറ്റംവരാതെ നിാ ന്ന ശാശ്വതമൂല്യങ്ങളെപ്പറ്റി പ്രതിപാദിക്കുന്നവയാണ് 'ശ തി'കൾ. സാമൂഹ്യജീവിതത്തിൽ കാലാനുസൃതമായി മാറ്റേണ്ടി വരുന്ന ആചാരനിയമങ്ങളെപ്പറ്റി വിശദമാക്കുന്നവയാണ് 'സ്മൃതി'കൾ. ഓരോ കാലഘട്ടത്തിലും സംഭവിക്കുന്ന പരിവർത്തനങ്ങൾക്കനുസൃതമായി ജനജീവിതത്തെ നിയന്ത്രിക്കുന്ന നിയമങ്ങളെ സംബന്ധിച്ച കാര്യങ്ങൾ സ്മൃതിയ്ക്കു വിഷയമാകുന്നു. അതുകൊണ്ടാണ് വിവിധ കാലങ്ങളിലായി സ്മൃതികൾ രൂപമെടുത്തത്. ഇന്നത്തേതിൽനിന്ന് വളരെയേറെ വ്യത്യസ്തവും പാരമ്പര്യാധി ിതവുമായ ഒരു സമൂഹസങ്കല്പമാണ് സ്മൃതികളിലുള്ളത്. ജനനം കൊണ്ടു കൈവന്ന ജാതിയ്ക്കും വിധിയ്ക്കപ്പെട്ട കർമ്മങ്ങൾ ചെയ്തു പുലരുന്ന ജനവിഭാഗങ്ങൾ ഓരോന്നിനും നിയതങ്ങളായ കർമ്മങ്ങളുണ്ടെന്ന് സ്മൃതികാരന്മാർ വിശ്വസിച്ചുപോന്നു.

സ്മൃതികാരന്മാരുടെ വിവക്ഷയിൽ നിയമങ്ങളുടെയെല്ലാം ഉറവിടം ഭരണാധിപനായ രാജാവായിരുന്നു. നീതിനിർവ്വഹണത്തെ രാജധർമ്മത്തിന്റെ അതിപ്രധാനഘടകമായിട്ടാണ് കണക്കാക്കിയിരുന്നത്. നീതിയുടെ മുമ്പിൽ എല്ലാ ജനങ്ങളും തുല്യരാണെന്ന സർവ്വാദരണീയതത്ത്വം അതിപ്രാചീനകാലം മുതൽ ഭാരതത്തിൽ നിലനിന്നിരുന്നു. മയൂരധർമം എന്നാണ് ഈ ആശയത്തെ പറഞ്ഞിരുന്നത്. ഒരു മയൂരം അതിന്റെ മനോഹരമായ പീലിവലയം വിടർത്തി ചൃത്തം ചെയ്യുന്നതുപോലെ നീതി അതിന്റെ സംരക്ഷണച ത്രം എല്ലാ ജനങ്ങളെയും ഉൾക്കൊള്ളും വിധം വിടർത്തി നിലകൊള്ളുന്നു എന്നതാണ് മയൂരധർമ്മം കൊണ്ട് ഉദ്ദേശിക്കുന്നത്. എന്നാൽ ഈ സങ്കല്പം പ്രയോഗത്തിൽ അവഗണിക്കപ്പെടുന്നതായാണ് ചരിത്ര വസ്തുതകളിൽനിന്ന് വ്യക്തമാകുന്നത് (എൻ. സുബ്രമ ണ്യൻ, 2003:105). നീതിയും നിയമങ്ങളും ജാതിയുടെ അടിസ്ഥാനത്തിൽ പ്രാവർത്തികമാകുമ്പോൾ തുല്യനീതിയെന്ന സങ്കൽപ്പം അവഗണിക്കപ്പെടുന്നു. ദണ്ഡവിവേക, ദണ്ഡതത്ത്വപ്രകാശിക, ദണ്ഡഭേദവ്യവസ്ഥ എന്നീ പ്രാചീന നിയമഗ്രന്ഥങ്ങളിൽ ശിക്ഷാനിയമങ്ങളെക്കുറിച്ചു പ്രതിപാദിച്ചിരുന്നു. മനുസ്മൃതി, ഭാർഗവസ്മൃതി, ശാങ്കരസ്മൃതി, നാരദസ്മൃതി, വ്യവഹാരമാല, അർത്ഥശാസ്ത്രം എന്നിങ്ങനെയുള്ള ധർമ്മശാസ്ത്ര ഗ്രന്ഥങ്ങളിലൂന്നിയാണ് അക്കാലങ്ങളിൽ നീതിവിചാരണയും ശിക്ഷാവിധികളും നടന്നിരുന്നത്. മാക്യവെല്ലിയുടെ നിയമവ്യവസ്ഥയെ കോളനിരാജ്യങ്ങളുടെ സാഹചര്യത്തിൽ പ്രയുക്തമാക്കാനുള്ള കൃ ദ്ധിമുട്ടുകളെ കമ്പനി അതിജീവിച്ചത് അതാതിടങ്ങളിൽ പ്രചരിച്ചിരുന്ന ധർമ്മ

ശാസ്ത്രകൃതികളുടെ സഹായത്തോടെയാണെന്നു കാണാം. ആയതിനാൽ അത്തരം ധർമ്മശാസ്ത്ര ഗ്രന്ഥങ്ങളിൽനിന്നാണ് പൂർവ്വകൊളോണിയൽ കാലഘട്ടത്തിലെ നൈതികതയെയും കോടതി വ്യവഹാരങ്ങളെയും കുറിച്ചുള്ള അപഗ്രഥനം നടത്തേണ്ടത്.

നീതിയുടെ മുമ്പിൽ എല്ലാ ജനങ്ങളും സമന്മരാണ് എന്ന തത്വം പ്രാചീനകാലം മുതൽ ഭാരതത്തിൽ നിലനിന്നിരുന്നെങ്കിലും ജാതീയമായ ഉച്ചനീചത്വങ്ങൾ ഇന്ത്യൻ സമൂഹത്തിൽ തികച്ചും പക്ഷപാത പരമാക്കുന്നതാണ് കൊളോണിയൽ പൂർവ്വഘട്ടത്തിൽ കാണാൻ കഴിയുന്നത്.

**2.1.3.1 മനുസ്മൃതി**

ഭാരതീയസാഹിത്യകൃതികളിൽ ഉൾപ്പെടുന്നതും ഏറെ ചർച്ചാവാഹവുമായ ഒരുകൃതിയാണ് 'മനുസ്മൃതി.' മനുസ്മൃതിയുടെ കർത്താവായി അറിയപ്പെടുന്നത് സ്വയംഭൂമനുവാണ്. 'ഷ സംഹിത' 'മാനവസംഹിത' 'മാനവധർമ്മശാസ്ത്രം', 'മനുസ്മൃതി' എന്നിങ്ങനെ വ്യത്യസ്ത പേരിലറിയപ്പെടുന്ന നിയമഗ്രന്ഥമാണിത്. വിധിക്കുകയും ആ വിധി നടപ്പിലാക്കുകയും ചെയ്യുക എന്ന സാമൂഹികമായ ഒരു നീതിശാസ്ത്രത്തിന്റെ കെട്ടിൽപ്പെടുന്ന ഒന്നാണ് മനുസ്മൃതി എന്ന് പറയാം. വർണാശ്രമധർമങ്ങൾ, വ്യക്തിസമുദായം എന്നിവ തമ്മിലും ഒറ്റക്കുമുള്ള ബന്ധങ്ങൾ, അവരുടെ ഉത്തരവാദിത്വങ്ങൾ, രാജ്യഭരണം, ആധ്യാത്മികമായ ഉപദേശങ്ങൾ തുടങ്ങിയവയെല്ലാം മനുസ്മൃതിയുടെ വിശാലമായ പരിധിയിൽ വന്നുചേരുന്നു. ഭൗതികവും ആദ്ധ്യാത്മികവുമായ വിചാരധാരകളെ പരസ്പരം സമന്വയിപ്പിച്ച് മുന്നോട്ട്കൊണ്ടു പോകണമെന്നാണ് ഭാരതീയമായ തത്ത്വദർശനം. ആ ദർശനത്തെ സഫലീകരിക്കുന്നതിന് ഉതകുന്ന നിരവധി ഉപദേശങ്ങളുടെ സമൂഹമാണ് മനുവിന്റെ സ്മൃതി എന്നു പറയാം. ഈ വിചിത്രമായ ധർമ്മമാർഗം വേദാനുകൂലമായ മാനവധർമശാസ്ത്രമാണ്.

'മനുസ്മൃതിയിലെ ധർമ്മാചാരങ്ങളും നീതികാര്യങ്ങളുമാണ് ഭാരതത്തിൽ നിലവിലിരുന്ന ആര്യന്മാരുടെയും തുടർന്ന് അവരാൽ അധിനിവേശം ചെ- പ്പെട്ട ദ്രാവിഡരുടെയും നിയമവ്യവസ്ഥയായി മാറിയത്" (ആചാര്യ എം. ആർ.രാജേഷ്, 2013:11). മനുസ്മൃതിയുടെ അടിസ്ഥാനത്തിലാണ് ഒട്ടുമിക്ക ഹിർ നിയമങ്ങളും നടപ്പിലായത്. പിന്നീട് ഇന്ത്യൻ ശിക്ഷാനിയമത്തിന്റെയും കൊളോണിയൽകോടതിയുടെയും കടന്നുവരവോടെ മനുസ്മൃതിയിലെ വിധിന്യായങ്ങളും ധർമ്മാചാരങ്ങളും ഉപേക്ഷിക്കപ്പെടുകയായിരുന്നു.

12 അദ്ധ്യായങ്ങളിലായി രചിച്ചിരിക്കുന്ന ഈ കൃതിയിലെ 8- ാം അദ്ധ്യായത്തിലാണ് നീതിന്യായപരിപാലനം, അതിനുവേണ്ട നിയമങ്ങൾ, അവകാശത്തർക്കം, മോഷണം, വ്യഭിചാരം, അടിപിടി, വ്യവഹാരരീതികൾ

എന്നിങ്ങനെയുള്ള കോടതികാര്യങ്ങൾ വിശദീകരിക്കുന്നത്. വ്യവഹാരങ്ങളിൽ ഏർപ്പെടുന്ന രാജാവും മറ്റ് പരിവാരങ്ങളും ന്യായസഭയിൽ എപ്രകാരം പ്രവേശിക്കണം, വ്യവഹരിക്കണം എന്ന് തുടങ്ങി നീതിന്യായ വ്യവഹാരങ്ങളെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളും 'മനുസ്മൃതി'യുടെ എട്ടാം അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്. സ്മൃതികാരന്റെ അഭിപ്രായത്തിൽ 18 തരം വ്യവഹാരകാര്യങ്ങളാണ് ന്യായസഭയിൽ നിലനിൽക്കുന്നത്. കടം മടക്കികൊടുക്കാതിരിക്കൽ: പിന്നെ മറ്റൊരുവൻ സൂക്ഷിക്കാനേല്പ്പിച്ച മുതൽ വിൽക്കൽ, ഉടമയില്ലാത്തവൻ മുതൽ വിൽക്കൽ, കൂട്ടുകച്ചവടം, ദാനംചെയ്തു വിട്ടുകൊടുക്കാതിരിക്കൽ, വേലക്കാരനു കൂലി കൊടുക്കാതിരിക്കൽ, കരാൽ ലംഘനം, വിൽക്കുകയോ വാങ്ങുകയോ ചെയ്തതിനെപ്പറ്റി പശ്ചാത്തപിച്ച് പിന്മാറൽ, ഉടമയും വളർത്തുന്നവനും തമ്മിലുള്ള തർക്കം, അതിർത്തിതർക്കം, അടിപിടിയും കോലാഹലവും, മോഷണം, കൊള്ള, പരദാരഗ്രഹണം, ദാമ്പത്യധർമ്മം, വസ്തുവിഭജനം, പണയംവെച്ചുള്ള ചൂതുകളി എന്നിവ കൂടാതെ കാളപ്പോര്, കോഴിപ്പോര് മുതലായവയിൽ വാതുവെയ്ക്കൽ ഇവയാണ് 18 വ്യവഹാരങ്ങൾ. ഇതിൽ ഏതെങ്കിലുമൊന്നിൽ തർക്കമുണ്ടായാൽ ധർമ്മാനുസൃതം വിധി നടപ്പാക്കും.

സ്മൃതികാരന്റെ അഭിപ്രായപ്രകാരം വാദിയായോ പ്രതിയായോ ഒന്നും കോടതിയിൽ പോകാതിരിക്കുന്നതാണ് നല്ലത്.

'സഭാം വാ ന പ്രവേവ വ്യം വക്തവ്യം വാ സമട്ട സം

അ, വൻ വി, വൻ വാപി നരോ ഭവതി കിധിഷി' (സ്ലോകം 13)

ധർമ്മാധി ിതമായി ജീവിതം നയിച്ച് കോടതിയിൽ പ്രവേശിക്കാനിടവരുത്താതിരിക്കയാണ് മനുഷ്യർക്ക് നല്ലതെന്നാണ് മനുസ്മൃതി പറയുന്നത്. മാത്രമല്ല യാതൊരു കാരണവശാലും ധർമ്മത്തെ ഹനിക്കരുതെന്നും ധർമ്മം ഹനിക്കപ്പെട്ടാൽ അത് ഹനിക്കുന്നവൻ നശിക്കുമെന്നും എഴുതിയിരിക്കുന്നു. ദുർവ്യവഹാരവുമായി ബന്ധപ്പെടുന്നവർക്കെല്ലാം പാപത്തിന്റെ പങ്ക് കിട്ടുമെന്ന് 18-സ്ലോകത്തിൽ വ്യക്തമാക്കിയിട്ടുണ്ട് (സിദ്ധിനാഥാനന്ദസ്വാമി, 1993:72)

'പാദോ ധർമ്മസ്യ കർത്താരംപാദ: സാക്ഷിണക്ഷ്ഛതി

പാദ: സഭാസദ: സർവാൻ പാദോ രാജാനക്ഷ്ഛതി' (സ്ലോകം 18)

നീതി ശരിയായി നടക്കാത്ത വ്യവഹാരത്തിലെ അധർമ്മത്തിന്റെ കാൽഭാഗം അധർമ്മം ചെയ്തവനെയെയും കാൽഭാഗം അസത്യം പറഞ്ഞ സാക്ഷിയെയും കാൽഭാഗം എല്ലാ ന്യായാധിപന്മാരെയും കാൽഭാഗം രാജാവിനെയും ബാധിക്കും. സിവിൽവ്യവഹാരങ്ങളിലും ക്രിമിനൽവ്യവഹാരങ്ങളിലും സാക്ഷിയുടെ തെരെഞ്ഞെടുപ്പ്, തെളിവുശേഖരണം, വിസ്താരണ എന്നിവ എപ്രകാരമാകണമെന്ന് മനുസ്മൃതിയിൽ വ്യക്തമാക്കുന്നുണ്ട് (സിദ്ധിനാഥാനന്ദസ്വാമി, 1993:79). ചാതുർവർണ്യവ്യവസ്ഥ തികച്ചും നിലവിലുള്ളതും ത്രിവർഗ പ്രധാനവുമായ ഒരു സമൂഹമാണ് മനു അഭിമുഖീഭവിക്കുന്നത്. വേദവിഹിതമായ ധർമ്മം, വേദജ്ഞരായ സ നങ്ങളുടെ സ്മൃതി ശീലങ്ങൾവഴി പരമ്പരയാ ചില നിയതാചാരങ്ങളായി ഉരുത്തിരിത . ഇപ്രകാരം നിലവിലുണ്ടായിരുന്ന ആചാരങ്ങളെയും അനു ാനങ്ങളെയും ക്രോഡീകരിക്കുകയും അവയിൽനിന്ന് സമുദായത്തിന്റെ സുസ്ഥിതിയ്ക്ക് ഉതകുന്ന ആശയങ്ങളും ആദർശങ്ങളും വിഭാവനം ചെയ്യുകയും അവയ്ക്കനുസൃതമായി ഓരോ വ്യക്തിയുടെയും ജീവിതത്തിന് ചില ചിട്ടകളും ചട്ടകളും ഏർപ്പെടുത്തുകയുമാണ് മനു തന്റെ ധർമ്മശാസ്ത്രത്തിൽ ചെയ്യുന്നത്. ബ്രാമ ണധർമ്മത്തെ മുഖ്യധർമ്മമായി കാണുന്ന മനു, " ശൂദ്രന് എന്തെങ്കിലും അവകാശങ്ങളുള്ളതായി കരുതുന്നില്ല എന്ന് മനുസ്മൃതി വ്യാഖ്യാനത്തിന്റെ അവതാരികയിൽ എൻ.വി. കൃഷ്ണവാര്യർ പറയുന്നുണ്ട് (ആചാര്യ എം.ആർ.രാജേഷ്, 2013:6). ദ്വിജന്മാർക്ക് യഥേവ ം ഉപയോഗിക്കാനുള്ള ഇരുകാലിയായിട്ടാണ് ശൂദ്രനെ മനു അവതരിപ്പിച്ചിരുന്നത്.

'നിസർഗ്ഗജം ഹി തത് തസ്യ കസ്തസ്മാത് തദപോഹതിന്' (ശ്ലോകം 49).

ദാസ്യം ശൂദ്രന് ജന്മസിദ്ധമായതിനാൽ അവനു സ്വാതന്ത്ര്യം കൊടുത്താലും അവൻ സ്വതന്ത്രനാകുന്നില്ല എന്നാണ് മനുവിന്റെ പക്ഷം (സിദ്ധിനാഥാനന്ദസ്വാമി, 1993:11). ദണ്ഡനീതി നടപ്പാക്കുന്ന സന്ദർഭങ്ങളിൽ ജാതിക്കധി ിതമായി ശിക്ഷ വിധിക്കുന്നതും ക്രൂരമായ ശിക്ഷാവിധികൾ ശൂദ്രർക്കു മാത്രമാകുന്നതും ഇതേ ധർമ്മയുക്തിയാലാണ്.

മനുസ്മൃതിയിലൂടെ ബ്രാമ ണന്റെ മേൽക്കോയയെ ഉറപ്പിക്കുകയും ഇതരജാതിയിലുള്ളവരെയും ജാതിശ്രേണിയ്ക്കു വെളിയിലുള്ളവരെയും സ്ത്രീകളെയും ബ്രാമ ണേച്ഛത്തിൽ രാജനീതിയ്ക്കും വിധേയരാക്കുകയും ചെയ്യുന്ന ദുരന്തകാളയാണ് ഇന്ത്യൻ സമൂഹത്തിൽ പ്രബലമായിരുന്നത്.

#### 2.1.3.2 ഭാർഗവസ്മൃതി

കേരളത്തിൽ നിലവിലിരുന്ന മറ്റൊരു ധർമ്മശാസ്ത്രഗ്രന്ഥമാണ് ഭാർഗവസ്മൃതി. വൈദികങ്ങളായ ഗൃഹകർമ്മങ്ങൾ, ശ്രൗതകർമ്മങ്ങൾ എന്നിവയെയും സ്വത്തവകാശം, ദായക്രമം മുതലായവ സംബന്ധിച്ച നിയമങ്ങളെയുംപറ്റി പ്രതിപാദിക്കുന്ന ഗ്രന്ഥമാണ് ഭാർഗവസ്മൃതി. എന്നാൽ പണ്ടേക്കു പണ്ടേ ഈ കൃതി ലഭ്യമല്ലാതായിതീർന്നു. എന്നാണ് ചരിത്രകാരന്മാർ പറയുന്നത്. പര" രാമൻ കേരളീയർക്കു വേണ്ടി എഴുതിയതാണ് ഈ കൃതിയെന്നും ഒ ഹത്ഗ്രന്ഥമായിട്ടാണ് ഇതിന്റെ രചന നിർവഹിച്ചതെന്നും ശാങ്കരസ്മൃതിയിൽ പരമാർശമുണ്ട് (മുല്ല, 2015:42). അതിനാൽ ഈ കൃതി നീതിനിർവഹണത്തിൽ സാരമായി പട വഹിച്ചതായി അനുമാനിക്കാനാവില്ല.

#### 2.1.3.3 ശാങ്കരസ്മൃതി

വിവിധ ധർമമാർഗങ്ങളെക്കുറിച്ചും ബ്രാമ ണാദി വർണങ്ങളുടെ സവിശേഷ പൈതൃകത്തെക്കുറിച്ചും പ്രതിപാദിക്കുന്ന കൃതിയാണ് ‘ശാങ്കരസ്മൃതി.’പുതിയ ഇന്ത്യൻ ഭരണഘടന നിലവിൽ വരുന്നതുവരെ നൂറ്റാണ്ടുകളോളം കേരളത്തിന്റെ ഔ ദ്യോഗിക (ബ്രാമ ണ) ഭരണഘടനയായിരുന്നു ഇത്. ഇതിലെ അക്ഷരങ്ങളുടെ ആജ്ഞ കേട്ടാണ് ജാതി കേരളം ചലിച്ചിരുന്നത്, ചലിക്കാതിരുന്നത്' (ടി.സി. പരമേശ്വൻ മൂസ്സത്, 2011:8). ശാങ്കരസ്മൃതിയുടെ പൂർവഭാഗത്തിലെ ഒന്നാം അദ്ധ്യായം ഒന്നാം പാദത്തിൽ കൃതിയുടെ ഉത്ഭവത്തെക്കുറിച്ച് പറയുന്നു, മലയാളികൾക്ക് പര" രാമൻ വളരെ പ്രത്യേകമായി ഉണ്ടാക്കിയെടുത്ത ധർമശാസ്ത്രഗ്രന്ഥമാണ് ഭാർഗവസ്മൃതിയെന്നും ആ ഗ്രന്ഥത്തിന്റെ വലുപ്പക്കൂടുതൽക്കൊണ്ട് ശങ്കരാചാര്യർ അതിന്റെ ഒരു സംഗ്രഹരൂപം ഉണ്ടാക്കുകയും ‘ലഘുധർമപ്രകാശിക’ എന്നും അറിയപ്പെടുന്നു. ഇതാണ് പിന്നീട് ‘ശാങ്കരസ്മൃതി’ എന്ന പേരിൽ പ്രസിദ്ധമായത്. ഈ കൃതിയുടെ കർത്താവ് ശങ്കരാചാര്യരാണോ എന്ന വിഷയത്തിൽ തർക്കം നിലനിൽ ന്നുണ്ട്.

#### 2.1.3.4 നാരദസ്മൃതി

നിയമങ്ങളെയും വ്യവഹാരങ്ങളെയുംക്കുറിച്ച് വിശദീകരിക്കുന്ന ധർമ്മശാസ്ത്രഗ്രന്ഥമാണ് ‘നാരദസ്മൃതി.’ നാരദമുനിയുടേതാണ് നാരദസ്മൃതിയെന്നതിന് കൃത്യമായ തെളിവുകളില്ല. എന്നിരുന്നാലും നിയമത്തിന്റെയും രാഷ്ട്രീയവ്യവഹാരങ്ങളുടെയും ഉപദേവ ാവായി നാരദമഹർഷിയെ കണക്കാക്കിയിരുന്നു (മുല്ല, 2015:49). നാരദസ്മൃതിക്ക് നാരദധർമ്മശാസ്ത്രമെന്നൊരു പേരുകൂടിയുണ്ട്. വസ്തുതർക്കം, ഉടമസ്ഥാവകാശം,

അനന്തരാവകാശം എന്നിവയെപ്പറ്റി ദീർഘമായ നിയമങ്ങൾ നാരദസ്മൃതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സ്ത്രീകളുടെ പുനർവിവാഹം വിധവകളുടെ സ്വത്തവകാശം എന്നിനിങ്ങനെയുള്ള ആശയങ്ങളും ഈ ധർമ്മശാസ്ത്രഗ്രന്ഥത്തിലുൾപ്പെടുത്തിയിരിക്കുന്നു.

മനുസ്മൃതിയ്ക്കുശേഷം കടന്നുവന്ന സ്മൃതികളിൽ വേദജ്ഞരും രാജ്യജ്ഞരുമായ അധികാരസമൂഹത്തിന് ഇന്ത്യൻ പൊതുസമൂഹം കീഴ്പ്പെടുന്ന ചിത്രമാണ് തെളിത വരുന്നത്. കോളനിനീതിസങ്കൽപ്പം നിലവിൽ വരുമ്പോൾ ജാതീയമായും ലിംഗപരമായും സാമ്പത്തികമായും അനീതി അനുഭവിച്ചിരുന്ന ബഹുഭൂരിപക്ഷം വരുന്ന സാധാരണജനങ്ങളെ നീതിയുടെ സംരക്ഷണത്തിലേക്കുൾക്കൊള്ളിക്കുക എന്ന വലിയ ദൗത്യമായിരുന്നു അവർക്ക് ഏറ്റെടുക്കേണ്ടി വന്നത്.

**2.1.4 വ്യവഹാരമാലയിലെ നൈതികവിചാരങ്ങൾ**

കേരളത്തിലെ സാമൂഹികഘടനയെയും ജീവിതരീതികളെയും സ്വാധീനിച്ച മറ്റൊരു നിയമഗ്രന്ഥമാണ് 'വ്യവഹാരമാല.' ശാങ്കര സ്മൃതിക്കുശേഷം കേരളത്തിലെ നിയമങ്ങളും നീതിചിന്തകളും വ്യവഹാരമാലയെ ആധാരമാക്കി നിലകൊണ്ടു. വ്യവഹാരമാലയുടെ രചനാകാലം പതിനാലാംനൂറ്റാണ്ടിന് ശേഷമാണെന്നാണ് ഉള്ളൂരിന്റെ അനുമാനം. വ്യവഹാരമാലയ്ക്ക് അവതാരിക രചിച്ചത് ഉള്ളൂരാണ്. പ്രചീനകേരളത്തിന്റെ ഭരണഘടന എന്നാണ് അദ്ദേഹം വ്യവഹാരമാലയെ വിശേഷിപ്പിച്ചത്. 'തിരുവിതാംകൂർ, കൊച്ചി ഈ സംസ്ഥാനങ്ങളിൽ പുതിയമാതിരിയുള്ള കോടതികളും ചട്ടങ്ങളും നടപ്പായത് ഏകദേശമായി കർണൽ മൺറോസായ്പിന്റെ കാലത്താണല്ലോ അതിന് മുമ്പ് കേരളമൊട്ടുക്കും വ്യവഹാരവിഷയത്തിൽ ഒരു പ്രമാണഗ്രന്ഥമായി വളരെക്കാലത്തേക്ക് നിലനിന്നുപോന്നത് ശ്രീമൂലം മലയാളം ഭാഷാഗ്രന്ഥാവലിയിലെ ഒമ്പതാമത്തെ പുസ്തകമായി ാനിപ്പോൾ പ്രസിദ്ധപ്പെടുത്തുന്ന വ്യവഹാരമാലയാകുന്നു' (എസ്, പരമേശ്വരഅ- ർ, 1925:6)

സ്മൃതികൾ, ശ തികൾ തുടങ്ങിയ നിയമഗ്രന്ഥങ്ങൾ അക്കാലത്ത് രചിക്കപ്പെട്ടിരുന്നെങ്കിലും രചനാകർമ്മം നിർവ്വഹിച്ചവരെല്ലാം ബ്രാമ ണന്മാരായതിനാൽ എല്ലാ ഗ്രന്ഥങ്ങളിലും ശ്രേ സ്ഥാനിയർ ബ്രാമ ണർ തന്നെയായിരുന്നു. ജാതിവ്യവസ്ഥയുടെ അടിസ്ഥാനമായിരുന്ന ഈ നിയമാവലികൾ നടപ്പിലാക്കാൻ മാത്രമാണ് രാജാവിന് അധികാരമുണ്ടായിരുന്നത്. ജാതീയത പരിപാലിക്കുന്ന സാമൂഹികവ്യവസ്ഥ അധികാരികൾ അട്ടിമറിക്കരുതെന്ന നിർദേശമാണ് വ്യവഹാരമാല മുന്നോട്ട് വയ്ക്കുന്നത്. ' ധിപതിയായ രാജാവ്

ധർമശാസ്ത്രത്തിന്റെയും അർഥശാസ്ത്രത്തിന്റെയും തത്ത്വമറിത വേണം വ്യവഹാരത്തിന്റെ ഗതി നിർണയിക്കാനെന്നും ഈ ഗ്രന്ഥം നിഷ്കർഷിക്കുന്നു.

'യത്ര വിപ്രോ ന വിദ്വാൻ സ്യാത് ക്ഷത്രിയം തത്ര യോജയേത്

വൈശ്യം വാ ധർമ്മശാസ്ത്രജ്ഞം ശൂദ്രം യത്നേന വർജ്ജയേത്'

(പക്ഷാഭസലക്ഷണം-ശ്ലോകം 8)

ന്യായം തീർപ്പാക്കാൻ രാജാവിന് സാധിക്കാതെ വരുന്ന സന്ദർഭങ്ങളിൽ ബ്രാഹ്മണൻ അല്ലെങ്കിൽ വൈശ്യൻ എന്നിങ്ങനെ ജാതിയിൽ ശ്രേഷ്ഠരായവരെ മാത്രമേ നിയോഗിക്കാൻ പാടുള്ളൂ എന്നും യാതൊരുവിധ കാരണത്താലും ഒരു ശൂദ്രനെ തൽസ്ഥാനത്ത് നിയോഗിപ്പിക്കാൻ പാടില്ലെന്നും ഈ ശ്ലോകത്തിലൂടെ നിർദ്ദേശിക്കുന്നുണ്ട്.

നീതി എപ്രകാരമാണ് നടപ്പിലാക്കേണ്ടതെന്ന് 'വ്യവഹാരമാല'യിൽ കൃത്യമായി അവതരിപ്പിക്കുന്നുണ്ട്.

'പതിതാദികൃതശ്ചൈവ യശ്ച ന പ്രകൃതിം ഗത:

അസ്വതന്ത്രകൃതശ്ചൈവ പൂർവ്വപക്ഷോ ന സിദ്ധ്യതി'

(പക്ഷാഭസലക്ഷണം - ശ്ലോകം 36)

പതിതന്മാർക്ക് നീതി കൊടുക്കരുതെന്നാണ് വ്യവഹാരമാല നിർദ്ദേശിച്ചിട്ടുള്ളത്. ശൂദ്രർ മുതലായ ദലിതർക്ക് പരാതിയുന്നയിക്കാനോ നീതി ലഭിക്കുന്നതിനായി അധികാരികളെ സമീപിക്കാനോ ഉള്ള അവകാശമില്ലെന്നാണ് നിയമം. ബ്രാഹ്മണരും വൈശ്യരുമാണ് നീതിസഭയിലെ പ്രധാനഅംഗങ്ങൾ എന്നതിനാൽ ബ്രാഹ്മണരുടെ പരാതിയാണ് രാജസന്നിധിയിൽ ആദ്യം അർപ്പിക്കേണ്ടത് എന്നൊരു ചട്ടവും വ്യവഹാരമാല നിഷ്കർഷിക്കുന്നു (പരമേശ്വര അയ്യർ, എസ്. 1925: 60). വർണക്രമത്തിലടിയുറച്ച ബ്രാഹ്മണ്യവ്യവസ്ഥയെയാണ് 'വ്യവഹാരമാല' പോലുള്ള ഗ്രന്ഥങ്ങൾ നടപ്പിൽ വരുത്താനാഗ്രഹിക്കുന്നത്.

**2.1.5 കൗടില്യ നീതിസങ്കൽപം**

ബി.സി. നാലാം ശതകത്തിൽ ജീവിച്ചിരുന്ന ന്യായശാസ്ത്ര രചയിതാവായിരുന്നു ചാണക്യൻകൗടില്യൻ. ചന്ദ്രഗുപ്തമൗര്യനെന്ന ചക്രവർത്തിയുടെ നിയമോപദേഷ്ടാവ് എന്ന നിലയ്ക്കാണ് ചാണക്യൻ അറിയപ്പെടുന്നത്. കൗടില്യൻ എന്ന പേരിലും അറിപ്പെട്ടിരുന്ന ചാണക്യന്റെ ഇന്ന് ലഭ്യമായിട്ടുള്ള കൃതികൾ അർഥശാസ്ത്രം,

ചാണക്യനീതിശാസ്ത്രം എന്നിവയാണ്. രാഷ്ട്രമീമാംസയെക്കുറിച്ചും ഭരണനീതിയെക്കുറിച്ചും പ്രതിപാദിക്കുന്നതാണ് അർത്ഥശാസ്ത്രം എന്ന ഗ്രന്ഥം.

രാജനീതിയെക്കുറിച്ചും രാജശാസ്ത്രത്തെക്കുറിച്ചും ലഭ്യമായിട്ടുള്ള ഏറ്റവും പ്രാചീനഗ്രന്ഥമാണ് 'അർത്ഥശാസ്ത്രം.' അധികരണം എന്ന പേരിൽ 5 ഭാഗങ്ങളായാണ് ഈ ഗ്രന്ഥം സംവിധാനം ചെയ്തിരിക്കുന്നത്. ഓരോ അധികരണത്തിലെയും അതിലുള്ള അന്യായങ്ങളിലെയും വിഷയങ്ങൾ കൃത്യമായി ക്രമീകരിച്ച് പ്രകരണങ്ങളാക്കി തിരിച്ചിരിക്കുന്നു. രാഷ്ട്രമീമാംസ, സാമൂഹിക-സാന്മാർഗികമര്യാദകൾ, ഭരണകാര്യങ്ങൾ, പൊതുപെരുമാറ്റചട്ടങ്ങൾ, സിവിൽ, ക്രിമിനൽ നടപടിക്രമങ്ങൾ, നൈതിക ചിന്തകൾ, ശിക്ഷാരീതികൾ, ദണ്ഡരീതി എന്നിങ്ങനെ രാഷ്ട്രതന്ത്രവും സാമ്പത്തികശാസ്ത്രവും സൂക്ഷ്മമായി ഈ കൃതി കൈകാര്യം ചെയ്യുന്നു. ശക്തവും സാധാരണവുമായ ഭരണവ്യവസ്ഥ രാജവാഴ്ചയാണെന്നും അതിനാൽ പ്രജകളുടെ യോഗ ക്ഷേമത്തിനുവേണ്ടി രാജാവ് അനു ി ിക്കേണ്ട കർത്തവ്യങ്ങളെക്കുറിച്ചും അർത്ഥശാസ്ത്രത്തിൽ സൂക്ഷ്മമായി പ്രതിപാദിച്ചിട്ടുണ്ട്.

കൗടില്യന്റെ അഭിപ്രായത്തിൽ സത്യം നീതിയിലും, നീതി നിയമത്തിലും അധി ിതമാണ്. കണ്ടക ശോധനം എന്ന നാലാം അധികരണത്തിൽ രാജ്യത്തെ ക്രമസമാധാനപാലനം എപ്രകാരമായിരിക്കണം എന്ന് വ്യക്തമാക്കുന്നു. രാജ്യത്തുള്ള സാമൂഹ്യവിരുദ്ധരെ നിരന്തരമായി നിരീക്ഷിച്ച് അവരുടെ കുറ്റകൃത്യങ്ങൾ തടയുന്നതിൽ ജാഗ്രത പുലർത്തുന്നതിനായി സമാഹർത്താ (സെക്രട്ടറി ജനറൽ) ക്കളെ നിയമിച്ചിരുന്നു. 'മൂന്നു മജിസ്ട്രേമോർ (പ്രദേവ ാവ്) അടങ്ങിയ ന്യായാസനമാണ് (ബഞ്ച്) സാമൂഹ്യ വിരുദ്ധരെ അമർച്ച ചെ- ാനുള്ള കടമ നിർവ്വഹിക്കുന്നത്. കുറ്റത്തിന്റെ ഗൗരവവും, യഥാർത്ഥ വസ്തുതകളും കണക്കിലെടുത്ത് ശിക്ഷ നിശ്ചയിച്ചിരിക്കുന്നത് ഇവരാണ്. ശിക്ഷകളെ പൊതുവെ നാലായി തരംതിരിക്കാം. 1) പിഴ ക്കുത്തൽ, 2) അവയവച്ഛേദനം, 3) നാടുകടത്തൽ, 4) ദണ്ഡത്തോടുകൂടിയോ അല്ലാതെയോ ഉള്ള വധ ശിക്ഷ ഖജനാവ് നിറയ്ക്കാൻ സഹായകമാണ് എന്ന നിലയ്ക്ക്, പിഴശിക്ഷയാണ് കൗടി ല്യൻ അധികവും നിർദ്ദേശിക്കുന്നത്' (എൻ. എസ്.മന്നാടിയാർ,2015:65). ന്യായം വിധിക്കുമ്പോൾ കുറ്റം ചെയ്തവന്റെ കുലത്തിനനുസരിച്ചാണ് ശിക്ഷ നടപ്പാക്കുന്നത്. ബ്രാഹ്മ ണരെ സാധാരണയായി വധശിക്ഷ പോലുള്ള ശിക്ഷയ്ക്ക് വിധിക്കാറില്ല. രാജ്യദ്രോഹകുറ്റത്തിനുള്ള ശിക്ഷ, തീയിലിട്ടു കൊല്ലലാണെങ്കിലും കുറ്റക്കാരൻ ബ്രാഹ്മ ണ നാണെങ്കിൽ നാടുകടത്തൽ, ഖനികളിലെ കാഠിന്യമുള്ള പണി ഏൽപിക്കൽ എന്നിങ്ങനെയാണ് ശിക്ഷാരീതികൾ. അർത്ഥശാസ്ത്രമനുസരിച്ചുള്ള ശിക്ഷാവിധികൾ വളരെ ക്രൂരവും ഭീകരവുമായി തോന്നാമെങ്കിലും ജനങ്ങളെ

കുറ്റകൃത്യങ്ങളിൽനിന്ന് പിന്തിരിപ്പിക്കാൻ ഇത്തരം ശിക്ഷാവിധികൾ ഉപകരിക്കുമെന്നാണ് കൗടില്യന്റെ ന്യായം. ഈവിധമുള്ള കഠിനമായ ശിക്ഷാരീതികളുടെ ആവശ്യകത ഊന്നിപ്പറയുന്നതൊടൊപ്പം ഇതൊന്നുമില്ലെങ്കിൽ ശക്തൻ ബലഹീനനെ വിഴുങ്ങുന്ന മ ്യന്യായം, രാജ്യത്തു നടപ്പിൽ വരുമെന്ന മുന്നറിയിപ്പും അർത്ഥശാസ്ത്രം നൽകുന്നുണ്ട്.

'ധർമസ്ഥിയം' എന്ന അധികരണത്തിൽ നീതികാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നുണ്ട്. നീതിന്യായവിധികർത്താക്കളെ 'ധർമസ്ഥന്മാർ' എന്നാണ് സൂചിപ്പിക്കുന്നത്. ധർമസ്ഥന്റെ കടമകൾ എന്തെല്ലാമാണെന്നും പൗരജനങ്ങളുടെ കാര്യങ്ങളിൽ രാജാവ് ശ്രദ്ധാലുവാകണമെന്നും അർത്ഥശാസ്ത്രം നിഷ്കർഷിക്കുന്നു. ധർമസ്ഥന്റെ അഭാവത്തിലോ അല്ലാതെയോ അയാളുടെ കടമകൾ നിർവഹിക്കാൻ രാജാവ് ബാധ്യസ്ഥനാണെന്ന് 'രാജപ്രണിധി' എന്ന പതിനാറാം പ്രകരണത്തിൽ സൂചനയുണ്ട്. 'നീതിന്യായ ഭരണചരിത്രത്തിന്റെ പ്രാരംഭഘട്ടങ്ങളിൽ രാജാവുതന്നെ പ്രാഡ്വിവാകനായിരുന്നെന്നോ രാജാവ് മാത്രമേ പ്രാഡ്വിവാകനായിട്ടുണ്ടായിരുന്നുള്ളുവെന്നോ വരാവുന്നതാണ്. അമാത്യപദവിയിലുള്ള മൂന്നു ധർമസ്ഥന്മാർ വീതം ജനപദസന്ധി (അതിർത്തി)യിലും സംഗ്രഹണ (പത്തു ഗ്രാമങ്ങളുടെ ആസ്ഥാനം) ത്തിലും ത്ര്രോണമുഖ (400 ഗ്രാമങ്ങളുൾപ്പെട്ട പ്രദേശത്തിന്റെ- ജില്ലയുടെ- തലസ്ഥാന)ത്തിലും സ്ഥാനീയ(രാജതലസ്ഥാന)ത്തിലും വ്യവ ഹാരങ്ങളെ സംബന്ധിച്ച കാര്യങ്ങൾ നോക്കണമെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്. വിവാദവിഷയമായ വസ്തുവിന്റെ മൂല്യം നിർണയിക്കുന്നതിനു 'കുശലന്മാർ വേണം. വിവാഹം, വിവാഹമോചനം, ഋണബാധ്യത, ക്രയവിക്രയങ്ങൾ തുടങ്ങിയവ സംബന്ധിച്ച് മാത്രമല്ല അവിഹിതമായ ദാസവിക്രയം ('സാഹസം എന്ന പദമാണ് ഉപയോ ഗിച്ചിരിക്കുന്നത്- Sale of slave), അനുപ്രവേശം (Trespass), കലഹം (Affray), വാക്പാരുഷ്യം (Defamation), പ്രഹതം (ഹ്രjury), മുതലായ ക്രിമിനൽ കുറ്റങ്ങൾക്കുള്ള നടപടിക്രമങ്ങളും ശിക്ഷാവിധികളും ഇതിലുണ്ട്. അധികാരവൃത്ത (Jurisdiction) ത്തിനു പുറത്തുള്ളതിന് 'ദേശച്ഛല'മെന്നും, കാലഹരണപ്പെട്ടതിനു 'കാലച ല'മെന്നും ആണ് ഇതിൽ പ്രയോഗിച്ചിട്ടുള്ള സംജ്ഞകൾ. വ്യവഹാരങ്ങളിൽ ഹാജരാകുന്ന സാക്ഷികളെ ത്ര്രാക്കളെന്നും ഉപത്ര്രാക്കളെന്നും ശ്രോതാക്കളെന്നും ഉപശ്രോതാക്കളെന്നും വിളിക്കുന്നു.

വാദി- പ്രതികളോടും സാക്ഷികളോടും ചോദ്യങ്ങൾ ചോദിച്ചാണ് ധർമസ്ഥൻ ന്യായനിർണയം നടത്തുന്നത്. പല സാക്ഷികൾ പരസ്പരവിരുദ്ധമായ മൊഴി നൽകുമ്പോൾ അവരിൽ ഭൂരിപക്ഷത്തിന്റെ അഭിപ്രായമോ ധർമ്മ സ്ഥനു നേരിട്ടു വിശ്വാസമുള്ളവരുടെ മൊഴികളോ ആണ് സ്വീകരിക്കപ്പെടുക'(എൻ.എസ്.മന്നാടിയാർ, 2015:45).

അർത്ഥശാസ്ത്രത്തിൽ പൊതുജനങ്ങളുടെ സാമൂഹിക ജീവിതവും സാമൂഹ്യഘടനയും പ്രതിപാദ്യ വിഷയമാവുന്നുണ്ട്. വേദേതിഹാസങ്ങളിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന വർണാശ്രമധർമങ്ങൾ യഥാവിധം നടപ്പിലാക്കണമെന്നും ബ്രാമ ണവിഭാഗത്തിൽ ശ്രേി ത നിലനിർത്തിപോരണമെന്നും നിയമം അനുശാസിക്കുന്ന രാജാവ് ഇത്തരം കാര്യങ്ങളിൽ ശ്രദ്ധാലുവാകുകയും വിജ്ഞാനവിതരണം, അധികാര വിനിമയം എന്നിവയിൽനിന്നും അനാര്യവർണങ്ങളിൽ ഉൾപ്പെട്ടവരെ അകറ്റിനിർത്തണമെന്നും നിഷ്കർഷിക്കുന്നു.

കൗടില്യന്റെ അർത്ഥശാസ്ത്രത്തെ അടിസ്ഥാനമാക്കി പിൽക്കാലത്ത് കാമന്ദകീയ നീതിസാരം, ക്ഷേമേന്ദ്രന്റെ നീതികൽപതരു, ചണ്ഡേശ്വരന്റെ രാജനീതിരത്ന ാകരം, സോമദേവന്റെ നീതിവാക്യാമൃതം വൈശമ്പായനന്റെ നീതിപ്രകാശിക എന്നീ കൃതികൾ രചിക്കപ്പെട്ടു.

പ്രാചീനകേരളത്തിന്റെ ഭരണഘടനയെന്ന് കരുതിയിരുന്ന വ്യവഹാരമാലയും ഭാരതീയ രാജനീതിയുടെ അടിസ്ഥാനശിലയായ അർത്ഥശാസ്ത്രങ്ങളും നിലവിലുണ്ടായിരുന്നിട്ടും ജാതിയുടെ അധികാരഘടനയെ ലംഘിക്കാനോ സാമൂഹികനീതിയുടെ ശ്രേണീകരണത്തെ പൊളിച്ചെഴുതാനോ കൊളോണിയൽ പൂർവ്വകാലങ്ങളിൽ ഇന്ത്യയിലെവിടെയും, കേരളത്തിൽ പ്രത്യേകിച്ചും ഒരു ശ്രമവും നടന്നതായി തെളിവുകളില്ല.

**2.2 കൊളോണിയൽ കാലത്തെ കോടതിചരിത്രം**

ധർമശാസ്ത്രങ്ങളും മനുസ്മൃതിയും ഉൾപ്പെടെ ബ്രാമ ണികലായ നിയമങ്ങളുപയോഗിച്ചാണ് കൊളോണിയൽ പൂർവ്വഘട്ടത്തിലെ നിയമസംവിധാനങ്ങൾ പ്രവർത്തിച്ചത്. നിയതമായ ഘടനയോ സ്ഥാപന രൂപങ്ങളോ അക്കാലത്ത് നിയമവ്യവസ്ഥക്കായി വികസിച്ചുവന്നിരുന്നില്ല. ജാതിബന്ധങ്ങളെ കേന്ദ്രീകരിച്ചും ചാതുർവർണ്യത്തിലധി ിതവും ലംബവുമായ ജാതിശ്രേണിയെ അതേപടി നിലനിർത്തിയുമുള്ള ഇന്ത്യയിലെ നിയമവ്യവസ്ഥക്കുമേൽ വിഘാതം തീർത്തുകൊണ്ടാണ് കൊളോണിയൽ ശക്തികളുടെ ഇടപെടൽ ഉണ്ടായത്. 1661 ൽ ചാൾസ് രണ്ടാമന്റെ നേതൃത്വത്തിൽ ഇംഗ്ലീഷ് മാതൃകയിലുള്ള കോടതികൾ ബോംബെയിൽ സ്ഥാപിച്ചു. പിന്നീട് 1686 ലും 1694 ലും ബംഗാൾ നവാബിന്റെ അനുമതിയോടെ ബംഗാളിലെ ചില പ്രദേശങ്ങളുടെ അവകാശം കൈവശപ്പെടുത്തിയ കമ്പനി ആ പ്രദേശങ്ങളിൽ സിവിൽ ക്രിമിനൽ അവകാശങ്ങളോടെ സെമീന്താരി കോടതികൾ സ്ഥാപിച്ചു. തുടർന്ന്, കൊൽക്കത്ത, ബോംബെ, മദ്രാസ് എന്നിവിടങ്ങൾ

പ്രസിഡൻസികളാക്കുകയും ഇംഗ്ലീഷ് നിയമവ്യവസ്ഥ പ്രാവർത്തികമാക്കുകയും ചെയ്തു. 1762 ലാണ് പ്രസിഡൻസികളിൽ മേയേഴ്സ് കോടതികൾ സ്ഥാപിച്ചത്. പ്ലാസി യുദ്ധത്തോടെ ബംഗാളിൽ ബ്രിട്ടീഷുകാർ അടിത്തറ ഉറപ്പിക്കുകയും 1765 ൽ ബംഗാൾ, ബീഹാർ, ഒഡിഷ എന്നീ പ്രദേശങ്ങളിൽ സിവിൽ കോടതികൾ സ്ഥാപിക്കുകയും ചെയ്തു. പിന്നീട് 1781, 1797 കാലഘട്ടത്തിൽ ഈസ്റ്റ് ഇന്ത്യാകമ്പനിയുടെ നേരിട്ടുള്ള ഭരണപ്രദേശങ്ങളിൽ ബ്രിട്ടീഷ് മാതൃകയിലുള്ള കോടതികൾ സ്ഥാപിച്ചു. ഇത്തരം കോടതികളുടെ സ്ഥാപനത്തിലൂടെ നീതിന്യായ സംവിധാനത്തിൻമേലുള്ള ആധിപത്യവും ഇംഗ്ലീഷ് ഭാഷയിലൂടെ നേടിയ ഭാഷാധിപത്യവും ബ്രിട്ടീഷുകാർക്ക് നേടാനായി. പതിനെട്ടാംനൂറ്റാണ്ടിൽ യൂറോപ്പിലുണ്ടായ ആധുനികവത്കരണവും തുടർന്നുണ്ടായ മാറ്റങ്ങളും കൊളോണിയൽ ശക്തികളെ സ്വാധീനിച്ചു. ആധുനികതയുടെ മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ ആധുനികമായൊരു നീതിന്യായസംവിധാനം ഭരണ പ്രദേശങ്ങളിൽ അവർ നടപ്പിലാക്കി. തങ്ങളുടെ കച്ചവട- വ്യാപാര- ഭരണതാല്പര്യങ്ങളെ സംരക്ഷിക്കാനും കോളനികളുടെ ചൂഷണങ്ങൾ നിലനിർത്താനും പര്യാപ്തമാകുംവിധമാണ് ആധുനികകോടതികൾ സ്ഥാപിക്കപ്പെട്ടത്. ജാതിയിലധിഷ്ഠിതമായി നിലനിന്നിരുന്ന പരമ്പരാഗത നീതിന്യായസംവിധാനങ്ങൾക്കു പകരം ശാസ്ത്രീയമായ തെളിവുകളുടെയും സാക്ഷികളുടെയും അടിസ്ഥാനത്തിലൂന്നിയാണ് ആധുനിക നീതിന്യായസംവിധാനം രൂപപ്പെട്ടത്.

പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെ കമ്പനി കീഴടക്കിയ പ്രദേശങ്ങളിൽ നീതിന്യായനിർവ്വഹണത്തിന്റെ മുഴുവൻ ഉത്തരവാദിത്വങ്ങളും ഇംഗ്ലീഷ് മാതൃകയിൽ നിർമ്മിക്കപ്പെട്ട കോടതികൾ ഏറ്റെടുത്തു. 1833 ൽ മെക്കാളെ പ്രഭു അധ്യക്ഷനായി നിയമ ക്രോഡീകരണത്തിനുവേണ്ടി നിയമകമ്മീഷൻ നിലവിൽവന്നു. 1813 ലെ ചാർട്ടർ ആക്ട് പ്രകാരം (ഒന്നാം ലോ കമ്മീഷൻ) രൂപീകൃതമായ നിയമസംഹിത കൊണ്ടുവന്ന ഏകീകൃതനിയമങ്ങൾ മെക്കാളെയുടെ നേതൃത്വത്തിൽ പരിഷ്കരിച്ച് ഇന്ത്യൻ ശിക്ഷാനിയമവും (1861) ക്രിമിനൽ നടപടിക്രമവും (1861) നിലവിൽ വന്നു. പിന്നീട് രണ്ട്, മൂന്ന് ലോകമ്മീഷനുകളും സിവിൽ നടപടിക്രമവും മറ്റ് നിരവധി നിയമങ്ങളും പ്രബല്യത്തിൽ വന്നു. ഈ നിയമങ്ങൾ പ്രയോഗത്തിൽ വരുത്തുവാൻ പലയിടത്തും നീതിനിർവ്വഹണകോടതികൾ രൂപീകരിക്കപ്പെട്ടു. സിവിൽ കേസുകൾക്ക് മുൻസിഫ് കോടതി, സബ്കോടതി, ജില്ലാകോടതി, ഹൈക്കോടതി എന്നിവയും ക്രിമിനൽ കേസുകൾക്ക് മജിസ്ട്രേട്ട് കോടതികളും (ഒന്നാം ക്ലാസ്, രണ്ടാം ക്ലാസ്, മൂന്നാം ക്ലാസ്), സെഷൻസ് കോടതികളും സ്ഥാപിക്കുകയുണ്ടായി. ഈ നിയമവ്യവസ്ഥക്ക് അനുബന്ധവും പൂരകവുമായിരുന്നു കേരളത്തിലെ നീതിന്യായ സംവിധാനങ്ങൾ.

**2.2.1 നീതിനിർവ്വഹണവും കോടതിയുടെ സ്ഥാപനവും - മലബാറിൽ**

'സത്യത്തിന്റെ തുറമുഖം' എന്ന വിശേഷണം നൂറ്റാണ്ടുകൾക്കു മുമ്പേ മലബാർ ദേശത്തിനുണ്ടായിരുന്നു (വില്യം ലോഗൻ, 1985:375). സത്യത്തിലും നീതിയിലും അധിഷ്ഠിതമായ നൈതികവ്യവസ്ഥ നിലനിന്നതിനാലാകാം അപ്രകാരമൊരു വിശേഷണം മലബാറിനെ തേടിയെത്തിയത്. 'ശക്തമായ നീതിന്യായ വ്യവസ്ഥ കോഴിക്കോട് പ്രദേശത്ത് നിലനിന്നിരുന്നതായി പതിനഞ്ചാം നൂറ്റാണ്ടിലെ പേർഷ്യൻ സഞ്ചാരി അബ്ദുർ-റസാക്ക് (1442) രേഖപ്പെടുത്തിയിട്ടുണ്ട്. 1607-ൽ കോഴിക്കോട് സന്ദർശിച്ച ഫ്രഞ്ചുകാരൻ പൈറാർഡ് ഡാ ലവാൾ നീതിനിർവ്വഹണം നടത്തിയിരുന്നത് രാജാവായിരുന്നുവെന്നും അത് നീതിപൂർവ്വം ആയിരുന്നു എന്നു പ്രസ്താവിച്ചു കാണുന്നു. 16 വർഷത്തോളം മലബാറിൽ ചെലവഴിച്ച പോർച്ചുഗീസുകാരൻ ദുആർട്ട് ബർബോസ ഇവിടെ നിലനിന്നിരുന്ന സ്തുത്യർഹമായ നീതിനിർവ്വഹണ സമ്പ്രദായത്തെ പ്രശംസിച്ചിട്ടുണ്ട്' (എ.ബി. രാജീവ്, 2011:230). അക്കാലത്ത് മലബാറിൽ നിലനിന്നിരുന്ന നീതിന്യായവ്യവസ്ഥ ജാതിയിലധിഷ്ഠിതവും വരേണ്യവിശ്വാസങ്ങൾക്കനുസരിച്ചും ഉള്ളതായിരുന്നു. നാട്ടുവാഴികളുടെ മേൽനോട്ടത്തിലായിരുന്നു നീതിപാലനവും വിതരണവും നടന്നിരുന്നത്. നീതിന്യായവ്യവസ്ഥയെ മാതൃകാപരമായ ഒരു പ്രാചീനവ്യവസ്ഥയായാണ് വില്യംലോഗൻ കണ്ടിട്ടുള്ളത്. ആചാരത്തിലും കീഴ്വഴക്കത്തിലും അധിഷ്ഠിതമായ ഈ കുറ്റമറ്റ സംവിധാനം തകിടംമറിഞ്ഞത് പാശ്ചാത്യനിയമസംഹിതയുടെ ചട്ടക്കൂട്ടിൽ ബ്രിട്ടീഷ് സിവിൽകോടതികൾ ഭൂവുടമയും കൃഷിക്കാരനും തമ്മിൽ കാലാകാലമായി നിലനിർത്തിപ്പോന്ന പാരമ്പര്യ ബന്ധങ്ങൾക്ക് ഉഭയകക്ഷിക്കരാറിന്റെ പ്രതിബന്ധത കൽപിച്ചതോടുകൂടിയാണ്. പാശ്ചാത്യനിയമ സിദ്ധമായ കോൺട്രാക്ട് (കരാർ) പൗരസ്ത്യ പാരമ്പര്യസിദ്ധമായ കലത്തിനേക്കാൾ (ആചാരം), അഥവാ ഇന്ത്യൻ നീതിന്യായത്തേക്കാൾ മെച്ചമാണെന്ന സങ്കൽപ്പമാണ് ഇതിന്നാധാരം. അഖിലിതമായ തദ്ദേശ നിയമസംഹിതയെ എഴുതിവെച്ച നീതിസിദ്ധാന്തങ്ങൾ പകരംവെച്ചതോടെ അലംഘനീയമായ പാരമ്പര്യാചാരങ്ങളിൽ അധിഷ്ഠിതമായ മാതൃകാപരമായ ഒരു പ്രാചീനവ്യവസ്ഥ കടപറിയാനിടയായി എന്ന് മലബാർ മാന്വലിനെ അടിസ്ഥാനമാക്കി നിരീക്ഷിക്കാം.

മൂന്നാം മൈസൂർയുദ്ധത്തിൽ ടിപ്പുസുൽത്താനെ കീഴടക്കിയശേഷം ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാകമ്പനിയുടെ കോൺവാലീസ് പ്രഭുവും ടിപ്പുസുൽത്താനും തമ്മിൽ ഒപ്പുവെച്ച ശ്രീരംഗപട്ടണം ഉടമ്പടികൾ പ്രകാരം മലബാറിന്റെ ഭരണം ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാകമ്പനി പൂർണമായും ഏറ്റെടുത്തു. 1792 ൽ ടിപ്പുവിൽനിന്ന് മലബാർ ബ്രിട്ടീഷ് അധീനതയിലായതോടെയാണ് ആധുനികകോടതി രൂപപ്പെടുന്നത്. 1793ൽ കോഴിക്കോട്

പ്രവിശ്യയായി പ്രഖ്യാപിക്കുകയും ബോംബേ ഗവർണറായിരുന്ന മേജർ ജനറൽ റോബർട്ട് അംബർ ക്രോമ്പിയുടെ കീഴിൽ, വില്യം ഗാമുൾഫാർമർ മലബാർ പ്രവിശ്യയുടെ സൂപ്പർവൈസറും ചീഫ് മജിസ്ട്രേമോയി നിയമിതനായി. കമ്പനി ഭരണകാര്യങ്ങൾക്കായി നിയോഗിച്ച കമ്മീഷന്റെ അധികാരികൾക്കായി ഗവർണർ ജനറൽ എഴുതിയയച്ച മാർഗ്ഗനിർദ്ദേശങ്ങളെക്കുറിച്ച് മലബാർമാന്വലിൽ പരമാർശമുണ്ട്. 'ആറാം നിർദേശം: വിവിധ ജില്ലകളിൽ നീതിന്യായനിർവ്വഹണത്തിനു ഭരണപരമായ ഒരു സംവിധാനം സ്ഥാപിക്കുക എന്നതു നമ്മെ സംബന്ധിച്ചിടത്തോളം പരമപ്രധാനമാണ്. ഇന്ത്യയുടെ ഈ ഭാഗത്ത് നിങ്ങൾ ആർ ിച്ചിട്ടുള്ള പരിചയസമ്പത്ത് വെച്ച്, സമൂഹത്തിലെ വിവിധ ഭാഗങ്ങൾക്ക് തുല്യമായ നീതി ലഭിക്കുമെന്ന ഉറപ്പുകൈവരുത്താൻ നീതിന്യായക്കോടതികൾ രാജ്യത്തുടനീളം സ്ഥാപിക്കാൻ വേണ്ടതു ചെയ്യുമെന്ന് എനിക്ക് വിശ്വാസമുണ്ട്. ഇത്തരം കോടതികൾ സ്ഥാപിക്കുന്നതിന് നിങ്ങൾ തെളിവെടുപ്പ് നടത്തുന്ന സ്ഥലത്തോ പരിസരങ്ങളിലോ ജനറൽ അബർ കോസിയുടെ സാന്നിധ്യം ആവശ്യമാണെന്ന് വരുകിൽ, അദ്ദേഹം തീർച്ചയായും സന്നിഹിതനായി ഈ വിഷയത്തിലുള്ള അഭിപ്രായങ്ങൾ നിങ്ങളുമായി പങ്കിടാൻ സന്നിഹിതനായിരിക്കും' (വില്യം ലോഗൻ, 1985:379). സിവിൽ ക്രിമിനൽ നീതിന്യായ നിർവഹണത്തിനായി പദ്ധതികൾ ആരംഭിച്ചത് 1793 പകുതിയോടുകൂടിയാണ്. നീതിന്യായ വകുപ്പിലേക്ക് ഇക്കാലത്ത് നാട്ടുകാരായ ദറോഗമാ (ജഡ്ജിമാർ)രെ നിയമിക്കുകയും കീഴ്ക്കോടതികളുടെ ചുമതല അവരെ ഏൽപ്പിക്കുകയും ചെയ്തു. പൊന്നാനി, താനൂർ, ചേവേ, തിരൂരങ്ങാടി എന്നിവിടങ്ങളിലാണ് കീഴ്ക്കോടതികൾ സ്ഥാപിതമായത്. ബോംബെ പ്രസിഡൻസിയുടെ കീഴിൽനിന്നും മദ്രാസ് പ്രസിഡൻസിയുടെ കീഴിലേക്ക് മലബാർ മാറിയതോടെ അവിടത്തെ നടത്തിപ്പിനായി കമ്മീഷണർമാർ ആവശ്യമില്ലെന്നും ഒരു പ്രിൻസിപ്പൽ കളക്ടർ, മൂന്ന് സബ്കളക്ടർമാർ എന്നിവരടങ്ങുന്ന ഒരു സംവിധാനം മതിയെന്നും കമ്പനി തീരുമാനമെടുത്തു. തുടർന്ന് മേജർ വില്യം മകിലിയോഡ് മലബാറിലെ ആദ്യത്തെ പ്രിൻസിപ്പൽ കളക്ടറായി നിയമിതനായി. 1802 ലെ കോൺവാലിസ് കോഡ് പ്രകാരം നീതിന്യായനിർവഹണ വകുപ്പുകളുടെ പ്രവർ ത്തനം വേർതിരിച്ചു. താഴ്ന്ന കോടതികളിൽനിന്നുള്ള അപ്പീൽ ഉയർന്ന കോടതികൾ കേൾക്കുകയും തുടർന്ന് തലശ്ശേരിയിൽ ഒരു പ്രൊവിൻഷ്യൽകോടതിയും തലശ്ശേരി, കോഴിക്കോട് പ്രദേശങ്ങളിൽ ജില്ലാകോടതികളും സ്ഥാപിച്ചു. ഹൗജ്ദാരി അദാലത്തായിരുന്നു ഏറ്റവും ഉയർന്ന ക്രിമിനൽകോടതി. സദർ അദാലത്താണ് ഉയർന്ന സിവിൽകോടതിയായി അറിയപ്പെട്ടത്. ക്രിമിനൽകേസുകൾ കൈകാര്യം ചെയ്തിരുന്നത് സർക്യൂട്ട് കോടതികളും സിവിൽകേസുകൾ കൈകാര്യം ചെയ്തിരുന്നത് പ്രൊവിൻഷ്യൽ കോടതികളും ആയിരുന്നു. ജില്ലാകോടതികളിൽ രണ്ടുതരം കേസുകളും തീർപ്പാക്കിയിരിരുന്നു. മുതീങ്ങളുമായി ബന്ധപ്പെട്ട കേസുകൾ ഖാദിമാരുടെ സഹായത്തോടെയും

ഹിർ ക്കളുമായി ബന്ധപ്പെട്ട കേസുകൾ നമ്പൂതിരിമാരുടെ സഹായത്തോടെയും പരിഹരിച്ചു. 1827 ൽ മൺറോ റിപ്പോർട്ടിനനുസൃതമായി കോൺവാലീസ് രീതി മാറുകയും ക്രിമിനൽ കേസുകളിൽ ക്കികളെ നിയമിക്കുകയും ചെയ്തു. പ്രാദേശിക ഭാഷയിലായിരുന്ന കോടതിനടപടികൾ പലപ്പോഴും ഇംഗ്ലീഷിലേക്ക് തർ മ ചെയ്താണ് വിദേശ ജഡ്ജിമാർ മനസിലാക്കിയത് 1843 ൽ സർക്യൂട്ട് കോടതികൾ നിർത്തലാക്കി പകരം ജില്ലാകോടതികൾ സ്ഥാപിച്ചു. അക്കാലത്ത് വടക്കേ മലബാറിൽ (തലശ്ശേരിയിൽ) സബ്കോടതിയും തളിപ്പറമ്പ്, കൊയിലാണ്ടി, പ- ാളി, നാദാപുരം എന്നിവിടങ്ങളിൽ സിവിൽ കേസുകൾക്കായി ഡിസ്ട്രിക്ട്- മുൻസിഫ് കോടതികളും തെക്കേ മലബാറിൽ കോഴിക്കോട്, ഒറ്റപ്പാലം, പാലക്കാട് എന്നിവിടങ്ങളിൽ സബ് കോടതികളും സ്ഥാപിച്ചു. കോഴിക്കോട്, ഒറ്റപ്പാലം, ആലങ്ങ ർ, ചാവക്കാട്, മഞ്ചേരി, പരപ്പനങ്ങാടി, പട്ടാമ്പി, പൊന്നാനി, തിരൂർ, പെരിന്തൽമണ്ണ എന്നിവടങ്ങളിൽ ജില്ലാ മുൻസിഫ് കോടതികളും സ്ഥാപിക്കപ്പെട്ടിരുന്നു.'

1889ൽ സ്ഥാപിച്ച 'ഗ്രാമകോടതി'കൾ അഥവാ വില്ലേജ് കോടതികളുടെ അധിപന്മർ 'അധികാരി'കളായിരുന്നു. ഇരുപതു രൂപയിൽ കുറവായ പെറ്റിതർക്കങ്ങൾ ഗ്രാമകോടതിയുടെ അധികാരപരിധിയിൽ വരുമായിരുന്നു. ചെറിയ ശിക്ഷവിധിച്ചിരുന്ന കുറ്റകൃത്യങ്ങളുടെ വിചാരണയും ഗ്രാമകോടതികളിൽ നടന്നിരുന്നു. മണ്ണാർക്കാട്, ഇരിക്കൂർ, വന്ദ്ര ർ, കൊണ്ടോട്ടി എന്നിവിടങ്ങളിലെ സബ്രജിസ്ട്രാർമാർക്ക് ചെറിയ ശിക്ഷ വിധിക്കാവുന്ന കുറ്റകൃത്യങ്ങൾ വിചാരണ നടത്തുവാനുള്ള അധികാരങ്ങളുണ്ടായിരുന്നു. തഹസിൽദാർമാരെ രണ്ടാംക്ലാസ് രജിസ്ട്രേമോരായും പ്രവർത്തിപ്പിച്ചിരുന്നു. വളരെ ആർത്തയായി മലബാറുകാർ കോടതികളിൽ കേസുകൾ നടത്തിപ്പോന്നു. ഭൂമി ഇടപാടുകളിലെ കാണം, കുഴിക്കാണം, പാട്ടം, വെറുമ്പാട്ടം, ഒറ്റി, കാരായ തുടങ്ങിയ ഇടപാടുകളുടെ സങ്കീർണത കൊണ്ടും കേസുകൾ നടത്തുവാനുള്ള സാമ്പത്തികഭദ്രത ഉണ്ടായിരു ന്നതുകൊണ്ടുമായിരിക്കണം മലബാറിൻ ഇത്രയും കോടതികളും കേസുകളും ഉണ്ടായത്. തെക്കേ മലബാറിനെക്കാൾ വടക്കേ മലബാറിലായിരുന്നു കേസുകൾ കൂടുതൽ. കോഴിക്കോട്ടും പൊന്നാനിയിലും നിലവിലുണ്ടായിരുന്ന 'കാരായ' എന്ന കുടിയാൻ സമ്പ്രദായം പല തർക്കങ്ങൾക്കും കാരണമായിരുന്നു (എ.ബി. രാജീവ്, 2011:233).

മലബാർ മേഖലയിൽ താരതമ്യേന ക്രിമിനൽ കേസുകൾ കുറവായിരുന്നു. എന്നാൽ കൃഷിസംബന്ധമായ തർക്കങ്ങളും കലഹങ്ങളും അക്കാലത്ത് ഉണ്ടായിരുന്നു. അതിന്റെ ഭാഗമായിട്ടാണ് ക്രിമിനൽ കേസുകൾ രജില ർ ചെ- പ്പെട്ടത് 1839 നും 1853 നും ഇടയിൽ ധാരാളം മാപ്പിളകലാപങ്ങൾ നടന്നിരുന്നു. വില്യംലോഗന്റെ അഭിപ്രായത്തിൽ ബ്രിട്ടീഷ്കോടതികളുടെ പിന്തുണയോടെ കുടിയൊഴിക്കലിനും വാടകകൂട്ടാനുമുള്ള പുതിയ

അധികാരങ്ങൾ ലഭിച്ച ജന്മിമാരുടെ അപ്രതിരോധ്യമായ സ്വാധീനശക്തിയെ ചെറുക്കുന്നതിനായി ആസൂത്രണം ചെ- പ്പെട്ടവയായിയിരുന്നു ഇത്തരം കലാപങ്ങൾ.

1800 കാലഘട്ടത്തിലാണ് നീതിനിർവ്വഹണത്തിനായി പോലീസ് സേന രൂപപ്പെടുന്നത്. 1854 ലാണ് മലബാർ സ്പെഷൽ ഫോഴ്സ് പേരിൽ ഒരു പോലീസ് സേന രൂപീകരിക്കപ്പെട്ടത്. പിന്നീട് വടക്കേമലബാറിലും, തെക്കേ മലബാറിലും പോലീസ്സേന വിപുലമായി. അക്കാലത്ത് നൂറിൽപരം പോലീസ് ലേ ഷനുകൾ മലബാർ ദേശത്തുണ്ടായിരുന്നു. 1921 ൽ മലബാർ സ്പെഷൽ ഫോഴ്സ് എന്ന സേനയെ 'മലബാർ സെപ്ഷൽ പോലീസ്' എന്ന പേരിൽ വിപുലീകരിച്ചു. തലശേരിയിലും കോഴിക്കോട്ടും ജയിലുകൾ ഉണ്ടായിരുന്നെങ്കിലും പകർച്ചവ്യാധികൾ മൂലം കുറ്റവാളികൾ മരിക്കുന്നത് പതിവായിരുന്നു. 1869 -ൽ കസ്തൂരിലാണ് പുതിയ സെൻട്രൽ ജയിൽ സ്ഥാപിച്ചത്.

1861 ൽ മദ്രാസ്, കൽക്കട്ട, ബോംബെ എന്നിവിടങ്ങളിൽ ഉണ്ടായിരുന്ന കോടതികൾക്കു പകരം പുതിയ ഹൈക്കോടതികൾ സ്ഥാപിച്ചു. പിന്നീട് 1937 ൽ ഇന്ത്യയിൽ ഒട്ടാകെ അധികാരം വിപുലീകരിക്കുന്നതിനുവേണ്ടി ഫെഡറൽ കോടതി എന്ന പേരിൽ സമുന്നതകോടതി സ്ഥാപിച്ചു. മദിരാശി ഹൈക്കോടതിയുടെ കീഴിലായിരുന്ന മലബാറിലെ കോടതികൾ 1956 നവംബർ 5 നു കേരള ഹൈക്കോടതിയുടെ കീഴിലായി.

**2.2.2 തിരുവിതാംകൂറിലെ കോടതിയും നീതിനിർവ്വഹണവും**

സൂക്ഷ്മവും സുദൃഢ വുമായ നീതിന്യായസംവിധാനം തിരുവിതാംകൂറിൽ നിലനിന്നിരുന്നു. 'വ്യവഹാരമാല' എന്ന നിയമഗ്രന്ഥത്തെ അടിസ്ഥാനമാക്കി ഹൈന്ദവരും പഴയനിയമത്തിന്റെ അടിസ്ഥാനത്തിൽ ക്രൈസ്തവരും മുഹമ്മദീയ നിയമപ്രകാരം മുസ്ളീംവിഭാഗക്കാരും നീതിനിർവഹണം കൈകാര്യം ചെയ്തിരുന്നുവെന്നാണ് ചരിത്ര രേഖകളിൽനിന്നു മനസ്സിലാക്കുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യ കാലത്താണ് തിരുവിതാംകൂറിലെ നീതിന്യായവിഭാഗം ആധുനികരീതിയിൽ പരിഷ്കരിക്കാൻ ആരംഭിച്ചത്. പൊതുഭരണകാര്യങ്ങളിൽ അതീവശ്രദ്ധ പതിപ്പിച്ചിരുന്ന കേണൽ മൺറോയുടെ നേതൃത്വത്തിൽ ഇതിനുള്ള ശ്രമങ്ങൾ നടന്നിരുന്നു. രാജ്യത്തിലെ പ്രമുഖരുമായി ചർച്ച നടത്തി പഴയ രാജാക്കന്മാർ നിർമ്മിച്ച നിയമങ്ങൾക്കനുസൃതമായി പുതിയ നിയമങ്ങൾ സൃഷ്ടിച്ചു. നികുതിപരിവിലും ക്രിമിനൽ സിവിൽ വകുപ്പുകളിലും ജോലിചെയ്യുന്ന ഉദ്യാഗസ്ഥന്മാരുടെ മാർഗ്ഗനിർദ്ദേശത്തിനുവേണ്ടി അവ നടപ്പിലാക്കുകയും ചെയ്തു. ധർമശാസ്ത്രങ്ങളുടെ അടിസ്ഥാനത്തിലും ഈസ്റ്റ് ഇന്ത്യാക്കമ്പനിയുടെ ഗവൺമെന്റിന്റെ കീഴിൽ നിലനിന്നിരുന്ന

നിയമങ്ങളുടെ വെളിച്ചത്തിലുമാണ് പുതിയ നിയമങ്ങൾ ക്രോഡീകരിച്ചത്. കൊല്ലവർഷം 987-ൽ റാണിഗൗരിലക്ഷ്മിഭായിയുടെ ഉത്തരവോടെ വിളംബരം ചെയ്ത ഈ നിയമങ്ങൾ 'ചട്ടവരിയോല' എന്ന് അറിയപ്പെട്ടു. മൺറോ സായിപ്പ് രൂപം നിൽകിയ ഈ നിമയരേഖ 'മൺറോയുടെ ചട്ടവേര്യോല'എന്ന് അറിയപ്പെട്ടു (പി. ശങ്കുണ്ണി മേനോൻ, 1973:301). 34 ഭാഗങ്ങളായാണ് ചട്ടവരിയോലയ്ക്ക് ഉണ്ടായിരുന്നത്. ഇതിന്റെ ഭാഗമായാണ് തിരുവതാംകൂറിലാദ്യമായി കോടതികൾ സ്ഥാപിക്കപ്പെടുന്നത്. ഏതൊരു ഗവൺമെന്റിന്റെയും പ്രധാന ക്തമതല നീതിന്യായം നിർവഹിക്കുകയെന്നുള്ളതാകയാലും തിരുവിതാംകൂറിൽ അക്കാര്യം ശരിക്കും ക്രമീകരിക്കപ്പെട്ടിട്ടില്ലാത്തതിനാലും രാജാവിനെയോ റസിഡന്റിനെയോ നേരിൽക്കണ്ടു തങ്ങളുടെ സങ്കടങ്ങൾക്ക് നിവാരണം നേടുവാൻ ജനങ്ങൾക്കു പ്രയാസമായതിനാലും, സ്വതവെ തന്നെ ഭാരിച്ച ജോലിത്തിരക്കുള്ള കാര്യക്കാരന്മാർക്കാകട്ടെ അവരുടെ മുൻപിൽ വരുന്ന നിരവധി കേസുകൾക്ക് തീർപ്പുകൽപ്പിക്കുവാൻ അസാധ്യമാണെന്നതിനാലും ആണ് നീതിന്യായവ്യവസ്ഥ നടക്കാതിരുന്നിട്ടുള്ളത്. അതിനാൽ കീഴ്വക്കങ്ങളനുസരിച്ചും ധർമ്മശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലും രാജ്യത്തെ നീതിനിർവ്വ ഹണത്തിന് പ്രത്യേകമായ ഉപാധിയുണ്ടാകേണ്ടത് അത്യാവശ്യമാണെന്നു തോന്നുകയാൽ, മഹാറാണിയുടെ അനുവാദത്തോടുകൂടി കേണൽ മൺറോ നിയമനിർമ്മാണം നടത്തിയിട്ടുള്ളതായി ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു (പി. ശങ്കുണ്ണി മേനോൻ, 1973:321). പത്മനാഭപുരം, മാവേലിക്കര, വൈക്കം തിരുനവനന്തപുരം, ആലുവ തുടങ്ങി. സ്ഥലങ്ങളിലാണ് കോടതികൾ സ്ഥാപിച്ചത്. കോടതി വ്യവഹാര ങ്ങൾക്കനുസൃതമായ രേഖകൾ, വിധിപകർപ്പുകൾ, തെളിവുകൾ, സാക്ഷിവിവരങ്ങൾ തുടങ്ങിയവ കൃത്യമായി രേഖപ്പെടുത്താനും സൂക്ഷിക്കാനും തുടങ്ങിയത് അക്കാലത്തായിരുന്നു. കോടതിയുടെ സ്ഥാപനത്തിനുശേഷം നാട്ടുപ്രമാണിമാർ, ഉദ്യോഗസ്ഥന്മാർ എന്നിവരുടെ അധികാരം കുറയ്ക്കാനായി മൺറോയുടെ നേതൃത്വത്തിൽ പിന്നെയും പരിഷ്കാരങ്ങൾ വരുത്തി ഇതിന്റെ ഭാഗമായാണ് താലൂക്കുദ്യോഗസ്ഥന്മാരുടെ നീതിന്യായ കർത്തവ്യങ്ങൾ പിൻവലിച്ച് അവരെ 'തഹസിൽദാർ' എന്ന തസ്തികയിലേക്ക് മാറ്റിയത്. കൂടാതെ ബ്രാഹ്മണർക്കും, നായന്മാർക്കും, ക്രിസ്ത്യാനികൾക്കും കോടതിയിൽ പ്രത്യേകം സ്ഥാനങ്ങൾ നിർണയിച്ചുകൊണ്ട് ഒരു കോടതിവ്യവസ്ഥയും അദ്ദേഹം നടപ്പിൽ വരുത്തി മൺറോ തന്റെ അരഡസൻ പുതിയ കോടതികളിൽ ഓരോന്നിലും ഓരോ ക്രിസ്ത്യാനി ജഡ്ജിമാരെ നിയമിച്ചു. ഒരു വർഷക്കാലത്തോളം രണ്ട് യൂറോപ്യൻ പാതിരിമാരും ജഡ്ജികളായി ജോലി നോക്കിയിരുന്നു. ക്രിസ്ത്യൻ ജഡ്ജിമാരെ നിയമിച്ചുകൊണ്ടുള്ള ഏർപ്പാട് നായന്മാർക്കും നമ്പൂതിരിമാർക്കും സമ്മതമായിരുന്നു എന്നും മൺറോ രേഖപ്പെടുത്തുന്നുണ്ട് (റോബിൻ ജെഫ്രി, 1979:33). തുടർന്ന് സ്വാതിതിരുന്നാളിന്റെ ഭരണകാലത്ത് തിരുവിതാംകൂറിന്റെ ഓരോ ജില്ലയിലും ചെറിയ സിവിൽ കേസുകൾ

കൈകാര്യം ചെയ്യുന്നതിനായി മുൻസിഉേ ാടതി സ്ഥാപിച്ചു. പിന്നീട് ആദ്യം സ്ഥാപിച്ച ത്തൃസൂർ കോടതി (അപ്പീൽകോടതി) വേണ്ടെന്നുവെച്ച് ജില്ലാക്കോടതികൾ രൂപീകരിച്ചു. മലബാറിൽ തഹസിൽദാറായിരുന്ന കണ്ടൻ മേനോൻ എന്ന വ്യക്തിയെ രാജാവ് ദിവാൻപേഷ്കാർ ആയി തിരുവിതാംകൂറിലേക്ക് ക്ഷണിക്കുകയും ചെയ്തു. ഈസ്റ്റ് ഇന്ത്യാകമ്പനി അതാത് പ്രദേശങ്ങളിൽ നടപ്പിലാക്കിയിരുന്ന നിയമങ്ങൾപോലെ തിരുവിതാംകൂറിനും ഒരു പ്രത്യേക നിയമസംഹിത നിർമ്മിക്കണമെന്നതായിരുന്നു കണ്ടൻമേനോനു ലഭിച്ച ഉത്തരവാദിത്തം. ഇതിന്റെ ഭാഗമായി അന്ന് നിലവിലുള്ള നിയമങ്ങളെ ക്രമീകരിച്ച് പുതിയ വ്യവസ്ഥകളുടെ കരട് പകർപ്പ് അദ്ദേഹം മലയാളത്തിൽ ത- ാറാക്കി. ഈ പകർപ്പ് ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തു. കോട്ടയം മിഷൻ പ്രസ്സിൽ അതച്ചടിപ്പിക്കുകയും 1839 ൽ പുതിയ നിയമസംഹിത തിരുവിതാംകൂറിന്റെ നിയമമായി പ്രഖ്യാപിച്ച് അത് പ്രയോഗത്തിൽ വരുത്തുകയും ചെയ്തു. ഒരു ക്രോഡീകൃത നിയമവ്യവസ്ഥയെന്ന നിലയിൽ തിരുവിതാംകൂറിൽ ആദ്യത്തേതാണിത്. എട്ടദ്ധ്യായങ്ങളാണ് ഈ നിയമാവലിയിൽ ഉള്ളത്. ആദ്യത്തെ അഞ്ചധ്യായങ്ങളും സിവിൽ നിയമവ്യവസ്ഥകളും നടപടിക്രമങ്ങളുമാണ്. പുറമേ മുൻസിഫ്, ജില്ലാഅപ്പീൽ, കോടതികളുടെ ഘടന, അധികാരപരിധി തുടങ്ങിയവയും വിശദീകരിക്കുന്നുണ്ട്.

ആറാമധ്യായം തഹസിൽദാർമാർക്ക് പോലീസധികാരങ്ങൾ നൽകുന്നതും ജില്ലാ കോടതികൾക്ക് ക്രിമിനൽകേസുകളിൽ തീർപ്പുകൽപ്പിക്കുവാനുള്ള അധികാരങ്ങൾ നൽകുന്നതുമാണ്. ഏഴും എട്ടും അദ്ധ്യായങ്ങളാകട്ടെ സെഷൻസ് കോടതികളുടെ ക്ചുമതലകൾ നിർവഹിക്കുവാൻ അപ്പീൽകോടതി ജഡ്ജിമാരെ അധികാരപ്പെടുത്തുന്നതാണ്. റ: ലേഷൻ Vപ്രകാരം അനുസരിച്ച് ദിവാനിലാണ് നീതിന്യായത്തിന്റെ പരമാധികാരം. ക്ഷുക്കം മാസങ്ങൾക്കകം നീതിന്യായവകുപ്പിന്റെ അധികാരങ്ങൾ തിരുവിതാംകൂറിൽ വ്യക്തമായി സ്ഥാപിച്ചു നിലനിർത്തുകയുണ്ടായി. പുതുതായി ആവിഷ്കരിച്ചതായിരുന്നു ഈ സസ്ഥദായങ്ങളെങ്കിലും, ജനങ്ങൾ അതിവേഗം ഇവയുമായി പൊരുത്തപ്പെട്ടു എന്ന് പി. ശങ്കുണ്ണി മേനോൻ രേഖപ്പെടുത്തുന്നു (1973:353,354). ദിവാൻ ടി. മാധവറാവുവിന്റെ കാലത്ത് ഇംഗ്ലീഷ് സിവിൽക്രിമിനൽ കോഡുകൾ ഏതാനും മാറ്റങ്ങളോടെ തിരുവിതാംകൂറിൽ നടപ്പാക്കി. തുടർന്ന് 1887 ൽ തിരുവതാംകൂർ ഹൈക്കോടതി സ്ഥാപിച്ചു. തിരുവിതാംകൂറിലെ കോടതികളിൽ കോടതിവ്യവഹാരരേഖകളെല്ലാം മലയാളത്തിലായിരുന്നു എന്നു കാണാം.

തിരുവതാംകൂറിലെ അഭിഭാഷകർ, ന്യായാധിപർ എന്നിവർക്ക് ഇംഗ്ലീഷിൽ പ്രാവീണ്യം ഇല്ലാത്തതിനാലാണ് എല്ലാ രേഖകളും നിയമങ്ങളും ഉത്തരവുകളും മലയാളത്തിലായിരുന്നത് എന്ന് റോബിൻ

ജെഫ്രി തന്റെ ഗ്രന്ഥത്തിൽ പറയുന്നുണ്ടെങ്കിലും നാട്ടുഭാഷ ഭരണഭാഷയായിരുന്നുവെന്നതിനു തെളിവാണിത് എന്നും വിചാരിക്കാം. അതുപോലെതന്നെ അധ: കൃതജനങ്ങളും കോടതിയും തമ്മിലുള്ള വിടവിനെക്കുറിച്ചും അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. ഒരു ജഡ്ജിക്കോ മജിസ്ട്രേറ്റിനോ താഴ്ന്നജാതിയിൽപ്പെട്ട സാക്ഷിയിൽനിന്ന് തെളിവെടുക്കണമെങ്കിൽ പ്രത്യേക രീതിയിലുള്ള സംവിധാനമായിരുന്നു ഉണ്ടായിരുന്നത്. സാക്ഷിക്ക് കോടതിയിൽ പ്രവേശനമില്ലാത്തതിനാൽ കോടതി സാക്ഷിയുടെ അടുത്തേക്ക് പോവുകയും കോടതി-: മസ്ഥന്റെയും സാക്ഷിയുടെയും ഇടയിൽ നിൽക്കുന്ന ശിപായി ചോദ്യങ്ങൾ ചോദിക്കുകയും ഉത്തരങ്ങൾ കേട്ട് പറയുകയുമാണ് ചെയ്തിരുന്നത്. ജാതിവ്യവസ്ഥയുടെ രൂക്ഷത കോടതിമുറിയിൽപോലും പ്രബലമായിരുന്നു എന്നത് തെളിയിക്കുകയാണ് ഇത്തരം ഇടപെടലുകൾ.

**2.2.3 കൊച്ചിരാജ്യത്തെ കോടതിയുടെ സ്ഥാപനവും നീതിനടത്തിപ്പും**

കൊച്ചിയിലെ രാജഭരണത്തിനുകീഴിൽ നീതിനിർവ്വഹണം സുഗമമായി നടന്നിരുന്നു. ജാതിയിലധി ിതമായിതന്നെയാണ് നീതിന്യായം കൈകാര്യം ചെയ്തിരുന്നത്. നീതിന്യായത്തിന്റെ പ്രധാന കർത്ത്യത്വം രാജാക്കൻമാർക്കായിരുന്നെങ്കിലും 'കാര്യക്കാർ' എന്ന ഒരു വിഭാഗം ഉദ്യോഗസ്ഥരും ബ്രാമ ണരും ഇക്കാര്യങ്ങളിൽ രാജാക്കന്മാരെ സഹായിച്ചിരുന്നു. എല്ലാ ആവലാതികളും തമ്പുരാനും മന്ത്രിമാരുംകൂടെ നേരിട്ട്കേട്ട് തീർച്ചചെയ്തിരുന്നു. നാടുവാഴികളുടെയും സ്വരൂപികളുടെയും കീഴിലുള്ള പ്രദേശങ്ങളിൽ നാടുവാഴിത്തകാലത്ത് അവർതന്നെ നീതിന്യായം നടത്തിവന്നു. ഭൂമിസംബന്ധമായ വിവാദങ്ങൾ പഞ്ചായത്തിലാണ് തീർച്ച ചെയ്തിരുന്നത്. സ്ത്രീകളുടെയും അടിമകളുടെയും തെളിവ് സ്വീകാര്യയോഗ്യമായിരുന്നില്ല. ജാതിത്തർക്കങ്ങൾ ജാതിക്കൂട്ടങ്ങൾ തന്നെയാണ് തീർച്ചപ്പെടുത്തിയിരുന്നത്. കുറ്റം സമ്മതിപ്പിക്കാനും തെളിവുണ്ടാക്കുവാനുമായി കുറ്റവാളികളെ കഠിനദേഹോപദ്രവം ചെയ്തിരുന്നു. എല്ലാ വിവാദങ്ങളുടെ തീർച്ചക്കും 'സത്യപരീക്ഷ' ഉപയോഗപ്പെടുത്തിയിരുന്നു. ഉദ്യോഗസ്ഥൻമാർ എവിടെ ഇരിക്കുന്നുവോ അവിടെവെച്ച് വിചാരണകൾ നടത്തുക എന്നല്ലാതെ അതിന് പ്രത്യേകം സ്ഥലങ്ങൾ ഉണ്ടായിരുന്നില്ല വൃക്ഷച ായയിലോ, വീട്ടിലോ, ചന്തസ്ഥലത്തോ, മൈതാനത്തിലോ വെച്ച് വിചാരണ നടത്താം. വാക്കാൽ വിചാരണയല്ലാതെ രേഖാമൂലമായി ഒന്നുമുണ്ടായിരുന്നില്ല (കെ.പി. പദ്മനാഭമേനോൻ, 1999:632). ശിക്ഷാരീതികൾ പൊതുവെ കഠിനവും ക്രൂരവുമായിരുന്നു. ചെറിയ കുറ്റങ്ങൾക്കുള്ള ശിക്ഷ കാൽവെട്ടിക്കളയലും മാരകകുറ്റങ്ങൾക്ക് കൊലശിക്ഷയുമാണ് വിധിച്ചിരുന്നത്. ദേവാലയം അ" ദ്ധമാക്കൽ, രാജ്യദ്രോഹം, കൊലപാതകം, ഗോവധം, ബ്രാമ ണവധം,കവർച്ച എന്നിവയാണ് മാരകകുറ്റങ്ങൾ. അടി, ജാതിഭ്രഷ്ട്, കൊല, അംഗഭംഗം, തടവ്,

അടിമയാക്കൽ, പിഴ നൽകൽ എന്നിങ്ങനെ സാധാരണ കൊടുക്കാറുള്ള ശിക്ഷകൾ ഏറെയുണ്ടെങ്കിലും പിഴശിക്ഷയാണ് അധികവും വിധിക്കാറുള്ളത്. പിരിത കിട്ടുന്ന പണം രാജാവിനുള്ളതായിരുന്നു. 'സത്യപരീക്ഷ'യും സാധാരണമായിരുന്നു. കളവ്, അതിർത്തിത്തർക്കം മുതലായ കുറ്റങ്ങൾക്ക് സത്യപരീക്ഷയാണ് പതിവ്. ബ്രാമ ണർക്ക് 'തുലാസ്', ക്ഷത്രിയർക്ക് 'അറ ി', വൈശ്യർക്ക് 'വെള്ളം', ശൂദ്രർക്ക് 'വിഷം' എന്നിങ്ങനെ ഓരോ ജാതിക്കാർക്കും പ്രത്യേകവിധമായിരുന്നു ശിക്ഷ നടപ്പാക്കിയിരുന്നത്. സത്യപരീക്ഷ നാലുതരത്തിൽ ഉണ്ട്. ജലപരീക്ഷ, അറ ിപരീക്ഷ, വിഷപരീക്ഷ, മൂ ക്കപരീക്ഷ ഇതുകളാണ്. ജലപരീക്ഷ പലവിധത്തിലുണ്ട്. അവയിൽ പ്രധാനമായിട്ടുള്ളതു മുതലകൾ നിറത ള്ള പുഴ നീന്തിക്കുകയാണ്. അപകടം കൂടാതെ കയറിപ്പോരുന്നവൻ നിർദ്ദോഷി എന്ന് തീർച്ചയാക്കും അറ ിപരീക്ഷയിൽ മുഖ്യമായിട്ടുള്ളതു തിളയ്ക്കുന്ന നെ- ിൽ കൈമുക്കുകയാണ്. വിഷപരീക്ഷ രണ്ടുവിധമുണ്ട്. മൂന്നു നെല്ലിട പാഷാണം 32 എരട്ടി നെ- ിൽ സേവിക്കുക അല്ലെങ്കിൽ വിഷസർപ്പത്തെ ഇട്ടു അടച്ചിട്ടുള്ള കുടത്തിൽ ക- ിടുക. വിഷം പറ്റിയില്ലെങ്കിൽ സത്യം തെളിത എന്ന് നിശ്ചയിക്കും. മൂ ക്കപരീക്ഷ- ആദ്യം തുലാസിൽ മൂ ക്കിയതിന്റെ ശേഷം കുറ്റവിവരം ശരീരത്തിൽ എഴുതിക്കെട്ടിയതിൽ പിന്നെ രണ്ടാമതും മൂ ക്കിനോക്കുമ്പോൾ മൂ ക്കം കൂടികണ്ടാൽ കുറ്റക്കാരനെന്നു തീർച്ചയാക്കും (കെ.പി. പദ്മനാഭമേനോൻ, 1999:637).

1800 കളോടുകൂടിയാണ് കൊച്ചിയിലെ നീതിന്യായ സംവിധാനങ്ങളിൽ പ്രത്യക്ഷമായ മാറ്റങ്ങളുണ്ടാകുന്നത്. 'കാര്യക്കാരു'ടെ നേതൃത്വത്തിൽ നടന്നിരുന്ന നീതിനടത്തിപ്പിന് അന്ത്യംകുറിക്കുന്നത് കേണൽ മൺറോയുടെ വരവോടെയാണ്. 1812 ൽ കാര്യക്കാരുടെ അവകാശം എടുത്തുകളയുകയും പകരം ജഡ്ജിമാരെ വേതനാടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്തു. കോടതിയുടെ കേന്ദ്രങ്ങൾ എന്നറിയപ്പെട്ടത് തൃശ്ശൂരും തൃപ്പൂണിത്തുറയുമായിരുന്നു. പിന്നീട് 1815 ൽ എറണാകുളത്ത് ഒരു കോടതി സ്ഥാപിച്ചു. നീതിന്യായ സംവിധാനം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി പുതിയ നിയമങ്ങൾ നിലവിൽവന്നു. കക്ഷികൾക്കുവേണ്ടി വക്കീലിനെ ഏർപ്പാടാക്കാനുള്ള അവകാശം, കോർട്ടുപീസ് (കോർട്ടുഫീസ്) പിരിക്കാനുള്ള അവകാശം എന്നിവ ഈ നിയമങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു. കോടതിഫീസ് ഇനത്തിൽ ഗവൺമെന്റിനു ധാരാളം തുക ലഭിച്ചിരുന്നു. ഇങ്ങനെ മുതൽ വർദ്ധിച്ചു വന്നതിനാൽ രാജ്യത്തിന്റെ അഭിവൃദ്ധിക്കും ഐ ശ്വര്യത്തിനുമായി പല വിധത്തിലും അധികത്തുക വ്യയം ചെയ്തിട്ടും 16 ലക്ഷം ക-യോളം ബ്രിട്ടീഷ് ഗവൺമ്മേണ്ടിനു പലിശയ്ക്കു കൊടുത്തിരുന്നു എന്ന് കൊച്ചി രാജ്യചരിത്രത്തിൽ പരാമർശമുണ്ട്.(കെ.പി. പദ്മനാഭമേനോൻ, 1999:741). 1819 ൽ ദിവാൻ നഞ്ചപ്പയുടെ കാലത്ത് ഉപകോടതികൾ ജില്ല കോടതികളാക്കി മാറ്റി. കൂടാതെ ജാതി നോക്കാതെ

സിവിൽ, ക്രിമിനൽ കേസുകളിൽ തീരുമാനമെടുക്കാനുള്ള അധികാരം ജില്ലാകോടതികൾക്കു ലഭിക്കുകയും ചെയ്തു. 1860 ൽ ശട ണ്ണിമേനോൻ കൊച്ചി ദിവാനായി നിയമിക്കപ്പെട്ടു. 1865 ൽ ജനങ്ങളുടെ അറിവിലേക്കായി രാജ്യഭരണറിപ്പോർട്ട് അച്ചടിച്ച് പ്രസിദ്ധപ്പെടുത്തിയത് ഇദ്ദേഹമാണ്. കൊച്ചിയിൽ സർക്കാർ അച്ചുകൂടം സ്ഥാപിക്കുകയും നീതിന്യായക്കോടതികളെ പരിഷ്കരിക്കുകയും കൈക്കൂലിക്കാരായ ജഡ്ജിമാരെയും ഉദ്യോഗസ്ഥരെയും പിരിച്ചുവിടുകയും ചെയ്തു. നിയമപരീക്ഷകളിൽ ജയിച്ചിട്ടുള്ള കൃ ദ്ധിമാന്മാരും സത്യസന്ധരും ആയവരെ ന്യായാധിപതികളാക്കി അവർക്കു മതിയായ ശമ്പളവും നിശ്ചയിച്ചു ന്യായവാദികളായി വക്കീലന്മാരെ ഏർപ്പെടുത്തി. ന്യായാധിപതികൾ നടത്തേണ്ട നിയമങ്ങളേയും വ്യവസ്ഥപ്പെടുത്തി. താലൂക്കുതോറും ഓരോ മുൻസിപ്പുകോടതി ആരംഭിച്ചു. കൊച്ചിരാജ്യത്തെ കോടതികളെ ബ്രിട്ടീഷ്കോടതി കളോടനു രൂപപ്പെടുത്തുന്നതിനായി 11 നിയമങ്ങളെ നടപ്പാക്കി, ആകപ്പാടെ ബ്രിട്ടണിൽ എന്ന പോലെ കൊച്ചിരാജ്യത്തും നീതിന്യായ നടപ്പിൽ ജനങ്ങൾക്ക് വിശ്വാസവും ഉറപ്പും ഉണ്ടാക്കുന്നതിൽ ശട ണ്ണി മേനോൻ മുഖ്യപങ്ക് വഹിച്ചു എന്ന് രേഖപ്പെടുത്തുന്നുണ്ട് (കെ.പി. പദ്മനാഭമേനോൻ, 1999:740).

**2.3 കേരളരൂപീകരണവും കോടതികളുടെ ഏകീകരണവും**

ബ്രിട്ടീഷ് ഭരണത്തിൽ നിന്നും 1947 ആഗല ് 15 ന് ഴ ദ്യോഗികമായി ഇന്ത്യ സ്വാതന്ത്ര്യം നേടിയെങ്കിലും തിരുവിതാംകൂർ, കൊച്ചി തുടങ്ങിയ പ്രദേശങ്ങളിൽ രാജഭരണം തുടർന്നു. തിരുവിതാംകൂർ ഹൈക്കോടതി, കൊച്ചി ഹൈക്കോടതി എന്നിങ്ങനെ രണ്ട് ഹൈക്കോടതികളും അതിനുകീഴിൽ കീഴ്ക്കോടതികളും അന്ന് പ്രവർത്തിച്ചിരുന്നു. മലബാർപ്രദേശത്തിന്റെ ഹൈക്കോടതിയായി പ്രവർത്തിച്ചത് മദ്രാസ് ഹൈക്കോട തിയായിരുന്നു. തിരു-കൊച്ചി ലയനത്തോടെ രണ്ട് ഹൈക്കോടതികളെയും ഏകോപിപ്പിച്ചുകൊണ്ട് 1949 ജൂലായ് 1 ന് കൊച്ചി ആസ്ഥാനമായി തിരു-കൊച്ചി ഹൈക്കോടതി രൂപീകൃതമായി. 1950 ജനുവരി 26 ന് ഇന്ത്യ റിപ്പT ിക് ആയതോടെ ഇന്ത്യൻ ഫെഡറൽ കോടതി, ഇന്ത്യൻ സുപ്രീംകോടതി ആയി മാറി. 1956 നവംബർ 1 കേരളം രൂപീകൃതമായതോടെയാണ് തിരു-കൊച്ചി ഹൈക്കോടതി കേരളഹൈക്കോടതിയായി അറിയപ്പെട്ടത്. ഇവയാകട്ടെ ഭരണഘടനയുടെയും നീതിന്യായവ്യവസ്ഥയുടെയും കീഴിലുള്ള ദേശീയകോടതിയുടെ ഘടനയായിരുന്നു.

#### 2.4 ഭരണഘടനയും നീതിനായവ്യവസ്ഥയും

സ്വതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യ കൈവരിച്ച സുപ്രധാന നേട്ടങ്ങളിൽ ഒന്നാണ് നമ്മുടെ ഭരണഘടന. നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ആദർശങ്ങളെ അടിസ്ഥാന പ്രമാണങ്ങളാക്കിക്കൊണ്ടാണ് നമ്മുടെ ഭരണഘടന രൂപീകൃതമാകുന്നത്. ഇന്ത്യൻ ജനാധിപത്യത്തിന്റെ ആധാരമായി നിലകൊള്ളുന്ന എട്ട് സുപ്രധാന തത്ത്വങ്ങളാണ് ഭരണഘടനയിലുള്ളത്. 1. ജനങ്ങളുടെ പരമാധികാരം, 2. സോഷ്യലിസം, 3. മതനിരപേക്ഷത, 4. മൗലികാവകാശങ്ങൾ, 5. രാഷ്ട്രനിർദ്ദേശകതത്ത്വങ്ങൾ, 6. സ്വതന്ത്രനീതിന്യായവ്യവസ്ഥ, 7. ഫെഡറൽ സസദായം, 8. ക്യാമ്പിനറ്റ്സസദായം എന്നിവയാണവ. ആധുനിക ഭരണഘടനാതത്ത്വങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നായി സ്വതന്ത്രനീതിന്യായവ്യവസ്ഥയെ കണക്കാക്കാം. ജനാധിപത്യത്തിന്റെ സംരക്ഷണത്തിന് സ്വതന്ത്രമായ ചില സംവിധാനങ്ങൾ അത്യന്താപേക്ഷി തമാണെന്നും അല്ലാത്തപക്ഷം നീതിയുടെ വിതരണത്തിൽ പാളിച്ചകൾ സംഭവിക്കാമെന്നുമുള്ള ചിന്തയാണ് ഭരണഘടനയുടെ ഭാഗമായിത്തന്നെ നീതിന്യായവ്യവസ്ഥയെ കൊണ്ടുവരുന്നതിന് ഭരണഘടനാ നിർമ്മാതാക്കൾ മുതിർന്നത്. ഗവൺമെന്റ് തന്നെ ഒരു തർക്കവിഷയത്തിൽ കക്ഷിയായിരിക്കേ അതിന്റെ ന്യായാന്യായങ്ങൾ നിഷ്പക്ഷമായി വിചാരണ ചെയ്തു തീരുമാനിക്കുന്ന കാര്യത്തിൽ ഗവൺമെന്റിന്റെ ഏതെങ്കിലുമൊരു കീഴ്ഘടകത്തെയൊ ആജ്ഞാനു വർത്തിയെയൊ വിശ്വസിക്കാൻ വ- : അതുപോലെത്തന്നെ കേന്ദ്രഗവൺമെൻറും സംസ്ഥാന ഗവൺമെൻറുകളും തമ്മിൽ ഉണ്ടായേക്കാവുന്ന തർക്കങ്ങളും ഇടച്ചിലുകളും നിഷ്പക്ഷമായി പറത തീർക്കാൻ കേന്ദ്രഗവൺമെന്റിന്റെയോ ഏതെങ്കിലും സംസ്ഥാന ഗവൺമെന്റിന്റെയോ കീഴിൽ പ്രവർത്തിക്കുന്ന ഒരു നീതിന്യായവകുപ്പിനെ വിശ്വസിച്ചേൽപ്പിച്ചുകൂടാ. ഈ കാരണങ്ങൾകൊണ്ടാണ് ഭരണ ഘടനയുടെ ഭാഗമായിത്തന്നെ ഒരു സ്വതന്ത്ര നീതിന്യായവ്യവസ്ഥ സൃഷ്ടിക്കപ്പെട്ടുവാനും നീതിന്യായവ്യവസ്ഥയുടെ സ്വാതന്ത്ര്യം ഭരണഘടനയുടെ ഒരടിസ്ഥാനപ്രമാണമായി അംഗീകരിക്കപ്പെടാനും നിർബന്ധിതമായത് (പൈലി.എം. വി, 1975:378).

ഇന്ത്യയുടെ പരമോന്നതനിയമമെന്ന് അറിയപ്പെടുന്ന ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ ഭരണഘടനയുടെ അടിസ്ഥാന ലക്ഷ്യങ്ങൾ ഏതെല്ലാമാണെന്ന് സൂചിപ്പിക്കുന്നുണ്ട്.

1. സാമൂഹിക- സാമ്പത്തിക- രാഷ്ട്രീയനീതി

2. ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനി യ്ക്കും ആരാധനയ്ക്കുമുള്ള സ്വാതന്ത്ര്യം

3. പദവിയിലും അവസരത്തിലുമുള്ള സമത്വം

4. വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പാക്കിക്കൊണ്ട് സാഹോദര്യം വളർത്തുക.

ഈ ആമുഖം ഭരണഘടനയുടെ ഭാഗമാണെങ്കിലും അതിനു നൈയാമിക പ്രസക്തിയില്ല പക്ഷേ ഭരണഘടനയുടെ അടിസ്ഥാനലക്ഷ്യങ്ങളിലേക്കാണ് ഇത് വെളിച്ചം വീശുന്നത്. ഈ കാര്യങ്ങളുടെ ലക്ഷ്യപ്രാപ്തിക്കുതകുന്ന വിധത്തിലാണ് ഓരോ വകുപ്പും ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ഓരോ ഭാരതീയനും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി തുല്യതയോടെ വിതരണം ചെയ്യുക എന്നത് ഭരണഘടനയുടെ പ്രധാനലക്ഷ്യമായി കരുതുന്നു. ഇത് പ്രായോഗികമാക്കുന്നത് നീതിന്യായ വ്യവസ്ഥയിലൂടെയാണ്

'ജതുവായ പെണ്ണിനുമിരപ്പന്നു ദാഹകനു
പതിതന്നു മഗനിയജനം ചെയ്തു ഭൂസുരനും
ഹരിനാമകീർത്തനമിതൊരുനാളുമാർക്കുമുട
നരുതാത്തതല്ല, ഹരി നാരായണനമ:' (ശ്ലോകം 20)2

എന്ന് എഴുത്തച്ഛൻ എഴുതിയത് ആധുനിക ഭാരതത്തിൽ നടപ്പാക്കിയത് ഈ ഭരണഘടന നിലവിൽ വന്നതോടെയാണ്.

**2.4.1 ഇന്ത്യൻ നീതിന്യായ സംവിധാനം**

സുപ്രീംകോടതി, ഹൈക്കോടതികൾ, കീഴ് കോടതികൾ എന്നിവ ഉൾപ്പെട്ടതാണ് ഇന്ത്യൻ നീതിന്യായ സംവിധാനം. സുപ്രീംകോടതി ഇന്ത്യയുടെ പരമാധികാര നീതിന്യായപീഠമാണ്. സംസ്ഥാനങ്ങളിലെ ഏറ്റവും ഉയർന്ന കോടതിയാണ് ഹൈക്കോടതി. ഇന്ത്യയിൽ ഏകീകൃത ജുഡീഷ്യൽ സംവിധാനം നിലനിൽക്കുന്നു. നിയമനിർമ്മാണ വിഭാഗത്തിന്റെയും എക്സിക്യൂട്ടീവിന്റെയും കൈകടത്തലുകൾ ഇല്ലാതെ സ്വതന്ത്രമായി പ്രവർത്തിക്കുന്നവയാണ് ഇന്ത്യയിലെ കോടതികൾ. ഭരണഘടനയുടെ അഞ്ചാംഭാഗത്തിൽ സുപ്രീംകോടതിയെക്കുറിച്ചും ആറാം ഭാഗത്തിൽ ഹൈക്കോടതികളെയും കീഴ് കോടതികളെയുംക്കുറിച്ചും പ്രതിപാദിക്കുന്നു.

#### 2.4.1.1 സുപ്രീം കോടതി

ഇന്ത്യയിലെ ഏറ്റവും ഉയർന്ന ജുഡീഷ്യൽ ബോഡിയും അന്തിമ അപ്പീൽ കോടതിയുമാണ് സുപ്രീംകോടതി. സുപ്രീംകോടതിക്ക് പൊതുവെ 3 അധികാരങ്ങളാണുള്ളത്. (1) ഉത്ഭവാധികാരം (2) അപ്പീൽ അധികാരം (3) ഉപദേശാധികാരം. ലേ കേൾ തമ്മിലുള്ള തർക്കം, കേന്ദ്രവും ലേ കേളും തമ്മിലുള്ള തർക്കം, കേന്ദ്രവും ലേ ം ഒരു ഭാഗത്തും മറ്റൊരു ലേ റ്റോ ലേ കേളോ മറുഭാഗത്തുമായുള്ള തർക്കം തുടങ്ങിയവയെല്ലാം പരിഹരിക്കപ്പെടുന്നത് ഉത്ഭവാധികാരത്തിന് കീഴെയാണ്. ഇന്ത്യയിലുള്ള ഏതു ഹൈക്കോടതിയുടെയും അന്തിമതീരുമാനത്തെ സംബന്ധിച്ച് അപ്പീൽ കേൾക്കുന്നതിന് സുപ്രീം കോടതിയ്ക്കുള്ള അധികാരമാണ് അപ്പീൽ അധികാരം. ഭരണഘടനാസംബന്ധിയായ കാര്യങ്ങളെക്കുറിച്ച് ഗവൺമെന്റിനോ, മറ്റ് സ്ഥാപനങ്ങൾക്കോ ഉപദേശം നൽകാനുള്ള അധികാരമാണ് ഉപദേശാധികാരം. മൗലികാവകാശങ്ങൾ നടപ്പിലാക്കുന്നതിനായി റിട്ട് പുറപ്പെടുവിക്കാനും കൃത്യമായ നിർദ്ദേശങ്ങൾ നൽകാനും സുപ്രീംകോടതിയ്ക്ക് അധികാരമുള്ളതിനാൽ 'മൗലികാവകാശങ്ങളുടെ സംരക്ഷകൻ' എന്ന് സുപ്രീംകോടതി അറിയപ്പെടുന്നു.

#### 2.4.1.2 ഹൈക്കോടതി

സംസ്ഥാനങ്ങളിലെ പരമോന്നത കോടതിയാണ് ഹൈക്കോടതി. ഹൈക്കോടതിയുടെ അധികാരസീമയിൽപ്പെട്ട എല്ലാ കോടതികളുടെയും മേലധികാരം അതതു സംസ്ഥാനങ്ങളിലെ ഹൈക്കോടതിക്കാണ്. മൗലികാവകാശങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള ഉത്തരവുകൾ പുറപ്പെടുവിക്കാൻ ഹൈക്കോടതിക്കു അധികാരമുണ്ട്. അപ്പീലധികാരവും ഹൈക്കോടതിയ്ക്കുണ്ട്.

#### 2.4.1.3 കീഴ്ക്കോടതികൾ

സിവിൽ കോടതി, ക്രിമിനൽ കോടതി എന്നിങ്ങനെ രണ്ട് വിധമുള്ള കീ് ാടതികളാണുള്ളത്. വ്യക്തികൾക്ക് അന്യോന്യമുള്ള തർക്കങ്ങൾ പരിഹരിക്കുന്നതും തീർപ്പ്കല്പിക്കുന്നതും സിവിൽകോടതിയാണ്. ക്രിമിനൽകോടതികളിൽ കുറ്റവാളികളെ വിചാരണ ചെയ്ത് ശിക്ഷിക്കുന്നു. മുൻസിഫ്േ ാടതി, സബ് കോടതികൾ, ജില്ലാകോടതികൾ എന്നിവയാണ് സിവിൽകോടതികൾ. ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേട്ട്, സെഷൻസ് കോടതികൾ, ചീഫ്ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതികൾ എന്നിവ ക്രിമിനൽകോടതികളുടെ അധികാരപരിധിയിൽ വരുന്നു.

**2.4.1.3.1 മുൻസിഫ് കോടതികൾ**

സിവിൽകോടതി പരിധിയിൽ വരുന്ന പ്രാഥമിക കോടതികളാണ് മുൻസിഫ് കോടതികൾ കേരളത്തിലെ വിവിധപ്രദേശങ്ങളിൽ താലൂക്ക് അടിസ്ഥാനത്തിലാണ് ഇവ പ്രവർത്തിക്കുന്നത്. വ്യക്തികൾ തമ്മിലുള്ള ഈ തർക്കങ്ങൾ കോടതിയിൽ പരിഹരിക്കുന്നുണ്ടെങ്കിലും തർക്കത്തിനാസ്പദമായ തുക ഒരു ലക്ഷത്തിനു മുകളിൽ ആണെങ്കിൽ ഈ കോടതിയുടെ പരിധിയിൽ കേസ് ഉൾപ്പെടില്ല എന്നു വ്യവസ്ഥയുണ്ട്.

**2.4.1.3.2. സബ്കോടതികൾ**

ഒരു ലക്ഷം രൂപയിൽ കവിഞ്ഞ മൂല്യമുള്ള സിവിൽ വ്യവഹാരങ്ങൾ നടത്തുന്നതിനുള്ള കോടതികളാണ് 'സബോർഡിനേറ്റ്കോടതി' എന്ന സബ്കോടതി മുൻസിഫ് കോടതിപോലെ സിവിൽ സംബന്ധമായ കോടതിവ്യവഹാരങ്ങൾക്കുള്ള പ്രാഥമികതല കോടതിയാണിത്.

**2.4.1.3.3. ജില്ലാകോടതികൾ:** ഓരോ ജില്ലയിലും തങ്ങളുടെ പ്രാദേശിക അധികാരപരിധിക്കുള്ളിലെ സിവിൽ, ക്രിമിനല് വ്യവഹാരങ്ങൾക്കുള്ള കോടതിയാണ് ജില്ലാകോടതി പ്രിൻസിപ്പൽ ജില്ലാജഡ്ജിയായിരിക്കും ഇത്തരം കോടതികളുടെ അധ്യക്ഷൻ

**2.4.1.3.4. ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികൾ :** ക്രിമിനൽകോടതിഘടനയിലെ ഏറ്റവും പ്രാഥമിക കോടതിയാണിത്. ജുഡീഷ്യൽ ഫല ് ക്ലാസ് മജിസ്ട്രേറ്റാണ് ഇത്തരം കോടതിയിൽ അദ്ധ്യക്ഷനാവുക. രണ്ടോ അതിലധികമോ പോലീസ്സ്റ്റേഷൻ പരിധികളിലും ഈ കോടതിയ്ക്ക് അധികാരം ഉണ്ടായിരിക്കും.

**2.4.1.3.5. ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികൾ:** ക്രിമിനൽകോടതിഘടനയിലെ രണ്ടാം സ്ഥാനമാണ് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികൾക്കുള്ളത്. പ്രത്യേക പ്രാദേശിക അധികാരപരിധിക്കുള്ളിലെ ക്രിമിനൽ വ്യവഹാരങ്ങളാണ് ഇത്തരം കോടതികളിൽ പരിഗണിക്കുന്നത്.

**2.4.1.3.6. സെഷൻസ് കോടതികൾ:** ജില്ലാകോടതിതന്നെയാണ് ഒരർത്ഥത്തിൽ സെഷൻസ് കോടതികൾ. സിവിൽ കേസുകൾ പരിഗണിക്കുമ്പോൾ ജില്ലാ കോടതിയെന്നും ക്രിമിനൽ കേസുകൾ പരിഗണിക്കുമ്പോൾ സെഷൻസ് കോടതിയെന്നുമാണ് വിളിക്കുന്നത്. ഗൗരവമുള്ള ക്രമിനൽ കേസുകൾ വിചാരണ ചെയ്യുന്നതിനും ശിക്ഷ വിധിക്കുന്നതിനുമുള്ള കോടതിയാണ് സെഷൻസ് കോടതികൾ. സെഷൻസ് കോടതിയിലെ പ്രധാന അധികാരം ജില്ലാ ജഡ്ജിക്കായിരിക്കും.

**2.4.1.3.7. മെട്രോപൊളിറ്റൻ മജിസ്ട്രേട്ട് കോടതി:** ജില്ലകളിലെ ഒന്നാം ക്ലാസ് മജിസ്ട്രേട്ട് കോടതികൾക്ക് സമാനമായി രാജ്യത്തെ മെട്രോപ്പൊളിറ്റൻ നഗരങ്ങളിലുള്ള ഒന്നാം ക്ലാസ് മജസിട്രേട്ട് കോടതിയാണിത് ഈ കോടതികൾക്ക് അതാത് മെട്രോപൊളിറ്റൻ നഗരങ്ങളിൽ മാത്രമായിരിക്കും അധികാരപരിധി ഉണ്ടാവുക.

**2.4.1.4 ഇതര കോടതികൾ**

ഓരോ പ്രത്യേക മേഖലയിലെ നീതിനിർവ്വഹണം നടപ്പാക്കുന്നതിനു വേണ്ടി അതാത് മേഖലയെ സംബന്ധിക്കുന്ന കോടതികളും രാജ്യത്തുണ്ട്. പൊതുസമാധാനം നിലനിൽക്കുന്നതിനുവേണ്ടിയും കോടതി വ്യവഹാരങ്ങൾ കൃത്യതയോടും വേഗതയോടുകൂടിയും നടപ്പാക്കുന്നതിനും ഇത്തരം കോടതികൾ സഹായിക്കുന്നു.

ഗ്രാമക്കോടതികൾ, കുടുംബകോടതി, ജുവനൈൽ കോടതി, ഉപഭോക്തൃ കോടതികൾ, ലേബർ കോടതികൾ, സാമ്പത്തിക കുറ്റക്കോടതി, സി ബി ഐ കോടതി, ടാഡാ കോടതി, നർക്കോട്ടിക്സ് കോടതി, റെൻറ് കൺട്രോൾ കോടതി, ഇ എസ് ഐ കോടതി, സൈബർ കോടതി, മൊബൈൽ കോടതി, ഇ കോടതി, വെർച്വൽ കോടതി, അവശ്യസാധന നിയമക്കോടതി, സായാഹ്നക്കോടതി, സ്പെഷൽ കോടതി, സൈനിക കോടതി, വിജലൻസ് കോടതി, റെയിൽവേ മജിസ്ട്രേറ്റ് കോടതി എന്നിങ്ങനെ വിവിധകോടതികളുടെ കാര്യക്ഷമമായ പ്രവർത്തനവും രാജ്യത്തുടനീളം നിലനിൽക്കുന്നു.കുറ്റകൃത്യങ്ങളുടെ സ്വഭാവം അനുസരിച്ച് നീതി നടപ്പാക്കൽ ആയാസരഹിതമാക്കാൻ സ്ഥാപിതമായ ഇത്തരം കോടതികളും വിവിധ ട്രൈബ്യൂണലുകളും കാലഘട്ടത്തിന്റെ ആവശ്യങ്ങളോട് പ്രതികരിച്ച് നീതിനിർവ്വഹണത്തിലുണ്ടായ മുന്നേറ്റങ്ങളായി മനസ്സിലാക്കാവുന്നതാണ്.

**2.4.1.4.1 ട്രൈബ്യൂണലുകൾ**

നീതിനിർവ്വഹണപരമായ കർത്തവ്യങ്ങൾ നടത്തുന്നതും തികച്ചും കോടതിയല്ലാത്തതുമായി സംവിധാനമാണ് ട്രൈബ്യൂണലുകൾ. ഭരണപരമായ കാര്യനിർവ്വഹണത്തിന്റെ പരിധിയിൽ തികച്ചും വരാത്തതും, തെളിവുകൾ പരിശോധിച്ച് ന്യായാന്യായവിചാരം ചെയ്തു തീർപ്പു കല്പിക്കേണ്ടതുമായ പ്രശ്നങ്ങൾ പരിഗണിച്ച തീരുമാനമെടുക്കാൻ അധികാരമുള്ളതുമായ ഈ സംവിധാനത്തിന് ന്യായാസനം, മധ്യസ്ഥക്കോടതി എന്നുമൊക്കെ അർത്ഥമുണ്ട്. സഹകരണ ട്രൈബ്യൂണൽ, കടം ഈടാക്കൽ ട്രൈD ണൽ, ഫോറല് ട്രൈക ണൽ, ദേശീയ ഹരിത ട്രൈബ്യൂണൽ, വ്യവസായിക ട്രൈബ്യൂണൽ, തദ്ദേശ സ്വയംഭരണസ്ഥാപന ട്രൈബ്യൂണൽ, ലാൻഡ് ട്രൈബ്യൂണൽ, മോട്ടോർ വാഹനാപകട നവ പരിഹാര

ട്രൈബ്യൂണൽ, തിരഞ്ഞെടുപ്പ് ട്രൈബ്യൂണൽ, സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, സായുധസേനാ ട്രൈബ്യൂണൽ, റെയിൽവേ ക്ലെയിംസ് ട്രൈബ്യൂണൽ, യൂണിവേഴ്സിറ്റി അപ്പലെറ്റ് ട്രൈബ്യൂണൽ, വഖഫ് ട്രൈബ്യൂണൽ എന്നിങ്ങനെ വിവിധതരം ട്രൈബ്യൂണലുകൾ നിലവിലുണ്ട്.

വിവിധ കോടതികൾക്കും ട്രൈബ്യൂണലുകൾക്കും പുറമേ നീതിനടത്തിപ്പിനായി നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന സംവിധാനങ്ങളാണ് ലോക് അദാലത്ത്, ലോകായുക്ത, ലോക്പാൽ എന്നിവ.

**2.4.1.4.2 ലോക് അദാലത്ത്**

നീതിന്യായ പ്രവർത്തനങ്ങളിൽ പരിഹാരമുണ്ടാക്കുന്നതിനായി വിവിധ തലങ്ങളിൽ നിയമസേവാധികാരസമിതി നിയമപ്രകാരം നിലനിൽക്കുന്ന സംവിധാനമാണ് ലോക് അദാലത്ത്. 'ജനങ്ങളുടെ കോടതി' എന്നാണ് ഈ ഹിന്ദി പദത്തിന്റെ അർത്ഥം. ഹൈക്കോടതി ജഡ്ജിയായിരിക്കും ലോക് അദാലത്തിന്റെ അദ്ധ്യക്ഷൻ.

**2.4.1.4.3 ലോകായുക്ത**

കേരള ലോകായുക്ത നിയമപ്രകാരം നിലവിൽ വന്ന അഴിമതി നിർമാർജ്ജന സംവിധാനമാണ് ലോകായുക്ത. മുഖ്യമന്ത്രിമാർ, മന്ത്രിമാർ, എം.എൽ. എ മാർ, സർക്കാർ ജീവനക്കാർ, തദ്ദേശ ഭരണസ്ഥാപനാംഗങ്ങൾ, തൊഴിലാളി യൂണിയൻ ഭാരവാഹികൾ, സർക്കാരിനു കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭാരവാഹികൾ എന്നിവർ നടത്തുന്ന അഴിമതികൾ, ക്രമക്കേടുകൾ മുതലായവ ലോകായുക്തയുടെ കീഴിൽ വരുന്നു.

**2.4.1.4.4 ലോക്പാൽ**

അഴിമതി നിർമാർജ്ജനവുമായി ബന്ധപ്പെട്ട കേന്ദ്രതല സംവിധാനമാണ് ലോക് പാൽ. പ്രധാനമന്ത്രി, കേന്ദ്രമന്ത്രിമാർ, എം. പി മാർ, കേന്ദ്ര ഗവൺമെന്റ് ഉദ്യോഗസ്ഥർ തുടങ്ങിയ പൊതുജനസേവകർക്കെതിരായുള്ള അഴിമതി, സാമ്പത്തിക ക്രമക്കേടുകൾ എന്നീ പ്രശ്നങ്ങൾ വിചാരണ ചെയ്യുന്നത് ലോക്പാൽ സംവിധാനത്തിലൂടെയാണ്.

#### 2.4.1.4.5 ബെഞ്ചുകൾ

സുപ്രീം കോടതിയിലും ഹൈക്കോടതികളിലും കേസുകൾ കേൾക്കുന്ന ന്യായാധിപസമിതി ബെഞ്ച് (Bench) എന്ന പേരിലാണ് അറിയപ്പെടുന്നത്. ഹൈക്കോടതിയിൽ ഒരു ജഡ്ജി മാത്രം ഉൾക്കൊള്ളുന്ന ബെഞ്ച് ഏകാംഗബെഞ്ചും (Single Bench), ഹൈക്കോടതിയിൽ രണ്ടു ജഡ്ജിമാരും സുപ്രീംകോടതിയിൽ രണ്ടോ അതിലധികമോ ജഡ്ജിമാരും ഉൾക്കൊള്ളുന്ന ബെഞ്ച് ഡിവിഷണൽ ബെഞ്ചും (Division Bench) ഹൈക്കോടതിയിൽ മൂന്നോ അതിലധികമോ ജഡ്ജിമാർ ഉൾക്കൊള്ളുന്ന ബെഞ്ച് r ശ് ബെഞ്ചും (oull Bench) ആണ്. വനസംരക്ഷണം, പരിസ്ഥിതിസംരംക്ഷണം എന്നിവയുമായി ബന്ധപ്പെട്ട ക്രിമിനൽ ഒഴികെയുള്ളതായ എല്ലാ കേസുകളും കേൾക്കുന്ന ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ഹരിതബെഞ്ചും (Green Bench), ഭരണഘടനാ സംബന്ധമായി കേസുകൾ കേൾക്കുന്ന സുപ്രീംകോടതി ബെഞ്ച് ഭരണഘടനാ ബെഞ്ചും (Constitutional Bench) ആയിരിക്കും.

കസ്സേഷൻ ബെഞ്ച് (Cassation Bench) അവസാന അപ്പീലുകൾ കേൾക്കുന്നതിനുള്ള പരമോന്നത കോടതിബെഞ്ച് ആണ്. വളരെ പ്രധാനപ്പെട്ട നീതിന്യായ കാര്യങ്ങൾ പരിഗണിക്കുന്നതിനായുള്ള പരമോന്നത കോടതിബെഞ്ച് ആണ് ഇത്. വളരെ പ്രധാനപ്പെട്ട നീതിന്യായകാര്യങ്ങൾ പരിഗണിക്കുന്നതിനായുള്ള മേൽപ്പറഞ്ഞ കോടതികൾ ഓരോന്നിലെയും എല്ലാ ജഡ്ജിമാരും ചേർന്നുള്ള ബെഞ്ച് പൂർണകോടതി ബെഞ്ച് (oull Court Bench) എന്നും ഭരണ നിർവ്വഹണത്തിന്റെ ഭാഗമായി കൂടുതൽ ഈ ബെഞ്ച് ഭരണപരമായ കാര്യങ്ങൾക്കായുള്ള പൂർണ്ണ കോടതി ബെഞ്ച് (Administrative oull Court Bench) എന്നും അറിയപ്പെടും. മേൽപറഞ്ഞ കോടതികൾ ഓരോന്നിലെയും എല്ലാ ജഡ്ജിമാരും ചേർന്നുള്ള യോഗം പൂർണ്ണ കോടതിയോഗം (oull Court Meeting) എന്നും ചില പ്രത്യേക സന്ദർഭങ്ങളിൽ മേൽപറഞ്ഞ കോടതികൾ ഓരോന്നിലെയും എല്ലാ ജഡ്ജിമാരും ചേർന്നുള്ള കൂടിയാലോചന പൂർണ്ണ കോടതിചേരൽ (oull Court Sitting) എന്നുമാണ് അറിയപ്പെടുക.

ആധുനിക കോടതിയുടെ കീഴിൽ ഏകീകൃതനിയമം നിലവിൽവന്നതോടെ കേരളത്തിലെ നീതിന്യായസംവിധാനത്തിലും കേരളീയരുടെ സാമൂഹികജീവിതത്തിലും പ്രകടമായ വ്യതിയാനങ്ങൾ സംഭവിച്ചു. ജാതിയുടെ അടിസ്ഥാനത്തിലല്ലാതെ സിവിൽ ക്രിമിനൽ കേസുകളിൽ തീരുമാനമെടുക്കാനുള്ള അധികാരം ജില്ലാ കോടതികൾക്ക് ലഭിച്ചത് ഇവയിൽ പ്രധാനപ്പെട്ടതാണ്. കൂടാതെ പ്രാകൃതമായ ശിക്ഷാ നടപടികൾ റദ്ദാക്കൽ, കൊലക്കുറ്റത്തിനു മാത്രമായി വധശിക്ഷ നടപ്പാക്കൽ, ശാസ്ത്രീയമായ തെളിവുകളുടെയും

സാക്ഷിവിസ്താരത്തിന്റെയും അടിസ്ഥാനത്തിൽ വിധിനിർണ്ണയം നടപ്പാക്കൽ എന്നിവ നീതിയുടെ വിതരണത്തെ കൃത്യതയുള്ള താക്കുകയും തുല്യനീതി എന്ന ആശയത്തെ പ്രായോഗികമാക്കുകയും ചെയ്തു. 'ഇന്ത്യൻ പീനൽകോഡ്' പ്രാബല്യത്തിൽ വന്നതോടെ നാട്ടുവാഴികളും പുരോഹിതരും ചേർന്ന് നടപ്പാക്കിയിരുന്ന ശിക്ഷാരീതികൾ ഇല്ലാതായി. അംഗങ്ങൾ വിച്ഛേദിക്കുക, ഉപ്പും ചോറും തീകേ, അടിമകളെയും അയിത്തമാക്കുന്നവരെയും വധിക്കുക, തിളച്ച എണ്ണയിൽ കൈമുക്കുക തുടങ്ങിയ പ്രാകൃതസസദായങ്ങൾ നിരോധിക്കപ്പെട്ടു. ഒരു നീതിപീഠത്തിന്റെ മുമ്പാകെ പരിt തരീതിയിൽ തെളിവുകൾ എടുത്ത് ഒരാൾ കുറ്റക്കാരനാണെന്നു കണ്ടാൽ മാത്രം നിയമാനുസൃതമായി ശിക്ഷ നൽകുന്ന നീതിന്യായ സസദായം നടപ്പിൽ വന്നു മർദിതരും അവശരുമായ സാധാരണജനങ്ങൾക്ക് ജീവിതത്തിൽ ഒരു സുരക്ഷിതബോധം നൽകുവാൻ ഈ നടപടികൾ പര്യാപ്തമായിരുന്നു. ഫ്യൂഡൽ വ്യവസ്ഥിതി നിലനിന്നിരുന്ന നാടിന്റെ ഭരണസാരഥ്യം ബ്രിട്ടീഷ് പോലുള്ള വൈദേശിക ശക്തികൾ ഏറ്റെടുത്തത് പല നവോത്ഥാന ചിന്തകൾക്കും പുരോഗമന നടപടികൾക്കും കാരണമായെങ്കിലും ഒരു പരിt തഭരണകൂടത്തിന്റെ സഹാനുഭൂതി നിറഞ്ഞ മനോഭാവമായിരുന്നു ഇന്ത്യക്കാരോട് പുലർത്തിയത്. സാധാരണജനങ്ങളുടെ നൈതികബോധങ്ങളിലും സാമൂഹ്യഘടനയിലും കൊളോണിയൽ വ്യവസ്ഥിതി മാറ്റമില്ലാതെ തുടർന്നുപോന്നു.

ആധുനിക നീതിന്യായസംവിധാനങ്ങളും കോടതിയുടെ ഘടനകളും ഇത്രമേൽ വികസിച്ചിട്ടും, ലോകത്തിലെ തന്നെ ഏറ്റവും വിപുലമായ കോടതിസംവിധാനങ്ങൾ നിലവിൽ വന്നിട്ടും ഇന്ത്യൻ നീതിന്യായവ്യവസ്ഥിതി ഇന്നും അപൂർണ്ണവും അസമത്വം നിറഞ്ഞതുമാണ് എന്നതിനെ സമകാല ഇന്ത്യയിൽ എഴുതപ്പെടുന്ന സർഗ്ഗാത്മകകൃതികൾ സത്യസന്ധമായ തെളിവുകളായി മാറുന്നു. കോടതിമുറിയ്ക്കുള്ളിൽ നിർവ്വഹിക്കപ്പെടാതെ പോകുന്ന നീതിവിതരണത്തിന്റെയും നീതി ലഭിക്കാത്തവന്റെ വേദനയുടെയും സാമൂഹികമായ പ്രതികാരങ്ങളുടെ വിപ്ലവവീര്യങ്ങളുടെയും സൂക്ഷ്മ അടയാളങ്ങളായി സർഗ്ഗസാഹിത്യം പ്രത്യേകിച്ച് ഇന്ത്യൻ നോവലുകൾ വളരുന്നതാണ് ഈ പഠനത്തിന്റെ പ്രസക്തി. മലയാള നോവൽ സാഹിത്യവും ഇത്തരുണത്തിൽ ശ്രദ്ധേയമായ അടയാളങ്ങൾ ഇന്നും രൂപപ്പെടുത്തുകയും സമൂഹമനസ്സാക്ഷിയുടെ നീതിബോധങ്ങൾക്കു മുന്നിൽ ശക്തമായ ചോദ്യങ്ങളായി അവയെ അവതരിപ്പിക്കുന്നു വെന്നുമുള്ള യാഥാർത്ഥ്യമാണ് ഇത്തരമൊരു പഠനത്തിലേക്ക് നയിച്ചത്. കോടതി സാഹിത്യകൃതികളും അപഗ്രഥനവിധേയമാക്കുമ്പോൾ അനീതിയും അസമത്വവും നിറഞ്ഞ സാമൂഹിക-സാംസ്കാരിക തലങ്ങളെ

അവതരിപ്പിക്കുന്നതിന് ശക്തമായ ഉപകരണമായി സ്വീകരിച്ചത് ഭാഷയാണെന്നു കാണാം. അതുകൊണ്ട് തന്നെ ഭാഷയുടെ അപഗ്രഥനം കോടതിവ്യവഹാരപഠനത്തിന് അനിവാര്യമാണ്.

**2.5. കോടതിഭാഷ- ചരിത്രാവലോകനം**

കോളനിവൽകരണ പ്രക്രിയയിൽ രാജ്യം മറ്റൊരു രാജ്യത്തിന്റെ ഭൂമിശാസ്ത്രപരവും സാംസ്കാരികവുമായ നിയന്ത്രണം ഏറ്റെടുക്കുന്നു. കോളനിവൽകരണത്തിന്റെ അനിവാര്യ ഉപോല്പന്നമെന്ന നിലയിൽ കൊളോണിയൽ വിദ്യാഭ്യാസരീതികളും അധിനിവേശ രാജ്യത്ത് പ്രയോഗിക്കുന്നു. കൊളോണിയൽ വിദ്യാഭ്യാസം കോളനിവൽകരിക്കപ്പെട്ട ജനങ്ങളെ അവരുടെ തദ്ദേശീയ പാഠ്യഘടനകളിൽനിന്ന് അകറ്റുകയും കോളനിവൽക്കരിക്കപ്പെട്ടവരുടെ ഘടനയിലേക്ക് അവരെ ആകർഷിക്കുകയും ചെയ്യുന്നു. ബ്രിട്ടീഷ് ആധിപത്യത്തിന്റെ ഫലമായി കേരളത്തിലെ സാംസ്കാരിക സാമൂഹിക-സാമ്പത്തികരംഗങ്ങളിൽ മാറ്റങ്ങൾ ധാരാളമുണ്ടായി. ബ്രിട്ടീഷ്ഭരണത്തിന്റെ ഭാഗമായി ഇന്ത്യയിലുണ്ടായ മാറ്റങ്ങളെക്കുറിച്ച് കാൾമാർക്സ് അഭിപ്രായപ്പെടുന്നുണ്ട്. 'ഇന്ത്യയിൽ ഇംഗ്ലണ്ടിന് രണ്ട് ക്ഷമതലകൾ നിർവഹിക്കാനുണ്ട്. ഒന്ന്, വിനാശകരവും മറ്റൊന്ന് നവോത്ഥാനപരവും- പഴയ ഏഷ്യാറ്റിക് സമൂഹത്തെ നശിപ്പിക്കലും, ഏഷ്യയിൽ, പാശ്ചാത്യസമുദായത്തിന്റെ ഭൗതികാടിത്തറപാകലും' (പി.കെ. ഗോപാല കൃഷ്ണൻ, 1974:474). പഴയസാമൂഹ്യവ്യവസ്ഥിതിയെ തകർക്കാതെ മനുഷ്യസമുദായത്തിന് അതിന്റെ ചരിത്രപരമായ കടമ നിർവഹിക്കാനാവില്ലെന്നും ഇംഗ്ലീഷ്ഭരണം ആ ക്ഷമതല നിർവഹിക്കുന്നതിലൂടെ വിപ്ലവത്തിന്റെ അബോധമായ ഉപകരണമായി മാറുകയാണെന്നും മാർക്സ് ചൂണ്ടിക്കാട്ടുന്നു. കൊളോണിയൽ ആധിപത്യത്തിന്റെ ഫലമായി ഇന്ത്യയിലുണ്ടായ മാറ്റങ്ങളിൽ നവോത്ഥനപരമായ ഒന്നായിരുന്നു ജ്ഞാനോല്പാദനം.

അറിവ് എന്നതിനെ അധികാരത്തിലേക്കുള്ള എളുപ്പവഴിയായാണ് മനുഷ്യർ ചിന്തിച്ചിരുന്നത്. അവർ തങ്ങളുടെ നിലനില ം നിയന്ത്രണവും സാധ്യമാക്കിയിരുന്നത് ഇതേ ജ്ഞാനോല്പാദന പ്രക്രിയയിലൂടെയാണ്. ഇംഗ്ലീഷ് ഭരണം കൊണ്ടുവന്ന അച്ചടിയന്ത്രവും പത്രമാധ്യമങ്ങളും പുതിയ വിദ്യാഭ്യാസസസ ദായവും കേരളത്തിന്റെ സാംസ്കാരിക മുൻഗണനാക്രമങ്ങളെ മാറ്റിമറിക്കാൻ തക്കവിധം ശക്തമായിരുന്നു. പാശ്ചാത്യ വിദ്യാഭ്യാസവും സാങ്കേതികവിദ്യയും സാധ്യമാക്കിയ പുതിയ സാഹചര്യങ്ങൾ ഇംഗ്ലീഷ്ഭാഷയെ പുതിയ അധികാരഭാഷയായി വളർത്തിയെടുത്തു. പുതുതായി കടന്നുവന്ന ഭാഷയും സാംസ്കാരികരൂപങ്ങളും കേരളീയരുടെ ആന്തരിക സമൂഹത്തിൽ പ്രകടമായ മാറ്റങ്ങൾക്ക് കാരണമായി. മനുഷ്യന്റെ ചിന്താഗതിയിലും പ്രവർത്തിയിലും പുതിയ ക്രമപ്പെടുത്തലുകൾ രൂപപ്പെട്ടുവന്നു.

തദ്ദേശീയ ഭൂരിപക്ഷത്തിനുമേൽ ഉദാരരാഷ്ട്രത്തിന്റെ ആശയവ്യാപനം സാധ്യമാക്കിയത് ഭാഷയുടെയും ശാസ്ത്ര-സാങ്കേതിക വിദ്യയുടെയും ശക്തി ഉപയോഗിച്ചുകൊണ്ടാണ്. അധികാരമാറ്റത്തിലൂടെയും പരിവർത്തനങ്ങളിലൂടെയും വൈവിധ്യങ്ങൾ സ്വീകരിക്കാനുള്ള കഴിവ് ലിബറൽ രാഷ്ട്രത്തിന്റെ ഘടനയിൽത്തന്നെ അന്തർലീനമാണ്. കേരളസമൂഹത്തിലെ അതിർവരമ്പുകളെ മുറിച്ചു കടക്കാനുള്ള ഉപാധിയായി ഇംഗ്ലീഷ്ഭാഷ മാറിയത് ലിബറൽരാഷ്ട്രത്തിന്റെ ഇടപെടലുകളിലൂടെയാണ്. തദ്ദേശീയ കാഴ്ചപ്പാടുകളിലും പ്രവൃത്തിയിലും പ്രതിഷേധത്തിലും വിമോചനത്തിലും തികച്ചും ആഭ്യന്തരമായ നുഴഞ്ഞു കയറ്റമാണ് ഇംഗ്ലീഷ്ഭാഷ നടത്തിയത്. സാമ്രാജ്യത്വം ദൗത്യമായി സ്വീകരിച്ചിട്ടുള്ള സാംസ്കാരികവൽക്കരണപ്രവർത്തിയും ഇംഗ്ലീഷ് സാഹിത്യപഠനവും ദീർഘകാലാടിസ്ഥാനത്തിൽ ഇംഗ്ലീഷുകാരുടെ സമൂഹാധീശത്വം സാധ്യമാക്കിയെടുത്തു (വിനോദൻ നാവത്ത്, 2020:135).

ഇംഗ്ലീഷ് വിദ്യാഭ്യാസം വ്യാപകമായതിന്റെ ഭാഗമായി സമൂഹത്തിലെ സമ്പന്നവിഭാഗത്തിൽപ്പെട്ട പുതിയ തലമുറ വിദ്യാഭ്യാസം നേടാനായി ശ്രമിച്ചു. ഇംപീരിയൽ സെൻസസിന്റെ കണക്കുപ്രകാരം ബ്രിട്ടീഷ് മലബാറിൽ 1871 ൽ നടത്തിയ ജനസംഖ്യ കണക്കെടുപ്പിൽ 22,188 ബ്രാഹ്മണരാണ് ഉണ്ടായിരുന്നത്. ഇതിൽ 169 പേരാണ് അന്ന് ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയത് എന്നാൽ 1911 -ലെ കണക്ക് പ്രകാരം മലബാറിലെ 488 മാപ്പിളമാരും 5,895 നായരും 2,897 തി- വിഭാഗത്തിൽപ്പെട്ടവരും ഇംഗ്ലീഷ് പരിജ്ഞാനം നേടിയെടുത്തു. ആധുനിക വിദ്യാഭ്യാസം സമൂഹത്തിൽ പുതിയ തൊഴിൽ മേഖല കൾക്കു വഴി തെളിച്ചു. കൃഷി, തറവാടുകളിലെ കാര്യസ്ഥപ്പണി എന്നീ തൊഴിലുകൾക്ക് പകരം പുതിയ ഉപജീവനമാർഗമെന്ന നിലയിൽ വക്കീൽപണിയും : മസ്തപണിയും ഉയർന്നുവന്നു. സമ്പന്ന നായർ, ജന്മി കുടുംബങ്ങളിലെ യുവാക്കൾ ഇതിൽ ആകൃഷ്ടരാവുകയും ധാരാളംപേർ നിയമപഠനത്തിനായി അന്യദേശത്ത് പോവുകയും ചെയ്തു. പത്തൊമ്പതാംനൂറ്റാണ്ടിന്റെ പകുതി യോടെയാണ് ഇന്ത്യയിൽ ഇംഗ്ലീഷ് നിയമവിദ്യാഭ്യാസം ആരംഭിച്ചത്. 1857 ൽ മൂന്ന് സർവ്വകലാ ശാല കളിലാ യാണ് നിമയപഠനം ആരംഭിച്ചത്. 1837 ൽ മദ്രാസ് ക്രിസ്ത്യൻ കോളേജും 1840 ൽ പ്രസിഡൻസി കോളേജും (മദ്രാസ്) സ്ഥാപിക്കപ്പെട്ടു. 1875 ൽ തിരുവനന്തപുരം ലോ കോളേജും 1891 -ൽ മദ്രാസ് ലോ കോളേജും നിലവിൽ വന്നു. നിയമപഠനം പൂർത്തിയാക്കിയ യുവാക്കൾക്ക് നല്ല വരുമാനവും സമൂഹത്തിൽ വലിയ പദവിയും ലഭിച്ചു. പരമ്പരാഗത- തറവാടിത്ത- ജന്മി അധികാരങ്ങളെക്കാൾ ശക്തവും സാമൂഹിക ശ്രദ്ധ യാർകർഷിക്കുന്നതുമായ ഉദ്യോഗവും ബ്രിട്ടീഷ് ഭരണകൂടവുമായി അധികാരബന്ധവും ഇവർക്ക് നേടാ നായി. പ്രാദേശിക കോടതികളിൽ മലയാളഭാഷ ഉപയോഗിച്ചിരുന്നെങ്കിലും'അധികാരത്തിന്റെ ഭാഷ'എന്ന നിലയിൽ

ഇംഗ്ലീഷ് അതിന്റെ വരേണ്യസ്വഭാവം എല്ലായിടത്തും, പ്രത്യേകിച്ച് കോടതിവ്യവഹാരങ്ങളിൽ നിലനിർത്തിയിരുന്നു. അതിനാൽ ഇംഗ്ലീഷ് അറിയുക എന്നത് അധികാരത്തിനൊപ്പം നിൽക്കാനും വൈദേശിക ഭരണവുമായി ്യ കൃപ്പെടാനുമുള്ള വഴിയായി മാറി. ജഡ്ജി, വക്കീൽ, : മസ്റ്റൻ തുടങ്ങി നീതിന്യായസംവിധാനവുമായി ബന്ധപ്പെട്ട ഉദ്യോഗങ്ങൾ അധികാരം നേടുന്നതിനും വൈദേശിക ഭരണത്തിന് കീഴിൽനിന്നുകൊണ്ട് അതിനെതിരെ പ്രതിരോധിക്കുന്നതിനുമുള്ള സാധ്യതകൾ തുറന്നിട്ടു.

കൊളോണിയൽ കർതൃത്വങ്ങളെ വ്യാപകമായി സൂവിക്കാൻ കൊളോണിയൽ വിദ്യാഭ്യാസപദ്ധതിയ്ക്കു സാധിച്ചു. തങ്ങളുടെ അധികാരശക്തിയെ കേരളീയസമൂഹത്തിന്റെ ഏറ്റവും താഴേത്തട്ടിലെത്തിക്കാൻ ബ്രിട്ടീഷുകാർക്ക് തദ്ദേശീയ മാനവവിഭവശേഷി ആവശ്യമായിരുന്നു. കോളോണിയൽ വിദ്യാഭ്യാസം നേടിയ തദ്ദേശീയ ജനതയെ അവർ ഇതിനായി ഉപയോഗിച്ചു. ഇപ്രകാരം ഉയർന്നുവന്ന വിദ്യാസമ്പന്നരായ സവർണ മധ്യവർഗ്ഗത്തിന്റെ സഹായത്തോടെയാണ് പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തിലുമായി മലയാളനാട്ടിലെ നിയമസംവിധാനങ്ങളെയും സ്ഥാപനങ്ങളെയും ക്രമീകരിച്ചു. നിയമപഠനം ഴ ദ്യോഗിക വിദ്യാഭ്യാസത്തിന്റെ ഭാഗമാവുകയും ഇതിനായി പ്രത്യേക കോളേജുകളും മ൦േ അരംഭിക്കുകയും ചെയ്തതോടെ താഴേത്തട്ടിലെ കോടതികളിലും കൊളോണിയൽ നിയമവ്യവസ്ഥ പഠിച്ചിട്ടുള്ള ന്യായാധിപന്മാർ ഉണ്ടായി തുടങ്ങിയത്. ഈ പ്രക്രിയ പൂർത്തിയായതോടെ നീതിന്യായ സംവിധാനം ക്രമീകൃതമായ സ്ഥാപനമായി മാറി. ഒപ്പം അധികാരഭാഷയായി ഇംഗ്ലീഷ് ശക്തിപ്രാപിക്കുകയും ചെയ്തു. അത് ഭരിക്കുന്നവരും ഭരണീയരും തമ്മിലുള്ള അന്തരത്തെ ഉറപ്പിച്ചെടുത്തു. 'ഭരണകൂടത്തിന്റെ ഭാഷയും പൊതുജനങ്ങളുടെ ഭാഷയും രണ്ടായിമാറി. പൊതുജനങ്ങൾ ഭാഷാപരമായി നീതിന്യായ സംവിധാനങ്ങളിൽനിന്ന് അന്യവത്കരിക്കപ്പെട്ടു. ഈ അന്യവൽക്കരണം സാധാരണ ജനങ്ങൾക്കുമേൽ കോടതിയെ അതാര്യമായ അധികാരകേന്ദ്രമായി പ്രതി ിച്ചു' (വിനോദൻ നാവത്ത്, 2020:138).

#### 2.5.1 കോടതിഭാഷയുടെ മാറ്റത്തിനുവേണ്ടിയുള്ള ശ്രമങ്ങൾ

ഭരിക്കപ്പെടുന്നവരുടെ ഭാഷയായിരിക്കണം ഭരണഭാഷ എന്നത് ജനാധിപത്യത്തിന്റെ അടിസ്ഥാന ചിന്തകളിലൊന്നാണ്. ഒട്ടുമിക്ക രാജ്യങ്ങളും മാതൃഭാഷാ സമരങ്ങളിലൂടെയും ഭാഷാപോരാട്ടങ്ങളിലൂടെയുമാണ് ജനാധിപത്യവ്യവസ്ഥിതിയിലേക്ക് എത്തിച്ചേർന്നത്. നമ്മെ നൂറ്റാണ്ടുകളോളം അധീനതയിലാക്കിയ ഇംഗ്ലീഷുകാർ തങ്ങളുടെ ഭരണഭാഷയും കോടതിഭാഷയും മാതൃഭാഷയിലാക്കുന്നതിനായി സമരം ചെയ്തിട്ടുള്ളവരാണ്. എ. ഡി 1066 ൽ നോർമൽ അധിനിവേശത്തിനു കീഴിലായ ഇംഗ്ലീഷുകാർക്കു നോർമൻ

മാതൃഭാഷയായ ഫ്രഞ്ചുഭാഷയെ ഭരണഭാഷയായി സ്വീകരിക്കേണ്ടിവന്നു. കോടതിയിലെ വാദങ്ങൾ ഫ്രഞ്ചുഭാഷയിലും മറ്റ് നടപടിരേഖകൾ ലത്തീൻ ഭാഷയിലുമായിരുന്നു. നോർമൻകാരുടെ ഭരണം അവസാനിച്ചിട്ടും ഭരണഭാഷയും കോടതിഭാഷയും അന്യഭാഷകളിൽ തന്നെ തുടർന്നുപോന്നു. പിന്നീട് 1731 - ൽ ഇംഗ്ലണ്ടിൽ ജോർജ് രണ്ടാമന്റെ കാലത്ത് ഇംഗ്ലണ്ടിലെ കോടതികളിൽ ഫ്രഞ്ചോ ലാറ്റിൻ ഭാഷയോ സംസാരിച്ചാൽ പിഴയടക്കേണ്ടിവരും എന്ന നിയമം വന്നതോടെയാണ് ഇംഗ്ലീഷ്ഭാഷ ഭരണയിടങ്ങളിലും കോടതികളിലും സാർവത്രികമായത്.

കേരളത്തിൽ ഭരണഭാഷ മലയാളമാക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചത് 1956 - ഓടുകൂടിയാണ്. 1973 ലാണ് കീഴ്ക്കോടതി നടപടികൾ മലയാളമാക്കാനുള്ള ഉത്തരവ് നിലവിൽ വരുന്നത്. എന്നാൽ അതിനുമുമ്പ് നമ്മുടെ കോടതികളിൽ നാട്ടുഭാഷയാണ് ഉപയോഗിച്ചിരുന്നത് എന്നു കാണാം. തിരുവിതാംകൂറിലെ അഭിഭാഷകർ, ന്യായാധിപർ എന്നിവർക്ക് ഇംഗ്ലീഷിൽ പ്രാവീണ്യം ഇല്ലാത്തതിനാൽ എല്ലാരേഖകളും നിയമങ്ങളും ഉത്തരവുകളും മലയാളത്തിൽ ആയിരുന്നുവെന്നു 'നായർ മേധാവിത്വത്തിന്റെ പതനം' എന്ന കൃതിയിൽ റോബിൻ ജെഫ്രി രേഖപ്പെടുത്തുന്നുണ്ട് (1979:98). സ്വാതന്ത്ര്യത്തിനുശേഷം രൂപപ്പെട്ട തിരു-കൊച്ചി ഹൈക്കോടതി നടപടിക്രമങ്ങൾ മലയാളത്തിലാക്കുവാൻ 1950 ഫെ, വരി 28 ന് ട്രാവൻകൂർ കൊച്ചിൻ അഡ്വക്കേറ്റ്സ് അസോസിയേഷൻ ഒരു പ്രമേയം പാസാക്കുകയും 1950 സെപ്റ്റംബർ 2 ന് തിരു-കൊച്ചി ഹൈക്കോടതി നടപടികൾ മലയാളത്തിലാക്കുന്നതിന് ഉത്തരവിറക്കുകയും ചെയ്തിരുന്നു. ഇക്കാലയളവിലെല്ലാം മലയാളഭാഷയെ കോടതിഭാഷയായി ഉപയോഗിച്ചിരുന്നെങ്കിലും പിന്നീട് ഇംഗ്ലീഷ് ഭാഷയ്ക്ക് ലഭിച്ച മേൽക്കോയ്മയാണ് ആ ഭാഷയെ കോടതിഭാഷയായി ഉയർത്തിയത്. ഇന്നും കോടതി പ്രയോഗങ്ങളിൽ സർവ്വസാധാരണമായി ഉപയോഗിക്കുന്ന 'Your Honor', 'My ൦ord', Your ൦ordship', 'Objection Your Honor', Objection Overruled', 'Objection Sustained', Hearing', Cross', 'Court Disposed' എന്നീ പ്രയോഗങ്ങൾ ഇംഗ്ലീഷ് ഭാഷയുടെ സ്വാധീനത്തിന് ഇന്നും തെളിവുകളായി നിലനിൽക്കുന്നു.

1985 ലാണ് കോടതിഭാഷ മലയാളത്തിലാക്കുന്നതിനെക്കുറിച്ച് പഠിക്കാനും റിപ്പോർട്ട് ത- യാറാക്കുന്നതിനുമായി ഒരു കമ്മീഷനെ സർക്കാർ നിയോഗിക്കുന്നത്. ജസ്റ്റിസ് കെ. നരേന്ദ്രൻ ആയിരുന്നു കമ്മിറ്റി അദ്ധ്യക്ഷൻ. 1987 ൽ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു. സാധാരണക്കാരനായ വ്യവഹാരിക്കും കോടതി നടപടികൾക്കും മധ്യേ നില കൊള്ളുന്ന ഇംഗ്ലീഷ് ഭാഷയാകുന്ന ഇരുമ്പുമറ മാറിയാലല്ലാതെ സാധാരണക്കാർക്ക് നമ്മുടെ കോടതി നടപടികളിൽ കൂടുതൽ സജീവമായി സഹകരിക്കാൻ സാധിക്കില്ല. അതുകൊണ്ട് എന്തെല്ലാം

തടസ്സങ്ങളുണ്ടെങ്കിലും അതൊക്കെ തരണം ചെയ്ത് കോടതിഭാഷ മലയാളമാക്കുന്ന പ്രക്രിയ മുഴുമിപ്പിക്കാതെ നിവൃത്തിയില്ല. എന്നതായിരുന്നു റിപ്പോർട്ടിന്റെ രത്നച്ചുരുക്കം. (9 നിർദേശങ്ങൾ). 1988 ൽ റിപ്പോർട്ട് നടപ്പിലാക്കുന്നതിനായി ത- ാറെടുപ്പുകൾ നടന്നെങ്കിലും തുടർന്ന് വന്ന മന്ത്രിസഭകളിലൊന്നും ഈ റിപ്പോർട്ടിനനുകൂലമായ പ്രവർത്തനങ്ങൾ നടന്നില്ല. 24.01.2009 ന് റിപ്പോർട്ടിന്റെ പ്രാബല്യത്തിനായി ശ്രമങ്ങൾ നടത്തുകയും ഒരു ഉന്നതതലസമിതി നിലവിൽവരികയും ചെയ്തിരുന്നു. എന്നാൽ പ്രതീക്ഷിച്ച മാറ്റങ്ങൾ ഒന്നുംതന്നെ സംഭവിച്ചില്ല. 2008 ൽ ഗ്രാമീണന്യായാലയ ആക്ട് ഇന്ത്യയിൽ നിലവിൽവന്നു. സാധാരണ ജനങ്ങൾക്കു വേണ്ടി ഗ്രാമീണകോടതികളിലൂടെ നീതിയുടെ വിതരണം അനായാസമാക്കുക എന്ന ഉദ്ദേശത്തോടെയാണ് ഈ ആക്ട് നിലവിൽ വന്നത്. ന്യായാലയ ആക്ടിന്റെ ഭാഗമായി തന്നെ ഗ്രാമീണകോടതികളിൽ ഉപയോഗിക്കേണ്ട ഭാഷയെക്കുറിച്ചും വ്യക്തമാക്കുന്നുണ്ട്. അതത് സംസ്ഥാനങ്ങളിൽ ഇംഗ്ലീഷല്ലാത്ത ഔ ദ്യോഗികഭാഷ, നടപടിക്രമങ്ങൾക്കും വിധിന്യായത്തിനും ഉപയോഗിക്കണമെന്നാണ് വകുപ്പ്. എന്നാൽ കേരളത്തിലെ 30 ഗ്രാമന്യായാലയങ്ങളിലും ഇപ്പോഴും വൈദേശികഭാഷതന്നെയാണ് കോടതിവ്യവഹാരങ്ങൾക്കു പയോഗിക്കുന്നത്.

**2.5.2 കോടതിഭാഷയും പൊതുനീതിയും**

ഇന്ത്യയിലെ പൗരന്മാർക്ക് തുല്യത ഉറപ്പാക്കാനായി സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിലഭ്യമാക്കേൺതാണെന്ന് ഭരണഘടന അനുശാസിക്കുന്നു. നമ്മു ടെ മൗലികാവകാശങ്ങൾക്ക് നില നിൽപ്പും ശക്തിയും നൽകുന്നത് അത് നടപ്പാക്കുന്ന കോടതികളിലൂടെയാണ് ഇത് സാധ്യമാകുന്നത് നീതിയുടെ വിതരണം എല്ലാവിഭാഗം ജനങ്ങൾക്കും മനസ്സിലാകുന്ന തരത്തിൽ അവരവരുടെ മാതൃ ഭാഷയിലാകുമ്പോഴാണ്. കോടതിയിലേക്ക് നീതിതേടി എത്തുന്ന ഭൂരിഭാഗം ജനങ്ങൾക്കും ഇംഗ്ലീഷ് ഭാഷയിലുള്ള പ്രാവീണ്യം കുറവാണ് അല്ലെങ്കിൽ ഇംഗ്ലീഷ് ഒട്ടുമേ അറിയില്ല എന്നതാണ് വസ്തുത. കോടതിയിൽ സമർപ്പിക്കേൺണ്ട വാദിയുടെയും പ്രതിയുടെയും എല്ലാവിധ രേഖകളും മലയാളത്തിലാണ് എഴുതുക കൂടാതെ കേസിനാസ്പദമായ രേഖകൾ, മൊഴികൾ, സാക്ഷ്യങ്ങൾ തുടങ്ങിയവയെല്ലാം അടങ്ങുന്ന റിപ്പോർട്ടുകൾ കോടതിയിൽ സമർപ്പിക്കുന്നത് മലയാളത്തിലാണ്. ഒരു തർക്കമോ സംഘട്ടനമോ ഉൺണ്ടായാൽ നാം പോലീസ് ലേ ഷനിൽ നൽകുന്ന മൊഴികളും തുടർന്ന് അവർ ത- ാറാക്കുന്ന കുറ്റപത്രവുമെല്ലാം എഴുതുന്നത് മലയാളഭാഷയിൽ തന്നെയാണ്. എന്നാൽ ഈ കേസുകൾ കോടതിയിലേക്കെത്തുമ്പോൾ കോടതിഭാഷ ഇംഗ്ലീഷാണ് എന്നതാണ് വൈചിത്ര്യം. വാദിയുടെയും പ്രതിയുടെയും ഭാഗത്തു നിന്നുള്ള അഭിഭാഷകർ പറയുന്ന വസ്തുത, ഭാഗങ്ങൾ, ന്യായാധിപന്റെ

വാക്കുകൾ, വിധിന്യായം തുടങ്ങിയവയെല്ലാം തന്നെ ഇംഗ്ലീഷ് ഭാഷയിലാണ് അവതരിപ്പിക്കുന്നത്. നീതിനിർവ്വഹണത്തിന്റെ ആദ്യഘട്ടങ്ങളിൽ ഉപയോഗിക്കുന്ന മലയാളഭാഷ, നീതിനിർവ്വഹണത്തിന്റെ ഗൗരവപൂർണമായ സന്ദർഭത്തിൽ ഉപയോഗിക്കാതിരിക്കുന്നത് സാധാരണജനങ്ങളുടെ അറിയാനുള്ള അവകാശത്തിനെതിരാണ്. കേരളത്തിലെ കോടതികളിൽ നീതിതേടിയെത്തുന്ന 990 ജനങ്ങളും മലയാളികളാണ്, എന്നാൽ തങ്ങളുടെ കേസിന്റെ വിധിഭാഗങ്ങളും തുടർനടപടികളും ഇംഗ്ലീഷ് ഭാഷയിലാവുന്നതോടെ അഭിഭാഷകൻ ഇക്കാര്യങ്ങൾ മലയാളത്തിൽ വിവരിച്ചു കൊടുത്താൽ മാത്രമേ അവ വ്യക്തമാവുകയുന്ധ എന്ന സ്ഥിതി വരുന്നു.

2022 ലെ നാഷണൽ ക്രൈം റെക്കോർഡ് ബ്യൂറോയുടെ കണക്കുപ്രകാരം ഇന്ത്യൻ ജയിലുകളിലെ കുറ്റവാളികളുടെ എണ്ണം 478600 ആണ്. വിചാരണത്തടവുകാർ, കരുതൽ തടവുകാർ, മറ്റ് തടവുകാർ, ശിക്ഷയനുഭവിക്കുന്ന തടവുകാർ എന്നിവരെല്ലാം ഈ കണക്കിൽ ഉൾപ്പെടുന്നുണ്ട്. ഇതിൽ 132729 പേർ പൂർണമായും നിരക്ഷരരാണ്. 136315 പേർ പത്താംക്ലാസ് പൂർത്തിയാക്കിയവരാണ്. ബാക്കിയുള്ളവർ പത്തിനും പന്ത്രണ്ടിനും ഇടയിൽ വിദ്യാഭ്യാസം നേടിയവരും, ബിരുദ- ബിരുദാനന്തര യോഗ്യത നേടിയവരുമാണ്. കേരളത്തിൽ ജയിൽശിക്ഷ അനുഭവിക്കുന്നവരിൽ 300 ജനങ്ങൾ നിരക്ഷരരാണ്. ഈ കണക്കുകളിൽനിന്നും വ്യക്തമാകുന്ന വസ്തുത, നaെ ടെ ജയിലുകളിൽ കഴിയുന്ന ഭൂരിപക്ഷം വരുന്ന തടവുകാർ തങ്ങളുടെ കേസിനാസ്പദമായ വിസ്താരമോ അന്തിമവിധിയോ മലയാളഭാഷയിൽ കൃത്യമായി മനസ്സിലാക്കാതെയാണ് ജയിൽശിക്ഷ അനുഭവിക്കുന്നത്. ജനങ്ങളുടെ അടിസ്ഥാനപരമായ അറിയാനുള്ള അവകാശത്തെ ലംഘിക്കുന്ന വിധം കോടതിഭാഷ ഇംഗ്ലീഷിൽ തുടരുന്നത് നീതിനിർവ്വഹണത്തിനുള്ള വലിയ പോരായയായി തിരിച്ചറിഞ്ഞിട്ടുണ്ട്.

**2.5.3 കോടതിഭാഷ സുപ്രീംകോടതിയുടെ പൊളിച്ചെഴുത്ത്**

കോടതിയിൽ പ്രയോഗിക്കുന്ന ഭാഷയിലും ശൈലിയിലും പുതിയമാറ്റങ്ങൾ വരുത്തുന്നതിനായി 'Combating Genderb Stereotype' എന്ന പേരിൽ സുപ്രീംകോടതി പുതിയ ശൈലീപുസ്തകം പുറത്തിറക്കിയത് കോടതിഭാഷമാറ്റശ്രമങ്ങളുടെ ഭാഗമായാണ്. കൽക്കട്ട ഹൈക്കോടതി മുൻ ജഡ്ജി മൗn1 ഭട്ടാചാര്യ അദ്ധ്യക്ഷയായ സമിതിയാണ് പുസ്തകം ത- ാറാക്കിയത്. സ്ത്രീകൾക്കും ഭിന്നലിംഗവിഭാഗക്കാർക്കും പ്രാധാന്യം നൽകുന്ന രീതിയിലുള്ള പല മാറ്റങ്ങളും പുസ്തകം മുന്നോട്ടുവെയ്ക്കുന്നു. കേരളീയ സമൂഹത്തിന്റെ പല മുൻവിധികളെയും തെറ്റിദ്ധാരണകളെയും തിരുത്തുന്നതിന് പുസ്തകം സഹായകമാകുന്നുണ്ട്. നിലവിൽ

കോടതിയിൽ പ്രയോഗിക്കുന്ന പല ഭാഷാപ്രയോഗങ്ങളും തിരുത്തുന്നതിനും ശൈലീപുസ്തകം മുൻകൈ എടുക്കുന്നു. അവിഹിതബന്ധം എന്നതിനു പകരം വിവാഹേതരബന്ധം, ജാരസന്തതി എന്നതിനു പകരം വിവാഹേതരബന്ധത്തിലെ കുട്ടി, അവിവാഹിത അമ്മ എന്നതിന് പകരമായി അമ്മ, ദ്വിലിംഗജീവി എന്ന പദത്തിനുപകരം ട്രാൻസ്ജെൻഡർ, ബാലവേശ്യ എന്നതിന് മനുഷ്യക്കടത്തിൽപ്പെട്ടുപോയ കുട്ടി, പൂവാലശല്യം എന്നതിന് തെരുവിലെ ലൈംഗികാതിക്രമം, വിശ്വസ്തഭാര്യ/ചാരിത്ര്യവതി എന്നതിന് പകരമായി ഭാര്യ എന്നും വീട്ടമ്മയെ ഹോംമേക്കർ, ഉദ്യോഗസ്ഥ വനിത എന്നതിന് വനിത എന്നും ഉപയോഗിക്കണമെന്നാണ് ശൈലീപുസ്തകം വ്യക്തമാക്കുന്നത്. പുതിയ പദങ്ങൾ കൂടുതൽ അഭികാമ്യവും നൈതികവുമാണെന്ന് കോടതിവൃന്ദങ്ങൾ പറയുമ്പോൾ സ്ത്രീവിരുദ്ധതയെ ഒഴിവാക്കാൻ എന്ന രീതിയിൽ സ്വീകരിച്ച പല പദങ്ങളും കൂടുതൽ സ്ത്രീവിരുദ്ധമായി അസ്ലീലമായും തീരുന്നു എന്ന് നിരീക്ഷിക്കുന്നു. വിശ്വസ്തഭാര്യ/ചാരിത്ര്യവതി എന്നതിന് പകരമായി ഭാര്യ എന്ന പദമാണ് ശൈലീപുസ്തകം പുതിയതായി തെരെഞ്ഞെടുക്കുന്നത്. ജീവിതപങ്കാളി എന്ന പദം സ്വീകാര്യമായിരിക്കെ  ഭരിക്കപ്പെടുന്നവൾ എന്നർത്ഥത്തിലുള്ള ഈ പദം ഭരണത്തിന്റെ ഇരട്ടത്താപ്പിൽ രൂപം കൊണ്ട ചാരിത്ര്യവതി എന്ന സങ്കൽപ്പത്തിൽ ഉപയോഗിക്കുമ്പോൾ പുരുഷാധിപത്യ പ്രത്യയശാസ്ത്രം തന്നെയാണ് കോടതിഭാഷയെ രൂപപ്പെടുത്തുന്നതെന്ന് കാണാം. 'വനിത' എന്ന പദത്തിന് ശബ്ദതാരാവലി (1991:1520) നൽകുന്ന അർത്ഥം യാചിക്കപ്പെട്ട, സേവിക്കപ്പെട്ട അതായത്പുരുഷനെ വഴിയാംവണ്ണം ആശ്രയിച്ചു നിൽക്കുന്നവൾ എന്നിങ്ങനെയാണ്. വനിത എന്ന പദത്തിനുപകരം 'സ്ത്രീ' എന്ന പദം സ്വീകാര്യമാണ്. 'വീട്ടമ്മ' എന്ന പദത്തിനുപകരം ഹോം മേക്കർ എന്ന ഇംഗ്ലീഷ് പദമാണ് ശൈലീപുസ്തകം സ്വീകരിക്കുന്നത്. ദ്വിലിംഗജീവി എന്ന പദത്തിനുപകരം ട്രാൻസ്ജെൻഡർ എന്നും ഇംഗ്ലീഷ് ഭാഷയിൽ ഉപയോഗിക്കുന്നത് കൊളോണിയൽ അടിമത്തവും ഭാഷാവിധേയത്വവും കുടത കളയാനാവാത്തവിധം മലയാളിയിൽ ശക്തമായിരിക്കുന്നു എന്നതിന്റെ സൂചനയാണ്.

ഇന്ത്യൻ ശിക്ഷാനിയമം, ക്രിമിനൽ നടപടിച്ചട്ടം, തെളിവുനിയമം എന്നിവ പരിഷ്കരിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചത് നീതിന്യായ സംവിധാനത്തെ സംബന്ധിക്കുന്ന വലിയ മാറ്റമാണ്. 2023 ആഗസ്റ്റ് മാസം നടന്ന വർഷകാല സമ്മേളനത്തിന്റെ ഭാഗമായാണ് കേന്ദ്രആഭ്യന്തരമന്ത്രി ഇതുമായി ബന്ധപ്പെട്ട മൂന്ന് ബില്ലുകൾ അവതരിപ്പിച്ചത്. ആഭ്യന്തരമന്ത്രാലയ സ്ഥിരംസമിതിയുടെ പരിശോധനയിലുള്ള ബില്ലുകൾ നിയമമായാൽ ബ്രിട്ടീഷ് രീതിയിലുൺണ്ടായിരുന്ന പല ഭാഷാപ്രയോഗങ്ങളിലും നിയമങ്ങളിലും മാറ്റങ്ങൾ സംഭവിക്കും. പുതിയ പരിഷ്കാരങ്ങൾ അടിമത്തത്തിൽനിന്നും നീതി വൈകുന്നതിൽ നിന്നുമുള്ള മോചനത്തിനുള്ള സാധ്യതയാണ്

നൽകുന്നത്. 'വിദേശ അടിമത്തത്തിന്റെ ശേഷിപ്പുകളുള്ള പുരാതനനിയമങ്ങൾ അഴിച്ചുപണിയേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ശിക്ഷ നടപ്പാക്കാൻ മാത്രമായിരുന്നു, ബ്രിട്ടീഷ് നിയമങ്ങൾ. തികച്ചും ഭാരതീയമായ പുതിയ നിയമത്തിൽ നീതി ലഭ്യമാക്കുന്നതിനാണ് പ്രാധാന്യം. കേസുകൾ അനന്തമായി നീണ്ടുപോകുന്ന സാഹചര്യം ഇല്ലാതാക്കി സത്വരനീതി നടപ്പാക്കുകയെന്നതാണ് ഈ നിയമങ്ങളുടെ മുഖ്യഘടകം എന്ന് ആഭ്യന്തരമന്ത്രി അമിത്ഷാ തന്റെ നീതിന്യായ വ്യവസ്ഥയെ സംബന്ധിക്കുന്ന പുതിയ ബില്ലുകളുടെ അവതരണത്തിൽ പ്രസ്താവിച്ചത് സമകാല ഇന്ത്യൻ രാഷ്ട്രീയത്തിലെ ശ്രദ്ധേയമായ ഇടപെടലാണെന്ന് 2023 ആഗല˘ പന്ത്രണ്ടാം തീ- തിയിലെ മലയാള മനോരമ ദിനപത്രത്തിൽ രാജീവ് മേനോൻ എന്ന ലേഖകൻ രേഖപ്പെടുത്തുന്നുണ്ട്.

നിലവിൽ ഇംഗ്ലീഷിലുള്ള നിയമസംഹിതകളുടെ പേരുകൾ സംl തീകരിക്കാനും കോടതിയുടെ നടപടിക്രമങ്ങളിൽ ആധുനിക വത്കരണം നടത്താനുമുള്ള ശ്രമങ്ങളാണ് പുതിയ ബില്ലുകൾ വഴി നടപ്പാക്കുന്നത്. ഇന്ത്യൻ ശിക്ഷാനിയമം (്യ .പി. സി) എന്നത് ഭാരതീയ ന്യായസംഹിത (ബി.എൻ.എസ്) എന്നും ക്രിമിനൽ നടപടിച്ചട്ടം (സി.ആർ.പി.സി) ഭാരതീയ നാഗരിക് സുരക്ഷാസംഹിത (ബി.എൻ.എസ്.എസ്) എന്നും ഇന്ത്യൻ തെളിവുനിയമം (്യ .ഇ.എ) ഭാരതീയ സാക്ഷ്യ അധിനിയം (ബി.എസ്.എ) എന്നും പരിഷ്കരിക്കുക എന്നതാണ് ഇതുവഴി ഉദ്ദേശിക്കുന്നത്. അതോടൊപ്പം ചട്ടങ്ങളിൽ ബ്രിട്ടീഷ് ഭരണകാലവുമായി ബന്ധപ്പെട്ട പാർലമെൻറ് ഓഫ് ദി യുണൈറ്റഡ് കിങ്ഡം, പ്രൊവിൻഷ്യൻ ആക്റ്റ്, ലണ്ടൻഗല˘, ക്കി, ബാരില ർ, ലഹോർ, കോമൺ വെൽത്ത്, യുണൈറ്റഡ് കിങ്ഡം ഓഫ് ഗ്രേറ്റ് ബ്രിട്ടൻ ആൻഡ് അയർലൻഡ് ഹെർ മെജല ീസ്, പൊസഷൻ ഓഫ് ബ്രിട്ടീഷ് ക്രൗൺ, കോർട്ട് ഓഫ് ജല ിസ് ഇൻ ഇംഗ്ല്, ഹെർ മെജല ിസ് ഡൊമീനിയൻസ് തുടങ്ങിയ എല്ലാ കൊളോണിയൽ പദങ്ങളും എല്ലായിടത്തുനിന്നും ഒഴിവാക്കാനുള്ള സാധ്യതയും ബില്ലിലുണ്ട്.

**2.6 പൊതുനീതിയും നിയമഭേദഗതികളും**

ഭാരതീയശിക്ഷാനിയമമനുസരിച്ചുള്ള ശിക്ഷാനടപടികൾ ഓരോ കുറ്റത്തിനും വിവിധകാലങ്ങളിലെ കോടതികൾക്കനുസൃതമായി കേരളത്തിലും നടന്നുവന്നിരുന്നു. കേരളത്തിലെ കോടതികളുടെ ആധുനിക വൽക്കരണത്തോടുകൂടിയും ഇന്ത്യൻശിക്ഷാനിയമത്തിന്റെ ആധുനീകരണത്തോടുകൂടിയും കേരളത്തിലും നിയമനടപടികൾ നീതിന്യായവ്യവസ്ഥക്കനുകൂലമായി ക്രമീകരിക്കപ്പെട്ടതായി കാണാം. 2023 ലാണ് ഇന്ത്യൻ ശിക്ഷാനിയമത്തിന്റെ ഭേദഗതികൾ ഏറ്റവും ഒടുവിലായി നടപ്പാക്കാൻ തീരുമാനിച്ചത്. വിവിധ

നിയമവിഷയങ്ങളിൽ അതുമായി ബന്ധപ്പെട്ട ചർച്ചകൾ പുരോഗമിക്കുന്നു. നിലവിലെ നിയമങ്ങളിലെ പല വകുപ്പുകളും ഇല്ലാതാക്കുകയും പുതിയത് കൂട്ടിച്ചേർക്കുകയും മ ചിലതിൽ ഭേദഗതികൾ വരുത്തുകയും ചെയ്യുന്നു. നിസ്സാരകുറ്റകൃത്യങ്ങൾക്ക് ആദ്യമായി 'സാമൂഹികസേവനം' ശിക്ഷയായി വ്യവസ്ഥ ചെയ്യുന്ന എന്നത് ഇന്ത്യൻ ശിക്ഷാനിയമത്തിലെ നൂതനവും കാര്യക്ഷമവുമായ ഒരു മാറ്റമാണ്. ബ്രിട്ടീഷുകാരുടെ ഭരണം സംരക്ഷിക്കാൻ ത- ാറാക്കിയ നിയമങ്ങളെ, ജനങ്ങളെ സംരക്ഷിക്കാനുള്ള നിയമങ്ങളാക്കി മാകേയെന്നതാണ് ഈ ബില്ലുകളുടെ പ്രഥമിക ലക്ഷ്യം എന്ന് അധികാരികൾ പറയുമ്പോഴുംപുതിയ ബില്ലിലെ വ്യവസ്ഥകളിൽ പലതും ഭരണസംവിധാനത്തിന് ജനങ്ങളുടെ വിമർശനങ്ങളിൽ നിന്ന് കൂടുതൽ സംരക്ഷണം നൽകുക എന്ന ലക്ഷ്യത്തോടെയാണ് നടപ്പിൽ വരുത്തുക എന്നത് വ്യക്തം. ഉദാഹരണത്തിന് രാജ്യദ്രോഹകുറ്റം (ഐ .പി. സി 124 എ) ഒഴിവാക്കും എന്നത് ശിക്ഷാനിയമത്തിൽ വരുത്തുന്ന വലിയ പൊളിച്ചെഴുത്താണ്. പുതിയ നിയമത്തിൽ 'രാജ്യദ്രോഹം' (സെഡീഷൻ) എന്ന പേരുമാറ്റിയെങ്കിലും ഇന്ത്യയുടെ പരമാധികാരത്തിനും ഐ ക്യത്തിനും അഖണ്ഡതയ്ക്കുമെതിരായ രാജ്യദ്രോഹക്കുറ്റങ്ങൾ ആരോപിക്കുന്ന പ്രവർത്തനങ്ങളോടൊപ്പം ഭരണപരിഷ്കാരം ഉദ്ദേശിച്ച് നിലവിലുള്ള ഭരണസംവിധാനത്തെ വിമർശിക്കുന്നതും കുറ്റകൃത്യമായി വ്യാഖ്യാനിക്കപ്പെട്ടേക്കാവുന്ന സ്ഥിതിയിലേക്കാണ് രാജ്യദ്രോഹം എന്ന കുറ്റം എത്തിച്ചേരുന്നത്. പ്രത്യക്ഷത്തിൽ സ്വാഗതാർഹമെന്ന് തോന്നിയേക്കാവുന്ന കാര്യങ്ങൾ ബില്ലിൽ പറയുന്നുണ്ടെങ്കിലും 1860 ൽ മെക്കാളെ അവതരിപ്പിച്ച ഇന്ത്യൻ ശിക്ഷാനിയമത്തിനു (ഐ .പി. സി) വിരുദ്ധമായ സംഗതികളും ബില്ലിലുണ്ട്. 'മെൻസ് റിയ'[3] എന്ന പ്രസിദ്ധമായ തത്ത്വത്തെ അടിസ്ഥാനമാക്കി മാനവികതയിലൂന്നിയ ശിക്ഷാനിയമത്തെയാണ് മെക്കാളെ അവതരിപ്പിച്ചത്. (പി.ജി. പത്മനാഭൻ, 2018:25) കുറ്റകൃത്യം ചെയ്ത വ്യക്തിയുടെ മാനസികാവസ്ഥയെ മനസ്സിലാക്കുംവിധമായിരുന്നു ഇത്. ഒരുവനെ ശിക്ഷിക്കുന്നതിനു പകരം ശിക്ഷയിൽ നിന്നും അയാളെ എപ്രകാരം ഒഴിവാക്കാം എന്ന ചിന്തയാണ് ഇതിനടിസ്ഥാനം. ഏഴ് എഴുപത് വട്ടം ക്ഷമിക്കുക എന്ന വേദപുസ്തകവചനം ആസ്പദമാക്കിയാണ് ഈ നിയമം രൂപപ്പെട്ടത്.[4] ശിക്ഷയിൽനിന്ന് ഒഴിവാക്കപ്പെടുന്നതിനുള്ള മുപ്പതോളം സാഹചര്യങ്ങൾ ഉൾപ്പെടുത്തി ഒരധ്യായം തന്നെ ഇന്ത്യൻ ശിക്ഷാനിയമത്തിലുണ്ട്. പുതിയ ബില്ലിലെ വ്യവസ്ഥപ്രകാരം എല്ലാ വകുപ്പുകളും നിയമങ്ങളും കൂടുതൽ കഠിനമാകുന്നതിനുള്ള സാധ്യതകൾ ഏറെയാണ്. ആൾക്കൂട്ട കൊലപാതകത്തിന് വധ ശിക്ഷ നൽകാമെന്ന പുതിയ വ്യവസ്ഥ വലിയതോതിൽ ദുരുപയോഗത്തിനും അപകട ത്തിനും കാരണമാകാം. ആൾക്കൂട്ടം കൊലനടത്തിയാൽ സന്നിഹിതരായിരുന്ന എല്ലാവർക്കും വധ ശിക്ഷ വിധിക്കുന്നതിലെ യുക്തിരാഹിത്യം വിമർശന വിധേയമാണ്. അപകീർത്തി എന്നതിനെ ക്രിമിനൽ

കുറ്റമായി നിലനിർത്തുന്നു എന്നതും പുതിയ ബില്ലിന്റെ അപര്യാപ്തതയാണ്. ആഗോളനിലപാടിനനുസൃതമായി അപകീർത്തിയുടെ ക്രിമിനൽ സ്വഭാവം ഒഴിവാക്കണമെന്ന ആവശ്യം പലപ്പോഴായി ജനങ്ങൾക്കിടയിൽനിന്ന് ഉയർന്നു വന്നിരുന്നുവെങ്കിലും അത്തരം വാദങ്ങളെ മാനിക്കാതെയാണ് ബില്ല് അവതരിപ്പിച്ചിരിക്കുന്നത്. കൂടാതെ ദാമ്പത്യത്തിലെ ലൈംഗികാതിക്രമത്തിന് പ്രത്യേക ശിക്ഷ നടപ്പിലാക്കുന്നില്ല എന്നതും ബില്ലിലെ പോരായയായി നിലനി ന്നു. എന്തുചെയ്യുന്നതിനും അങ്ങേക്ക് അധികാരം എന്ന നളചരിതത്തിലെ ദമയന്തിയുടെ പാഠം ആധുനിക നിയമവ്യവസ്ഥയിലും ബാധകമാകുന്ന ദുരന്തമാണ് ഈ നിയമത്തിലൂടെ സംഭവിക്കുന്നത്. സ്ത്രീയുടെ സ്വത്വത്തിനും ആത്മത്തിനും ഗാർഹസ്ഥ്യത്തിൽ സ്ഥാനം നവ പ്പെടുന്നതായിട്ടാണ് പുതിയ നിയമവ്യവസ്ഥകൾ വ്യക്തമാക്കുന്നത്. ‘ആത്മനവീകരണത്തിനുള്ള അവസരം കുറ്റവാളിക്ക് നൽകുന്നതിനു പകരം സമൂഹത്തിനും ഭരണകൂടത്തിനും തൃപ്തികരമാകുംവിധം ശിക്ഷയുടെ ഉറപ്പും കാർക്കശ്യവും വർദ്ധിപ്പിച്ചിരിക്കുന്നു. ശിക്ഷയെ സംബന്ധിച്ച് റിഫർമേറ്റീവ് തിയറിയിലേക്ക് ലോകം മുന്നേറുമ്പോൾ പല്ലിന് പല്ല് എന്ന റെട്രിബ്യൂട്ടീവ് തിയറിയിലേക്കാണ് നാം പിൻവാങ്ങുന്നത്. ജനാധിപത്യത്തിൽ ആവശ്യം വേണ്ടതായ വിയോജിപ്പിന്റെ ഇടങ്ങൾ പരിമിതമാക്കപ്പെട്ടിരിക്കുന്നു എന്ന വലിയ ദോഷവും ചൂണ്ടിക്കാട്ടേണ്ടതുണ്ട്’ (സെബാല്യൻ പോൾ, 2023:25). ഇന്ത്യൻ ജനതയെ ഒന്നാമതാക്കി വയ്ക്കകയും ഒരേ നിയമവ്യവസ്ഥയുടെ കീഴിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തിൽ രൂപപ്പെട്ട നിയമവ്യവസ്ഥകൾ വർഗീയതയുടെയും ജാതിയുടെയും അടിസ്ഥാ നത്തിൽ മനുഷ്യരെ വിഭജിക്കുന്നു എന്നത് ജനാധിപത്യ ഇന്ത്യ എന്ന സങ്കല്പത്തിനു തന്നെ തടസമായി നിാ ന്നുവെന്നു കാണാം.

നീതിന്യായ വിഭാഗത്തിലെ നടപടിക്രമങ്ങളിൽ വരുത്തുന്ന ആധുനികവൽക്കരണം സാധാരണ ജനങ്ങൾക്ക് ആശ്വാസകരമായ ചില പ്രതീക്ഷകൾകൂടി നൽകുന്നുണ്ട്. കോടതിയിൽ കേസുമായി എത്തുന്നതുതന്നെ വലിയ കൃ ദ്ധിമുട്ടായി തീരുന്ന അവസ്ഥയ്ക്ക് മാറ്റമുണ്ടാകുമെന്നതാണ് ഈ പുതിയ നിയമ ഭേദഗതികൾക്കൊണ്ട് സംഭവിച്ച നേട്ടം. കോടതി, പോലീസ് സംവിധാനം തുടങ്ങിയ സ്ഥാപനങ്ങളിലെ നടപടിക്രമങ്ങൾ വേഗത്തിലാക്കുകയും ലളിതമാക്കുകയും ചെയ്യുന്നതോടെ ജനങ്ങൾക്ക് നീതി ലഭ്യമാകുകയും അപ്രകാരം നിയമങ്ങൾ ജനകീയമാവുകയും ചെയ്യുന്നു. കോടതിവ്യവഹാരങ്ങളുടെ മന്ദഗതി മൂലം നീതി വൈകുന്നത് കണക്കിലെടുത്തുള്ള നിയമപരിഷ് ാരങ്ങൾ നടപ്പിലാക്കാനും പദ്ധതിയുണ്ട്. ‘പോലീസിൽ പരാതി നൽകിയാൽ 90 ദിവസത്തിനകം മറുപടി നൽകാൻ ഉദ്യാഗസ്ഥരെ ബാദ്ധ്യസ്ഥരാക്കുക, സർക്കാർ ഉദ്യോഗസ്ഥരെ പ്രോസിക്യൂട്ട് ചെ- ാനുള്ള അനുമതി 120 ദിവസത്തിനുള്ളിൽ ലഭിച്ചില്ലെങ്കിൽ അതു ലഭിച്ചതായി

കണക്കാക്കി നടപടികൾ അനുവദിക്കുക, കേസ് നടത്തിപ്പിൽ 2 അവധി മാത്രം അനുവദിക്കുക, ചെറിയകുറ്റങ്ങളിൽ " സ്വകാലവിചാരണ നടത്തി തീർപ്പാക്കുക തുടങ്ങിയ വ്യവസ്ഥകളുമുണ്ട്. സമൻസ് ഇ-മെയിലായും എസ്.എം.എസ് ആയും അയക്കുക, തെളിവെടുപ്പ് ഡിജിറ്റൽ സംവിധാനത്തിലാക്കുക തുടങ്ങി കോടതികളുടെ നടത്തിപ്പിനു ഗതിവേഗം നൽകുന്ന വകുപ്പുകളും ജനങ്ങൾക്ക് ആശ്വാസമാകും' എന്ന് 2023 ആഗസ് പന്ത്രണ്ടാം തീ- തിയിലെ മലയാള മനോരമ ദിനപത്രത്തിൽ ആർ.പ്രസന്നൻ എന്ന ലേഖകൻ രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധേയമാണ്. ഇപ്രകാരമുള്ള നിയമപരിഷ്കാരങ്ങൾ പുതിയ ബില്ലിലൂടെ പ്രാവർത്തികമാകുമെങ്കിലും നീതിന്യായവ്യവസ്ഥയുടെ അടിസ്ഥാന ഘടകങ്ങളിലോ നിയമത്തിന്റെ നടത്തിപ്പിലോ ശിക്ഷയുടെ സ്വഭാവത്തിലോ വലിയമാറ്റം ഈ നിയമഭേദഗതി പ്രതീക്ഷ നൽകുന്നില്ല.

സാഹിത്യേതരവ്യവഹാരങ്ങളായ കോടതിയും നിയമ വ്യവസ്ഥകളും നീതി നിർവഹണങ്ങളും കാലാകാലങ്ങളിൽ അടയാളപ്പെടുത്തുന്ന ഏറ്റവും നിലവാരപ്പെട്ട സാമൂഹിക ഉൽപന്നങ്ങളാണ് സാഹിത്യവ്യവഹാരങ്ങൾ എന്നതുകൊണ്ട് കേരളത്തിലെ കൗടിതികവ്യവസ്ഥകളുടെ സൂക്ഷ്മനിരീക്ഷണത്തിനും വിശകലനത്തിനുമായി സാഹിത്യകൃതികൾ പഠനവിധേയമാക്കുന്നു. മലയാള കഥാലോകത്തിന്റെ ആദ്യകാലം മുതൽ കോടതിയും നിയമനടപടികളും ശക്തമായി ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട് എന്നത് കേരളത്തിലെ നീതിന്യായവ്യവസ്ഥയുടെ ചരിത്രവും വിശകലനവും നടത്തുന്നതിന് ഉപാദാനമായി തെരെഞ്ഞെടുത്ത നോവലുകളുടെ പഠനം സാധ്യതയാക്കുന്നു. ഈ പ്രബന്ധത്തിലൂടെ കോടതിവ്യവഹാരങ്ങൾ മലയാള സാഹിത്യത്തിലെ തെരെഞ്ഞെടുത്ത കൃതികളിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ എന്ന് പഠിക്കാൻ തെരെഞ്ഞെടു ത്തതുതന്നെ ഈ ലക്ഷ്യം മുൻനിർത്തിയാണ്. കോടതി എന്ന വ്യവഹാരവും നോവലെന്ന വ്യവഹാരവും ഈ പഠനത്തിന് സൈദ്ധാന്തികമായ അടിത്തറ ഒരുക്കുന്നു.

**കുറിപ്പുകൾ**

1. "The lawyer without history is a mechanic, a mere working mason" -M.P.Jain, 2003,P.17.

2.'ഭഗവന്നാമകീർത്തനത്തിനും ഭജനത്തിനും ശാരീരിക അ" ദ്ധിയോ, സാമ്പത്തികസ്ഥിതിയോ, അവസ്ഥാഭേദമോ, തൊഴിലോ, ക്ഷ ാവസ്ഥയോ, കർമ്മത്താൽ സിദ്ധിച്ച ഴ ന്നത്യമോ, സമയഭേദമോ, കാലഭേദമോ ഒന്നുമേ ബാധകമല്ല. പാപഹഹാരകമായ ജപം ആർക്കും എപ്പോഴും ചെ- ാവുന്നതാണ്" (എഴുത്തച്ഛൻ, 2012:64).

3. മെൻസ്റിയ എന്നാൽ അപരാധമനസ്ഥിതി എന്നർത്ഥം. ഇംഗ്ലീഷ് നിയമം പണ്ടുമുതലേ അംഗാകരിച്ചിട്ടുള്ള തത്വമാണ് "Actus non facit reum nisi mens sit rea" AYhm ntent and act together will constitute a crime. ഒരു കൃത്യം മാത്രം കുറ്റമാവില്ല. കൃത്യത്തോടൊപ്പം കുറ്റം ലക്ഷ്യമാക്കുന്ന ഒരു മനസ്സും വേണം ദുവ ലാക്കുള്ള ഈ മനസ്ഥിതിയെയാണ് 'മെൻസ്റിയ' എന്നു വിളിക്കുന്നത്.

4. ബൈബിളിലെ മത്തായിയുടെ സുവിശേഷം പതിനെട്ടാം അധ്യായത്തിൽ നിർദയനായ ഷ്യന്റെ ഉപമ പറയുന്നിടത്താണ് ഈ വചനം. 'അപ്പോൾ പത്രോസ് മുന്നോട്ടു വന്ന് അവനോട് ചോദിച്ചു: കർത്താവേ, എന്നോട് തെ ചെയ്യുന്ന എന്റെ സഹോദരനോടു ീ ാനെത്ര പ്രാവശ്യം ക്ഷമിക്കണംന ഏഴു പ്രാവശ്യമോന യേ" അരുളിച്ചെയ്തു: ഏഴെന്നല്ല, ഏഴ്എഴുപതു പ്രാവശ്യം എന്നു ീ ാൻ നിന്നോടു പറയുന്നു' (മത്തായി, 18:22).

# അധ്യായം 3

## ആദ്യകാല മലയാളനോവലുകളിലെ കോടതിവ്യവഹാരം

വ്യവഹാരവിശകലനത്തിന്റെ സൈദ്ധാന്തികമായ അടിത്തറ ഒരുക്കുന്നതാണ് ഒന്നാം അദ്ധ്യായം. രണ്ടാമദ്ധ്യായത്തിലേക്ക് കടക്കുമ്പോൾ കോടതി എന്ന പ്രത്യേക വ്യവഹാരത്തിന്റെ ചരിത്രവും ഘടകങ്ങളും പരിശോധിക്കുന്നു. ഈ രണ്ട് അദ്ധ്യായങ്ങളുടെ അടിസ്ഥാനത്തിൽ മലയാള നോവലിലെ കോടതി വ്യവഹാരങ്ങൾ വിശകലനം ചെയ്യുക എന്ന പ്രബന്ധലക്ഷ്യത്തിലേക്ക് ആമുഖമായി ആദ്യകാലമലയാള നോവലിലെ കോടതിവ്യവഹാരങ്ങളെ സൂക്ഷ്മമായി അപഗ്രഥിക്കുകയാണ് ഈ അദ്ധ്യായത്തിൽ. ആദ്യകാലനോവലുകളുടെ സാമാന്യസ്വരൂപത്തെ വിശദീകരിച്ചുകൊണ്ട് കോടതിവ്യവഹാരങ്ങൾ കടന്നുവരുന്ന ശാരദയും സരസ്വതീവിജയവും വിശദമായ പഠനത്തിനും വ്യവഹാരാപഗ്രഥനത്തിനും വിധേയമാക്കുന്നു. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി ഇന്ത്യ പൂർണ്ണമായും കോളണിഭരണത്തിന്റെ കീഴിലാവുകയും സമൂഹത്തിന്റെ സമസ്തമണ്ഡലങ്ങളിലും അതിന്റെ അനുരണനങ്ങൾ ഉണ്ടാവുകയും ചെയ്തു. കൊളോണിയൽ ഭരണകൂടത്തിനു ഇന്ത്യയെ ആധുനികീകരിക്കാൻ ആവശ്യമായ ശക്തമായ അടിത്തറ രൂപപ്പെടുത്തിയത് അച്ചടിയും നാട്ടുഭാഷകളിൽ വളർത്തിയെടുത്ത എഴുത്തുസംസ്കാരവുമായിരുന്നു എന്നു കാണാം. മിഷനറി പ്രവർത്തനത്തിന്റെ ഭാഗമായി ഇന്ത്യയിലെ ബംഗാളിലും കേരളത്തിലുമുണ്ടായ നവസാംസ്കാരിക മുന്നേറ്റങ്ങൾ എഴുത്തിന്റെ വിശാലമായ ലോകത്തെ കേരളീയ പൊതുമണ്ഡലത്തിൽ വ്യാപിപ്പിച്ചു എന്നതാണ് പത്തൊമ്പതാം നൂറ്റാണ്ടിലെ ഏറ്റവും നിർണ്ണായകമായ സാമൂഹിക പുരോഗതി. സാമൂഹിക- സാംസ്കാരിക രംഗങ്ങളിൽ ബ്രിട്ടീഷ് ആധിപത്യത്തെ ഉറപ്പിക്കാനും ക്രിസ്തുമത പ്രചരണത്തെ ത്വരിതമാക്കാനും ലക്ഷ്യം വച്ചാണ് ആധുനിക വിദ്യാഭ്യാസ പ്രവർത്തനവും അച്ചടിയുടെ വ്യാപനവും പുതിയ എഴുത്തുരൂപങ്ങളുടെ നിർമ്മിതിയും ആരംഭിച്ചത് എങ്കിലും വിദ്യാഭ്യാസ സാമൂഹിക പ്രവർത്തനങ്ങളും അച്ചടിയുടെ വ്യാപനവും പത്രമാസികയുടെ പ്രചാരവും നിരക്ഷരരായ കേരളീയ ജനതയുടെ ജീവിതരീതികളിലും മൂല്യബോധങ്ങളിലും മാറ്റങ്ങൾ കൊണ്ടുവരികയും ജ്ഞാന വ്യവസ്ഥയുടെ പ്രവർത്തനത്തിന് ആക്കം കൂട്ടുകയും ചെയ്തു. ഇംഗ്ലീഷ് ഭാഷയുടെയും സാഹിത്യത്തിന്റെയും സ്വാധീനം കേരളീയ സാഹിത്യകാരന്മാരെയും എഴുത്തുകാരെയും നവ ആഖ്യാനരീതികൾ പരീക്ഷിക്കാൻ പ്രേരിപ്പിച്ചു. പുതിയ ജ്ഞാനവ്യവസ്ഥയുടെ ആവിഷ്കാരത്തിന് പാശ്ചാത്യസാഹിത്യരൂപങ്ങളായ ചെറുകഥയും നോവലും കൂടുതൽ ഉപയുക്തമാണ് എന്നു കണ്ടതോടെ നമ ടെ എഴുത്തുകാർ ഈ ആഖ്യാനരൂപങ്ങളിൽ കൂടുതൽ ശ്രദ്ധവെക്കുവാൻ ശ്രമിച്ചു. 'r ൽമോനി എന്നും കോരുണ എന്നും പേരായ രണ്ടു സ്ത്രീകളുടെ കഥ', 'ഘാതകവധം''പുല്ലേലിക്കുഞ്ചു' എന്നീ നോവലുകൾ മിഷനറിപ്രവർത്തനങ്ങളുടെ ഭാഗമായി കടന്നുവരികയും പിന്നീട് കൊളോണിയൽ വിദ്യാഭ്യാസം ലഭിച്ച തദ്ദേശീയരായ എഴുത്തുകാർ നോവൽ എന്ന സാഹിത്യരൂപത്തെ ഏറ്റെടു ക്കുകയും വളർത്തുകയും ചെയ്തു.'കുന്ദലത', 'ഇന്ദു ലേഖ', 'മാർത്താണ്ഡവർമ്മ','പരിd ാരപ്പാതി',

'ഇർ മതീസ്വയംവരം','മീനാക്ഷി','സരസ്വതീവിജയം', 'ശാരദ', 'പറങ്ങോടീ പരിണയം', 'ലക്ഷ്മീകേശവം', 'നാലുപേരിലൊരുത്തൻ', സുകുമാരി'എന്നീ നോവലുകൾ ആദ്യകാല നോവലുകളിൽ ശ്രദ്ധേയമായി.

ബ്രിട്ടീഷധികാരത്തെ നിലനിർത്താനും ഏകീകൃത രാഷ്ട്രവ്യവസ്ഥ സ്ഥാപിക്കുവാനും നീതിന്യായ സംവിധാനങ്ങളുടെ ആവിഷ്കാരം ആദ്യകാലനോവലുകളിലെ വിപുലസാധ്യതയായി മാറി. മരു മക്കത്തായത്തിൽനിന്ന് മക്കത്തായത്തിലേക്കും കൂട്ടുകുടുംബ സംവിധാനത്തിൽനിന്ന് അണുകുടുംബ സംവിധാനത്തിലേക്കും കുടുംബസ്വത്തിൽനിന്ന് ആളോഹരി വിഹിതങ്ങളിലേക്കും സാമൂഹിക- സാമ്പത്തി കക്രമം മാറിയതോടെ കോടതിയും നീതിന്യായവ്യവഹാര ങ്ങളും നിത്യജീവിതത്തിലെ ഒഴിവാക്കാനാവാത്ത സാന്നിധ്യമായി. കഥ എഴുതുവാനുള്ള ഒരു ആഖ്യാനമാതൃക എന്ന നിലയിൽ കോടതിയെ എഴുത്തുകാർ കണ്ടുതുടങ്ങി. വ്യത്യസ്ത ജീവിതമേഖലകളിൽ വ്യത്യസ്ഥ നിയമസംവിധാനങ്ങൾ പാലിച്ചുപോന്ന ജനങ്ങൾ രാഷ്ട്രമെന്ന ഏകകത്തിനു കീഴിലാകുമ്പോൾ പൊതുനിയമമെന്ന സാധ്യത ഉടലെടുക്കുകയും നിലവിലിരുന്ന നിയമനീതിപ്രമാണങ്ങൾ മാറ്റപ്പെടുകയും ചെയ്യുന്നു. ഈ മാറ്റത്തെയും അതിന്റെ പരിണിതഫലങ്ങളെയും എഴുത്തുകാർ നോവലിനു വിഷയമാക്കി. പാരമ്പര്യവും ആധുനികവുമായ നിയമസംവിധാനങ്ങൾ വഴി സംഭവിക്കുന്ന നീതിയുടെ പ്രശ്നങ്ങൾ നോവലുകൾ കൈകാര്യം ചെയ്തു.

മാനുഷികവും ദൈവികവുമായ നീതിസങ്കൽപ്പങ്ങളുടെ വിള്ളലും സംഘർഷങ്ങളും അനുരട്ട നവും ലോകസാഹിത്യത്തിലെ ഒ ഹദാഖ്യാനങ്ങളിലെല്ലാം ശ്രദ്ധേയമായി കടന്നുവരുന്നു. 'പാപത്തിന്റെ ശമ്പളമാണ് മരണമെങ്കിൽ എന്തിന് കുത ങ്ങൾ മരിക്കണമെന്ന'ദസ്തയേവ്സ്കിയുടെ ആധി ഇന്നും ലോകത്തിൽ കൊല്ല പ്പെടുന്ന കുത ങ്ങളുടെ നിലവിളിക്കും നീതിനിഷേധത്തിനുമെതിരെ ഉയർന്നുനിൽക്കുന്നു .കുരി" യുദ്ധങ്ങൾ മുതൽ ഗാസയിലെ ഇന്നത്തെ കലാപം വരെയും നീളുന്ന ക്രൈസ്തവ- ക്ക നീതിപ്രശ്നങ്ങൾ ടോൾലേ ായി, കസൻദസാക്കസ് തുടങ്ങിയ ഒ ഹദാഖ്യായികാകാരന്മാരിലൂടെ ലോകത്തിന്റെത്തന്നെ നൈതികപ്രശ്നമായി മാറിയിട്ടുണ്ട്.ക്രൈസ്തവനീതി ബോധത്തിന്റെ ജനകീയമുഖം 'പാവങ്ങളുടെ' തർജമയിലൂടെയാണ് മലയാളത്തിലേക്ക് കടന്നുവന്നത്. വിവിധ രാജ്യങ്ങളിൽ അനുഭവിക്കുന്ന വർഗീയവംശീയ കലാപങ്ങളും നീതിനിഷേധിക്കപ്പെടുന്ന മനുഷ്യരുടെ നിലവിളികളും അധികാരത്തിന്റെ ചാട്ടവാറൊലികളും ആണ് ലോകത്തിലെത്തന്നെ വലിയ, ഇതിഹാസതുല്യമായ നോവലുകളുകളുടെ പിറവിക്ക് കാരണമായത്. അഭയാർത്ഥികളുടെ പ്രവാഹവും നിസ്വജനതയുടെ കണ്ണീരും മലയാളത്തിലേക്ക് കടന്നുവന്നത് ഈ വിശ്വസാഹിത്യകൃതികളുടെ വിവർത്തനങ്ങളിലൂടെയും പാരായണങ്ങളിലൂടെയുമാണ്. അതുകൊണ്ട്ത്തന്നെ

നീതിനിഷേധത്തിന്റെ വലിയ കാൻവാസിൻ നോവൽ എന്ന ആഖ്യാനത്തിലൂടെയാണ് ആധുനിക കാലത്ത് ഏറെ ശ്രദ്ധേയമായ രചനകൾ ഉണ്ടായത്. മലയാള നോവൽ സാഹിത്യത്തിലും ആരംഭകാലത്തുതന്നെ ചന്തു മേനോനിലൂടെയും സി.വി. രാമൻപിള്ളയിലൂടെയും ഈ നൈതികപ്രശ്നത്തിന്റെ വിശാലമായലോകം മലയാളത്തിന് ലഭിച്ചു. രാജനീതിയും ദൈവനീതിയും പരസ്പരം കോർക്കുന്ന സി. വി രാമൻപിള്ളയുടെ മഹാ പ്രപഞ്ചത്തിൽ 'ദൈവനീതിക്കു ദാക്ഷിണ്യമില്ല' എന്ന് എഴുത്തുകാരൻ ശക്തമായി സമർത്ഥിക്കുന്നു.കോടതിയുടെ വ്യവസ്ഥാപിതഘടനയിലേക്ക് മലയാളനോവലിനെ ആദ്യമായി കൊണ്ടെത്തിക്കുന്നത് ഒ. ചന്തുമേനോനാണ്. മലയാളത്തിൽ നോവലുകളാണ് കോടതിയിലും കോടതിക്കു പുറത്തും നീതിനിഷേധത്തിന്റെയും നീതിനിർവ്വഹണത്തിന്റെയും ഒ ഹത്ചരിത്രം എഴുതിച്ചേർത്തത്.

മലയാളത്തിലെ ആദ്യകാലനോവലുകളായ 'കുന്ദലത', 'ഘാതകവധം', 'ലക്ഷ്മീകേശവം', 'മീനാക്ഷി', 'ഇന്ദുലേഖ''ശാരദ', 'സരസ്വതീവിജയം' എന്നീ നോവലുകളിൽ കോടതി, പോലീസ് തുടങ്ങിയ വ്യവഹാരങ്ങളെക്കുറിച്ചുള്ള പരമാർശങ്ങളും ആധുനിക നീതിന്യായവ്യവസ്ഥയുടെ ഉ ദ്യോഗിക നടപടിക്രമങ്ങളെക്കുറിച്ചുള്ള സൂചനകളും കടന്നുവരുന്നു. 1877 ൽ പുറത്തിറങ്ങിയ റിച്ചാർഡ് കോളിൻസിന്റെ 'ഘാതകവധം' എന്ന നോവൽ സുറിയാനിയായ കോശികുര്യന്റെയും പുലയനായ പൗലൂസിന്റെയും ജീവിതാഖ്യാനമാണ്. തിരുവിതാംകൂറിലെ ക്രിസ്ത്യാനികളുടെ ജാതിഭേദത്തെക്കുറിച്ചും സുറിയാനിസഭ, പ്രൊട്ടസ്റ്റന്റ് സഭ എന്നീ വിവിധ സഭകൾക്ക് കീഴാളവിഭാഗത്തോടുള്ള മനോഭാവത്തെക്കുറിച്ചും നോവൽ വ്യക്തമാക്കുന്നു. ജന്മിയായ കോശികുര്യൻ വാല്യക്കാരോടും പുലയരോടും പെരുമാറുന്നത് തികഞ്ഞ ദാർവ്യത്തോടും അവജ്ഞയോടുംകൂടി ആയിരുന്നു. സർക്കാർ ശിപായിമാരുടെ അധികാരത്തെക്കുറിച്ച് പാതിരിയച്ചൻ വാല്യക്കാർക്ക് പറത കൊടുക്കുന്ന സന്ദർഭത്തിൽ പഴയ ജന്മിത്തനിയമങ്ങൾക്കും നീതിവിചാരങ്ങൾക്കും ബദലായി പുതിയ നിയമങ്ങളും അധികാരവും കടന്നുവരുന്നതിന്റെ സൂചന കാണാം. അതുപോലെത്തന്നെ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ ആധുനികതയിലേക്ക് പരിണമിച്ചു കൊണ്ടിരുന്ന കേരളീയ ജനതയെയും അവരുടെ മധ്യവർഗസംസ്കാരത്തെയുംക്കുറിച്ച് 1892 ൽ കോമാട്ടിൽ പാഡു മേനോൻ രചിച്ച 'ലക്ഷ്മീകേശവ'മെന്ന നോവൽ വ്യക്തമാക്കുന്നു. ആധുനികമായ കുടുംബവ്യവസ്ഥയും മൂല്യസങ്കൽപങ്ങളും നൈതികബോധവും രൂപപ്പെട്ടുവരുന്നതിന്റെ സൂചനകൾ ലക്ഷീകേശവത്തിലുണ്ട്. നോവലിലെ പ്രധാനകഥാപാത്രമായ കേശവനുണ്ണിക്കും മറ്റും ഇംഗ്ലീഷ്ഭാഷയോടും സംസ്കാരത്തോടുമുള്ള ആഭിമുഖ്യം കൊളോണിയൽ മൂല്യസങ്കൽപങ്ങളോടുള്ള ആഭിമുഖ്യമായ മനസിലാക്കാവുന്നതാണ്. നോവലിലെ

കളവുകേസുമായി ബന്ധപ്പെട്ടാണ് ആധുനിക നീതിന്യായസംവിധാനങ്ങളെ അവതരിപ്പിക്കുന്നത്. തെളിവെടുപ്പ്, യാദാസ്ത് ത- ാറാക്കൽ, ന്യായവിചാരണ വിധി എന്നിങ്ങനെ കോടതിനടപടിക്രമങ്ങളെ കോടതിഭാഷയിൽത്തന്നെ വളരെ സമർത്ഥമായി നോവലിൽ രേഖപ്പെടുത്തുന്നു. ഇതുവഴി പുതിയ നിയമസംവിധാനത്തെയും അതിന്റെ വ്യവഹാരക്രമങ്ങളെയും സാധാരണക്കാർക്ക് വിശദീകരിച്ചു നൽകുകയാണ് പാഖ മേനോൻ ചെയ്യുന്നത്.

സാർവത്രികമായിരിക്കുന്ന ആധുനിക നിയമസംവിധാനങ്ങളെ മീനാക്ഷി എന്ന നോവലിലും കാണാം. നാട്ടുകാരുടെ പൊതുവർത്തമാനയിടങ്ങളിലും സ്ത്രീകൾ തമ്മിലുള്ള സംസാരത്തിൽപോലും കോടതി വ്യവഹാരകാര്യങ്ങൾ വിഷയ മാകുന്നുണ്ട്.(ജോർജ് ഇരുമ്പയം, 1982 :99) കീഴ്ക്കോടതി, ഹൈക്കോടതി എന്നിങ്ങനെ കോടതിയുടെ ഘടനയെയും സിവിൽ- ക്രിമിനൽ കേസുകളുടെ വ്യവഹാരക്രമങ്ങളെയും ഈ നോവലിൽ പരമാർശിക്കുന്നുണ്ട്. മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത നോവൽ എന്നു വിശേഷിപ്പിക്കുന്ന ചന്തുമേനോന്റെ 'ഇന്ദുലേഖ'യിലും കോടതിവ്യവഹാരങ്ങളെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ മലബാറിൽ നിലനിന്നിരുന്ന ജന്മിസമ്പ്രദായം, കൂട്ടുകുടുംബവ്യവസ്ഥ, വികലമായ സ്ത്രീപുരുഷബന്ധം എന്നിവയെ ഇന്ദുലേഖയിലൂടെ നോവലില് വിമർശിക്കുന്നു. മലബാറിന്റെ വൈയക്തിക അനുഭവങ്ങളിലും സാമൂഹികബന്ധങ്ങളിലും നവോത്ഥാനം വരുത്തിയ പരിവർത്തനങ്ങളെയാണ് നോവൽ അടയാളപ്പെടുത്തുന്നത്. ഇംഗ്ലീഷ്ഭാഷയുടെയും പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെയും ഭാഗമായി കേരളീയർക്ക് കൈവന്ന യുക്തിവിചാരം പഞ്ചുമേനോനെപോലെയുള്ള കാരണവന്മാരിലും അധികാരികളിലും ഭയം ജനിപ്പിക്കുന്നുണ്ട്. ഇതേ യുക്തിവിചാരത്തിലധിഷ്ഠിതമായ നീതിന്യായസംവിധാനത്തെ നോവലിൽ അവതരിപ്പിക്കുന്നതിലൂടെ മാറിവരുന്ന സാമൂഹിക ക്രമത്തെയും നീതിബോധങ്ങളെയും ഉറപ്പിച്ചെടുക്കുകയാണ് ചന്തു മേനോൻ ചെയ്യുന്നത്.

### 3.1 ശാരദ

മലയാളത്തിലെ ലക്ഷണമൊത്ത ആദ്യനോവലായ ഇന്ദുലേഖ രചിച്ചത് അഭിഭാഷകനും പിന്നീട് മുൻസിഫ് മായി തീർന്ന ഒ. ചന്തുമേനോനാണ്. കോടതിപരിസരവുമായി ഏറെ പരിചയമുള്ള വ്യക്തിയായിരുന്നു അദ്ദേഹം. തന്റെ ആദ്യനോവലായ ഇന്ദുലേഖ സ്ത്രീകൾക്കു വായിച്ചു രസിക്കാൻ വേണ്ടിയായിരുന്നെങ്കിൽ രണ്ടാമത്തെ നോവലായ ശാരദയിലെത്തുമ്പോൾ കുറച്ചുകൂടി ഗൗരവമാർന്ന സാമൂഹിക വിഷയമാണ് ചന്തുമേനോൻ കൈകാര്യം ചെയ്തത്. 16- ാം വയസ്സിൽ 'അൺകവനൻറ് സിവിൽ സർവീസ്' പരീക്ഷ

പാസായ ചന്തുമേനോൻ, 1864 ൽ സ്മോൾകേസ് കോടതിയിൽ : മസ്തനായി. പിന്നീട് പോലീസ് മുൻഷി, പോലീസ് ഹെഡ് മുൻഷി സിവിൽ കോടതിയിലെ ഹെഡ് ക്ലാർക്ക്, ആക്റ്റിങ് മുൻസിഫ്, മുൻസിഫ് എന്നീ നിലകളിൽ വിവിധ ഉദ്യോഗങ്ങളിൽ അദ്ദേഹം പ്രവേശിച്ചു. : മസ്തനെന്ന നിലയിലും അല്ലാതെയും നീതിന്യായക്കോടതികളുമായി ബന്ധപ്പെട്ട ജീവിതമാണ് ചന്തുമേനോൻ നയിച്ചത്. 35 വർഷത്തെ ഴ ദ്യോഗിക ബന്ധം അദ്ദേഹത്തിന് നീതിന്യായ കോടതികളുമായി ഉണ്ടായിരുന്നു. ഴ ദ്യോഗിക ജീവിതകാലത്ത് കോടതിമുമ്പാകെ എത്തിയിരുന്ന കേസുകളിൽ നിഴലിച്ചിരുന്ന ജനങ്ങളുടെ ബഹുവിധ സങ്കീർണതകളെയും സംഘർഷങ്ങളെയും അദ്ദേഹം തിരിച്ചറിയുകയും അവ നോവലിന് വിഷയമാവുകയും ചെയ്തു.

മക്കത്തായത്തിലേക്കുള്ള പരിവർത്തനദശയെയും കേരളീയ സമൂഹത്തിൽ അതിപരിചിതമായിരുന്ന കുടുംബസ്വത്തിന്റെ അവകാശ തർക്കത്തെയും നീതിന്യായവ്യവസ്ഥകളെയുമാണ് ശാരദ എന്ന നോവൽ അവതരിപ്പിക്കുന്നത്. ഫ്യൂഡലില് സാമൂഹികക്രമം നിലനിന്നിരുന്ന ബ്രിട്ടീഷ് മലബാറിന്റെ പശ്ചാത്ത ലത്തിലാണ് ശാരദ രചിക്കപ്പെടുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ കേരളീയ സമൂഹം നവോത്ഥാനപരമായ മാറ്റങ്ങൾക്ക് വിധേയമായി. കൊളോണിയൽ ജ്ഞാനവ്യവസ്ഥയുടെ പ്രചരണം നവോത്ഥാനത്തെ J തഗതിയിലാക്കുകയും നിലവിലിരുന്ന ജാതിവ്യവസ്ഥയ്ക്കെതിരായി പുതിയ ജനാധിപത്യരാഷ്ട്രീയബോധങ്ങൾ ഉടലെടുക്കുകയും ചെയ്തു. 1890 കളിൽ കൂട്ടുകുടുംബവ്യവസ്ഥിതിയെയും പ്രഭു മേൽക്കോയ്മയെയും തകർക്കുംവിധമുള്ള ചർച്ചകളും കോടതിവിധികളും കേരളീയ സമൂഹത്തിൽ രൂപപ്പെട്ടിരുന്നു. 1890 ൽ സർ. സി ശങ്കരൻനായർ മദ്രാസ് അസംT ിയിൽ അവതരിപ്പിച്ച മലബാർ വിവാഹബില്ല് നിരവധി വിവാ ദങ്ങൾ സൃഷ്ടിക്കുകയും തുടർന്ന് അതേ വർഷം തന്നെ മദ്രാസ് ഗവൺമെന്റ് മലബാർ മാര്യേജ് കമ്മീഷൻ രൂപീകരിക്കുകയും ചെയ്തു. ഇതോടെ കൂട്ടുകുടുംബവ്യവസ്ഥയുടെയും മരുമക്കത്ത സംവിധാനത്തിന്റെയും പ്രബലത നവ പ്പെട്ടു. കൂട്ടുകുടുംബ വ്യവസ്ഥയുടെ തകർച്ച പുതിയ സാമൂഹികക്രമം രൂപപ്പെടുന്നതിന് കാരണ മായിത്തീർന്നു. കെ. ശി" പാലന്റെ അഭിപ്രായത്തിൽ 'പുതിയ സാമൂഹ്യക്രമത്തിന്റെ ആവശ്യങ്ങളെ തൃപ്തിപ്പെടുത്താൻ മരുമക്കത്തായ കൂട്ടുകുടുംബവ്യവസ്ഥയ്ക്ക് കഴിയാതെ പോയി. അതിനാൽ ആധുനികസമൂഹം അതിന്റെ മൂല്യസങ്കൽപ്പത്തിന് നൽകുന്ന നവീന കുടുംബക്രമത്തിന് ജന്മം നൽകുകയുണ്ടായി... മരുമക്കത്തായ കൂട്ടുകുടുംബങ്ങൾ ഈ കാലയളവിനുള്ളിൽ തകർന്നു തരിപ്പണമായി പകരം പിതൃമേധാവിത്വം, ഏക ഭാര്യാഭർതൃവ്യവസ്ഥ രൂപം കൊണ്ടു' (ശി" പാലൻ, 1997:95). ഇത്തരമൊരു ചരിത്രപശ്ചാത്തലത്തിൽ എഴുതപ്പെട്ട 'ശാരദ' എന്ന നോവലിൽ അന്നത്തെ കേരളീയ സമൂഹത്തിന്റെ ചരിത്രപരവും സാമൂഹികവുമായ

എല്ലാ ഗതിവിഗതികളും വിഷയമായി. വ്യക്തിയെ ജീവിതകേന്ദ്രമാക്കി എഴുതുന്ന നോവലുകൾ അതിനെ ക്കുറിനിാ ന്ന സാമൂഹിക പരിസരത്തെക്കൂടി എഴുത്തിൽ ഉൾപ്പെടുത്തുന്നുണ്ട്. സാമൂഹിക ലോകത്തിന്റെ വിശാലതയെ വ്യക്ത്യാനുഭവങ്ങളുടെ പശ്ചാത്തലത്തിൽ എഴുതുകയെന്നത് ക്ലേശകരമാണെങ്കിലും തന്റെ ആദ്യ നോവൽ മുതൽ തന്നെ ഇത്തരമൊരു രചനാശൈലി പിന്തുടരുന്നുണ്ട്. കോടതിയിൽ നീതിന്യായവ്യവസ്ഥയുമായി ബന്ധപ്പെട്ട സ്വജീവിതാനുഭവ പരിസരത്തിൽ നിന്നാണ് ചന്തുമേനോൻ കഥയുടെ പശ്ചാത്തലം ഒരുക്കിയത്. 'മലബാർ മാര്യേജ് കമ്മീഷൻ അംഗം' എന്ന നിലയിൽ നായർത്തറവാട്ടുകളിൽ അക്കാലത്തുണ്ടായിരുന്ന നിരവധി അന്ത: ഛി ത്തങ്ങൾ നേരിൽക്കാണാൻ ചന്തുമേനോന് സാധിച്ചതിന്റെ ഫലമായാണ് ഇതേപോലൊരു നോവൽ രൂപപ്പെട്ടത്' എന്ന് ജോർജ് ഇരുമ്പയം അഭിപ്രായപ്പെടുന്നു (2012:85).'ചന്തുമേനോൻ മുൻസിഫ് മജിസ്ട്രേറ്റായതിനാൽ അവകാശസ്ഥാപനത്തിനുള്ള വമ്പിച്ച ഒരു സിവിൽ വ്യവഹാരത്തെയാണ് ഈ നോവലിൽ സ്വീകരിച്ചിട്ടുള്ളത്' എന്ന് പി. ശരച്ചന്ദ്രനും (1985:35) 'ന്യായാധികൃത മണ്ഡലത്തെയും അതിനെ ആശ്രയിച്ച് ഉപജീവിക്കുന്ന വക്കീലന്മാർ, : മസ്സന്മാർ, നാട്ടുകാര്യസ്ഥന്മാർ, വ്യവഹാരകാര്യസ്ഥന്മാർ, വ്യവഹാരപ്രിയരായ കുടുംബികൾ എന്നിങ്ങനെയുള്ളവരെയുംകുറിച്ച് ഉദ്യോഗകാലത്ത് സംഭവിച്ചിരുന്ന പരിജ്ഞാനം കലാമാർഗ്ഗമായി പ്രത്യക്ഷപ്പെടുത്തുകയാണ് ചന്തുമേനോൻ ചെയ്തത്' എന്ന് എം.പി. പോളും (1930:114). അഭിപ്രായപ്പെടുന്നത് ശാരദയിലെ വ്യവഹാരമണ്ഡലവും ചന്തുമേനോന്റെ ഴ ദ്യോഗിക ജീവിതാനുഭവവും തമ്മിലുള്ള ബന്ധത്തെ സാക്ഷിക്കുന്നു.

### 3.1.1 ശാരദയിലെ കൊളോണിയൽ വ്യവഹാരം

കൊളോണിയൽ അധിനിവേശത്തിനു ശേഷമുള്ള കേരളീയ സമൂഹത്തിലെ നീതിന്യായ പ്രശ്നങ്ങളാണ് ശാരദ എന്ന നോവലിൽ ആവിd രിച്ചിട്ടുള്ളത്. ഫ്യൂഡൽ അധികാരത്തിന്റെ തകർച്ചയും വ്യക്തിസ്വാതന്ത്ര്യത്തിന്റെ മൗലികചിന്തകളും ആഗോളതലത്തിൽ മാനവികതാസങ്കൽപത്തിൽ വന്ന നൂതന ആശയപരിസരങ്ങളും ശാരദയെന്ന കൃതിയിൽ കൊളോണിയൽ കോടതിവ്യവഹാരങ്ങളുടെ ആവിഷ്കാരത്തിനു പശ്ചാത്തലമൊരുക്കി. ശാരദ എന്ന കേന്ദ്രകഥാപാത്രത്തെ മുൻനിർത്തി, പൂഞ്ചോലക്കര എടമെന്ന നായർ തറവാട്ടിൽ നടക്കാനിരുന്ന സിവിൽ- ക്രിമിനൽ വ്യവഹാരങ്ങളെ അവതരിപ്പിക്കുന്ന നോവലാണ് ശാരദ.

കൊളോണിയൽ ഭരണക്രമത്തിന്റെ ഭാഗമായി കേരളീയ സമൂഹത്തിന്റെ വിവിധ തലങ്ങളിൽ സാംസ്കാരി കമായ വലിയ പരിവർത്തനങ്ങൾ സംഭവിച്ചു. 'കോളനികളിലെ ഉത്പാദനവ്യവസ്ഥയെയും അവിടുത്തെ സം l തിയെയും സ്വന്തം അധീശരൂപങ്ങൾക്ക് അനുരൂപമായ വിധം മാറ്റിയെടുക്കാൻ അധീശശക്തികൾ

ശ്രമിച്ചു. വാണിജ്യക്കരാറുകൾ, രാഷ്ട്രീയ നിയന്ത്രണതന്ത്രങ്ങൾ, മതപ്രചരണം തുടങ്ങിയവയുടെ അടിസ്ഥാനത്തിലായിരുന്നു ആദ്യം ശ്രമങ്ങൾ നടന്നത്. പിന്നീട് അത് ഒരു നിയമവ്യവസ്ഥയുടെ വ്യാപനം, പുതിയൊരു ക്രിസ്ത്യൻ-കൊളോണിയൽ ധാർമ്മികതയുടെ വളർച്ച, വിദ്യാഭ്യാസവും മെട്രോപോളിറ്റൻ ഭാഷയുടെ ആധിപത്യവും, പുതിയ സംവേദനരൂപങ്ങളുടെ വളർച്ച എന്നിവയിലേക്ക് നയിച്ചു എന്ന് കെ. എൻ.ഗണേശ് നിരീക്ഷിക്കുന്നു.' (2002:125) കൊളോണിയൽ ആശയാവലികളുടെ ഭാഗമായി ഫ്യൂഡൽവ്യവസ്ഥിതി തകരുകയും വിശ്വാസസംഹിതയിലൂന്നിയ ആചാരരൂപങ്ങൾക്ക് മാറ്റം സംഭവിക്കുകയും ചെയ്തു. താലികെട്ടു കല്യാണം, സംബന്ധം തുടങ്ങിയ കേരളീയ വൈവാഹിക ആചാരങ്ങൾ അപരിt തമാവുകയും കൊളോണിയൽ യുക്തിയുടെയും ധാർമ്മികമൂല്യങ്ങളുടെയും അടിസ്ഥാനത്തിൽ വിവാഹം രജില ർ ചെയ്യുകയും അണു കുടുംബവ്യവസ്ഥ ആരംഭിക്കുകയും ചെയ്തു. കാരണവരിൽ കേന്ദ്രിതമായിരുന്ന അധികാരം തർക്കപ്പെടുകയും മരുമക്കത്തായ സംവിധാനത്തിൽനിന്നും മക്കത്തായത്തിലേക്ക് കുടുംബസംവിധാനം മാറുകയും ചെയ്തു. കൊളോണിയൽ ആശയങ്ങളുടെ പ്രചരണത്തിന് ഭരണകൂട ഉപകരണങ്ങളായ കോടതി, ജയിൽ, പോലീസ് ലേ ഷൻ തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ആക്കം കൂട്ടിയതായും കാണാം. ഇതിന് പ്രധാനപട വഹിച്ചത് കൊളോണിയൽ വിദ്യാഭ്യാസമായിരുന്നു എന്നു നിസ്സംശയം പറയാം. പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ പൂർu മായും കൊളോണിയൽ ഭരണത്തിനു കീഴിലായ ഇന്ത്യയിൽ, കോളോണിയൽ ഭരണകൂടത്താൽ നിർമ്മിക്കപ്പെട്ട ജ്ഞാനമണ്ഡലം രൂപപ്പെടുത്തിയെടുത്ത പുതിയ ഭാഷാവ്യവഹാരങ്ങൾ സ്വാഭാവികമായും അതിസങ്കീർണ്ണമായ മനോഘടനയെയാണ് ആവിഷ്കരിച്ചത്. അതുവരെ നിലനിന്നിരുന്ന ജ്ഞാനവ്യവസ്ഥയെ അടിമുടി അഴിച്ചുപണിയുക എന്ന കർത്തവ്യം ഉചിതമായി നടപ്പിലാക്കാൻ മികച്ച മാധ്യമം എഴുത്തധികാരത്തിൻറേതു തന്നെയാണെന്ന് കൊളോണിയൽ ഭരണകൂടത്തിന് നന്നായി അിറയാമായിരുന്നു. എഴുത്തധികാരം അതിന്യൂനപക്ഷമായ സാക്ഷരസമൂഹത്തെ മാത്രമല്ല, അതിനപ്പുറം നിൽക്കുന്ന ബഹുഭൂരിപക്ഷം വരുന്ന നിരക്ഷരസമൂഹത്തെക്കൂടി ആധികാരികതയോടെ അഭിസംബോധന ചെയ്യുക എന്ന ദൗത്യമാണ് ഏറ്റെടുത്തത്. എന്നാൽ ഈ മാറ്റം രണ്ടുവിധത്തിലാണ് കേരളീയ സമൂഹത്തിൽ പ്രവർത്തിച്ചത്. മലബാറിൽ കൊളോണിയൽ അധിനിവേശം നേരിട്ടായിരുന്നു. ഇവിടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് ബാസൽമിഷനായിരുന്നു. തിരുവിതാംകൂർ - കൊച്ചി പ്രദേശങ്ങളിൽ നാട്ടുരാജാക്കന്മാരുടെ നേതൃത്വത്തിൽ ജാതിയിലും സമ്പത്തിലും ഉയർന്നവർക്കു മാത്രമായി വിദ്യാഭ്യാസം നൽകിയപ്പോൾ മലബാറിൽ ബാസൽമിഷന്റെ പ്രവർത്തനഫലമായി അധ: സ്ഥിത വിഭാഗത്തിനും വിദ്യാഭ്യാസം നേടാനായി. മലബാറിലെ എഴുത്തധികാര വ്യവസ്ഥയിലേക്ക് പ്രവേശനം ലഭിച്ച,

ജാതീയമായി പിന്നോക്കമെന്ന് മുദ്രകുത്തപ്പെട്ടവർക്ക് സാമൂഹ്യാധികാര പദവികളിലേക്കും അനായാസേന പ്രവേശനം ലഭിക്കുകയുണ്ടായിതിരു-കൊച്ചി പ്രദേശത്ത് എഴുത്തധികാരത്തിന്റെ മേഖലയിലേക്കു കടന്നുവന്ന ജാതീയമായി പിന്നോക്കമെന്നു മുദ്രകുത്തപ്പെട്ടവരെ സാമൂഹ്യാധികാരത്തിന്റെ പദവികളിൽ പ്രവേശിപ്പിക്കാതെ മാറ്റി നിർത്തുകയുണ്ടായി. അതുകൊണ്ടാണ് ഡോക്ടർ പൽപുവിന് ഈഴവ മെമ്മോറിയലുമായി തിരുവിതാംകൂർ മഹാരാജാവിനു മുന്നിൽ അപേക്ഷിച്ച നിൽക്കേണ്ടി വന്നത്. പരമ്പരാഗത നിയമവ്യവസ്ഥയിൽ നിലനിന്നിരുന്ന സമൂഹം കൊളോണിയൽ നിയമാവലിയുടെ ഭാഗമായത് സാക്ഷരതയിലൂടെയാണ്. അച്ചടിയുടെയും ഇംഗ്ലീഷ് ഭാഷയുടെയും വ്യാപനം ശക്തമാവുകയും അറിവിന്റെ കേന്ദ്രമായി സാക്ഷരത മാറുകയും ചെയ്തു. ഇത് കൊളോണിയൽ ജ്ഞാനവ്യവസ്ഥയുടെ ഉത്പാദനത്തെ ത്വരിതപ്പെടുത്തി. സാക്ഷരതയിലൂടെ ജനസമൂഹങ്ങളെ നിയമങ്ങളുടെ വരുതിയിൽ കൊണ്ടുവരാൻ സാധിച്ച. ഇതോടെ കേരളീയ സാമൂഹികക്രമത്തിനുതന്നെ മാറ്റം സംഭവിച്ചു.

**3.1.2 ശാരദയിലെ കോടതിവ്യവഹാരങ്ങൾ**

പുതിയ നിയമബോധനവും ന്യായവ്യവസ്ഥയുമായി ജനജീവിതത്തെ ബന്ധിപ്പിച്ചത് കോടതി എന്ന സ്ഥാപനമാണ്. ഫ്യൂഡൽ അധികാരത്തിലെ നീതിനിർവഹണത്തിൽ നിന്ന് ജനങ്ങളുടെ മധ്യത്തിലും ജനപങ്കാളിത്തത്തോടെയും ഉള്ള നീതിനടത്തിപ്പിലേക്ക് കോടതികൾ ഇറങ്ങിവന്നു. c ൾ, പോലീസ് ലേ ഷൻ, കോടതി ഇവയെല്ലാം സമൂഹത്തെ നീതിബോധനത്തിലേക്കും കൊളോണിയൽ അധികാരവ്യവസ്ഥയിലേക്കും വേഗത്തിൽ പരിശീലിപ്പിച്ചു. ഇങ്ങനെ രൂപപ്പെട്ട കേരളീയ സമൂഹത്തിന്റെ പരിച്ഛേദമാണ് 'ശാരദ'യിലെ കഥാപരിസരം. കൊളോണിയൽ ജ്ഞാനവ്യവസ്ഥയെ സാമൂഹിക ക്രമമാക്കി മാറ്റിയത് ഇംഗ്ലീഷ് വിദ്യാഭ്യാസവും വിദ്യാലയങ്ങളുമാണെങ്കിൽ കോളനിജ്ഞാനവ്യവസ്ഥയെ നിലനിർത്തിയ ശക്തമായ സ്ഥാപനം എന്ന നിലയിൽ കോടതി ര നീതിന്യായവകുപ്പ് പ്രസക്തമാകുന്നു. കൊളോണിയൽ വിദ്യാഭ്യാസക്രമത്തെ ശിക്ഷാകേന്ദ്രിതമെന്നും കൊളോണിയൽ സ്ഥാപനമായ കോടതിയെ ശിക്ഷണകേന്ദ്രിതമെന്ന നിലയിലും മനസിലാക്കാവുന്നതാണ്. അദ്ധ്യയനപാഠം എന്ന നിലയിൽ മനസിലാക്കിയിരുന്ന സം l തശിക്ഷാശാസ്ത്രം നിർബന്ധമായി അടിച്ചേൽപ്പിക്കുന്ന, പെരുമാറ്റച്ചട്ടങ്ങൾ ശീലിപ്പിക്കുന്ന c ൾ വിദ്യാഭ്യാസമായി മാറിയത് കോളനിഭരണകാലത്താണ്. അറിവ് ഉൽപാദിപ്പിക്കുകയല്ല, അറിവ് അടിച്ചേൽപ്പിക്കുകയാണ് ഈ ശിക്ഷാസസ ദായം. അതിലൂടെ സാമൂഹികക്രമം ശീലിക്കാത്തവരാണ് ശിക്ഷണനടപടികൾക്കു വിധേയമാകുന്നതും കോടതിയുടെ പരിധിയിൽ ഉൾപ്പെടുന്നതും.

കോടതിയും അധികാരവും തമ്മിലുള്ള ബന്ധത്തെ 'ശാരദ' എന്ന നോവലിൽ കൃത്യമായി അടയാളപ്പെടുത്തുന്നുണ്ട്. ആധുനികതയുടെ യുക്തിയിൽ അധിഷ്ഠിതവും ശാസ്ത്രീയമായ നീതിന്യായവിധികളാൽ നിയന്ത്രിക്കപ്പെടുന്നതുമായ കോളനി അധികാരം ഇന്ത്യയിലും മറ്റും സ്ഥാപിച്ച പത്തൊമ്പതാംനൂറ്റാണ്ടിന്റെ അറിവടയാളങ്ങളാണ് 'ശാരദ'യിൽ പ്രത്യക്ഷപ്പെടുന്നത്. അറിവ് അധികാരത്തെ നിലനിർത്തുകയും അധികാരം അറിവിനെ ഉൽപാദിപ്പിക്കുകയും ചെയ്യുന്ന ഫ്യൂക്കോൾഡിയൻ വ്യവഹാരമണ്ഡലമാണ് നവോത്ഥാന കേരളത്തെ സാധ്യമാക്കിയത്. കോടതിയും അധികാരവും ജനങ്ങളിൽ ചെലുത്തുന്ന സ്വാധീനവും അധികാരം സൃഷ്ടിക്കുന്ന അറിവിന്റെ സൂക്ഷ്മതലങ്ങളും എടത്തിലച്ചന് കൃഷ്ണമേനോനിൽനിന്ന് ലഭിക്കുന്ന എഴുത്തിലൂടെ സൂചിതമാകുന്നതോടെയാണ് ശാരദയിലെ വ്യവഹാരം ആരംഭിക്കുന്നത്. നിയമത്തെയും പുതിയ വ്യവഹാര രൂപങ്ങളെയുംകുറിച്ച് അറിവുള്ളവർ അതില്ലാത്തവരെ നിയന്ത്രിക്കുന്ന സന്ദർഭങ്ങൾ നോവലിലുണ്ട്. പൂഞ്ചോലക്കര എടത്തിലേക്ക് രാമൻമേ നോന്റെ വ്യവഹാരസംബന്ധിയായ എഴുത്ത് വന്നതിനുശേഷം അച്ചന് വർദ്ധിച്ച ഭയമുണ്ടാവുകയും കാര്യങ്ങൾ തന്റെ കൈപ്പിടിയിൽ ഒതുങ്ങില്ല എന്ന് തിരിച്ചറിയുകയും ചെയ്യുന്നു. 'അങ്ങനെയാവട്ടെ, ഉണ്ണിയുടെ ആലോചനപോലെ ചെയ്തോC. നമുക്ക് അപമാനമൊന്നും വരരുത്. അത്രമാത്രമേ ആഗ്രഹമുള്ളൂ' (ചന്തുമേനോൻ, 2010:33) എന്ന് അച്ചൻ പറയുന്ന സന്ദർഭത്തിൽ നിന്നും ഇത് വ്യക്തമാണ്. അത്രയും കാലം തറവാട്ടിലെ മൂത്ത കാരണവരിൽ മാത്രം കേന്ദ്രീകരിച്ചിരുന്ന അധികാരം ക്രമേണ മറ്റ് അംഗങ്ങളിലേക്കുകൂടി വ്യാപിക്കുന്നതായി കാണാം. നിയമമറിയുന്നവർ കർതൃസ്ഥാനം നേടുകയും നിയമ വശങ്ങളെക്കുറിച്ചും കോടതിവ്യവഹാരങ്ങളെക്കുറിച്ചും അജ്ഞരായവർക്ക് മറ്റുള്ളവരെ ആശ്രയിക്കേണ്ട സ്ഥിതിവരികയും ചെയ്യുന്നു. കാലങ്ങളായി കോടതിവ്യവഹാരങ്ങളിൽ ഏർപ്പെടുന്നുണ്ടെങ്കിലും അതെല്ലാം തങ്ങളുടെ ദുരഭിമാനവും കുടിപ്പകയും തീർക്കുന്നതിനായുള്ള ഒരു മാർഗ്ഗമായാണ് എടത്തിലെ കാരണവന്മാർ കരുതിയിരുന്നത്. എന്നാൽ കുടുംബത്തിന്റെ അസ്ഥിവാരം തകർക്കുംവിധമുള്ള ഒരവകാശസംബന്ധിയായ വ്യവഹാരത്തെ കൈകാര്യം ചെയ്യുന്നതിൽ വളരെ സൂക്ഷ്മതയോടും വിവിധ അഭിപ്രായങ്ങൾ സ്വീകരിച്ചുമാണ് അച്ചൻ പ്രവർത്തിക്കുന്നത്. തന്റെ നിയമത്തിലും വ്യവഹാരത്തിലുമുള്ള അജ്ഞതയെ തിരിച്ചറിയുകയും പുതിയ തലമുറയിലെ ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയവരുടെ പരിജ്ഞാനത്തെ അഭിനന്ദിക്കുകയും ചെയ്യുന്ന എടത്തിലച്ചനെയും, തിരുമുൽപാടിനെയും നോവൽ അവതരിപ്പിക്കുന്നു. കർയ്യര- നെ പോലുള്ള സാധാരണ വക്കീലന്മാരും കുണ്ടൻമേനോനെയും ശാമുമേനോനെയുംപോലുള്ള നാട്ടുകാര്യസ്ഥന്മാ രുമാണ് പൂഞ്ചോലക്കര വ്യവഹാരകാര്യങ്ങൾ തീരുമാനിച്ചിരുന്നത്. എന്നാൽ പുതിയ കേസിനാസ്പദമായ കോടതിവ്യവഹാരങ്ങളിൽ ഇടപെടാൻ അഭ്യസ്ത വിദ്യരായ വക്കീലന്മാരെ തന്നെ തേടുന്നത് അറിവും അധികാരവും തമ്മിലുള്ള ബന്ധത്തെ

കുറെക്കൂടി വ്യക്തമാക്കുന്നു. എടത്തിലച്ചനും തിരുമുൽപ്പാടും തമ്മിലുള്ള വ്യവഹാരത്തിൽ തോൽവി തിരുമുൽപ്പാടിനാണ്. ഇത് ലേഖ ചെണ്ടക്കൊട്ടിക്കുന്ന സൂര്യനഫൂ  തിരിപ്പാടിനെ ചിത്രീകരിച്ചതിന്റെ തുടർച്ചയായി കോടതിവ്യവഹാരങ്ങളിൽ കമ്പം പിടിച്ച് സകലതും നശിപ്പിക്കുന്ന തറവാട്ടുകാരണവന്മാരെ വിമർശിക്കുകയാണ് ചന്തുമേനോൻ ചെയ്യുന്നത്. തിരുമുൽപ്പാടിന്റെ ചിത്രീകരണത്തിലൂടെ ഒരുകാലത്ത് അറിവും അധികാരവും ക- ാ ളിയിരുന്ന ബ്രാമ ണകുലത്തിന്റെ പരിതാപകരമായ സമകാല സാമൂഹികാവസ്ഥയെ വിമർശനാത്മകമായി അപഗ്രഥിക്കുകയാണ് ചന്തുമേനോന്റെ ലക്ഷ്യമെന്ന് സൂക്ഷ്മവിശകലനത്തിൽ മനസിലാക്കാം.

### 3.1.2.1 കോടതി എന്ന വ്യവഹാരസ്ഥലം 'ശാരദ' യിൽ

'ശാരദ'യിൽ കോടതിയധികാരത്തെ പ്രതിനിധീകരിക്കുന്ന കോടതി എന്ന സ്ഥലരാശി സമൂഹമധ്യത്തിൽ തലയെടുപ്പോടെ നിൽക്കു കയും അതിനെ കേന്ദ്രീകരിച്ച് ഭരണസംവിധാനങ്ങൾ ഒരുങ്ങുകയും ചെയ്യുമ്പോഴാണ് ആധുനികനഗരരൂപീകരണം സാധ്യമാകുന്നത്.നോവലിന്റെ പത്താമദ്ധ്യായത്തിലാണ് കോടതിയെന്ന സ്ഥലവുമായി ബന്ധപ്പെട്ടിട്ടുള്ള വിവരങ്ങളുള്ളത്. പൂഞ്ചോലക്കര എടം, ഉദയന്തളി രാമവർമ്മൻ തിരുമുൽപ്പാടിന്റെ കോവിലകം എന്നിങ്ങനെ നോവലിൽ പരമാർശിക്കുന്ന പ്രധാന പ്പെട്ട സ്ഥലങ്ങളെല്ലാം സ്ഥിതിചെയ്യുന്നത് ഒരു ഡിസ്ട്രിക്ട് ജഡ്ജിയുടെ സിവിൽ- ക്രിമിനൽ അധികാര പരിധിയ്ക്കു കീഴിലാണ് കൂടാതെ ആറ് മുൻസിഫ  മാരും ഒരു സബോർഡിനേറ്റ് ജഡ്ജിയും ഇതേ ഡിസ്ട്രിക്ടിനു കീഴിൽ അധികാരത്തിലുണ്ട്. രണ്ടായിരത്തി അഞ്ചു  റ്റ രൂപയ്ക്കു മുകളിലുള്ള സിവിൽ കേസുകൾ, ഡിസ്ട്രിക്ട് ജഡ്ജി അയക്കുന്ന അപ്പീലുകൾ, സ്മാൾകേസ് വ്യവഹാരങ്ങൾ എന്നിവ കൈകാര്യം ചെയ്തിരുന്നത് സബോർഡിനേറ്റ് ജഡ്ജിയാണ്. ഡിസ്ട്രിക്ട് കോർട്ട്, സബോർഡിനേറ്റ് ജഡ്ജിയുടെ കോർട്ട്, കസബാ മുൻസിഫ് കോർട്ട് എന്നിവയെല്ലാം സ്ഥിതിചെയ്യുന്നത് ഒരു മതിൽക്കെട്ടിനുള്ളിൽത്തന്നെയാണ്. തുടർന്നുള്ള അദ്ധ്യായങ്ങളിൽ കോടതിവ്യവഹാരങ്ങൾക്കുള്ള പ്രാധാന്യത്തെ പരിഗണിച്ച് ദീർഘമായ കോടതിപരിസരവർണ്ണനതന്നെ പത്താമദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 'കോടതിയിലെ ജഡ്ജിമാർ, കോടതിയിലുള്ള ഉദ്യോഗസ്ഥന്മാർ,വക്കീലന്മാർ,വക്കീലന്മാരുടെകീഴുദ്യോഗമായിരിക്കുന്നവർ,വ്യവഹാരകാര്യസ്ഥന്മാർ,നാട്ടുകാര്യസ്ഥന്മാർ,കച്ചവടക്കാർ,കൃഷിപ്രവൃത്തിക്കാർ,വിദ്യാപരിശ്രമക്കാർ, കൈവേലപ്രവൃത്തിക്കാർ, കൂലിവേലക്കാർ, ചൂതാട്ടക്കാർ, വ്യഭിചാരവൃന്ദങ്ങൾ, മുതലായവ അനേകവിധമായ ജനങ്ങളുടെ സാമാന്യത്താൽ തിങ്ങിവിങ്ങി ഇരിക്കുന്ന ഒരു പട്ടണമാണ് ഇത്' (ചന്തുമേനോൻ, 2010:124). ഈ പട്ടണത്തോടുചേർന്ന് തന്നെയാണ് വക്കീലന്മാരുടെ വീടുകളും സ്ഥിതി ചെയ്യുന്നത്. അതിനാൽ പ്രഭാതം മുതൽ വ്യവഹാരങ്ങൾക്കായി

വരുന്നവരുടെ തിരക്കാണ് ഈ പട്ടണത്തിലെന്ന് നോവലിൽ പരമാർശമുണ്ട്. 'വക്കീലന്മാരും വക്കീലന്മാരും കൂടി ഒരു തെരക്ക്. മറ്റൊരേടത്ത് കക്ഷികളും കക്ഷികളും കൂടി ഒരു തെരക്ക്. മറ്റൊരിടത്ത് വ്യവഹാര കാര്യസ്ഥന്മാരും കക്ഷികളും കൂടി ഒരു തെരക്ക്. ഒരേടത്ത് നാട്ടുകാര്യസ്ഥന്മാരും കക്ഷി കളുംകൂടി ഒരു തെരക്ക്. മറ്റൊരേടത്തു ചോറുവെച്ചു വിൽക്കുന്നപട്ടന്മാരും കക്ഷികളുംകൂടി ഒരു തെരക്ക്. മറ്റൊരേടത്തു ചായവെച്ചു വിൽക്കുന്ന പട്ടന്മാരും ചായവെച്ചു വിൽക്കുന്ന നായന്മാരും കൂടി ഒരു തെരക്ക് ഇതെല്ലാം സാമാന്യം ശമനമാവണമെങ്കിൽ നേരം പത്തുമണി കഴിയണം പത്തുമണിക്കു കോടതി സംബന്ധപ്പെട്ടിട്ടുള്ളവർ എല്ലാം കോടതിയിലേക്കായി പോകും' (പുറം:126). ഇപ്രകാരം കോടതിപരിസരത്തെ സൂക്ഷ്മമായി വിവരിച്ചുകൊണ്ടാണ് നോവലിന്റെ ആരംഭഘടന.

കോടതിപരിസരത്തെക്കുറിച്ച് വർണിക്കുന്നതുപോലെത്തന്നെ വക്കീലന്മാർ ഒത്തുചേരുന്ന ക്ലക്യ കളുടെയും ബാറുകളുടെയും വിവരണവും നോവലിൽ കാണാം. കോടതിയ്ക്കു പുറത്ത് അഭിഭാഷകർക്ക് ഒത്തുകൂടുന്ന ഇടമായാണ് ബാറുകളെ അവതരിപ്പിക്കുന്നത്. ഇന്ന് നാം കാണുന്ന ബാർകൗൺസിലുകളുടേതിന് സമാനമായ ഒരിടമായി തന്നെ ഇത്തരം ബാറുകളെ മനസ്സിലാക്കാം. ബാർ കൗൺസിലുകളെക്കുറിച്ച് ഒന്നോ രണ്ടോ സൂചനകൾ മാത്രമേ നോവലിലുന്ധ എന്നാൽ ക്ലക്യ കളെക്കുറിച്ച് ദീർഘമായ വർണനയാണ് നോവലിലുള്ളത്. പൂഞ്ചോലക്കര എടത്തിലെ വ്യവഹാരകാര്യസ്ഥനായ താശ്ശൻമേനോൻ വക്കീലന്മാരെ അന്വേഷിച്ചിറങ്ങുമ്പോഴാണ് അവർ 'കൊളമ്പിൽ' വായിക്കാൻ പോയിരിക്കുന്നു' എന്നറിയുന്നത്. വക്കീലന്മാർ ീ ായറാളകളിലും അവധിദിവസങ്ങളിലും വായനയ്ക്കും മമോയി ഒത്തുകൂടുന്ന സ്ഥലമാണ് 'കൊളമ്പ്' (ക്ലബ്) എന്ന് താശ്ശൻമേനോൻ മനസ്സിലാക്കുന്നു. പിന്നീട് ക്ലബിന്റെ വളരെ വിശദമായ വിവരണങ്ങൾ നോവലിൽ വർണിക്കുന്നു. താശ്ശൻമേനോൻ വ്യവഹാര കാര്യങ്ങൾക്കായി പണ്ട് വന്നിരുന്ന ഒരു പഴയ മഠമാണ് ഇന്നത്തെ ക്ലബ് ഹരിഹരൻപട്ടരെന്ന ചോകേച്ചവടക്കാരൻ ചോറുവെച്ചു വിറ്റിരുന്ന സ്ഥലമായിരുന്നു ഇത് മുമ്പത്തേതിലും വളരെ ജിർണാവസ്ഥയിലാണ് മഠം ഇപ്പോഴുള്ളത് എന്നിങ്ങനെ പറത കൊണ്ട് ക്ലബിന്റെ ജീർണാ വസ്ഥയെ ദീർഘമായി വിവരിക്കുന്നുണ്ട് (പുറം:83). നോവലിൽ കോടതിമുറിയിലെ രംഗങ്ങളോ കോടതിക്കകത്തെ വാദപ്രതി വാദങ്ങളോ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കോടതിപരിസരവുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾ മാത്രമാണ് നോവലിലുള്ളത്.

### 3.1.2.2 കോടതിയധികാരത്തിന്റെ മൂർത്തരൂപങ്ങൾ

കോടതിയിൽ ജഡ്ജിമാർ, വക്കീലന്മാർ, : മസ്കന്മാർ തുടങ്ങിയവരിലൂടെയാണ് അധികാരം ശ്രേണീകരിക്കപ്പെടുകയും അധികാരവ്യവഹാരങ്ങൾ ജനങ്ങളിലേക്ക് എത്തുകയും ചെയ്യുന്നത്. കോടതി എന്ന ഭാഷയെ തന്നെ ജഡ്ജിയെ സൂചിപ്പിക്കുന്ന വ്യവഹാരമണ്ഡലമാണ് ഇന്ത്യയിൽ നിലവിലുള്ളത്. അധികാരത്തിന്റെ മൂർത്തരൂപമായി കോടതിയെ കാണുന്നു എന്നിടത്താണ് 'Your Honor', Your oordship' തുടങ്ങിയ ആചാരപദങ്ങൾ ഉപയോഗിക്കുന്നത്. ബ്രിട്ടീഷ് കൊളോണിയൽ പിന്തുടർച്ചയിൽ കA കെട്ടിയ ഗ്രീഷ്യൻ നീതിദേവത ഇന്ത്യയിലേക്കും കടന്നുവന്നു. ഈ സങ്കല്പത്തിൽ കോടതിയുടെ നിക്ഷ്പക്ഷത മാത്രമല്ല അധികാരത്തിന്റെ കേന്ദ്രീകരണംകൂടി വ്യക്തമാകുന്നു എന്നിടത്താണ് ആധുനികതയുടെ യുക്തി. ഒരു സിവിൽ വ്യവഹാരത്തിന്റെ കഥ പറയുന്നതിനാൽത്തന്നെ നോവലിൽ നിരവധി വക്കീലന്മാരെയും അവരുടെ യോഗ്യതകളെയും കുറിച്ച് പ്രതിപാദിക്കുന്നു. ഒരു വക്കീലെന്നാൽ എപ്രകാരമായിരിക്കണമെന്നും മാതൃകാവക്കീലിനുവേണ്ട : ണങ്ങൾ എന്തെല്ലാമായിരിക്കണമെന്നുമുള്ള ചന്തുമേനോന്റെ സൂക്ഷ്മവിശദീകരണത്തിന്റെ ഉദ്ദേശം ജനങ്ങൾക്കിടയിൽ വക്കീലന്മാരെക്കുറിച്ച് പൊതുബോധം സൃഷ്ടിക്കുകയാണെന്നുകാണാം. കൊളോണിയൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ലഭിക്കുന്ന അറിവും, വക്കീലുദ്യോഗം വഴി ലഭിക്കുന്ന സാമൂഹികമായ ഴ ന്നത്യവും വായനക്കാരനിലേക്കെത്തിക്കുന്നതിലൂടെ പുതിയ സാമൂഹികക്രമത്തെക്കുറിച്ചുള്ള ചിന്തകളുടെ വ്യാപനമാണ് നോവലില് ഉദ്ദേശിക്കുന്നത്. പൂഞ്ചോലക്കര എടത്തിലെ തന്നെ അംഗമായ കൃഷ്ണമേനോനാണ് നോവലിൽ ആദ്യം പരാമർശിക്കുന്ന വക്കീൽ സിവിൽ വ്യവഹാരസംഗതിയിൽ മുഖ്യനായി വരുന്ന കഥാപാത്രമായതിനാൽ ഇദ്ദേഹത്തിന്റെ പ്രകൃതത്തെപ്പറ്റി അല്പം വിവരി ക്കാമെന്ന് പറത കൊണ്ടാണ് ചന്തുമേനോൻ തന്റെ കഥാപാത്രത്തെ വർണ്ണിക്കുന്നത്. 'സൃഷ്ടിയിൽ ഇദ്ദേഹത്തിന്റെ ദേഹലാവണ്യം എത്ര ധാരാളമായിത്തന്നെ ഇദ്ദേഹത്തിന്റെ ശരീരകാന്തികൊണ്ടും കൃ ദ്ധി വിദഗ്ദ്ധ തകൊണ്ടും കൃ ദ്ധിമാന്മാരായ എല്ലാ മനുഷ്യരും ഇദ്ദേഹത്തെ വളരെ സ്നേഹിച്ചുവന്നു' (പുറം:112). അന്നത്തെ കാലത്ത് ത്ത്യസ്ഥ ന്മാരായ യുവാക്കളെപ്പോലെ സ്വർണ്ണം തുടങ്ങിയവക്ക് ത്ത്യം ചെലവിടുന്ന രീതി കൃഷ്ണമേനോന് ഉണ്ടായിരുന്നില്ല മറിച്ച് തർക്കം, സൃഷ്ടി, തത്വജ്ഞാനശാസ്ത്രം, മനോവികാരതത്വജ്ഞാനശാസ്ത്രം, ɲ ഹികവൃത്തി, തത്വശാസ്ത്രം, ശരീരശാസ്ത്രം, ലോകചരിത്രങ്ങൾ, വ്യവഹാരശാസ്ത്രം എന്നീ വിഷയങ്ങളെ പ്പറ്റിയുള്ള പുസ്തകങ്ങൾ വാങ്ങി വായിക്കുന്നതിനാണ് അദ്ദേഹം പണം ചെലവാക്കിയത്. കൃഷ്ണമേനോന്റെ കഴിവ് തിരിച്ചറിഞ്ഞ് ഗവൺമെന്റ് നേരിട്ട് ഒരു ഉദ്യോഗം നൽകാൻ ത- ാറായെങ്കിലും തന്റെ ഇപ്പോഴത്തെ

സ്വാതന്ത്ര്യത്തിനു ഭംഗം വരുമെന്ന് കരുതി അദ്ദേഹം സർക്കാരുദ്യോഗത്തിൽ പ്രവേശിച്ചില്ല എന്ന് നോവലില് എഴുതുന്നു. സദാവായനയിൽ മുഴുകിയിരുന്നതിനാൽ അധികം സ്നേഹിതന്മാർ ഇദ്ദേഹത്തിനുണ്ടായിരുന്നില്ല. സ്ത്രീവിഷയത്തിലും ഒട്ടുംതന്നെ തൽപരനായിരുന്നില്ല കൃഷ്ണമേനോൻ എന്ന് കഥാപാത്രവർണനയിൽ സൂചനയുണ്ട്. തങ്കവർണനിറവും അപാരമായ സൗന്ദര്യവും കണ്ട് കോമളാംഗികളായ സ്ത്രീകൾ മോഹിക്കാറുണ്ടെങ്കിലും ആരെയും ഗൗനിക്കാതെ ജ്ഞാനസമ്പാദനം മാത്രം ലക്ഷ്യമാക്കിയാണ് കൃഷ്ണമേനോൻ ജീവിച്ചിരുന്നത്. കഥാനായകനായ രാമൻമേനോന്റെ എഴുത്തിന് പൂഞ്ചോലക്കര അച്ചനുവേണ്ടി മറുപടി അയക്കുന്നത് ഇദ്ദേഹമാണ്. ആ മറുപടി അത്യന്താൽ വിശേഷമാണെന്ന് ഏവരും അഭിപ്രായപ്പെടുകയും കൃഷ്ണമേനോന്റെ പാണ്ഡിത്യത്തെ പ്രശംസിക്കുകയും ചെയ്യുന്ന സന്ദർഭങ്ങൾ നോവലിലുണ്ട് (പുറം:103).

നോവലിൽ കൃഷ്ണമേനോനുശേഷം കടന്നുവരുന്ന വക്കീലന്മാരിൽ പ്രധാനികളാണ് ശാമുമോനോൻ, കർയ്യര- ൻ എന്നിവർ. പുഞ്ചോലക്കര എടത്തിലെ ആശ്രിതനാണ് ശാമുമേനോൻ. എടത്തിലെ വ്യവഹാര ങ്ങളല്ലാതെ മറ്റൊരു കേസും ശാമുമേനോന് ലഭിക്കാറില്ല എന്ന് പൂഞ്ചോലക്കര അച്ചൻ പറയുന്നുണ്ട്. 'പണം വാങ്ങാനും നിലം ചാർത്തി വാങ്ങാനും പഠിച്ചാൽ പോരാ നമുക്ക് ആവശ്യമുള്ള പ്രവർത്തികൾക്കൂടി ചെ- ണ മെന്നു കർയ്യരവും ശാമുവും ഓർക്കാത്തത് ആശ്ചര്യം. കർയ്യരത്തിനു പക്ഷേ, തിരക്കുണ്ടായിരിക്കാം. അയാൾക്കു വളരെ നസകൾ ഉണ്ട്. ഈ പൊട്ട ശാമുവിനുകൂടി ഇത്ര ധാർവ്യമായിപ്പോയോ, ഇവിടത്തെവക നസല്ലാതെ അവന് ഒന്നും ഇല്ല, ഇന്നാൾ ആ നിലം ചാർത്തികൊടുത്തതു, തെറ്റായിപ്പോയി അതു കിട്ടുന്നതുവരെ അവൻ ഇവിടെനിന്ന് ഒരു സമയവും വിടാറില്ല. അപ്പോൾ നമ്പറും തിരക്കും ഒന്നും കണ്ടില്ലാ രാവുപകൽ എന്റെ പിന്നാലെതന്നെ' (പുറം:90) മാത്രവുമല്ല പുതിയ വക്കിലന്മാരോട് ചെറിയരീതിയിൽ അസൂയയും തന്റെ കഴിവി ല്ലായയെക്കുറിച്ച് ബോധ്യവും ശാമുമേനോനുണ്ട്. അദ്ദേഹം ത- ാറാക്കുന്ന വ്യവഹാരത്തെ സംബന്ധിച്ച കത്തിനെ രാഘവ മേനോനും മാധവമേനോനും പരിഹസിക്കുമ്പോൾ ദേഷ്യഭാവത്തിൽ അവിടെനിന്ന് സ്ഥലം വിടാനുള്ള ശ്രമമാണ് ശാമുമോനോൻ നടത്തുന്നത്. നിയമസംബന്ധമായ കാര്യങ്ങളിൽ മാത്രമല്ല മറിച്ച് സാഹിത്യ സംബന്ധമായവയിലും ശാമുമോനോന് ഗ്രാഹ്യം കുറവാണ് 'ഇംകരീസ് ഒരൽപ്പം മാത്രമേ പഠിച്ചിട്ടുന്ധ എന്തോ ഒരു 'മറ്റിക്കലശൻ' പരീക്ഷയും കൊടുത്തിട്ടുണ്ട് ഇങ്കരീസ് ശാസ്ത്രം സാമാന്യം അറിയുമായിരിക്കാം എന്നാൽ ആളുകൾ ഒന്നും അയാളുടെ അടുക്കെ പോകുന്നില്ല' (പുറം:132) എന്നിങ്ങനെയുള്ള നോവൽ സന്ദർഭങ്ങളിൽനിന്നും ശാമുമേനോനെക്കുറിച്ചുള്ള ചിത്രം വ്യക്തമാണ്. മ േ വക്കീലന്മാരുടെ അത്രയ്ക്ക് വിദ്യാഭ്യാസം ഇല്ലെങ്കിലും സമർത്ഥനായ വക്കീലായാണ് കർയ്യര- നെ അവതരിപ്പിക്കുന്നത്. ഇദ്ദേഹം

എടത്തിലെ ആശ്രിതനല്ല എന്നു മാത്രമല്ല 'പ്രസ്തു കുടുംബത്തിലെ അംഗമാണെന്ന സൂചനയുമുണ്ട്. 'ഇത്ര വലിയ പ്രസ്തുക്കണ്മാരെ വക്കീലണ്മരയാൽ ഇങ്ങനെ യിരിക്കും' (പുറം:102) എന്നാണ്. എടത്തിലച്ചൻ കർയ്യര- നെക്കുറിച്ച് പറയുന്നത്. 'പട്ടർ അതിസമർത്ഥനായ ഒരു വക്കീലാണ്. വ്യവഹാരശാസ്ത്രത്തിൽ അതിനിപുണനും കാര്യംഗ്രഹിക്കുന്നതിലും ഗ്രഹിച്ചാൽ അതിനെപ്പറ്റി പ്രവർത്തിക്കുന്നതിലും വളരെ നൈപുണ്യമുള്ള ആളും ആകുന്നു. എന്നാൽ വ്യവഹാരകാര്യങ്ങൾ ഒഴികെയുള്ള സംഗതികളിൽ അറിവു വളരെ കുറയുമെന്നല്ല സം l  തത്തിൽ പരിജ്ഞാനവും മലയാള വാചകങ്ങൾ എഴുതാനുള്ള വൈഭവും ലേശംപോലും ഇദ്ദേഹത്തിന് ഉണ്ടായിരുന്നില്ല.' (പുറം:90) എന്ന നോവലില l ന്റെ അഭിപ്രായത്തിൽനിന്ന് കർയ്യര- ൻ എന്ന വക്കീലിന്റെ സവിശേഷതകൾ വ്യക്തമാണ്. വക്കീലണ്മരുടെ ചർച്ചകളും വായനാവിഷയങ്ങളും ഘനമുള്ളതാണ്. എന്നരീതിയിലാണ് ഓരോ കഥാപാത്രത്തെയും നോവലിൽ വിവരിച്ചിരിക്കുന്നത് എട്ടുപത്തു വലിയ യോഗ്യർ വളരെ ഘനത്തോടെ വർത്തമാനക്കടലാസുകളെയും പുസ്തകങ്ങളെയും വായിക്കുന്നതു കണ്ടുകൊണ്ടാണ് താശ്ശൻ മേനോൻ ക്ലട l ലേക്ക് കടക്കുന്നത്. അവിടെ 'ഗാംഭീര്യത്തിന് ഒട്ടും കുറവില്ലാതെ ചിലർ വായിക്കുന്നു' (പുറം:84). തുടങ്ങിയ വിവരണങ്ങളിൽനിന്നും അക്കാലത്ത് അഭിഭാഷകർക്ക് പൊതുവെ ഉണ്ടായിരിക്കാനിടയുള്ള തലക്കനത്തെക്കുറിച്ചാണ് സൂചന ലഭിക്കുന്നത്. മാത്രമല്ല പുതിയതായി ഇറങ്ങുന്ന സാഹിത്യ വ്യവഹാരങ്ങളെക്കുറിച്ച് അത് വായിക്കാതിരുന്നിട്ടുകൂടി ചർച്ച ചെയ്യുക, സം l  തവും മലയാളവും ഇടകലർത്തി സംസാരിക്കുക ലോകകാര്യങ്ങളെക്കുറിച്ച് വലിയ ധാരണയില്ലെങ്കിലും അത്തരം വിഷയങ്ങൾ ചർച്ച ചെയ്യുക, ഇംഗ്ലീഷ് പഠിച്ച മലയാളികൾ ഈ കാലത്തു മലയാളം സംസാരിക്കുന്നമാതിരി സംവാദം നടത്തുക എന്നിങ്ങനെ അന്നത്തെ വക്കീലണ്മരുടെ പൊതു സ്വഭാവങ്ങളെ പരിഹാസരൂപേണ നോവലിൽ ചൂണ്ടിക്കാണിക്കുന്നു. (പുറം:85)

നോവലിൽ നാട്ടുകാര്യസ്ഥണ്മരെക്കുറിച്ച് പറയുന്നിടത്ത് അത്തരക്കാർ കോടതിയെ എപ്രകാരമാണ് സമീപിച്ചിരുന്നത് എന്ന സൂചനയുണ്ട്. 'സർക്കാരുദ്യോഗം, കച്ചവടം, കൃഷി, ഥഹസ്ഥവൃത്തി... l  ാൻ നാട്ടുകാര്യസ്ഥൻ എന്ന പേർ കൊടുക്കുന്നു' (പുറം:43). കോടതിക്കാര്യങ്ങളെക്കുറിച്ച് കൃത്യമായ ധാരണയില്ലെങ്കിലും ജനങ്ങൾക്കിടയിൽ നാട്ടുകാര്യസ്ഥണ്മർ എന്ന വർഗത്തിന് നല്ല മതിപ്പാണ്. തങ്ങൾക്ക് അജ്ഞമായ കോടതിക്കാര്യങ്ങൾ വിശദീകരിച്ചു തരുന്ന വ്യക്തിയെന്ന നിലയ്ക്ക് വക്കീലണ്മരോടു കാണിക്കുന്ന അതേ ബഹുമാനം നാട്ടുകാര്യസ്ഥണ്മർക്കും അന്ന് ലഭിച്ചിരുന്നു.

കോടതിയുടെ അധികാരവ്യവഹാരത്തിന്റെ ഏറ്റവും അവസാനക്കണ്ണിയും അധികാരത്തിന്റെ ഫലമനുഭവിക്കുന്നതും പ്രതികളാണ്. കേസിനെ നീതിന്യായതുലാസിൽ മൂ ക്കിനോക്കുന്നതാകട്ടെ സാക്ഷികളുടെ സാന്നിധ്യവും ഇത്തരം വ്യക്തികളെ ശാരദയിൽ പ്രതിനിധീകരിക്കാത്തത് കോടതി വാദപ്രതിവാദങ്ങളിലേക്ക് പ്രവേശിക്കാതെ പോയതുകൊണ്ടാണ്. എങ്കിലും ഈ ഘടകങ്ങളുടെ അദൃസ്യസാന്നിധ്യത്തിലാണ് കഥ മുന്നോട്ടുനീങ്ങുന്നത്. വാദിയായ രാമൻമേനോൻ മുന്നോട്ടുവക്കുന്ന കേസിൽ പൂഞ്ചോലക്കര അച്ഛൻ പ്രതിസ്ഥാനത്ത് നിൽക്കുന്ന വ്യവഹാരമാണ് ഫയൽ ചെയ്തത്.

### 3.1.3 'ശാരദ'യിലെ നീതിന്യായവ്യവഹാരങ്ങൾ

ശാരദ എന്ന നോവലിൽ സിവിൽ- ക്രിമിനൽ വിഭാഗത്തിൽപ്പെടുന്ന നിരവധി കോടതി വ്യവഹാരങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു. നോവലിന്റെ കേന്ദ്രപ്രമേയം സിവിൽ വ്യവഹാരമായതിനാൽ സിവിൽ വിഭാഗത്തിൽപ്പെടുന്ന കേസുകൾക്കാണ് ക്രിമിനൽകേസുകളെക്കാൾ മുൻമൂ ക്കം നൽകുന്നത്. പൂഞ്ചോലക്കര അച്ചനും ഉദയന്തളി രാമവർമ്മൻ തിരുമുൽപാടും തമ്മിൽ അത്യന്തവിരോധം നിലനിന്നിരുന്നതിനാൽ തിരുമുൽപാടിനെ തോല്പിക്കുന്നതിനുവേണ്ടി വ്യവഹാരങ്ങളിലേർപ്പെടുന്നത് അച്ചനു പതിവായിരുന്നു. നോവലിലെ മൂന്നാമദ്ധ്യായത്തിൽ ഇരുവരും തമ്മിൽ മുൻപു നടന്ന വ്യവഹാരങ്ങളെക്കുറിച്ചു സൂചനയുണ്ട്.

രാമവർമ്മൻ തിരുമുൽപ്പാടിന്റെ വകയായിരുന്ന ദേവസ്വത്തിന്റെ മേൽക്കോയസ്ഥാനം പണ്ട് അച്ചന്റെതായിരുന്നെങ്കിലും എടത്തിൽനിന്ന് ആ സ്ഥാനത്തെ സംബന്ധിച്ച ഒരു പ്രവർത്തിയും ചെയ്തിരുന്നില്ല. എന്നാൽ ആ മേൽക്കോയാസ്ഥാനത്തിൽ അച്ചന് പിന്നീട് മോഹംവരികയും തന്റെ പഴയ മേൽക്കോയ അവകാശത്തെ ഊരായയായി പരിഗണിച്ച് വ്യവഹാരം നടത്തുകയും തിരുമുൽപാടിനെ തോല്പിക്കുകയും ചെയ്തു. കൂടാതെ രാമവർമ്മൻ തിരുമുൽപാടിന്റെ കീഴിൽ കുടിയാന്മർ നടന്നുവന്നിരുന്ന വലിയ ഒരു ഭൂമി ഒഴിപ്പിക്കാൻ തിരുമുൽപാടു കൊടുത്തിരുന്ന ഒരു വ്യവഹാരത്തിൽ കുടിയാന്മരെക്കൊണ്ട് അച്ചൻ ജബിവാദം പുറപ്പെടുവിച്ചു. ജബിയുടെ നിലയിൽ വ്യവഹാരത്തിൽ കടന്നുകൂടി. ദ്രവ്യം ധാരാളം ചെലവുചെയ്തു തിരുമുൽപാടിനെ തോൽപിച്ചു (പുറം:41). ഇതാണ് രണ്ടാമത്തെ വ്യവഹാരമായി നോവലിലുള്ളത്. ഈ വ്യവഹാരത്തിൽ തിരു മുൻപാടിനുണ്ടായതു വലിയ ധനനവ മായിരുന്നു.

തിരുമുൽപാട് അച്ചന്റെ ചില കുടിയന്മാരെ സ്വാധീനമാക്കി അച്ചന്റെ വക ഒരു ഭൂമിയിൽ കൈയേറ്റം നടത്തിയതിനെതിരെ അച്ചൻ നൽകുന്ന ക്രിമിനൽ വ്യവഹാരമാണ് അടുത്തത്. അവിടെയും തോല്വി നേരിട്ടത് തിരുമുൽപാടിനായിരുന്നു. കൈയേറ്റം ചെയ്ത ഭൂമി തൻറേതാണെന്ന് സ്ഥാപിക്കുന്നതിനായി തിരുമുൽപാട് വ്യവഹാരം നടത്തുകയും ആദ്യവിധിയിൽ വിജയം അദ്ദേഹത്തിനു ലഭിക്കുകയും എന്നാൽ അച്ചന്റെ അപ്പീലിൽ ഭൂമി അച്ചനു തിരിച്ചുലഭിക്കുകയും ചെയ്തു. തിരുമുൽപാടിന്റെ കോവിലകത്തു നടന്ന അടിയന്തരസദ്യയ്ക്ക് അച്ചന്റെ ആളുകൾ വന്ന" ദ്ധമാക്കി കലഹമുണ്ടാക്കിയതിന്റെ പേരിൽ അച്ചനെതിരെ മജിസ്റ്റേറ്റിൽ അന്യായം കൊടുത്തെങ്കിലും തിരുമുൽപാട് ആ വ്യവഹാരത്തിലും തോൽക്കുകയുണ്ടായി. ഭൂമിക്കേസുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾക്കു പുറമെ അച്ചൻ തിരുമുൽപാടിനെതിരായി ചെയ്ത മറ്റൊരു അന്യായത്തെക്കുറിച്ചും നോവലിൽ പ്രതിപാദിക്കുന്നുണ്ട്. ഒരു ഹീനജാതി സ്ത്രീക്ക് തിരുമുൽപാടുമായി ബന്ധമുണ്ടെന്നും അതിൽ ഉണ്ടായ കുഞ്ഞിനു ചെലവിനു നൽകണമെന്നും ആയിരുന്നു അന്യായം. മജിസ്റ്റേറ്റ് ഇടപ്പെട്ട് അന്യായം നീക്കിയെങ്കിലും തിരുമുൽപാടിന് കഠിനമായ അപമാനം അതുമൂലം ഉണ്ടായി. ഈ പശ്ചാത്തലത്തിലാണ് 'ശാരദ'യിലെ വ്യവഹാരം ആരംഭിക്കുന്നത്. യഥാർത്ഥത്തിൽ 'ശാരദ'യിലെ വ്യവ്യഹാരം നടക്കുന്നത് രാമൻമേനോനും എടത്തിലച്ചനും തമ്മിലാണെങ്കിലും തിരുമുൽപാട് തന്നെ തോൽപ്പിക്കാൻ പുതിയ വ്യവഹാരവുമായി വന്നതാണെന്നാണ് അച്ചന്റെ നിഗമനം. തിരുമുൽപാടും അച്ചനും തമ്മിലുള്ള വ്യവഹാരങ്ങളിൽ തോൽവി നേരിടുന്നത് എല്ലായ്പ്പോഴും തിരുമുൽപാടിനായിരുന്നു. 'തിരുമുൽപാടിന്റെ ഭാഗം നേരായാലും കളവായാലും കാര്യം അവസാനിക്കുന്നത് അദ്ദേഹത്തിന്റെ തോൽവിയോടെയായിരുന്നു. ത്ത്യപ്രബലതയുള്ളവരുമായി വ്യവഹാരത്തിൽ മ്മ രിക്കുന്നത് എല്ലായ്പ്പോഴും അപകടമാണെങ്കിലും വ്യവഹാരപ്രിയനായ തിരുമുൽപ്പാട് അദ്ദേഹത്തിന്റെ നിർഭാഗ്യംകൊണ്ട് എപ്പോഴും അവരുമായി മ്മ രത്തിലേർപ്പെട്ടിരുന്നു. കടം വാങ്ങിയും വ്യവഹരിക്കേണമെന്നുള്ള നിശ്ചയം ദ്ദൾ മായി ചെയ്തിട്ടുള്ള ദേഹമായ ഇദ്ദേഹത്തെ വ്യവഹാരത്തിൽ രസംപിടിപ്പിപ്പാൻ ഒരു നാട്ടുകാര്യസ്ഥനും കൂടെ ഉണ്ടായിരുന്നു' (പുറം:42). വ്യവഹാരത്തിൽ കമ്പം കയറി സമ്പത്തുമുഴുവൻ നശിച്ചുപോകുന്ന തറവാട്ടുകൾ അക്കാലത്തുണ്ടായിരുന്നുവെന്നും റോബിൻ ജെഫ്രി യെപ്പോലുള്ള ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. '25 വർഷത്തിനിടയ്ക്ക് തിരുവിതാംകൂറിലെ ഉദ്ദേശം 30,000 തറവാടുകളിൽ 1800 തറവാടുകളോളം നിയമത്തെ ആശ്രയിക്കുക എന്നത് ആത്യന്തിക നടപടിയായി സ്വീകരിച്ചു. ഈ കേസുകൾ തറവാടുകളെ സംബന്ധിച്ചിടത്തോളം ആപത്തിന്റെ സൂചനകളായിരുന്നു. 1890 ആയപ്പോഴേക്കും കൃ ദ്ധിഗ്രന്യമായ വ്യവഹാരംകൊണ്ടും തോന്ന്യാസഭരണംകൊണ്ടും നശിച്ചുപോയ ചില കുടുംബങ്ങളുടെ ദാരിത്ര്യത്തെക്കുറിച്ച് ഭീ ട്ടലുളവാക്കുന്ന കഥകൾ പ്രചരിക്കുന്നുണ്ടായിരുന്നു' (റോബിൻ ജെഫ്രി,

2003:206). 1810 മുതൽ തറവാടു വിഭജിക്കാൻ അനുവദിക്കപ്പെട്ടിരുന്ന വിധികൾ മലബാറിൽ ഉണ്ടായിട്ടുണ്ട്. എന്ന് റൂമിയും രേഖപ്പെടുത്തിയിട്ടുണ്ട് (1892:12).

പാരമ്പര്യത്തിലും പഴയ നീതിവിചാരത്തിലും നിലനിന്നിരുന്ന നീതിന്യായവ്യവസ്ഥ, കൊളോണിയൽ ഭരണത്തിന്റെ ഭാഗമായി ഭരണകൂട ഉപകരണം എന്ന നിലയിൽ പ്രവർത്തിക്കുകയും നീതിവിതരണം ആധുനിക നിയമവ്യവസ്ഥപ്രകാരം ചെയ്തു തുടങ്ങിയിരുന്നു. ആധുനിക വ്യവസ്ഥയുടമേൽ അധികാരം സ്വാധീനം ചെലുത്തുന്നുണ്ടെങ്കിലും നീതി അർഹരായവർക്ക് ലഭിക്കുമെന്ന ചിന്ത ശക്തമായ കാലമായിരുന്നു അത്. അതിനാൽതന്നെ ജനകീയമായിക്കൊണ്ടിരിക്കുന്ന നീതിന്യായവ്യവസ്ഥയുടെ ചിത്രമാണ് ശാരദയിൽ വ്യക്തമാകുന്നത്.

ആധുനികകോടതിയെന്ന സംവിധാനത്തോടുള്ള ജനങ്ങളുടെ വ്യത്യസ്ത പ്രതികരണങ്ങൾ 'ശാരദ'യിൽ കാണാം. പുതിയ ഭരണക്രമമെന്ന നിലയിൽ തങ്ങളുടെതല്ലാത്ത എന്ന ഒരു ബോധം ജനങ്ങൾക്ക് കോടതിയോട് തോന്നിയതിനാൽ അല്പം ഭയത്തോടെയാണ് ജനങ്ങൾ ആദ്യകാലത്ത് കോടതിയെ കണ്ടിരുന്നത്. നിരവധി വ്യവഹാരങ്ങളിൽ ഏർപ്പെട്ടിരുന്ന പൂഞ്ചോലക്കര അച്ചൻ, തിരുമുൽപാട് എന്നിവർപോലും കോടതിയെ ഭയക്കുന്ന സന്ദർഭങ്ങൾ നോവലിൽ പരാമർശിക്കുന്നുണ്ട്. രാമൻമേനോന്റെ കത്ത് ലഭിച്ചതിനുശേഷം രണ്ടു മൂന്നു ദിവസങ്ങളിൽ പൂഞ്ചോലക്കര എടത്തിലും സമീപസ്ഥലങ്ങളിലും എഴുത്തിലെ സംഗതികളെപ്പറ്റിയുള്ള പ്രസ്താവം പ്രക്ഷമായിരുന്നു. എവിടെ രണ്ടുപേർ കൂടുന്നുവോ അവിടെയെല്ലാം ഈ പ്രസംഗം തന്നെയെന്ന് എഴുത്തുകാരൻ സൂചിപ്പിക്കുന്നു (ചന്തുമേനോൻ, 2010:77). അച്ചനാകട്ടെ എഴുത്തുവായിച്ച ക്ഷണത്തിൽ മനസ്സിൽനിന്ന് എളകി ഉത്ജ്യംഭിച്ച കഠിനപാരുഷ്യവും അവമാനത്തിൽനിന്നു ജനിച്ച കഠിനമായ ല യും നിമിത്തം നിർവികാരനായിതീർന്നു' (പുറം:31). 'അച്ചൻ എങ്ങനെ സ്ഥh നായി നിന്നുവോ അതുപോലെ തന്നെ ഈ കത്തു വായിച്ചു കേട്ടവർ എല്ലാവരും നിന്നുപോയി' (പുറം:31) ഇപ്രകാരമുള്ള നോവൽ സന്ദർഭങ്ങളിൽനിന്ന് ജനങ്ങൾക്ക് കോടതിയോടുള്ള ഭയത്തെ വ്യക്തമായി മനസ്സിലാക്കാവുന്നതാണ്. കൂട്ടുകുടുംബത്തിന്റെ അടിത്തറതന്നെ ഇളകുന്ന മട്ടിലുള്ള ഒരു വ്യവഹാരമായാണ് 'ശാരദ'യുടെ അവകാശം സംബന്ധിച്ച കേസിനെ അച്ചൻകാണുന്നത്. മാത്രമല്ല എടത്തിലെ സ്ത്രീകളെ സംബന്ധിച്ച കാര്യങ്ങൾ കോടതിയിൽ വിസ്തരിക്കപ്പെടുമ്പോൾ തന്റെ കുടുംബത്തിനുതന്നെ ഉണ്ടാകാനിടയുള്ള അപമാനത്തെയോർത്ത് അച്ചൻ ഉത്കണ്ഠപ്പെടുന്നുണ്ട്. നടക്കാൻ പോകുന്ന വ്യവഹാരത്തിൽ ജയിക്കുമോ എന്നു തീർച്ചപ്പെടുത്തുന്നതിനായി ചാത്തുപ്പണിക്കരെന്ന പ്രാശ്നികനെയാണ് അച്ചൻ വിളിക്കുന്നത്. തന്റെ

മനസ്സിന് ഒരു വ്യസനമോ, തന്റെ കാര്യങ്ങൾക്കു വല്ലദോഷമോ തട്ടാൻ എടയുണ്ടെന്നു കാണുന്ന സമയ ങ്ങളിലെല്ലാം ജാതകപരീക്ഷയും പ്രശ്നവും നടത്തിയാണ് അച്ചൻ പരിഹാരം കാണാറുള്ളത്. ആധുനിക നീതി സംവിധാനത്തെക്കുറിച്ചുള്ള ആശങ്ക തീർക്കാൻ അച്ചൻ പാരമ്പര്യത്തിന്റെ വിശ്വാസസംഹിതയിൽ അഭയം തേടുന്നു എന്നത് ശ്രദ്ധേയമായ സംഗതിയാണ്. 'ഒരു കാര്യത്തിൽ ജയിക്കുമെന്നു പ്രാശ്നികൻ തീർച്ചയായി പറ ഞ്ഞാൽ പിന്നെ ആ കാര്യത്തിൽ യഥാർത്ഥത്തിൽ അപജയം വന്നാൽക്കൂടി ദോഷമായി ഒരു കോടതി കൽപിച്ച വിധിപ്പകർപ്പു വായിക്കുമ്പോൾ അച്ചനു മനസ്സിന് ഉണ്ടാവുന്ന കുണ്ഠിതം ചാത്തുപ്പണിക്കരുടെ കുറിപ്പു വായിച്ചാൽ തീർന്നു' (പുറം:96) എന്ന് ചന്തുമേനോൻ നിരീക്ഷിക്കുന്നു. കേരളീയസമൂഹത്തിന്റെ ആധുനികീ കരണത്തിന്റെ പരിവർത്തനദശയിലാണ് ഈ നോവലെന്നതിന്റെ സൂചനയാണിത്.

### 3.1.4 ശാരദയിലെ കോടതിഭാഷ- വ്യവഹാര വിശകലനം

കോടതിക്കകത്തും പുറത്തുമായി നീതിന്യായസംബന്ധിയായ സംസാരത്തിനുപയോഗിക്കുന്ന ഭാഷയാണ് കോടതിഭാഷ എന്നതു കൊണ്ട് ഇവിടെ വിവക്ഷിക്കുന്നത്. കോടതിക്കുള്ളിൽ നടക്കുന്ന വിചാരണ യിലേയ്ക്ക് നോവൽ എത്തുന്നതിനു മുൻപ് ചന്തുമേനോൻ നിര്യാതനായതിനാൽ കോടതിഭാഷ ശാരദയിൽ ആവി ഷ്കരിക്കപ്പെടുന്നില്ല. എന്നാൽ അഭിഭാഷകർ ഒത്തുകൂടുന്ന ക്ലബ്ബുകളിലും അവരുടെ പൊതുയിടങ്ങളിലും ഭാഷയെക്കുറിച്ചുള്ള ഗൗരവപൂർണമായ ചർച്ചകൾ നടക്കുന്നുണ്ട്. 'ശാരദ'യിൽ വിവിധ വക്കീൽ കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന സന്ദർഭത്തിൽ അവരുടെ : ണമേബ അളക്കുന്നതിന്റെ അടിസ്ഥാനമായി കാണുന്നത് ഇംഗ്ലീഷ് ഭാഷയെയാണ്. പ്രാധാന കഥാപാത്രമായ കൃഷ്ണമേനോൻ ഇംഗ്ലീഷ് ഭാഷയിൽ എഴുതിയിട്ടുള്ള അസംഖ്യം പുസ്തകങ്ങൾ വായിക്കുകയും തന്റെ പഠിപ്പുമുറികളിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട് എന്നത് കൃഷ്ണമേനോന്റെ ക്ര ദ്ധിസാമർത്ഥ്യത്തെ കാണിക്കുന്ന ഒന്നായി നോവലില് ചൂണ്ടിക്കാണിക്കുന്നു. കൂടാതെ 'ഇംഗ്ലീഷ് പഠിച്ച മലയാളികൾ ഇക്കാലത്തു മലയാളം സംസാരിക്കുന്നമാതിരി' (പുറം:33) എന്നാണ് വക്കീലന്മാരുടെ സംവാദത്തെക്കുറിച്ചുള്ള അഭിപ്രായം. കർയ്യര- ൻ എന്ന കഥാപാത്രത്തിന് മലയാളത്തിൽ വ്യുൽപ്പത്തി കുറവാണെന്നും ഇംഗ്ലീഷിൽ ബന്തുകേമനാണെന്നും (പുറം:81) നോവലിൽ സൂചനയുണ്ട്. രാഘവമേനോൻ, മാധവമേനോൻ എന്നീ രണ്ട് വക്കീലന്മാർ ഇംഗ്ലീഷിൽ സമർത്ഥരും ഇംഗ്ലീഷ് നോവലുകൾ വായിക്കുന്നവരുമാണ്. ശിവരാമമേനോന്റെ ഇംഗ്ലീഷ് നോവലിലെ 'പ്ലോട്ട്' എന്നതിനെക്കുറിച്ചുള്ള ചർച്ചയിൽനിന്ന് ഇംഗ്ലീഷ് പരിജ്ഞാനം എത്രമാത്രമെന്ന് ഊഹിക്കാവുന്നതാണ്. ഇത്തരത്തിൽ ഇംഗ്ലീഷ് പ്രാവീണ്യത്തിന്റെ തോതനുസരിച്ച് പൂഞ്ചോലക്കര അച്ചനെ പോലെയുള്ളവർ വക്കീലന്മാർക്കു നൽകുന്ന

മുൻഗണനയ്ക്കും ബഹുമാനത്തിനും വ്യത്യാസമുണ്ടെന്നത് കേരളീയസമൂഹത്തിൽ ഇംഗ്ലീഷ്ഭാഷയുടെ പ്രാമാണ്യം എടുത്തുകാട്ടുന്നു. ഹോമിഭാഭയുടെ കോളനിവ്യവഹാരം എന്ന സങ്കല്പനത്തിന്റെ അടിസ്ഥാനത്തിൽ വക്കീലന്മാരുടെ ഭാഷാപ്രയോഗങ്ങളെയും സ്വഭാവസവിശേഷതകളെയും അപഗ്രഥിക്കുമ്പോൾ നോവലിൽ പരാമർശിക്കുന്ന ഭൂരിഭാഗം അഭിഭാഷകരും ഭാഷാപരമായും വർഗ്ഗപരമായും പുതിയൊരു സങ്കരസംസ്കാരത്തെ വ്യാപിപ്പിക്കുന്നതായും മനസ്സിലാക്കാം. പാശ്ചാത്യവിദ്യാഭ്യാസം നേടുകയും അഭിഭാഷകവൃത്തി തൊഴിലായി സ്വീകരിക്കുകയും ചെയ്യുന്ന ഇവർ ബ്രിട്ടീഷ് കോളനിയുടെയും പാശ്ചാത്യഭാഷയുടെയും പരസ്യപ്രചാരകരായി മാറുന്നു.

വ്യവഹാരകാര്യസ്ഥന്മാരെപോലെയുള്ളവരുടെ വിഭാഗത്തെക്കുറിച്ച് പറയുന്നിടത്ത് ഇംഗ്ലീഷിൽ അറിവില്ലാഞ്ഞിട്ടുകൂടി ഇംഗ്ലീഷ് പദങ്ങൾക്കു പകരം തെറ്റായ പദങ്ങൾ ഉച്ചരിച്ച് വ്യവഹാരങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ സൂചനകളുണ്ട്. കൊളോണിയൽ സംസ്കാരത്തെ അനുകരിക്കാനുള്ള ശ്രമത്തിൽ തങ്ങൾക്ക് സ്വന്തമായി വരുന്ന സംസ്കാരത്തിൽനിന്ന് അകലുകയും പുതിയൊരുവിഭാഗമായി രൂപാന്തരപ്പെടുകയും ചെയ്യുന്ന കൊളോണിയൽ ജനതയ്ക്കുദാഹരണമായി നോവലിലെ വ്യവഹാരകാര്യസ്ഥന്മാരെ മനസിലാക്കാം. 'അനുകരണം' എന്ന കോളനിവ്യവഹാരസംജ്ഞയിലൂടെ ഹോമിഭാഭ തിരിച്ചറിയുന്നത് ഇത്തരക്കാരെയാണ്. അഭിഭാഷകരുടെ ക്ലബിനെ 'കൊളമ്പ്' എന്ന് അഭിസംബോധന ചെയ്യുക, സ്പെഷൽ റിലീഫ് ആക്ട് എന്നതിനെ 'ഇസ്പീശ്യാൽറില്ലി' എന്ന് പറയുക. എന്നിങ്ങനെ കൗടിതിക പദങ്ങളുടെ പ്രത്യേകതയെക്കുറിച്ചോ അതിന്റെ സാധ്യതകളെക്കുറിച്ചോ വായിച്ച് മനസ്സിലാക്കാനുള്ള ഇംഗ്ലീഷ് ഭാഷാപ്രാവീണ്യമില്ലാത്തതിനാൽ വാക്കുകളെ തെറ്റായി ഉച്ചരിക്കുന്നതും ഇക്കൂട്ടരുടെ പ്രത്യേകതയാണ്.

ആധുനികതയുടെ ജ്ഞാനമേഖലകളെയും ശാസ്ത്രയുക്തികളെയും പരിചയപ്പെടുത്തുന്ന ഇംഗ്ലീഷ് പദങ്ങൾ മലയാളത്തിൽ അപ്പടിയൊ ഈഷൽ ഭേദങ്ങളോടുകൂടിയോ സ്വീകരിക്കപ്പെട്ടിട്ടുണ്ട്. ജഡ്ജ്- ജഡ്ജി, കോർട്ട് കോടതി ആയതും ബാരില ർ, c ൾ, പ്രിൻസിപ്പാൾ തുടങ്ങിയ പദങ്ങൾ അതേപടി ഉപയോഗിച്ചതും ഉദാഹരണമാണ്.

### 3.1.5 സാംസ്കാരിക വ്യവഹാരങ്ങൾ'ശാരദ'യിൽ

ഒരു പ്രത്യേക സാഹിത്യരൂപങ്ങളുടെയോ വ്യവഹാരങ്ങളുടെയോ സാംസ്കാരികതലങ്ങളെ സൈദ്ധാന്തികമായി അപഗ്രഥിക്കുന്ന പഠന ശാഖയാണ് സംസ്കാരപഠനം. 'ഒരു പ്രത്യേക സമൂഹത്തിൽ നീണ്ടകാലംകൊണ്ട് രൂപപ്പെടുന്ന ആശയങ്ങളുടെയും സ്ഥാപനങ്ങളുടെയും കലകളുടെയും സങ്കീർണ്ണമായ കൂടിച്ചേരലാണ് സംസ്കാരം. അത് ഒരു തലമുറയിൽനിന്ന് അടുത്ത തലമുറയിലേക്ക് വിനിമയം ചെയ്തുകൊണ്ടിരിക്കും'.[1] (എeither Philip, 1974: 607) സംസ്കാരമെന്നത് ഒരു കൂട്ടായയുടെ ഭാഗമായി ജീവിക്കുന്ന ജനതയുടെ ജീവിതത്തിന്റെ സമസ്തവശങ്ങളും ചേർന്നതാണെന്നും അത് തലമുറകളിലൂടെ കൈമാറ്റം ചെ- പ്പെടുന്നതാണെന്നുമാണ് ഈ നിർവ്വചനം വ്യക്തമാക്കുന്നത്. സംസ്കാരപഠനത്തിന്റെ വിവിധ തലങ്ങളായി ജാതി, മതം, ആചാരാന്ി ാനങ്ങൾ, കലകൾ, സാഹിത്യം, ഭാഷ, വിദ്യാഭ്യാസം, തൊഴിൽ എന്നിവയെ മനസിലാക്കാവുന്നതാണ്. മാർക്സിയൻ സാംസ്കാരിക പരികല്പനയിൽ സാഹിത്യം, കല തുടങ്ങിയ സംസ്കാരത്തിന്റെ മേൽപ്പുരകൾക്ക് അടിത്തറയായി വർത്തിക്കുന്നതാകട്ടെ സമ്പത്താണ്. അതുകൊണ്ട് തന്നെ ആധുനിക സാംസ്കാരികപഠനത്തിൽ വിദ്യാഭ്യാസം, തൊഴിൽ, സമ്പത്ത്, സാഹിത്യം, കല ആചാരാന്ി ാന ബദ്ധമായ ജാതി- മതവ്യവഹാരങ്ങൾ എന്നിവയെല്ലാം പ്രധാനമായിതീരുന്നു.

#### 3.1.5.1 സാമ്പത്തിക വ്യവഹാരം

ജാതി- മത- സാമ്പത്തിക വ്യത്യാസങ്ങളില്ലാതെ മനുഷ്യരെ സമതുല്യരായി കണ്ടുകൊണ്ട് നീതിയുടെ വിതരണം സാധ്യമാക്കേണ്ട കോടതികളിൽ സമ്പത്ത് എന്ന അധികാരചിഹ്നം പ്രവർത്തിക്കുന്നതിന്റെ ചിത്രം ശാരദയിലൂടെ വ്യക്തമാകുന്നുണ്ട്. പ്രസ്തുതകുടുംബങ്ങളിൽപ്പെട്ടവർ കോടതിയെ പണം നൽകി സ്വാധീനിക്കാൻ ശ്രമിക്കുന്നതായി 'ശാരദ'യിൽ പരാമർശമുണ്ട് 'എനിക്ക് അധികാരമുണ്ടായിരുന്നുവെങ്കിൽ ഈ വൃകോദരനെ ീ ാൻ മൂ ക്കിക്കൊല്ലാൻ വിധികൊടുക്കുമായിരുന്നു. ആ മഹാപാപിക്കു നല്ലകാലമാണ്. എന്തുചെയ്യും, നിവൃത്തി ഇല്ലല്ലോ. വ്യവഹാരം ഈ കുട്ടി കൊടുത്തിട്ടെന്തു ഫലംന്അച്ചന്റെ പണത്തിനു മീതേ എന്തെങ്കിലും പോവുമോന് (ചന്തുമേനോൻ 2010:45) എന്ന തിരുമുൽപാടിന്റെ വാക്കുകളിൽനിന്നും നിലവിലിരുന്ന അധികാരം നവ പ്പെടുന്നതിന്റെയും പണംകൊണ്ട് കോടതിയെ സ്വാധീനിക്കുന്നതിന്റെയും സൂചനകളാണ് ലഭിക്കുന്നത്. അച്ചൻ പണം കൊടുത്തു വ്യവഹാരം തകർക്കാൻ നോക്കിയാലും ഹൈക്കോടതിയിലെങ്കിലും നീതി ലഭിച്ചിരിക്കും എന്ന ഉറപ്പാണ് നാട്ടുകാര്യസ്ഥൻ നൽകുന്നത് (പുറം:45). സാമ്പത്തിക പ്രലോഭനങ്ങളിലൂടെ

കോടതിയെ സ്വാധീനിക്കുന്നതുമൂലം നീതിയുടെ നടത്തിപ്പ് കൃത്യമല്ലാതാവുകയും നീതിന്യായവ്യവസ്ഥയിലുള്ള വിശ്വാസ്യത തകരുന്നതിന് കാരണമാവുകയും ചെയ്യുന്നു.

### 3.1.5.2 ജാതി-മത വ്യവഹാരം

ശാരദയെന്ന നോവലിൽ ഭൂസ്വത്ത് കൈവശമുണ്ടായിരുന്ന നായർ-നമ്പൂതിരി കുടുംബങ്ങളിലെ സിവിൽവ്യവഹാരങ്ങളാണ് വിഷയമായത്. ആയതിനാൽ ഇതരമതങ്ങൾ നോവലിൽ കടന്നുവരുന്നില്ല. എന്നാൽ മലയാളസാഹിത്യത്തിൽ പിൽക്കാലത്ത് ഇതരമതങ്ങളുടെ കോടതിവ്യവഹാരങ്ങൾ സജീവമാകുന്നുണ്ട്. ഹൈന്ദവമതത്തിലെ നായർ, നമ്പൂതിരി, മേനോൻ, അ- ർ, പട്ടർ, എന്ന് ജാതിവിഭാഗങ്ങളിലുള്ളവരാണ് നോവലിലെ കോടതിവ്യവഹാരങ്ങളിൽ ഉൾപ്പെടുന്നത്. മാധവമേനോൻ, രാഘവമേനോൻ, ചാപ്പമേനോൻ, ശിവരാമമേനോൻ, വെങ്കാര- ൻ എന്നിങ്ങനെയുള്ള വക്കീൽകഥാപാത്രങ്ങളെ നോവലിൽ അവതരിപ്പിച്ചിരിക്കുന്നു. സമൂഹത്തിലെ വരേണ്യവിഭാഗത്തിൽപ്പെട്ടവരെ മാത്രമേ നോവലിൽ വക്കീലുദ്യോഗമുള്ളവരായി അവതരിപ്പിക്കുന്നുന്ധ അതിനാൽ കൊളോണിയൽ വിദ്യാഭ്യാസത്തിന്റെ ഫലം അനുഭവിക്കുന്നവരായി നോവൽ ചിത്രീകരിക്കുന്നത് സമൂഹത്തിലെ ഉന്നതകുലജാതരെയാണ് എന്ന് വ്യക്തം. മേനോൻ, പട്ടർ, അ- ർ എന്നിങ്ങനെ ജാതിയിൽ ഉയർന്ന വ്യക്തികൾ മലയാളം സംl തം, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളിൽ പരിജ്ഞാനം നേടുകയും ഉന്നതവിദ്യാഭ്യാസം നേടുകയും ചെയ്യുന്നതിനെക്കുറിച്ച് നോവലിൽ സൂചനയുണ്ടെങ്കിലും താഴ്ന്നവിഭാഗത്തിൽപ്പെട്ട ഒരാൾ വിദ്യാഭ്യാസം നേടുന്നതിനെക്കുറിച്ചോ വക്കീലുദ്യോഗംപോലുള്ള ഉയർന്നപദവി കരസ്ഥമാക്കുന്നതിനെക്കുറിച്ചോ നോവലിൽ സൂചനകളില്ല എന്നത് ശ്രദ്ധേയമാണ്.

### 3.1.5.3 വിദ്യാഭ്യാസ വ്യവഹാരം

കോളനിവിദ്യാഭ്യാസം അഥവാ ഇംഗ്ലീഷ് മട്ടിലുള്ള വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം പ്രഖ്യാപിച്ചു കൊണ്ടാണ് ചന്തുമേനോൻ, ഇന്ദുലേഖ എഴുതുന്നത്. ഇംഗ്ലീn ടുകാരിയായിട്ടാണ് ആദ്യനായികയെ ചന്തുമേനോൻ അവതരിപ്പിക്കുന്നത്. നോവൽ എന്ന ജനുസ്സിനെ തെരഞ്ഞെടുക്കുന്നതിലും ഈ ഇംഗ്ലീn ട്ടിനോടുള്ള ആധമർണ്യം പ്രകടമാണ്. കേരളത്തിന്റെ സാംസ്കാരികതലത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ തങ്ങളുടെ ഗൃഹ്ഹബാധങ്ങളെ കുടത കളയാൻ ശ്രമിക്കുന്ന നായർ വിഭാഗമാണ് ആദ്യമായി പുരോഗതിയിലേക്കും സാംസ്കാരിക അധികാരത്തിലേക്കും നീങ്ങുന്നത്. ഹോമിഭാഭയുടെ

ഹൈബ്രിഡിറ്റി സിദ്ധാന്തത്തിലൂടെ ഈ ജാതിയധികാര സങ്കരത്വം സാധ്യമായതിന്റെ കോളനിവൽക്കരണ സാംസ്കാരികത സൂക്ഷ്മമായി അടയാളപ്പെടുത്താം. ഇംഗ്ലീഷ് വിദ്യാഭ്യാസം നേടുന്നവരു മാത്രമെ ബ്രിട്ടീഷ് കോളനിയുടെ സർക്കാർ ഉദ്യോഗങ്ങൾ ലഭിക്കുകയുണ്ടു. ശാരദയിലെ വക്കീലന്മാരുടെ പ്രാഗത്ഭ്യം ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ അനന്തരഫലമായിട്ടാണ് ചന്തുമേനോൻ എഴുതുന്നത്.

ശൈവ-വൈദിക പാരമ്പര്യത്തിൽ രൂപപ്പെട്ട സംl തഭാഷയും വൈദികസംl തിയും സ്വന്തമെന്നഭിമാനിക്കുന്ന ബ്രാമ ണനെ സംബന്ധിച്ചിടത്തോളം ഇംഗ്ലീഷ്ഭാഷ മ്ലേച്ഛവും ഹീനവുമായിരുന്നു. കൂടാതെ തൊടിയും തീണ്ടലും ആചരിച്ചതുകൊണ്ട് പൊതുവിദ്യാഭ്യാസത്തിൽനിന്ന് അവർ പൂർണമായും ഒഴിത നിന്നു. താഴ്ന്ന ജാതിക്കാരുടെകൂടെയിരുന്ന് പഠിക്കാൻ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിലും ജാതിശ്രേ ത അവരെ അനുവദിച്ചിരിക്കുന്നു. ബ്രിട്ടീഷ് വിദ്യാഭ്യാസത്തിൽനിന്നും മാറിനിന്ന ഇവർക്ക് സ്വാഭാവികമായും സർക്കാർ ഉദ്യോഗങ്ങൾ അലഭ്യമായി എന്നാൽ കേരളത്തിലെ തമിഴ് ബ്രാമ ണർ (പട്ടർ) ആകട്ടെ വേഗത്തിൽതന്നെ ഇംഗ്ലീഷ് വിദ്യാഭ്യാസം സ്വായത്തമാക്കുകയും മാതൃഭാഷപോലെ ഇംഗ്ലീഷ് വശമാക്കുകയും ചെയ്തു. കേരള ബ്രാമ ണർക്ക് വേദം ഓതാനറിയാമെങ്കിലും അർത്ഥമറിഞ്ഞ് ലിപി എഴുതിപഠിക്കുന്ന സസദായം നിലവിലുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ സംl തത്തിലെ ഇതരശാസ്ത്രഗ്രന്ഥങ്ങളും സാഹിത്യകൃതികളും വായിച്ചാസ്വദിക്കാൻ ഭൂരിപക്ഷം ബ്രാമ ണർക്കും കഴിഞ്ഞിരുന്നില്ല. വേദാന്തം, ജ്യോതിഷം, ആയുർവ്വേദം, വാസ്തു തുടങ്ങിയവയൊക്കെയാകട്ടെ ചില പ്രത്യേക കുടുംബങ്ങളുടെ കൈവശാവകാശവുമായിരുന്നു. എന്നാൽ സംl ത-വൈദിക പാരമ്പര്യം മാത്രമല്ല ശാസ്ത്രഗ്രന്ഥങ്ങളും പട്ട ന്മാർക്ക് അനായാസം കൈകാര്യം ചെ- ാൻ കഴിഞ്ഞിരുന്നു. സംഗീതം, നൃത്തം, ചിത്രകല തുടങ്ങിയ കലാരൂപങ്ങളെ കുട്ടിക്കാലത്തുതന്നെ പരിചയപ്പെടാനുള്ള സ്വാതന്ത്ര്യവും ഇവർക്കുണ്ടായിരുന്നു. അതിനാൽ ശാസ്ത്രീയമായ ഭാഷാപഠനവും ഇവർക്ക് അനായാസം വഴങ്ങിയിരുന്നു. ഇംഗ്ലീഷ്, വിശാലമായ ലോകത്തേക്കുള്ള തുറവിയാണെന്നു മനസ്സിലാക്കി ആധുനിക- ശാസ്ത്ര- സാങ്കേതിക- വിദ്യാഭ്യാസം നേടാൻ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദിയിൽ തന്നെ ഇവർ ശ്രദ്ധിച്ചിരുന്നു. വക്കീലുദ്യോഗവും ഇതുപോലെ അനായാസം ഇവർക്ക് വഴങ്ങിയിരുന്ന മേഖലയായിരുന്നു. വാക്ചാമർത്ഥ്യവും യുക്തിബോധവും ഭാഷാജ്ഞാനവും ഇവരെ ഈ രംഗത്ത് തെളിത വരാൻ ഇടയാക്കി. ചന്തുമേനോന്റെ കാലത്ത് പ്രശസ്തരായ വക്കീലന്മാരായി പട്ടന്മാർ വിലസിയപ്പോൾ കേരളീയബ്രാമ ണർ ഈ രംഗത്ത് പിന്നാക്കം നിന്നിരുന്നു. തന്റെ ഴ ദ്യോഗികജീവിതത്തിൽ

താൻ പരിചയപ്പെട്ട മുഖങ്ങളിൽനിന്ന് നോവലിലെ കഥാപാത്രങ്ങളെ സൃഷ്ടിച്ചെടുത്തപ്പോൾ സ്വാഭാവികമായും കർപ്പൂര- ൻ, ശാമുപട്ടർ, കുപ്പൻ പട്ടർ തുടങ്ങിയ തമിഴ് ബ്രാമ ണർ കഥയിൽ സജീവമായി.

സംl തഭാഷ ബ്രാമ ണർക്കു മാത്രം പഠനീയമായിരുന്ന കേരളത്തിൽ വിദ്യാഭ്യാസരംഗത്ത് മുന്നേറാൻ കഴിയാതിരുന്ന നായന്മാർക്ക് ഇംഗ്ലീഷ്ഭാഷയും ബ്രിട്ടീഷ് വിദ്യാഭ്യാസവും ഏറെ പ്രേ ാഹജനകമായിരുന്നു. ജാതിഹീനതയിലുള്ള അപകർഷതാ ബോധവും സാമ്പത്തിക-സാമൂഹികരംഗങ്ങളിലുള്ള ഉത്കർഷേച്ഛയും ആധുനികലോകജീവിതത്തിലുള്ള അഭിവാM യും നായർ പുരുഷന്മാരെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലേക്ക് ആകർഷിച്ചു. സ്വന്തം കുടുംബങ്ങളിലെ കാരണവന്മാരുടെ ആധിപത്യമനോഭാവവും സംബന്ധവ്യവസ്ഥയോടുള്ള അതൃപ്തിയും സ്വത്തുത്തർക്കങ്ങളുടെ കോടതിയന്യായങ്ങളും വക്കീലുദ്യോഗത്തോടുള്ള അമിത പ്രതിപത്തിക്ക് കാരണമായി. കുടുംബവ്യവഹാരങ്ങളിൽ വാദിക്കാൻ മിടുക്കുള്ള വക്കീലന്മാർ കുടുംബത്തിൽത്തന്നെ ഉണ്ടാകണമെന്ന ചിന്തയിൽനിന്ന് കാരണവന്മാരും ഇവരെ വക്കീലുദ്യോഗത്തിന് പ്രേരിപ്പിച്ചു. തനിക്ക് അതിപരിചിതമായ സാഹചര്യത്തിലാണ് ചന്തുമേനോൻ പൂഞ്ചോലക്കര എടത്തിലച്ചന്റെ വ്യവഹാരത്തിൽ കൃഷ്ണമേനോനെയും എതിർഭാഗം വക്കീലിനെയും സൃഷ്ടിച്ചത്. വക്കീൽ രംഗത്ത് പട്ടന്മാർക്കുള്ള മേൽക്കൈയെ അപഹസിക്കാനാണ് പട്ടർക്ക് സംl തത്തിൽ പരിജ്ഞാനവും മലയാള വാചകങ്ങൾ എഴുതാനുള്ള വൈഭവവും ലേശംപോലും ഉണ്ടായിരുന്നില്ല എന്ന് എടത്തിലച്ചൻ പറയുന്നുണ്ട് (പുറം:90). ശാമു മേനോനെ എടത്തിലച്ചൻ 'പൊട്ടനെ'ന്ന് വിളിക്കുമ്പോൾ (പുറം:90) സ്വന്തം ജാതിയിലുള്ളവർ അഭിഭാഷകവൃത്തിയിൽ വേണ്ടത്ര തെളിത വരാത്തതിലുള്ള അമർഷവും കൃഷ്ണമേനോന്റെ സാമർത്ഥ്യത്തിലുള്ള വിശ്വാസത്തിലൂടെ സ്വന്തം കുടുംബത്തിലെ പുതിയ കുട്ടികളുടെ മികവിലുള്ള അഭിമാനവും പ്രകടമാകുന്നു. ഇവിടെ ആധുനിക വിദ്യാഭ്യാസം നേടിയ ചന്തുമേനോനെ തന്റെ ജാതിയിലുള്ളവരുടെ ഉയർച്ചയിലുള്ള പ്രത്യേക കരുതൽതന്നെ വായിച്ചെടുക്കാം. ഇന്ദുലേഖയുടെ ഇംഗ്ലീഷ് പരിജ്ഞാനത്തോടൊപ്പംതന്നെ കല്യാണിക്കുട്ടിയുടെ പ്രായോഗികതയും ശാരദയുടെ യുക്തിപൂർവ്വമായ ഇടപെടലുകളും സ്വജാതിസ്ത്രീകൾക്കും വിദ്യാഭ്യാസത്തിലൂടെയുള്ള ഉയർച്ച ചന്തുമേനോൻ അഭിലഷിച്ചി രുന്നതായി കാണാം. എന്നാൽ സ്ത്രീകളുടെ ഉയർന്ന ഉദ്യോഗങ്ങളിലേക്കോ മരുമക്കത്തായത്തിന്റെ തകർച്ചയിലേക്കോ ചന്തുമേനോൻ ലക്ഷ്യം വെച്ചിരുന്നില്ല എന്ന് 'മരുമക്കത്തായബില്ല്' അവതരിപ്പിച്ചപ്പോൾ കാണിച്ച പക്ഷപാതത്തിൽനിന്നും വ്യക്തമാണ്.

#### 3.1.5.4 തൊഴിൽ വ്യവഹാരം

രണ്ടു തൊഴിലുകൾ തമ്മിലുള്ള നീതിന്യായകേന്ദ്രിതമായ വ്യവഹാരമാണ് കോടതിക്കുള്ളിൽ നടക്കുന്നത്. കൃതിയിൽ പ്രകടമാകുന്ന ശക്തമായ തൊഴിൽ സാഹചര്യം അഭിഭാഷകരുടേതാണ്. ഇവരോട് ഒട്ടിനിൽക്കുന്ന : മസ്കരന്മാരും സാക്ഷികളും കള്ളസാക്ഷികളും സാധാരണ പൗരന്മാരും അടങ്ങുന്നതാണ് ശാരദയിലെ തൊഴിൽരംഗം. കാർഷികവൃത്തിയുടെയും ഭൂനിയമങ്ങളുടെയും ചരിത്രപരമായ സാഹചര്യത്തിലാണ് ശാരദയിലെ ചരിത്രപരമായ കഥ അരങ്ങേറുന്നത്. കൂടാതെ നായർസമുദായത്തിൽ നിലനിന്നിരുന്ന ദായക്രമത്തിലും സഹൂതിരിസംബന്ധങ്ങളിലും മാറ്റം അനിവാര്യമാണെന്ന് ചിന്തിച്ച നവോത്ഥാനകാലമാണ് കഥയുടെ പശ്ചാത്തലം. ഇവിടെ നീതിന്യായവ്യവസ്ഥകൾ യുക്തിബോധത്തോടെ രാഷ്ട്രീയമായി പ്രയോഗിക്കുന്ന കോടതിയുടെ കോളനിവൽകൃത- ആധുനിക ഇടപെടൽ സജീവമാകുന്നു. അതുകൊണ്ട് തന്നെ ജഡ്ജി എന്ന തൊഴിലിടം പരമോന്നത നീതിപീഠമായും സമൂഹത്തിൽ നീതിന്യായവ്യവഹാരങ്ങളുടെ അവസാനവാക്കായും പരിഗണിക്കപ്പെടുന്നു. ജഡ്ജി അധികാരത്തിന്റെ ഏറ്റവും ഉയർന്ന തൊഴിൽ മേഖലയായി രൂപപ്പെട്ട പശ്ചാത്തലത്തിലാണ് ശാരദ എഴുതപ്പെടുന്നത്.

സാമ്പത്തികമായും ജാതീയമായും ഉന്നതശ്രേണിയിൽ നിൽക്കുന്നവരുടെ ഭാഷയും ജീവിതവും വരേണ്യമായികണക്കാക്കുന്ന സാംസ്കാരികവിനിമയമണ്ഡലമാണ് കേരളത്തിൽ സജീവമായിട്ടുള്ളത്. താല്വ ജാതിയിൽപ്പെട്ടവരെ നീചസംബോധനകൾക്കൊണ്ട് അടയാളപ്പെടുത്താനും അധികാരവും പണവും നായർ തുടങ്ങി താല്വജാതിയിലേക്ക് കേന്ദ്രീകരിക്കുന്നതിനുള്ള അമർഷം പ്രകടിപ്പിക്കാനും അന്ന് കേരളത്തിൽ മേൽജാതിക്കുണ്ടായിരുന്ന സ്വാതന്ത്ര്യത്തെ ശാരദ അടയാളപ്പെടുത്തുന്നുണ്ട്. ഭാഷയിൽ ജാതി സാമ്പത്തിക വിനിമയങ്ങളും വ്യവഹാരവിശകലനം ചെയ്യുമ്പോൾ ലഭ്യമാകുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട തലം സാംസ്കാരിക ശ്രേണിയിലുള്ള ഈ വ്യതിയാനമാണ്.

ഫ്യൂഡലില ് സാമൂഹികക്രമം നിലനിന്നിരുന്ന ബ്രിട്ടീഷ് മലബാറിന്റെ പശ്ചാത്തലത്തിൽ രചിക്കപ്പെട്ട ശാരദയെന്ന നോവൽ കൊളോണിയൽ കാലത്തെ കോടതികളുടെയും കോടതിയിലെ മൂർത്തരൂപങ്ങളുടെയും വ്യക്തമായ ചിത്രം അവതരിപ്പിക്കുന്നു. നീതിന്യായസംവിധാനം എന്നത് ഒരു ഭരണാധികാരസ്ഥാപന മെന്നതിലുപരി സാമ്പത്തികവും സാമൂഹികവുമായ അധികാരത്തിന്റെ കേന്ദ്രമായി മാറുന്നതിന്റെ കൃത്യമായ സൂചനകൾ നോവൽ നൽകുന്നു. ഭൂമി, വസ്തു, അവകാശം എന്നിങ്ങനെയുള്ള സിവിൽ പ്രശ്നങ്ങളെ മുൻനിർത്തി

കോടതിവ്യവഹാരക്രമങ്ങളെയും ജഡ്ജി, അഭിഭാഷകർ, : മസ്റ്റർ എന്നിങ്ങനെയുള്ള കൊളോണിയൽ അധികാരരൂപങ്ങളെയും നോവൽ ആവിഷ്കരിക്കുന്നു.

### 3.2 'സരസ്വതീവിജയം'

മലബാർ പശ്ചാത്തലമാക്കി 1892 ൽ പോത്തേരി കുഞ്ഞമ്പു രചിച്ച നോവലാണ് സരസ്വതീവിജയം. ബാസൽമിഷൻകാരുടെ പ്രവർത്തന ഫലമായി ഇംഗ്ലീഷ് വിദ്യാഭ്യാസവും നവോത്ഥാനചിന്തകളും മലബാറിലെ ഏറ്റവും താഴ്ന്നവർഗക്കാരുടെ ഇടയിലേക്കുകൂടി കടന്നുചെന്നതിന്റെയും അവർ സാമൂഹിക യാഥാർത്ഥ്യങ്ങൾ ഗ്രഹിച്ച് ഉദ്ക്ര ദ്ധരാകുന്നതിന്റെയും ചിത്രം നോവലിൽ വ്യക്തമാകുന്നുണ്ട്. സവർണ മേധാവിത്വത്തിനോടും ജാത്യാധീശത്വത്തിനോടും കലഹിക്കുന്ന രീതിയിലാണ് നോവലിന്റെ ആഖ്യാനം. 1898 ൽ ദലിതർക്കായുള്ള വിദ്യാലയ പ്രക്ഷോഭസമരം അ- ങ്കാളി ആരംഭിക്കുന്നതിന് മുമ്പുതന്നെ തീ- സമുദായാംഗമായ പോത്തേരി കുഞ്ഞമ്പു കീഴാളജനതയ്ക്കുവേണ്ടി ശബ്ദിച്ചിരുന്നു. നോവലിന്റെ മുഖവുരയിൽ അദ്ദേഹം പറയുന്ന കാര്യം ഏറെ ശ്രദ്ധേയമാണ്. 'കണ്ടാൽ കA കഴകേണമെന്നുവെച്ച് ഉയർന്ന ജാതികളാൽ നടപ്പുദീനമോ വിഷമോ ഉള്ള ജീവികളെ എന്നെപ്പോലെ ബന്ധുകാലമായി ന്നേരേ അകറ്റപ്പെട്ട അഗതികളായ പറയരുടെ ഇടയിൽ വിദ്യാഭ്യാസം ഉളവാക്കേണ്ടുന്നത് അത്യാവശ്യമാണെന്നും വിദ്യാഭ്യാസംകൊണ്ട് അവരുടെ സ്ഥിതി വളരെ പരിഷ്കരിച്ചു വരുമെന്നും മദിരാ ശിയിലെ ചില ഇംഗ്ലീഷ്വർത്തമാനപത്രങ്ങൾ ഘോഷമാ യെഴുതിയ ചില ലേഖനങ്ങൾ ഈ കഴിഞ്ഞ മെയ് മാസത്തിൽ വായിച്ചപ്പോൾ മദിരാശിയിലും മദ്ധ്യേള്ള പറയരെക്കാൾ കവ തയിൽ ഇരിക്കുന്ന മലയാളത്തിലെ പുലയരുടെ സങ്കടാവസ്ഥ ഓർത്ത് ഈ പുസ്തകം എഴുതാൻ ഇടവന്നതാണ്.' എന്ന് അദ്ദേഹം ആമുഖത്തിൽ രേഖപ്പെടുത്തുന്നു (പോത്തേരി കുഞ്ഞമ്പു, 2021:67). തന്റെ സമുദായത്തിൽപ്പെട്ട ജനങ്ങൾ അനുഭവിക്കുന്ന ക്ലേശകരമായ ജീവിതസാഹചര്യങ്ങളെയും അവഗണനകളെയുംകുറിച്ച് എഴുതാൻ നോവൽ എന്ന സാഹിത്യരൂപത്തെ അദ്ദേഹം തെരെഞ്ഞെടുക്കുകയായിരുന്നു.

കനകശേഖരയില്ലത്തു കുബേരൻ നമ്പൂതിരി എന്ന നാട്ടുപ്രമാണിയാണ് നോവലിലെ കേന്ദ്രകഥാപാത്രം. അദ്ദേഹത്തിന്റെ വാല്യക്കാരനായിരുന്ന രാമൻകുട്ടിനമ്പ്യാർ, കുബേരൻ നമ്പൂതിരിയുടെ നിർദ്ദേശപ്രകാരം പുലയനായ മരത്തനെ ചവിട്ടുകയും തുടർന്ന് മരത്തനെ ചവിട്ടിയിടത്ത് ഒരു അജ്ഞാത ശവം കാണുകയും ചെയ്യുന്നു. അത് മരത്തനാണെന്ന് വിശ്വസിച്ച് ആ പ്രദേശത്തെ മുതൂീങ്ങൾ അംശം അധികാരിക്ക് പരാതി നൽകുന്നിടത്താണ് നോവൽ ആരംഭിക്കുന്നത്. തുടർന്ന് പ്രതിയ്ക്കുവേണ്ടി നടത്തുന്ന അന്വേഷണവും കോടതിയുടെ ഇടപെടലും വിസ്താരവുമെല്ലാം നോവലിനു വിഷയമാവുന്നു.

### 3.2.1 'സരസ്വതീവിജയ'ത്തിലെ കൊളോണിയൽ വ്യവഹാരം

ബ്രാമ ണിക്കൽ ജ്ഞാനവ്യവസ്ഥയിൽനിന്നു കൊളോണിയൽ ജ്ഞാനവ്യവസ്ഥയിലേക്കുള്ള സാമൂഹികമാറ്റത്തെയാണ് 'സരസ്വതീവിജയം' എന്ന നോവൽ കൃത്യമായി അടയാളപ്പെടുത്തുന്നത്. സമൂഹത്തിലെ താഴേക്കിടയിലുള്ള ജനവിഭാഗങ്ങളെ അറിവിൽനിന്നും അകറ്റിനിർത്തുന്നതിലൂടെ അവർക്കുമേൽ അധികാരം സ്ഥാപിക്കാനുള്ള സാധ്യതയുണ്ടെന്ന് ധരിച്ച ബ്രാമ ണസമൂഹത്തെയും അതിന്റെ ന്മഷ്യ ഫലങ്ങളെയും വിമർശനകൃ ദ്ധ്യാ ഈ കൃതി അവതരിപ്പിക്കുന്നു. 'നിത്യമായി ചെയ്തുവരുന്ന ഗായത്രി ജപം കൊണ്ടു സകലപാപവും അപേോകുമെന്ന തെറ്റായ ധാരണയാൽ എത്ര ബ്രാമ ണർ ദിവസേന അതികഠോരമായ പാപങ്ങൾ ചെയ്യുന്നു' (പുറം:53). എന്നു കുബേരൻ നമ്പൂതിരി ആലോചിക്കുമ്പോൾ വേദശാസ്ത്രാദികളുടെ അർത്ഥത്തെ തെറ്റായി വ്യാഖ്യാനിച്ച് നിലനിൽക്കുന്ന ജാത്യാനാചാരങ്ങളെ നീതീകരിക്കുവാൻ ബ്രാമ ണർ ശ്രമിക്കുന്നതിനെ നോവൽ നേരിട്ടു വിമർശിക്കുന്നു. ഫ്യൂഡൽ അധികാരം നിർമ്മിച്ചെടുത്ത അറിവ് ബ്രാമ ണരിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്നും പാരമ്പര്യത്തിന്റെ അറിവുകളെ വളച്ചൊടിച്ച് അവർ സ്വയം എങ്ങനെ ദുഷിക്കുന്നുവെന്നും നോവൽ വ്യക്തമായി വിവരിക്കുന്നു.

അറിവിന്റെ വിതരണത്തിൽ നിലനിന്നിരുന്ന ജാതീയമായ വിവേചനത്തെ സരസ്വതീവിജയമെന്ന നോവൽ ചോദ്യംചെയ്യുന്നുണ്ട്. അരികുവത്കരിക്കപ്പെട്ട ജനതയെ അജ്ഞതയിൽ തന്നെ തളച്ചിട്ടുകൊണ്ടാണ് സവർണസമൂഹം ഇത് സാധ്യമാക്കുന്നത്. 'പൂർവ്വകാലത്തു വിദ്യയും കൃ ദ്ധിയും ഉള്ളവർ ഇന്ത്യയിൽ ബ്രാമ ണർമാത്രമായിരുന്നു. അതുകൊണ്ടു ഇത്രത്തോളം മൂൾ തയിൽ ഈ സാധുചെർമ്മക്കളെ അകപ്പെടുത്തി വളർത്തിയതിനും ബ്രാമ ണരെയല്ലാതെ മറേല്ലവരേയും ഉത്തരവാദപ്പെടുത്താനുണ്ടോ എന്നത് ആലോചിക്കാനുള്ള കാര്യമാണ്' (പുറം:45). കീഴാളരെ അജ്ഞരാക്കി നിലനിർത്താനുള്ള ശ്രമത്തിൽ ബ്രാമ ണർക്കു സംഭവിച്ച അജ്ഞതയെപ്പറ്റി നോവൽ വിവരിക്കുന്നു. '" ത്തിലും മ*േ* അജ്ഞാനം വർദ്ധിപ്പിക്കത്തക്ക കഥകളും വാക്യങ്ങളും ബ്രാമ ണർ പലപ്പോഴും ഉപദേശിക്കുമെങ്കിലും ആവക കഥകളും വാക്യങ്ങളും ചിലതു പൊള്ളയായിട്ടുള്ളതാണെന്ന് അവർക്കു തന്നെ ധാരാളം അറിവുണ്ട്. എന്നാലും മള്ളേവരെ അജ്ഞാനത്തിൽ വളർത്തുന്നത് ഇവരുടെ യശ്ശസ്സിനും ആഹാരസമ്പാദത്തിനും അത്യാവശ്യമാണെന്ന് ഈ സമർത്ഥന്മാർ നിശ്ചയിച്ചിരിക്കകൊണ്ട് അതിലേയ്ക്ക് സദാശ്രദ്ധന്മാരായിരിക്കുന്നത് ഇവരിൽ ചിലരുടെ ധർമ്മമാണ്. എന്നാൽ തങ്ങളുടെ സ്വന്തം ആദായത്തിനും പ്രഭാവത്തിനുവേണ്ടി ഉണ്ടാക്കി അന്യജാതികളിൽ നിലനിർത്തിയ അജ്ഞാനസസ ദായങ്ങൾ അവർ ഒരിക്കലും ഉപയോഗിക്കാതിരിപ്പാനും അവരുടെ വിശ്വാസം

അവയിൽ ഉറപ്പിപ്പാനുംവേണ്ടി ബാഹികമായി പലപ്പോഴും ബ്രാമ ണർതന്നെ ആവക അജ്ഞാന സസദായങ്ങളെ ആചരിച്ചുവരികയും അവ കാലക്രമേണ, ദൈവശിക്ഷയാൽ എന്നു തോന്നുമാറ്, ഈ ബ്രാമ ണരുടെയും ഉള്ളിൽ കടന്ന് അവരുടെ മനസ്സിനെ ക്ലിപ്പിടിച്ച് ഇരുട്ടാക്കി അവരെ മഹാ അജ്ഞാനികളാക്കിത്തീർക്കുകയും ചെയ്തിരിക്കുന്നു' (പുറം:53).

'മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ മാറ്റുമേതുകളീ നിങ്ങളെതാൻ' (2009:170). എന്ന ആശാന്റെ വരികൾ സമൂഹത്തോട് ആഴത്തിൽ പ്രതികരിച്ച കാലമായിരുന്നു അത്. സവർണ്ണ സമൂഹം തങ്ങളുടെ ആചാരങ്ങളിൽനിന്നും പുറത്തു കടക്കാതെ അവർക്ക് സ്വയം ആധുനി കവത്കരിക്കാനും മനുഷ്യരെപോലെ ജീവിക്കാനും കഴിയില്ല എന്ന സത്യമാണ് ഈ വാക്കുകളിൽ ദൃശ്യമാകുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ജ്ഞാനമാർഗ്ഗം ആധുനികമാവുകയും അധികാരം ഫ്യൂഡലിസത്തിൽനിന്ന് ബ്രിട്ടീഷ്സർക്കാരിലേക്കും തുടർന്നു ജനാധിപത്യത്തിലേക്കും നീങ്ങുന്നതോടെ അനിവാര്യമായ സാമൂഹികമാറ്റത്തെ ഉൾക്കൊള്ളാനും ബ്രാമ ണർ ത- ാറാവണമെന്ന ആഹ്വാനമാണ് കുഞ്ഞമ്പു മുന്നോട്ടുവയ്ക്കുന്നത്.

മിഷനറി പ്രവർത്തനത്തിലൂടെയുള്ള ആധുനികവിദ്യാഭ്യാസം, മതപരിവർത്തനം, ക്രിസ്ത്യൻ സാമൂഹികബോധങ്ങളിലെ വളർച്ച, കേരളീയ ജാതിസമൂഹത്തിൽ ക്രൈസ്തവീയ സമത്വചിന്തയും നില നിൽക്കുന്ന സാമൂഹികചിന്തകളും തമ്മിലുള്ള സംഘർഷം, ആധുനിക തയിലേക്കുള്ള സാമൂഹികപരിവർത്തനം ഇങ്ങനെ പലതട്ടിലുള്ള വ്യവഹാരങ്ങളാണ് സരസ്വതീവിജയത്തിൽ നോവലില ് ഇണക്കിച്ചേർക്കുന്നത്.

ക്ഷേത്രങ്ങൾ സർക്കാർ ഏറ്റെടുക്കുന്നതിനെക്കുറിച്ച് അഭിപ്രായം അറിയുന്നതിന് കലക്ടർ കുബേരൻ നമ്പൂതിരിയെ വിളിപ്പിക്കുകയും ക്ഷേത്രഉടമസ്ഥതയെയും വരവ്- ചെലവ് കണക്കിനെപ്പറ്റിയും ചോദിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ ആധുനിക നിയമവ്യവസ്ഥയുടെ പിൻബലത്തിലുള്ള ചോദ്യങ്ങളെ കുബേരൻ നമ്പൂതിരി നേരിടുന്നത് സ്മൃതിനിയമങ്ങൾക്കൊണ്ടാണ് എന്നു കാണാം. രണ്ട് ജ്ഞാനാധികാരങ്ങൾ തമ്മിലുള്ള സംഘർഷമായി അവരുടെ സംഭാഷണത്തെ മനസ്സിലാക്കാവുന്നതാണ്. നോവലിന്റെ അന്ത്യഭാഗത്തിൽ കൊളോണിയൽ അധികാരത്തോട് പൂർണ്ണമായും കീഴ്പ്പെടുന്ന കുബേരൻ നമ്പൂതിരിയെ അവതരിപ്പിക്കു ന്നതിലൂടെ ഈ ജ്ഞാനാധി കാരകൈമാറ്റത്തിന്റെ ചിത്രം കൂടുതൽ വ്യക്തമാകുന്നു. മലയാള ദേശത്തുനിന്ന് കാശിവരെയുള്ള കുബേരൻനമ്പൂതിരിയുടെ യാത്രയിലാണ് അദ്ദേഹത്തിന്റെ നീതിവിചാരങ്ങളിൽ മാറ്റം സംഭവിക്കുന്നത്. 'കുളത്തിൽ മുങ്ങിക്കുളിച്ചാലെ ദേഹത്തിന്റെ അ" ദ്ധം തീരുവെന്ന വിചാരവും ദേശസഞ്ചാരംകൊണ്ടും കാശിയിൽവെച്ച്, ആര്യസമാജം, ബ്രമ സമാജം എന്നീ യോഗക്കാരും മറ്റോയുണ്ടായ

ചേർച്ചകൊണ്ടും കുബേരൻ നമ്പൂതിരിയ്ക്ക് കേവലം തീർന്നിരിക്കുന്നു. എന്നു മാത്രമല്ല അത് ഒരു വിശ്വാസമാണെന്നും അതു വെള്ളത്തിന്റെ : ണത്തിമേലാണെന്നും വെള്ളം നിൽക്കുന്ന സ്ഥലത്തിന്റെ പേരിലല്ലെന്നും നല്ലവണ്ണം മനസ്സിലാക്കിയിരിക്കുന്നു' (പോത്തേരി കുഞ്ഞമ്പു, 2021:107). രാജ്യസഞ്ചാരംകൊണ്ട് " ഢംഞ്ഞ" ഢം എന്നിവയെപ്പറ്റിയുള്ള തിരിച്ചറിവിനോടൊപ്പം തന്നെ തീണ്ടൽ, അയിത്തം എന്നിങ്ങനെയുള്ള ദുരാചാരങ്ങളിൽനിന്ന് കുബേരൻ നമ്പൂതിരിയ്ക്ക് മുക്തി ലഭിക്കുന്നു.

### 3.2.2 'സരസ്വതീവിജയ'ത്തിലെ കോടതിയധികാരവ്യവഹാരങ്ങൾ

സ്ഥാപനവൽക്കരിക്കപ്പെട്ട അധികാരത്തിന്റെ പ്രത്യക്ഷ രൂപമായ കോടതിയെ നോവലിൽ കൃത്യമായി അടയാളപ്പെടു ത്തിയിരിക്കുന്നു. കുബേരൻ നമ്പൂതിരിയുടെ വാല്യക്കാരനായ രാമൻകുട്ടി നമ്പ്യാർ, മരത്തൻ പാട്ടുപാടിയതിന് അയാളെ ചവിട്ടുകയും ചവിട്ടിയിട്ട സ്ഥലത്ത് പിന്നീട് അജ്ഞാതശവം കാണുകയും ചെയ്യതുമായി സംബന്ധിച്ചാണ് സരസ്വതീവിജയത്തിലെ കേസ് ആരംഭിക്കുന്നത്. കോടതിയെ, കൊളോണിയൽ അധികാരത്തിന്റെ പ്രതീകമായും കുബേരൻ നമ്പൂതിരിയെ പോലെയുള്ളവർക്ക് ഭീതി ഉളവാക്കുന്ന ഇടമായി നോവലിൽ അവതരിപ്പിക്കുന്നു. കോടതി എന്ന വ്യവഹാരസ്ഥലത്തിന്റെയും കോടതിയിലെ മൂർത്തരൂപങ്ങളുടെയും അപഗ്രഥനത്തിലൂടെ ഇത് വ്യക്തമാകുന്നു.

#### 3.2.2.1 കോടതി എന്ന വ്യവഹാരസ്ഥലം നോവലിൽ

തലശ്ശേരി സെഷൻസ് കോടതിയിലാണ് സരസ്വതീവിജയത്തിലെ വിചാരണരംഗങ്ങൾ അരങ്ങേറുന്നത്. നോവലിനാധാരമായ കേസ് ക്രിമിനൽ വ്യവഹാരത്തിന് കീഴിൽ വരുന്നതിനാലാണ് 'സെഷൻസ് കോടതി' എന്ന പദം ഉപയോഗിക്കുന്നത് (2.4.1.3.6 ൽ ഇത് വിശദീകരിച്ചിട്ടുണ്ട്) ഏഴ് വർഷത്തിൽ കൂടുതൽ തടവ്ശിക്ഷയോ ജീവപര്യന്തമോ വധശിക്ഷയോ ലഭിക്കാവുന്ന കുറ്റകൃത്യങ്ങളാണ് ഇത്തരം കോടതികളിൽ വിചാരണ ചെയ്യുന്നത്. സെഷൻസ് കോടതിയുടെ അധികാരപരിധിയിൽ വരുന്ന കീഴ്ക്കോടതിയെ കുറിച്ചും ഈ നോവലിൽ പരാമർശമുണ്ട്. പ്രാഥമിക വിചാരണകൾ നടക്കുന്ന കീഴ്ക്കോടതിയുടെ നിർദ്ദേശപ്രകാരമാണ് രാമൻകുട്ടി നമ്പ്യാർക്ക് ജാമ്യം നിഷേധിക്കുന്നത് (പുറം:108).

നോവലിലെ കോടതിവിചാരണ നടക്കുന്ന ഏഴാമദ്ധ്യായത്തിലാണ് കോടതിമുറി എന്ന സ്ഥലരാശി കടന്നുവരുന്നത്. ജഡ്ജിയുടെ ഉയർന്ന പീഠം, പ്രതിഭാഗത്തിനും വാദിഭാഗത്തിനും നിൽക്കാനുള്ള പ്രത്യേക കൂടുകൾ എന്നിവയെക്കുറിച്ച് ഈ സന്ദർഭത്തിൽ പ്രതിപാദിക്കുന്നു. വിചാരണയ്ക്ക് വിധേയനായ കുബേരൻ

നമ്പൂതിരിയുടെ ദേഹാസ്വാസ്ഥ്യം തിരിച്ചറിഞ്ഞ് ജഡ്ജി അയാളെ പ്രതിക്കൂട്ടിൽനിന്നും ഇറക്കി കസേരയിട്ട് ഇരുത്താൻ അനുവാദം നൽകുന്നുണ്ട് (പുറം:109). ജഡ്ജി എന്നത് അധികാരത്തിന്റെ ഗർNള്ളവർ മാത്രമല്ല എന്നും മാനുഷികപരിഗണനയെ മാനിക്കുന്നവർ കൂടിയാണെന്നുള്ള ചിന്തയെ ഉറപ്പിക്കുന്നതിനുവേണ്ടിയാണ് ഇത്തരം ഒരു രംഗത്തെ നോവലിൽ ആവിഷ്കരിച്ചത് എന്ന് അനുമാനിക്കാം. നിയമപഠനത്തെയും കോടതിയിലെ വിവിധ തസ്തികകളെയും വായനക്കാർക്ക് പരിചയപ്പെടുത്തുന്നതിനും അതുവഴി പുതിയ നീതിന്യായസംവിധാനത്തെക്കുറിച്ചുള്ള കൃത്യമായ അവബോധം സൃഷ്ടിക്കുന്നതിനും വേണ്ടിയാണ് നോവലിൽ മരത്തനെന്ന യേ" ദാസന്റെ പഠന- പഠനാനന്തര കാര്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നത്.

### 3.2.2.2 കോടതിയധികാരത്തിന്റെ മൂർത്തരൂപങ്ങൾ

സരസ്വതീവിജയം നോവലിൽ കോടതിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വിവിധ സ്വഭാവസവിശേഷതകൾ നൽകി അവതരിപ്പിച്ചിരിക്കുന്നു. ആധുനിക വിദ്യാഭ്യാസത്തിന്റെ ഫലമായി രൂപപ്പെട്ട പുതിയ ഉദ്യോഗങ്ങളെ വായനക്കാർക്കു പരിചയപ്പെടുന്നതിനായി എഴുത്തുകാരൻ തെരഞ്ഞെടുത്ത രചനാസങ്കേതമായി ഇതിനെ മനസ്സിലാക്കാം. കുബേരൻ നമ്പൂതിരിയും കുപ്പൻ പട്ടരും കാശിയിലേക്കു പോകുന്ന യാത്രാമദ്ധ്യേ ഉക്കപ്പമേനോൻ, ഏറടി തുടങ്ങി മൂന്നു നാലു ബ്രാമ ണരെ കണ്ടുമുട്ടുന്നതായി കാണാം. യാത്രയ്ക്കിടയിൽ പലതരം കഥകൾ പറയുന്ന കൂട്ടത്തിൽ കുബേരൻ നമ്പൂതിരി തനിക്കു പരിചയമുള്ള ഒരു മുൻസിഫിന്റെ കഥ പറയുന്ന സന്ദർഭമുണ്ട്. ഉദ്യോഗസ്ഥൻമാർ ജോലിക്കു പ്രവേശിക്കുന്ന കാലത്ത് നേരുള്ളവരാണെങ്കിലും പിന്നീട് കോഴ വാങ്ങുന്നവരായിത്തീരുന്നതിനെക്കുറിച്ചാണ് നമ്പൂതിരി പറയുന്നത്. നേരായാലും കളവായാലും അധിക കിട്ടുന്ന ഭാഗത്തേയ്ക്ക് അനുകൂലമായ വിധി കൊടുക്കുന്ന അവസ്ഥയാണ് നാട്ടിലുള്ളത്. തുടർന്നുവന്ന കാലത്താകട്ടെ തെളിവിന്റെ അടിസ്ഥാനത്തിലായി കുറ്റാന്വേഷണം. അതിനുശേഷമുള്ള കാലം തികഞ്ഞ അനീതിയുടെതായായിരുന്നു. വാദിയുടെയും പ്രതിയുടെയും കൈ- ൽനിന്ന് കൈക്കൂലി വാങ്ങുന്ന തരത്തിലേക്ക് കാലം അധ: പതിച്ചു. വക്കീലന്മാരുടെ ഈ ദുവ ത്തരത്തെ കുബേരൻ നമ്പൂതിരി ഹാസ്യാത്മകമായി ചിത്രീകരിക്കുന്നു. ഒരു കക്ഷിയോട് അവന് അനുകൂലമായി വിധി തരുമെന്നും മ കക്ഷിയോട് അപ്പീലിൽ : ണം വരത്തക്കവണ്ണം റിക്കാർഖ ം വിധിന്യായവും നന്നാക്കി തരുമെന്നും പറയുകയും പ്രവർത്തിക്കുകയും ചെയ്തിട്ടാണ് വക്കീലന്മാർ നീചജനങ്ങളായിമാറിയത് (പുറം:101).

നോവലിലെ ഏഴാമദ്ധ്യായത്തിൽ രണ്ട് സെഷൻജഡ്ജിമാരെക്കുറിച്ചുള്ള വിവരണങ്ങൾ ചേർത്തിട്ടുണ്ട്. അതിലൊന്ന് യേ" ദാസനെക്കുറിച്ചുള്ളതും മറ്റേത് അദ്ദേഹത്തിന് മുൻപ് സെഷൻ ജഡ്ജിയായിരുന്ന ഒരു

വ്യക്തിയെക്കുറിച്ചുമാണ്. യേ" ദാസന് മുൻപുണ്ടായിരുന്ന സെഷൻ ജഡ്ജി, കണ്ടതിനൊക്കെ ദേഷ്യപ്പെടുന്നയാളും എല്ലാ സമയത്തും വെറിയുള്ള ആളുമായിരുന്നു. തന്റെ ഉദ്യോഗത്തിൽ വളരെയധികം അഹങ്കരിക്കുകയും തന്നേക്കാൾ കൃ ദ്ധിയുള്ളവരായി മറ്റാരുമില്ല എന്നു കരുതുകയും ചെയ്തിരുന്നതിനാൽ വക്കീലന്മാരുടെ വാഗ്വാദം കേൾക്കുന്നത് തന്റെ തറവാട്ടുവസ്ഥയ്ക്കു തന്നെ ചേരാത്തതാണെന്ന അഭിപ്രായമാണ് വച്ചുപുലർത്തിയിരുന്നത്. അദ്ദേഹത്തിനു പകരം പുതുതായിവന്ന ജഡ്ജിയായാണ് യേ" ദാസനെ നോവൽ ചിത്രീകരിക്കുന്നത്. 'അതീവയോഗ്യനും വളരെ സംവിധാനിയും ക്ഷമയുള്ളവും തന്നേക്കാൾ പഠിപ്പുള്ളവർ അനേകായിരം ഉണ്ടെന്നു വിചാരമുള്ളയാളും യാതൊരു മതവിശ്വാസത്തിനും എതിരായി അനാവശ്യമായി പ്രവർത്തിക്കാത്തയാളും സത്യവാനും സത്യം അറിവാൻ അതിപ്രയദ ം ചെയ്യുന്നയാളും എല്ലാവരെയും ബഹുമാനിക്കുന്നയാളും ആകുന്നു' (പുറം:107). എന്നിങ്ങനെയാണ് വർണന. ചന്തുമേനോൻ ശാരദയിൽ കൃഷ്ണമേനോൻ എന്ന മാതൃകാവക്കീലിനെ സൃഷ്ടിക്കുന്നതുപോലെതന്നെയാണ് യേ" ദാസനെന്ന വക്കീലിനെ പോത്തേരി കുഞ്ഞമ്പു അവതരിപ്പിച്ചിരിക്കുന്നത്.

മതപരിവർത്തനവും വിദ്യാഭ്യാസവുമാണ് മരത്തനെ യേ" ദാസനാക്കി മാറ്റിയതെന്ന് ഉറപ്പിക്കുന്നതിനായി മരത്തന് പാതിരിമാർ നൽകിയ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ദീർഘമായ വർണ്ണനയും നോവലിലുണ്ട്. കൈത്തൊഴിൽ അഭ്യസിപ്പിക്കുന്നതിനു പകരം മരത്തനെ ഇംഗ്ലീഷ് c ളിൽ ചേർക്കുകയും തുടർന്ന് മദിരാശിയിലെ ക്രിസ്ത്യൻ കോളേജിൽ ഉപരിപഠനത്തിനു ചേർക്കുകയും ചെയ്തു. തുടർന്ന് ഹൈക്കോടതി ക്ലാർക്ക്, ഡപ്യൂട്ടി റജിസ്ട്രാർ, ജോയിൻറ് മജിസ്ട്രേറ്റ്, ഡിസ്ട്രിv ് മജിസ്ട്രേറ്റ് എന്നിങ്ങനെയുള്ള ഉദ്യോഗങ്ങൾക്കു ശേഷമാണ് തലശ്ശേരിയിലെ സെഷൻ ജഡ്ജിയായി നിയമനം ലഭിക്കുന്നത് ഇപ്രകാരം മരത്തനിൽനിന്നും യേ" ദാസനെന്ന കോടതി ഉദ്യോഗസ്ഥ നിലേക്കുള്ള മാറ്റത്തെയും യേ" ദാസന്റെ വളർച്ചയെയും കുറിച്ചുള്ള വിവരണങ്ങൾ നോവൽ നൽകുന്നു.

**3.2.3 'സരസ്വതീവിജയത്തിലെ'നീതി- ന്യായവ്യവഹാരങ്ങൾ**

ആധുനിക നിയമസംവിധാനത്തെ അടിസ്ഥാനമാക്കിയുള്ള കോടതിവിസ്താരവും ബ്രാമ ണ നിയമങ്ങളിലൂന്നിയ സ്മർത്തവിചാരവും നോവലിൽ അവതരിപ്പിക്കുന്നുണ്ട്. പാരമ്പര്യനീതിബോധങ്ങളിൽനിന്നും പുതിയ നീതിന്യായവ്യവസ്ഥയിലേക്കുള്ള സാമൂഹിക മാറ്റത്തെ കൃത്യമായി അടയാളപ്പെടുത്താൻ നോവലില ിനു സാധിക്കുന്നു. ഇതുകൂടാതെ കുബേരൻ നമ്പൂതിരിയും കലക്ടറുമായി നടത്തുന്ന സംഭാഷണത്തിൽ

ആധുനിക യുക്തിവിചാരവും ചോദ്യങ്ങളെ പാരമ്പര്യയുക്തികളും നേർക്കുനേർ പ്രതിരോധിക്കുന്നത് കൃത്യമായി കുഞ്ഞമ്പു നോവലിൽ ആവിഷ്കരിക്കുന്നു.

'പിറ്റേ ദിവസം രാവിലെ നമ്പൂതിരി ക" ട്ടരുടെ കച്ചേരിയിൽ ഹാജരായി...

ചോദ്യം: നേർച്ച തരുന്ന നാട്ടുകാർ ഏതു ജാതിക്കാരാണ്.

ഉത്തരം: ബ്രാമ ണാദിചണ്ഡാലപര്യന്തമുള്ളവർ നേർച്ച തരുന്നുണ്ട്. എന്നുമാത്രമല്ല, ചില ഹീനജാതിക്കാർ ചില ക്ഷേത്രങ്ങളിലേക്ക് അടിമകളും അവർ കാലത്താൽ അടിമപ്പണം അവിടെ ഒപ്പിക്കാൻ ബാധ്യസ്ഥന്മാരും ആണ്. അവരെ നമുക്കു വിൽക്കുകയോ പണയംവക്കുകയോ ചെ- ാം.

ചോദ്യം: എന്ത്kഅടിമകളോkവിൽക്കാനോk

ഉത്തരം: അതെ. എന്താണ് സംശയംന അണ്ണന്മാർകാലത്തെ ഉള്ള അവകാശവും സസദായവുമാണ്. (ഇവിടെ നമ്പൂതിരിയുടെ കല്പക്കമില്ലായയും സമാധാനത്തോടുകൂടിയുള്ള ഉത്തരവും ദ്ദൾ തയും കണ്ട് ഇദ്ദേഹത്തിന്ന് അടിമ ആക്ടിറ്റിന്റെ വിവരമില്ലെന്നു ക" ട്ടരു മനസിലാക്കി ആഭാഗം വിട്ട് ഉടനെ പിന്നെയും ചോദ്യം തുടങ്ങി)'(പുറം:60).

ബ്രാമ ണവ്യവസ്ഥയുടെ കാതലായ സ്മൃതികൾ സ്ത്രീകളുടെ ചാരിത്ര്യത്തിന് വളരെ പ്രാധാന്യം കല്പിക്കുന്നു. ഏതെങ്കിലും ബ്രാമ ണസ്ത്രീയുടെ വി" ദ്ധിയിൽ സംശയമുണ്ടായാൽ അവളെ വിചാരണയ്ക്കു വിധേയമാക്കുന്നതാണ് സ്മാർത്തവിചാരം. ഈ ബ്രാമ ണ വിചാരത്തെ വിമർശിക്കുന്ന സന്ദർഭങ്ങൾ നോവലിൽ അവതരിപ്പിക്കുന്നു. കുബേരൻ നമ്പൂതിരിയുടെ മകളായ സുഭദ്രയാണ് നോവലിൽ സ്മാർത്തവിചാരത്തിന് ഇരയാകുന്നത്. കുബേരൻ നമ്പൂതിരിയുമായി കലഹത്തിലായിരുന്ന പരമേശ്വരൻ പട്ടർ, ഭവശർമ്മൻ നമ്പൂതിരിപ്പാട്, സുഭദ്രയുടെ ഗ്രഹത്തിൽനിന്ന് പുറത്താക്കപ്പെട്ട കുമ്പ എന്നിവർ ചേർന്നാണ് സുഭദ്രയ്ക്കെതിരെ ആലോചനകൾ നടത്തുന്നത്. സുഭദ്രയ്ക്ക് അന്യപുരുഷന്മാരുമായി ബന്ധമുണ്ടെന്ന് സ്ഥാപിക്കാനായിരുന്നു അവരുടെ ശ്രമം. സുഭദ്രയിൽ ചാരിത്ര്യശങ്കയുടെ അപകീർത്തി നാടാകെ പരത്തുകയും അവളെ ക്ഷയാക്കി നാടുകടത്തുകയും, ചെയ്യുന്നു. കുബേരൻ നമ്പൂതിരിയ്ക്ക് മാനഹാനി വരുത്താൻ വേണ്ടികൂടിയാണ് ഭവശർമ്മൻ നമ്പൂതിരി ഈ ഉദ്യമത്തിന് ഇറങ്ങിത്തിരിച്ചത്. ഭവശർമ്മൻ നമ്പൂതിരിയും കുബേരൻ നമ്പൂതിരിയും തമ്മിൽ മുമ്പുണ്ടായിരുന്ന ക്ഷേത്രവ്യവഹാരത്തിൽ ഭവശർമ്മൻ നമ്പൂതിരിയ്ക്കു സംഭവിച്ച തോൽവിക്കും മാനനവ ത്തിനും പകരമായാണ് സുഭദ്രയെ മുൻനിർത്തി ഇത്തരമൊരു അന്യായത്തിന് അവർ ഒരുങ്ങുന്നത്. വ്യവഹാരംമൂലം ധാരാളം സ്വത്ത് നവ പ്പെട്ടയാളാണ് ഭവശർമ്മൻ നമ്പൂതിരിയെങ്കിലും സ്മാർത്തവിചാരണ നടത്തുന്നവരെ

സ്വാധീനതയിലാക്കാൻ ചില സ്വത്തുക്കൾ പണയംവെച്ച് പണം ശേഖരിക്കാനും നമ്പൂതിരി മടിയ്ക്കുന്നില്ല. സ്മാർത്ത ബ്രാഹ്മണരും ആറ്റിങ്ങൽ രാജാവിന്റെ ഒരു പ്രതിനിധിയും മറ്റ് ബ്രാഹ്മണരും ചേർന്നാണ് സുഭദ്രയുടെ സ്മാർത്തവിചാരം നടത്തുന്നത്. പത്ത് ദിവസത്തോളം ചോദ്യങ്ങൾ ചോദിച്ചിട്ടും യാതൊരു ദോഷവൃത്തിയും ചെയ്തില്ല എന്നാണ് സുഭദ്ര വ്യക്തമാക്കുന്നത്. പിന്നീട് കുമ്പയെ വിസ്തരിച്ചതിൽ നിന്നും സുഭദ്ര വിവാഹത്തിനുശേഷം വ്യഭിചരിച്ചു എന്നത് ഇല്ലാത്തതാണെന്നു തെളിയിക്കപ്പെട്ടു. ബാക്കിയുള്ള ഒരു കുറ്റം വിവാഹത്തിനു മുമ്പായി മറ്റൊരു പുരുഷനുമായി സംസർഗ്ഗം ഉണ്ടായിരുന്നു എന്നതാണ്. ഈ കുറ്റം സുഭദ്രയെക്കൊണ്ടു തന്നെ സമ്മതിപ്പിക്കണമെന്നു ഭവശർമ്മൻ നമ്പൂതിരി തീരുമാനമെടുത്തു. തുടർന്ന് ചില ഔഷധം നൽകി അവൾക്കു ബോധക്ഷയം വരുത്തി വിചാരണവേളയിൽ സുഭദ്ര താൻ കന്യകയായിരുന്നപ്പോൾ ഒരു ഗൃഹസ്ഥനുമായി സംസർഗ്ഗം ഉണ്ടായിരുന്നു എന്നു അർദ്ധബോധാവസ്ഥയിൽ സമ്മതിച്ചു. എങ്ങനെയെങ്കിലും ഒരു സമ്മതം കിട്ടിയ ക്ഷണത്തിൽ സ്മാർത്തന്മാർ അതു ലക്ഷ്യപ്പെടുത്തി സുഭദ്രയ്ക്ക് ശിക്ഷ കൽപിച്ചു. വിവാഹത്തിനു മുൻപ് പാത്രദോഷം വന്നതിനാൽ സുഭദ്രയുടെ മക്കൾക്കും ബ്രാഹ്മണ്യം പാടില്ലെന്നാണ് ബ്രാഹ്മണനിയമം അതിനാൽ സുഭദ്രയെയും മക്കളെയും കൈക്കൊട്ടി പുറത്താക്കുകയാണ് സ്മാർത്തവിചാരണക്കൊടുവിൽ ചെയ്തത്.

സ്മാർത്തന്മാരുടെ നിയമവ്യവസ്ഥ യുക്തിരാഹിത്യമായിരുന്നു. കൂടാതെ ആധുനിക കോടതി സംവിധാനങ്ങളുടേതിന് നേർവിപരീതമായ വിധത്തിലാണ് സ്മാർത്തവിചാരം നടക്കുന്നത്. 'ശങ്കിതയായ സ്ത്രീക്കു 'സാധനം' എന്നാണ് പേർ പറയാറ്. കുറ്റം വല്ലവരും ചെയ്തിട്ടുണ്ടെങ്കിൽ അവർ ബ്രാഹ്മണർ ചോദിച്ചാൽ സമ്മതിക്കുമെന്നാണു ഇവരുടെ നിയമത്തിൽ എഴുതപ്പെട്ടിട്ടുള്ളത്. ചോദ്യം ചെയ്യുന്ന ബ്രാഹ്മണർ അത്ര മന്ത്രശക്തിയുള്ളവരാകയാൽ കുറ്റം സമ്മതിക്കാതെ 'സാധന'ത്തിനു കഴിയുകയില്ലന്നായിരിക്കാം ഈ നിയമയത്തിന്റെ അടിസ്ഥാനം എന്നു നോവൽ നിരീക്ഷിക്കുന്നുണ്ട്. അതുകൊണ്ടു കവിച്ചു ദാസിയെയല്ലാതെ മറ്റ് സാക്ഷികളെ വിസ്തരിക്കുക പതിവില്ല. 'സാധന'ത്തിന്റെ മുഖത്തിൽനിന്നും കുറ്റസമ്മതം ഉണ്ടാകുന്നതുവരെ വിസ്താരം തുടരും. അതു ചില കാര്യങ്ങളിൽ ഒന്നും രണ്ടും കൊല്ലം ദീർഘിക്കാനും മതി. വിചാരണദിവസേന ഉണ്ടായി എന്നു വരികയില്ല. 'സാധന'വുമായി സംസർഗ്ഗമുണ്ടായപ്രകാരം വല്ലവരെയും കുറ്റപ്പെടുത്തി 'സാധനം' പറയുന്നുവെങ്കിൽ ആ വക ആളുകൾക്കു 'സാധന'ത്തോടും എതിർചോദ്യം ചോദിപ്പാനോ തങ്ങളുടെ നിർദ്ദോഷതയെ സ്ഥാപിപ്പാൻ തെളിവു കൊടുപ്പാനോ ഇങ്ങേ അറ്റം സമാധാനം പറവാനോ ഇവരുടെ നിയമം അനുവദിക്കുന്നില്ല'(പുറം:80). സുഭദ്ര അർധബോധാ വസ്ഥയിലാണ് കുറ്റസമ്മതം നടത്തിയതെന്ന് ഏവർക്കും

അറിയാമെങ്കിലും കള്ളത്തെളിവുകളെയും സാക്ഷികളെയും പരിഗണിച്ചാണ് ക്ഷ ് കല്പിക്കുന്നത്. കൂടാതെ കുറ്റാരോപിതമായ സ്ത്രീയെ 'സാധനം' എന്ന് അഭിസംബോധന ചെയ്യുന്നതിലൂടെ സ്ത്രീ നേരിടുന്ന അപ മാന ത്തിന്റെ ചിത്രം കൂടുതൽ വ്യക്തമാകുന്നു. നോവലിൽ സ്മാർത്തവിചാരത്തിനു വിധേയയായ സുഭദ്രപിന്നീട് ജോസഫ് സായ്വിന്റെ സംരക്ഷണയിൽ ഇംഗ്ലീഞ്ഞ വിദ്യാഭ്യാസത്തിലേക്കും മതപരിവർത്തനത്തിലേക്കും ക്രൈസ്തവമൂല്യങ്ങളെ സ്വാംശീകരിച്ച് സാമൂഹികജീവിതത്തിന്റെ സുഖമതയിലേക്കും പ്രവേശിക്കുന്നതായാണ് നോവലില ് ചിത്രീകരിച്ചിട്ടുള്ളത്. കേരളീയ സമൂഹത്തിൽ അക്കാലത്തു നടന്ന പ്രബലമായ താത്രിവിചാരം അടക്കമുള്ള സ്മാർത്തവിചാരണകളുടെ ചരിത്രസൂചനകളും മതപരിവർത്തന സാക്ഷ്യങ്ങളും നോവലിൽ ഉപയോഗിക്കാൻ കുഞ്ഞമ്പു ശ്രമിച്ചിട്ടുണ്ട്.

പാരമ്പര്യ ആചാരങ്ങളുടെ പരിഹാസ്യതയെ സ്മാർത്തവിചാരണത്തിലൂടെ നോവൻ അവതരിപ്പിക്കു ന്നതിനോടൊപ്പം തന്നെ ആധുനിക കോടതിയുടെ വിചാരണയും നോവലിലുണ്ട് ഇതിലൂടെ കോടതിയെ മുൻനിർത്തി സാമൂഹികക്രമത്തിൽ സംഭവിക്കുന്ന മാറ്റത്തെ അപഗ്രഥിക്കാം. നോവലിൽ ആധുനിക കോടതിയുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾ നടക്കുന്നത് രണ്ട് ഘട്ടങ്ങളിലായാണ്. മരത്തൻറേതെന്നു സംശയിക്കുന്ന അജ്ഞാത ശവം കണ്ടെത്തുന്നതും ദേശാധികാരി യാദാസ്ത്[2]ത- ാറാക്കുന്നതും മുതൽ കുബേരൻ നമ്പൂതിരിയുടെ വാല്യക്കാരനായ രാമൻകുട്ടിയെ ജയിലിൽ അടയ്ക്കുന്നതുവരെയാണ് ഒന്നാംഘട്ടം പോലീസുകാർ ചേർന്ന് പ്രതിയെ പിടിക്കുന്ന ഇന്നത്തെ രീതിക്ക് പകരം മജിസ്ട്രേം, കോൽക്കാരും[3] ഇൻസ്പെക്ടറും ഒരു ഹെഡ്കോൺല ബിളും കുറെ കാൺല ബിൾമാരും ചേർന്നാണ് കുബേരൻ നമ്പൂതിരിയുടെ ഇല്ലത്തുനിന്ന് രാമൻകുട്ടിനമ്പ്യാരെ തടവുകാരനായി പിടിക്കുന്നത്. കേസിനു വേണ്ട സാക്ഷികളോട് കോടതിയിൽ ഹാജ രാവാൻ കച്ചീട്ട്[4] വാങ്ങി രാമൻകുട്ടിനമ്പ്യാരെ ബന്തോവസ്തിൽ[5] നിർത്തിയിട്ടാണ് മജിഉേ റ്റ് മുതലായവർ മടങ്ങുന്നത്. മജിസ്ട്രേറ്റിന്റെ അന്വേഷണപ്രകാരം തലശ്ശേരി സ്പെഷൽകോടതിയ്ക്കു മുമ്പാകെയാണ് കേസ് സമർപ്പിക്കുന്നത്. തുടർന്ന് കോടതിയിൽ വിസ്തരിച്ച ഏഴ് സാക്ഷികളുടെ പേരും അവരുടെ തെളിവിന്റെ ച്ചുരുക്കവും വിധിന്യായത്തിന്റെ സാരവും വിധിയും നോവലിൽ അവതരിപ്പിക്കുന്നു.

1-ാം സാക്ഷി - കുബേരൻ നമ്പൂതിരിയുടെ മകളുടെ ഭർത്താവായ യജ്ഞൻ നമ്പൂതിരി

2-ാം സാക്ഷി - മരത്തന്റെ തള്ളയായ വെള്ളച്ചി

3-ാം സാക്ഷി - കുട്ട്യസ്സൻ

4-ാം സാക്ഷി - ദേശാധികാരിയായ കോതുനമ്പ്യാർ

5-ാം സാക്ഷി - എഴുത്താണിന്റെ അകത്ത് മൂസ്സ

6-ാം സാക്ഷി - ദീൻ കുഞ്ഞമ്മത്

7-ാം സാക്ഷി - കേസ് കമ്മിറ്റ് ചെയ്ത മജിസ്ട്രേറ്റ് കൃഷ്ണ ശേണായി

പള്ളിസ്ഥലത്തിന്റെ കാര്യത്തിൽ നമ്പൂതിരിയുമായി ശ. തയിലില്ല മാപ്പിളയും, ക്ഷേത്രത്തിന്റെ വ്യവഹാരം നിമിത്തം നമ്പൂതിരിയുമായി വിരോധത്തിലുള്ള ഭഗശർമ്മൻ നമ്പൂതിരിയും ചേർന്നാണ് കേസിനു വേണ്ട തെളിവുകൾ ഉണ്ടാക്കിയത് ആയതിനാൻ ആ തെളിവുകളിൽ ഏതെല്ലാമാണ് സത്യമായിട്ടുള്ളതെന്ന് ദൈവത്തിനും സാക്ഷികൾക്കും മാത്രമേ അറിയുന്ധ എന്ന നോവലില ിന്റെ അഭിപ്രായത്തിൽനിന്നും ആധുനിക കോടതി എന്ന സംവിധാനത്തിൽപോലും സംഭവിക്കാവുന്ന അനീതികളെക്കുറിച്ചുള്ള സൂചനകളുള്ളതായി കാണാം എന്നാൽ നോവലിന്റെ അന്ത്യത്തിൽ സാക്ഷിത്തെളിവുകൾ കെട്ടിച്ചമച്ചതാണെന്നു കോടതിയ്ക്കും ബോധ്യമാകുന്ന സന്ദർഭവുമുണ്ട്. പാരമ്പര്യ ബ്രാമ ണ്യ നിയമങ്ങളിലൂന്നിയ നീതിവിചാരത്തിൽനിന്ന് പുതിയ നിയമപഠനത്തെ അധി ിതമാക്കി നിലനിൽക്കുന്ന നീതിവിചാരത്തിലേക്കുള്ള പരിവർത്തനത്തെ വ്യക്തമാക്കാനുള്ള ശ്രമമാണ് നോവലില ് നടത്തുന്നത്. കേസിലെ രണ്ടാം സാക്ഷിയായ മരത്തന്റെ തള്ള വെള്ളച്ച് നൽകുന്ന സാക്ഷിത്തെളിവിൽ നടന്ന സംഭവത്തെ കൃത്യമായി പറയാതെ വളരെകാര്യങ്ങൾ മറച്ചുവെച്ചാണ് സംസാരിക്കുന്നത്. കുബേരൻ നമ്പൂതിരിമൂലം അവർക്കുണ്ടായ ദുരവസ്ഥയെ മുഴുവനായി സാക്ഷിത്തെളിവിൽ പറയുന്നില്ല എന്നതിൽ നിന്നും. ‘പ്രബലന്മാർ കുറ്റം ചെയ്താൽ മുഴുവൻ നേർ ഉടനെ പുറത്തുവരാൻ വളരെ പ്രയാസമാണ്’ (പുറം:72). എന്ന് വ്യക്തമാകുന്നു. ജാതിശ്രേ ി തയ്ക്കും പണത്തിനുമനുസരിച്ച് കേസും തെളിവുകളും കൃത്രിമത്വം നിറഞ്ഞതായിരിക്കും എന്ന സൂചന നോവൽ നൽകുന്നു. കേസിൽ തടവുകാരനായ രാമൻകുട്ടിനമ്പ്യാർക്ക് ജീവപര്യന്തം കഠിനതടവാണ് ശിക്ഷയായി നൽകുന്നത്. വിധി അറിഞ്ഞ രാമൻകുട്ടി നമ്പ്യാരുടെ അമ്മയുടെയും ഭാര്യയുടെയും പ്രതികരണത്തിൽനിന്ന് പണ്ടത്തെ ഫ്യൂഡലില ് ഭരണക്രമത്തിൽനിന്നും കൊളോണിയൽ ഭരണത്തിലേക്ക് പ്രവേശിച്ചപ്പോൾ സംഭവിച്ച മാറ്റത്തെക്കുറിച്ച് പരാമർശമുണ്ട് ‘കണ്ടാൽ കA കുഴകേണ്ടുന്ന ഒരു പുലയൻ ഹേതുവായി ഇത്രയെല്ലാം വന്നു പോയല്ലോ, ഈശ്വരാ ചൂണ്ടി പറഞ്ഞാൽ കുറ്റമാകുന്ന കാലമാണ് ഇത് എന്നു പലരും പറയാറുണ്ട്ന പണ്ടൊരു പുലയരെ ജീവനോടെ കിളങ്കാലിൽ കിടത്തി കിളച്ചിട്ടുണ്ട്k എത്ര എണ്ണത്തിനെ ചളിയിൽ ചവിട്ടി മുക്കീട്ടുണ്ട്k അതിനൊന്നും

കുറ്റമുണ്ടായില്ലല്ലോ എന്തു ചെ- ാം നæ ടെ വിധി ഇങ്ങനേയും ആയല്ലോ' (പുറം:74). എന്നാണ് രാമൻകുട്ടി നമ്പ്യാരുടെ കുടുംബക്കാരുടെ വാക്കുകൾ ഏതാണ്ട് ഇതിന് സമാനമായി തന്നെ നോവലിന്റെ മറ്റൊരു സന്ദർഭത്തിൽ കുബേരൻ നമ്പൂതിരിയും സംസാരിക്കുന്നുണ്ട് 'രാജാവ് ഈ ťേച നാകകൊണ്ട് നമുക്കൊക്കെ വിഷമം. അവന്നു ബ്രാഹമ്ണനെന്നും ചണ്ഡാളനെന്നും വിത്യാസമില്ല കുറ്റം ചെയ്തവൻ ഏതു ജാതിക്കാരനായാലും ശിക്ഷ ഒരുപോലെതന്നെയാണ്. പണ്ടത്തെകാലം എത്ര നല്ല കാലമായിരുന്നുkഇന്നും തിരുവനന്തപുരത്തു വളരെ ഭേദമാണ്' (പുറം:49). കുബേരൻ നമ്പൂതിരിയുടെ വാക്കുകളിൽനിന്ന് ബ്രിട്ടീഷുകാർ നേരിട്ട് ഭരിക്കുന്ന മലബാറിലെ സ്ഥിതിയും രാജഭരണം നിലനിൽക്കുന്ന തിരുവനന്തപുരത്തെ സ്ഥിതിയും തമ്മിലുള്ള വ്യത്യാസത്തിന്റെ സൂചനകളാണ് ലഭിക്കുന്നത്. എല്ലാവരെയും സമന്മാരായി കാണുന്ന കൊളോണിയൽ നിയമവ്യവസ്ഥ ശരിയല്ലെന്നാണ് രാമൻകുട്ടിയുടെ കുടുംബക്കാർ വാദിക്കുന്നത്. ബ്രാമ ണ്യത്തിന്റെയും മനുസ്മൃതി മന്ത്രങ്ങളുടെയും ശക്തി അറിയാത്തതിനാലാണ് 'പേനൽകോഡ്' എന്ന സംഗതി വെള്ളക്കാരൻ ഉണ്ടാക്കിയതെന്ന് കുബേരൻ നമ്പൂതിരി പറയുന്നതും ഇതേ കാരണത്താലാണ്. ഇന്ത്യൻപീനൽകോഡിനോടുള്ള ഈ പ്രതിഷേധം അന്ന് സവർണ്ണവിഭാഗത്തിൽപെട്ട ആളുകളുടെ ഒരു പൊതുരീതിയായിരുന്നു. നവ മാകുന്ന ബ്രാമ ണ്യപ്രതാപത്തെയും ജാതിഅധികാരത്തെയുംക്കുറിച്ച് ആകുലപ്പെടുന്ന പൊതുസമൂഹത്തെ ഈ കോടതിവ്യവഹാരത്തിന്റെ വിശകലനത്തിൽ കാണാൻ സാധിക്കും. സ്മൃതിനിയമങ്ങൾക്കു കീഴ്പ്പെട്ടുനിന്നിരുന്ന വരേണ്യസമൂഹങ്ങളുടെ ആധുനിക പൊതുസമൂഹത്തിലേക്കുള്ള സ്വത്വപരിണാമം നടക്കുന്ന സംഘർഷഘട്ടത്തിലാണ് ഈ നോവൽ രചിക്കപ്പെട്ടതെന്ന് മനസിലാക്കാം. കോടതികളുടെ ആധുനികവത്കരണം നടക്കുമ്പോഴും ബ്രാമ ണ സമുദായത്തിനു അതിൻറേതായ നീതിയും നിലനിൽപ്പും സാധ്യമായിരുന്നുവെന്ന് പത്തൊമ്പതാംനൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ നടന്ന സ്മാർത്തവിചാരങ്ങൾ തെളിവുനൽകുന്നു. അധികാരമാറ്റം അറിവിന്റെ മാറ്റത്തിലൂടെയാണ് എന്ന ഫൂക്കോൾഡിയൻ പരികല്പന ഈ നോവലിലെ സ്മാർത്തവിചാരത്തിലും കോടതിവിചാരത്തിലും നടക്കുന്ന യുക്ത്യധി ിത വ്യവഹാരത്തിലൂടെ വെളിപ്പെട്ടുവരുന്നു. രണ്ട് കാലത്തിന്റെ യുക്തികളാണ് അഥവാ നീതിശാസ്ത്രങ്ങളാണ് ഇവിടെ പരസ്പരം പ്രതിരോധിക്കുന്നത്. പ്രാചീനഭാരതീയ നീതിവിചിന്തനത്തിന്റെ ആധാരശിലയായ സ്മൃതികളിൽ ചേർത്തുവെച്ച അറിവും സമൂഹവും ആധുനികമാകുന്നതിന്റെ സംക്രമണമാണ് നോവലിലെ പ്രശ്നമായി കടന്നുവരുന്നത്.

നോവലിലെ കോടതിയെ സംബന്ധിക്കുന്ന വ്യവഹാരങ്ങളുടെ രണ്ടാംഘട്ടം ആരംഭിക്കുന്നത് കാശിയിൽവെച്ച് കുബേരൻനമ്പൂതിരിയെ പോലീസ് അറസ്റ്റ് ചെയ്യുന്നതോടുകൂടിയാണ്. പോലീസ് സൂപ്രണ്ടിന്റെയും അഞ്ചരക്കണ്ടി ജോസഫ് സായ്വിന്റെയും ആസൂത്രണപ്രകാരമാണ് കുബേരൻ നമ്പൂതിരി പിടിയിലാകുന്നത്. തുടർന്ന് കേരളത്തിലേക്ക് നമ്പൂതിരിയെ എത്തിക്കാനുള്ള ഒപ്പും മുദ്രയും വച്ച വാറണ്ട് ലഭിക്കുകയും പോലീസ് ബന്തോവസ്തോടുകൂടെ യാത്ര ആരംഭിക്കുകയും ചെയ്തു. ഈ യാത്രയിൽ നമ്പൂതിരിയുടെ ജാതി പോകാത്തവിധത്തിൽ കാര്യങ്ങൾ ക്രമീകരിക്കാൻ സുഹൃത്തായ ശിവദാസപണ്ഡിതൻ ശ്രമിക്കുന്നുണ്ട്. അന്യജാതിയിൽപ്പെട്ടവർ കൂടെയുണ്ടെന്നുള്ള സൂചനയാണ് ഈ നോവൽ സന്ദർഭത്തിൽ നിന്നും ലഭിക്കുന്നത്. 'ജേലിൽ വച്ചാൽ ജാതി പോകും' (പുറം:67). എന്ന് നോവലിൽ മറ്റൊരിടത്ത് കുപ്പൻപട്ടർ പറയുന്നതിൽനിന്ന് ഇതേ സൂചനതന്നെയാണ് ലഭിക്കുന്നത്. ബ്രാഹ്മണ്യത്തിന് ഇന്ത്യൻ സമൂഹത്തിലുണ്ടായിരുന്ന മേൽക്കോയ്മയും അതിനെ സംരക്ഷിക്കാൻ ഇന്ത്യൻ പൊതുസമൂഹം കാണിക്കുന്ന വ്യഗ്രതയും ഈ വ്യവഹാരസന്ദർഭത്തിൽ വ്യക്തമാകുന്നുണ്ട്. ജാതിഅധികാരം ഭരിച്ചിരുന്ന ഇന്ത്യൻസമൂഹത്തിന്റെ പരിപൂർണ്ണ ഉത്തരവാദിത്തം ആയിരുന്നു ബ്രാഹ്മണസംരക്ഷണം. ബ്രാഹ്മണൻ കുറ്റവാളി ആണെങ്കിൽപോലും നീചജാതികളിൽ നിന്ന് അയാളെ സംരക്ഷിക്കേണ്ട ബാധ്യതയാണ് ഇതരസമുദായത്തിൽപ്പെട്ടവർക്കുള്ളത്. അയാൾ ഒരു വ്യക്തിയല്ല ബ്രാഹ്മണ്യമെന്ന സ്ഥാപനത്തിന്റെ പ്രതിനിധിയാണ്; സ്മൃതിസംഹിതകളുടെ അധികാരിയാണ്. ജാതി അധിഷ്ഠിതമായിരുന്ന ഇന്ത്യൻ സമൂഹം ആധുനികവത്കരിക്കുകയും ബ്രിട്ടീഷ് മേൽക്കോയ്മക്കു കീഴിലാവുകയും ചെയ്തതോടെ സമൂത്തിലെ പ്രഥമസ്ഥാനം ബ്രാഹ്മണനു നഷ്ടപ്പെട്ടു. ഇതറിയാതെയാണ് കുബേരൻ നമ്പൂതിരി അധികാരിയെ മ്ലേച്ഛനെന്ന് സംബോധന ചെയ്യുന്നത്. തൊട്ടുകൂടാത്തവനെന്ന അർത്ഥത്തിൽ ലന്നകരിക്കാമെങ്കിലും ഈ പദത്തിനു ഒരു പതിത്വം നമ്പൂതിരിയുടെ ഭാഷയിലുണ്ട്. ഭൂദേവന്മാരായ ബ്രാഹ്മണർക്ക് ബ്രിട്ടീഷുകാർ അധികാരികളാണെങ്കിലും മാനുഷികനിലയിൽ മ്ലേച്ഛൻ തന്നെയാണ്.

എല്ലാ തെളിവുകളും ശേഖരിച്ച് സബ്മജിസ്ട്രേട്ട് കുബേരൻ നമ്പൂതിരിയെ വിസ്തരിക്കുകയും സെഷൻ കോടതിയ്ക്ക് " പാർശ ചെയ്യുകയും ചെയ്തു. കുബേരൻ നമ്പൂതിരിയുടെ അനുജനായ ഹരിജയന്തൻ നമ്പൂതിരി മുഖേന ഒരു ബാരിസ്റ്ററെയും രണ്ടു വക്കീലന്മാരെയും കേസു നടത്തുവാനായി ഏർപ്പാടു ചെയ്തു. തുടർന്ന് കോടതിവിചാരണ രംഗങ്ങളാണ് നോവലിൽ അവതരിപ്പിക്കുന്നത്. പഴയ സെഷൻ ജഡ്ജിക്കു പകരം അതീവ യോഗ്യനായ പുതിയ സെഷൻ ജഡ്ജിയുടെ വരവ് കുബേരൻ നമ്പൂതിരിയുടെ ഭാഗ്യമായാണ് എല്ലാവരും കരുതുന്നത്. വിചാരണ ആരംഭിക്കുന്ന ദിവസം പനി ബാധിച്ച അവസ്ഥയിലാണ് നമ്പൂതിരി ഉണ്ടായിരുന്നത്.

പ്രതിയ്ക്കും വാദിയ്ക്കും കയറി നിൽക്കുന്നതിനായി പ്രത്യേക കൂട്, ജഡ്ജിയുടെ ഉയർന്ന ഇരിപ്പിടം എന്നിങ്ങനെ കോടതി വിചാരണമുറിയുടെ ഒരു ചിത്രവും ഈ സന്ദർഭത്തിൽ നോവലില് വിശദീകരിക്കുന്നുണ്ട്. 'അഞ്ചെട്ടു ദിവസം കഴിഞ്ഞാറെ കേസ്സുവിചാരണ ആരംഭിച്ചു. കുബേരൻ നമ്പൂതിരിക്കു ചിന്തകൊണ്ടു പനി അതിക്രമിച്ചിരിക്കയാൽ അയാളെ രണ്ടാൾ താങ്ങിപ്പിടിച്ചു തടവുകാരുടെ കൂട്ടത്തിൽ നിർത്തി. അദ്ദേഹത്തിന്റെ സങ്കടസ്ഥിതി കണ്ടു ഉടനെ അദ്ദേഹത്തെ കൂട്ടിൽനിന്നു പുറത്ത് ഒരു കസേലയിൽ ഇരുത്താൻ സെഷൻ ജഡ്ജി കല്പിച്ചു' (പുറം: 109). അഞ്ചാംപുരയുടെ നീചത്വത്തിന്റെയും സ്വാർത്ഥവിചാരത്തിന്റെ ആൾ ംബരത്തിന്റെയും മറുപുറമാണ് ഈ കോടതിമുറി. ഇവിടെ കേസ് അന്വേഷിക്കുന്നവരും തെളിവെടുക്കുന്നവരും യുക്തിപൂർണ്ണവും ശാസ്ത്രീയവുമായ പുതിയ അറിവിന്റെ പിൻബലത്തോടെയാണ് സംസാരിക്കുന്നത്. സ്ഥലമാകട്ടെ വാദിക്കും പ്രതിക്കും ജഡ്ജിക്കും ഒതുങ്ങാനുള്ള പരിമിതമായ ഇടവും. വാദിക്കും പ്രതിക്കും ഒരുക്കിയിട്ടുള്ള ഇടമാകട്ടെ തുല്യവുമാണ്. അന്യായഭാഗത്തുള്ള സാക്ഷികളുടെ തെളിവു വിസ്താരത്തിനുശേഷം കുറ്റസ്ഥലത്തിന്റെയും മരത്തന്റെ ചാളയുടെയും ശവം കണ്ട സ്ഥലത്തിന്റെയും ഒരു സർവ്വേപ്ലാൻ വരുത്താനും കുറ്റസ്ഥലമായ പുതുവയലിന്റെ കരയ്ക്കു താമസിക്കുന്നതായി തെളിവ് നൽകാൻ വന്ന കേളു എന്ന തീയനെയും കുറ്റം നടന്നപ്പോൾ നമ്പൂതിരിയുടെ ഒന്നിച്ചുണ്ടായിരുന്ന ക്രിസ്ത്യാനിയായി ഇപ്പോൾ കോഴിക്കോട്ടു താമസിക്കുന്നതുമായ സഹോദരി സുഭദ്രയെയും ജയിലിലായിരിക്കുന്ന കുബേരൻ നമ്പൂതിരിയുടെ കാര്യസ്ഥനായ രാമൻകുട്ടി നമ്പ്യാരെയും കോർട്ടുസാക്ഷികളായി വരുത്താനും 4 ദിവസത്തിനുശേഷം വിസ്തരിക്കപ്പെട്ട എല്ലാ സാക്ഷികളും മേൽപ്പറഞ്ഞവരും കോടതിയിൽ ഹാജരാകണമെന്നും ജഡ്ജി കല്പിക്കുന്നുണ്ട് (പുറം:109). തെളിവു നിയമ ത്തിന്റെയും, ആധുനിക നിയമസംവിധാത്തിന്റെയും അടിസ്ഥാനത്തിലാണ് കോടതി വിസ്താരം എന്ന് ഉറപ്പുവരുത്തുന്നതിനാണ് കോടതിയെക്കുറിച്ചുള്ള ദീർഘമായ വിവരണങ്ങൾ നോവലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

കോടതിവിചാരണയുടെ അവസാനദിവസം സാക്ഷികളുടെയും പ്രതികളുടെയും ഒപ്പം ജഡ്ജിയുടെ സ്നേഹിതനായ മില്ലർ സായ്വ് എന്ന ജർമ്മൻ പാതിരിയും കോടതിയിൽ ഹാജരായിരുന്നു. കേസിനാവശ്യമായ സർവ്വേപ്ലാൻ വരച്ചതും ഫോട്ടോഗ്രാഫ് സമർപ്പിച്ചതും പാതിരിയായിരുന്നു. രാമൻകുട്ടി നമ്പ്യാരുടെ വിസ്താരത്തിനു ശേഷം വിസ്തരിച്ചത് സുഭദ്രയയായിരുന്നു. തനിക്കെതിരെ സാക്ഷി പറയാൻ എത്തിയിരിക്കുന്നത് സഹോദരിയാണെന്ന് മനസിലാക്കിയ കുബേരൻ നമ്പൂതിരിയ്ക്ക് മോഹാലസ്യം ഉണ്ടായതായും സുഭദ്രയുടെ ഭർത്താവായ യജ്ഞൻ നമ്പൂതിരിയ്ക്ക് അതീവ ദുഃഖമുണ്ടായതായും നോവലിൽ

പരാമർശിക്കുന്നു. തുടർന്ന് സാക്ഷിയായ കേളുവിനെയും മരത്തന്റെ അനുജനായ കുട്ടനെയുമാണ് വിസ്തരിക്കുന്നത്. കുട്ടന്റെ വിസ്താരവേളയിൽ ഒരു ചെറിയ ചിത്രം തെളിവായി പ്രദർശിപ്പിക്കുകയും അത് തന്റെ ജേ ൻ മരത്തനാണെന്ന് കുട്ടൻ തിരിച്ചറിയുകയും ചെയ്യുന്നു. തുടർന്ന് മില്ലർസായ്വിനെ വിസ്തരിക്കുമ്പോഴാണ് ഫോട്ടോയിലുള്ള വ്യക്തി എന്നോട് ഇപ്പോൾ ചോദ്യം ചോദിക്കുന്ന ജഡ്ജിയാണെന്ന് പറയുകയും കേസ് അവസാനിക്കുകയും ചെയ്യുന്നത്. ജഡ്ജിയുടെ അവസാന വിധിപ്രസ്താവം ഇപ്രകാരമാണ് 'മരത്തനെ രാമൻകുട്ടി നമ്പ്യാർ ചവിട്ടിയതു നേരാണെന്നും.... പ്രതിയെ വിട്ടയച്ച കോടതി പിരിയുകയും ചെയ്തു' (പുറം:113). കോടതിവിസ്താരം കഴിഞ്ഞ് ജഡ്ജി യേ" ദാസൻ പഴയ മരത്തനാണെന്നു മനസിലാക്കിയ കുബേരൻ നമ്പൂതിരി, യേ" ദാസനോടും സുഭദ്രയോടും സംസാരിക്കുകയും സുഭദ്രയുടെ മകളായ സരസ്വതീയേയാണ് യേ" ദാസൻ വിവാഹം ചെയ്തതെന്നറിഞ്ഞ് സന്തോഷിക്കുകയും ചെയ്തു. സുഭദ്ര പോയതിനുശേഷം സുഖഭോഗനിവൃത്തനായിത്തന്നെ ഇരുന്ന യജ്ഞൻ നമ്പൂതിരി ഇനിമുതൽ ി ാൻ ബ്രാമ ണനല്ല ക്രിസ്ത്യാനിയാണെന്ന് ഏപേറഞ്ഞ് സുഭദ്രയെ സ്വീകരിക്കുകയും ചെയ്യുന്നതോടെ നോവൽ പരി സമാപ്തിയിലേക്കടുക്കുന്നു. തുടർന്ന് യേ" ദാസനും സരസ്വതിയും മദ്രാസിലേക്ക് മടങ്ങിപ്പോവുകയും യേ" ദാസന് മറ്റൊരു ജില്ലയിൽ സ്ഥിരമായി സെഷൻ ജഡ്ജിപ്പണി കിട്ടുകയും ചെയ്യുന്നു. ജാതീയമായ ഉച്ചനീചത്വങ്ങളെ വെല്ലുവിളിക്കുകയും മതപരിവർത്തനത്തെ പ്രോ ാഹിപ്പിക്കുകയും വിദ്യയിലൂടെയുള്ള വിമോചനത്തെ പ്രകീർത്തിക്കുകയും ചെയ്യുന്ന 'സരസ്വതീവിജയം' സാക്ഷാൽ സരസ്വതിയുടേയും സുഭദ്രയുടെ മകൾ സരസ്വതിയുടേയും വിജയത്തോടെ " ഭ പര്യവസാനിയായി പരിണമിച്ചു.

ആധുനിക നീതിന്യായവ്യവസ്ഥയോടുള്ള ജനങ്ങളുടെ മനോഭാവത്തെ 3 തരത്തിലാണ് നോവൽ സ്പ്രവ മാക്കുന്നത്. ഒന്ന്, മത പരിവർത്തനം നടത്തി വിദ്യാഭ്യാസം നേടിയ മരത്തൻ എന്ന യേ" ദാസനെ പ്പോലുള്ളവരുടെ വർഗം. അവർ ആധുനിക നീതിന്യായവ്യവസ്ഥയെ ബഹുമാനത്തോടും തങ്ങളെ സാമൂഹ്യോദ്ധാരണം ചെയ്ത വ്യവസ്ഥിതിയുടെ ഭാഗമെന്ന നിലയിൽ ആദരവോടും കൂടിയാണ് കോടതിയെ കാണുന്നത്. രണ്ട്, കുബേരൻ നമ്പൂതിരിയെ പോലെയുള്ളവരുടെ വർഗം. അവരുടെ അഭിപ്രായത്തിൽ ആധുനിക നീതിന്യായവ്യവസ്ഥ അർത്ഥമില്ലാതെ ഉണ്ടാക്കിയ ഒന്നാണ്. നോവലിന്റെ അന്ത്യത്തിൽ കുബേരൻ നമ്പൂതിരിയുടെ ചിന്താഗതിയിൽ മാറ്റം സംഭവിക്കുന്നുണ്ടെങ്കിലും ബ്രാമ ണസമുദായത്തിന്റെ പൊതുവായ ചിന്തകൾക്ക് മാറ്റം സംഭവിക്കുന്നില്ല. മൂന്ന് ഇതിന് രണ്ടിനും ഇടയിലുള്ള വിഭാഗമാണ്. ഇവരെ സംബന്ധിച്ച് ആധുനിക നീതിന്യായകോടതി ഒരു അന്യതാബോധം സൃഷ്ടിക്കുന്നു. പുതിയ വ്യവസ്ഥ നീതിനി മല്ല എന്ന

ചിന്തയുള്ളതുകൊണ്ടാണ് അവിടുത്തെ മുതൃീങ്ങൾ അംശം അധികാരിക്ക് കൈമടക്ക് നൽകി യാദാസ്റ്റ് അവർക്കനുകൂലമായി എഴുതുന്നത്. ഇത്തരത്തിൽ നീതിന്യായവ്യവസ്ഥയോടുള്ള വിവിധ പ്രതികരണങ്ങളെ വിവിധ നോവൽ കഥാപാത്രങ്ങളിലൂടെ വ്യക്തമാക്കുന്നു.

### 3.2.4 'സരസ്വതീവിജയ'ത്തിലെ ഭാഷ- വ്യവഹാരവിശകലനം.

'നോവലിലെ ആഖ്യാനഭാഷ ഇടത്തരക്കാരുടെ സംഭാഷണഭാഷയെ പ്രതിനിധാനം ചെയ്യുന്ന മലയാളഗദ്യമാണ്' എന്ന് ജോർജ് ഇരുമ്പയം നിരീക്ഷിക്കുന്നുണ്ട് (ജോർജ് ഇരുമ്പയം, 1985:32). ഈ നോവലിൽ കുബേരൻ നമ്പൂതിരി തന്റെ ഭാഷണത്തിൽ ധാരാളമായി സംl തപദങ്ങൾ ഉപയോഗിക്കുകയും സംl തശ്ലോകങ്ങളുടെ അർത്ഥവും മഹിമയും കുപ്പൻപട്ടർ, കോതുനമ്പ്യാർ തുടങ്ങിയവർക്ക് മനസിലാക്കി കൊടുക്കുകയും ചെയ്യുന്നത് കേരളീയ ബ്രാമ ണഭാഷയിൽ സംl തം ചെലുത്തുന്ന സ്വാധീനത്തിനു തെളിവാണ്. വരേണ്യവും വൈദികവും, ആൾ ്യവും എന്നു സങ്കൽപിച്ചിട്ടുള്ള സംl തഭാഷ ഉപയോഗിക്കാൻ പത്തൊമ്പതാം നൂറ്റാണ്ടുവരെ ഇന്ത്യയിൽ അധികാരമുണ്ടായിരുന്നവരാണ് ബ്രാമ ണർ. ബ്രാമ ണർ 'ഗ്രത്തുക്ഷരസംയുക്ത: ntരത: പരിവർ യേൽ'[6] എന്ന ഉപനിഷത്ത് വചനം പ്രവർത്തിപഥത്തിലെത്തിച്ചിരുന്ന സ്ഥലമാണ് കേരളം എന്നതും ഇവിടെ പ്രസക്തമാണ്. വേദത്തിനടുത്തേക്ക് എത്തുന്ന ഗ്രത്തന ആട്ടിയകകേ മാത്രമല്ല വേദം കേൾക്കുന്ന ഗ്രത്തന്റെ ചെവിയിൽ ഈയം ഉരുക്കി ഒഴിക്കണമെന്ന നിയമം നടപ്പാക്കുകയും ചെയ്ത ഇടമാണിത്. ഇതിനെ അതജീവിച്ചുകൊണ്ടാണ് സുമനസ്സുകളും പണ്ഡിതരുമായ പല ബ്രാമ ണരും തങ്ങൾക്കു സിദ്ധിച്ച അറിവിന്റെ വെളിച്ചം താലു തട്ടിലേക്ക് പകർന്നുകൊടുത്തിരുന്നത്. എഴുത്തച്ഛൻ, നമ്പ്യാർ തുടങ്ങി കെ.പി. കറുപ്പൻ വരെ നീളുന്ന കീഴ്ജാതിക്കാരുടെ സംl തപാണ്ഡിത്യവും സf ദയബോധവും ജാതിദുഷ്ചിന്തകൾ തൊട്ടുതീണ്ടാത്ത ബ്രാമ ണരുടെ നന്മകൊണ്ടുത്തന്നെയാണ് സംഭവിച്ചത്. എന്നാൽ ബ്രാമ ണത്വം വിധികല്പിതം ആണെന്നും അത് ഹീനജാതിക്കുമേലുള്ള മനുഷ്യത്വരഹിതമായ അധികാരമാണെന്നും ധരിച്ചുവശായിരുന്ന ബ്രാമ ണമന്നൃന്മാർ കേരളത്തിലുണ്ടായിരുന്നുവെന്നതിന് തെളിവാണ് നോവലിലെ കുബേരൻ നമ്പൂതിരി. ഇവർക്ക് സംl തഭാഷ അറിവിന്റെയല്ല അഹങ്കാരത്തിന്റെ ചിഹ്നമാണ്. സംl തത്തിലും മനുസ്മൃതിശ്ലോകങ്ങളിലും കുബേരൻ നമ്പൂതിരിക്കുള്ള അറിവും പ്രാവീണ്യവും അദ്ദേഹത്തിന്റെ പ്രൗൾ ിയെയും അധികാരത്തെയും നിലനിർത്തുന്നതിനുള്ള മാർഗ്ഗമായാണ് നോവലില് ചിത്രീകരിക്കുന്നത്. നോവലിൽ കഥാപാത്രങ്ങൾക്കു നൽകിയിരിക്കുന്ന പേരുകളിൽത്തന്നെ അടിമത്തസൂചനയുള്ളതായി കാണാം. കുബേരൻ നമ്പൂതിരിയുടെ വാല്യക്കാരനായ രാമൻകുട്ടിയുടെ പേരിനെ സംബന്ധിച്ച സംഭാഷണത്തിൽ നിന്നും അത്

വ്യക്തമാണ്. 'നe ടെ ബാല്യക്കാരൻ ഗ്രത്ഥല്ലേനഅവന്ന രാമൻകട്ടി എന്ന പേരു വഹിക്കാൻ പാട്ടണ്ടൊന ശരിയായ പേരു ദാരുട്ടി എന്നല്ലേന... ദാരുകുട്ടി എന്നു വെച്ചാൽ മരക്കട്ട എന്നർത്ഥം' (പുറം:39). ഇത്തരത്തിൽ ഗ്രത്ഥ് സ്വന്തം പേരിൽ നിലനിർത്തേണ്ട അടിമത്തത്തെ മനസ്മ്യേകങ്ങളുടെ സഹായത്തോടെ ഉറപ്പിക്കുകയാണ് കുബേരൻ നമ്പൂതിരി ചെയ്യുന്നത്. കൂടാതെ നോവലിലെ കേന്ദ്രകഥാപാത്രമായ മരത്തന്റെ പേരിലും അടിമത്തസൂചന കാണാം. 'മരത്തലയൻ' എന്ന അർത്ഥത്തിലാണ് മരത്തൻ എന്ന പേര് പുലയനു നൽകുന്നത്.

ഈ അടിമത്തത്തിൽനിന്ന് രക്ഷനേടാൻ കാലങ്ങളായി ആഗ്രഹിച്ചിരുന്ന താലു വിഭാഗങ്ങൾ ഒരു സുവർണാവസരമായാണ് ഇംഗ്ലീഷ്ഭാഷയെ സ്വീകരിച്ചത്. ഈ ഇംഗ്ലീഷ് ഭാഷയുടെ സഹായത്തോടെയാണ് മരത്തൻ ജഡ്ജിയായതും കുബേരൻ നമ്പൂതിരിയെ വിധിക്കാൻ പ്രാപ്തനാവുന്നതും. അതേ ഭാഷയുടെ അധികാര വ്യവഹാര ഘടനയ്ക്കുള്ളിലാണ് കോടതി എന്ന സ്ഥാപിത ഭാഷാവ്യാവഹാരികത സംഭവിക്കുന്നതും മരത്തൻ നീതിന്യായ അധികാരിയായി കുബേരൻ നമ്പൂതിരിയെ തിരുത്തുന്നതും എന്നത് കാലത്തിന്റെ മഹത്തായ നീതിനടത്തിപ്പിന്റെ തെളിവായിട്ടു ത്തന്നെ കുഞ്ഞമ്പുവിന് ആവിd രിക്കാൻ കഴിയുന്നു എന്നതാണ് ഈ നോവലിന്റെ ജ്ഞാനതലം. ജാതിമതങ്ങൾക്കതീതമായ മനുഷ്യധികാരത്തിന്റെ ആധുനികമുഖമാണ് ഈ വിചാരണയ്ക്കുകാരണമായത്. ഭാഷ എന്നത് നിലനിൽക്കുന്ന അധികാരവ്യവസ്ഥക്കുള്ളിൽ നിർണ്ണയിക്കപ്പെടുന്നതാണെന്നും അത് കാലാനുസൃതം മാറ്റത്തിനു വിധേയമാണെന്നും ആധുനികഭാഷാശാസ്ത്രത്തിന്റെ ഭാഷാനിർവചനം തന്നെ തെളിയിക്കുന്നുണ്ട്. മരത്തൻ മതംമാറുകയും വിദ്യാഭ്യാസം നേടുകയും ചെയ്യുന്നതോടെ അയാളുടെ ഭാഷയിൽ വന്ന മാറ്റമാണ് അയാളുടെ അധികാരസ്വത്വത്തിൽ വന്ന മാറ്റത്തിനു കാരണമെന്ന് കുഞ്ഞമ്പു തെളിയിക്കുന്നു. ഈ അധികാരസ്വരത്തിലേക്ക് മാറാൻ മരത്തനെ സഹായിച്ചത് തന്റെ ഇംഗ്ലീഷ്ഭാഷാസ്വത്വമാണ്. കാലത്തിനനുയോജ്യമായ ഈ ഭാഷാസ്വത്വമാണ് കുബേരൻ നമ്പൂതിരിക്ക് ഇല്ലാതെപോയത്. മനുസ്മൃതിയുടെ അധികാരസ്വത്വത്തിൽ സംl തഭാഷയുടെ വരേണ്യതയിൽ കുടുങ്ങിക്കിടക്കുന്ന കുബേരൻ നമ്പൂതിരി പുലയവിഭാഗത്തിൽപ്പെട്ട മരത്തനെ അപഹസിക്കാനും ചവിട്ടാനും കൊല്ലാനും അധികാരം ഉണ്ടായിരുന്ന ഒരുകാലത്തിൽനിന്ന് സ്വയം അപഹാസ്യനായിത്തീരുന്ന ആധുനികകാലത്തിലേക്ക് മാറാനുള്ള ആഹ്വാനം കൂടിയാണ് കുഞ്ഞമ്പു നൽകുന്നത്.

നോവലിലെ കോടതി വിചാരണ രംഗങ്ങളിൽ ഉപയോഗിക്കുന്ന 'ജഡ്ജി കൽപിക്കുന്നു' (പുറം:109), 'കോടതിയുടെ കൽപന' (പുറം:107). 'സെഷൻ ജഡ്ജി കൽപിച്ചു' (പുറം:109 എന്നിങ്ങനെയുള്ള പദപ്രയോഗങ്ങളിലൂടെ കോടതി എന്ന ഭരണകൂട ഉപകരണത്തിന്റെ അധികാരസാധ്യതയെ സരസ്വതീവിജയം

വ്യക്തമാക്കുന്നു. മർദ്ദന ഉപകരണമെന്ന് അൽത്തൂസർ വിശേഷിപ്പിക്കുന്ന കോടതി എന്ന സ്ഥാപനം മുതലാളിത്ത വ്യവ്സഥയെ എപ്രകാരമാണ് ബലപ്പെടുത്തുന്നത് എന്ന് ഇതിലൂടെ വ്യക്തമാണ്. ഫ്യൂഡലില് ക്രമത്തിൽ 'രാജാവിന്റെ കൽപന' എന്നത് അധികാരസ്വഭാവമാണെങ്കിൽ മുതലാളിത്ത വ്യവസ്ഥയിൽ അത് 'കോടതിയുടെ കൽപന'യായി മാറുന്നു. ഇവിടെ രണ്ടു ഭാഷാവ്യവഹാരങ്ങൾ രണ്ടു അധികാര വിനിമയവ്യവസ്ഥയുടെ പരിധിയെയാണ് സൂചിപ്പിക്കുന്നത്. അധികാരത്തിന്റെ വിനിമയമാധ്യമമായി ഭാഷ മാറുന്നത് ഇവിടെ സൂചിതമാകുന്നു. അടിസ്ഥാനപരമായി അധികാരത്തിന് കീഴ്പ്പെട്ടിരിക്കുക എന്ന മനുഷ്യാവസ്ഥയ്ക്ക് കാര്യമായ മാറ്റങ്ങളൊന്നും സംഭവിക്കുന്നില്ല. ആധുനിക കോടതി ക്രമീകരണങ്ങളിൽ ഇംഗ്ലീഷ് ഭാഷയ്ക്കും വിദ്യാഭ്യാസത്തിനും ലഭിക്കുന്ന മേൽക്കൈയെ ഈ കൃതി സൂചിപ്പിക്കുന്നുണ്ട്. ഒരു അസംബന്ധ നാടകത്തിന്റെ ക്കുരുളഴിയുന്നതുപോലെ മരത്തന്റെ മരണവുമായി ബന്ധപ്പെട്ട കേസിന്റെ വിചാരണ പൂർത്തിയാകുമ്പോൾ ജാതിഭാഷയുടെ ദുരൂഹതയും അപഹാസ്യതയും കുബേരൻ നമ്പൂതിരിയെയും ജഡ്ജിയായ മരത്തനെയും വിട്ടകലുകയും ഇംഗ്ലീഷ് ഭാഷയുടെ ഘടനാസ്വരൂപത്തോട് അടുത്തുനിൽക്കുന്ന ആധുനിക ഗദ്യഭാഷ കോടതിയിൽ ഉയർന്നുവരുന്നതായും കാണാം. കാര്യങ്ങൾ കൃത്യമായി മനസിലാക്കുന്നതിന് സഹായകമായ ലളിതമലയാളഗദ്യശൈലിയിലേക്ക് നോവൽ ഭാഷ മാറുന്നു എന്നത് ഭാഷാപരിണാമത്തിൽ മലയാളത്തിന്റെ സ്ഥിതിയെ വ്യക്തമാക്കുന്നതുമാണ്.

അധികാരത്തെ സാമൂഹികമായി വിനിമയം ചെയ്യുന്ന ഏറ്റവും പ്രധാന കണ്ണിയാണ് ഭാഷയെന്ന ഫൂക്കോൾഡിയൻ പരികല്പനയെ അടിസ്ഥാനമാക്കി സരസ്വതീവിജയം പഠിക്കുമ്പോൾ ബ്രാമ ണഭാഷ, ഗ്രന്ഥഭാഷ, പുലയഭാഷ എന്നിവയുടെ വിനിമയവും അധികാര ശ്രേണീകരണവും തമ്മിലുള്ള ബന്ധവും ആധുനിക ഇംഗ്ലീഷ്ഭാഷ ഈ അധികാരശ്രേണിയിൽ നടത്തുന്ന ഇടപെടലുകളും കൃത്യമായി മനസിലാക്കാൻ കഴിയും. വ്യക്തികളും സമൂഹവും ഉപയോഗിക്കുന്ന ഭാഷാപ്രയോഗങ്ങളിലൂടെ അവരുടെ സാമൂഹികമായ സ്വത്വം വെളിപ്പെട്ടുവരുന്നതുകൊണ്ട് നോവലിൽ അധികാരവിനിമയത്തിന്റെ ശക്തമായ ഉപാധിയായി ഭാഷയെ ഉപയോഗിക്കുന്നു. ജാതി-മത-ലിംഗ-അധികാരസ്വത്വങ്ങളെയാണ് നോവൽ സംഭാഷണങ്ങൾ സൂക്ഷ്മമായി അടയാളപ്പെടുത്തുന്നത് എന്ന് സരസ്വതീവിജയത്തിലെയും ഭാഷാ വ്യവഹാരത്തിലൂടെ തെളിയുന്നുണ്ട്. കോടതിക്കകത്തും പുറത്തും, അധികാരമുള്ളവരും വിധേയരും ഉപയോഗിക്കുന്ന ഭാഷയെ വിശകലനം ചെയ്യുമ്പോൾ സാമൂഹിക അധികാരശ്രേണികളെയും സമകാല അധികാരഘടനയെയും പൂർണ്ണമായും മനസിലാക്കാൻ കഴിയും. പത്തൊമ്പതാംനൂറ്റാണ്ടി ആദിശതകങ്ങളെയും കേരളത്തിൽ വരേണ്യഭാഷയും

നീചഭാഷയും കൃത്യമായി ഉപയോഗിക്കുകയും ഭാഷയിൽ അത് ഉപയോഗിക്കേണ്ടതിന്റെ ആവശ്യകതയും നിലനിർത്തുകയും ചെയ്തിരുന്നു എന്നതിന് ആദ്യകാല മലയാളനോവലുകൾ തെളിവുകളാണ്. ചന്തുമേനോനും സി. വി രാമൻപിള്ളയുമെല്ലാം ഈ ഭാഷാധികാരവ്യവസ്ഥയെ കൃത്യമായി പാലിച്ചിരുന്നവരാണ്. ആദ്യകാല നോവലിW കളിൽ പ്രമുഖരെല്ലാംത്തന്നെ സവർണവിഭാഗങ്ങളിൽ നിന്നുള്ളവരായതുകൊണ്ട് ഈ ഭാഷാപ്രയോഗം തികച്ചും സ്വാഭാവികമായിട്ടാണ് നോവലിൽ പ്രയോഗിക്കുന്നത്. സി.വി. രാമൻപിള്ളയുടെ കഥാനായകനായ കേശവൻപിള്ള രാജാവിനോട് സംസാരിക്കുമ്പോൾ 'അടിയന്റെ കുപ്പപാട്', 'കരിക്കാടി' എന്നിങ്ങനെയൊക്കെ നാട്ടുനടപ്പനുസരിച്ച് തന്റെ ജാതി വെളിപ്പെടുത്തി സംസാരിക്കുമ്പോൾ അവർക്ക് യാതൊരു അപഹാസ്യതയും അനുഭവപ്പെടുന്നില്ല. എന്നാൽ പോത്തേരി കുഞ്ഞമ്പു മേൽജാതിഭാഷയെ ആവിഷ്കരിക്കുമ്പോൾ കാലങ്ങളായി താലുജാതിക്കാരേറ്റ അപമാന ത്തിന്റെയും പരിഹാസ്യതയുടെയും രൂക്ഷതയെ അനുഭാവപൂർവ്വമല്ലാതെ ഉപയോഗിക്കാൻ കഴിയില്ല. കുബേരൻ നമ്പൂതിരിയുടെ ഭാഷണത്തിലെ സം l തക്ഷവും സ്തുതി പ്രാഗത്ഭ്യങ്ങളും വാക്കുകളുടെ പ്രത്യേകിച്ച് സംബോധനകളുടെ നിരുക്തവിവരണത്തിൽ കാണിക്കുന്ന വൈദ്യ ്യവും തികഞ്ഞ പരിഹാസത്തോടെയാണ് കുഞ്ഞമ്പു അവതരിപ്പിക്കുന്നത്.

**3.2.5 നോവലിലെ സാംസ്കാരികവ്യവഹാരങ്ങൾ**

ആധുനിക കാലത്ത് കേരളീയ സാംസ്കാരികവ്യവഹാരങ്ങളിൽ പ്രാധാന്യമർഹിക്കുന്ന ജാതിവ്യവഹാരം, സാമ്പത്തികവ്യവഹാരം, വിദ്യാഭ്യാസ- തൊഴിൽവ്യവഹാരങ്ങൾ എന്നിവയെ സരസ്വതീവിജയം എന്ന നോവലിനെ മുൻനിർത്തി അപഗ്രഥിക്കാനുള്ള ശ്രമമാണ് തുടർന്നുള്ള ഭാഗങ്ങളിൽ.

**3.2.5.1 ജാതി വ്യവഹാരം**

ബ്രാമ ണരുടെ ജീവിതരീതിയെയും, കാഴ്ചപ്പാടുകളും വിവിധ സാമൂഹിക സന്ദർഭങ്ങളിൽ അവതരിപ്പിച്ചുകൊണ്ട് ഒരു നമ്പൂതിരി സ്വത്വത്തെ നിർമ്മിക്കുകയാണ് നോവൽ ചെയ്യുന്നത്. കുബേരൻ നമ്പൂതിരി എന്ന കഥാ പാത്രത്തിന്റെ സൂക്ഷ്മാപഗ്രഥനത്തിലൂടെ ഇത് വ്യക്തമാകുന്നു. കഥാവസാനത്തിൽ കുബേരൻ നമ്പൂതിരിയുടെ നൈതിക ബോധ്യങ്ങളിൽ മാറ്റം വരുത്തുവാൻ നോവലില ് ശ്രമിക്കുന്നു. 'നമ്പൂതിരിയെ നമ്പൂതിരിയായിത്തന്നെ നിലനിർത്തി മനുഷ്യനാക്കുകയായിരുന്നു നോവലിന്റെ ലക്ഷ്യം' (മോഹൻരാജ്, 2021:24). നോവലിന്റെ ആരംഭ ത്തിൽ കുബേരൻ നമ്പൂതിരിയുടെ സ്വഭാവവിശേഷത്തെയും സ്വത്തുവിവരങ്ങളെയും സംബന്ധി ക്കുന്ന വിവരണങ്ങളിൽനിന്നും അക്കാലത്തെ ബ്രാമ ണസമുദായത്തിന്റെ തന്നെ പ്രത്യേകതകളെ

അവതരിപ്പിക്കാനുള്ള ശ്രമമാണ് നോവലില് നടത്തുന്നത്. 'ആ പ്രദേശത്തു കുബേരൻ നമ്പൂതിരിക്കല്ലാതെ മറ്റാർക്കും നിലംപറമ്പുകൾ ഇല്ല. ഈ ഇളകാത്ത സ്വത്തിനു പുറമെ ബ്രാമ ണരുടെ കണ്ണിൽ മ്ലേച്ഛന്മാരായും ക്രിസ്തീയന്മാർക്കു സഹോദരന്മാരാണെന്നും സഹജീവികളാണെന്നും തോന്നുന്ന പുലയർ മുതലായ മനുഷ്യവർഗ്ഗത്തെ ഈ വൈദിക ബ്രാമ ണർ തന്റെ ഇളകുന്ന സ്വത്തിൽ എണ്ണീട്ടാണ് കണക്കാക്കിയിരുന്നത്' (പോത്തേരി കുഞ്ഞമ്പു 2021:34) 'ആ ഇല്ലത്ത് നിലവാരം, മലവാരം, കുരുമുളകിന്റെ ആദായം, പറമ്പപാട്ടം, ഇങ്ങനെയുള്ള വരവ്, സുമാറു നോക്കിയാൽ, കൊല്ലത്തിൽ ഇരുപതിനായിരം ഉറുപ്പികയിൽ ഒട്ടും കുറയില്ല' (പുറം:33). എന്നിങ്ങനെ ആ പ്രദേശത്തെ സമ്പത്തിന്റെയും, അധികാരത്തിന്റെയും കേന്ദ്രമായാണ് കുബേരൻ നമ്പൂതിരിയെ നോവൽ അവതരിപ്പിക്കുന്നത്. സമ്പത്തിനു പുറമേ ശ തി, സ്മൃതി, ഇതിഹാസം എന്നിങ്ങനെ ഹിർ ക്കളുടെ ഇടയിൽ നടപ്പുള്ള കൃതികൾ അഭ്യസിക്കുകയും ചെയ്ത വ്യക്തിയായതിനാൽ ആ ദേശത്തെ ബ്രാമ ണർ മുതൽ പുലയർവരെയുള്ളവരെ തന്റെ സ്വാധീനതയിൽ വയ്ക്കാനും ശിക്ഷിക്കാനുമുള്ള അധികാരം തനിയ്ക്കുണ്ട് എന്നദ്ദേഹം വിശ്വസിച്ചുപോന്നു. അടിമത്തം ഇല്ലായചെയ്ത ബ്രിട്ടീഷ് ഗവൺമെന്റിന്റെ ആക്ട് നമ്പൂതിരി അറിഞ്ഞിട്ടുണ്ടോ എന്നു തന്നെ സംശയമാണ്. അറിഞ്ഞാൽ തന്നെയും അവയൊന്നും ബ്രാമ ണരെ സംബന്ധിച്ചതല്ല എന്നാണ് കുബേരൻ നമ്പൂതിരിയുടെ ചിന്ത. അതുകൊണ്ട് പുലയർ മുതലായ മനുഷ്യവർഗ്ഗത്തെ തന്റെ സ്വത്തിന്റെ ഭാഗമായി അദ്ദേഹം പരിഗണിക്കുന്നു. പുലയൻ, വിദ്യ അഭ്യസിക്കുന്നതും പാട്ടുപാടുന്നതുമെല്ലാം പാപമാണെന്നും അത്തരം പ്രവൃത്തികൾ പ്രകൃതിയുടെ തന്നെ താളം തെറ്റിക്കുമെന്നും അയാൾ വിശ്വസിക്കുന്നു.

നോവലിന്റെ ആദ്യത്തിൽ പുലയരുടെ ചാളയെപ്പറ്റി പരമാർശമുണ്ട്. കുബേരൻ നമ്പൂതിരിയുടെ സ്വത്തുവിവരത്തേക്കാൾ ദീർഘമായ വർണനയാണ് നോവലില് മരത്തന്റെ ചാളയ്ക്ക് നൽകുന്നത്. നോവലിൽ പറയാനിരിക്കുന്ന ബ്രാമ ണവിമർശനത്തിന്റെ ആരംഭമെന്ന നിലയ്ക്കാണ് ഈ വർണ്ണന. ആൾ ്യത്വം നിറഞ്ഞ ഇല്ലങ്ങളുടെയും നാലുകെട്ടുകളുടെയും വിശാലമായ വർണനയെ വിരുദ്ധദശയിൽ നിർത്തിക്കൊണ്ടും ഭാഷാപരമായ ഒരു നൂതനവ്യവഹാരത്തിനു തുല്യവുമായാണ് മരത്തന്റെ ചാളയുടെ ആഖ്യാനം നിർവഹിച്ചിരിക്കുന്നത്. മരത്തന്റെ ചാളയെ വർണിക്കാൻ നോവലില് തെരെഞ്ഞടുക്കുന്ന ഭാഷയിൽനിന്നു കുബേരൻ നമ്പൂതിരിയുടെ ഇല്ലത്തെ വർണിക്കാൻ തെരെഞ്ഞെടുക്കുന്ന ഭാഷക്കുള്ള വ്യത്യാസത്തെ ഇപ്രകാരം മനസിലാക്കാം. സവർണ്ണഭാഷ വ്യവഹാരത്തിൽനിന്നും വ്യത്യസ്തമായൊരു അവർണ്ണ ഭാഷാവ്യവഹാരത്തെയാണ് ഒരേ നോവലിൽത്തന്നെ എഴുത്തുകാരൻ ഉപയോഗിക്കുന്നത്. 'ഇവരെക്കൊണ്ടു രാവുപകൽ പ്രയദ ം ചെ- ിക്കുന്ന ജന്മികൾ ഇവരുടെ സുഖത്തെപ്പറ്റി ഒരു നിമിഷമെങ്കിലും അന്വേഷണം ചെയ്യുക എന്നത്

അവരുടെ മനസ്സിൽ ഒരു കാലവും ഉണ്ടാകാത്ത കാര്യമാണ്. പിന്നെ അവരുടെ ചാളയിൽ കയറിനോക്കുക എന്നതോ പറയേണ്ടതില്ലല്ലോ' (പുറം:44). എന്ന നോവലില ിന്റെ വർണ്ണനയിൽനിന്നും കീഴാളരെ ചൂഷണം ചെയ്ത് ജീവിക്കുന്ന സവർണവിഭാഗത്തിന്റെ മേൽക്കോയയുടെ ചിത്രം വ്യക്തമാണ്. കീഴാളരുടെ പതിതാവസ്ഥയ്ക്കു കാരണം അവരുടെ മുൻജന്മകർമ്മഫലമാണെന്നു പറത വിശ്വസിപ്പിക്കുകയും ആ വിചാരം അവരുടെ ഇടയിൽത്തന്നെ കർമ്മഫലമായി ഉള്ളിൽ വേരൂന്നിക്കിടക്കുകയും ചെയ്യുന്നു.

മരത്തൻ പാട്ടുപാടിയതിന് അവനെ തല്ലുകയും അയാൾ മരിച്ചുപോയി എന്നുകരുതി കുബേരൻ നമ്പൂതിരിയോട് വീമ്പു പറയുകയും ചെയ്യുന്ന കാര്യസ്ഥനു മുണ്ടുനൽകി സന്തോഷിപ്പിക്കുന്ന രംഗം നോവലിൽ പരമാർശിക്കുന്നു. ഇതിന്റെ തുടർച്ചയാണ് കുബേരൻ നമ്പൂതിരിയും അദ്ദേഹത്തിന്റെ പൗത്രിയും തമ്മിലുള്ള സംഭാഷണം യഥാർത്ഥത്തിൽ ബ്രാമ ണവ്യവസ്ഥയ്ക്കെതിരെയുള്ള ആധുനിക സമൂഹത്തിന്റെ ചോദ്യങ്ങളായി അവയെ കണക്കാക്കാം.

'കുട്ടി: വലിയഫ്ഫാ, എന്തിനാണ് അവനു മുണ്ടു കൊടുത്തത്ന

നമ്പൂതിരി: അതോ, മകളേ, അവനല്ലേ നോം വരുമ്പോൾ ആ പാട്ടു പാടിയ ചെർമ്മനെ ചവിട്ടിക്കൊന്നത്ന്അതുകൊണ്ടാണ് അവനു മുണ്ടു കൊടുത്തത്.

കുട്ടി: അ- ാ - അതെന്തോന്നിന്ന അവൻ പാടിയതു നല്ല പാട്ടല്ലോ. അമ്മാവൻ ഈയിടെ പാട്ടു പാടാഞ്ഞിട്ടല്ലേ നിങ്ങൾ അമ്മാവനെ അടിച്ചത്ന്ചെർമ്മൻ പാട്ടുപാടിയതിന് എന്തിനാണ് ദാരുട്ടി ചവിട്ടിയത്ന ദാരുട്ടിയ്ക്ക് എനി ചോറു കൊടുക്കണ്ടാ. അവനോടു മുണ്ടിട്ടു മടക്കി വാങ്ങണം, വലിയഫ്ഫാ.

നമ്പൂതിരി: നിനക്കു കാര്യം അറിത കൂടാ മകളേ. ചെർമ്മന് എഴുത്തു പഠിക്കാൻ തന്നെ പാടില്ല. അവൻ എഴുത്തുപഠിച്ചു പാട്ടുപാടാൻ തുടങ്ങിയാൽ നാട്ടിൽ മഴ പെരുയില്ല.

കുട്ടി: ഇന്നലെ വ- ിട്ടു നല്ല മഴ പെയ്തുവല്ലോ' (പുറം:39,40). ഇപ്രകാരം ഇരുവരും തമ്മിലുള്ള സംഭാഷണം ദീർഘമായി മുന്നോട്ടു പോവുന്നു. കാലഹരണപ്പെട്ട നീതിബോധങ്ങളെ ചോദ്യം ചെയ്യുകയാണ് കുട്ടിയുടെ കഥാപാത്രം. ദാരുട്ടിയുടെ മകളായ പെണ്ണിനെ തൊടരുത് എന്ന വലിയഫന്റെ ആജ്ഞയേയും മറുചോദ്യം കൊണ്ട് നേരിടുകയാണ് അവൾ ചെയ്തത്. സവർണരുടെ അന്ധമായ വിശ്വാസങ്ങളെയും ചെയ്തികളെയും ചോദ്യം ചെയ്യുന്ന ബ്രാമ ണകുട്ടിയിലൂടെത്തന്നെ പുതിയ കാലത്തിന്റെ പുതിയ നൈതികബോധത്തെ അടയാളപ്പെടുത്തുകയാണ് സരസ്വതിവിജയം എന്ന നോവൽ. സമാന്തരകാലഘട്ടത്തിലാണ്

വി.ടി. ഭട്ടത്തിരിപ്പാടിന്റെ സാമൂഹികപ്രവർത്തനങ്ങൾ ശക്തിപ്രാപിക്കുന്നതും നെബിനി മംഗലം, ആര്യാപള്ളം തുടങ്ങിയ ബ്രാമ ണ സ്ത്രീകൾ വിപ്ലവകരമായി മറക്കുട ഉപേക്ഷിച്ച് സമൂഹത്തിന്റെ പൊതുഇടത്തിലേക്ക് വന്നതും. ബ്രാമ ാണാധിപത്യത്തിലൂന്നിയ കുടുംബത്തിന്റെ സട ചിതമായ ഇടത്തിൽനിന്നും വിശാലമായ പൊതുഇട ത്തിലേക്ക ബ്രാമ ണർ മാറുന്നതിന്റെ സാമൂഹിക അടയാളമായി പോത്തേരി കുഞ്ഞമ്പുവിന്റെ കൃതിയെ വായിക്കാം.

കുബേരൻ നമ്പൂതിരിയടക്കമുള്ള ബ്രാമ ണസമുദായത്തിന്റെ ജാത്യാധികാര മേൽക്കോയ്മയെ സ്ഥാപിക്കാൻ നോവലിൽ ഉപയോഗിച്ചിട്ടുള്ള പാഠം സ്മൃതികളുടേതാണ്. ധർമത്തിന്റെ പ്രധാന ഉറവിടങ്ങളായാണ് ശ തികളെയും സ്മൃതികളെയും കണക്കാക്കിയിരുന്നത്. വിദ്യ, സമ്പത്ത്, അധികാരം എന്നിവ ബ്രാമ ണർക്കൊഴികെ മറ്റാർക്കും ലഭിക്കേണ്ടതില്ലെന്നും മനുസ്മൃതിക്കപ്പുറം മറ്റൊരു നിയമവും ബ്രാമ ണന് ബാധകമല്ലെന്നും കേരളീയ ബ്രാമ ണർ വിശ്വസിക്കുന്നു. ഭാഷാജ്ഞാനമില്ലാത്ത ഗ്രന്ഥരുടെ മനസിൽ മനുസ്മൃതിയിലെ ശ്ലോകങ്ങൾ ഉദ്ധരിച്ചുകൊണ്ട് അതിന്റെ മഹത്വത്തെ അവരെക്കൊണ്ട് അംഗീകരിപ്പിക്കാനുള്ള ശ്രമമാണ് കുബേരൻ നമ്പൂതിരിയുടേത്.

മരത്തന്റെ കേസിൽ യാഥാസ്ഥ ത- ാറാക്കുന്ന കോതുനമ്പ്യാർക്ക് ബ്രാമ ണരക്ഷയുടെ പ്രാധാന്യത്തെക്കുറിച്ച് നമ്പൂതിരി പറത കൊടുക്കുന്നത് മനുസ്മൃതി ശ്ലോകങ്ങളിലൂടെയാണ്. ആത്മരക്ഷയ്ക്കും മീതെയാണ് ബ്രാമ ണരക്ഷയെന്നും അത് ചെ- ാഞ്ഞാൽ ഇഹത്തിലും പരത്തിലും കേടാണെന്നും കുബേരൻ നമ്പൂതിരി ഓർമ്മിപ്പിക്കുന്നുണ്ട് (പുറം:31). കൊളോണിയൽ അധികാരം നൽകിയ ദേശാധികാരി എന്ന പദവിയിൽ നിന്നുകൊണ്ട് നീതി നടപ്പാക്കാൻ ശ്രമിക്കുന്ന കോതുനമ്പ്യാരെ പാരമ്പര്യത്തിന്റെ നീതി വിചാരങ്ങൾ കൊണ്ട് മറികടക്കാനുള്ള ശ്രമമാണ് നമ്പൂതിരി നിർവ്വഹിക്കുന്നത്. 'ബ്രാമ ണപ്രഭാവം ഈ വെള്ളക്കാരൻ അറിയാഞ്ഞതുകൊണ്ടും അറിയിക്കാൻ ആളില്ലാത്തതുകൊണ്ടും തുമ്പില്ലാത്ത ഒരു പേനൽ കോഡ് ഉണ്ടാക്കിയതാണ്. നാം എത്ര കളവു പറഞ്ഞാലും മറ്റെന്തു പാപം ചെയ്താലും ന‍െ ടെ മന്ത്രശക്തിയാൽ അതിന്റെ ദോഷം നമ്മിൽ ഇരിക്കയില്ല' (പുറം:51). ക്രിമിനൽ പ്രൊസിഡ്യൂർകോഡിനു വിരോധമായി നടന്നാൽ അത് പാപമല്ലെന്നും എത്രയും ദിവ്യമായ സ്മൃതിയ്ക്കു വിരോധമായി പ്രവർത്തിച്ചാൽ കഠിനമായ പാപം ഉണ്ടാകുമെന്നും കുബേരൻ നമ്പൂതിരി വിശ്വസിക്കുകയും അത് കോതുനമ്പ്യാരെ പറത പഠിപ്പിക്കുകയും ചെയ്യുന്നുണ്ട്. കുബേരൻ നമ്പൂതിരിയുടെ വാല്യക്കാരനായ രാമൻകുട്ടിയുടെ പേരിൽ കുറ്റം ക്ഷമത്തിക്കൊണ്ട്

എഴുതിയ യാദാസ്റ്റ് പറിച്ച ചീന്തി മറ്റൊന്ന് എഴുതാൻ കോതുനമ്പ്യാരെ പ്രേരിപ്പിച്ചത് മനുസ്മൃതി ശ്ലോകങ്ങളുടെ മഹത്വമാണ്.

'വേദാഭ്യാസോന്വഹം ശക്ത്യാ

മഹായജ്ഞB ക്രിയാ ക്ഷമാ

നാശയന്ത്യാ" പാപാനി

മഹാപാതകജാന്യപി' (മനു 11- 249)[7]

ഈ ശ്ലോകത്തിന്റെ അർത്ഥവിവരണമാണ് കോതുനമ്പ്യാരുടെ മനസ്സുമാറ്റാൻ ഇടയാക്കിയത് (പോത്തേരി കുഞ്ഞമ്പു, 2021:50) കൂടാതെ ഗ്രന്ഥ മുതലായ അധ: കൃത ജനങ്ങളെ അജ്ഞാനത്തിൽ വളർത്തുന്നതിന് മനുസ്മൃതി ശ്ലോകങ്ങളെ നോവലിൽ വിവരിക്കുന്നുണ്ട്. സവർണവിഭാഗത്തിന്റെ ഇത്തരം തന്ത്രങ്ങൾ കീഴാളരെ മാത്രമല്ല ബ്രാമ ണജനതയെയും അജ്ഞതയിൽ തളച്ചിടുന്നതിന്റെ സൂചനകൾ നോവലിലുണ്ട്. 'തങ്ങളുടെ സ്വന്തം ആദായത്തിനും പ്രഭാവത്തിനുംവേണ്ടി ഉണ്ടാക്കി അന്യജാതികളിൽ നിലനിർത്തിയ അജ്ഞാതസസ ദായങ്ങൾ അവർ ഒരിക്കലും ഉപേക്ഷിക്കാതിരിപ്പാനും അവരുടെ വിശ്വാസം അവയിൽ ഉറപ്പിപ്പാനും വേണ്ടി ബാഹ്യമായി പലപ്പോഴും ബ്രാമ ണർതന്നെ ആവക അജ്ഞാന സസ ദായങ്ങളെ ആചരിച്ചു വരികയും അവ കാലക്രമേണ, ദൈവശിക്ഷയിൽ എന്നുമാറ്, ഈ ബ്രാമ ണരുടേയും ഉള്ളിൽ കടന്ന് അവരുടെ മനസ്സിനെ ക്ലിപ്പിടിച്ച് ഇരുട്ടാക്കി അവരെ മഹാഅജ്ഞാനികളാക്കി തീർക്കുകയും ചെയ്തിരിക്കുന്നു. ആത്മവഞ്ചന അതികഠിനമായ പാപമാണല്ലോ അജ്ഞാനം കൊണ്ടോ മന: പൂർവ്വമോ വേദശാസ്ത്രാദികളുടെ അർത്ഥത്തെ തെറ്റായി വ്യാഖ്യാനിച്ച് അവരുടെ അനാചാരത്തെ നീതികരിച്ചു പറയുന്നത് അപൂർവ്വമല്ല. നിത്യമായി ചെയ്തുവരുന്ന ഗായത്രിജപം കൊണ്ടു സകലപാപവും അപോകുമെന്ന തെറ്റായ ധാരണയാൽ എത്ര ബ്രാമ ണർ ദിവസേന അതികഠോരമായ പാപങ്ങൾ ചെയ്യുന്നു.' എന്ന് കുഞ്ഞമ്പു ഈ കൃതിയിൽത്തന്നെ തന്റെ വിമർശനം കുറിക്കുന്നു (പുറം:53).

വേദങ്ങളെയും സ്മൃതികളെയും അവ പ്രചരിപ്പിച്ച ബാലിശമായ ആശയങ്ങളെയും ഹിർ മനസ്സിൽ നിന്നും വിമോചിക്കേണ്ട ആവശ്യകതയെക്കുറിച്ച് അംബേദ്കർ വാചാലനായതും ഇതുകൊണ്ടുതന്നെയാണ്. ഒന്നിനും കൊള്ളാത്ത ഒരു കൂട്ടം പുസ്തകങ്ങളാണ് വേദങ്ങളെന്നും ബ്രാമ ണർ അവയിൽ വി" ദ്ധിയും അപ്രമാദിത്വവും അവരോധിച്ചിരിക്കയാണെന്നും 'ഹിർ മതത്തിലെ പ്രഹേളികകൾ' എന്ന ഗ്രന്ഥത്തിൽ അംബേദ്കർ അഭിപ്രായപ്പെടുന്നുണ്ട് (രാജേഷ് ചിറപ്പാട്, 2011:32)

'ചിതൽ തിന്ന ജഡയുടെ പനയോലക്കെട്ടുകൾ

ചിതയിലേക്കെറിത ക്കട്ടരിക്കു'മെന്ന് ചങ്ങമ്പുഴ (1974:69) വേദങ്ങളെ നിഷേധിച്ചത് ഇത്തരുണത്തിൽ പ്രസക്തമാണ്.

ഗ്രൂൻ മുതലായവരുടെ പേരിൽ പോലും അടിമത്തസൂചനയുണ്ടാകണമെന്ന് മനുസ്മൃതിയെ മുൻനിർത്തി കുബേരൻ നമ്പൂതിരി പറയുന്നു. മാത്രവുമല്ല കുപ്പൻ പട്ടരോട് ശ്ലോകം എഴുതി പഠിക്കാനുള്ള നിർദ്ദേശവും നമ്പൂതിരി നൽകുന്നുണ്ട്.

'ക്ഷത്രിയസ്യ ബലാന്വിതം-

വൈശ്യസ്യ ധനയുക്തം

ഗ്രൂദ്രസ്യ തു ജുഗ്ഫ് ിതം

ശർമ്മവൻ ബ്രാമ ണസ്യ സ്യാൽ

രാജ്ഞോ രക്ഷാസമന്വിതം

വൈശസ്യ പുവിസംയുക്തം

ഗ്രൂദ്രസ്യ പ്രൈഷസംയുതം' (മനു 11- 3132)[8]

മഹാആൾ ്യനായ വൈദിക ബ്രാമ ണന്റെ ജ്ഞാനാധിക്യത്താൽ കുപ്പൻപട്ടർ അദ്ദേഹത്തെ ബന്ധുഭക്തിയോടെ സേവിച്ചുപോന്നു. രാമൻകുട്ടി നമ്പ്യാരുമായുള്ള ബന്ധത്തിലും നമ്പൂതിരി അധികാരമുറപ്പിക്കുന്നതു സ്മൃതി നിയമങ്ങളുടെ പിൻബലത്തോടെയാണ് (പോത്തേരി കുഞ്ഞമ്പു, 2021:52). ഗ്രൂദ്രനിൽ അടിമമനോഭാവം വളർത്തുന്നതിനുതകുന്ന മനുസ്മൃതി ശ്ലോകങ്ങളും കുബേരൻ നമ്പൂതിരിക്ക് f ദിസ്ഥമാണ്.

'ഗ്രൂദ്രം കാരയേദ്ദാസ്യം

ക്രിതമക്രീതമേവ വാ

ദാസ്യായൈവ ഹി സൃഷ്ടോ ാസൗ

ബ്രാമ ണസ്യ സ്വയംഭുവ'(മനു 7- 413)9

'ന സ്വാമിനാ നിസൃഷ്ടോ ാപി

ഗ്രൂദ്രോ ദാസ്യാദ്വിമുച്യതേ

നിസർഗ്ഗജം ബി തത്തസ്യ

കസ്തസ്മാത്തദപോഹതി' (മനു 8- 414)[10]

കേരളീയസമൂഹത്തിൽ നടമാടിയിരുന്ന ജാത്യാധികാരത്തെയാണ് കുഞ്ഞമ്പു ഇവിടെ തുറന്നു കാട്ടുന്നത്. ശൂദ്രനെ സവർണന്റെ ദാസനായിരിപ്പാൻ ദൈവം സൃഷ്ടിച്ചതാണെന്നും അത് ശൂദ്രൻ തന്നെ തർക്കം കൂടാതെ സമ്മതിക്കുന്നതാണെന്നും കുബേരൻ നമ്പൂതിരി നോവലിൽ പറയുന്നുണ്ട് (പോത്തേരി കുഞ്ഞമ്പു, 2021:56) ഫ്യൂഡൽ സവർണാധികാരം സാമ്പത്തികവും സാംസ്കാരികവുമായ അധീശത്വം പുലർത്തുന്നതിന്റെ സൂചനകളാണ് ഇതിലൂടെ നോവൽ വ്യക്തമാക്കുന്നത്. അവർണർ അനുഭവിക്കുന്ന മാനസിക അടിമത്തം മൂലമാണ് ഫ്യൂഡലില ് പ്രത്യയശാസ്ത്രങ്ങൾക്കു കീഴിൽ അവർ ഇപ്പോഴും അടിമകളായിരിക്കുന്നതെന്നും നോവൽ സന്ദർഭങ്ങളിൽനിന്ന് മനസ്സിലാക്കാം. കളകൂറ്റമായുള്ള കുബേരൻ നമ്പൂതിരിയുടെ സംഭാഷണത്തിൽനിന്നും നമ്പൂതിരി അടിമത്തം നിരോധിച്ചിരുന്ന ആക്ടിനെക്കുറിച്ച് ബോധവാനല്ലെന്ന് വ്യക്തമാകുന്നു. 1838 ൽ ബ്രിട്ടീഷ് ഗവൺമെന്റ് അടിമസസദായം നിർത്തലാക്കാനുള്ള നിയമം പാസാക്കുകയും 1843 ൽ അടിമസസദായം നിർത്തലാക്കുകയും ചെയ്തു. കൊച്ചിയിൽ 1854 ഉം തിരുവിതാംകൂർ 1855 ലുമാണ് അടിമസസദായം നിർത്തലാക്കിയത്.

19-ാം ശതകത്തിന്റെ മധ്യകാലത്ത് കേരളത്തിൽ ഏകദേശം 4.25 ലക്ഷം അടിമകൾ ഉണ്ടായിരുന്നുവെന്ന് കരുതുന്നു. 1871 നും 1881 നും ഇടയ്ക്ക് മലബാർ ജില്ലയിൽ ഏകദേശം 40,000 ചെറുമർ ഇസ്ലാംമതം സ്വീകരിച്ചിരിക്കണം എന്ന് 1881 ലെ മദ്രാസ് സെൻസസിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു. അടിമത്തത്തിന്റെ രൂക്ഷതയിൽ നിന്ന് ചെറിയതോതിലെങ്കിലുമുള്ള ആശ്വാസം മലബാറിലെ ചെറുമർ മതപരിവർത്തനം കൊണ്ടാണ് നേടിയതെന്ന് സെൻസസിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നോവലിലെ മരത്തൻ എന്ന കഥാപാത്രം താൻ അനുഭവിക്കുന്ന അടിമത്തത്തിൽനിന്നും രക്ഷനേടാനാണ് മതപരിവർത്തനം നടത്തിയത്. അതുമൂലമാണ് മരത്തന് വിദ്യാഭ്യാസം നേടാനും ഉയർന്ന സാമൂഹിക പദവി ലഭിക്കാനും ഇടവന്നത്.

**3.2.5.2 സാമ്പത്തികവ്യവഹാരം**

കേരളീയ ആധുനികതയെ നിർമ്മിച്ച പ്രധാനപ്പെട്ട ഒരു സാമൂഹിക ഘടനയാണ് ഭൂസ്വത്തും തൊഴിലും കേന്ദ്രീകരിക്കുന്ന സാമ്പത്തിക വിനിമയം. ഭൂപരിd രണനിയമങ്ങളും കുടിയാബ അവകാശങ്ങളും ദായക്രമങ്ങളിലെ മാറ്റവും നായർ വിഭാഗത്തിലെ ആളോഹരി സ്വത്തവകാശവും സംബന്ധവ്യവസ്ഥയിലെ തകർച്ചയും അണുകുടുംബവ്യവസ്ഥയും പുതിയ തൊഴിൽ സാധ്യതകളും കേരളത്തിലെ സമ്പദ്വ്യ വസ്ഥയിലുണ്ടാക്കിയ വമ്പിച്ച മാറ്റം അക്കാലത്തെ പ്രധാനപ്പെട്ട നോവൽ ആഖ്യാനത്തിലുമെന്നതുപോലെ സരസ്വതീവിജയത്തിലും കടന്നുവരുന്നുണ്ട്. നോവൽ നടക്കുന്ന കാലഘട്ടത്തിൽ മലബാർദേശത്ത്

യഥാർത്ഥത്തിൽ ഉണ്ടായിരുന്ന വ്യവഹാരങ്ങളുടെ ആധിക്യത്തെക്കുറിച്ചും വ്യവഹാരങ്ങൾമൂലം തകർന്ന കുടുംബങ്ങളെക്കുറിച്ചും നോവലിൽ സൂചനകളുണ്ട്. കുപ്പൻ പട്ടരുമായി കുബേരൻ നടത്തുന്ന കാശിയാത്രയ്ക്കിടയിൽ 'ഏകദേശം 30 കൊല്ലം ക്രിമിനൽ, സിവിൽ, റവനയുഈ വ്യവഹാരങ്ങൾ പലതും ീ ാൻ നടത്തീട്ടുണ്ട്' (പുറം:100) എന്ന് കുബേരൻ നമ്പൂതിരി പറയുന്നതിൽ നിന്നും അദ്ദേഹം വ്യവഹാരപ്രിയനായിരുന്നുവെന്ന് മനസ്സിലാക്കാം. സുഭദ്രയുടെ ഭർത്താവായ യജ്ഞൻ നമ്പൂതിരിയും വ്യവഹാരങ്ങൾ ധാരാളം നടത്തിയിട്ടുള്ള വ്യക്തിയാ ണെന്നതിന് അഞ്ചാം അദ്ധ്യായത്തിൽ തെളിവുണ്ട് (പുറം:105). ഭവശർമ്മൻ നമ്പൂതിരിയെക്കുറിച്ച് പറയുന്നിടത്തും 'താൻ വ്യവഹാരം കൊണ്ടു കുറേ മുടിച്ചവനാണ്' (പുറം:79). എന്ന സൂചനയുണ്ട്. നോവലിൽ വ്യവഹാരം മൂലം തകർന്ന മറ്റൊരു വ്യക്തി പൂതലകത്തു കുഞ്ഞികൃഷ്ണമേനോക്കിയാണ്. വ്യവഹാരംമൂലം അയാൾ കഞ്ഞിക്കുവകയില്ലാത്തവനായി തീർന്നു. വ്യവഹാരം നടത്തുന്നത് ഉന്നതകുലജാതരായവർ മാത്രമാണ് എന്ന ചിന്ത സരസ്വതീവിജയത്തിൽ ശക്തമാണ്. നോവലിൽ മാത്രമല്ല കേരളീയസമൂഹത്തിലും വരേണ്യകുലജാതരുടെയും ആസ്തിയുള്ള ന0 ാണിയുടെയും പ്രിയവിനോദമായിരുന്നു കോടതി വ്യവഹാരത്തിലേർപ്പെടുന്നതും കോടതികേറി മുടിയുന്നതും. കുബേരൻ നമ്പൂതിരിയും കോതു നമ്പ്യാരും തമ്മിലുള്ള സംഭാഷണത്തിൽ 'സൗഖ്യവും വിവാഹവും വ്യവഹാരവും തനിക്കൊക്കുമൊട്ടാഭിജാത്യമുള്ളവരോടു വേണം' (പുറം:48). എന്നു പറയുന്നതിൽ നിന്നും വ്യവഹാരത്തിലേർപ്പെടുക എന്നത് ആഭിജാത്യവുമായി ബന്ധപ്പെട്ട കാര്യമാണെന്ന് വ്യക്തമാകുന്നു. അതാകട്ടെ തരത്തിനൊത്തവരോടേ വ്യവഹാരം നടത്താറുമുണ്ടാ കുബേരൻ നമ്പൂതിരിയുടെ കോഴിക്കോട് യാത്രയിലും വ്യവഹാരത്തെ സംബന്ധിക്കുന്ന സംഭാഷണമുണ്ട്. പാതിരിവേദക്കാരോട് വഴിമാറി നടക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി പറയാൻ കുബേരൻ നമ്പൂതിരി ആവശ്യപ്പെടുമ്പോൾ 'വഴിതെറ്റാൻ അവരോടു പറത വെങ്കിൽ അവർ മാനനവ ത്തിന്നു വ്യവഹരിക്കും' (പുറം:66). എന്നാണ് കൂടെയുള്ള സഹയാത്രികൻ പറയുന്നത്. വിദ്യാഭ്യാസം നേടുകയും അതുവഴി ജാതി ചിന്തകൾക്കതീതമായി പ്രവർത്തിക്കുകയും ചെയ്യുന്നവർ തങ്ങളുടെ അടിസ്ഥാന അവകാശങ്ങളെപ്പറ്റി ബോധവാന്മാരാണെന്നും അവയെപ്പറ്റി തർക്കിച്ചാൽ മാനനവ ത്തിന് കേസു നൽകാമെന്ന അറിവുള്ളവരുമാണ് എന്നും നോവലിലെ ഈ സന്ദർഭത്തിൽനിന്നും വ്യക്തമാണ്. വിദ്യാഭ്യാസം നേടുന്നവർക്കിടയിൽ കോടതി ഒരു തൊഴിലിടമായി മാറിയ ആധുനിക സാഹചര്യമാണ് നോവലിൽ കാണുന്നത്. പൊതുജനങ്ങളുടെ ഇടയിൽ കോടതിയുമായി ബന്ധപ്പെട്ട ഭയം കുറത വരുന്നതിന്റെ,സൂചനകൂടിയാണിത്.ക്രമേണ 'ന്നാ താൻ കേസ് കൊട്', 'കോടതിയിൽ കാണാം' തുടങ്ങിയ നാട്ടുപ്രയോഗങ്ങൾ സാധാരണമായി തീരാനും ഈ പശ്ചാത്തലം കാരണമായി.

#### 3.2.5.3 വിദ്യാഭ്യാസ-തൊഴിൽ വ്യവഹാരങ്ങൾ

മതപരിവർത്തനത്തിലൂടെയും വിദ്യാഭ്യാസത്തിലൂടെയും സംി തിയുടെ മേൽത്തട്ടിലേക്കും അധികാര സ്വരൂപത്തിലേക്കും ഉയർന്നുവരുന്ന മരത്തനാണ് സരസ്വതീവിജയത്തിലെ കഥാനായകൻ. ഇംഗ്ലീഷ്ഭാഷയും പാശ്ചാത്യവിദ്യാഭ്യാസവും നേടിയ മരത്തൻ മതപരിവർത്തനത്തിലൂടെ യേ" ദാസനായി മാറുന്നതോടൊപ്പം നീതിന്യായവ്യവസ്ഥയുടെ തലപ്പത്തേക്കു ഉയരുകയും ചെയ്യുന്നു. 'സരസ്വതീവിജയം' എന്ന നോവലിന്റെ പേരിലൂടെ അർത്ഥമാകുന്നത് വിദ്യയുടെ വിജയം എന്നാണ്. മരത്തന്റെ ചിത്രീകരണത്തിലൂടെ ആ പേര് അന്വർത്ഥമാകുന്നു. കൂടാതെ സുഭദ്രയുടെ മകളായ സരസ്വതി ബാസൽമിഷൻകാരുടെ സഹായത്തോടെ പാശ്ചാത്യവിദ്യാഭ്യാസം നേടിയാണ് യേ" ദാസന്റെ ഭാര്യയായി മാറുന്നത്. അപ്രകാരം 'സരസ്വതീവിജയം' എന്നത് സുഭദ്രയുടെ മകളായ സരസ്വതിയുടെകൂടെ വിജയമായി മാറുന്നു.

ബ്രാമ ണരെയും മനുനിയമങ്ങളെയും നോവലിൽ നിശിതമായി വിമർശിക്കുന്നുണ്ടെങ്കിലും ബ്രാമ ണർക്കുണ്ടായിരുന്ന ജ്ഞാനം എന്ന സിദ്ധിയെ ഇന്ത്യൻ സമൂഹം അംഗീകരിച്ചിരുന്നതായി മനസിലാക്കാം. ബ്രാമ ണ്യത്തെ ചോദ്യംചെയ്യുമ്പോഴും എതിർക്കുമ്പോഴും അവരുടെ അറിവിനെ അംഗീകരിച്ചു കൊണ്ടാണ് ഇന്ത്യൻ സമൂഹം ആധുനികതയിലേക്കു നീങ്ങിയത്. അറിവിനു കീഴടങ്ങിയ അധികാരം തന്നെയായിരുന്നു ഇന്ത്യൻ പാരമ്പര്യം. ബ്രഹ്മ ജ്ഞാനികളായ ഋഷിമാർ രാജാക്കന്മാരെ ഉപദേശിക്കുന്നതും അവരുടെ അറിവിനോടുചേർന്ന് അധികാരം വികസിക്കുന്നതുമാണ് ഇന്ത്യയുടെ പൂർവ്വചരിത്രം. രാമായണപാഠം മുതൽ വസി ്ന കീഴടങ്ങുന്ന രാമനെ കണ്ടുപഴകിയ ഇന്ത്യൻ ജനതയ്ക്കു ഫൂക്കോയുടെ അറിവ്- അധികാരം എന്ന ചിന്തകൾ ഒരു നൂതനപാഠം ആയിരുന്നില്ല. അറിവ് അധികാരത്തെ ഉദ്പാദിപ്പിക്കുകയും അധികാരം അറിവിനെ നിർണ്ണയിക്കുകയും ചെയ്യുന്നു എന്നതാണ് ഫൂക്കോയുടെ ആശയം. നോവലിൽ അറിവ് ഉദ്പാദിപ്പിക്കപ്പെടുന്നത് രണ്ട് വിധത്തിലാണ്. ബ്രാമ ണിക്കൽ അറിവുൽപാദനവും, കൊളോണിയൽ അറിവുൽ പാദനവും കേരളീയ സമൂഹത്തിലുണ്ട് എന്നതിന് നോവൽ തെളിവു നൽകുന്നതായി നോവൽ പഠനത്തിൽനിന്ന് വ്യക്തമാണ്. കുബേരൻ നമ്പൂതിരിയെപോലുള്ളവർ ബ്രാമ ണിക്കൽ അറിവുൽപാദനത്തിന്റെ ഭാഗമാകുമ്പോൾ യേ" ദാസനെപ്പോലെ ആധുനിക വിദ്യാഭ്യാസം നേടിയവർ കൊളോണിയൽ അറിവുൽപാദനത്തിന്റെ പ്രത്യക്ഷ ഉദാഹരണങ്ങളാണ്.

നോവലിൽ മരത്തന്റെ കഥാപാത്രവും സുഭദ്രയുടെ കഥാപാത്രവും ആധുനിക വിദ്യാഭ്യാസം നേടുന്നവരാണ്. അവർ രണ്ടുപേരും മതപരിവർത്തനം നടത്തിയവരാണെങ്കിലും അതൊരിക്കലും നിർബന്ധിത മത

പരിവർത്തനമായിരുന്നില്ല. പാതിരിസായ്വിന്റെ വീട്ടിൽചെന്ന് മരത്തൻ തന്നെയാണ് ക്രിസ്തുവേദത്തിൽ കൂടാൻ മനസ്സുണ്ടെന്ന് പറയുന്നത്. സ്മാർത്തവിചാരത്താൽ ക്ഷയ യാക്കപ്പെട്ട സുഭദ്രയെയും മക്കളെയും അനാഥത്വത്തിൽനിന്ന് രക്ഷിച്ച് വിദ്യാഭ്യാസം നൽകുകയും പെൺകുട്ടികളുടെ എഴുത്തുപള്ളിയിൽ ഉപാധ്യായിനിയായി തൊഴിൽ നൽകുകയും ചെയ്യുകയാണ് പാതിരി ചെയ്യുന്നത്. ഒരിക്കലും നിർബന്ധിത മതപരിവർത്തനത്തിലൂടെയല്ല ഇവർ രണ്ടുപേരും ക്രിസ്തുമതം സ്വീകരിച്ചത്. ഇരുവർക്കും ലഭിച്ച വിദ്യാഭ്യാസത്തെ കൊളോണിയൽ ജ്ഞാനവ്യവസ്ഥയുടെ ഭാഗമായി തന്നെ മനസ്സിലാക്കാവുന്നതാണ്.

ജാതികേന്ദ്രിതമായ കേരളീയസമൂഹം ആധുനികതയിലേക്ക് തിരിയുന്നതും ഭൂമികേന്ദ്രിതമായ കാർഷിക ജീവിതം തൊഴിൽ കേന്ദ്രിതമായ വ്യാവസായിക ജീവിതത്തിലേക്ക് മാറുന്നതും അടയാളപ്പെടുത്തുന്ന കൃതിയാണ് സരസ്വതീവിജയം. ഇവിടെ മാറ്റത്തിന്റെ സാംസ്കാരികപരിസരത്തെ നിർമ്മിച്ച ഇംഗ്ലീഷ് ഭാഷയുടെയും വിദ്യാഭ്യാസത്തിന്റെയും തദ്വാര രൂപപ്പെട്ടുവന്ന കോടതികേന്ദ്രീകൃത നീതിന്യായവ്യവസ്ഥയുടെയും സൂക്ഷ്മ ചിഹ്നങ്ങളെ ആഖ്യാനം ചെയ്തുകൊണ്ടാണ് സരസ്വതീവിജയം കാലത്തിന്റെ നേർസാക്ഷ്യമായത്. ഈ നോവലിന്റെ പ്രാധാന്യവും അതുതന്നെ. കോടതിയ്ക്കുള്ളിൽ വിചാരണകൾ അധികമായി നിർവഹിക്കപ്പെടുന്നില്ലെങ്കിലും ഈ അധികാരവ്യവസ്ഥയ്ക്കുള്ളിലാണ് കഥ പൂർണ്ണമായും അരങ്ങേറുന്നത് എന്നതുകൊണ്ട് ജാതികേന്ദ്രിതമായ ഫ്യൂഡൽ അധികാരവ്യവസ്ഥയ്ക്കെതിരെ ആധുനികലോക ക്രമീകരണങ്ങളിലേക്കും മനുഷ്യത്വനിർമ്മിതികളിലേക്കും മലയാള നോവൽപ്രപഞ്ചത്തെ എത്തിക്കുവാൻ സരസ്വതീവിജയത്തിനു കഴിഞ്ഞിട്ടുണ്ട്.

**കുറിപ്പുകൾ**

1. Culture is the complex collection of ideas, institutions, and arts that develop over time in a particular society. It is transmitted from one generation to the next – (Ɑeither Philip, 1974, P.607.)

2. കുറ്റവിചാരണയ്ക്ക ഹാജരായവരുടെ മൊഴി രേഖപ്പെടുത്തുന്നതാണ് യാദാസ്ത് അഥവാ മഹസ്സർ.

3. പോലീസ് സേനയിലുൾപ്പെട്ടവരെയാണ് കോൽക്കാർ എന്നു വിളിക്കുന്നത്. ഇന്നത്തെ ലാന്നിയോട് സമാനമായ കോലു പോലുള്ള ഉപകരണം പോലീസുകാർ ഉപയോഗിച്ചിരുന്നു. അതിനാലാണ് കോൽക്കാർ എന്ന പ്രയോഗം ഭാഷയിൽ കടന്നുവന്നതെന്ന് അനുമാനിക്കാം.

4. കച്ചീട്ട് എന്ന വാക്കിന് കൈചീട്ട് അഥവാ കരാർപത്രം എന്നാണ് അർത്ഥം. കേസിനുവേണ്ട സാക്ഷികൾ കോടതിയിൽ ഹാജരാകാൻ നിർദ്ദേശിച്ചുകൊണ്ട് അവരുടെ പക്കൽനിന്നും എഴുതിവാങ്ങുന്ന രേഖയാണിത്.

5. ബന്തോവസ്തിൽ ആക്കുക എന്നതിന് കല ഡിയിലാക്കുക എന്നർത്ഥം. കുറ്റാരോപിതരായ വ്യക്തികളെയും ചോദ്യം ചെ- ാനുള്ളവരെയും കല ഡിയിൽ വെക്കാനുള്ള അധികാരം പോലീസിനുണ്ട്.

6. അഭ്യസ്തവിദ്യനായ ഗ്രുത്തുന നാത്തുനിന്നുതന്നെ ഒഴിവാക്കണം എന്നർത്ഥം വരുന്ന നീതിസാരത്തിലെ പതിനഞ്ചാം ശ്ലോകമാണിത്. (നീതിസാരം, സഖ്യാനന്ദസ്വാമി (സമ്പാ), ശ്രീരാമകൃഷ്ണമഠം 2003:17)

7. നിത്യം കഴിയുന്നത്ര വേദാദ്ധ്യായനം ചെയ്യുകയും പഞ്ചമഹായജ്ഞങ്ങൾ ചെയ്യുകയും തന്നെ ഉപത്തിച്ചവരുടെ നേരെ ക്ഷമിക്കുകയും ചെയ്താൽ എത്ര വലിയ പാപങ്ങളും നശിച്ചുപോകും എന്നതാണ് ഈ മനുശ്ലോകത്തിന്റെ അർത്ഥം. (മനു Vഷ249) പോത്തേരി കുഞ്ഞമ്പു, 2021:51)

8. ബ്രാമ ണന്റെ പേരിൽ ഒന്നാമത്തെ ഭാഗം മംഗളസൂചകമായും രണ്ടാമത്തെ ഭാഗം അഭിവൃദ്ധി സൂച കമായും ക്ഷത്രിയന്റെ പേരിൽ ഒന്നാമത്തെ ഭാഗം ബലസൂചകമായും രണ്ടാമത്തെ ഭാഗം രക്ഷാസൂചകമായും വൈശ്യന്റെ പേരിൽ ഒന്നാമത്തെ ഭാഗം ധനസൂചകമായും രണ്ടാമത്തെ ഭാഗം പുവിസൂചകമായും ഗ്രുത്തന്റ

പേരിൽ ഒന്നാമത്തെ ഭാഗം നിന്ദാസൂചകമായും രണ്ടാമത്തെ ഭാഗം അടിമത്തസൂചകമായും ഇരിക്കണം എന്നതാണ് ഈ മനുസ്മൃകത്തിന്റെ അർത്ഥം. (മനു Vപ്[3132]). (പോത്തേരി കുഞ്ഞമ്പു, 2021:53).

9. ഒരു ഗ്രൂത്ത് വിലയ്ക്ക് കൊള്ളപ്പെട്ടവനാകട്ടെ അല്ലാതെ യുള്ളവനാകട്ടെ ഏതായാലും അവനെക്കൊണ്ടു ദാസ്യപ്രവൃത്തി എടുപ്പിക്കാം ബ്രാമ ണന്റെ ദാസനായിരിക്കാൻ വേണ്ടിത്തന്നെ യാണല്ലോ അവനെ ദൈവം സൃവിച്ചിട്ടുള്ളത് (മനു Vഷ്[413] (പോത്തേരി കുഞ്ഞമ്പു, 2021:53).

10. ഒരു ഗ്രൂത്തന്റെ ഉടമയായിട്ടുള്ളവൻ അവനെ ദാസ്യതയിൽ വിട്ടൊഴിച്ചാലും ഗ്രൂത്ത് ദാസ്യസ്ഥിതിയിൽ നിന്നു വ്ർപ്പെട്ടുകയില്ല. കാരണം ദാസ്യത അവന്നു സഹജമായിട്ടുള്ളതാണ്. അതുകൊണ്ട് ദാസ്യാവസ്ഥയെ ആർക്ക് നശിപ്പിക്കാൻ കഴിയുംന(മനു: Vഷ്[414]) (പോത്തേരി കുഞ്ഞമ്പു, 2021:53)

# അധ്യായം 4

## ആധുനിക നോവലുകളിലെ

## നൈതികപ്രശ്നങ്ങളും കോടതിവ്യവഹാരവിശകലനവും

കോടതിവ്യവഹാരങ്ങളെയും നീതിന്യായവ്യവഹാരങ്ങളെയും നേരിട്ട ചിത്രീകരിക്കുകയും കോടതിയെന്ന വ്യവഹാരസ്ഥലത്തെയും കോടതിയധികാരത്തിന്റെ മൂർത്തരൂപങ്ങളെയും സമൂഹത്തിനു കേവലമായി പരിചയപ്പെടുത്തുന്നവയാണ് ആദ്യകാലനോവലുകൾ. ആനുഷംഗികമായി കോടതി യിടപെടലുകളിൽ നടക്കുന്ന അനീതികളെയും സാമൂഹികമായ തിന്മകളെയും എഴുത്തുകാർ വിമർശിച്ചിട്ടുണ്ട് എന്നതും മൂന്നാമധ്യായത്തിൽ നിരീക്ഷിച്ചിട്ടുണ്ട്. എന്നാൽ കോടതിയെ ഒരു അധികാരപ്രയോഗമെന്ന നിലയിൽ കാണുകയും നീതിന്യായവ്യവസ്ഥയെയും ഭരണകൂടത്തെയും താത്വികമായി വിചാരണ ചെയ്യുകയും ചെയ്യുന്ന കൃതികളാണ് പിന്നീട് മലയാള നോവൽ സാഹിത്യത്തിൽഉണ്ടായത്.

1950 കളിൽ ആരംഭിക്കുന്ന മലയാള നോവൽ വളർച്ചയുടെ രണ്ടാംഘട്ടത്തിൽ ചന്തുമേനോന്റെ തുടർച്ചയായാണ് തകഴിയുടെ രചനകൾ ഉടലെടുക്കുന്നത്.1964 ൽ പുറത്തിറങ്ങിയ തകഴിയുടെ 'ഏണിപ്പടികൾ' എന്ന നോവൽ 1920 മുതൽ 1957 വരെയുള്ള കേരള രാഷ്ട്രീയ ചരിത്രത്തെ സമഗ്രമായി അടയാളപ്പെടുത്തുന്നു. അധികാര മ്വ രങ്ങളും നൈതികപ്രതിസന്ധികളും നോവലിനു വിഷയമാകുന്നുണ്ടെങ്കിലും കോടതി നേരിട്ട് നോവലിൽകടന്നുവരുന്നില്ല. 1960 കളിൽ പുറത്തിറങ്ങിയ കെ. സുരേന്ദ്രന്റെ 'ജ്വാല' എന്ന നോവലിൽ 'ഏണിപ്പടി'കളിലേതിന് സമാനമായ പ്രമേയം തന്നെയാണുള്ളത്. തിരുവിതാംകൂറിലെ ബ്യൂറോക്രസിയുടെ ചരിത്രവും ധാർമ്മികത നവ പ്പെട്ട ഭരണകൂടത്തിന്റെ ചിത്രീകരണവുമാണ് നോവലിന്റെ കേന്ദ്രവിഷയം തുടർന്ന് 1966 ലാണ് ഇ. വാസുവിന്റെ 'ക്ഷുപ്പനാട' എന്ന നോവൽ പ്രസിദ്ധീകരിക്കുന്നത്. : മസ്തനായ കേന്ദ്രകഥാപാത്രത്തിലൂടെ സർക്കാർ ഉദ്യോഗസ്ഥരുടെ അനാസ്ഥകളെക്കുറിച്ചും 'ക്ഷുപ്പനാട'യിൽ കുടുങ്ങി ക്കിടക്കുന്ന സാധാരണക്കാരുടെ നൈതികപ്രശ്നങ്ങളെക്കുറിച്ചും അവതരിപ്പിക്കുന്നു. അധികാരകേന്ദ്രവുമായി ബന്ധപ്പെട്ട നീതി- അനീതി സംഘർഷങ്ങളെ നോവൽ കൈകാര്യം ചെയ്യുന്നുണ്ടെങ്കിലും കോടതിയെന്ന സ്ഥലരാശി നോവലിന്റെ ക്രിയാഭൂമികയാകുന്നില്ല.

അധികാരസ്ഥാപനങ്ങൾക്കെതിരെയുള്ള ആശയപരമായ ചെറുത്തുനില കളായി രൂപം കൊണ്ടവയാണ് 1970 കളുടെ രണ്ടാംപകുതിയിൽ രചിക്കപ്പെട്ട മലയാളത്തിലെ സാഹിത്യകൃതികൾ. ഈ പ്രവണതയെ സച്ചിദാനന്ദൻ വിളിക്കുന്നതുപോലെ 'രാഷ്ട്രീയ ആധുനികത' എന്ന് അടയാളപ്പെടുത്താമെന്ന് ഷാജി ജേക്കബ് വിലയിരുത്തുന്നത് തികച്ചും കാലത്തിനനുയോജ്യമാണ് (2003:98). അക്കാലത്ത് അടിയന്തരാവസ്ഥയ്ക്കെതിരെ എഴുതപ്പെട്ട കഥകളിലും കവിതകളിലും നോവലുകളിലും ആധിപത്യത്തിനും അധികാരപ്രയോഗങ്ങൾക്കുമെതിരായുള്ള പ്രതീകങ്ങളും അന്യാപദേശസൂചകങ്ങളും സ്വരൂപിക്കപ്പെടുക

യുണ്ടായിട്ടുണ്ട്. സച്ചിദാനന്ദന്റെ 'നാവുമരം', അ- പ്പപണിക്കരുടെ 'കുതിരക്കൊമ്പ്' തുടങ്ങിയ കവിതകളും വി.കെ. എൻ- ന്റെ 'ഹിരണ്യകശിപു', 'അധികാരം', എ.പി.നാരായണ പിള്ളയുടെ 'പരിണാമം', പി.കേശവദേവിന്റെ 'അധികാരം' തുടങ്ങിയ നോവലുകളും ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. എന്നാൽ ഇവിടെ യൊന്നും കോടതി എന്ന അധികാരസ്ഥലം നേരിട്ട് കടന്നുവരുന്നില്ല. കോടതി എന്ന അധികാരഇടം ആധുനിക നോവലുകൾക്കിടയിൽ ആദ്യം കടന്നുവരുന്നത് കോവിലന്റെ 'ഭരതനി'ലാണ്. 1976 ൽ രചിക്കപ്പെട്ട 'ഭരതൻ' അടിയന്തരാവസ്ഥാക്കാലവും അധികാരത്തിന്റെ നീതിരാഹിത്യത്തിന്റെയും സൂക്ഷ്മമുഖങ്ങളും ശക്തമായി അവത രിപ്പിക്കുന്ന കൃതിയാണ്. ഇതിന്റെ വിശദപഠനം ഈ അധ്യായത്തിൽ ദീർഘമായ അപഗ്രഥനം ചെയ്യുന്നുണ്ട്.

1982 ൽ പുറത്തിറങ്ങിയ സി. രാധാകൃഷ്ണന്റെ 'ഒറ്റയടിപ്പാതകൾ' എന്ന നോവൽ കോടതിയെ പ്രതീകമായി നിലനിർത്തിക്കൊണ്ട് ഒരു നൈതികപ്രശ്നാന്വേഷണം നടത്തുന്ന കൃതിയാണ്. പ്രോസിക്യൂഷൻ, വക്കീൽ,പ്രതിഭാഗം വക്കീൽ, മകനെ വധിക്കാൻ നിർബന്ധിതനായ അച്ഛൻ, സത്യസന്ധമായി വിധിപറയുന്ന ന്യായാധിപൻ എന്നിങ്ങനെ വ്യത്യസ്ത വീക്ഷണങ്ങളിലൂടെ റിട്ടയർഡ് ജഡ്ജിയായ കേന്ദ്രകഥാപാത്രം നോവൽ പ്രമേയത്തെ അവതരിപ്പിക്കുന്നു. റിട്ടയർഡ് ജഡ്ജിയും കുറ്റവാളിയുമായ പിതാവ് സ്വയം ത- ൦ാറാക്കുന്ന തനിക്കെതിരെയുള്ള പ്രോസിക്യൂഷൻ വക്കീലിന്റെ കുറ്റപത്രം, പ്രതിഭാഗം വക്കീലിന്റെ വാദഭാഗം, ഒരച്ഛൻ നൽകുന്ന സങ്കടഹർജി എന്നിങ്ങനെ ധർമ്മാധർമ്മങ്ങളെ സൂക്ഷമാപഗ്രഥനം ചെയ്യുന്ന നീതിസംബന്ധിയായ രേഖകൾ നോവലിന്റെ കാതലായിത്തീരുന്നു. സത്യവും നീതിയും മനുഷ്യബന്ധങ്ങളുടെ ആഴവും തിരിച്ചറിയാനാകാതെ മനസ്സിന്റെ സമനില തെന്നേ പിതാവിനെയാണ് നോവലിന്റെ അന്ത്യത്തിൽ കാണാനാവുക. പൂർണമായ സത്യത്തെ തിരിച്ചറിഞ്ഞ് വിധിപറയാൻ ആർക്കും സാധിക്കില്ല എന്ന ആശയത്തിലേക്കാണ് നോവൽ എത്തിച്ചേരുന്നത്. വാദിയും പ്രതിയുമായി കോടതി കേന്ദ്രകഥാപാത്രത്തിന്റെ മാനസികാവതരണത്തിലാണ് വിചാരണ ചെ- പ്പെടുന്നത്. നേരിട്ട് പ്രത്യക്ഷപ്പെടുന്നില്ല എന്നതിനാൽ ഈ കൃതി പഠനപരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

അധികാരം, നിയമം, നീതി തുടങ്ങിയ പ്രശ്നങ്ങൾക്ക് മഷ്യജീവിതവുമായുള്ള ബന്ധത്തെ വിവിധ മാന ങ്ങളിലൂടെ നോക്കിക്കാണാനാണ് ആനന്ദ് തന്റെ നോവലുകളിലുടനീളം ശ്രമി ക്കുന്നത്. ചരിത്രവും സമൂഹവും രാഷ്ട്രീയവും ഒക്കെ നോവലുകളിലേക്ക് കടന്നുവരുന്നതും അതുകൊണ്ട് തന്നെയാണ്. അസംബന്ധവും അയുക്തികവുമായ നീതിന്യായസംവിധാനത്തെയും അവയുടെ പൊള്ളത്തരങ്ങളെയും വായനക്കാരനു

മുന്നിലെത്തിക്കുക എന്ന ഉദ്ദേശത്തോടെയാണ് 'ആൾക്കൂട്ടം' തുടങ്ങിയുള്ള ആനന്ദിന്റെ ഓരോ നോവലും രചിക്കപ്പെട്ടത് 1989 ലാണ് 'മരുഭൂമികൾ ഉണ്ടാകുന്നത്' എന്ന നോവൽ പ്രസിദ്ധീകരിച്ചത്. ഊഷരതമാത്രം നിറത നിൽക്കുന്ന മരുഭൂമിയാണ് നോവലിന്റെ പ്രധാനഭൂമിക. ഇവിടെ മരുഭൂമിയെന്നത് കേവലമായ ഒരു ഭൂമിശാസ്ത്രം മാത്രമല്ല മറിച്ച് ചില സ്ഥാപനങ്ങളുടെയും ചില ബോധ്യങ്ങളുടെയും രൂപകമായി മാറുകയാണ്. സ്ട്രാറ്റെജിക് ഇൻല ലേഷൻ പ്രൊജക്ടിനായി തെരഞ്ഞെടുക്കുന്ന രംഭാഗൾ ് പട്ടണം ഒരു മരുഭൂമിയിലാണ് മരുഭൂമിയുടെ ഊഷരത, അധികാരത്തിന്റെ ദയാരാഹിത്യത്തെ ഊട്ടിയുറപ്പിക്കാൻ ശക്തമാണെന്ന് ആനന്ദ് തിരിച്ചറിയുന്നു. അതുകൊണ്ട് തന്നെ മരുഭൂമികൾ എന്ന സങ്കല്പത്തിന്റെ ഒരർത്ഥതലം അധികാരാസക്തിയുമായി ബന്ധപ്പെട്ടുകിടക്കുന്നു. രാജ്യസുരക്ഷാപദ്ധതിയിലേക്ക് പണിക്കാരെ തെരഞ്ഞെടുക്കുന്ന ലേബർ ഓഫീസറായ കുന്ദനാണ് നോവലിലെ കേന്ദ്ര കഥാപാത്രം. വ്യവസ്ഥയുടെയും അധികാരത്തിന്റെയും ഭാഗമായിരുന്ന കുന്ദൻ പിന്നീട് അതിനെതിരെ തിരിയുകയും കലാപം നടത്തുകയും ചെയ്യുന്നു. ഈ സ്വത്വവൈരുദ്ധ്യത്തിനിടയിൽ അയാൾ നേരിടുന്ന സംഭവങ്ങളും അനുഭവിയ്ക്കുന്ന സംഘർഷങ്ങളുമാണ് നോവലിന്റെ ഇതിവൃത്തം. സഹജാവബോധവും നീതിബോധവും f ദയത്തിലുള്ള കുന്ദനുമേൽ അധികാരം ഒരു ഇരുമ്പുദണ്ഡായി പ്രവർത്തിക്കുന്നു. അധികാരം അയാളുടെമേൽ അടിച്ചേല്പിക്കുന്ന ഓരോ പ്രഹരവും അധികാരഭൂമികയുടെ വരണ്ട പ്രകൃതിയെവ്യക്തമാക്കുന്നു. കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ പറയുന്ന രാഷ്ട്രതന്ത്രം (2.1.3.5 ൽ ഇത് വിശദീകരിച്ചിട്ടുണ്ട്) ആധുനികഭരണകൂടങ്ങളും പ്രയോഗിക്കുന്നു എന്ന കാളപ്പാടിലാണ് മരുഭൂമികൾ ഉണ്ടാകുന്നത് എന്ന നോവലിന്റെ രചന. ആനന്ദിന്റെ നോവൽ പ്രപഞ്ചത്തിൽ കോടതി എന്ന വ്യവഹാരസ്ഥലവും നീതിന്യായവിചാരണയും പൊതു പ്രമേയമാണെങ്കിലും കോടതി സ്ഥല രാശിയായും വ്യവഹാരമായും കടന്നുവരുന്ന 'ഗോവർധന്റെ യാത്ര'കളെന്ന നോവലാണ് പ്രധാനമായും ഈ പഠനത്തിൽ ഉപയോഗിച്ചിട്ടുള്ളത്. അതിലെ നൈതികപ്രശ്നങ്ങൾ ഈ അധ്യായത്തിൽ വിശദമാക്കുന്നുണ്ട്.

കോടതിയെന്ന വ്യവഹാരസ്ഥലത്തെയും നീതിന്യായ വ്യവഹാരങ്ങളെയും അടയാളപ്പെടുത്തുന്ന മറ്റൊരു നോവലാണ് 1994 ൽ പുറത്തിറങ്ങിയ കെ.എൽ. മോഹനവർമ്മയുടെ 'നീതി' കാലം മാറുന്നതിനനുസരിച്ച് നിയമങ്ങൾമാറികൊണ്ടിരുന്നാലെ സമൂഹത്തിനു നീതി ലഭിക്കുകയുന്ധ എന്നും നിയമ നിർമ്മാണം ഒരു ദുർഘടമായ പ്രക്രിയ ആണെന്നും പറയുന്ന സന്ദർഭം നോവലിലുണ്ട് (കെ.എൽ. മോഹനവർമ്മ, 2014: 167). കൂടാതെ കോടതിയിലേക്ക് പുതുതായിവരുന്ന കൊച്ചുകുഞ്ഞ് എന്ന : മസ്തന്റെ

സംഭാഷണത്തിലൂടെ നീതിവിതരണം വൈകുന്നതിനു പിന്നിലെ കാരണങ്ങളും വക്കീലന്മാരുടെ ചില പൊതു സവിശേഷതകളും അവതരിപ്പിക്കുന്നുണ്ട്.

'ഈ കോടതീടെ ചരിത്രത്തിൽ വക്കീല് സാറിനെപ്പോലൊരു മഹാനെ ഇനിയും കാണാൻ കിട്ടുകയില്ല. ഒരൊറ്റ കേസും അഞ്ചുകൊല്ലം കഴിയാതെ വാദം കേൾക്കാൻ വരുകില്ല. അതു പോലെയാണ് അദ്ദേഹത്തിന്റെ പെരുമാറ്റം കേസ് എളുപ്പം തീർക്കുകയല്ലേ ശരിkആർക്ക്നകക്ഷികൾക്ക്. എളുപ്പം തീർക്കാനാണെങ്കിൽ അവർ തമ്മിൽ സംസാരിച്ച് കേസും വക്കാണവുമില്ലാതെ കഴിഞ്ഞാൽ പോരായിരുന്നോനകക്ഷികൾ കോടതിയിൽ വരുന്നതെന്തിനാന

നീതി തേടി, അല്ലേന

കൊച്ചുകുഞ്ഞ് വായപ്പൊത്തി ചിരി അമർത്തി.

ആരാ ഇപ്പറഞ്ഞത്ന്നീതിയോന്നഎന്റെ സാറോന

കക്ഷികള് കോടതീല് വരുന്നത് ഒന്നുകിൽ വാശി തീരക്കാൻ അല്ലെങ്കിൽ അവനവന്റെ അന്തസ്സു കാട്ടാൻ ീ ാനാണെടാ, നിന്നെക്കാൾ വലിയവൻ, എന്ന് മനസ്സിലാക്കാൻ അപ്പോൾ അങ്ങനെയുള്ളവർക്ക് കേസ് തീരുന്നതിനെക്കാൾ താത്പര്യം, കേസ് നിലനിൽക്കുന്നതിലാണ്.' (പുറം 220) ഇത്തരത്തിൽ നീതിന്യായ വ്യവസ്ഥയുടെയും ജഡ്ജിമാരുടെയും അഭിഭാഷകരുടെയും അവസ്ഥാന്തരങ്ങൾ ചിത്രീകരിച്ചുകൊണ്ട് ജനങ്ങളുടെമേൽ നീതിപീഠം ഏൽപ്പിക്കുന്ന അധികാരത്തിന്റെ P ലരൂപം വിശകലനം ചെയ്യുകയാണ് 'നീതി' എന്ന നോവൽ. എന്നാൽ അധികാരത്തിന്റെ സാമൂഹികനടത്തിപ്പിനെക്കുറിച്ചും അതിന്റെ നൈതിക പുരോഗതിയെക്കുറിച്ചും വിമർശനാത്മകമായി ഇടപെടുന്നില്ല എന്നതുകൊണ്ട് പ്രബന്ധത്തിൽ ഈ നോവൽ സൂക്ഷ്മാപഗ്രഥനത്തിന് വിധേയമായിട്ടില്ല.

മലയാള ആധുനികതയുടെ നൈതികപ്രശ്നങ്ങളും അധികാര ഭീകരതയും അപഗ്രഥിക്കുന്ന രണ്ടു പ്രധാനകൃതികളാണ് കോവിലന്റെ 'ഭരത'നും ആനന്ദിന്റെ 'ഗോവർധന്റെ യാത്ര'കളും. ഈ കൃതികളുടെ സൂക്ഷ്മമായ അപഗ്രഥനവുമാണ് അധ്യായത്തിന്റെ തുടർന്നുള്ള ഭാഗങ്ങൾ.

**4.1 ഭരതൻ**

1970 കളോടുകൂടിയാണ് നിയമവ്യവസ്ഥയും ഭരണകൂടത്തെയും താത്ത്വികമായി വിചാരണചെയ്യുന്ന രചനകൾ മലയാളസാഹിത്യത്തിൽ ഉണ്ടാകുന്നത്. കോടതിയെ ഒരു അധികാരപ്രയോഗമെന്ന നിലയിൽ കണ്ടുകൊണ്ട് അഥവാ ഒരു പ്രതീകമായി അവതരിപ്പിച്ചുകൊണ്ട് ധാരാളം കഥകളും നോവലുകളും അക്കാലത്ത് പ്രസിദ്ധീകൃതമായി. 1976 ലാണ് കോവിലൻ 'ഭരതൻ' എന്ന നോവൽ രചിക്കുന്നത്. 'അധികാരത്തെയും അതിന്റെ വിവിധ മുഖങ്ങളെയും ചിത്രീകരിക്കുന്ന മറ്റൊരു കൃതി ഇതിനു മുമ്പ് മലയാളത്തിൽ ഉണ്ടായിട്ടില്ല. മിലൻ കുന്ദേരയുടെ കൃതികൾ മലയാളത്തിൽ പ്രചരിക്കുന്നതിന് ഒരു വ്യാഴവട്ടക്കാലം മുമ്പുതന്നെ കോവിലൻ 'ഭരതൻ' എഴുതിയിരുന്നു' (എൻ. സന്തോK മാർ, 2022:77). അധികാരത്തിന്റെ താത്പര്യങ്ങൾക്കനുസരിച്ചാണ് നീതിഅനീതി എന്നിവ തീരുമാനിക്കപ്പെടുന്നതെന്ന് നോവൽ സന്ദർഭങ്ങളിലൂടെ എഴുത്തുകാരൻ വ്യക്തമാക്കുന്നു. ഭരതൻ എന്ന കഥാപാത്രത്തെ മുൻനിർത്തി ഒരു സാധാരണ പൗരൻ നേരിടുന്ന നീതി നിഷേധത്തിന്റെയും പീഡനത്തിന്റെയും ചിത്രം നോവൽ അവതരിപ്പിക്കുന്നു. ൃ ൃ . റ്റി എന്ന സ്ഥാപനത്തെ അധികാരത്തിന്റെ കേന്ദ്രമായി അവതരിപ്പിക്കുകയും അവിടത്തെ ബസ് കണ്ടക്ടറായ ഭരതൻ എന്ന കഥാപാത്രം ചെ- ാത്ത കൊലപാതകങ്ങളിൽ പ്രതിയാക്കപ്പെടുകയും ചെയ്യുന്നതാണ് നോവലിന്റെ ഇതിവൃത്തം.

**4.1.1 ഭരതനിലെ കൊളോണിയൽ അധികാരവ്യവഹാരങ്ങൾ**

കൊളോണിയൽ ശക്തികളുടെ വരവോടെ ഇന്ത്യയിൽ നിലനിന്നിരുന്ന പരമാധികാര ഭരണ സസദായങ്ങൾക്ക് മാറ്റം സംഭവിക്കുകയും ആധുനിക നീതിന്യായസംവിധാനങ്ങൾക്ക് ബ്രിട്ടീഷുകാർ ഇന്ത്യയിൽ തുടക്കംകുറിക്കുകയും ചെയ്തു. പരമാധികാരത്തിന്റെ സവിശേഷ പ്രയോഗത്തിൽനിന്നും ഗവൺമെന്റാലിറ്റിയിലേക്കുള്ള വളർച്ചയാണ് ആധുനിക ഭരണകൂടങ്ങളെ സാധ്യമാക്കിയത്.(2.2 ഇൽ ഇത് വിശദീകരിച്ചിട്ടുണ്ട്) എന്നാൽ കA കെട്ടിയ നീതിന്യായവ്യവസ്ഥയിലധി ിതമായ ഭരണകൂടത്തിന്റെ ആധുനിക സ്വഭാവം നവ മാവുകയും അത് അതിന്റെ ജാത്യാധികാര പൂർവ്വപ്രാകൃതരീതികളിലേക്ക് മടങ്ങി പോവുകയും ചെയ്യുന്നു എന്നതിന്റെ സൂചനകളാണ് ഭരതൻ, ഗോവർധന്റെ യാത്രകൾ എന്നീ നോവലുകൾ നൽകുന്നത്. നീതിവിതരണം ചെ- ണ്ട കോടതികൾ ജാത്യാധികാര കോമരങ്ങളുടെ അധി ാനമായി മാറുന്ന കാളയാണ് ഭരതനെന്ന് നോവലിന്റെ പ്രമേയം. ൃ ൃ .റ്റി എന്ന കോളനിയധികാര സ്ഥാപനമാണ് മുഖ്യസ്ഥലമായി ഈ നോവലിൽ കടന്നുവരുന്നത്. ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ സവർണജനതയുടെ അധികാര ഭൂമികയിലാu ിക്കവാറും ഇന്ത്യയിലെ ൃ ൃ .റ്റികൾ. അതിൽത്തന്നെ ബ്രാമ ണിക്കലായിട്ടുള്ള സാംസ്കാരികതയാണ്

അറിവിന്റെ മാനദണ്ഡങ്ങളെ നിർണയിക്കുന്നത്. ജാതീയമായി താഴ്ന്ന നിലയിലുള്ള കഥാനായകൻ ൃ ൃ .റ്റി യിലെ ബസ് കണ്ടക്ടറായി വരുന്നിടത്താണ് നോവലിലെ വ്യവഹാരം ആരംഭിക്കുന്നത്.

റോയൽ ഇന്ത്യൻ നേവിയിലും, ഇന്ത്യൻ ആർമി കോർ ഓഫ് സിഗ്നൽസിലും ഴ ദ്യോഗിക ജീവിതംനയിച്ച കോവിലൻ 1967- 1968 കാലഘട്ടത്തിൽ കാൺപൂർ - ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (ൃ ൃ .റ്റി) യിൽ ഇൻസ്ട്രക്ടറായി പ്രവർത്തിച്ചിരുന്നു. 'ഭരതൻ' എന്ന നോവലിന് എ. പുരുഷോത്തമൻ എഴുതിയ അവതാരികയിൽ ഉത്തർപ്രദേശിലെ കാൺപൂരിലെ ൃ ൃ .റ്റി ക്യാപസിലാണ് ഭരതനിൽ വിവരിച്ച സംഭവങ്ങൾ നടക്കുന്നത് എന്ന് പരമാർശിക്കുന്നുണ്ട്. നോവലിൽ ൃ ൃ .റ്റിയിലേക്കു വരുന്ന ഓരോ കഥാപാത്രങ്ങളും ആ അധികാരരൂപത്തിന്റെ വലയത്തിൽ അകപ്പെടുന്നു. ചിലർ അധികാരം ക- ാളുകയും മ ചിലർ അധികാരത്തിന്റെ ഇരകളാവുകയും ചെയ്യുന്നു. നോവലിലെ കേന്ദ്രകഥാപാത്രമായ ഭരതൻ ൃ ൃ .റ്റി യുടെ ലൈൻബസിലെ കണ്ടക്ടറാണ്. കൃത്യനി യും തൊഴിലിനോടുള്ള ആത്മാർത്ഥതയും അയാൾ പുലർത്തുന്നു. ട്രാൻസ്പോർട്ട് ഓഫീസറുടെ ഭാര്യ ഷോപ്പിങ്ങിനായി ആ ബസിൽ കയറുകയും ഇതേ ബസിൽ തന്നെ ക്യാമ്പസിലേക്ക് തിരിച്ച് പോകണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു. ട്രാൻപോർട്ട് ഓഫീസറുടെ ഭാര്യയെ കാത്ത് വെയിലത്ത് നിൽക്കുന്ന ഭരതനെ ൃ ൃ .റ്റിയിലെ വിവിധ വകുപ്പുകളിലേക്ക് കൃത്യസമയത്തു ഹാജരാകേണ്ട തൊളിലാളികൾ സമയത്തിന്റെ മൂല്യത്തെക്കുറിച്ച് പഠിപ്പിക്കുന്നു. ഷോപ്പിങ്ങ് കഴിഞ്ഞ് ഓഫീസറുടെ ഭാര്യ തിരിച്ചെത്താത്തതിനാലും താൻ കാരണം ൃ ൃ .റ്റിയുടെ വിലപ്പെട്ട സമയം നവ പ്പെടുമെന്നോർത്തതിനാലും മള്ളേ യാത്രക്കാരുടെ നിർബന്ധത്തിന് വഴങ്ങി ഭരതൻ യാത്ര തുടരുന്നു. എന്നാൽ മാന്യരായ യാത്രക്കാരോട് അപമര്യാദയായി പെരുമാറുകയും ധിക്കാരം പ്രവർത്തിക്കുകയും ചെയ്തു എന്ന പരാതിയിൽ ഭരതനെ ജോലിയിൽ നിന്നും പിരിച്ചുവിടുന്നു. 'ദൈവമേ, എനിക്കെന്റെ ഒരു ഉരിക്കഞ്ഞി തരൂ, എനിക്കൊരു തൊഴിൽ എന്റെ തൊഴിൽ എന്റെ ജീവിതമാകുന്നു' (കോവിലൻ, 2022:14) എന്ന് ചിന്തിക്കുന്ന ഭരതൻ തൊഴിൽ തേടി നഗത്തിൽ എത്തിച്ചേരുന്ന സാധാരണക്കാരുടെ പ്രതിനിധിയാണ്. നഗര വൽകരണത്തിന്റെയും അധികാരവ്യവസ്ഥയുടെയും പ്രതീകമായ ൃ ൃ .റ്റി എന്ന സ്ഥാപനം ദയാരാഹിത്യത്തിന്റെയും നീതിനിഷേധ ത്തിന്റെയും ഇടമായി മാറുന്നു. അധികാരസ്ഥാപനങ്ങളിൽ നടക്കുന്ന ശ്രുതയുടെ ഫലം അനുഭവിക്കുന്ന മറ്റൊരു കഥാപാത്രമാണ് യോഗേശ്വര പ്രസാദിൻറേത്. ൃ ൃ റ്റി യിലെ ബാങ്കിന്റെ സെക്യൂരിറ്റി ഗാർഡാണ് യോഗേശ്വർ. ബാങ്കിന്റെ സെക്യൂരിറ്റി ഓഫീസർ ആയ ഭരY ഷൺ സാഹേകും സുf ത്തുക്കളും ചേർന്ന് കള്ളപ്പണം തിരിമറി ചെ- ാനായി നടത്തുന്ന ശ്രമത്തിനിടെയാണ്

യോഗേശ്വർ പ്രസാദ് കൊലചെ- പ്പെടുന്നത്. 'എന്റെ ബാങ്കെന്ന് ീ ാൻ വൃഥാ മോഹിച്ചു. ീ ാൻ കാവൽക്കാരനാകുന്നു. ജീവൻ പോയാലും താക്കോൽ കൊടുക്കാൻ പാടില്ല. താക്കോൽ മുറുകെപിടിച്ച് രണ്ടായിരത്തിന്റെ പച്ചക്കെട്ടുകൾ പുറംകൊണ്ട് ീ ാൻ തട്ടിക്കളത '. (പുറം:55) എന്ന യോഗേശ്വരിന്റെ വാക്കുകളിൽ നിന്നും അയാൾ ബാങ്കിനോടും തന്റെ തൊഴിലിനോടും പ്രകടിപ്പിക്കുന്ന ആത്മാർത്ഥത എത്രമാത്രമുണ്ടെന്ന് വ്യക്തമാണ്. ബാങ്കിന്റെ മുഴുവൻ ഉത്തരവാദിത്തവും നിർവ്വഹിക്കുന്ന ഭരY ഷൺ സാഹേബാണ് യോഗേശ്വറെന്ന വെറുമൊരു സെക്യൂരിറ്റി ഗാർഡിനെ പണം കൊടുത്ത് വശത്താക്കാൻ നോക്കുന്നത്. എന്നാൽ അതിനു കീഴടങ്ങാത്തതിനാൽ അയാളെ വെടിവെച്ച് കൊല്ലുന്നു. മരിക്കാൻ പോകുന്ന സന്ദർഭത്തിൽപോലും സ്വന്തം രക്തംകൊണ്ട് അക്രമികളുടെ പേരെഴുതാനുള്ള ശ്രമം അയാളുടെ കർത്തവ്യ നി യെയും ആത്മാർത്ഥതയെയും സൂചിപ്പിക്കുന്നു. 'മൂല്യാധി ിതമായ അധികാരത്തിന്റെ കാവൽക്കാരനായ യാഗേശ്വർ പ്രസാദ് മൂല്യരഹിതമായ അധികാരത്തിന്റെകൂടെ നിന്നിരുന്നെങ്കിൽ കൊല ചെ- പ്പെടില്ലായിരുന്നു. അധികാരത്തിന്റെ മൂല്യബോധം പ്രച്ഛന്നമാണ്. ആത്യന്തികമായി അതിന് മൂല്യബോധമില്ല.' എന്ന് സന്തോK മാർ നിരീക്ഷിക്കുന്നു (2022:89). അധികാരത്തിന്റെ മൂല്യബോധമില്ലായയെ യോഗേശ്വർ തിരിച്ചറിയുന്നത് തന്റെ മരണശേഷമാണ്. ഭരതന്റെ സ്വQ ത്തിൽ കടന്നുവന്ന് തന്റെ മരണം വിശദീകരിക്കുന്ന യോഗേശ്വർ 'വിR ികളുടെ രക്തം ഒഴുകിക്കൊണ്ടേയിരിക്കണം. അത് ലോകനീതിയാകുന്നു. ' റാനിലും മനുസ്മൃതിയിലും ഗീതയിലും പ്രസ്താവിക്കപ്പെട്ടിട്ടുള്ള സനാതനനിയമമാകുന്നു.' (കോവിലൻ, 2022:54) എന്ന് പറയുമ്പോൾ ലോക നീതിന്യായവ്യവസ്ഥകളിൽ നിസ്വജനത അനുഭവിക്കുന്ന അനീതിയും അപമാനവും അമർഷത്തോടെ അവതരിപ്പിക്കുന്നു. മതഗ്രന്ഥങ്ങളുടെയും സ്മൃതിനിയമങ്ങളുടെയും നൈതികാടി ത്തറയെയാണ് കോവിലൻ ഈ സന്ദർഭത്തിൽ ചോദ്യം ചെയ്യുന്നത്. ഇതേ കാലത്തിൽ തന്നെ മലയാള ചെറുകഥയിൽ സക്കറിയ ചോദിക്കുന്നുണ്ട്: 'ഇത്ര ആയിരം കുത ങ്ങളുടെ ചോരയിലൂടെയാണോ ഒരു രക്ഷകൻ വരുന്നത്'ന് (2018:98). രക്തമില്ലാതെ വിമോചനം ഇല്ല എന്ന ബൈബിൾ പാഠം[1]ഇവിടെ ചേർത്തു വായിക്കാം. ഒരു പുതിയ ക്രമത്തിലേക്കുള്ള പ്രയാണത്തിൽ (ഇവിടെ ആധുനികതയുടെ പരിവർത്തദശയിൽ) ഉണ്ടാകുന്ന ക്രമരാഹിത്യത്തിൽ നിഷ്കളങ്കരക്തം ചൊരിയപ്പെടുന്നു. അധികാരം എപ്പോഴും അങ്ങനെയാണ് പരിവർത്തിക്കപ്പെടുന്നത്. അധികാരികൾ അത് കണക്കാക്കാറില്ലെങ്കിലും. സ്മൃതി എന്നത് കാലാകാലങ്ങളിലെ നീതി നടത്തിപ്പിനെക്കുറിച്ചുള്ള ആധികാരികപാഠമാണ്. ആത്യന്തിക നീതിയുമായി അതിന് ബന്ധമില്ല. സനാതനനിയമത്തിന്റെ കാലപ്രകാര മുള്ള നീതിനടത്തിപ്പിനും (സ്മൃതി) ഭേദഗതി വരുത്താനുളള അധികാരം ബ്രാമ ണർക്കും അവരുടെ രക്ഷാകർഹ ത്വത്തിൽ ഭരണം ക- ാളുന്ന രാജാക്കന്മാർക്കുമാണ്. ഇവരുടെ

നീതിനിർവഹണത്തിൽ നിസ്സാരജനങ്ങളുടെ ബലി അനിവാര്യമാകുന്നു. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ജീവ ത്യാഗം ചെയ്ത അനേകം 'മനുഷ്യപ്പുഴ'ക്കളുടെ ചിത്രവും ഈ പശ്ചാത്തലത്തിൽ വായിക്കാം. ഇന്ത്യയിലെ അധി കാരരാഷ്ട്രീയം ബ്രാമ ണ കേന്ദ്രിതാവസ്ഥയിൽനിന്ന് ജനകീയ ജനാധിപത്യ ആധുനികതയിലേക്കു പരി വർത്തിക്കുന്നു എന്നു പറയുമ്പോഴും അധികാരത്തിന്റെ ഇരുണ്ട ഇടനാഴിയിൽ അപ്പോഴും ബ്രാമ ണന്റെയും അവൻ നിയന്ത്രിക്കുന്ന സവർണ്ണ വ്യവസായ കുത്തകകളുടെയും ശബ്ദം ശ്രവിക്കാൻ കോവിലനു കഴിഞ്ഞ തുകൊണ്ടാണ് 'ഭരതൻ' എന്ന കൃതി രചിക്കപ്പെട്ടത്. നിസ്വരായ ബലിക്ഷ്ണങ്ങളുടെ രക്തം പ്രതികാരത്തിന്റെ അടയാളമായി കാലത്തിന്റെ യവനികയിൽ പടരുന്നതും കോവിലൻ അടയാളപ്പെടുത്തുന്നു. വരും കാലനീതി ഈ നിസ്വരക്തത്തോടു ചേർന്നു നിൽക്കുമെന്ന് പ്രതീക്ഷയാണ് നോവലില് പുലർത്തുന്നത്.

നോവലിൽ കമ്പ്യൂട്ടർ എന്ന ഉപകരണം അധികാരത്തിന്റെ പ്രതീകമാണ്. അതുകൊണ്ടാണ് കമലേK മാർ ഗോയൽ അധികാരത്തിന്റെ പ്രതിനിധിയായി അവതരിക്കുന്നത്. ആഗ്ര യൂണിവേഴ്സിറ്റിയിൽ കമ്പ്യൂട്ടറില്ലാത്തതിനാലാണ് അയാൾ ۸ ۸ .റ്റിയിലേക്കെത്തുന്നത്. അദ്ദേഹത്തിന്റെ കമ്പ്യൂട്ടർ തേടിയുള്ള ഈ യാത്ര മനുഷ്യത്വം മരവിച്ച യാന്ത്രികതയുടെ സ്ഥാപനത്തിലേക്കുള്ള യാത്രയായി പ്രതീകവൽക്കരിക്കുന്നു. നോവലിന്റെ അന്ത്യത്തിൽ ന്യായാധിപനായി കമലേഷകുമാർ ഗോയൽ മാറുന്നതിന്റെ കാരണവും യന്ത്രത്തിന്മേലുള്ള അദ്ദേഹത്തിന്റെ വൈദഗ്ദ്ധ്യംക്കൊണ്ടു തന്നെയാണ് ۸ ۸ .റ്റി എന്ന അധികാര രൂപത്തിലേക്ക് ഗ്രാമീണതയുടെ രൂപഭാവവുമായി വരുന്നയാളാണ് കിഷൻലാൽ എന്ന കഥാപാത്രം. 'അയാളുടെ ഭാഷയും ലിപിയും വേഷവും ഭാവവും ഗ്രാമീണമായിരുന്നു.' (കോവിലൻ, 2022:39). ഗ്രാമീണപശ്ചാത്തലത്തിൽനിന്നും വരുന്ന കിഷൻലാലിന്റെ ഉദ്ദേശം ഗ്രാഫിക് ഡിസൈനറായ മധുചതുർവേദിയെ കണ്ടെത്തലാണ്. ۸ ۸ .റ്റി എന്ന് ഗേറ്റിലെഴുതിയിരിക്കുന്നതുപോലും അയാൾക്ക് വായിക്കാൻ കഴിയുന്നില്ല. ദേവനാഗരി ലിപിപോലെ ഭീകരമായാണ് അത് കിഷൻലാലിന് അനുഭവപ്പെടുന്നത് (പുറം:39). ഉപരിവർഗത്തിന്റെ ലിപിയാണ് ദേവനാഗരി. ۸ ۸ .റ്റി എന്ന് കൊളോണിയൽ അധികാര വ്യവസ്ഥയുടെ അഥവാ ബ്രിട്ടീഷുകാരുടെ ഭാഷയിലാണ് എഴുതിയിരിക്കുന്നത്. ഇവിടെ ഭയപ്പെടുത്തുന്ന അധികാരഭാഷയാണ് കഥാപാത്രത്തെ ഇരയാക്കുന്നത്. ഭാഷ അറിവിന്റെയും അധികാരത്തിന്റെയും ചിഹ്നമായി മാറുന്നതും അത് സാധാരണകാരന്റെമേൽ, അവന്റെ ഭാഷയ്ക്കുമേൽ കടന്നുകയറി ഗ്രാമീണതയെയും മാതൃഭാഷകളെയും അടിച്ചമർത്തുന്നതുമായ കാള ആധുനികതയുടെ ഏറ്റവും വലിയ ഇന്ത്യൻ ദുരന്തമാണ്. ഫ്യൂഡലില് ക്രമത്തിൽനിന്ന് മുതലാളിത്ത ക്രമത്തിലേക്ക് കിഷൻലാൽ പ്രവേശിക്കുമ്പോഴും അയാളിൽ

ഭയമെന്ന ഭരണതന്ത്രത്തെ നിലനിർത്തിക്കൊണ്ടാണ് കാലവും ചരിത്രവും മാറുന്നത്. ഫൂക്കോ നിരീക്ഷിക്കുന്നതു പോലെ ഭരണതന്ത്രങ്ങൾക്ക് (ഗവൺമെന്റാലിറ്റി) മാറ്റം സംഭവിക്കുന്നില്ല എന്ന് നോവലില് ഇതിലൂടെ വ്യക്ത മാക്കുന്നു. ഇതേ അധികാരത്തിന്റെ ഭീകരത തന്നെയാണ് കിഷൻലാലിനെ കൊലപ്പെടുത്തുന്നതും.

വിദ്യാഭ്യാസം, ശാസ്ത്രം, ടെക്നോളജി, അധികാരം, ബ്യൂറോക്രസി, ജുഡീഷ്യറി, സിവിൽ- മിലിറ്ററി സർവ്വീസുകൾ എന്നിങ്ങനെ വിവിധ വ്യവഹാരങ്ങളുടെ സംഘാതമാണ് ൃ ൃ .റ്റി എന്ന സ്ഥാപനം. അവിടെ സമയത്തിനും യാന്ത്രികതയ്ക്കുമാണ് മാനുഷികതയേക്കാൾ സ്ഥാനം ലഭിക്കുന്നത്. വിദ്യാഭ്യാസത്തിനും തൊഴി ലിനുമായി ഇന്ത്യയുടെ പലഭാഗത്തുനിന്ന് എത്തിച്ചേരുന്ന മനുഷ്യർ ൃ ൃ .റ്റിയിലേക്ക് പ്രവേശിക്കുന്നതോടെ യാന്ത്രികതയുടെ ഭാഗമാകുന്നതിനോടൊപ്പം തന്നെ അവരുടെ അറിവ് അധികാരമായി ഉപയോഗ പ്പെടുത്തുകയും ചെയ്യുന്നു. അധികാരത്തിന്റെ ഭാഗമല്ലാത്തവർ ചൂഷണം ചെ- പ്പെടുന്നു. തൊഴിൽ തേടി യലത നടന്ന ഭരതനും, കേവലം സെക്യൂരിറ്റി ഗാർഖ മാത്രമായ യോഗേശ്വർ പ്രസാദും, അയാളുടെ കുടുംബവും ദേവ നാഗരി ലിപി വശമില്ലാത്ത കിഷൻലാലുമെല്ലാം ഈ ചൂഷണത്തിനിരകളാകുന്നു. നോവലിൽ വിവരിക്കുന്ന മറ്റൊരു കൊളോണിയൽ അധികാര കേന്ദ്രമാണ് കോടതി. രണ്ടു കൊലപാതകം, ബലാൽകാരം, എന്നിങ്ങനെ വിവിധ കുറ്റങ്ങളെ ആസ്പദമാക്കിയാണ് ഭരതനിൽ കോടതി വിചാരണ അരങ്ങേറുന്നത്.

**4.1.2 കോടതിയെന്ന വ്യവഹാരസ്ഥലം ഭരതനിൽ**

അസംബന്ധ നാടകത്തിന്റെ ച ായയിലാണ് നോവലിലെ കോടതിരംഗം ആവിഷ്കരിച്ചിരിക്കുന്നത്. ചായക്കടക്കാരനായിരുന്ന അമ്പി ന്യായാധിപനായി മാറുന്നതുമുതൽ ആരംഭിക്കുന്നു ഈ അസംബന്ധം. 'നിറഞ്ഞ കോടതിയിൽ നീതിമണ്ഡപത്തിനു മുമ്പിൽ ഭരതൻ നിന്നു. ഇടത്തും വലത്തും തോക്കു കാരുണ്ടായിരുന്നു. തോക്കുകാരുടെ മുഖികളിൽ ബയനണ്ടോയിരുന്നു. ഉറയിൽനിിെെരിയ ബയനകേൾ കുത്തനെ പിടിച്ച് തോക്കുധാരികൾ രണ്ടും ജാഗ്രതയിൽ നിന്നു.' (പുറം: 63) എന്ന വിവരണത്തോടെയാണ് കോടതിരംഗങ്ങൾ അവതരിപ്പിക്കുന്ന ഏഴാമദ്ധ്യായം തുടങ്ങുന്നത്.

നീതിമണ്ഡപം, നീതിമണ്ഡപത്തിന്റെ സിംഹാസനസമാനമായ കസേര, ജഡ്ജിയുടെ വിസ്തരിച്ച വെള്ളത്തലേക്കെട്ട്, ന്യായപീഠത്തിനു താഴെയിരുന്ന് ഫയലുകൾ പരിശോധിക്കുന്ന പ്രോസിക്യൂട്ടർ, പ്രതിക്കൂടിനു സുരക്ഷിതത്വം ഉറപ്പാ ക്കുന്ന തോക്കുധാരികൾ എന്നിങ്ങനെ അക്കാലത്തെ കോടതിയുടെ വ്യക്തമായ ചിത്രം

നോവലിലുണ്ട്. 'നിറഞ്ഞ കോടതിയുടെ ഇടുങ്ങിയ നടവഴിയിലൂടെ മുമ്പും പിൻപും നടന്ന് തോക്കുകാർ ഭരതനെ കൊണ്ടുവന്നു' (പുറം: 63). എന്ന വരികളിൽനിന്ന് കോടതിയെ ഭയം ജനിപ്പിക്കുന്ന ഒരു അധികാരകേന്ദ്രമായി അവതരിപ്പിക്കുന്നതിലൂടെ നടക്കാനിരിക്കുന്ന അക്രമവും ഭയവും നിറഞ്ഞ കോടതിവിചാരണയാണ് സൂചിതമാകുന്നത്. നീതിപീഠത്തിലേക്ക് ചാടിക്കയറുന്ന പട്ടി അധികാരത്തിന്റെ ദ്രുവതകളെ നക്കിത്തുടച്ച് സാധാരണക്കാരായ ജനതയെ അധീനതയിലാക്കുന്ന അധികാരത്തിന്റെ പ്രതീകമായി മാറുന്നു. ജഡ്ജി, അഭിഭാഷകർ, പോലീസുകാർ, സാക്ഷികൾ എല്ലാംചേർന്ന് ഭീതിജനകവും സംഘർഷപൂർണ്ണവുമായ അന്തരീക്ഷമാണ് നോവലിലെ കോടതിയ്ക്കുള്ളത്. സമൂഹത്തെ നൈയാമികമായി നിയന്ത്രിക്കുന്ന ഭരണകൂടത്തിന്റെ ശക്തികേന്ദ്രമായി കോടതിയെ നോവലിൽ ചിത്രീകരിച്ചിരിക്കുന്നു.

### 4.1.3 അധികാരത്തിന്റെ മൂർത്തരൂപങ്ങൾ കോടതിയ്ക്കകത്തും പുറത്തും

അധികാരം എന്ന സംജ്ഞയെ വിവിധ മാനങ്ങളിലൂടെ ആവിഷ്കരിക്കാനുള്ള ശ്രമമാണ് 'ഭരതൻ' എന്ന നോവൽ. അധികാരത്തെ ഭിന്നമുഖങ്ങളുള്ളതായും മുഖമേ ഇല്ലാത്തതായും, മുഖംമൂടി അണിഞ്ഞതായും നോവൽ അവതരിപ്പിക്കുന്നു. അധികാരം വിവിധ മുഖങ്ങൾ സ്വീകരിക്കുന്നു എന്നതിനുദാഹരണമാണ് നോവലിലെ അമ്പി എന്ന കഥാപാത്രം. അധികാരത്തിന്റെ മൂർത്ത രൂപമായി നോവലിൽ അവതരിപ്പിക്കുന്ന അമ്പി ജഡ്ജിയെന്ന സ്ഥാനത്തേക്കെത്തുമ്പോൾ അധികാരത്തിന്റെ പ്രച്ഛന്നത പ്രകടമാകുന്നു. ൃ ൃ .റ്റി സ്ഥാപിക്കുന്നതിനായി ഗ്രാമങ്ങളെയും വയലുകളെയും ഇടിച്ച് നിരത്താനെത്തുന്ന കൃ ശ്ഡോസറിന്റെ ഡ്രൈവറായാണ് അയാൾ ആദ്യമെത്തുന്നത്. പ്രകൃതിയ്ക്കു മേൽ ആഘാതം സൃഷ്ടിച്ചുകൊണ്ട് അധികാരം സ്ഥാപിക്കുകയാണ് അമ്പി ചെയ്യുന്നത്.

ൃ ൃ .റ്റിയുടെ പണി പൂർത്തിയായപ്പോൾ മാടക്കട കെട്ടി അവിടേക്ക് വരുന്നവർക്ക് ഭക്ഷണവും സൗകര്യങ്ങളും ഒരുക്കി കൊടുക്കുന്ന അമ്പിയെ തുടർന്ന് നോവലിൽ ചിത്രീകരിക്കുന്നു. 'ആഹാരത്തിനും ജലപാനത്തിനുംവേണ്ടി പൊരിയുന്ന അസംഖ്യം തൊഴിലാളി സഖാക്കളുടെ ആതുരസേവനം ജനൻതമാക്കി സ്വമനസ്സാലെ സ്വീകരിച്ച' (പുറം:15) എന്ന് അമ്പി പറയുന്നതിലൂടെ താൻ ചെയ്യുന്ന തൊഴിൽ ഒരു സേവനമാണെന്ന് അയാൾ വരുത്തിതീർക്കുന്നു. തന്റെ മാടക്കടയിൽ വിശന്നു വരുന്നവർക്ക് അയാൾ യാതൊരുവിധ സൗജന്യവും നൽകുന്നില്ലെങ്കിലും തന്റെ അദ്ധ്വാനം തന്നെ ഒരു സേവനമാണെന്ന് അമ്പി സമർത്ഥിക്കുന്നു. തുടർന്ന് ന്യായാധിപസ്ഥാനത്തേക്ക് പ്രവേശിക്കുന്ന കഥാപാത്രം നീതിനിഷേധിക്കുന്ന അധികാരരൂപമായി കഥയിൽ വളരുന്നു. 'കൃ ശ്ഡോസറിന്റെ ഡ്രൈവർ സ്ഥാനത്തിന്റെ തുടർച്ച തന്നെയാണ്

ന്യായാധിപസ്ഥാനവും. രണ്ടും ഒരേ നശീകരണ സ്വഭാവത്തോടു കൂടിയതാണ്. ജുഡീഷ്യറിയും കൃ ൾഡോസറും അധികാരത്തിന്റെ ഒരൊറ്റ രൂപകം തന്നെയാണ്" (സന്തോഷ് കുമാർ, 2022 :79). കൃ ൾഡോസർ ഉപയോഗിച്ച് ഗ്രാമങ്ങൾ ഇടിച്ചു നിരത്തി അധികാരം സ്ഥാപിക്കുന്ന തുപോലെ സാധാരണക്കാരായ ജനങ്ങളുടെ അടിസ്ഥാന അവകാശങ്ങളെ തകർത്തുകൊണ്ടാണ് ഭരണകൂടവും നീതിന്യായവ്യവസ്ഥയും പ്രവർത്തിക്കുന്നതെന്ന് അമ്പിയുടെ കഥാപാത്രം ഓർമ്മിപ്പിക്കുന്നു. 'ഹരേ കൃഷ്ണ ഹരേ കൃഷ്ണ' എന്ന മന്ത്രം ഇടയ്ക്കിടെ ഉരുവിടുന്ന അമ്പി, ന്യായാധി പനായി മാറുമ്പോൾ അയാളുടെ കA കൾ ജ്വലിക്കുന്നു. മന്ത്രസാന്ദ്രമായ അയാളുടെ കA കൾ അധികാരത്തിന്റെ തീക്കനലുകളായി മാറുന്നു. 'അമ്പിക്ക് മുഖമില്ല. അമ്പി മുഴുവൻ താടിയും മുടിയുമായിരുന്നു ക്കുണ്ടു മുറ്റിയ താടിയും ജടപിടിച്ച മുടിയും ഇടയ്ക്ക് രണ്ട് കA കളും ആയാൽ അമ്പി ആയി' (കോവിലൻ, 2022:15) എന്നതിലൂടെ അധികാരത്തിന്റെ മുഖമില്ലായയെയും വന്തസൂചിപോലെയുള്ള അധികാരനോട്ടത്തെയും നോവൽ ചിത്രീകരിക്കുന്നു. ലോറിഡ്രൈ വറും കച്ചവടക്കാരനും ന്യായാധിപനും ഒക്കെയായി മാറി മാറി വരുന്ന അധികാരത്തിന്റെ വിവിധ മുഖങ്ങളെ പ്രകടിപ്പിക്കുന്നതിനാലാണ് അമ്പിക്ക് മുഖമില്ല എന്ന് നോവലില ് പറയുന്നത്.

അധികാരത്തിന്റെ സർവവിധ ക്രൗര്യഭാവങ്ങളും ഉള്ളിലൊതുക്കിക്കൊണ്ട് വിനയത്തിന്റെയും സൗമ്യതയുടേയും മുഖംമൂടിയണിയുന്ന കഥാപാത്രങ്ങളെ നോവൽ ചിത്രീകരിക്കുന്നു. മധു ചതുർവേദി ഇതിനുദാഹരണമാണ് തന്നെ തേടി ഗ്രാമത്തിൽനിന്നും എത്തുന്ന കിഷൻലാൽ എന്ന നിഷ്കളങ്കനായ ചെറുപ്പക്കാരനോട് അതീവ വിനയത്തോടെയാണ് മധു സംസാരിക്കുന്നത്. 'നീയാർ, എടാ പുല്ലേ, നീയാർനഹറ് ഗെറ്റൌട്ട്, ഹറ് ഹറ് ജാ, എന്നിങ്ങനെ ചോദിക്കാനും പറയാനും അവൾക്കറിയാം' (പുറം:49). അധികാരത്തിന്റെ ഗർവ്വ് കലർന്ന ഭാഷ മധുവിനറിയാമെങ്കിലും 'എന്തിനാണ് ഇത്രടം വന്ന് കൃ ദ്ധിമുട്ടനുഭവിച്ചത്ന് (പുറം:49) എന്ന് ചോദിച്ചുകൊണ്ട് ഗ്രാമീണഭാഷയുടെ മുഖംമൂടിയണിഞ്ഞാണ് മധു ചതുർവേദി സംസാരിക്കുന്നത്. കിഷൻലാലിനെ നിഷ്ഠുരണം അറ ിക്കിരയാക്കി, രക്ഷിക്കണേ എന്ന് നിലവിളിക്കുമ്പോഴും ഹിംസയുടെ ക്രൗര്യതയെ മറികടക്കുന്ന ഉപകരണമായി വിനയമെന്ന അതേ മുഖംമൂടി തന്നെയാണ് പ്രവർത്തിക്കുന്നത്.

കോടതി വിസ്താരത്തിനാവശ്യമായ തെളിവുകൾ ശേഖരിക്കുന്ന ഉദ്യോഗസ്ഥനാണ് മുഖംമൂടിയണിഞ്ഞ മറ്റൊരധികാരിയായി നോവലിൽ പ്രത്യക്ഷപ്പെടുന്നത്. 'മില ർ ഭരതൻ, ഒരുപോലെ നിങ്ങൾ പരിക്ഷിച്ചിട്ടുണ്ട്. നിങ്ങൾ വിയർക്കുന്നുണ്ട്. ഒട്ടും ബദ്ധപ്പെടേണ്ടതില്ലെന്ന് നിങ്ങളെ പരബോധ്യപ്പെടുത്താൻ ഈ സന്ദർഭം ി ാൻ

ഉപയോഗപ്പെടുത്തട്ടെ' (പുറം:25) എന്നിങ്ങനെ നയത്തിൽ കുറ്റവാളിയെ സമീപിക്കുകയും തുടർന്ന് ഭീഷണിയുടെ വാക്കുകളിലൂടെ ഭരതനെ കീഴടക്കുകയുമാണ് ഉദ്യോഗസ്ഥൻ ചെയ്യുന്നത്. വിനയത്തിന്റെ മുഖംമൂടിയണിഞ്ഞ് കൊണ്ട് കുറ്റം ചെ- ാത്ത ഒരു വ്യക്തിയെ പ്രതിയാക്കിത്തീർക്കുന്ന അധികാരത്തിന്റെ കപടതന്ത്രമാണ് ഇവിടെ വെളിപ്പെടുന്നത്.

കച്ചവടക്കാരന്റെ കാപട്യം ഉള്ളിലൊതുക്കിക്കൊണ്ട് ദയാവാ1 തുളുമ്പുന്ന രീതിയിലുള്ള അമ്പിയുടെ പെരുമാറ്റത്തിലും അധികാരത്തിന്റെ പ്രച്ഛന്നത പ്രകടമാണ്. ദാഹിച്ചു വരണ്ട ഭരതൻ ഒരു ഗ്ലാസ് വെള്ളം ആവശ്യപ്പെടുമ്പോൾ 'തരാം' എന്ന് പറയുന്നതിനോടൊപ്പം തന്നെ 'ആഹാരത്തിന്റെ ചില്ലറ തന്നിട്ടില്ലാട്ട്യോ' എന്ന് അമ്പി ഓർമ്മിപ്പിക്കുന്നു. (പുറം:15) കിഷൻലാൽ എന്ന കഥാപാത്രം ,  ,  .റ്റി യിലെ പാറാവുകാരെ കണ്ടുമുട്ടുന്ന സന്ദർഭത്തിൽ അവർക്കെല്ലാം ഒരു മുഖം മാത്രമാണ് എന്ന് അയാൾ മനസ്സിലാക്കുന്നു. (പുറം:39) ചോദ്യം ചെ- ലിനിടെ അധികാരത്തിന്റെ പരുക്കൻ ഭാഷയിൽ സംസാരിക്കുന്നവരുടെ മുഖം, തന്നെ വിഴുങ്ങുന്ന ഒരു : ഹയായാണ് ഭരതനും അനുഭവപ്പെടുന്നത് (പുറം:52). ഇത്തരത്തിൽ അധികാരത്തിന്റെ മൂർത്തരൂപങ്ങളെ കോടതിയ്ക്കകത്തും പുറത്തും കാണാവുന്നതാണ്.

**4.1.4 'ഭരതനി'ലെ നീതി-ന്യായവ്യവഹാരങ്ങൾ**

വ്യവഹാരങ്ങൾ സാമൂഹികഘടനയിലെ വിവിധ ശ്രേണികളെ നിർമ്മിക്കുന്നതിനും അധികാരം നിലനിർത്തുന്നതിനുമുള്ള ഉപാധിയായി മാറുന്നുണ്ട്. ,  ,  .റ്റി, കോടതി എന്നീ വ്യവഹാരസ്ഥാപനങ്ങളുടെ ചിത്രീകരണത്തിലൂടെയാണ് സമൂഹത്തിലെ വിവിധ അധികാരശ്രേണികളെയും അവയുടെ പരസ്പര ബന്ധത്തെയും സമൂഹത്തിന്റെ അസ്തിത്വഘടനയെയും കോവിലൻ ചിത്രീകരിക്കുന്നത്. സമൂഹത്തെ നിയമബദ്ധ മായ ഒരു വ്യവസ്ഥയായി പരിരക്ഷിക്കുന്ന ധർമ്മത്തെ ഫൂക്കോ വിശേഷിപ്പിക്കുന്നത് 'വ്യവഹാരത്തിന്റെ ന്യായ വാദപരമായ ധർമം' എന്നാണ് (1.1ൽ ഇത് വിശദീകരിച്ചിട്ടുണ്ട്). എന്നാൽ വ്യവഹാരത്തിന്റെ ന്യായ വാദപരമായ ധർമത്തെ നിലനിർത്തേണ്ട കോടതിയെ ഭരതൻ എന്ന ആധുനിക നോവലിൽ വിമർശ നാത്മകമായി ചിത്രീകരിക്കുന്നു.

'ഒരു മുൻവിധിയും കോടതിയ്ക്കില്ല' (പുറം:74) എന്ന് ജഡ്ജി പറത കൊണ്ടാണ് കോടതിയിൽ വിചാരണ ആരംഭിക്കുന്നത്.വിചാരണയുടെവിശദാംശത്തിലൂടെ ന്യായവാദം സ്ഥാപിച്ചെടുക്കാനാണ് ശ്രമിക്കു ന്നതെങ്കിലും തുടർന്നുള്ള വിചാരണവേളയിൽ നീതിരാഹിത്യത്തിന്റെയും അയുക്തികതയുടെയും രൂപമായി കോടതി മാറുന്നു.

‘ഇവിടെ ആട് പട്ടിയാകാം, കഴുത പുള്ളിപ്പുലിയും ആയേക്കാം’ (പുറം:76) എന്ന വിചാരണയ്ക്കിടെയുള്ള ഭരതന്റെ ചിന്തയിൽനിന്നും കോടതിവിചാരണ ഒരു അസംബന്ധനാടകമായി തീരുന്നു എന്നതിന്റെ സൂചന ലഭിക്കുന്നു. ഒരു തെ‌ം ചെ- ാത്ത ഭരതനുമേൽ നാല് പാതകങ്ങളാണ് കോടതി ആരോപിക്കുന്നത്. കിഷൻലാൽ, യോഗേശ്വർ പ്രസാദ് എന്നിവരെ കൊല്ലുകയും മധുചതുർവേദിയെ ബലാൽക്കാരം ചെയ്യുകയും യോഗേശ്വർ പ്രസാദിന്റെ കുടുംബത്തെ അനാഥമാക്കുകയും ചെയ്തു എന്നതാണവ. യഥാർത്ഥത്തിൽ ഭരതൻ നിരപരാധിയാണെങ്കിലും സാഹചര്യത്തെളിവുകളാണ് ഭരതനെ കുറ്റാരോപിതനാക്കിയത്. നോവലിലെ ആദ്യത്തെ കൊലപാതകം ബാങ്കിലെ കാവൽക്കാരനായ യോഗേശ്വർ പ്രസാദിൻറേതാണ്. ബാങ്ക് കൊള്ളയടിക്കുന്നത് ബാങ്കിന്റെ തന്നെ സെക്യൂരിറ്റി ഓഫീസറായ ഭരY ഷൺ സാഹേക്യ ം സംഘവുമാണെന്ന് വാച്ച്മാനായ പ്രസാദ് മനസിലാക്കിയതിനാലാണ് സ്വന്തം ചോരയിൽ കൊലയാളിയുടെ പേരെഴുതാൻ അയാൾ ശ്രമിക്കുന്നത്. ഭരY ഷൺ സാഹേബ് എന്ന് മുഴുവൻ എഴുതാൻ സാധിക്കാതെ വരികയും അത് ഭരതൻ എന്ന് തെറ്റിദ്ധരിക്കപ്പെടുകയും ചെയ്തതിനാലാണ് ഭരതനെ അറw ചെയ്യുന്നത്. യോഗേശ്വർ പ്രസാദിന്റെ ഭാര്യയായ സുഷമാദേവിയെയും രണ്ട് പൈതങ്ങളെയും അനാഥമാക്കി എന്ന പാതകവുംകൂടി ഭരതനുമേൽ ആരോപിക്കപ്പെടുന്നുണ്ട്. കിഷൻലാൽ എന്ന ചെറുപ്പക്കാരനെ തീ കൊളുത്തി കൊന്നു എന്നതാണ് ഭരതൻ ചെയ്ത മറ്റൊരു കുറ്റം. യഥാർത്ഥത്തിൽ മധുചതുർവേദി തന്റെ ഭർത്താവായ കിഷൻലാലിനെ തന്റെ ജീവിതത്തിൽനിന്നും ഒഴിവാക്കുന്നതിനായി തീ കൊളുത്തി അയാളെ ഇല്ലാതാക്കുകയാണ് ചെയ്തത്. മധുവിന്റെ കള്ളക്കരച്ചിൽ കേട്ട് ഓടിയെത്തിയ ഭരതൻ കിഷൻലാലിനെ രക്ഷിക്കാനുള്ള ശ്രമത്തിൽ അയാളുടെ കൈവിരലടയാളങ്ങൾ കതകിലും മുറിയുടെ മഭോഗങ്ങളിലും പതിക്കുകയായിരുന്നു. മുറിയുടെ വാതിൽ തള്ളിത്തുറക്കുന്നതിനിടെ കാലുടക്കി അയാൾ മധുവിന്റെ ശരീരത്തിലേക്ക് വീഴുകയും അവളെ താങ്ങിപ്പിടിച്ച് എഴുന്നേൽപ്പിക്കുകയും ചെയ്യുന്നു. എന്നാൽ ഫ്ളാറ്റിലെ തോക്കുധാരികൾ മധുവിനെ ഭരതൻ ബലാൽക്കാരം ചെയ്തു എന്നു പറത കൊണ്ട് അറw ചെയ്യുന്നു. കോടതിയിൽ ഇത് തെളിയിക്കുംവിധം മധുചതുർവേദി കള്ളസാക്ഷ്യം നൽകുന്നതോടെ എല്ലാ കുറ്റങ്ങൾക്കും കാരണക്കാരൻ ഭരതനായിത്തീരുന്നു. മധു ചതുർവേദി ്യ ്യ .റ്റി ഉദ്യോഗസ്ഥയായപ്പോൾ അക്ഷരാഭ്യാസം പോലുമില്ലാത്ത തന്റെ ഭർത്താവിനെ ഒഴിവാക്കാൻ ശ്രമിച്ചു എന്നത് നിലനിൽക്കുന്ന ഇന്ത്യൻ വിവാഹാചാരങ്ങൾക്കെതിരെയുള്ള ഒരു കലാപവും കൂടിയായി നമുക്കു വായിക്കാം.

പെൺകുട്ടികൾ പ്രായപൂർത്തിയാവുന്നതിനും തങ്ങളുടെ വിദ്യാഭ്യാസവും തൊഴിലും തെരഞ്ഞെടുക്കുന്നതിനും മുൻപ് നടക്കുന്ന വിവാഹം ജീവിതത്തിൽ അവർക്ക് ഭാരമായി തീരുകയും ഒരിക്കലും യോജിക്കാനാവാത്ത ആ വൈവാഹിക ബന്ധത്തിൽനിന്നും അവർ രക്ഷപ്പെടാനാഗ്രഹിക്കുകയും ചെയ്യുന്ന എന്നത് സ്വാഭാവികമാണ്. സ്ത്രീക്ക് ആധുനിക വിദ്യാഭ്യാസം അനുവദിക്കാത്ത ജീവിത സാഹചര്യങ്ങൾ ഇന്നും ഇന്ത്യയിൽ പലയിടങ്ങളിലും നിലനിൽക്കുന്നുവെന്നും മധു ചതുർവേദിയുടെ ഭർതൃനിഗ്രഹത്തിലൂടെ കോവിലൻ സൂചിപ്പിക്കുന്നു. അയാളെ ഒഴിവാക്കാൻ മധു കണ്ടെത്തിയ മാർഗ്ഗം പിടിക്കപ്പെട്ടുമെന്ന തോന്നലിലാണ് ഭരതനിലേക്ക് കുറ്റാരോപണം നീങ്ങുന്നത്.

സാഹചര്യത്തെളിവുകളെ കമ്പ്യൂട്ടറിന്റെ സഹായത്തോടെ വിലയിരുത്തുമ്പോൾ ഭരതനെതിരെയുള്ള തെളിവുകൾ യുക്തിസഹമാകുന്നു. 'ഒരു അസംബന്ധമായ നാടകത്തിന്റെ സ്വരച്ഛായയിലുള്ള ഈ രംഗം ഇതിനു മുമ്പ് ഈ നോവലിൽ നടക്കുന്ന എല്ലാ സംഭവങ്ങളുടെയും സത്ത ആവാഹിക്കുന്ന ഒന്നാണ്. ഇവിടെ നിരപരാധിയായ ഭരതനെ കുറ്റവാളിയാക്കി ശിക്ഷിക്കുന്ന കോടതി, സ്വയം ഒരു കളികളിക്കുകയാണ്. കോടതിയിൽ ചോദിക്കുന്നതും വാദിക്കുന്നതും മൊഴി കൊടുക്കുന്നതും തന്റെ പരിചയക്കാർ തന്നെ' (പുറം:10) കോടതിതന്നെ വാദിയുടെയും പ്രതിയുടെയും പക്ഷത്തുനിന്ന് കളി കൊഴുപ്പിക്കുകയും അനുവാചകനെ തികഞ്ഞ അന്ധാളിപ്പ മാത്രം ബാക്കിയാവുകയും ചെയ്യുന്നു. കോടതിയെ ഫാന്റസി എന്ന തലത്തിൽ അവതരിപ്പിക്കുമ്പോൾ വിമർശനസാധ്യത കൂടുന്നു എന്നതിലാവാം കോവിലൻ ഇത്തരമൊരു രചനാസങ്കേതം നോവലിനായി തെരഞ്ഞെടുത്ത് ഓരോ ഭാരതീയന്റെയും മൗലികാവകാശങ്ങൾ സംരക്ഷിക്കുന്നതിനും നീതിയുടെ വിതരണം കൃത്യമാക്കുന്നതിനും വേണ്ടിയാണ് കോടതികൾ പ്രവർത്തിക്കുന്നത്. 'നമ ടെ ഉരുക്കുമുഖികളിൽ നീതിയും നിയമവും രണ്ടു ബയനകേൾ പോലെ സുരക്ഷിതമായിരിക്കട്ടെ നിത്തിലും ജാഗരത്തിലും ഈ രണ്ടു ബയനകേൾ അപരാധികൾക്ക് കാവൽ നിൽക്കട്ടെ' (പുറം:66) എന്നാണ് ഭരതനിലെ ജഡ്ജിയെകൊണ്ട് കോവിലൻ പറയിപ്പിക്കുന്നത്. നീതിന്യായവ്യവസ്ഥയെ പരിപൂർണമായി സ്വതന്ത്രമാക്കുന്നതിനും പക്ഷപാതിത്വരഹിതമാക്കുന്നതിനും വേണ്ടിയാണ് ഭരണഘടനയുടെ ഭാഗമായിത്തന്നെ അതിനെ സംരക്ഷിക്കുന്നത് (1.4ൽ ഇത് വിശദീകരിച്ചിട്ടുണ്ട്) എന്നാൽ ജനാധിപത്യസ്വാതന്ത്ര്യങ്ങളെ സംരക്ഷിക്കുന്ന ഇടങ്ങളായ കോടതികളുടെ മറുപുറമാണ് 'ഭരതൻ' അവതരിപ്പിക്കുന്നത്. നീതിന്യായവ്യവസ്ഥ തികച്ചും അപഹാസ്യമായ സമകാല യാഥാർത്ഥ്യത്തിന്റെ മുഖമാണ് ഈ നോവലിൽ എഴുതിച്ചേർത്തിട്ടുള്ളത്. കച്ചവടക്കാരനും ജഡ്ജിയും ഒരാൾത്തന്നെ പകർന്നാടുന്ന ഇന്ത്യൻ സാമൂഹിക - അധികാര ലോകങ്ങളെയും

ജാതികേന്ദ്രിത നീതിവിതരണത്തെയും സ്ത്രീ സ്വാതന്ത്ര്യത്തിന്റെ കപടമുഖങ്ങളെയും സാഹചര്യ ത്തെളിവുകളുടെയും സാങ്കേതികത്തെളിവുകളുടെയും ദുർബലതകളെയും തുറന്നുകാട്ടുക എന്നതാണ് ഭരതൻ എന്ന നോവലിന്റെ സവിശേഷമായ ആഖ്യാനതന്ത്രം.

#### 4.1.4.1 'ഭരതനി'ലെ കോടതിവിചാരണ – അയുക്തികതയുടെ വ്യാവഹാരികത

ജനാധിപത്യഭരണസംവിധാനക്രമത്തിന്റെ നെടുംതൂണുകളിലൊന്നാണ് നീതിന്യായനിർവ്വഹണ വിഭാഗം. നീതിനിർവ്വഹണക്ഷമതല നിക്ഷിപ്തമായിരിക്കുന്ന കോടതികൾ ജനാധിപത്യത്തിനു വിഘാതമായ അധികാരത്തിന്റെ കേന്ദ്രമായി നിലകൊള്ളുന്നു എന്നതാണ് യാഥാർത്ഥ്യം. ഭരതൻ എന്ന നോവലിന്റെ പ്രധാന പ്രമേയം കോടതി വിമർശനമാകുന്നത് ഇതുകൊണ്ടാണ്. കോടതിവിചാരണയിലും നീതി വിതരണ ത്തിലും സംഭവിക്കുന്ന യുക്തിയില്ലായകളെ മുൻനിർത്തിയാണ് കോവിലൻ ഈ വിമർശനം സാധ്യ മാക്കുന്നത്. ഭരതന്റെ വിചാരണവേളയിൽ അമ്പി എന്ന ന്യായാധിപനും ഗോയൽ എന്ന പT ിക് പ്രോസി ക്യൂട്ടറും അനീതി യുടെയും യുക്തിരാഹിത്യത്തിന്റെയും വക്താക്കളായി മാറുന്നു. ന്യായവിചാരം തുടങ്ങും മുമ്പ് തന്നെ അമ്പി ഭരത നെതിരായി സംസാരിക്കുന്നു. തെളിവുകളും സാക്ഷിമൊഴികളും പരിശോധിക്കുന്നതിനു മുൻപ് 'കൊലപ്പു ള്ളിയായ ഭരതൻ' (പുറം:74) എന്ന് ഭരതനെ അഭിസംബോധന ചെയ്യുന്നു. 'നമ ടെ മുന്നിൽ നിൽക്കുന്ന ഈ അപരാധി രണ്ടു കൊലപാതകങ്ങൾ നടത്തിയിട്ടുള്ളതായി നമുക്ക് തെളിവുകൾ ലഭിച്ചിരുന്നു. തന്റെ അപാര മായ കർമ്മ ശേഷിയാലും ക്യ ദ്ധിവൈഭവത്താലും ഒരു ഈച്ചപോലും അറിയാതെ കൃത്യം നടത്തി ഒരിക്കൽ ഇവൻ ബാങ്കിന്റെ വരാന്തയിൽനിന്നും രക്ഷപ്പെട്ടു. പലനാൾ കള്ളൻ ഒരുനാൾ പിടിക്കപ്പെടും എന്ന ചൊല്ലു പോലെ രണ്ടാമത്തെ തവണ നമ ടെ തോക്കുകാർ ഇവനെ കé- ാടെ പിടികൂടി. ഇവനെ വിചാരണ ചെ- ാനും വിധിക്കാനും വേണ്ട പോലെ വിധിക്കാനും ഈ ജനകീയ കോടതി ഇപ്പോൾ അധികാരപ്പെട്ടിരിക്കുന്നു' (പുറം:65). അപരാധി എന്ന് തീർച്ചവരുത്താതെയാണ് വിചാരണസമയത്തുള്ള ജഡ്ജിയുടെ ഈ പ്രസ്താവന എന്നത് ഇവിടെ ഏറെ പ്രസക്തമാകുന്നു. 'വേണ്ടപോലെ വിധിക്കാൻ' എന്ന പ്രയോഗത്തിൽ പൂർവ്വനിശ്ചിതവും അപര താൽപര്യവുംപോലെ എന്ന ധ്വനിയും പ്രകടമാകുന്നുണ്ട്. വിചാരണയ്ക്ക് മുന്നേയുള്ള ഇത്തരം പ്രസാതാവനകൾ കോടതിയുടെ അയുക്തികതയെ ചൂണ്ടിക്കാണിക്കുന്നു. 'ഒരു മുൻവിധിയും കോടതി യ്ക്കില്ല' (പുറം:15) എന്ന് പറയുമ്പോഴും മുൻവിധിയുടെ മാത്രം അടിസ്ഥാനത്തിലാണ് അയാളെ ശിക്ഷിക്കുന്നത് എന്ന് നോവൽ സന്ദർഭങ്ങളിൽനിന്നും വ്യക്തമാണ്. ഈ മുൻവിധിയാകട്ടെ ചരി ത്രവും സമൂഹവ്യവസ്ഥകളും രൂപപ്പെടുത്തിയതുമാണ്.

കമ്പ്യൂട്ടറിന്റെ ക്ഷിപ്രപ്രഭാവത്തിലാണ് കോടതിയിലെ നടപടിക്രമങ്ങൾ ആരംഭിക്കുന്നത്. കമ്പ്യൂട്ടർ വൈദ്യ മുള്ള കമലേശ്വരമാർ ഗോയൽ പ്രോസിക്യൂട്ടറാകുന്നതും അതുകൊണ്ടുതന്നെയാണ്. ഭരതൻ കുറ്റമൊന്നും ചെയ്തിട്ടില്ല എന്നറിയാമെങ്കിലും കമ്പ്യൂട്ടറിന്റെ യാന്ത്രികതയിൽ നിന്നുകൊണ്ടാണ് ഗോയൽ വാദിക്കുന്നത്. അവിടെ മനുഷ്യത്വത്തിന് സ്ഥാനമില്ലാതാകുന്നു. യന്ത്രവൽകൃ തമായ കാലചിന്തകളുടെ സാന്നിധ്യം പ്രത്യേകം പരാമർശവിധേയമാണ്. കമ്പ്യൂട്ടറെന്ന യന്ത്രത്തിന്റെ ദൃശ്യമായ ഡാറ്റകൾ മാത്രമാണ് തെളിവായി മാറുന്നത്. അതിൽ പതിയാത്തതും അതിന്റെ പരിധിയിൽപ്പെടാത്തതുമായ യാതൊന്നും പരിഗണനാർഹമാകുന്നില്ല. ഭരതനെതിരെ കെട്ടിച്ചമച്ച തെളിവുകൾ കമ്പ്യൂട്ടറിന്റെ അടിസ്ഥാനത്തിൽ പരിശോധനാവിധേയമാകുമ്പോൾ ശാസ്ത്രീയയുക്തിക്ക് ശരി എന്ന് തോന്നുന്നുണ്ടെങ്കിലും അവ വാസ്തവമല്ല എന്ന യാഥാർത്ഥ്യമാണ് നോവലിനെ സംഘർഷഭരിതമാക്കുന്നത്. കോടതിയിൽ ഹാജരാക്കുന്ന തെളിവുകൾ കൊലയുമായി പ്രത്യക്ഷബന്ധം പുലർത്തുന്നു. എന്നാൽ യഥാർത്ഥ സംഭവവുമായി അവയ്ക്ക് ബന്ധമില്ല. ഭരതന്റെ ഷർട്ടിലെ രക്തക്കറയുടെയും മധുവിന്റെ കഴുത്തിലുള്ള ഭരതന്റെ കൈയടയാളങ്ങളുടെയും പിന്നിൽ നീതിയുക്തമായ കാരണങ്ങൾ ഉണ്ടെന്ന് നോവലിൽനിന്ന് വ്യക്തമാണ്. തെളിവുകളെ യാന്ത്രികതയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ അത് സത്യവും നീതിയുമായി തീരുന്നു.

കോടതിയിലെ വിചാരണവേളയിൽ പ്രതി എന്ന് ആരോപിക്കപ്പെടുന്ന വ്യക്തിയ്ക്ക് സംസാരിക്കാനും തന്റെ സത്യസന്ധത തെളിയിക്കാനുമുള്ള അവകാശമുണ്ട്. എന്നാൽ നോവലിൽ എന്തെങ്കിലും രണ്ടു വാക്കു പറയാനുള്ള അനുവാദം ചോദിക്കുന്ന ഭരതനെയാണ് കാണാനാവുക. സാമ്പത്തികമോ മറ്റേതെങ്കിലും കഴിവില്ലായയോ കാരണം ഏതൊരു പൗരനും നീതി ലഭിക്കാത്ത സാഹചര്യം ഇല്ലാതാക്കുവാൻ ആവശ്യമായ വിധം സൗജന്യമായി നിയമസഹായം ലഭ്യമാക്കുക എന്നത് ഭരണഘടനയുടെ 39 A വകുപ്പുപ്രകാരം ഓരോ ഇന്ത്യൻ പൗരന്റെയും അവകാശമാണ് (പൈലി,2020:188) എന്നാൽ ഈ അടിസ്ഥാന അവകാശവും ഭരതന് നവ പ്പെടുന്നു. കോടതി വിചാരണയ്ക്കിടെ തന്റെ അസ്ഥിത്വമെന്താണെന്ന് ഭരതൻ വ്യക്തമാക്കുന്നു. അയാളുടെ മുഴുവൻ പേര് മാടായിൽ ഗോവിന്ദൻ ഭരതൻ എന്നാണ്. അയാളുടെ മുത്തച്ഛനും മുത്തച്ഛന്റെ അച്ഛനും ഉപജീവനത്തിനായി കൊളമ്പിൽ പോയതിൽ കൊളമ്പുകാരൻ എന്ന പേര് ഭരതന്റെ കുടുംബത്തിന് ലഭിക്കുന്നു. എന്നാൽ കോളാമ്പി ഭരതനെന്നാണ് അയാളെ എല്ലാവരും വിളിക്കുന്നത്. കോടതിയ്ക്ക് കോളാമ്പിയുടെ പൊരുൾ മനസ്സിലാകാത്തതിനാൽ അമ്പി എന്ന ന്യായാധിപൻ, കോളാമ്പി എന്ന വാക്കിനു വിശദീകരണം നൽകുന്നു. 'കോളാമ്പി എന്നാൽ കമ്മോഡ്. കമ്മോഡിന്റെ സ്ഥാനത്ത് കേരളീയർ ഉപയോഗിക്കുന്ന സർവ്വസാധാരണമായ

ഒരു ഉപകരണമാകുന്ന കോളാമ്പി. കാറിത്തുപ്പാനും മുറുക്കിത്തുപ്പാനും രാത്രികാലങ്ങളിൽ മൂത്രമൊഴിക്കാനും ചിലപ്പോൾ വിസർ നത്തിനും കോളാമ്പി ഉപയോഗിക്കുന്നു. കോളാമ്പിയ്ക്കു പോലും കേരളത്തിലുണ്ട്. പ്രതി, മാടായിൽ ഗോവിന്ദൻ ഭരതൻ അല്ല, കോളാമ്പി ഭരതൻ ആകുന്നു. ഇപ്പോൾ ചിരി വരുന്നില്ലേനചിരിക്കു, ചിരിക്കു കോടതി മുഴക്കെ ചിരിച്ചു. കോടതി ഒന്നിച്ച് ആർപ്പു തുടങ്ങി' (കോവിലൻ, 2022:70) 'കോളാമ്പി ഭരതൻ' എന്ന പേരു കേട്ട് താൻ അിറയാതെ ചിരിച്ചു പോയതുകൊണ്ട് അതിന്റെ അർത്ഥം മള്ളേവർക്കു കൂടി പറത കൊടുത്ത് അവരെയും ചിരിപ്പിക്കുക എന്നത് മാത്രമാണ് അമ്പിയുടെ ഉദ്ദേശം. അതീവ ഗൗരവകൃ ദ്ധിയോടുകൂടി കോടതി വിസ്താരം നടത്തേണ്ടുന്നതിനു പകരം വളരെ ലാഘവത്തോടും തികഞ്ഞ അനീതിയോടും കൂടിയാണ് കോടതി വിചാരണ പൂർത്തിയാക്കുന്നത്. മണിക്കൂറുകൾ നീളുന്ന കോടതി വിസ്താരം ഭരതനെ സംഘർഷത്തി ലാക്കുകയും നിശബ്ദനാക്കുകയും ചെയ്യുന്നു. കൂടാതെ മാടായിൽ ഗോവിന്ദൻ ഭരതൻ എന്ന പേര് കോളാമ്പി ഭരതൻ എന്നാകുന്നതിലൂടെ ജാതിയിൽ താഴ്ന്നവർ സ്വന്തംപേരിൽ നിലനിർത്തേണ്ട അടിമത്ത സൂചനയെക്കുറിച്ചുള്ള മനുവാക്യം പ്രസക്തമാകുന്നു. (3.2.5.1ൽ ഇത് വിശദീകരിച്ചിട്ടുണ്ട്).

**4.1.5 'ഭരതനി' ലെ കോടതിഭാഷ- വ്യവഹാരവിശകലനം**

അധികാരത്തിന്റെ ശക്തമായ വിനിമയമാണ് ഭരതനിലെ ഭാഷയിലൂടെ സംഭവിക്കുന്നത്. ജാതി, വിദ്യാഭ്യാസം, തൊഴിൽ, സമ്പത്ത് തുടങ്ങിയവയാണ് അധികാരനിർണ്ണയനത്തെ സാധ്യമാക്കിയത്. 'വ്യക്തിയുടെ അധികാരകർതൃത്വത്തിലൂന്നിയ ഭാഷാപ്രയോഗങ്ങളാണ് സാമൂഹികമായ അധികാരത്തിന്റെ ശ്രേണീകരണത്തിൽ ആ വ്യക്തിയെ ഉയർന്ന പദവിയിലേക്കെത്തിക്കുന്നത്. ആ ഭാഷയക്ക് കീഴടങ്ങുന്ന ജനതയുടെമേൽ വിധേയത്വവും ആദരവും ഉണർത്തിക്കൊണ്ട് അവരുടെമേൽ കർതൃത്വത്തിന്റെ അധികാരം സ്ഥാപിക്കാൻ അയാൾക്ക് കഴിയുന്നു. (1.1ൽ ഇത് വിശദീകരിച്ചിട്ടുണ്ട്) ഫൂക്കോയുടെ ഈ ആശയത്തെ സാധൂകരിക്കുംവിധമാണ് ഭരതൻ എന്ന കഥാപാത്രത്തോട് അധികാരിവർഗം സംസാരിക്കുന്നത്. ഭരതന്റെ സ്വത്വത്തെ തകർക്കുംവിധമാണ് അധികാരിസമൂഹം സംസാരിക്കുന്നത്. 'നിങ്ങളുടെ പേർ ഭരതൻ, നിങ്ങളും ഒരു മനുഷ്യൻ, ഒരു പൗരൻ നിരവധി പട്ടികളിൽ ഒരു പട്ടിയെ തിരിച്ചറിയാൻ അതിനൊരു പേരു വെയ്ക്കുന്നതുപോലെ നിങ്ങൾക്കും ഒരു പേരുണ്ടെന്നല്ലാതെ ഭാരതീയ സാങ്കേതിക കലാശാ ലയിൽ ഭരതൻ യാതൊന്നുമല്ല, നിങ്ങൾ ഒരു കണ്ടക്ടർപോലും അല്ല' (കോവിലൻ, 2022:25). 'പട്ടി' എന്ന പദം കേരളത്തിൽ അടിമത്തത്തിന്റെയും വിധേയത്വത്തിന്റെയും സൂചനയു ൾക്കൊള്ളുന്നതാണ്. ന്യായാധിപന്റെയും, അധികാരിവർഗത്തിന്റെയും അധികാരകർതൃ ത്ത്വത്തിലൂന്നിയ ഭാഷാപ്രയോഗങ്ങൾക്ക് കീഴടങ്ങുന്ന സാധാരണജനങ്ങളുടെ പ്രതിനിധിയായി

ഭരതനെ മനസ്സിലാക്കാവുന്നതാണ്. നോവലിലെ ഓരോ കഥാപാത്രങ്ങളുടെയും കർതൃത്വത്തിനനുസരിച്ചാണ് കോടതിയിൽ അവർക്ക് വ്യത്യസ്തങ്ങളായ പദവി ലഭിക്കുന്നത്. ന്യായാധിപസ്ഥാനത്തെത്തുന്ന അമ്പിയുടെ കഥാപാത്രം ഹോട്ടൽഉടമയാണ്. അതുകൊണ്ടുതന്നെ വ്യവസായവൽകൃതലോകത്തിന്റെ അധികാര സ്വത്വത്തെ പ്രതിനിധീകരിക്കാൻ അമ്പിക്ക് കഴിയുന്നു. ഭക്ഷണത്തോടൊപ്പം ച രസും കഞ്ചാവും ഹാഷിഞ്ഞ കറുപ്പും കച്ചവടം ചെയ്യുന്ന അമ്പി ആത്മീയതയുടെ മുഖംമൂടിയും അണിഞ്ഞിരിക്കുന്നു (പുറം:39). നീതിപീഠത്തെയും ne ടെ ഭരണകൂടത്തെയും സ്വന്തം വരുതിക്കുള്ളിലാക്കുന്ന വ്യവസായശക്തികളെയും, കോർപ്പറേറ്റ് മുതലാളിമാരെയും കപട ആത്മീയനേതാക്കളെയും നോവൽ അമ്പി എന്ന കഥാപാത്രചിത്രീകരണത്തിലൂടെ വിമർശനവിധേയമാക്കുന്നു.

അധികാരത്തിന്റെ ദുർവൃത്തികളാൽ നീതി നിഷേധിക്കപ്പെടുന്ന പൗരസമൂഹത്തിന്റെ പ്രതിനിധിയാണ് ഭരതൻ. അധികാരത്തിന് കാറിത്തുപ്പാനും വിസർജ്യങ്ങൾ തള്ളാനുമുള്ള ഒരു ഉപകരണമായി ഭരതൻ മാറുന്നു. കോടതിയിൽ കോളാമ്പി ഭരതനെന്നാണ് താൻ അറിയപ്പെടുക എന്ന് പറയുമ്പോൾ 'അവന്റെ മുഖത്ത്, അവന്റെ വായിൽ തുപ്പണം. ී ങ്ങൾക്ക് അവന്റെ വായിൽ തുപ്പണം എന്ന് പറഞ്ഞാണ് കോടതി ഒന്നടങ്കം വിളിച്ചു കൂവുന്നത്' (പുറം:70). 'കോളാമ്പി' എന്ന വാക്കിന്റെ നീചമായ അവസ്ഥ കോടതിയുള്ളിൽപോലും ചിരിയ്ക്കു വിഷയമാകുന്നു. കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ 'തുപ്പൽകോളാമ്പി' എന്ന കവിത എഴുതിക്കഴിഞ്ഞ ഒരു ദശകത്തിലാണ് മലയാളത്തിൽ 'കോളാമ്പി ഭരതൻ' എന്ന കഥാപാത്രത്തെ ചിത്രീകരിച്ചത് എന്നതിൽനിന്നും ആധുനിക കേരളീയ സമൂഹത്തിലൊളിഞ്ഞിരിക്കുന്ന ജാതി ബോധങ്ങളെ പരിഹസിക്കുക എന്ന ലക്ഷ്യമാണ് കോവിലന് ഉണ്ടായിരുന്നത് എന്ന് വ്യക്തമാണ്. ജാതീയമായ നീചത്വത്തെയും നികൃഷ്ടാവസ്ഥയെയും സൂചിപ്പിക്കുന്ന ഭാഷാപ്രയോഗങ്ങൾക്ക് കേസെടുക്കാൻ സാധ്യതയുള്ള ആധുനിക കേരളത്തിലാണ് കോടതിയ്ക്കുള്ളിൽ ഇത്തരം ഭാഷാപ്രയോഗങ്ങൾ കേവലമൊരു ചിരിയ്ക്കു കാരണമാകുന്നത്. നോവലിൽ ഭരY ഷൺ സാഹേകു ം മധു ചതുർ വേദിയും യഥാർത്ഥകുറ്റവാളികൾ ആണെങ്കിലും അവർ അധികാര സമൂഹവുമായി ചേർന്നുനിാ ന്നതിനാൽ കൊലചെ- പ്പെടുന്നതും ശിക്ഷിക്കപ്പെടുന്നതും നിസ്സാരരായ മനുഷ്യരാകുന്നു. കാലാകാലങ്ങളിലെ അധികാരശ്രേണിയുടെ പുറത്തു നിൽക്കുന്നവരെ കോടതി ശിക്ഷിക്കുന്നു എന്നതാണ് കോവിലന്റെ ശക്തമായ നിരീക്ഷണം.

കോടതിയുടെ അധികാരത്തിന്റെയും ഹിംസാത്മകതയുടെയും രൂപകമായാണ് 'പട്ടി' നോവലിൽ പലയിടത്തായി പ്രത്യക്ഷപ്പെടുന്നത്. 'നിറഞ്ഞ കോടതിയിലെ ഇടുങ്ങിയ നടവഴിയിലേക്ക് എടുത്തു ചാടുന്ന'

(പുറം:76) എലേ റ്റ് ഓഫീസറുടെ പട്ടി നീതിമണ്ഡപത്തിലേക്കാണ് പ്രവേശിക്കുന്നത്. നീതിപീഠം കൈ- ാളുന്ന അധികാരത്തിന്റെ ക്രൗര്യതയെ ദ്യോതിപ്പിക്കുന്നതിനായാണ് 'പട്ടി' എന്ന രൂപകത്തെ നോവലില് ഇവിടെ ഉപയോഗിക്കുന്നത്. അസത്യത്താലും അകൃത്യത്താലും കോടതിയെ കബളിപ്പിക്കുന്ന മധുവിന്റെ കാൽക്കീഴിലാണ് പട്ടി ചെന്നുകിടക്കുന്നത് എന്നത് ശ്രദ്ധേയമാണ്. 'അവളുടെ കറുത്ത ചെരുപ്പുകൾ നക്കിത്തുടച്ച്'(പുറം:76) എന്ന് പറയുന്നതിലൂടെ ജാത്യധികാരത്തിനു കീഴടങ്ങുന്നതാണ് സാമൂഹികാധികാരം എന്നതാണ് സൂചന. കൂടാതെ അക്കാദമികവും കൗടിതികവുമായ എല്ലാ സ്ഥാനങ്ങളും ജാതിക്കും മേൽക്കോയ്മകൾക്കും സവർണ്ണ അധികാരങ്ങൾക്കും പട്ടിയെപ്പോലെ കീഴടങ്ങുന്നുവെന്ന ഇന്ത്യൻ സമൂഹത്തിന്റെ ശക്തമായ വിമർശനാത്മക ചിത്രമാണ് കോവിലൻ ഈ സൂചനയിലൂടെ വെളിപ്പെടുത്തുന്നത്. യഥാർത്ഥത്തിൽ പട്ടി മുരളുന്നതും കുരയ്ക്കുന്നതും ശരിയായ പ്രതിയെ തിരിച്ചറിഞ്ഞതിന്റെ സൂചനയാണ് മധുവിലേയ്ക്ക് തിരിയേണ്ടിയിരുന്ന ആ സൂചനയെ മധു തട്ടിമാകേയും പട്ടി, ഭരതന്റെ നേർക്ക് തിരിയുകയും ചെയ്യുന്നു. നേരും നീതിയും മനസ്സിലാക്കിയാകും അപരാധികൾക്കു പകരം നിരപരാധികളെ ശിക്ഷിക്കുന്ന അധികാരസ്ഥാപനമാണ് കോടതിയെന്ന് നോവൽ സൂചന നൽകുന്നു. ഭരതൻ മരിക്കുന്നതുവരെ പട്ടിയുടെ കോമ്പല്ലുകൾ അയാളുടെ കഴുത്തിൽ ആഴ്ന്നിറങ്ങുന്നു. അധികാരത്തിന്റെ ഹിംസാത്മകത അപരാധിയുടെ മരണത്തോടെ പൂർണ്ണമാകുന്നു. നീതിയ്ക്കായുള്ള സംഘർഷങ്ങളിൽ ക്രൂരമായി വധിക്കപ്പെടുന്ന ഇന്ത്യൻ നിസ്വസമൂഹത്തിന്റെ പ്രതിനിധിയായി ഭരതൻ എന്ന കഥാപാത്രം നിലകൊള്ളുന്നു. 'ഭരണകൂടത്തിന്റെ പ്രത്യയശാസ്ത്രപരമായ മർദ്ദക ഉപകരണങ്ങളിലൊന്നായി കോടതി മാറുന്നുയെന്ന്' (1.1.2ൽ ഇത് വിശദീകരിച്ചിട്ടുണ്ട്) അൽത്ത്യൂസറിന്റെ ചിന്ത ഇതിലൂടെ വ്യക്തമാകുന്നു. ഹിംസാത്മകതയിലൂടെ കോടതിയുടെ അധികാരം വ്യാപിക്കുന്നതിന്റെ നേർക്കാഴ്ചയായി 'ഭരതൻ' മാറുന്നു.

നോവലിൽ പ്രയോഗിക്കുന്ന ക്രൈസ്തവ ബിംബങ്ങളെയും കോടതിയുടെ അധികാരവുമായി കൂട്ടിവായിക്കാവുന്നതാണ്. ക്രിസ്തുവിനെതിരെ കള്ളസാക്ഷ്യം പറയുമ്പോഴും അന്യായമായി പീഢിപ്പിക്കുമ്പോഴും ക്രിസ്തു മറിച്ചൊന്നും പറയുന്നില്ല. എല്ലാ സഹനങ്ങളും ഏറ്റുവാങ്ങി ലോകരക്ഷകനായി കുരിശിൽ മൂ ങ്ങിമരിക്കുന്ന ക്രിസ്തുവിനോടാണ് എഴുത്തുകാരൻ ഭരതനെ ഉപമിക്കുന്നത്. സത്യമറിയുന്ന ക്രിസ്തുവിന്റെ നിശബ്ദസഹനവും നിരപരാധിത്വം തെളിയിക്കാൻ കഴിയാത്ത ഭരതന്റെ നിസ്സഹായതയും ഒരുമിച്ച് പ്രതീകവൽക്കരിക്കുന്നതിലൂടെ മനുഷ്യനീതിപീഠങ്ങളുടെ അപഹാസ്യതയും പരിമിതിയുമാണ് കോവിലൻ ശക്തമായി വിമർശിക്കുന്നത്. ഇവിടെ സാമൂഹികത്വ നിസ്വതയെ ക്രിസ്തുബിംബത്തിലൂടെ പ്രതീകവൽക്കരിക്കുമ്പോൾ ഭാഷ ബിംബഭാഷയുടെ

അനന്തമായ സാധ്യതകളിലേക്ക് തിരിയുന്നു. ഡികൺസ്ട്രക്ഷനിലൂടെ ക്രിസ്തുവിനും ഭരതനും ക്യ ക്യപ്പെടുകയും ചരിത്രത്തിന്റെ അനീതി നിറഞ്ഞ നീതിന്യായകോടതി പ്രതീകവൽക്കരിക്കുകയും ചെയ്യുന്നു. അന്യായമായി, തന്നെ വിചാരണ ചെയ്യുന്ന കോടതിയ്ക്കു മുമ്പിൽ പ്രതികരിക്കാനാവാതെ അധികാരത്തിന്റെ കൂർത്തപല്ലുകൾക്ക് കീഴടങ്ങുകയാണ് ഭരതൻ.

അധികാരസ്ഥാപനത്തിന്റെ പ്രതാപത്തോടെയുള്ള നിലനിൽപ്പിനുവേണ്ടി നിഷ്കളങ്കനായ യുവാവിന്റെ രക്തം ചിന്തപ്പെടുമ്പോൾ കോടതിയിലുള്ള ആരും തന്നെ അതിനെതിരെ ശബ്ദമുയർത്തുന്നില്ല. ഭരതൻ പ്രസിദ്ധീകരിക്കപ്പെടുന്ന 1976 എന്നത് അടിയന്തിരാവസ്ഥയുടെ രൂക്ഷതയിൽ ഇന്ത്യൻ പൗരബർ പ്രതികരണശേഷി നവ പ്പെട്ട് അധികാരത്തിന് കീഴടങ്ങിയിരുന്ന കിരാതകാലമായിരുന്നു എന്നത് ഏറെ ശ്രദ്ധേയമായ കാര്യമാണ്. സത്യവും നീതിയും മൗനത്തിലാണ്ട ഈ ഇന്ത്യൻ ദുരന്തമാണ് ഭരതനെന്ന നോവലിലൂടെ കോവിലൻ കുട്ടിവായിക്കുന്നത്. ഭരതന്റെ സത്യാവസ്ഥ വെളിപ്പെടുത്താൻ കഴിയാത്ത നിസ്സഹായതയും സത്യമറിയുന്നവന്റെ നിശബ്ദതയും അധികാരത്തിന്റെ 'കറുത്ത ചെരുപ്പി' (കോവിലൻ, 2022:76) നുള്ളിൽ കുടുങ്ങിപ്പോയതാണ് എന്ന് കോവിലൻ വ്യക്തമാക്കുന്നു. പട്ടി ഈ ഹിംസാത്മകത പിന്തുണയ്ക്കുന്ന വിധേയത്വത്തിന്റെ പ്രതീകം മാത്രമാകുന്നു. നിശബ്ദരാകേണ്ടി വരുന്ന അടിമകളെ കൊണ്ടാണ് അധികാരിവർഗ്ഗം ഹിംസാത്മകമായ ഭരണം നടത്തുന്നത്. അതുകൊണ്ടാണ് നിരവധി പട്ടികളിൽ ഒരു പട്ടിയാണ് ഭരതൻ എന്ന് എഴുത്തുകാരൻ എടുത്തുപറയുന്നത്. ഇവിടെ ഭാഷ അധികാരത്തിനു കീഴടങ്ങുകയും വിധേയത്വം സ്വന്തം ജീവിതരീതിയാണെന്ന് അടിമ, ഭാഷയിലൂടെ സ്വന്തം സ്വത്വത്തെ തിരിച്ചറിയുകയും ചെയ്യുന്നു.

അടിയന്തിരാവസ്ഥക്കാലത്ത് ഇന്ത്യൻ ജനതയുടെ പൗരസ്വാതന്ത്ര്യം നിഷേധിക്കപ്പെടുകയും നൈതികപരമായ അടിമത്തം നേരിടുകയും ചെയ്തിരുന്നു എന്നതിന്റെ സൂചനകൾ നോവൽ അവതരിപ്പിക്കുന്നു. പി. മണികണ്ഠന്റെ അഭിപ്രായത്തിൽ 'അടിയന്തിരാവസ്ഥ കൈയാളിയ രാഷ്ട്രീയാധീശത്വത്തിന്റെ ഹിംസാത്മകത ഗണ്യമായ ഭാഷാദർശനങ്ങളിലൂടെയും ചരിത്രാവബോധത്തോടെയും അവതരിപ്പിച്ച കൃതി ഭരതനാണ്' (2011:152) കോടതി വിചാരണ വേളയിൽ ഭരതൻ അനുഭവിക്കുന്ന മാനസികസംഘർഷങ്ങളെ അടിയന്തിരാവസ്ഥാക്കാലത്ത് ഇന്ത്യൻ ജനത നേരിട്ട മാനസികസംഘർഷങ്ങളുമായി എതിർനില ചേർക്കുകയാണ് കോവിലൻ ചെയ്യുന്നത്. ജനാധിപത്യത്തിന്റെ സ്വതന്ത്രവും ജനകീയവുമായ നീതിന്യായ വ്യവസ്ഥയുടെ പ്രതീകമായിരിക്കേണ്ട കോടതി നോവലിൽ അടിയന്തിരാവസ്ഥയുടെ സംഘർഷരൂപമായി മാറുന്നു. 'പെട്ടെന്ന് ഭരതൻ തിരിത നോക്കാൻ മുതിർന്നു. നിന്നനിൽ പ്പിൽ ീ ട്ടുങ്ങി.തോക്കുകൾ ഒന്നുപോലെ വിലക്കി.ഹിലോ മത് സാള്ളേ ദേഖ: തലനാരിഴയ്ക്ക്

തന്റെ കA കൾ രക്ഷപ്പെട്ടു എന്ന് ഭരതൻ സന്തോഷിച്ചു. ഒരു ഭീ ാടിയ്ക്ക് വാൽക്കA കളിലേയ്ക്കുയർന്ന ബയനകേളുടെ വിഷതീ2 ങ്ങളായ മുനകൾ കവിളിൽ വരത കയറിയേടത്ത് അയാൾക്കൽപം നീറി, സാരമാക്കാനില്ല, ഉറുമ്പുകടിച്ചപോലെ, പക്ഷേ, കൃഷ്ണമണികൾ രക്ഷപ്പെട്ടു ഈശ്വരാ, എനിക്ക് നല്ല ശീലം തോന്നണേ, നീതിക്കും നിയമത്തിനും നിരക്കുന്നതുപോലെ ി ാൻപെരുമാറേണമേ' (കോവിലൻ, 2022:64) എന്ന ഭരതന്റെ വിലാപം അടിയന്തിരാവസ്ഥക്കാലത്ത് ഓരോ ഇന്ത്യൻ പൗരനും അനുഭവിച്ച സ്വാതന്ത്ര്യനിഷേധങ്ങളെ ചിത്രീകരിക്കുകയാണ്. അടിയന്തിരാവസ്ഥയുടെ ഭീഷണകാലത്തും അതിനുമുമ്പും ദൽഹി ر ر .ടിയിൽ അരങ്ങേറിയ യഥാർത്ഥസംഭവങ്ങളാണ് കോവിലൻ, ഭരതൻ എന്ന നോവലിൽ പ്രതിപാദിക്കുന്നത് എന്ന് പി.മണികണ്ഠൻ 'വിൾ ികളുടെ രക്തവും കോടതി രഹസ്യവും' എന്ന ലേഖനത്തിൽ അഭിപ്രായപ്പെടുന്നുണ്ട് (പി.മണികണ്ഠൻ, 2011:150) .അധികാരരാഷ്ട്രീയത്തിന്റെ അധീശത്വം മൂലം ധാർമ്മിക സംഘർഷങ്ങൾ അനുഭവിക്കുന്ന സാധാരണ ജനങ്ങളുടെ ജീവിതാവസ്ഥകളെയാണ് ഭരതൻ എന്ന നോവൽ പ്രമേയമായി സ്വീകരിക്കുന്നത്. ആധുനിക ഭരണകൂടത്തിന്റെ ഭാഗമായ നീതിന്യായവ്യവസ്ഥയുടെ ആന്തരികധർമ്മച്യുതികളെയാണ് ഇതിലൂടെ തുറന്നുകാട്ടുന്നത്.

നോവലിൽ ആവിഷ്കരിച്ചിരിക്കുന്ന മറ്റൊരു ക്രിസ്തീയബിംബം കന്യകാമറിയത്തിന്റെതാണ്. 'നെഞ്ചിൽ കൈ അടക്കി കുരിശിലേക്ക് നോക്കുന്ന അലോത്ഭവ മാതാവിനെ പോലെയാണ് കോടതിയിൽ മധു നിൽക്കുന്നത്' (കോവിലൻ, 2022:76) എന്ന് എഴുത്തുകാരൻ പറയുന്നു. ഇവിടെ അമലോത്ഭവ എന്ന പദം കൃത്യമായി വ്യംഗ്യാർത്ഥ സൂചനയോടുകൂടിയാണ്. ഉത്ഭവപാപമില്ലാത്തവൾ എന്നാണ് അമലാത്ഭവ എന്ന വാക്കിനർത്ഥം. ശ്രൂരമായ ഒരു കൊലപാതകം ചെയ്ത മധുവിനെ അമലോത്ഭവയോട് ഉപമിക്കുന്നതിലൂടെ അധികാരത്തിന്റെ വ്യംഗ്യ മുഖങ്ങളെ നോവൽ വെളിപ്പെടുത്തുന്നു. സത്യത്തിന്റെ പരി" ദ്ധിയെയും ക്രൗര്യത്തിന്റെ അ" ദ്ധിയെയും ഭാഷയിലൂടെ ഒരുമിപ്പിച്ചുകൊണ്ട് മധുവിന്റെ ശ്രൂരതയും ചരിത്രപരമായി സ്ത്രീകളനുഭവിക്കുന്ന അനീതിക്കെതിരെ നിൽ ഉങ്കപ്രതികാരം ഉയർത്തുന്ന എഴുത്തുകാരന്റെ നീതിബോധം അറിയാതെ ലയിച്ചുചേർന്നതാണ് ഈ പ്രതീകം.

വിദ്യാസമ്പന്നയായിത്തീരുന്ന പെൺകുട്ടിക്ക് ചെറുപ്പത്തിലേ സാമൂഹികാചാരങ്ങളിലൂടെ ലഭ്യമാകുന്ന ഭർതൃസ്ഥാനത്തിന്റെ അധികാരത്തിൽ നിന്നും മോചനമില്ലാത്ത ഇന്ത്യൻ വ്യവസ്ഥയാണ് മധുവിന്റെ ശ്രൂരതയെ സാധൂകരിക്കുന്നത്. ഇവിടെ എഴുത്തുകാരൻ തന്റെ രചനാസങ്കേതം ഉപയോഗിച്ച് മധുവിന്റെ ചിത്രത്തെ അമലോത്ഭവ മാതാവിന്റെ ചിത്രമായി പരിണമിപ്പിക്കുന്നത് പാപമില്ലാതെ ജനിച്ചവളെ പാപിയാക്കുന്ന

സാമൂഹികനീതിയെ വിമർശിക്കാനും അതിൽനിന്നും വിമോചനം നേടാൻ മധു കണ്ടെത്തിയ മാർഗ്ഗത്തിന്റെ മനുഷ്യത്വരഹിതമായ ക്രൗര്യത്തെ തുറന്നുകാട്ടാനും ഈ ആഖ്യാനം അതിശക്തമാകുന്നു. കോവിലന്റെ ഭാഷയുടെ ഗണ്യാത്മക സാംസ്കാരിക വിമർശനത്തിന്റെ സൂക്ഷ്മമാപിനിയായിത്തീരുന്നതിനു ഉദാഹരണമാണ് ഈ ഭാഗം. മധുവിന്റെ സാമൂഹികമായ നിസ്സഹായത ക്രൂരമായ കൊലപാതകത്തിലവസാനിക്കുകയും പിടിക്കപ്പെടുമെന്നായപ്പോൾ താഴ്ന്നജാതിയിലും സാമൂഹികപദവിയിലുമുള്ള ഭരതനിലേക്ക് കുറ്റമാരോപിക്കുകയും ചെയ്യുന്ന മേലാളതന്ത്രമാണ് ഇവിടെ പ്രയോഗിക്കുന്നത്.

### 4.1.6 ഭരതനിലെ സാംസ്കാരിക വ്യവഹാരങ്ങൾ

ആധുനിക സാംസ്കാരപഠനത്തിന്റെ വിവിധതലങ്ങളായ ജാതി വ്യവഹാരത്തെയും സവർണ്ണാധിപത്യ സാമൂഹ്യ വ്യവഹാരങ്ങളെയും വിദ്യാഭ്യാസ- തൊഴിൽ വ്യവഹാരങ്ങളെയും ഭരതൻ എന്ന നോവലിനെ മുൻനിർത്തി സൂക്ഷ്മവിശകലനം ചെയ്യുകയാണ് തുടർന്നുള്ള ഭാഗങ്ങളിൽ.

#### 4.1.6.1 സവർണാധിപത്യവും സാമൂഹികവ്യവഹാരവും 'ഭരതനി'ൽ

നോവലിലെ ന്യായാധിപന്റെ കഥാപാത്രത്തെ അപഗ്രഥിക്കുന്നിടത്താണ് ഭരതനിലെ കോടതിയുടെ സവർണമനോഭാവം വ്യക്തമാകുന്നത്. ഇന്ത്യൻ കോടതികളിൽ അന്നും ഇന്നും ഏറ്റവും വിവാദമാകുന്ന അനീതിയാണ് ജാതിബോധം. കോടതിവിചാരണയ്ക്ക് മുമ്പ് തന്നെ ജഡ്ജി സ്വയം പരിചയപ്പെടുത്തുന്ന രംഗമുണ്ട്. താനൊരു നായർ കുടുംബത്തിലെ അംഗമാണെന്നും ബ്രാമ ണാൾ ഹോട്ടലിന്റെ ഉടമസ്ഥനാണെന്നും പറത കൊണ്ട് തന്റെ സ്വത്തു വിവരങ്ങളെക്കുറിച്ചും ആത്മീയയാത്രകളെക്കുറിച്ചും അയാൾ വിവരിക്കുന്നു. ഇന്ത്യൻ ബ്രാമ ണിക പാരമ്പര്യത്തിന്റെ അധീശത്വത്തെ ഉപജീവിച്ചാണ് താൻ വിചാരണ നടത്താൻ ഉദ്ദേശിക്കുന്നത് എന്ന സൂചനയാണ് ഇതിൽ നിന്നും ലഭിക്കുന്നത്. 'ne ടെ ലക്ഷ്യം സർവഥാ ലളിതമാകുന്നു, നിലനിർത്തണമോ, നിലനിർത്തുക വരുന്ന അനധു വർഷത്തേക്കെങ്കിലും നീതിന്യായ വ്യാവഹാരങ്ങളിൽ സാരമായ വ്യതിയാനങ്ങളൊന്നും ഇവിടെ വരാൻ പാടില്ല'. (പുറം:66) എന്ന് പറത കൊണ്ടാണ് അമ്പി തന്റെ വാക്കുകൾ അവസാനിപ്പിക്കുന്നത്. ഫ്യൂഡൽവ്യവസ്ഥിതിയിൽ നിന്ന് മുതലാളിത്തവ്യവസ്ഥിതിയിലേക്ക് ഇന്ത്യൻ കോടതിക്രമം മാറ്റിയെങ്കിലും ഇന്നും ആധുനിക നീതിന്യായവ്യവസ്ഥയിൽ സവർണബോധങ്ങൾ കുടികൊള്ളുന്നുവെന്ന് നോവൽ വെളിപ്പെടുത്തുന്നു. സമകാല ഇന്ത്യൻ പശ്ചാത്തലത്തിൽ ഈ ചിന്ത വളരെ

പ്രസക്തമാണ്. നൂറ്റാണ്ടുകൾ പഴക്കമുള്ള സ്മൃതി നിയമങ്ങളിലേക്കും ബ്രാമ ണിക്കൽ ഇന്ത്യൻ പാരമ്പര്യങ്ങളുടെ ജഡതയിലേക്കും കോടതി തിരിച്ചുപോകുന്ന ദുരന്തമാണ് ഇന്ന് ഇന്ത്യയിൽ കാണുന്നത്.

മധു ചതുർവേദിയെ കോടതിവിചാരണയിൽ അവതരിപ്പിക്കുന്നിടത്തും സവർണപ്രയോഗങ്ങൾ കാണാവുന്നതാണ്. 'ഭവതി എന്തുകൊണ്ടാണ് ഇത്ര വൈകിയത്ന കോടതി ഭവതിയെ എക്കാലത്തും പ്രതീക്ഷിക്കുകയായിരുന്നു. എന്തുകൊണ്ടാണ് ഭവതി പിന്നിൽ സന്ദേഹിച്ചു നിൽക്കുന്നത്നഭവതിയുടെ കസേര ഇതാ ഒഴിത കിടക്കുന്നു - വരൂ, നീതിമണ്ഡപത്തെ അലങ്കരിക്കൂ. ഭവതിയ്ക്കും കോടതിയ്ക്കും നീതി ലഭിക്കുമാറാകട്ടെ. ആര്യയ്ക്കു വേണ്ടിയാണ് ജനകീയ കോടതി നീതി തേടേണ്ടത്' (പുറം:71) എന്നിങ്ങനെയുള്ള കോടതിയുടെ ഭാഷണങ്ങൾതന്നെ ഈ സവർണതയ്ക്ക് ഉദാഹരണമാണ്. 2002 ലെ : ജറാത്ത് കലാപത്തിനിടെ നിഷ്ഠമായി പീഡിപ്പിക്കപ്പെട്ട ബിൽക്കീസ് ബാനു എന്ന മുസ്ലീം യുവതിക്ക് അനീതി ലഭിച്ച കാലത്തു നിന്നുകൊണ്ടാണ് മധു ചതുർവേദി എന്ന സ്ത്രീയുടെ കള്ളസാക്ഷ്യത്തിനു ലഭിക്കുന്ന സ്വീകാര്യത ചർച്ചയാകുന്നത്. സ്ത്രീകൾക്ക് പ്രത്യേക പരിരക്ഷയും തുല്യനീതിയും ഉറപ്പാക്കേണ്ട ഇന്ത്യൻ കോടതികളിൽ ജാത്യധി ിതമായി നീതി നടപ്പാക്കുന്നതിന്റെ സൂചന നോവൽ നൽകുന്നു. കിഷൻലാലെന്ന യുവാവിനെ ശ്രമമായി കൊല്ലുകയും ആ കുറ്റം ഭരതനുമേൽ കെട്ടിവെയ്ക്കുകയും കൂടാതെ ഭരതൻ തന്നെ ബലാത്കാരം ചെയ്തുവെന്നും കള്ളസാക്ഷി പറയുന്ന കഥാപാത്രമാണ് മധുവിൻറേതെന്ന് കോടതിയ്ക്കറിയാമെങ്കിലും മധുവിനെ 'ആര്യ' എന്നാണ് അഭിസംബോധന ചെയ്യുന്നത്. ഈ കഥാപാത്രത്തിന് കോടതി നൽകുന്ന ശ്രേ ത കോടതിയുടെ സവർണബോധങ്ങളെ വെളിപ്പെടുത്തുന്നു. ഇന്ത്യൻ കോടതികളിൽ ഇന്ന് വിവാദമായിക്കൊണ്ടിരിക്കുന്ന ജാതിബോധം എന്ന അനീതിയെ ദീർഘദർശനം ചെയ്ത ഒരു എഴുത്തുകാരനാണ് കോവിലൻ എന്നു നമുക്ക് അഭിമാനപൂർവ്വം അനുമാനിക്കാം.

### 4.1.6.2 വിദ്യാഭ്യാസ-തൊഴിൽ വ്യവഹാരങ്ങൾ

 .റ്റി എന്ന വിദ്യാഭ്യാസത്തിന്റെ പരമോന്നത ഇടത്തിലാണ് കഥ അരങ്ങേറുന്നത്. തെചെയ്യുന്നവരും അല്ലാത്തവരുമെല്ലാം .റ്റിയിലെ ഉന്നതമായ തൊഴിൽ-വിദ്യാഭ്യാസ-സാങ്കേതിക മേഖലയിലാണ് പ്രവർത്തിക്കുന്നത്. ഭരതൻ, കിഷൻലാൽ, യോഗേശ്വർ പ്രസാദ് എന്നിങ്ങനെ വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്നവരും തൊഴിൽപരമായി സമൂഹത്തിന്റെ ഏറ്റവും താഴെത്തട്ടിൽ ജീവിക്കുന്നവരും ഈ മഹാസ്ഥാപനത്തിൽ സ്വജീവിതം തേടിയാണ് എത്തിയത്. എന്നാൽ ഉന്നതകുലജാതരും ഉയർന്ന വിദ്യാഭ്യാസവും തൊഴിലുമുള്ളവരുമായ മനുഷ്യരെ മാത്രം പരിഗണിക്കുന്ന ഈ ഒ ഹദ്സ്ഥാപനം ജാതി-

മത അതീതമായ യൂറോപ്യൻ വിദ്യാഭ്യാ സത്തിന്റെ സംഭാവനയാണ് എന്നതാണ് ഇവിടുത്തെ വൈരുദ്ധ്യം. അടിയന്താവസ്ഥക്കാലത്തും, ആധുനികകാലത്തും ഈ ജാതി-മത വിഷം ഇന്ത്യയിലെ മഹാകലാശാലകളെ തീണ്ടിയിരുന്നു എന്നത് ഇന്ത്യൻ സാമൂഹിക ദുരന്തങ്ങളെ കൂടുതൽ പ്രശ്നവൽക്കരിക്കുന്നു. ഉന്നതവിദ്യാഭ്യാസം കൊണ്ടുപോലും ജാതിയുടെയും മതത്തിന്റെയും വേർത്തിരിവുകളെ അതിജീവിക്കാൻ ഇന്ത്യൻ ജനതയ്ക്കു കഴിയുന്നില്ല എന്ന യാഥാർത്ഥ്യത്തെയാണ് കോവിലൻ വൈരുദ്ധ്യാത്മകമായ ഈ ഭാഷാസൂവിയിലൂടെ വിമർശിക്കുന്നത്.

ജാതി, വിദ്യാഭ്യാസം, തൊഴിൽ എന്നിങ്ങനെയുള്ള സാമൂഹിക സാംസ്കാരിക അധീശത്വങ്ങളിലൂടെയും ഭാഷാപരമായ അധികാരഘടനയിലൂടെയും അടിച്ചമർത്തപ്പെട്ട ഇന്ത്യൻ ജനതയുടെയും പ്രത്യേകമായി അടിയന്തരാവസ്ഥകാലത്തിലെ ഇന്ത്യൻ ജനവിഭാഗങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടും കോവിലൻ നടത്തുന്ന സാമൂഹിക വിമർശനമാണ് ഭരതൻ എന്ന കൃതി. ൃ .ൃ .റ്റി എന്ന സ്ഥാപനവും കോടതി എന്ന നീതിന്യായസംവിധാനവും ഇന്നും ഇന്ത്യയിൽ ജാതി-മത കേന്ദ്രിത ശ്രേണീകരണങ്ങളെ പ്രോ്വ ാഹിപ്പിക്കുന്നു എന്നതിനാൽ ഭരതനിലെ സാംസ്കാരിക വിമർശനപഠനം ഏറെ പ്രസക്തമാണ്.

ഇന്ത്യൻ സമൂഹത്തിൽ ഇന്നും പ്രസക്തമായ ജാതികേന്ദ്രിതപ്രശ്നങ്ങളെ തുറന്നുകാണിക്കുന്ന ശക്തമായ ആഖ്യാനമാണ് ഭരതൻ. ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിലും ഉയർന്ന നീതിപീഠ സാന്നിദ്ധ്യത്തിലും ദുർബലരാക്കപ്പെടുന്ന നിസ്വജനതയുടെ ദയനീയമായ ചിത്രണം ഇതിൽ സമർത്ഥമായി നിർവ്വഹിച്ചിട്ടുണ്ട്. ഉന്നജാതിയിൽപ്പെടുന്നവർ സദാചാരലംഘനവും മോഷണവും പോലെയുള്ള വലിയ സാമൂഹിക തിന്മകൾ ചെയ്യുമ്പോഴും ആ കുറ്റകൃത്യങ്ങളെ മറയ്ക്കാനും അതിന്റെ ഉത്തരവാദിത്തം ദളിതരിലും സമൂഹത്തിലെ പാർശ്വവത്ക്കരിക്കപ്പെട്ടവരിലും പഴിചാരാനും അവരെ ഭാഷാപരമായി അധിക്ഷേപിക്കാനും മേൽജാതി ഇന്നും സ്വാതന്ത്ര്യം കാണിക്കുന്നു എന്നതിന് വിമർശനാത്മകമായി അവതരിപ്പിക്കുവാൻ എഴുത്തുകാരന് സാധിച്ചിട്ടുണ്ട്. ഭരണകൂടവ്യവസ്ഥയെ പിൻതാങ്ങുന്ന നീതിന്യായകോടതികളുടെ ആന്തരികധർമ്മച്യുതികളെ സൂക്ഷ്മമായി അവതരിപ്പിക്കാൻ ഈ നോവലിന് കഴിഞ്ഞിട്ടുണ്ട്.

4.2 'ഗോവർധന്റെ യാത്രകൾ'

നീതി, അധികാരം, കോടതി എന്നിവയെ ചരിത്രബോധത്തോടെ പിൻതുടരുന്ന കൃതിയാണ് ആനന്ദിന്റെ 'ഗോവർധന്റെ യാത്രകൾ'. കാലാകാലങ്ങളിൽ മനുഷ്യൻ അനുഭവിക്കുന്ന നീതിനിഷേധത്തിന്റെയും നിസ്സഹായതയുടെയും കഥപറയാനാണ് ആനന്ദ് ഈ നോവലിലൂടെ ശ്രമിക്കുന്നത് നോവലിന്റെ ആമുഖത്തിൽ അതെഴുതുവാനുണ്ടായ സാഹചര്യം ആനന്ദ് വ്യക്തമാക്കുന്നു. ഉത്തരഭാരതത്തിലെ മുഫസ്സൽ പട്ടണങ്ങളിൽ പാർപ്പുറപ്പിച്ചിരുന്ന മനുഷ്യരും അവരെ ചുറ്റിപ്പറ്റി വളർന്നുവന്ന കഥകളുമാണ് തന്റെ ശ്രദ്ധയെ ഏറ്റവും അധികം ആകർഷിച്ചതെന്ന് അദ്ദേഹം വെളിപ്പെടുത്തുന്നു. ദൂരെയുള്ള ഗ്രാമങ്ങളിൽനിന്ന് നീതി കാത്ത് അധികാര കേന്ദ്രത്തിലെത്തി അവിടെ തമ്പടിച്ചു കൂടിയിരിക്കുന്നവരും അവരുടെ സാക്ഷികളും സഹായികളുമായി ഒരു വലിയ സമൂഹം തന്നെ ആ പട്ടണങ്ങളിലെ ഓരോ കച്ചേരിവളപ്പിലും കുടിയേറുകയും അവരുടെ കൊടുക്കൽ വാങ്ങൽ ജീവിതത്തിലൂടെ ക്രമേണ ആ പ്രദേശങ്ങൾ നഗരങ്ങളായി മാറുകയും ചെയ്യുന്ന നഗര വൽക്കരണപ്രക്രിയയെ ആനന്ദ് വിവരിക്കുന്നുണ്ട്. ഈ അധികാരകേന്ദ്രങ്ങൾ കോടതികളായും നഗരകേന്ദ്രമായും മാറുന്നതാണ് ചരിത്രം. 'നീതിന്യായത്തിന്റെ വളർച്ചയുടെ ഫലമായി കോടതികൾ ഉണ്ടായതോടൊപ്പം തന്നെ, നീതി പ്രതീക്ഷിച്ചിരിക്കുന്നവരുടെ ഒരു സമൂഹവും അവയെ ചുറ്റിപ്പറ്റി ഉണ്ടായി ട്ടുണ്ടാകണം. കെട്ടിടങ്ങളും ഫയലുകളും വക്കീലന്മാരും കോടതികളെ സഹായിക്കുവാനായി ഉണ്ടായപ്പോൾ, നീതി കാത്തിരിക്കുന്നവരുടെ ആവശ്യങ്ങൾക്കായി കോടതിവളപ്പുകളിൽ ചന്തപ്പുരകൾ പൊന്തി വന്നു. അവർക്ക് ഭക്ഷിക്കുവാൻ ഭക്ഷണശാലകൾ, പഴകുന്ന ഉടുപ്പുകൾ മാറ്റാൻ തുണിക്കടകൾ, വളരുന്ന മുടി വെട്ടാൻ ബാർബർ ഷോപ്പുകൾ, കൊഴിയുന്ന പല്ലുകൾ എടുത്തുകളയാൻ ദന്തവൈദ്യന്മാർ, ചെരുപ്പുകുത്തികൾ, കൈനോട്ടക്കാർ, ട്രാൻസിലർ കടകൾ, എലിവിഷം കൊണ്ടുനടന്നു വിൽക്കുന്നവർ' (ആനന്ദ്, 2018:5) എന്നിങ്ങനെ കോടതിവളപ്പുകളിൽ കാണുന്ന ഈ ബസാറുകളെ, കോടതിയെന്ന സ്ഥാപനത്തിലെ പോലെത്തന്നെ നീതിക്കു വേണ്ടിയുള്ള കാത്തിരിപ്പിലും ഒരുതരം ശാശ്വതത്വത്തിന്റെയും കാലാതീതതയുടെയും പാറ്റേൺ നെയ്തുചേർക്കുന്നതായി ആനന്ദിന് തോന്നി. 'നീതി കാത്തിരിക്കുന്നവനെയും, അവന്റെ നീതി അപഹരിക്കുന്നവനെയും ചുറ്റിയുണ്ടായ പ്രതിഭാസങ്ങളല്ലേ നമ്മുടെ നഗരങ്ങൾ?'(പുറം:5). എന്നദ്ദേഹം നോവലിൽ ആരംഭത്തിൽ ചോദിക്കുന്നു. നീതിനിഷേധിക്കപ്പെട്ടവരുടെ സമൂഹവും നീതി നടപ്പിലാക്കുന്ന അധികാരിവർഗ്ഗങ്ങളുടെ സമൂഹവുമാണ് ലോകവ്യവസ്ഥിതികളെ രൂപപ്പെടുത്തുന്നത് എന്ന് അദ്ദേഹം പറയുന്നു.

ബ്രിട്ടീഷ്കമ്പനിയ്ക്കുവേണ്ടി കോടതി ഏർപ്പെടുത്തിയ ഹെന്റി റ്റ ാച്ചിയും തോമസ് മൺറോവും കേണൽ വാക്കറും അപരിt തമായ ഇന്ത്യൻ നീതിവ്യവസ്ഥയെയും, നീതിപ്രദാനംചെയ്യുന്നതിന് പകരം കോടതികളെ സമീപിക്കുന്നതിൽ നിന്നുതന്നെ നിരു ാഹപ്പെടുത്തുവാൻ ഉന്നംവയ്ക്കുന്ന കോടതിമുറികളെയും, നീതി തേടാൻപോലും കഴിയാത്ത നിസ്സഹായരായ ബന്ധുശതം ഇരകളെയും നിരീക്ഷിച്ച് ഇന്ത്യൻ കോടതികളുടെ കുപ്രസിദ്ധമായ ന്യായവിളംബത്തിലേക്ക് ആധുനിക സമൂഹത്തിന്റെ ശ്രദ്ധ ക്ഷണിച്ചപ്പോൾ പുരാതനഭാരതീയ കാലബോധവും ചരിത്രബോധവും ഇല്ലാത്ത മനസ്സിലേക്കുംകൂടി കഥാകാരൻ പ്രവേശിച്ചതിന്റെ അനന്തരഫലമാണ് ഗോവർധന്റെ യാത്രകൾ എന്ന കൃതി. കാലങ്ങളായി കച്ചേരിപ്പറമ്പുകളിൽ നീതിതേടി അലയുന്ന മനുഷ്യരുടെ നിസ്സഹായതയുടെ ജൈവപ്രതീകമായ ഗോവർദ്ധനാണ് നോവലിലെ കേന്ദ്രകഥാപാത്രം. നാലാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട ഭാരതേർ ഹരിശ്ചന്ദ്രയുടെ 'അന്ധേർ നഗരിചൗപട് രാജാ' എന്ന പ്രഹസനത്തിലെ കഥാപാത്രമാണിയാൾ കാലത്തിലൂടെ നീതി തേടിയലയാൻ അയാളെ സ്വതന്ത്ര്യമാക്കുകയാണ് ആനന്ദ്. ഇതുവഴി ആധുനികമനുഷ്യന്റെ സ്വത്വസംഘർഷങ്ങളെ ചരിത്രവുമായി ബന്ധപ്പെടുത്തി വിചാരണ ചെയ്യുകയാണ് എഴുത്തുകാരൻ ചെയ്യുന്നത്.

വ്യവസായ വിപ്ലവത്തെത്തുടർന്നു വളർന്നു വികസിച്ച വിജ്ഞാനങ്ങളാണ് 'വ്യക്തി'ക്കു രൂപംനൽകിയത്. വ്യവിയും സമവിയുമായി ആധുനിക സമൂഹത്തിൽ വേർതിരിത നിാ ന്ന സാമൂഹികസ്വത്വത്തിൽ വ്യക്തി ശക്തമായി ഇടപെടുകയും തന്റെ അസ്തിത്വംകൊണ്ട് ലോകത്തെ പുനർനിർണയിക്കാൻ ശ്രമിക്കുകയും ചെയ്യുന്നത് ആധുനിക കാലത്തിലാണ്. അതുവരെ വിധിയുടെ വിളയാട്ടങ്ങൾക്ക് കീഴടങ്ങിയിരുന്ന കേവലസ്വത്വമായിരുന്നു മനുഷ്യൻ. ചരിത്രത്തിലൂടെ ഒഴുകുന്ന മനുഷ്യർക്ക് പകരം ചരിത്രത്തെ നിർണയിക്കുന്ന ആൾരൂപമായി അയാൾ വളരുന്നത് ആധുനികതയുടെ മനുഷ്യസങ്കല്പത്തിലാണ്. അസമത്വത്തിലധിി ിതമായ ഭൗതിക പുരോഗതി വ്യക്തിയെ സമൂഹത്തിനെതിരായി പ്രതിി ിച്ചു. 'മുകളിൽനിന്ന് താഴോട്ട് അധികാരം പ്രയോഗിക്കുന്ന ഭരണകൂടവും വശങ്ങളിൽനിന്ന് അധികാരം പ്രയോഗിക്കുന്ന സ്ഥാപനങ്ങളും ചേർന്ന് വ്യക്തിയെ ഏകാന്തമായ ദ്വീപുപോലെ ഏകാകിയാക്കി അങ്ങനെ, ഭാവി നവ പ്പെട്ട ഭൂതവും വർത്തമാനവും മാത്രമുള്ള മനുഷ്യന്റെ അസ്തിത്വമാണ് ചിന്തകനും എഴുത്തുകാരനുമായ ആനന്ദിന്റെ പ്രശ്നഭൂമിക' (ഷാജി ജേക്കബ്, 2001:11) അധികാരത്തിന്റെ വിവിധ വ്യവഹാരങ്ങളെ രചനാസങ്കേതമാക്കിക്കൊണ്ട് മാനവികതാബോധം നവ പ്പെട്ട വർത്തമാനകാലത്തെ അടയാളപ്പെടുത്തുകയാണ് ആനന്ദ് ചെയ്യുന്നത്.

#### 4.2.1. 'ഗോവർധന്റെ യാത്രകളി'ലെ കൊളോണിയൽ വ്യവഹാരങ്ങൾ

കൊളോണിയൽ നീതി അടിസ്ഥാനമാക്കിയാണ് ഗോവർധന്റെ യാത്രകളിലെ നീതി സങ്കല്പം ആരംഭിക്കുന്നത്. നീതി തേടിയലയാൻ കാലത്തിലേക്ക് ആനന്ദ് സ്വതന്ത്രമാക്കിയ ഗോവർധൻ എന്ന കഥാപാത്രം ആധുനിക കൊളോണിയൽ നീതിസങ്കൽപത്തിലേക്ക് എത്തുന്ന ചരിത്രവഴികളിലൂടെ നടക്കുന്നു. ചരിത്രത്തിന്റെ ഭൂമികയിൽ താൻ കണ്ടുമുട്ടിയ നീതിനിഷേധിക്കപ്പെട്ടവരും അധികാരം നടപ്പാക്കിയവരുമായ കഥാപാത്രങ്ങളിലേക്ക് പകർന്നാടിക്കൊണ്ട് ആധുനിക നീതിസങ്കൽപത്തിൽ അടിയുറച്ച് മനുഷ്യചരിത്രത്തെ വിമർശനവിധേയമാക്കുന്നു. അംധേർ നഗരി ചൗപട് രാജ എന്ന പ്രഹസനത്തിലെ മുഖ്യകഥാപാത്രമായ ഗേവർധൻ കുരുക്കിനു പാകമായ തന്റെ കഴുത്ത് രക്ഷിക്കാൻ വേണ്ടിയാണ് ഒളിവിൽ പോകുന്നത്. കട്ടവനെ കിട്ടിയില്ലെങ്കിൽ കിട്ടിയവനെ പിടിക്കുന്ന ആധുനിക നീതിവിചാരമാണ് ഗോവർധന്റെ യാത്രകൾക്ക് നിദാനമായത്. ചരിത്രത്തിലും സാഹിത്യത്തിലും കണ്ടുമുട്ടിയ നീതി നിഷേധിക്കപ്പെട്ട മനുഷ്യരുടെ നൈതിക തിരിച്ചറിവുകളായി അതാതു കാലഘട്ടങ്ങളെ പ്രശ്നവൽക്കരിക്കുന്നത് കൊളോണിയൽ ആധുനികതയുടെ നീതിശാസ്ത്രങ്ങളെ മുൻനിർത്തിയാണ്. കെപ്ലറും ഗലീലിയോയും തങ്ങളുടെ ദുരന്തത്തിന് കാരണമാകുന്നത് ദേവനിഷേധമാണെന്നു തിരിച്ചറിയുന്നതും ഫെമിനില് മുന്നേറ്റങ്ങളുടെ പശ്ചാത്തലത്തിൽ കാളിദാസനും മിർസാമുഹമ്മദും വിധിക്കപ്പെടുന്നതും മനുഷ്യ നീതിയുടെ ധാർമ്മികതയിൽ ത്യാഗരാജസ്വാമികളും അമീർ' 3 വും വിചാരണ ചെ- പ്പെടുന്നതും ആധുനിക കൊളോണിയൽ നീതിന്യായവ്യവഹാരങ്ങളുടെ പശ്ചാത്തലത്തിലാണ്.

#### 4.2.2 'ഗോവർധന്റെ യാത്രകളി'ലെ നീതിന്യായവ്യവഹാരങ്ങൾ

മനുഷ്യൻ കാലകാലങ്ങളിലെ നീതിസങ്കല്പത്തിനനുസരിച്ച് രൂപപ്പെടുത്തുന്നതാണ് നിമയങ്ങൾ. എന്നാൽ ഈ നിയമങ്ങളെ മനുഷ്യൻ തന്നെ ലംഘിക്കുന്നത് കാലം അവന്റെ നീതി വിചാരത്തിൽ വരുത്തിയ മാറ്റങ്ങൾ മൂലമാണ് മനുഷ്യന്റെ നീതിബോധത്തിന്റെ ഉപകരണമായി നിയമം നിർവ്വഹിക്കുന്ന ആദ്യധർമ്മം പാലനമാണ്.പാലിക്കുന്നതുപോലെത്തന്നെ നിലനിൽക്കുന്ന വ്യവസ്ഥയെ ഭട്ട ിക്കുന്നതും അതിന്റെ ധർമ്മ മാണ്. പാലനവും ഭട്ട നവും ആവർത്തിക്കുന്നതുകൊണ്ടാണ് കാലാകാലങ്ങളിൽ നിയമത്തിന് പുതിയ പാഠങ്ങൾ എഴുതിച്ചേർക്കേണ്ടി വരുന്നത്. അപ്പോഴും നീതി ശാശ്വതമായിരിക്കും.നിയമത്തിൽകുടികൊള്ളുന്ന ദുർബലതയും നിയമലംഘനത്തിൽ അടങ്ങിയിരിക്കുന്ന ബലവും മനസിലാക്കുവാൻ നഠ ടെ നിയമനിർമ്മാ താക്കൾ ത- റാറാവുകയാണെങ്കിൽ മനുഷ്യർനീതിയുടെ പേരിൽ ഇന്നനുഭവിക്കുന്ന പല ദുരന്തങ്ങളും ഒഴിവാക്കാൻ

സാധിക്കുമെന്ന് ആനന്ദ് തിരിച്ചറിയുന്നു (രതി വി.കെ., 2004:11). നിരപരാധികളെ ശിക്ഷിക്കുന്ന നിയമമാണ് കാലാതീതമായി വർത്തിക്കുന്നതെന്ന് ആനന്ദ് തന്റെ നോവലുകളിലൂടെ അടയാളപ്പെടുത്തുന്നു. അനീതിയാൽ പണിതുയർത്തിയ അധികാരത്തിന്റെ കരിങ്കൽ ഭിത്തികൾ ഭേദിക്കപ്പെടുകയില്ല എന്ന തിരിച്ചറിവിലാണ് നോവൽ അവസാനിക്കുന്നത്. ഇതാണ് നിയമവും നീതിയും തമ്മിൽ നിലനിൽക്കുന്ന ഏറ്റവും വലിയ സംഘർഷമെന്ന തിരിച്ചറിവാണ് ഈ നോവലിന്റെ വ്യതിരിക്തത. കാലാകാലങ്ങളിൽ ഈ സംഘർഷം ആവർത്തിക്കുന്നതിന്റെ അടയാളങ്ങൾ നോവലിൽ കാണാം.

### 4.2.2.1 രാജനീതിയും കൊളോണിയൽനീതിയും

രാജനീതിയും കൊളോണിയൽനീതിയും തമ്മിലുള്ള സംഘർഷങ്ങളിലൂടെ 'ഗോവർധന്റെ യാത്ര'കൾ ആരംഭിക്കുന്നു. ചൗപട് രാജാവും അദ്ദേഹത്തിന്റെ നീതിപാലകരും ചേർന്ന് ഗോവർധനെ വധശിക്ഷയ്ക്ക് തെരഞ്ഞെടുക്കുമ്പോൾ രാജനിയമങ്ങളെ പരിഹസിച്ചുകൊണ്ടും വെല്ലുവിളിച്ചുകൊണ്ടുമാണ് ഇംഗ്ലീഷ് ഈസ്റ്റിന്ത്യാക്കമ്പനി പ്രവർത്തിക്കുന്നത്. 'പ്രശ്നം രണ്ടു നിയമങ്ങളുടേതല്ല കേവലനിയമത്തിൻറേതാണ്' (ആനന്ദ്, 2018:36) എന്ന് രാമചന്ദ്രൻ ജയ്‌ലറോട് പറയുന്നതും ഇക്കാരണത്താലാണ്. സ്വർണത്തിനും അരിക്കും ഒരേ വില നിശ്ചയിച്ചുകൊണ്ട് മനുഷ്യർക്ക് സ്വർണത്തിനോടുള്ള അഭിനിവേശം കുറയുമെന്ന് ചിന്തിക്കുന്നതാണ് രാജാവിന്റെ നീതിബോധം. എന്നാൽ നീതിക്ക് റേഷൻ ഏർപ്പെടുത്തുന്നത് തെറ്റാണെന്ന് കൊളോണിയൽ നീതിബോധം കരുതുന്നു. നാടൻപ്രഭുക്കന്മാരുടെ സ്വേച്ഛാഭരണത്തിൽനിന്നും ചൂഷണത്തിൽനിന്നും ജനങ്ങളെ മോചിപ്പിച്ച് അവരെ കമ്പനിയുടെകീഴിൽ കൊണ്ടുവന്ന് പുതിയ നീതിവിചാരത്തിലേയ്ക്ക് ജനങ്ങളെ പരിവർത്തിപ്പിക്കാമെന്നാണ് കമ്പനിയധികാരികൾ കരുതുന്നത്.

ഗോവർധന് ലഭിക്കുന്ന വധശിക്ഷ അനീതിയാണെന്ന് കമ്പനി അധികാരികൾ മനസിലാക്കുന്നുണ്ടെങ്കിലും ആധുനിക നീതിബോധംകൊണ്ട് രാജാവിന്റെ നീതിവിചാരത്തെ മറികടക്കാൻ അവർക്ക് സാധിക്കുന്നില്ല. നിയമം മനുഷ്യനു വേണ്ടിയല്ല, മനുഷ്യൻ നിയമത്തിനു വേണ്ടിയാണ് എന്ന് ചൗപട് രാജാവ് വിശ്വസിക്കുമ്പോൾ കേവലയുക്തിയിലും ധർമ്മത്തിലും നീതിയിലുമാണ് മനുഷ്യർ ബന്ധിതരായിരിക്കുന്നതെന്നാണ് 'അംധേർ നഗരി ചൗപട് രാജ' എന്ന പ്രഹസനത്തിലെ ഗോവർധന്റെ : ഗുരുജിയായ മഹംത് വിശ്വസിക്കുന്നത്. ചുരുക്കത്തിൽ, രാജാവിന്റെ നീതിശാസ്ത്രവും കൊളോണിയൽ നീതിശാസ്ത്രവും രാഷ്ട്രതന്ത്രത്തിന്റെ പ്രായോഗികതയിൽ മാത്രമാണ് അടിസ്ഥാനമിടുന്നതെന്ന് നോവൽ വ്യക്തമാക്കുന്നു. നോവലിലെ മന്നു എന്ന കഥാപാത്രത്തെ സതി എന്ന ആചാരത്തിൽനിന്നും അതുവഴി അന്ധമായ

നീതിബോധങ്ങളിൽനിന്നും രക്ഷിക്കുന്നത് ഇംഗ്ലീഷ് നിയമത്തിൽ വിശ്വസിക്കുന്ന റസിഡന്റാണ് സതിയെന്ന ദുരാചാരം അവസാനിപ്പിച്ചത് കൊളോണിയൽ നീതിശാസ്ത്രത്തിന്റെ ശക്തികൊണ്ടാണെന്ന ചരിത്രവസ്തുതയെ നോവൽ അടയാളപ്പെടുത്തുന്നു.

നിയമ- നീതി സംഘർഷങ്ങളെക്കുറിച്ചുള്ള ചർച്ചകൾ നോവലിൽ സജീവമാകുന്നത് ഗലീലിയോയും കെപ്ലറുടെ അമ്മ കാതറിനും തമ്മിലുള്ള സംഭാഷണത്തിലാണ്. വിശ്വാസത്തിൽ നിന്ന് നീതി പ്രവഹിക്കും എന്ന് കരുതിയ കെപ്ലറിന്റെയും ശാസ്ത്രത്തിന്റെ നിയമങ്ങൾ മാത്രമേ നൈതികപ്രകൃതി ആവുകയുള്ളു എന്ന് കരുതിയ ഗലീലിയോയുടെയും ആശയങ്ങൾ തെറ്റായിരുന്നുവെന്നും അതിന്റെ കാരണമെന്തെന്നും കാതറിൻ വിശദീകരിക്കുന്നുണ്ട്. 'നീതി നടക്കണമെങ്കിൽ നിയമങ്ങളുണ്ടായാൽ പോരാ, ദൈവമുണ്ടായാലും പോരാ, നീതിയിൽ മനുഷ്യർക്ക് ആസ്ഥ വേണം നിയമങ്ങൾ ഉണ്ടായിരിക്കാം, പക്ഷേ നിയമങ്ങളെ നമ്മൾ അനുസരിക്കണമെന്ന് പറയുന്ന ഒരു നിയമമില്ല. അങ്ങനെയൊന്ന് ഉണ്ടായിരുന്നുവെങ്കിൽ, ആ നിയമത്തെ നമ്മൾ അനുസരിക്കണമെന്ന് പറയുന്ന വേറൊരു നിയമം ഉണ്ടാകേണ്ടി വരും. അങ്ങനെ അവസാനമില്ലാത്ത നിയമങ്ങൾ' (പുറം :199). നീതി ലഭിക്കണമെങ്കിൽ നീതിയിലും നിയമത്തിലും നമുക്ക് വിശ്വാസ മുണ്ടായിരിക്കണമെന്ന് കാതറിൻ പറയുന്നതിലൂടെ നീതി മാറിവരുന്നതിന്റെ യുക്തിയാണ് വ്യക്തമാകുന്നത്. അതായത് ജനതയിൽ ആവർത്തിക്കുന്ന അവിശ്വാസമാണ് പുതിയനിയമങ്ങളിലേക്ക് അധികാരികളെ നയിക്കുന്നത്. പുതിയ നിയമങ്ങൾക്കു വേണ്ടിയുള്ള ജനതയുടെ ആവശ്യമാണ് പുതിയ അധികാരത്തെ സാധൂകരിക്കുന്നത്.

#### 4.2.2.2 ചരിത്ര-സാഹിത്യ വ്യവഹാരങ്ങളിലെ അധികാരത്തിന്റെ വിശകലനം

ഭാരതേർ ഹരിശ്ചന്ദ്ര എന്ന എഴുത്തുകാരന്റെ മൂ ലികത്തുമ്പിൽനിന്ന് ആനന്ദ് സ്വതന്ത്രനാക്കുന്ന ഗോവർധന്റെ യാത്ര മുന്നേറുന്നത് അസുരനീതിയുടെ വാതായനങ്ങളിലൂടെയാണ്. അനീതിയെ ഉപകരണമാക്കുന്ന അധികാരിവർഗമാണ് ചരിത്രസ ന്ദർഭങ്ങളിൽനിന്ന് ഗോവർധനോട് സംവദിക്കുന്നത്. ഗണിതജ്ഞനും ഗവേഷകനുമായ രാമചന്ദ്രനാണ് നോവലിലെ താത്വികസംവാദങ്ങളുടെ കേന്ദ്രബിർ വായി കടന്നുവരുന്നത് ക്ഷേത്രഗണിതന്നിലെയും ബീജഗണിതത്തിലെയും സംഖ്യാപ്രശ്നങ്ങളെ നിസ്സാരമായി പരിഹരിച്ച രാമചന്ദ്രന് അധികാരസമൂഹത്തിന്റെ നീതിരാഹിത്യമെന്ന സമസ്യയെ പരിഹരിക്കാൻ കഴിഞ്ഞില്ല. ഗോവർധൻ അയാളെയാണ് ആദ്യമായി അഭിമുഖീകരിക്കുന്നത്. ന്യായവ്യവസ്ഥയിലെ അസംബ ന്ധതയും കാപട്യവും രാമചന്ദ്രൻ തിരിച്ചറിയുന്നത് ഗോവർദ്ധനുമായുള്ള സംഭാഷണത്തിലൂടെയാണ്.

'വൈദേശാധിപത്യമല്ല, എല്ലാവിധ ആധിപത്യങ്ങളും അഥവാ സർവ്വവിധ ആധിപത്യങ്ങൾക്കുമിടയിൽ കിടന്നു ീ രങ്ങുന്ന മനുഷ്യജീവിതം ആയിരുന്നു. ഇന്ന് എന്റെ ഉൽകണ്ഠ' (പുറം :148). രണ്ടും രണ്ടും കൂട്ടിയാൽ നാല് എന്ന ന്യായം മാത്രം അറിഞ്ഞിരുന്ന രാമചന്ദ്രൻ അധികാരത്തിന്റെ അയുക്തികതകളെ തേടിയാണ് പിന്നീട് യാത്രയാകുന്നത്.

അനീതിയെ അധികാരത്തിന്റെ ഉപകരണമായി പ്രയോഗിക്കുന്ന നോവലിലെ മറ്റൊരു പ്രധാന കഥാ പാത്രം ചൗപട് രാജാവിൻറേതാണ്. അരിക്കും തവിടിനും വെള്ളിക്കും വസ്ത്രോലിനുമെല്ലാം ഒരേ മൂല്യവും വിലയും കല്പ്പിച്ചിട്ടുള്ള അംധേർ നഗരിയിലെ ബാസാർ, ചൗപട് രാജാവിന്റെ നീതിബോധത്തിൽനിന്നും ഉടലെ ടുത്തതാണ്. സ്വർണ്ണത്തിനും അരിക്കും ഒരേവിലയാണെങ്കിൽ മനുഷ്യർക്ക് സ്വർണത്തിനോടുള്ള അഭിനിവേശം കുറയുമെന്നാണ് രാജാവിന്റെ പക്ഷം. നീതിപോലും ജീവിതാവശ്യത്തിനുവേണ്ടി മാത്രമെ മനുഷ്യൻ ആവശ്യ പ്പെടാഫ എന്നാണ് രാജാവ് ചിന്തിക്കുന്നത്. അതുകൊണ്ട് തന്നെയാണ് 'രൂപയ്ക്ക് ഒരു സേർബാസാറി' നെ നീതിയുടെ ബാസാർ എന്ന് രാജാവ് വിളിക്കുന്നത്. കല്ലുവിന്റെ മതിൽ വീണ് ആട് ചത്ത കേസിൽ കുറ്റവാളികൾ അനേകരുണ്ടെങ്കിലും കുരുക്കിന് പാകമായ കഴുത്തുണ്ടായിരുന്നത് ഗോവർദ്ധന് മാത്രമായിരുന്നു. അതുമാത്രമായിരുന്നു. അയാൾക്കുണ്ടായിരുന്ന ഏക കുറവും. ഈ അസംബന്ധനീതിയുടെ സാംഗത്യ ത്തെക്കുറിച്ച് ചൗപട് രാജാവ്, ഹെന്റിവില്യംസിന് പറത കൊടുക്കുന്നതിൽനിന്നും അന്ധമായ രാജാധി കാരത്തിന്റെ അനീതിയും അയുക്തികതയും വ്യക്തമാകുന്നു. 'എന്റെ കോത്വാൽ ഈ കേസിൽ അപരാധിയാണെന്നതുപോലെ അയാളെ മൂ ക്കിലേറ്റിയാൽ തെറ്റൊന്നുമില്ലെന്നതുപോലെ കോത്വാലും ആട്ടിടയനും കസായിയും ഭശ്തിയും കുമ്മായക്കാരനും ആശാരിയും കല്ലുവും ആ വരിയിലെ ഓരോ മനുഷ്യനും നിരപരാധിയാണെന്ന് എനിക്കറിയാം. സംഗതി അതല്ല, ഇവരെല്ലാം നിരപരാധികളായിട്ടും നിയമം ശരിയാണ്.നിങ്ങൾ ീ ങ്ങളെ പഠിപ്പിച്ച നിയമം. നിമയത്തിന്റെ ദേവത കണ്ണിൽ തുണികെട്ടിയ വളായിരിക്കണമെന്നതു പോലെ, വിധിയും ആളുകളുടെ മുഖമനുസരിച്ച് മാറുന്നതാകരുത്.... നിയമത്തിന്റെ യന്ത്രം നിഷ്പക്ഷമായിരിക്കണം. ആളുകളുടെ കഴുത്തുനോക്കി അതിനെ മാറ്റരുത്. ഇങ്ങനെ വ്യക്തികളുടെ രൂപ വും സ്വഭാവവുമനുസരിച്ച് ഓരോന്ന് മാവോൻ തുടങ്ങിയാൽ പറയു റെസിഡണ്ട് സാഹബ്, എവിടെ ചെന്നാണ് ഇത് അവസാനിക്കുക'(പുറം:14). കൊളോണിയൽ നീതിബോധങ്ങളിലെ ചില പാഠങ്ങളെങ്കിലും അയുക്തി കമാണെന്നു സ്ഥാപിക്കുകയാണ് ചൗപട് രാജാവിലൂടെ ആനന്ദ് ചെയ്യുന്നത്. ചൗപട് രാജാവിന്റെ അസംബ ന്ധത്തിലൂന്നിയ നൈതികബോധം സമൂഹത്തിൽ സൃഷ്ടിച്ചെടുക്കുന്നത് അനവധി ഗോവർധന്മാരെയാണ്.

ഭരിയ്ക്കാൻ കഴിയാത്ത രാജ്യഭരണമെന്നത് കുടിയ്ക്കാൻ കഴിയാത്ത മദ്യംപോലെയാണെന്നും ഭരണത്തിന്റെ ലഹരിയെന്നത് ഭരിക്കലിൽ മാത്രമല്ല ഭരിക്കാനുള്ള കൊതിയിലുമുണ്ടെന്നുമാണ് ചൗപട് രാജാവിന്റെ പക്ഷം. 'അധികാരത്തിനുവേണ്ടി പടപൊരുതുന്നവനും അധികാരം കൈയാളുന്നവനെപ്പോലെ അന്ധനായി പെരുമാറുന്നത് സാധാരണമാണ്' (പുറം:92) എന്ന് രാജാവ് അഭിപ്രായപ്പെടുന്നത് ഇതിനാലാണ്. ഭരണത്തിന്റെ ലഹരി ശിക്ഷയിലാണ് എന്നു കരുതുന്ന അധികാരിവർഗ്ഗങ്ങളാണ് ne ടെ സമൂഹത്തെ രൂപപ്പെടുത്തിയതെന്ന് ആനന്ദ് തന്റെ നോവലിലൂടെ വീക്ഷിക്കുന്നു. ചൗപട് രാജാവും മുഗൾ രാജാക്കന്മാരും ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാക്കമ്പനിയുമെല്ലാം ഭരിക്കുന്നത് ഇതേ നീതിശാസ്ത്രത്തിൽ നിലയുറപ്പിച്ചുകൊണ്ടാണെന്ന് ആനന്ദ് വ്യക്തമാക്കുന്നു. 'ഇനി സ്വദേശികൾ ഭരിക്കാൻ തുടങ്ങിയാലും സ്വദേശികൾക്കകത്തെ നൂറു നൂറുസ്വദേശികൾ വേറെ ഭരിക്കുവാൻ തുടങ്ങിയാലും മൊല്ലദ്ദീന്റെയും ഗോവർധന്റെയും തലയുടെ വില പോവില്ല... രാജാക്കന്മാരും സുൽത്താന്മാരും കമ്പനികളും വിപ്ലവകാരികളും നമ്മെ വേട്ടയാടിക്കൊണ്ടേരിക്കും' (പുറം :148). അധികാരം മാറുന്നതിനനുസരിച്ച് അനീതി ഒരിക്കലും നീതിയായി പരിണമിക്കുകയില്ല എന്ന് നോവൽ ഓർമ്മിപ്പിക്കുന്നു. എന്നു മാത്രമല്ല, അധികാരത്തിന്റെ ലഹരി ബാധിച്ച ഭരണം എന്നും അനീതിയായി തുടരുമെന്നും നീതി നിഷേധിക്കപ്പെടുന്ന മനുഷ്യരുടെ സ്ഥൂപടത്തിനു വ്യാപ്തി വർദ്ധിക്കുമെന്നും ആനന്ദ് ഇതിലൂടെ സൂചിപ്പിക്കുന്നു. രാജഭരണവും കോളനിവാഴ്ചയും അവസാനിച്ച് ജനാധിപത്യം വന്നപ്പോഴും അനീതി തുടരുന്നത് സമകാല ഇന്ത്യൻ പശ്ചാത്തലത്തിൽ പ്രസക്തമാകുന്നിടത്താണ് ആനന്ദിന്റെ നോവൽ വീണ്ടും വായിക്കപ്പെടുന്നത്. ജാതി- വർഗ- വർണ- ലിംഗ ബോധങ്ങളുടെ ജഡിലതയിൽ സമൂഹം കൂടുതൽ മുഴുകുന്നതാണ് ആധുനിക ലോകത്തിന്റെ ചിത്രം.

ഗോവർധന്റെ നീതി തേടിയുള്ള യാത്രയിൽ അയാൾ എത്തിച്ചേരുന്ന വിവിധ ഗ്രാമങ്ങളിൽ അധികാരിവർഗ്ഗത്തിന്റെ അനീതികളെക്കുറിച്ചുള്ള ചിത്രീകരണമുണ്ട്. നിസ്സഹായരായ ജന്തുക്കളെ പിടിച്ച് കA കത്തിപ്പൊട്ടിക്കുന്നത് വിനോദമാക്കിയിരുന്ന കുട്ടികളുള്ള ഒരു പ്രദേശത്തിന്റെ ചിത്രം നോവലിലുണ്ട്. കുട്ടികളേക്കാൾ കൂടുതൽ ശക്തിയോ, അവരുടെമേൽ പ്രവർത്തിക്കുവാനുള്ള അധികാരമോ ഇല്ലാതിരുന്നിട്ടുകൂടി ആ ദേശത്തെ കുട്ടികൾ ഗോവർധനെ കണ്ട് ഭയന്നു. ആ ഭയത്തിനു കാരണം ഗോവർധന്റെ പ്രായം മാത്രമായിരുന്നു. മുതിർന്ന തലമുറയെ അവിടത്തെ കുട്ടികൾ തീൻമായി ഭയന്നിരുന്നു. മുതിർന്നവർക്ക് അവിടെ കുട്ടികളെ പ്രഹരിക്കാനും അംഗഭംഗം വരുത്തുവാനും അധികാരമുണ്ടായിരുന്നു. പെൺകുട്ടികളെ ജനിക്കുമ്പോൾതന്നെ അവർ വായിൽ മണൽവാരിയിട്ട് നിശ്ശബ്ദരാക്കുകയും കുട്ടികളെ വർഷക്കാലത്ത്

ക്രോധിക്കുന്ന നദിയെ ശാന്തമാക്കാനായി വഴിപാടായി എറിത കൊട്ടുത്തുമാണ് മുതിർന്നവർ തങ്ങളുടെ അധികാരത്തെ നിലനിർത്തിയിരുന്നത്. പെൺകുട്ടികൾ അപൂർവ്വമായ പട്ടണത്തിൽ ആൺകുട്ടികൾ അവരുടെ പ്രാകൃതികമായ ദാഹങ്ങൾ ശമിപ്പിക്കുവാനായി വികൃതമായ രീതികൾ തേടുന്നതായും നോവലിൽ പരാമർശമുണ്ട് (പുറം :43). തങ്ങളുടെ അധികാരം നിലനിർത്തുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി അനീതിയെ ഉപകരണമാക്കുകയാണ് ഈ ഗ്രാമത്തിലെ അധികാരിസമൂഹം ചെയ്യുന്നത്. അധികാരികൾക്കു മുമ്പിൽ കീഴടങ്ങാതിരിക്കാനായി തള്ളവിരൽ മുറിച്ച് ഗംഗാനദിയിലേക്ക് എറിയുന്ന ഗ്രാമനിവാസികളെക്കുറിച്ച് നോവലിൽ പ്രതിപാദിക്കുന്നുണ്ട്. അധികാരത്തിന്റെ ആസുരതയും അനീതിയുമാണ് നിസ്സഹായരായ തൊഴിലാളിവർഗ്ഗം അഭിമുഖീകരിക്കുന്നത്.

ഗോവർധന്റെ പലായനത്തിൽ സാഹിത്യത്തിൽനിന്നും പുരാണങ്ങളിൽ നിന്നും ശാസ്ത്രലോകത്തുനിന്നും ചരിത്രത്തിൽനിന്നും അയാളോടൊപ്പം സംവദിക്കുന്ന കഥാപാത്രങ്ങളെല്ലാം അധികാരത്തിന്റെ അസംബന്ധ നീതിയെക്കുറിച്ച് സംസാരിക്കുന്നു. 'ലോകത്തിൽ ഒരൊറ്റ ചോദ്യമേയുള്ളൂ അനീതിയെപ്പറ്റിയുള്ള ചോദ്യം' (പുറം :132). എന്ന് ഉമ്റാവ്ജാൻ ഗോവർധനോട് പറയുന്നു. ശാസ്ത്രത്തെ മനുഷ്യരിലേക്ക് കൊണ്ടുവരാൻ ആഗ്രഹിച്ച ഗലീലിയോ, ശാസ്ത്രം അന്ധതയെ അകറ്റുമെന്നും അനീതിയെ ഇല്ലാതാക്കുമെന്നും കരുതിയെങ്കിലും ഗലീലിയോക്കും കെപ്ളറിനും നീതി നിഷേധിക്കപ്പെടുന്നു. നിരപരാധികളായ ജനതയെ ഇരയാക്കിക്കൊണ്ട് അധികാര കേന്ദ്രങ്ങൾ വേട്ട നടത്തിക്കൊണ്ടേയിരിക്കുന്നു. ഗോവർധനും, സൽമയും, മന്നുവും മറിയവുമെല്ലാം അധികാരത്തിന്റെ ഇരകളായിത്തന്നെ തുടരുന്നു. കാട്ടിലെ മൃഗങ്ങളെ മാത്രം നായാടിയിരുന്ന കമ്പനിയുടെ അധികാരിയായ ഡേവിഡ് ബട്ലർ നാട്ടിൽ കലാപമുണ്ടായതിനു ശേഷം തന്റെ വേട്ട കറുത്ത മനുഷ്യരുടെ നേരെയാക്കുകയാണു ചെയ്തത്. അയാളുടെ നീതിശാസ്ത്രത്തിൽ തെളിവിനുപകരം നിന്നത് സംശയമായിരുന്നു. അയാളുടെ മുമ്പിൽ മനുഷ്യർ മുഴുവൻ രണ്ടു വർഗമായാണ് തിരിഞ്ഞത് തെറ്റിന്റെയും ശരിയുടെയും വിഭജനമായി കറുത്തവരും വെളുത്തവരും മാറുകയും കറുത്തവർക്കു നേരെ അയാൾ തന്റെ അധികാരം പ്രയോഗിക്കുകയും ചെയ്തു. ആധുനിക സമൂഹത്തിൽ നിയമം നടപ്പാക്കാൻ ഏറ്റവും വേണ്ടത് തെളിവുകളാണ്. എന്നാൽ ആ തെളിവ് എങ്ങനെയും ഉണ്ടാക്കാനും വളച്ചൊടിക്കാനും കഴിയുമെന്നിടത്താണ് നീതിയുടെ അന്ധത വെളിപ്പെടുന്നത്. അത് നിഷ്പക്ഷതയല്ല, തികച്ചും അന്ധത മാത്രമാണ്. അത് അധികാരിയുടെ മുന്നിൽ ഒരു സംശയരൂപത്തിൽ വന്നാലും ശിക്ഷ നടപ്പാവും എന്നിടത്താണ് കോടതിയുടെ കടുത്ത അനീതി വെളിപ്പെടുന്നത്.

ഇരയുടെ ആർത്തനാദങ്ങൾക്ക് ചെവികൊടുക്കാതെ തെകേളിൽനിന്ന് തെകേളിലേക്ക് യാത്രചെയ്യുന്ന നോവലിലെ കഥാപാത്രമാണ് അലിദോസ്ത്. അധികാരത്തിന്റെ ദയാരാഹിത്യങ്ങൾക്കുവേണ്ടി അയാൾ ഉപയോഗിക്കപ്പെട്ടു. തോൽക്കുന്നവരിൽനിന്ന് ജയിക്കുന്നവനിലേക്ക് കൈമാറപ്പെടുന്ന ഒരു മുതൽ മാത്രമായ അയാൾ ശിക്ഷകനും ശിക്ഷിതനും നടുവിൽ ആരോടും ഒരു ബന്ധവുമില്ലാതെ ജീവിക്കുന്ന കഥാപാത്രമാണ്. അനീതിയെ ഉപകരണമാക്കിക്കൊണ്ട് അധികാരത്തിന്റെ ആജ്ഞാനുവർത്തിയായി മുന്നോട്ടുപോവുമ്പോൾ അയാൾക്ക് നവ പ്പെടുന്നത് സ്വന്തം കർതൃത്വമാണ്. അധികാരത്തിന്റെ നിണ്ഠക്രിയകൾ മൂലം കർതൃത്വം നവ പ്പെട്ടു ഷണ്ഡനായി മാറുകയും സ്വന്തബന്ധങ്ങൾപോലും തിരിച്ചറിയാനാവാത്ത വിധമുള്ള ആന്ധ്യം ബാധിക്കുകയും ചെയ്യുന്നതിന് ഉദാഹരണമാണ് അലിദോസ്ത് എന്ന കഥാപാത്രം.

**4.2.3 'ഗോവർധന്റെ യാത്രകളി'ലെ കോടതി-വ്യവഹാര വിശകലനം**

സാക്ഷികളെക്കൊണ്ടുമാത്രം ന്യായംനടത്തുന്ന നമ ടെ നീതിന്യായ വ്യവസ്ഥിതികളുടെ പാഠാന്തരമായി ഗോവർധന്റെ യാത്രകൾ എന്ന നോവലിനെ അപഗ്രഥിക്കാവുന്നതാണ്. വലയിതപ്രദേശത്തെ നിരോധിതനിയമത്തിന്റെ പേരിലാണ് ഗോവർധനും മറിയവും പിടിക്കപ്പെടുന്നത്. അവർക്ക് സ്വന്തം വക്കീൽ ഇല്ലെന്നു കണ്ട് സർക്കാർചെലവിൽ വക്കീലിനെ നിയമിക്കുന്നത് മജിസ്ട്രേറ്റാണ്. വലയിത മേഖലയിൽ യാചകനിരോധനനിയമം നടപ്പിൽ ഉണ്ടെന്നും, തെണ്ടികളെയും നാടോടികളെയും തൊഴിലില്ലാതെ അലത നടക്കുന്നവരെയും കാണുന്നിടത്തു വെച്ച് കല ഡിയിലെടുക്കാനുള്ള അധികാരം പോലീസിനുണ്ടെന്നും ഗോവർധനോ മറിയത്തിനോ അറിയില്ലായിരുന്നു. രാജവിളംബരം കേട്ടിരുന്നുവെങ്കിലും അതിന്റെ പൊരുൾ ഇരുവരും മനസിലാക്കിയിരുന്നില്ല. നിയമത്തിൽ അവർക്കുണ്ടായിരുന്ന ഇതേ അട്ട ത തന്നെയാണ് അവരെ കഴുമരത്തിലേക്കും അടിമത്തത്തിലേക്കും നയിച്ചത്. സാമൂഹികമായ അധികാരസ്ഥാപനങ്ങൾ സാധാരണ വ്യക്തികൾക്ക് നീതി വിതരണം ചെയ്യുന്നില്ലെന്നും അവരെ ഇരകളായിക്കണ്ട് വേട്ടയാടുകയാണ് ചെയ്യുന്നതെന്നും നോവലിൽ സൂചനയുണ്ട് (ഷാജി ജേക്കബ്,1996:61).

അധികാരസ്ഥാപനങ്ങൾ സൃഷ്ടിക്കുന്ന അനീതിയുടെ പ്രതീകമായിട്ടാണ് നോവലിലെ വലയിതപ്രദേശത്തെ അവതരിപ്പിച്ചിരിക്കുന്നത്. അധികാരവും അറിവുമെല്ലാം അതിന്റെ വലയിതപ്രദേശങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു എന്നു നോവലിൽ പറയുന്നു. 'അധികാരം എന്ന വാക്കിന്റെ പ്രയോഗത്തിലൂടെ, അധികാരം അത് എത്രത്തോളം ലഘുവായ അളവിലായാലും, പ്രയോഗിക്കപ്പെടുമ്പോൾ, അതിന്റെ മുമ്പിലുള്ള ഇടം സ്വയം രണ്ടായി വിഭജിക്കപ്പെടുന്നു. അധികാരം പ്രയോഗിക്കുന്നവന്റെ ഇടവും, അധികാരം ആരുടെ മേൽ

പ്രയോഗിക്കപ്പെടുന്നുവോ അവന്റെ ഇടവുമായി. അതായത്, ഒരു വലയിതപ്രദേശം സ്വാഭാവികമായും അവിടെ ഉടലെടുക്കുന്നു. ബന്ധുമാനപ്പെട്ട കോടതിക്കറിയാം, ഏത് രാഷ്ട്രവ്യവസ്ഥയിലായാലും ഏത് രാഷ്ട്രീയ പരിതസ്ഥിതിയിലായാലും സർക്കാരായാലും അധികാരം പ്രയോഗിക്കുന്നവനായാലും അധികാരം ആഗ്രഹിക്കു ന്നവനായാലും ഏവനും അവന്റെയും അവനല്ലാത്തവൻറേയും ഇടങ്ങൾ നിർവചിക്കുന്നുവെന്ന്. എന്നുവെച്ചാൽ, സർക്കാറുകൾ മാത്രമല്ല, ആക്രമണസേനകൾ മാത്രമല്ല, വിപ്ലവകാരികൾ മാത്രമല്ല, മതസംഘടനകളും സാംസ്കാരിക പ്രസ്ഥാനങ്ങളും ശാസ്ത്രവും കലയും സാഹിത്യവും സ്വന്തം വലയിതപ്രദേശങ്ങൾ ഘോഷി ക്കുന്നതിനുള്ള പരമാവധികാരം സ്വയം ആർജിച്ചെടുക്കുന്നു.' (ആനന്ദ്, 2018:211). ഈ നോവൽ സന്ദർഭത്തിലൂടെ ഫൂക്കോയുടെ അറിവും അധികാരവും തമ്മിലുള്ള ബന്ധവും അധികാരം ജനങ്ങളുടെ മേൽ പ്രയോഗിക്കുന്ന മാധ്യമമായി അറിവ് രൂപപ്പെടുന്ന തന്ത്രവും നോവലിലˇ വ്യക്തമാക്കുന്നുണ്ട്. സ്ഥാപിതവ്യവഹാരങ്ങളുടെ ഭാഗമായി ഇത്തരം വലയിതപ്രദേശങ്ങളെ മനസിലാക്കപ്പെടുന്നതോടെ നിരപരാധികളുടെ ചിത്രം കൂടുതൽ വ്യക്തമാകുന്നു. വ്യക്തി, കുടുംബം, സ്ഥാപനം എന്നിവ സമൂഹത്തിന്റെ സമസ്തമേഖലകളിലും അറിവ് അധികാരമായി മാറുന്നതിനെക്കുറിച്ച് ഫൂക്കോ തന്റെ knowledge- Power എന്ന സിദ്ധാന്തത്തിലൂടെ വിശദമാക്കുന്നു (2.1ൽ ഇത് വിശദീകരിച്ചിട്ടുണ്ട്) അറിവ്- അധികാരം എന്നീ ചിന്തകളെ ഗോവർധന്റെ യാത്രകളിലെ വിവിധ കഥാപാത്രങ്ങളുടെ സംഭാഷണങ്ങളിലൂടെ കൂടുതൽ വ്യക്തമാക്കുകയാണ് ആനന്ദ് ചെയ്യുന്നത്. ഗണിതജ്ഞനായ രാമചന്ദ്രനും ഭൗതികശാസ്ത്രജ്ഞനായ ഗലീലിയോയും തമ്മിലുള്ള സംഭാഷണത്തിൽനിന്നും ഇത് വ്യക്തമാകുന്നു. 'അറിവ് ശക്തിയാണെന്നാണല്ലോ ലോകത്തിൽ പ്രചാരമുള്ള സിദ്ധാന്തംന രാമചന്ദ്രൻ ചോദിച്ചു. അറിവ് വാസ്തവത്തിൽ അറിവ് മാത്രമാണ്. പക്ഷേ, അറിവുള്ളവർ അതിനെ അറിവില്ലാത്തവനെ ഭരിക്കുവാൻവേണ്ടി ഉപയോഗിക്കുന്നു. അറിവിനെ മനുഷ്യൻ അധികാരമായി മാറ്റുന്നു. അറിവ്, ീ ങ്ങൾ ഉദ്ദേശിച്ചതുപോലെ, മുക്തിയെ കൊണ്ടുവന്നില്ല. ീ ങ്ങൾക്ക് നിങ്ങളേക്കാൾ കൂടുതൽ അറിയാമെന്നും, ീ ങ്ങൾക്ക് തെപേറ്റില്ലെന്നും ഭാവിക്കുന്ന ഒരു പറ്റം മനുഷ്യരെയാണ് അത് സമ്മാനിച്ചത്. മന്ത്രവാദികൾ, പുരോഹിതന്മാർ, സേനാ നായകന്മാർ എന്നിവരുടെ വരിയിൽതന്നെ ചേർന്നു ശാസ്ത്രജ്ഞന്മാരുംkഎല്ലാവരുമെല്ലാവരും മുക്തിയെ തടയുന്നവർ മാത്രംk (ആനന്ദ്, 2018:193). അറിവിനെ അധികാരമാക്കുന്ന ഭരണവർഗത്തിന് അധികാരം എന്നത് ലക്ഷ്യം മാത്രമായിത്തീരുകയും അവിടെ മാനവികത, നൈതികത, ധാർമ്മികത എന്നിവ അപ്രസക്തമാവുകയും ചെയ്യുന്നു.

#### 4.2.3.1 കോടതിക്കകത്തു നടക്കുന്ന വിചാരണകൾ

നോവലിൽ രണ്ട് തവണയാണ് കോടതിവിചാരണരംഗങ്ങൾ അരങ്ങേറുന്നത്. മൊക്ലദ്ദീന്റെയും സൽമയുടെയും വിചാരണ ആരംഭിക്കുന്നത് സൈനിക കോടതിയിലും പിന്നീട് മതകോടതിയിലുമാണ്. ഗോവർധന്റെയും മറിയയുടെയും വിചാരണ നഗരത്തിലെ പ്രധാനകോടതിയിൽവെച്ച് നടക്കുന്നു. മൊക്ലദ്ദീന്റെയും സൽമയുടെയും വിചാരണരംഗത്തിൽ സൈനികകോടതികളുടെ ഒരു ഏകദേശചിത്രം നമുക്ക് ലഭിക്കുന്നുണ്ട്. നവാബിന്റെ കോട്ടയ്ക്കകത്താണ് സൈനികകോടതി സ്ഥിതി ചെയ്യുന്നത്. കോട്ടവാതിലിനു പുറത്ത് കെട്ടിത്തൂക്കിയിരുന്ന മണി അടിച്ചുകൊണ്ടാണ് കുറ്റവാളികളെ വിചാരണ ചെയ്യുവാൻ കൊണ്ടുവരേണ്ടത്. സംഘകാലത്തെ ന്യായമണികളുടേതിന് സമാനമായാണ് സൈനികകോടതിയിലെ ഈ നടപടി. ചുരുങ്ങിയ സമയംകൊണ്ട് ഏറ്റവും വിദ്യ ധമായ വിധത്തിൽ കേസുകൾ തീർപ്പുകല്പിക്കുന്ന ജഡ്ജിയെന്ന ഖ്യാതിനേടിയ ബട്‌ലറാണ് സൈനികകോടതിക്കുവേണ്ടി വിചാരണ നടത്തുന്നത്. സൈനിക കോടതിയിലെ കേസുകളെല്ലാം തന്നെ ഏകപക്ഷീയമായിരുന്നതു കൊണ്ടും തീർപ്പിനുമേൽ അപ്പീൽ ഇല്ലാതിരുന്നതിനാലും ആ കോടതിയിലെ വിധികളെപ്പറ്റി യാതൊരുവിധ വിമർശനവും ഉണ്ടാകാറില്ല. വിചാരണയിലെ താൽപര്യമോ പ്രഗത്ഭതയോ അല്ല, കോടതിമുറിയുടെ ജാഡ്യതയോടുള്ള മടുപ്പാണ് ബട്‌ലറുടെ ന്യായവിചാരത്തിന്റെ വേഗതയ്ക്ക് കാരണമെന്ന് നോവലിൽ വ്യക്തമാക്കുന്നുണ്ട് (പുറം :185).

മുസ്സൽമാനായ മൊക്ലദ്ദീൻ, ഹിന്ദു ബ്രാമ ണന്റെ വേഷം കെട്ടി ഹിന്ദു ക്കളുടെ ധർമ്മത്തെയും ധർമ്മസ്ഥാപനങ്ങളെയും മലിനീകരിക്കുകയും സൽമ ബീഗം മുതൂീം മതനിമയത്തിന് വിരുദ്ധമായി പരപുരുഷന്മാരെ സ്വീകരിക്കുകയും അവരോടൊപ്പം ജീവിക്കുകയും ചെയ്തു എന്നതാണ് ഇവർക്കെതിരെയുള്ള കേസ്. ഈ കേസിന്റെ പരിധി മതകോടതികൾക്കുള്ളിലാണെങ്കിലും പ്രതികളെ മതകോടതികൾക്കു വിചാരണയ്ക്കായി വിട്ടുകൊടുക്കേണ്ടത് സൈനികകോടതിയാണ്. സൽമയെ ഉലേമമാരുടെ കോടതി തലനാരിഴ കീറി വിചാരണ ചെയ്യുകയും പൊതുസ്ഥലത്തുവച്ച് കല്ലെറിത കൊല്ലുവാൻ വിധിക്കുകയും ചെയ്തു. മൊക്ലദ്ദീനെ ലഭിച്ച പണ്ഡകൾക്ക് വിചാരണ ചെ- ാൻ പുസ്തകങ്ങളും നിയമങ്ങളും ഇല്ലാത്തതിനാൽ അവർ അയാളെ വഴിയിൽവെച്ച് ആക്രമിച്ചു കൊല്ലുകയുമാണ് ചെയ്യുന്നത്.

ആധുനികനിയമസംവിധാനത്തിന്റെ ഭാഗമായി സൈനിക കോടതികൾ പ്രവർത്തിക്കുമ്പോൾ ആചാരങ്ങളുടെയും വിശ്വാസങ്ങളുടെയും അടിത്തറയിൽ നിന്നുകൊണ്ടാണ് ഉലേമമാരുടെ കോടതിയും മതകോടതികളും പ്രവർത്തിക്കുന്നത്. 'നിയമം അതിന്റെ അസ്തിത്വത്തിലും അഭാവത്തിലും ഒന്നുപോലെ

ഇരകളോട്ട വ്യവഹരിച്ച.' (പുറം:188). എന്ന പ്രസ്താവനയോട്ടകൂടിയാണ് സൈനികകോടതിയുടെ വിചാരണരംഗം അവസാനിക്കുന്നത്. നിയമമുണ്ടെങ്കിലും ഇല്ലെങ്കിലും വ്യക്തികൾ ഇരയാക്കപ്പെടുന്നതിന്റെ ദുരന്തം ഒരുപോലെയാണെന്നും അത് കാലാതീതമായും നിലനിൽക്കുന്നുവെന്നും ആനന്ദ് സ്ഥാപിക്കുന്നു. ഒരോ സമൂഹത്തിലെ മനുഷ്യരെ വിവിധമതകോടതികൾക്ക് വിട്ടുകൊടുക്കുന്ന സൈനിക-ജനകീയകോടതികളുടെ നടപടിയിലെ അനീതി വ്യക്തമാക്കിക്കൊണ്ടാണ് ആനന്ദ് ഈ കഥ സൂചിപ്പിക്കുന്നത്. നിയമസംഹിതകളിൽ അധി ിതമായ അധികാരസമൂഹവും നിയമങ്ങളുടെ അഭാവത്തിൽ പ്രവർത്തിക്കുന്ന അധികാരസമൂഹവും കേവലം ഇരകളായാണ് സാമാന്യജനതയെ കാണുന്നത് എന്ന് നോവൽ സൂചന നൽകുന്നു. സൈനിക കോടതി ഇന്നും തുടരുന്ന ക്രൗര്യത്തിന്റെ ഭീകരത ആനന്ദ് ഈ കൃതിയിൽ അനാവരണം ചെയ്യുന്നു. സമകാല ഇന്ത്യയിൽ വിചാരണകൂടാതെ നടക്കുന്ന വർഗീയകൊലപാതകങ്ങളും ആൾക്കൂട്ടകൊലപാതകങ്ങളും ബ്രാമ ണിക്കൽ പാരമ്പര്യങ്ങളിലൂന്നി നിന്നുകൊണ്ടുള്ള ശിക്ഷാക്രമങ്ങളും വംശഹത്യകളും മതകോടതികളുടെ ഭീകരവാളുകളും പ്രവചാനാത്മകമായി പറയുന്ന കൃതിയാണ് 'ഗോവർധന്റെ യാത്രകൾ' എന്നു കാണാം.

നോവലിലെ കോടതിവിചാരണയുടെ രണ്ടാംഭാഗം ആരംഭിക്കുന്നത് ഗോവർധന്റെയും മറിയത്തിന്റെയും വിചാരണയോട്ടകൂടിയാണ്. കോടതിയുടെ നടപടിക്രമങ്ങൾ ആരംഭിക്കുന്നതിനുമുമ്പുതന്നെ ഇരുവരെയും കൊടുംകുറ്റവാളികളായാണ് കരുതുന്നത്. ീ ാൻ ബഹുമാനപ്പെട്ട കോടതിയോട് ഗോവർധൻ എന്ന പേരുള്ള ഈ പുരുഷനെയും അയാളുടെ പെണ്ണ് മറിയത്തെയും ശരിക്ക് ഒന്നു നോക്കുവാൻ അഭ്യർത്ഥിക്കുന്നു. ഒറ്റനോട്ടത്തിൽ നമുക്ക് മനസ്സിലാകും അവർ കുറ്റവാളികളാണെന്ന് കുപ്രസിദ്ധമായ ഒരു കുറ്റവാളി ഗോത്രത്തിൽപെട്ടവരാണ് ഇവർ. വഴിക്കുവഴി വന്ന രാജാക്കന്മാരും കമ്പനി സർക്കാരുകളും നിരന്തരം അമർച്ച ചെ- ാൻ ശ്രമിച്ചതുമൂലവും, ജനകീയ സർക്കാർ വിവിധ പ്രദേശങ്ങളിൽ വികസനസംരംഭങ്ങൾ തുടങ്ങിയതിനാലും, സ്വന്തം വാസസ്ഥലങ്ങൾവിട്ട് പുറത്തുവരേണ്ടി വന്ന ഇവർ ഇപ്പോൾ നഗരങ്ങളിൽ ചേക്കേറിയിരിക്കുകയാണ് ശിരസ്സിൽ എഴുതിയ വധശിക്ഷയും കൺമുന്നിൽ കൊലക്കയറും ആയി ജനിച്ച ഇവരുടെ അപരാധം ഏതെന്ന് ചോദിക്കേണ്ട ആവശ്യമില്ല. നേരത്തെ നിശ്ചയിക്കപ്പെട്ടിട്ടുള്ളതാണ് അവരുടെ വിധി' (പുറം:209). നീതിയുടെ മൂർത്ത പ്രതീകമെന്നു വിളിക്കപ്പെടുന്ന കോടതികളിൽ വ്യവഹരിക്കപ്പെടുന്ന അനീതിയുടെ ദൃശ്യങ്ങളാണ് ഇത്തരം നോവൽസന്ദർഭങ്ങളിലൂടെ വെളിവാകുന്നത്.

നീതിയുടെ സംരക്ഷണത്തിനും വിതരണത്തിനും വേണ്ടി നിർമ്മിക്കപ്പെട്ടിട്ടുള്ള അധികാര സ്ഥാപനങ്ങളിൽ നിയമം പാലിക്കപ്പെടുമ്പോൾ നീതി അനീതിയായി മാറുകയും അയുക്തികവും

അസംബന്ധവുമായ വ്യവഹാരങ്ങൾ നടപ്പിലാവുകയും ചെയ്യുന്നു എന്ന് ആനന്ദ് കരുതുന്നു. ന്യായവിചാരത്തിനും സാക്ഷിമൊഴികൾക്കും തെളിവുവിസ്താരത്തിനും ഒക്കെ മുമ്പുതന്നെ ഗോവർധനെയും മറിയത്തിനെയും കുറ്റവാളികൾ എന്ന് മുദ്രകുത്തുന്നതുതന്നെ കോടതിയുടെ അസംബന്ധം വ്യക്തമാക്കുന്നു. ഒരാളെ കുറ്റവാളിയാക്കുന്നതിനു തെളിവുകളും ന്യായവിചാരണയും ഏറെ പ്രസക്തമായിരിക്കുന്ന ജനകീയ ഭരണവ്യവസ്ഥയിലാണ് ഇത്തരം അസംബന്ധം നടക്കുന്നത് എന്നത് ശ്രദ്ധേയമാണ്. ഗോവർധൻ മന: പൂർവ്വം ഒരു കലാപം നയിച്ചുവെന്നതിന് തെളിവുകൾ ഇല്ലാതിരുന്നിട്ടുകൂടി ചെവികൾ മുറിച്ച് നെറ്റിയിൽ 'തെമ്മാടി' എന്ന് മുദ്രകുത്തി നഗരാതിർത്തിക്ക് വെളിയിൽ തള്ളുവാനാണ് മജിസ്ട്രേറ്റ് വിധിക്കുന്നത്. കൂടാതെ മറിയം എന്ന രണ്ടാം പ്രതിയെ ലേലച്ചന്തയിൽ കൊണ്ടുപോയി അടിമയായി വിൽക്കുവാനും കോടതി വിധിക്കുന്നു. അടിമച്ചന്ത നിർത്തലാക്കിയ നാട്ടിൽ ആധുനിക കോടതിയുടെ ഈ വിധി തികച്ചും അസംബന്ധമാണ്. തെളിവുകളാണ് ആധുനികകോടതികളിൽ അടിസ്ഥാനമാവുന്നതെങ്കിലും യാതൊരുതെളിവും ഇല്ലാതെയാണ് ഗോവർധന് ശിക്ഷ വിധിക്കുന്നത് എന്നത് അസംബന്ധനാടകത്തിന്റെ രണ്ടാംരംഗമാണ്. മറിയത്തിനെ ലേലച്ചന്തയിൽ വിൽക്കുന്ന പണം ആരും സ്വന്തം പോക്കറ്റിലിടാതെ, സർക്കാരിന്റെ ഖജനാവിൽ തന്നെ നിക്ഷേപിക്കണമെന്നുള്ള കോടതിയുടെ ഉത്തരവിൽനിന്നും സർക്കാരിന്റെയും അധികാരികളുടെയും സാമ്പത്തിക ലാഭത്തിനും അഭയുന്നതിക്കും വേണ്ടി മാത്രം പ്രവർത്തിക്കുന്നതാണ് കോടതി പോലുള്ള അധികാരസ്ഥാപനങ്ങൾ എന്ന് വ്യക്തമാകുന്നു. നിരപരാധികൾ അകാരണമായി ശിക്ഷയനുഭവിക്കുന്നു എന്ന വസ്തുതയെ കൂടുതൽ ഉറപ്പാക്കുന്നതിനുവേണ്ടി ഗോവർദ്ധൻ, മറിയം, കോത്വാൽ, സൽമ എന്നിവരുടെ ദുരവസ്ഥകളെ ആനന്ദ് തന്റെ നോവലിൽ അവതരിപ്പിക്കുന്നു. അതിനോടൊപ്പം തന്നെ അക്കാലത്തെ ജയിലു കളിൽ ശിക്ഷ അനുഭവിക്കുന്നവരെക്കുറിച്ചുള്ള സൂചനയും നോവൽ നൽകുന്നുണ്ട്. 'വിചാരണയ്ക്കുവേണ്ടി കൊല്ല ങ്ങൾ കാത്തുകിടന്ന് അവിടെത്തന്നെ ചാകുന്ന പുള്ളികളായിരുന്നു പ്രസിഡൻസിയിലെ ജയിലുകളിൽ. ഇൻഫൊർമർമാരുടെ വ്യക്തിവിദ്വേഷം കൊണ്ടു മാത്രം അകത്താക്കപ്പെട്ട നിരപരാധികൾ'(പുറം :16). വിചാരണത്തടവുകാരായി ജയിലിൽ പാർപ്പിച്ച് അകാരണമായി ശിക്ഷയനുഭവിക്കുന്ന മനുഷ്യരുടെ എണ്ണം ഇന്ന് വർദ്ധിച്ചുവരികയാണ്. ബ്രിട്ടീഷുകാരുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിൽ കോടതികളും ജയിലുകളും ഉണ്ടാ യിരുന്ന കാലത്തിൽനിന്നും സമകാല ഇന്ത്യയിലെ കോടതി, ജയിൽ മുതലായ സംവിധാനങ്ങൾക്ക് മാറ്റമില്ല എന്നതിന് ഉദാഹരണമായി വിചാരണത്തടവുകാരുടെ അവസ്ഥയെ മനസിലാക്കാം.(2.5.2ൽ ഇത് വിശദീകരിച്ചിട്ടുണ്ട്).

#### 4.2.3.2 കോടതിയ്ക്കുപുറത്തുള്ള നീതിവ്യവഹാരങ്ങൾ- ഒരു സാംസ്കാരികവിശകലനം

ആധുനിക സാംസ്കാരികതയുടെ അടയാളങ്ങളായ ജാതി, മതം, തൊഴിൽ, വിദ്യാഭ്യാസം തുടങ്ങിയ ഘടകങ്ങളെ വേർതിരിച്ച് വിശകലനം ചെയ്യുന്ന മാതൃകയിലല്ല ഗോവർധന്റെ യാത്രകളുടെ രചന. എന്നാൽ ജാതിയിൽ താഴ്ന്നവരും വിദ്യാരഹിതരുമായ ഗോവർധനും മന്നുവും സമൂഹത്തിലെയും ചരിത്രത്തിലെയും ഉന്നതന്മാരുമായാണ് സംവാദത്തിലേർപ്പെടുന്നത്. ആ കഥാപാത്രങ്ങൾ ജീവിച്ചിരുന്ന കാലഘട്ടങ്ങളിലൂടെ സാംസ്കാരികതയെ ആധുനികതയുടെ നീതിശാസ്ത്രങ്ങൾ കൊണ്ട് എതിർക്കുന്നതാണ് ഓരോ ചോദ്യവും. സ്ത്രീ സ്വാതന്ത്ര്യം, വ്യക്തി സ്വാതന്ത്ര്യം, ശാസ്ത്രം മനുഷ്യന്മാർക്ക് എല്ലാവർക്കും തുല്യനീതി തുടങ്ങിയ ആധുനികമായ നീതിപാഠങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ സാഹിത്യത്തിലെ വർണ്ണനകളും ചരിത്രത്തിലെ വിജയങ്ങളും ശാസ്ത്രയുക്തികളും ആധുനിക സാസ്കാരികതയും വിചാരണയ്ക്കുവിധേയമാകുമ്പോൾ കാലഘട്ടങ്ങൾ തമ്മിലുള്ള നീതി- ന്യായ വ്യത്യാസങ്ങൾ പ്രശ്നവൽക്കരിക്കപ്പെടുന്നു. അതുകൊണ്ടുതന്നെ ഗോവർ ധന്റെ യാത്രകൾ എന്ന ആഖ്യാനം ആദ്യന്തം ഒരു സാംസ്കാരിക പുനർനിർമ്മിതിയാണെന്നുവരുന്നു. സമകാല നീതിബോധത്തിന്റെ യുക്തിയിൽ കാലത്തെയും ചരിത്രത്തെയും സാംസ്കാരിക വിശകലനം ചെ- ാനാണ് ആനന്ദ് ഈ കൃതിയിലൂടെ ശ്രമിക്കുന്നത്. അധികാരമാണ് ഈ വിശകലനത്തെ സാധ്യമാക്കുന്നത്. കോടതിയ്ക്കകത്തും പുറത്തും നടക്കുന്ന അധികാരവിനിമയങ്ങളെ ഗോവർധൻ എന്ന ഏക കഥാപാത്രത്തിലേക്ക് കേന്ദ്രീകരിച്ചുകൊണ്ട് പൊതുസാംസ്കാരികമണ്ഡലത്തെ വിമർശനവിധേയമാക്കുന്ന ശക്തമായ ആഖ്യാനമാണ് ഗോവർധന്റെ യാത്രകൾ. ആധുനിക കോടതിയുടെ നിയമാധി ിതമായ കോടതിവിചാരണകൾ അല്ലാതെ പുരാണങ്ങളിൽനിന്നും സാഹിത്യശാസ്ത്രലോകങ്ങളിൽനിന്നും ഗോവർധനുമായി സംവദിക്കുന്ന കഥാപാത്രങ്ങൾ ചരിത്രത്തിലെ നീതിനിഷേധങ്ങളുടെയും അന്യായ വിചാരണകളുടെയും പ്രതിനിധികളായി മാറുന്നു.

##### 4.2.3.2.1 പുരാണങ്ങളിലും കലാസാഹിത്യരംഗങ്ങളിലുമുള്ള നീതിവിചാരണകൾ

'അംധേർ നഗരി ചൗപട് രാജ' എന്ന ഭാരതേർ ഹരിശ്ചന്ദ്രയുടെ പ്രഹസനത്തിൽ നിന്നും ആനന്ദ് ഇറക്കിക്കൊണ്ടുവന്ന കഥാപാത്രമാണ് ഗോവർധൻറേത്. അവിടെ നീതിയുടെ പ്രശ്നങ്ങൾ പുരാണങ്ങളിലും സാഹിത്യത്തിലുമുള്ള നൈതികപ്രശ്നങ്ങളായി മാറുന്നു. ഗോവർധന്റെ യാത്രയിൽ അയാൾ കണ്ടുമുട്ടുന്ന കഥാപാത്രങ്ങൾ നൈതികബോധ്യങ്ങളെ മുൻനിർത്തി യുക്തിസഹമായ ചില ചോദ്യങ്ങളുന്നയിക്കുന്നു. അവ കോടതിവിചാരണയെക്കാൾ മൂർച്ചയുള്ളതായി നോവലിൽ ചിത്രീകരിച്ചിരിക്കുന്നു. ചിതയിൽനിന്നും റെസിഡണ്ട് ഹെന്റി വില്യംസ് രക്ഷിക്കുന്ന മന്നുവാണ് ചോദ്യശരങ്ങളുമായി നോവലിൽ കടന്നുവരുന്ന ഒരു കഥാപാത്രം.

സതിയെന്ന ദുരാചാരത്തിൽനിന്നും തന്നെ രക്ഷിച്ച റസിഡന്റിനോട്, എന്തുകൊണ്ടാണ് നിരപരാധിയായ തന്റെ അച്ഛൻ ഗോവർധനെ രക്ഷിക്കാത്തത് എന്നതായിരുന്നു അവളുടെ ചോദ്യം. തുടർന്ന് 'നിരപരാധികളെ കഴുവിലേറ്റലാണോ നിയമം' (കോവിലൻ, 2018:82). എന്നും മന്നു ചോദിക്കുന്നതോടെ ഭൂമിയിലെ എറ്റവും ശക്തമായ സാമ്രാജ്യത്തിന്റെ പ്രതിനിധിയായ റെസിഡൻറ് ജന്മം കൊണ്ടും ജാതികൊണ്ടും അടിമകളായ ഒരു ജനതയുടെ പ്രതിനിധിയായ, അക്ഷരംപോലും പഠിക്കാത്ത, ഒരു കുട്ടിയുടെ വിചാരണയ്ക്കുമുമ്പിൽ അർത്ഥമില്ലാത്തതും പരസ്പരവിരുദ്ധവുമായ എന്തൊക്കെയോ പറഞ്ഞ് ഉരുണ്ടുകളിക്കുകയാണ് ചെയ്യുന്നത് എന്ന് കഥാകാരൻ തന്നെ വിധിയെഴുതുന്നു. നീതി, നിയമം, സ്വാതന്ത്ര്യം എന്നിവയുടെ അർത്ഥമന്വേഷിക്കുന്ന മന്നു, പിന്നീട് വായിക്കുന്നത് ബൈബിളിലെ ഉൽപത്തി പുസ്തകം പതിനെട്ടാമധ്യായമാണ്. ഹെന്റി വായിച്ച് അടയാളമിട്ടു പോയതാണ് ആ ഭാഗം. കുറച്ചു നീതിമാന്മാരുടെ പേരിൽ ദുഷ്ടന്മാർ നിറഞ്ഞ നഗരത്തെ നാശത്തിൽനിന്ന് ഒഴിവാക്കും എന്നാണ് ദൈവത്തിന്റെ വാഗ്ദാനം. എന്നാൽ ചരിത്രത്തിൽ സംഭവിച്ചത് കുറച്ചു ദുഷ്ടന്മാർ എല്ലാ നീതിമാന്മാരെയും നിരപരാധികളെയും സംഹരിക്കുന്നതാണ്. ദൈവം സൃഷ്ടിച്ച ലോകത്തിൽ ദൈവത്തിന്റെ വാഗ്ദാനം അനുസരിച്ചുള്ള നീതി നടപ്പിലാവുന്നില്ല എന്ന സത്യത്തെയാണ് മന്നു തിരിച്ചറിയുന്നത്. അവളുടെ ചോദ്യങ്ങളെല്ലാം ഈ തിരിച്ചറിവിൽനിന്നും ഉടലെടുത്തവയാണ്.

നോവലിൽ നീതിയുക്തമായ ചോദ്യങ്ങൾ ഉന്നയിക്കുന്ന മറ്റൊരു കഥാപാത്രം നചികേതസ്സാണ്. 'നീതീകരിക്കാനാവാത്ത യാതനകളും പീഡനങ്ങളും എക്കാലവും നിരപരാധികളനുഭവിക്കുന്നത് എന്തുകൊണ്ടാണെന്ന ചോദ്യത്തിന് ഇതിഹാസപുരാണാദികൾപോലും അവലംബിക്കുന്ന മൗനം അർത്ഥവത്തായി അവതരിപ്പിക്കാനാണ് നചികേതസ്സിലൂടെ ആനന്ദ് ശ്രമിക്കുന്നത്' (രഘുകുമാർ. വി, 2002:60). ഉദ്ദാലകനായി മാറിയ മൊല്ലുദ്ദീന്റെയും സാവിത്രിയായി മാറിയ സൽമയുടെയും മകനായാണ് പുരാണങ്ങളിലെ നചികേതസ്സിനെ നോവലിൽ പുനരവതരിപ്പിക്കുന്നത്. മതത്തിന്റെ നിരർത്ഥതയെ ബോധ്യപ്പെടുത്തിക്കൊണ്ടാണ് ആനന്ദ് നചികേതസ്സിന്റെ കാലാതീതമായ സാന്നിധ്യത്തെ യാഥാർത്ഥ്യമാക്കുന്നത്. നിരപരാധികളായി മനുഷ്യർ കൊല്ലപ്പെട്ടതെങ്ങനെയെന്നറിയാൻ പുരാണത്തിലെപ്പോലെ തന്നെ നീതിയുടെ നഗരത്തിലെ പിതാവായ യമന്റെ അടുത്തേക്കാണ് ചോദ്യങ്ങളുമായി നചികേതസ്സ് എത്തിച്ചേരുന്നത്. 'പറയൂ അമ്മാവാ ഏതു നീതിയാണ് എന്നെ മൃത്യുവിന്റെയും പീഡയുടെയും നഗരത്തിലേക്ക് ബാല്യത്തിൽത്തന്നെ തള്ളിയിടുന്നത്...നീതിമാന്മാരായ അമ്മാവൻമാരെ, നിങ്ങളുടെ പുസ്തകങ്ങളിൽ നോക്കൂ, ഞങ്ങൾ എന്തു കുറ്റം ചെയ്തു ജനിച്ചുവെന്നതോ ഞങ്ങളുടെ കുറ്റം. എനിക്കറിയേണ്ടത് മരണം എന്താണെന്നല്ല. ഏതു ന്യായമാണ്

മനുഷ്യരെ അകാരണം അതിലേയ്ക്ക് വലിച്ചിഴക്കുന്നതെന്നാണ്' (ആനന്ദ്, 2018:37). കഠോപനിഷത്തിൽ മരണത്തിനെപ്പറ്റിയുള്ള ചോദ്യങ്ങളാണ് യമനോട് നചികേതസ്സ് ചോദിക്കുന്നത്.

മരണത്തിന്റെ അർത്ഥം നചികേതസ്സിന് മനസ്സിലാക്കിക്കൊടുക്കുന്ന യമന് ജീവിതത്തിന്റെ അർത്ഥമെന്തെന്ന ചോദ്യത്തിനുമുമ്പിൽ ശബ്ദം ഇടറുകയാണ് ചെയ്യുന്നത്. മരണത്തിനപ്പുറം വിശദീകരിക്കാൻ ഉപനിഷത്തിലെ യമൻ ത- ാറാകുന്നില്ല. മരണത്തിനുശേഷമുള്ള അവസ്ഥയെ അറിയാൻ മനുഷ്യന് അർഹതയില്ലെന്നിടത്താണ് നീതി-അനീതിപ്രശ്നം കഠോപനിഷത്തിൽ പ്രഹേളികയാകുന്നത്. ഇവിടെയാണ് നചികേതസ്സിന്റെ ചോദ്യങ്ങൾ ആധുനിക നൈതിക സമൂഹത്തിലും പ്രശ്നമാവുന്നത്.

സാഹിത്യത്തിൽനിന്നും ഗോവർധനുമായി സംവദിക്കാനെത്തുന്നത് കാളിദാസനും മുഹമ്മദ് റുസ്വായുമാണ്. കാളിദാസന്റെ കാവ്യങ്ങളും മിർസാ മുഹമ്മദ് റുസ്വായുടെ 'ഉമ്റാവ്ജാൻ അദാ' എന്ന നോവലും അപഗ്ര ഥിച്ചുകൊണ്ട് അധികാരവും എഴുത്തും തമ്മിലുള്ള ബന്ധത്തെ ആനന്ദ് വിശദീകരിക്കുന്നു. കാളിദാസൻ തന്റെ സ്വന്തം കഥാപാത്രങ്ങളെ ദുരന്തഭൂമികയിലെ വേദനിക്കുന്ന സാധാരണജനതയായി കാണുന്നതിനു പകരം അവരെ കേവലം ശൃംഗാരോദ്ദീപക വസ്തുക്കളായി അധ: പതിപ്പിച്ചു എന്നത് കവിയുടെ ദു: ഖമാക്കി മാറ്റിയ ആനന്ദ് കാൽപനികതയുടെ പുറംമോടികളെ പൊളിച്ചെഴുതുകയാണ് ചെയ്യുന്നത്.

'സ നിർവിശ്യ യഥാകാമം തടേഷ്വാലീന ചന്ദനൌ
സ്തനാവിവ ദിശസ്തസ്യാ ശൈലൌ മലയദർദ്ദുരൌ
അസഹ്യവിക്രമ: സഹ്യം ദുരാപ്ലക്തമുദന്വതാ
നിതംബമിവ മേദിന്യാ O സ്തം" കമലംഘയൽ'[2]

ഒരു രാജാവ് ഒരു പ്രദേശത്തെ ആക്രമിച്ചു കീഴടക്കുന്ന വസ്തുതയെ ശൃംഗാരരസത്തിൽ കാമോദ്ദീപകമായി വിവരിച്ചത് നിസ്വരായ ജനങ്ങളോടും ചരിത്രത്തോടും തന്നെ ചെയ്ത അനീതിയായി കാളിദാസൻ നോവലിൽ തിരിച്ചറിയുന്നു (പുറം :155). ആക്രമിക്കപ്പെട്ട ജനതയുടെ അന്തസ്സിനെയും സ്വത്വത്തെയും മനസിലാക്കാത്ത വ്യക്തി ഒരു നല്ല കവിയാകുന്നതെങ്ങനെയെന്ന് കാളിദാസനിലൂടെ ആനന്ദ് ചോദിക്കുന്നു. 'ഉമ്റാവ്ജാൻ അദാ' എന്ന നോവലിലൂടെ നർത്തകിയായ ഉമ്റാവിന്റെ ജീവിതം അനശ്വരമാക്കിയപ്പോൾ അവളെ സ്വജീവിതത്തിൽനിന്ന് മാറ്റി പ്രതി ിക്കുകയാണ് മിർസാ ചെയ്തതെന്ന് ആനന്ദ് വാദിക്കുന്നു. 'സ്ത്രീയെയും സാമാന്യജനതയെയും സ്വജീവിതത്തിൽ നിന്നും സമൂഹത്തിൽനിന്നും അന്യവത്കരിക്കാനും ആദർശവത്കരിക്കാനും അധികാരം കണ്ടെത്തുന്ന കപടതന്ത്രമാണ് സാഹിത്യ

വൽക്കരണം' (ഷാജി ജേക്കബ്, 1996:83) എന്ന് ആനന്ദ് തന്റെ നോവലിലൂടെ വ്യക്തമാക്കുന്നു. വ്യക്തികളെ അവരുടെ ജീവിതത്തെയും ദുരന്തങ്ങളെയും പച്ചയായി അനുഭവിക്കാൻ വിടാതെ കാൽപനികമായികതയിൽ പൊതിഞ്ഞ് സാഹിത്യം വ്യക്ത്യനുഭവങ്ങളെ മലിനമാക്കുന്നതിനെയാണ് ആനന്ദ് വിമർശിക്കുന്നത്. കാൽപനികതയ്ക്കു പിന്നാലെവന്ന ആധുനികസാഹിത്യം സ്ത്രീയനുഭവങ്ങളെ ഡംഗാരോദ്ദീപകമായും പ്രകൃതിയനുഭവങ്ങളെ സ്ത്രൈണാ വിഷ്കാരമായും ചിത്രീകരിക്കുന്നതിനെ വിമർശനാത്മകമായി സമീപിക്കുന്നതാണ് ആനന്ദിന്റെ ഈ നവസാംസ്കാരികപാഠത്തിനു കാരണമായത്.

കലയുടെ ലോകത്തെ അനീതികളെ അവതരിപ്പിക്കാൻ ആനന്ദ് തെരഞ്ഞെടുക്കുന്നത് അമീർ ' 3 , ത്യാഗരാജസ്വാമികൾ എന്നിവരെയാണ്. പേർഷ്യൻ കുടുംബപാരമ്പര്യമുള്ള ഇന്ത്യയിലെ പ്രമുഖ സംഗീതജ്ഞനും കവിയുമായിരുന്ന അമീർ ' 3 കലയുടെ ലോകത്തു നിന്നും സ്വതന്ത്രനായി നീതിയുടെ അർത്ഥം അന്വേഷിച്ച് നോവലിൽ അലയുന്നു. രാജാക്കന്മാരുടെയും സുൽത്താന്മാരുടെയും പ്രീതിക്കുവേണ്ടി കാവ്യങ്ങൾ എഴുതുകയും പാരിതോഷികങ്ങൾ ഏറ്റുവാങ്ങുകയും ചെയ്യുന്ന കവികൾക്ക് ലോകത്തിനോട് എന്തു പ്രതിബന്ധതയാ ണുള്ളതെന്ന് അമീർ ചിന്തിക്കുന്നു. യുദ്ധക്കളങ്ങളിൽ പരിക്കേ മരിച്ചുകൊണ്ടിരുന്ന മനുഷ്യരുടെ അണയുന്ന രോദനങ്ങളിൽനിന്ന് സ്വരങ്ങൾ പെറുക്കിയെടുത്ത് താൻ ഉണ്ടാക്കിയ രാഗത്തെ എവിടെയും അവതരിപ്പിക്കാതെ ഒളിപ്പിച്ചുവെച്ചത് മനുഷ്യത്വരഹിതമായി അയാൾ മനസിലാക്കി. ആ നീതികേടിനെ സംഗീതജ്ഞൻ തന്റെ മനസാക്ഷിയുടെ കോടതിയിൽ വിചാരണ ചെയ്തു. എന്നാൽ കർണ്ണാടക സംഗീതത്തിലെ ത്രിമൂർത്തികളിലൊരാളായ ത്യാഗരാജസ്വാമികൾ സംഗീതത്തിന്റെ ആഡംബരത നിറഞ്ഞ മണി മാളികയിൽനിന്നും വിമുക്തി നേടി അഗ്രഹാരങ്ങളിലെ ഇടുങ്ങിയ വഴികളിലൂടെയാണ് സഞ്ചരിക്കുന്നത്. 'ീ ാനും ഒരു ഭിക്ഷക്കാരൻ തന്നെ, അമ്മ. ചില യശസ്കാമികളായ രാജാക്കന്മാരിൽനിന്ന് ഭിക്ഷ വാങ്ങുന്നു. ചിലർ കാമോന്മത്തരായ ഭിക്ഷക്കാർതന്നെ. നീ എങ്ങനെ പ്രേമത്തെ ഒരു തൊഴിലാക്കിയോ, അതേപോലെതന്നെ ീ ാൻ എന്റെ ഭക്തിയെയും തൊഴിലാക്കി. ീ ാൻ എന്റെ ഭക്തിയെ വിറ്റ് ഓരോ ദിവസത്തേക്കുമുള്ള അരിയാക്കി ...' (ആനന്ദ്, 2018:227). ത്യാഗരാജസ്വാമികളും ഉമ്റാവ്ജാനും തമ്മിലുള്ള ഈ സംഭാഷണത്തിൽനിന്നും ശ്രീരാമനോടുള്ള ഭക്തിയെ ഉപജീവനമാർഗമാക്കി മാറ്റിയത് ത്യാഗരാജസ്വാമികൾ ചെയ്ത വലിയ അനീതിയായി ആനന്ദ് വ്യക്തമാക്കുന്നു.

#### 4.2.3.2.2 ശാസ്ത്രത്തിലെ നീതിവിചാരങ്ങൾ

ശാസ്ത്രലോകത്തെ നൈതികപ്രശ്നങ്ങളെ ചിത്രീകരിക്കുന്നതിനായി ഗലീലിയോ, കെപ്ലർ എന്നീ ശാസ്ത്രജ്ഞന്മാരോട് കാലം ചെയ്ത അനീതികളെ നോവലില് പുനരാവിഷ്കരിക്കുന്നു. ഗലീലിയോ എന്ന ഭൗതികശാസ്ത്രജ്ഞൻ ക്രിസ്ത്യൻ മതവിചാരണയെ പരസ്യമായി നേരിട്ട വ്യക്തിയാണ്. സൂര്യൻ പ്രപഞ്ച കേന്ദ്രമാണെന്ന് വാദിച്ച ഗലീലിയോയെ മതദ്രോഹിയെന്ന് മുദ്രകുത്തിയത് ക്രൈസ്തവ പുരോഹിത വർഗമായിരുന്നു. യുക്തി, സത്യം, നീതി തുടങ്ങിയ സങ്കല്പങ്ങളെ വിശദീകരിക്കാൻ ശ്രമിച്ച ശാസ്ത്രജ്ഞർക്ക് നേരിടേണ്ടിവന്ന വെല്ലുവിളികളെ നോവൽ സന്ദർഭങ്ങളിൽനിന്ന് മനസിലാക്കാവുന്നതാണ്. ീ ങ്ങൾ വിശ്വസിച്ചത് യുക്തിയിൽനിന്നു വേണം എല്ലാറ്റിന്റെയും മുക്തി എന്നാണ്. ശാസ്ത്രത്തെ മനുഷ്യരിലേക്ക് കൊണ്ടുവരുവാൻ ആഗ്രഹിച്ച ീ ങ്ങൾ. ശാസ്ത്രം അന്ധതയെ അകറ്റുമെന്നും, അങ്ങനെ അനീതിയെ ഇല്ലാതാക്കുമെന്നും ആണ് ീ ങ്ങൾ ധരിച്ചത്. നീ പറഞ്ഞതുപോലെ സത്യം കണ്ടുപിടിക്കുക എന്നാൽ നീതി പാലിക്കുക എന്നാണ്. പക്ഷേ, ഭൂമിയിലെ നിയമം അതല്ലായിരുന്നു. ശാസ്ത്രവും നീതിയും ഭൂമിയിൽ രണ്ടാണെന്ന് കാണുവാൻ കഴിയാതെപോയതിനാലാണ് ീ ങ്ങൾ ന്ദ്രവിക്കാരായത്, സമീപദ്രവിക്കാരാകാഞ്ഞത്' (പുറം:192). സത്യം പറയുന്നതിനെ എതിർത്ത ക്രൈസ്തവസഭ ദൈവശാസ്ത്രനിയമമനുസരിച്ചാണ് ഗലീലിയോവിനെ ശിക്ഷിക്കുന്നത്. മതവിശ്വാസങ്ങളുമായി കൂടിപ്പിണഞ്ഞു കിടന്നിരുന്ന ജ്യോതിശാസ്ത്രമേഖലയെ ഭൗതിക ശാസ്ത്രത്തോട് ചേർത്തുവക്കാൻ ശ്രമിച്ച ജോൺകെപ്ലറിനോട് കാലം ചെയ്ത അനീതിയെയും നോവലിൽ വിവരിക്കുന്നുണ്ട്. 'നീതി നടക്കണമെങ്കിൽ നിയമങ്ങൾ ഉണ്ടായാൽ പോരാ, ദൈവമുണ്ടായാലും പോരാ' (പുറം :188). കെപ്ലറിന്റെ അമ്മയായ കാതറിന്റെ വാക്കുകളെ കോടതിക്കുപുറത്തു നടക്കുന്ന നീതിവിചാരണകളായി മനസിലാക്കാം.

ഗോവർധന്റെ യാത്രകളിൽ യഥാർത്ഥ കോടതികൾക്കു പുറമെ വിചാരണയുടെ കുന്തമുനകളുമായി ധാരാളം മനുഷ്യരും സ്ഥാപനങ്ങളും കടന്നുവരുന്നുണ്ട് 'അകാരണമായി ശിക്ഷിക്കപ്പെട്ടുവെങ്കിലും അത് ന്യായ ത്തിൽ വന്ന ഒരു പാളിച്ചയാണെന്ന വിചാരമാണ് അയാളെ നീതിക്കുവേണ്ടി വാതിലുകളിരോന്നിലും മുട്ടുവാൻ പ്രേരിപ്പിച്ചത്. ഇപ്പോഴാണ് കോടതി വ്യക്തമാക്കിയത്, ഗോവർധൻ രാജാക്കന്മാരുടെയും വിപ്ലവ കാരികളുടെയും ശാസ്ത്രജ്ഞന്മാരുടെയും കലാകാരന്മാരുടെയും അതുപോലെ മറ്റെല്ലാവരുടേയും വലയിത പ്രദേശങ്ങൾക്ക് പുറത്തു നിൽക്കുന്നവനാണെന്ന് (പുറം:214). പുരാണങ്ങളിൽനിന്നും കാവ്യ- സാഹിത്യ- ശാസ്ത്രാദികളിൽനിന്നും ഗോവർധനുമായി സംവദിക്കുന്ന കഥാപാത്രങ്ങൾ ചരിത്രത്തിലെ നീതിനിഷേ

ധങ്ങളുടെയും അന്യായവിചാരണകളുടെയും പ്രതിനിധികളായി മാറുന്നു. ചെവികൾ മുറിച്ച് നെറ്റിയിൽ 'തെമ്മാടി' എന്ന് മുദ്രകുത്തിയ ഗോവർധന് സ്വന്തം കോടതിവിചാരണയ്ക്ക് ശേഷമുള്ള എല്ലാ സംഭവങ്ങളും വ്യത്യസ്ത അധികാരവിനിമയങ്ങളായാണ് അനുഭവപ്പെടുന്നത്. ഗോവർധനു നേരെ ചൂണ്ടിയ ക്യാമറയുമായി കടന്നുവന്ന ഒരു സുമുഖനായ മനുഷ്യൻ ഗോവർധൻ കേൾക്കുന്നതിനായി നടത്തുന്ന വാർത്താവായന പോലും കോടതിയിലെ വിചാരണപോലെ ഏതോ വക്കീലന്മാരുടെ വാഗ്വാദങ്ങളായാണ് ഗോവർധന് മനസിലാകുന്നത്.

**4.2.4 കോടതിയെന്ന വ്യവഹാരസ്ഥലം 'ഗോവർധന്റെ യാത്രകളി'ൽ**

'ഗോവർധന്റെ യാത്രകൾ' എന്ന നോവലിലെ കോടതിചിത്രീകരണത്തിൽ നിന്നും കോടതടികെട്ടിടങ്ങളിലുള്ള കൊളോണിയൽ മാതൃകകളുടെ തുടർച്ചകളെ മനസിലാക്കാവുന്നതാണ്. 'വാർണീഷിട്ട തേക്കുമരംകൊണ്ട് പാനലിങ് ചെയ്ത കോടതിമുറി വിരസമായി അനുഭവപ്പെട്ടു. പരിചാരകർ കയറുവലിക്കുന്നുണ്ടായിരുന്നുവെങ്കിലും അതിൽനിന്ന് ആർക്കും കാകേട്ടുകയുണ്ടായില്ല' (പുറം :187) എന്ന് ആനന്ദ് പരിഹാസപൂർവ്വം ആ സ്ഥല രാശിയെ വർണ്ണിക്കുന്നു. 'കോടതിമുറിയിലെ അന്തരീക്ഷംപോലെ മടുപ്പിക്കുന്നതായിരുന്നു ആ നിയമത്തിന്റെ വാദം' (പുറം :186). 'വാർണീഷിട്ട തേക്കുമരംകൊണ്ട് പാനലിങ് ചെയ്ത കോടതിമുറിയുടെ ജാഡ്യതയോടുള്ള മടുപ്പാണ് അയാളെ കേസുകൾ ഇത്രയും വേഗം തീർപ്പ കല്പിക്കാൻ പ്രേരിപ്പിച്ചിരുന്നത്' (പുറം:185). ഇപ്രകാരം കോടതിമുറിയെയും ന്യായവാദങ്ങളെയും വിരസതയുളവാക്കുന്ന ഒന്നായിട്ടാണ് നോവലില് അവതരിപ്പിക്കുന്നത്. കൊളോണിയൽ മാതൃകയെ തുടർന്നുകൊണ്ട് പോരുന്ന കോടതിമുറിയുടെ മടുപ്പിക്കുന്ന ഇരുട്ടിടങ്ങളെയാണ് നോവലിൽനിന്നും വ്യക്തമാകുന്നത്. 'പ്രോസിക്യൂട്ടർ വിനയത്തോടെ തലകുനിച്ച് ബോധിപ്പിച്ചു' (പുറം :187). 'മജിസ്ട്രേറ്റ് മേശമേൽ തട്ടി അവരെ നിശബ്ദരാക്കി' (പുറം :209). 'മജിസ്ട്രേറ്റ് പതിവുസസദായമനുസരിച്ച് താടി തടവുകയും, കണ്ണട ഊരി തുടയ്ക്കുകയും ചെയ്തു' (പുറം :211). എന്നിങ്ങനെയുള്ള നോവൽ വാക്യങ്ങളിൽനിന്നും കോടതികളിൽ ഇന്നും തുടർന്നുപോരുന്ന കൊളോണിയൽ ആചാര രീതികളെക്കുറിച്ചുള്ള സൂചനകൾ വ്യക്തമാണ്.

**4.2.5. കോടതിയധികാരത്തിന്റെ മൂർത്തരൂപങ്ങൾ**

ഗോവർധന്റെ യാത്രകളെന്ന നോവലിൽ സൈനികകോടതി, മതകോടതി എന്നിങ്ങനെ രണ്ടു വ്യത്യസ്ത കോടതികളിലായാണ് വിചാരണ നടക്കുന്നത്. അധികാരത്തിന്റെ മൂർത്തരൂപങ്ങളായാണ് ഇത്തരം

കോടതികളിലെ ന്യായാധിപനെയും അഭിഭാഷകരെയും ചിത്രീകരിച്ചിട്ടുള്ളത്. സൈനികകോടതിയിൽ വിചാരണ നടത്തുന്ന ബട്‌ലർ എന്ന ന്യായാധിപൻ അധികാരത്തിന്റെ ക്രോധഭാവത്തിലാണ് പെരുമാറുന്നതെന്ന് നോവൽ സൂചന നൽകുന്നുണ്ട്. പ്രതിക്കൂട്ടിൽ കിടക്കുന്ന മനുഷ്യരെ രണ്ടു ജീവികൾ മാത്രമായാണ് അദ്ദേഹം പരിഗണിക്കുന്നത്. 'പതിവുപോലെ ബട്‌ലർ കA കളുയർത്തി നോക്കിയില്ല. മുമ്പിലെ ഒന്നുമെഴുതാത്ത വെള്ളക്കടലാസിലും പ്രോസിക്യൂട്ടിങ്ങ് ഓഫീസറുടെ മുഖത്തും മാത്രം മാറിമാറി നോക്കിയാണ് അയാൾ ന്യായവിചാരം ചെയ്തിരുന്നത്' (പുറം :185). എന്ന നോവൽ സന്ദർഭത്തിൽനിന്നും ജഡ്ജി എന്ന പദവി ഒരു മനുഷ്യനു നൽകുന്ന അധികാരകർതൃത്വം വെളിപ്പെടുന്നു. സർക്കാർ വക്കീലിന്റെ പ്രഭാഷണത്താൽ വശീകരിക്കപ്പെട്ട് പരിസരങ്ങൾ മറന്ന് കൺമിഴിച്ചിരിക്കുന്ന പ്രതിഭാഗം വക്കീലിനെക്കുറിച്ചും നോവലിൽ വിവരണമുണ്ട്. വാദിക്കാൻ ആരുമില്ലാതിരുന്ന ഗോവർധനും മറിയത്തിനും മജിസ്ട്രേതന്നെ സർക്കാർ ചെലവിൽ നൽകുന്നതാണ് പ്രതിഭാഗം വക്കീൽ. സ്വതവേ പണിയില്ലാത്ത വക്കീൽ സർക്കാർ ദാനം ചെയ്യുന്ന ചില്ലറ പണികൾകൊണ്ടാണ് ജീവിക്കുന്നത്. അതുകൊണ്ട് തന്നെ സർക്കാരിന്റെ താൽപര്യങ്ങളെ മാനിച്ചും സർക്കാരിനെ പ്രീതിപ്പെടുത്തിയുമാണ് വക്കീൽ സംസാരിക്കുന്നത്. കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ള വസ്തുതകളെല്ലാം എന്റെ പ്രതികൾ സ്വയം സമ്മതിച്ചവയാണെന്നും അതിനാൽ അവർക്കുവേണ്ടി മാപ്പപേക്ഷിക്കുകയും ശിക്ഷയിൽ ഇളവുവേണമെന്ന് അപേക്ഷിക്കുകയുമാണ് പ്രതിഭാഗം വക്കീലിനു ചെ- ാനുള്ളത്. നിരപരാധികളായി ആ മനുഷ്യരെ രക്ഷിക്കാനും നിയമപരമായ വക്കീലന്മാരെക്കുറിച്ച് തന്റെ ഒരഭിമുഖത്തിൽ ആനന്ദ് വെളിപ്പെടുത്തുന്നുണ്ട്: 'പ്രശ്നം വാസ്തവത്തിൽ വെറും കോടതികളുടെയല്ല, പരിഹാരം ne ടെ പല മനുഷ്യാവകാശവാദികളും വിശ്വസിക്കുന്നതുപോലെ വക്കീലന്മാരുടെ ക- ിലുമല്ല വക്കീലന്മാരുടെ വാക്സാമർത്ഥ്യത്തിനെ അവലംബിക്കുന്ന കോടതികൾ, വാസ്തവത്തിൽ, ശരിയും തെ‌ം നിശ്ചയിക്കാൻ പണ്ട് ഉപയോഗിച്ചിരുന്ന കോഴിപ്പോരിൽനിന്നും അങ്കത്തട്ടിലെ ചേകവന്മാരുടെ പയറ്റിൽനിന്നും ഏറെ വ്യത്യസ്തമല്ല നിരപരാധികൾ ശിക്ഷിക്കപ്പെടുന്നത് കോടതികളിൽ മാത്രമല്ലതാനും, വെറും അധികാരത്തിനുവേണ്ടി അങ്കംവെട്ടുന്ന രാജാക്കന്മാരെപ്പോലെ തന്നെ ധർമ്മസംസ്ഥാപനാർത്ഥം യുദ്ധം ചെയ്യുന്ന ധർമ്മജ്ഞന്മാരും പ്രവാചകന്മാരും പ്രത്യയശാസ്ത്രബദ്ധരായ വിപ്ലവകാരികളും സാംസ്കാരിക സ്വത്വത്തിനുവേണ്ടി സമരം ചെയ്യുന്ന ആധുനിക വിമോചന സൈനികരും എല്ലാവരും തങ്ങളുടെ ശരിയും ശക്തിയും തെളിയിക്കാൻ വേണ്ടി കാണുന്ന വഴി നിരപരാധികളുടെമേൽ ആയുധം പ്രയോഗിക്കുകയാണ്. ഓരോരുത്തനും അവനവന്റെ ലക്ഷ്യത്തെ മാത്രം മുൻനിർത്തി സർവ്വലോകത്തിന്റെയും മേൽ വിധിയെഴുതുന്നു' (പുറം :204). നിയമജ്ഞരെയും ആധുനികമനുഷ്യവിമോചകരെയും മുൻനിർത്തിയുള്ള ആനന്ദിന്റെ വിശകലനം ചരിത്രത്തോടും

മനുഷ്യത്വത്തോടും തികച്ചും നീതിപുലർത്തുന്നതാണ് അവനവന്റെ ലക്ഷ്യത്തെ മാത്രം മുൻനിർത്തിയാണ് ഓരോരുത്തരും പ്രവർത്തിക്കുന്നതെന്നും അവനവന്റെ മാനദണ്ഡങ്ങളും ചിന്തകളും മാത്രമാണ് ആ പ്രവൃത്തിക്കടിസ്ഥാനമെന്ന് ആനന്ദ് പറയുന്നത് ശ്രദ്ധേയമാണ്. സമൂഹത്തിന്റെ ആവശ്യമല്ല മറിച്ച് വ്യക്തിയുടെ തീരുമാനമാണ് സാമൂഹികപരിഷ്കർത്താവിന്റെ നേതൃത്വത്തിലേക്കുള്ള വഴിയെന്ന് പരിഹാസപൂർവ്വം ആനന്ദ് ചൂണ്ടിക്കാട്ടുന്നു. നീതിയെ സമതുല്യമായി വിതരണം ചെ- ണ്ട കോടതിയും കോടതിയിലെ മൂർത്തരൂപങ്ങളും തങ്ങളുടെ അധികാരവും ശക്തിയും തെളിയിക്കുന്നതിനായി നിരപരാധികളുടെമേൽ ആയുധം പ്രയോഗിക്കു ന്നതിനെതിരെയാണ് ആനന്ദ് സംസാരിക്കുന്നത്.

### 4.2.6 'ഗോവർധന്റെ യാത്രകളി'ലെ കോടതിഭാഷ- വ്യവഹാരവിശകലനം

കോടതിരംഗങ്ങളിൽ നീതിന്യായത്തിനുപയോഗിക്കുന്ന ഭാഷ, എപ്രകാരമാണ് അധികാരത്തിന്റെ ഘനമുള്ള ഭാഷയായിത്തീരുന്നത് എന്നതിന്റെ ഉദാഹരണങ്ങൾ നോവലിൽ കാണാം. കോടതിയിലെ വാദപ്രതിവാദങ്ങൾ വാക്കുകളുടെ കസർത്തുകളായി മാറുകയാണ് ചെയ്യുന്നത്. 'പ്രതിഭാഗം വക്കീൽ ഈ സമയം അത്രയും സർക്കാർ വക്കീലിന്റെ പ്രഭാഷണത്താൽ വശീകരിക്കപ്പെട്ട്, പരിസരങ്ങൾ മറന്ന് കൺമിഴിച്ചിരിക്കുകയായിരുന്നു. കോടതിമുറിയിലെ ശ്രോതാക്കൾക്കൊപ്പം അയാളും വികാരം കൊള്ളുകയും, അതിനനുസരിച്ച് ചേവ കൾ കൈക്കൊള്ളുകയും ചെയ്തുകൊണ്ടിരുന്നു. അതുകൊണ്ട് മജിസ്ട്രേറ്റിന്റെ നിർദ്ദേശം അയാൾ കേട്ടതുപോലും ഇല്ല' (പുറം :212). 'സർക്കാർ വക്കീൽ വൃത്തത്തിൽ ചലിക്കാതെ വിഷയത്തിലേക്ക് വരണം മജിസ്ട്രേറ്റ് ആവശ്യപ്പെട്ടു' (പുറം :210). എന്നിങ്ങനെയുള്ള നോവൽ സന്ദർഭങ്ങളിൽനിന്നും അഭിഭാഷകന്റെ വാചാലതയ്ക്കും കോടതിഭാഷക്കുള്ള പ്രത്യേകതയ്ക്കും കോടതിവിചാരണയിലുള്ള വലിയ പങ്കിനെ വ്യക്തമാക്കുന്നു.

ന്യായവിചാരം ആരംഭിക്കുന്നതിനു മുൻപേതന്നെ ഗോവർധനെയും മറിയത്തെയും കുറ്റവാളി കളെന്നാണ് വക്കീൽ അഭിസംബോധന ചെയ്യുന്നത്. കൂടാതെ ആധുനികകോടതിയുടെ നീതി വിചാരങ്ങൾക്കുവിപരീതമായി 'തെമ്മാടി' എന്ന് ഗോവർധന്റെ നെറ്റിയിൽ മുദ്രകുത്താൻ വിധിക്കുമ്പോൾ പ്രാകൃതനീതി ബോധങ്ങളിലേക്കാണ് കോടതി തിരിയുന്നത് എന്ന് വ്യക്തമാകുന്നു. സൈനികകോടതിയിലെ ന്യായാധിപനായ ബട്ലറുടെ ക്രോധഭാവത്തിലൂന്നിയ വാക്കുകളും വിചാരണരംഗത്തെ 4 h മാക്കുന്നുണ്ട്. 'പതിവില്ലാത്തവിധം ക്രോധിതനായി ബട്ലർ പ്രോസിക്യൂട്ടറുടെ നേരെ കയർത്തു', 'ബട്ലറുടെ

ക്രോധപ്രകടനത്തിൽ പ്രോസിക്യൂട്ടർ ചൂളിപ്പോയി' (പുറം :187). എന്നീ പരാമർശങ്ങളിലൂടെ കോടതിഭാഷ അധികാരഭാഷയായി മാറുന്നതിന്റെ ചിത്രം വ്യക്തമാണ്.

നൈതികപ്രശ്നങ്ങൾ വിശാലമായ അർത്ഥത്തിൽ ചർച്ച ചെയ്യുന്ന ആധുനിക നോവലാണ് ഗോവർധന്റെ യാത്രകൾ. നിരപരാധിയായ ഗോവർധൻ ഭരണകൂടത്തിന്റെ ധർമ്മസംസ്ഥാപനത്തിനുവേണ്ടി ബലിയാടാവുന്നതും ഭാരതേർവിന്റെ പ്രഹസനത്തിലെ കേന്ദ്രകഥാപാത്രമായ ഗോവർധനിലൂടെ പുരാണ- ശാസ്ത്ര- കാവ്യ- ചരിത്ര-കലാമേഖലകളിലെ നൈതികപ്രശ്നങ്ങളെ തുറന്നുകാട്ടുന്നതുമാണ് ഈ നോവലിന്റെ ആഖ്യാനതന്ത്രം. കുരുക്കിനു പാകമായ കഴുത്തുള്ളവനെ കുരുക്കിലേന്നേ നീതിയുടെ കുതന്ത്രങ്ങളേയും ജാതീയതയുടെയും വർഗ്ഗീയതയുടെയും സമകാലഭീകരതകളെ ഈ ആഖ്യാനം സവിശേഷമായി വെളിപ്പെടുത്തുന്നു. നീതി നിഷേധിക്കുന്ന അധികാരികളും നീതി നിഷേധിക്കപ്പെട്ടവരും എഴുത്തുകാരന്റെ മൂലികയിൽ നീതി തേടിയലയുന്ന മഹായാത്രയിൽ അടയാളപ്പെടുന്നു. വ്യവഹാരവിശകലനത്തിലൂടെ സാമ്പത്തികവും ജാതീയവും വർഗ്ഗീയവുമായ വ്യത്യസ്തതകളെ നീതി എന്ന കേന്ദ്രത്തിലേക്ക് ബന്ധിക്കുവാനും കല, സാഹിത്യം, ചരിത്രം, ശാസ്ത്രം എന്നിവയിലെല്ലാം നിലനിൽക്കുന്ന അനീതികളെ പഠിക്കുവാനും ഈ നോവൽ ശക്തമായ ഉപാദാനമായിട്ടുണ്ട്. ഭാഷയിലൂടെ നിസ്വരാക്കപ്പെടുന്ന ജനതയെ ഈ നോവൽ അടയാളപ്പെടുത്തുന്നു.

**കുറിപ്പുകൾ**

1. ബൈബിളിൽ ഹെബ്രായർക്ക് എഴുതിയ ലേഖനത്തിലാണ് ഈ വചനമുള്ളത്. ബലി, പഴയതും പുതിയതും എന്ന ഒമ്പതാം അധ്യായത്തിലാണ് പ്രസ്തുത ഭാഗം. 'നിയമപ്രകാരം മിക്ക വസ്തുക്കളും രക്തത്താലാണ് " ശുദ്ധീകരിക്കപ്പെടുന്നത്. രക്തം ചിന്താതെ പാപമോചനമില്ല' (ഹെബ്രായർ, 9:22).

2. കാളിദാസന്റെ 'രഘുവംശത്തി'ലേതാണ് പ്രസ്തുത വരികൾ.

'പൊറുക്കരുതാത്ത പരാക്രമമുള്ള അദ്ദേഹം, തടങ്ങളിൽ ചന്ദനമിണങ്ങിയ മലയം, ദർദ്ദുരം എന്നീ മലകളെ ആ പ്രദേശത്തിന്റെ മുലകളെ എന്നപോലെ കാമംപോലെ അനുഭവിച്ചതിനുശേഷം, സമുദ്രം അകന്നൊഴിത കിടക്കുന്ന സഹ്യനെ ഭൂമിയുടെ ഉടയാട കിഴിഞ്ഞകന്ന നിതംബത്തെ എന്നപോലെ ആക്രമിച്ചു.' (രഘുവംശം നാലാം സർഗം ശ്ലോകം, 48-49).

# അധ്യായം 5

## കോടതിയുടെ ഉത്തരാധുനികമുഖവും

## വ്യാവഹാരിക വിശകലനവും

സാമ്പത്തിക- രാഷ്ട്രീയ- സാംസ്കാരിക അധികാരബന്ധങ്ങൾക്കുള്ളിൽ ന്യൂനപക്ഷങ്ങളും പ്രാന്തവത്കരിക്കപ്പെട്ട ജനതയും തങ്ങളുടെ അവകാശങ്ങൾക്കും നിലനിൽപ്പിനും വേണ്ടി മുന്നോട്ടുവന്ന ഈ നൂറ്റാണ്ടിൽ ഇന്ത്യയിൽ ഹൈന്ദവ- വർഗ്ഗീയ- വരേണ്യരാഷ്ട്രീയത്തിന്റെ അടിച്ചമർത്തൽ ശക്തമായിത്തീർന്നു എന്നതാണ് വിരോധയുക്തി. ലോകം പ്രത്യേകിച്ച് അമേരിക്കൻ യൂറോപ്പ്യൻ രാജ്യങ്ങൾ വലതുപക്ഷ രാഷ്ട്രീയത്തിലേക്കും മേൽക്കോയ്മയിലേക്കും നീങ്ങുന്നുവെന്നതും സത്യം, മതേതരത്വം, മാനവികത തുടങ്ങിയ മൂല്യങ്ങൾ വലിയ നുണകളായി മാറുന്നതും ഇന്ത്യൻ വർഗ്ഗീയ സാഹചര്യങ്ങളെ ഏറെ പ്രോ്വ ാഹിപ്പിക്കുന്നു. ആധുനികത സമത്വത്തിലൂന്നിയ പ്രത്യയശാസ്ത്രമാണ് മുന്നോട്ടുവെച്ചതെങ്കിൽ ഉത്തരാധുനികകാലത്ത് വ്യതിരിക്തതകൾക്കും നാനാത്വങ്ങൾക്കും സ്ഥാനമുണ്ടാകുമെന്ന ഉത്തരാധുനിക തത്വബോധങ്ങളെ അവഗണിച്ചു കൊണ്ടാണ് പോല് ഹ്യൂമൻ, പോല് ്രൂത്ത്, പോല് സെകയുലർ തുടങ്ങിയ ആശയവാദങ്ങൾ പ്രബലമായത്. നുണ പ്രചരിപ്പിക്കുകയും സത്യമാണെന്ന രീതിയിൽ വിശ്വസിപ്പിക്കുകയും ചെയ്യുന്ന ഉത്തരാധുനിക കാലത്ത് വർഗ്ഗീയതയും വംശീയതയും ഉയർത്തുന്ന നൈതിക പ്രശ്നങ്ങൾ മലയാളനോവലിലും ശക്തമായ പ്രമേയമായി മാറുന്നു. വി.ജെ. ജെയിംസ്, സുഭാഷ് ചന്ദ്രൻ, കെ.ആർ മീര, ഷിനിലാൽ തുടങ്ങി പുതിയ എഴുത്തുകാർ പലരും ജാതിഅധീശത്വത്തിന്റെയും വർഗ്ഗീയദുരന്തങ്ങളുടെയും അസത്യക്കാളകളെ മലയാള നോവൽസാഹിത്യത്തിൽ അടയാളപ്പെട്ട ത്തിക്കൊണ്ടിരിക്കുന്നു.

മനുഷ്യത്വം നിഹനിക്കപ്പെടുന്ന വംശീയകലാപങ്ങൾ, വർഗ്ഗീയലഹളകൾ എന്നിവ സർവ്വ സാധാരണമാകുമീർന്നിരിക്കുന്ന ലോകത്ത് കോടതിയും നീതിപ്രശ്നങ്ങളും പരിഹാസ്യവും അയഥാർത്ഥവുമായി ചിത്രീകരിക്കപ്പെടുന്നുവെന്നത് കാലത്തിന്റെ നീതിയോട് പുതിയ എഴുത്തുകാർ പുലർത്തുന്ന കരുതൽത്തന്നെയാണ്. തെളിവും സാക്ഷിയും എല്ലാമുണ്ടായിട്ടും കൂട്ടബലാ്വ ംഗങ്ങൾ, ശി" ഹത്യകൾ, ആൾക്കൂട്ടകൊലപാതകങ്ങൾ എന്നിവ വർദ്ധിച്ചുവരുന്ന സമകാല ഇന്ത്യയുടെ ചിത്രം അതിരൂക്ഷമായ ഭാഷയിൽ ഈ എഴുത്തുകാർ ആവിഷ്കരിക്കാൻ ശ്രമിക്കുന്നുണ്ട്. എങ്കിലും ചരിത്രം തന്നെ മായ്ക്കാൻ ശ്രമിക്കുന്ന, അസ്പൃശ്യജനതയെ പാരമ്പര്യങ്ങളുടെ ഈടുവയ്പ്പുകളിൽ നിന്ന് തുടച്ചുമാറ്റാൻ ശ്രമിക്കുന്ന ആധുനിക ഇന്ത്യൻ ഭരണകൂടഭീകരതയുടെ വാളയിൽ തുറന്ന എഴുത്ത് അപ്രസക്തമാവുകയും കല, മായികകാളയാക്കി യാഥാർത്ഥ്യങ്ങളെ പൊതിത പിടിക്കുകയും ചെയ്യുന്ന കാളയും സമാകാലഇന്ത്യൻ രചനകളിൽ സർവ്വസാധാരണമാകുന്നു.

2012 ൽ പുറത്തിറങ്ങിയ ഇ. സന്തോK മാറിന്റെ 'അന്ധകാരനഴി' എന്ന നോവൽസമൂഹത്തിന്റെ അധികാരഭീകരതയെ അവതരിപ്പിക്കുന്നുണ്ട്. നീതിന്യായവ്യവസ്ഥ നടപ്പിലാക്കേണ്ട കോടതി അത് ചെ- ാതെ അധികാരം ദുർവിനിയോഗം ചെയ്യുമ്പോൾ ഇരകളുടെ ശിവ ജീവിതം നീതി തേടിയുള്ള യാത്രകളായി മാറുന്നു. നിരപരാധികൾ കുറ്റവാളികളായിസമൂഹത്തിനുമുന്നിൽ ചിത്രീകരിക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യുമ്പോൾ അതിനാവശ്യമായ തെളിവുകൾ ഉൽപാദിപ്പിക്കുന്ന, കോടതി എന്ന ആശയത്തിന്റെ നേർ വിപരീതമായ ഒന്നായി നീതിന്യായ സംവിധാനം മാറിപോകുന്നതിന്റെ ദുരന്തകാളയാണ് ഈ നോവൽ. കോടതിവ്യവഹാരസ്ഥലം നോവലിൽ നേരിട്ട് കടന്നുവരാത്തതിനാൽ ഈ കൃതി പഠന പരിധിയിലുൾപ്പെടുത്തിയിട്ടില്ല. കൂടാതെ 2012 ൽ തന്നെ പുറത്തിറങ്ങിയ കെ. ആർ മീരയുടെ കൃതിയാണ് 'ആരാച്ചാർ'. സ്ത്രീകേന്ദ്രിതമായ നീതിന്യായനടത്തിപ്പിന്റെ ശക്തമായ അവതരണം ഈ നോവലിലുണ്ട്. വധശിക്ഷ, ലിംഗനീതി, മാനുഷിക ബന്ധങ്ങൾ തുടങ്ങിയ വിഷയങ്ങളെ ഒരു പെൺ ആരാച്ചാരായ ചേതനയെ മുൻനിർത്തി നോവൽ അവതരിപ്പിക്കുന്നു. വധശിക്ഷയുടെ ധാർമ്മികവും സാമൂഹികവുമായ വശങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ടെങ്കിലും കോടതിമുറി എന്ന സ്ഥലരാശി നോവലിൽ നേരിട്ട് പ്രത്യക്ഷപ്പെടുന്നില്ല എന്നതിനാൽ ഈ കൃതിയും പഠനപരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല കോടതിവ്യവഹാരങ്ങളും നീതിന്യായവ്യവഹാരങ്ങളും നേരിട്ടു കടന്നുവരുന്ന കൃതിയെന്ന നിലക്ക് കെ. ആർ മീരയുടെ 'ഖബർ' എന്ന നോവലാണ് വിശദപഠനത്തിനായി തെരഞ്ഞെടുത്തിരിക്കുന്നത്.

**5.1 ഖബർ**

മനുഷ്യന്റെ മൗലികാവകാശങ്ങൾ നിഷേധിക്കപ്പെടുകയും വ്യക്തിസ്വാതന്ത്ര്യവും സ്വകാര്യതയും ശിഥിലമാക്കപ്പെടുകയും ചെയ്യുന്ന ഉത്തരാധുനിക വ്യവസ്ഥയിൽ വായനയുടെ പുതിയ പാഠാന്തരങ്ങൾ സൃഷ്ടിക്കുന്ന നോവലാണ് കെ. ആർ മീരയുടെ ഖബർ. നോവൽ കൈകാര്യം ചെയ്യുന്ന നൈതികവിചാരങ്ങൾ രാഷ്ട്രത്തിന്റെ വർത്തമാന ചരിത്രത്തിലെ ശക്തമായ നൈതികപ്രശ്നങ്ങളാണ് അഭിസംബോധന ചെയ്യുന്നത്. ഖബർ എന്ന ഒറ്റ സ്ഥലരാശിയിൽ ആരംഭിച്ച് ഒരു മുഴുവൻ തങ്ങളുടെ ഖബർ ഒരു സാമൂഹിക പ്രശ്നമായി രൂപപ്പെടുകയും ആ സാമൂഹികപ്രശ്നത്തിന്റെ അടരുകൾ എന്നോണം പ്രണയവും, ദാമ്പത്യവും, ചരിത്രവും, ൃ തിഹ്യവും, അധികാരവും കൂടിച്ചേരുകയും ചെയ്യുന്നതിന്റെ സുതാര്യമായ വായനാനുഭവമാണ് നോവൽ പകരുന്നത്. ആധുനിക യുക്തി വിചാരവും മാനുഷികമായ നീതിബോധവും തമ്മിലിടത ണ്ടാകുന്ന നൈതിക പ്രതിസന്ധിയാണ് ഖബർ മുന്നോട്ടുവെക്കുന്ന വിഷയം. ഭാവന സച്ചിദാനന്ദൻ എന്ന ജില്ലാ ജഡ്ജിയുടെ വിവിധ

വ്യവഹാര ഇടങ്ങളിലൂടെ സഞ്ചരിച്ച് വർത്തമാന കാലത്തിലെ ഇന്ത്യൻ രാഷ്ട്രീയ അരക്ഷിതാവസ്ഥയെ ചോദ്യം ചെയ്യുകയാണ് ഈ കൃതി 05ൽ02ൽ2019 അ എന്ന കേസുമായി ബന്ധപ്പെട്ട സംഭവങ്ങൾ ആണ് നോവലിന്റെ ഭൂമിക.

പൂർവികന്റെ ഖബർ പൊളിച്ചതുമായി സംബന്ധിച്ച് ഖയാലുദ്ധീൻ തങ്ങൾ എന്ന മുഖ്യ കഥാപാത്രം സിവിൽസ്യൂട്ട് സമർപ്പിക്കുന്നിടത്താണ് കഥ ആരംഭിക്കുന്നത്. തങ്ങളുടെ അനിയന്മാർ വിറ്റ തറവാട്ടു സ്ഥലത്ത് അദ്ദേഹത്തിന്റെ പൂർവികന്റെ ഖബർ ഉണ്ടെന്നും ആ സ്ഥലം എനിക്ക് വിട്ടു കിട്ടണം എന്നുമാണ് കേസ്. ചേരമാൻ പെരുമാളിനൊപ്പം മക്കയിൽ പോയി ഇസ്ലാം മതം സ്വീകരിച്ച് മടങ്ങിവന്ന അസൻ കോയയുടെ ഖബർ ആണ് കേസിനാസ്പദം. ഈ ഖബറിരിക്കുന്ന സ്ഥലം വാങ്ങിയ 'സാകേതം' ചാരിറ്റബിൾ ട്രസ്റ്റ് അവിടെ കല്യാണ മണ്ഡപം പണിയാൻ പോകുന്നതും കല്യാണമണ്ഡപത്തിന്റെ ടോയ്‌ലറ്റുകൾ പ്രസ്തുത ഖബറിനു മുകളിൽ വരുന്നതും തനിക്ക് ബുദ്ധിമുട്ടുണ്ടാകുമെന്നതുമാണ് തങ്ങളുടെ വാദം. പലതരത്തിലും ഭാവന എന്ന ജില്ലാ ജഡ്ജിയെ തളർത്താൻ ഖയാലുദ്ദീൻ തങ്ങൾ മാന്ത്രിക വിദ്യകൊണ്ട് ശ്രമിക്കുന്നുണ്ട് ഒടുവിൽ കേസിൽ തങ്ങൾ തോൽക്കുകയും ഭാവനയുടെ കഴിവിനെ അയാൾ അംഗീകരിക്കുകയും ചെയ്യുന്നു. ആ ബന്ധം പിന്നീട് പ്രണയത്തിലേക്ക് വഴിമാറുന്നുണ്ടെങ്കിലും 2019 നവംബർ 9ന് തങ്ങൾ മസ്തിഷ്കമരണം സംഭവിച്ചു മരിക്കുന്നു. ഇതേ ദിവസം തന്നെയാണ് ഇന്ത്യയിലെ പരമോന്നത നീതിപീഠം ബാബറി മസ്ജിദ് പൊളിച്ച സ്ഥലം രാമക്ഷേത്രം നിർമ്മാണത്തിനായി അന്തിമവിധി പ്രസ്താവിക്കുന്നത്. കേവലം യാദൃശ്ചികതയല്ല അത് എന്നത് ചരിത്ര നീതിയാണെന്നു കാണാം. നോവലിൽ ഒരിടത്തുപോലും ബാബറി മസ്ജിദ് എന്നോ അയോധ്യ എന്നോ എഴുതാതെ തന്നെ നോവൽ സമകാലഇന്ത്യയെ അലട്ടിയ നീതികേടിന്റെ കഥയായി മാറുന്നു എന്നിടത്താണ് എഴുത്തുകാരിയുടെ വിജയം

### 5.1.1 ഖബറിലെ കോടതി വ്യവഹാരവിശകലനം

നീതിന്യായപാലനത്തിൽ പ്രഗൽഭയായ ഭാവന എന്ന ജഡ്ജിയെ മുൻനിർത്തിയാണ് ഖബറിലെ നീതി പ്രശ്നിനവ മാവുന്നത്. സാക്ഷിയും, തെളിവും കൃത്യമായ നിയമയുക്തിവിചാരപ്രകാരമാണ് കോടതിയിൽ നോവലിനാസ്പദമായ കേസ് നടക്കുന്നത്. കേസിന്റെ ന്യായവിചാരണയിൽ കേസിനായി ഫ്രെയിം ചെയ്ത പ്രശ്നങ്ങളെകുറിച്ച് പറയുന്നു. കേവലയുക്തിയധി ിതമായ ചോദ്യങ്ങളാണ് കോടതിയിൽ ജഡ്ജി ഉന്നയിക്കുന്നത്.

1. ‘തർക്കവസ്തുവായി ഈ സ്ഥലം പരിഗണിക്കാൻ സാധ്യതയുണ്ടോ?

2. കൈമാറ്റം നടന്ന സ്ഥലം പൊതു ആവശ്യങ്ങൾക്കായി ഒരു ചാരിറ്റബിൾ ട്രസ്റ്റിന് വിട്ടുകൊടുത്തതാണ് ഇത് സംബന്ധിച്ച രേഖകൾ കൃത്യമാണോ?

3. തർക്ക ഭൂമിയിൽ പുരാതനമായ ഖബർ ഉണ്ട് എന്ന ആരോപണം നിലനിൽക്കുന്നതാണോ?

4. ഇസ്ലാം മതവിശ്വാസപ്രകാരം ഈ സ്വകാര്യഭൂമിയിൽ ഖബറിടം അനുവദനീയമാണോ? ഖബർ തിരിച്ചറിയാൻ മീസാൻകല്ല് സ്ഥാപിച്ചിട്ടുണ്ടോ? (കെ. ആർ.മീര, 2021:35)

ഖബറിരിക്കുന്ന സ്ഥലത്തിന്റെ അവകാശത്തെയും വിശ്വാസ്യതയെയും സംബന്ധിച്ചുള്ള ഇത്തരം ചോദ്യങ്ങൾക്കിടയിൽ അതിന്റെ ചരിത്രത്തിനോ പ്രാചീന മായ വേരുകൾക്കോ കോടതി സ്ഥാനം കൽപ്പിക്കുന്നില്ല. എന്നാൽ ഖയാലുദ്ദീൻ തങ്ങൾക്ക് പറയാൻ ഉണ്ടായിരുന്നത് വിശ്വാസത്തെയും ചരിത്രത്തെയും സംബന്ധിച്ച തെളിവുകൾ ഇല്ലാത്ത സത്യങ്ങൾ ആയിരുന്നു. വാദി ആരോപിക്കുന്ന നൂറ്റാണ്ടുകളുടെ ചരിത്രം ആ മണ്ണിലോ പ്രദേശത്തോ ഉണ്ടെന്നു തെളിയിക്കുന്ന രേഖകൾ അയാളുടെ കൈവശമില്ല എങ്കിലും 'രേഖയില്ലാത്തതുകൊണ്ട് ഖബർ ഇല്ലാതാകുന്നില്ല' (പുറം:68) എന്നതാണ് വാസ്തവം. ഈ നോവൽ സന്ദർഭത്തിൽ വളരെ കൃത്യമായി കോടതി എന്ന സ്ഥാപനം ആധുനിക യുക്തിവിചാരത്തിൻറേതു മാത്രമായി പ്രവർത്തിക്കുന്നതായി കാണാം. 'വ്യക്തി/സമൂഹം, ആത്മാവ്/ശരീരം, ഭൗതികം/ആത്മീയം, പ്രകൃതി/സംസ്കൃതി എന്നിങ്ങനെ ചരിത്രത്തെയും ജീവിതത്തെയും വിപരീതങ്ങളായി പിളർന്ന് വിശകലനം ചെയ്ത ആധുനിക യുക്തി വിചാരത്തിന്റെ തുടർച്ചയിലാണ് കോടതിമുറിയിലെ നീതി/അനീതി എന്ന വിപരീത ദ്വന്ദ്വവും നിലനിൽക്കുന്നത്' (സുനിൽ.പി. ഇളയിടം, 2015:97).

യുക്തിവിചാരത്തിന്റെ കാവലാളാണ് ഭാവന എന്ന കഥാപാത്രം. മാനുഷികത, ധാർമികത, സൂക്ഷ്മയുക്തി എന്നീ ആധുനിക ലോകബോധത്തിൽ രൂപപ്പെട്ട പരികൽപ്പനകളാണ്. കേവലയുക്തി കൊണ്ട് അളന്നാണ് ഒരു വ്യക്തിയെ നല്ലവൻ എന്നും മോശമെന്നും ചിത്രീകരിക്കുന്നത്. ഇതേ യാന്ത്രികയുക്തി തന്നെയാണ് കോടതിമുറിയിലും പ്രകടമാകുന്നത്. 'സത്യമല്ല തെളിവാണ് പ്രധാനം' എന്ന സമകാല കോടതിയുടെ നീതിബോധം ഇത്തരമൊരു യുക്തിബോധത്തിന്റെ ഉൽപന്നമാണ്. ആധുനികതയുടെ യുക്തിചിന്തയും മനുഷ്യത്വബോധവും തമ്മിലുള്ള സംഘർഷങ്ങളെ നോവലിലെ മറ്റൊരു സന്ദർഭത്തിൽനിന്നും അപഗ്രഥിക്കാവുന്നതാണ്. വസ്തുവും നീതിയും തമ്മിലുള്ള ബന്ധത്തിൽനിന്നാണ് ആ നോവൽ സന്ദർഭം

ഉടലെടുക്കുന്നത് നീതി നിഷേധിക്കപ്പെട്ട മനുഷ്യന്റെ വസ്ത്രധാരണം മറ്റുള്ളവരിൽനിന്ന് തീർത്തും വ്യത്യസ്തമായിരിക്കും എന്നാണ് ജഡ്ജിയുടെ നിഗമനം. ഭാവന തന്റെ അമ്മയുമായി സംസാരിക്കുമ്പോൾ വസ്ത്രവുമായി ബന്ധപ്പെട്ട വിഷയം കടന്നുവരുന്നു. ഇ.എം. എസ് പറഞ്ഞത് മറക്കരുത് എന്നു പറഞ്ഞ കൊണ്ട് അദ്ദേഹത്തിന്റെ ഒരു വാക്യം അമ്മ ഉദ്ധരിക്കുന്നുണ്ട് 'നന്നായി വേഷം ധരിച്ച വന്ന കുടവയറനായ ധനികനും മോശം വസ്ത്രം ധരിച്ച നിരക്ഷരനായ സാധുവിനും ഇടയ്ക്ക് നീതി നിർണയിക്കുമ്പോൾ കോടതി സ്വഭാവേന ആദ്യം പറഞ്ഞയാളെ അനുകൂലിക്കുന്നു' (കെ.ആർ.മീര, 2021:29) ഈ വാചകം ഓർത്തുകൊണ്ട് വസ്ത്രവും നീതിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഭാവന ചിന്തിക്കുന്നു. നീതിനിഷേധിക്കപ്പെട്ട ആൾക്ക് ബാഹ്യരൂപത്തിൽ ശ്രദ്ധ കുറയുകയും വസ്ത്രങ്ങൾ മുഷിഞ്ഞതാവുകയും ചെയ്യുമെന്നുമായിരുന്നു ഭാവനയുടെ കണ്ടെത്തൽ. നാലുവർഷത്തെ അനുഭവത്തിൽ നിന്നും ഉരുത്തി രിഞ്ഞതാണ് ഈ നിഗമനം കാക്കശ്ശേരി ഖയാലുദ്ദീൻ തങ്ങൾക്ക് നല്ല ഡ്ര സ്സ് ഉണ്ടായിരുന്നുവെന്നും അദ്ദേഹത്തിന്റെ സിൽക്ക് ജൂട യും നെഹ്റു ജാക്കറ്റും വിശേ ഷാൽ ശ്രദ്ധ യർഹിക്കുന്നതാണെന്നും നോവലിൽ പലയിടത്തും പരാമർശം ഉണ്ട്. കോടതിയിലേക്കുള്ള തങ്ങളുടെ വരവും അപ്രകാരം തന്നെയായിരുന്നു ബാഹ്യ രൂപത്തിൽ ശ്രദ്ധിച്ചതുകൊണ്ട് തന്നെ അയാൾക്ക് നീതി നിഷേധിക്കപ്പെട്ടിട്ടുണ്ടാകില്ല എന്ന കോടതിയുടെ യുക്തിരാഹിത്യമാണ് ഇവിടെ വെളിപ്പെടുന്നത്. നീതി നിഷേധിക്കപ്പെട്ട് ഇരയാകേണ്ടിവന്ന ക്രിസ്തുവിന്റെ വസ്ത്രം ഉരിഞ്ഞെടുത്ത സന്ദർഭം ബൈബിളിൽ ഉണ്ട്[1]. ഇരയാക്കപ്പെടുന്നവന്റെ വസ്ത്രധാരണത്തെക്കുറിച്ചുള്ള മുൻധാരണയാണ് അതിലൂടെ പ്രതീകമാകുന്നത്. അത് ഇന്നും തുടരുന്നു എന്നതാണ് ദുരന്തം. വസ്ത്രവും, നീതിയും തമ്മിലുള്ള ബന്ധത്തിലെ അയുക്തികത സമകാല കേരളത്തിലും ചർച്ചയായതാണ്. 12-08-2022 ലെ കോഴിക്കോട് സെഷൻസ് കോടതിയുടെ ഉത്തരവിൽ ഇത്തരം ഒരു വിചിത്രവാദം കടന്നു വന്നിരുന്നു. ലൈംഗികാകർഷണം ഉണ്ടാക്കുന്ന വസ്ത്രങ്ങൾ ധരിച്ചതിനാൽ സെക്ഷ്വൽ ഹരാസ്മെന്റിനുള്ള IPC 354 A വകുപ്പ്[2] നിലനിൽക്കില്ല എന്നാണ് കോടതി വിധി. വസ്ത്രധാരണംപോലെ തികച്ചും വ്യക്തിപരമായ ഒരു വിഷയം ചൂണ്ടിക്കാണിച്ച് ലൈംഗികാക്രമ പരാതിയെ കൈകാര്യം ചെയ്യുതിലെ യുക്തിരാഹിത്യത്തെയും ഖബർ എന്ന നോവലിലെ വസ്ത്രവും, നീതിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള ചിന്തയെയും ചേർത്ത് വായിക്കാവുന്നതാണ്.

ബാഹ്യരൂപത്തിലുള്ള തങ്ങളുടെ അതീവശ്രദ്ധയും പെരുമാറ്റത്തിലെ ആകർഷണീയതയുംകൊണ്ട് അയാൾക്ക് നീതിനിഷേധിക്കപ്പെട്ടിട്ടില്ല എന്ന നിഗമനത്തിലേക്ക് എത്തുന്ന ഭാവന ഇവിടെ മനുഷ്യത്വത്തിന്റെയോ ധാർമികതയുടെയോ പരിഗണനകളൊന്നും അയാൾക്ക് നൽകുന്നില്ല. ഇവിടെയാണ്

കോടതിയെ വഞ്ചിക്കുന്ന അഥവാ കബളിപ്പിക്കുന്ന അനേകം കേസുകളുടെ പശ്ചാത്തലം വ്യക്തമാക്കുന്നത്. കോടതി ചില മുൻധാരണകളുടെ ഇരയാകരുത് എന്നതാണ് കA കെട്ടിയ നീതിദേവതയുടെ സങ്കല്പമെങ്കിലും പലപ്പോഴും സാമൂഹികവും പാരമ്പര്യ അധി ിതവും, ചരിത്രപരവുമായ പല തെകേളും കേവലം മുൻധാരണകളായി കോടതിയെയും ബാധിക്കാറുണ്ട് തങ്ങളുടെ വസ്ത്രത്തിലെ ഉത്തരേന്ത്യൻ ധനിക പരിച്ഛേദം ഇവിടെ നീതിനടപ്പിന് ബാധയായി നിൽക്കുന്നു. ക്രമേണ ഇന്ത്യയിൽ പടർന്നുപിടിച്ചിട്ടുള്ള വർഗീയതയുടെയും മുസ്ലിംവിരോധത്തിന്റെയും ധാരണ കളുംകൂടി കോടതിയെ ബാധിക്കുന്നതായി നമുക്ക് കാണാം. കോടതി ഒരു അരാഷ്ട്രീയ സത്തയല്ല എന്നും അത് സാമൂഹികവും ചരിത്രപരവുമായ വ്യക്തിത്വ രൂപീകരണത്തിന്റെ പൂർണ്ണ തെളിവാണെന്നും ഖബറിലെ ഭാവന എന്ന ജഡ്ജിയുടെ ചിത്രീകരണത്തിലൂടെ എഴുത്തുകാരി സമർപ്പിക്കുന്നു. സമകാല ഇന്ത്യയിൽ ജഡ്ജി നിയമനത്തെ ബാധിക്കുന്ന രാഷ്ട്രീയ കടന്നുകയറ്റങ്ങൾകൂടി ഇവിടെ പരിഗണി ക്കേണ്ടതാണ്.

**5.1.1.1 കോടതിയെന്ന വ്യവഹാരം ഖബറിൽ**

ബ്രിട്ടീഷ് കോടതികളുടെ മാതൃകയിലാണ് ഇന്ത്യൻ കോടതികൾ സ്ഥാപിക്കപ്പെട്ടത്. സ്വാതന്ത്ര്യാനന്തരം നിർമ്മിക്കപ്പെട്ട കോടതികളിലും ബ്രിട്ടീഷ് കോടതികളുടെ അതേ ആചാരങ്ങളും രീതികളും തുടർന്നു വന്നിരുന്നു എന്നതാണ് യാഥാർത്ഥ്യം. കോടതികെട്ടിടങ്ങളുടെ വാസ്തുവിദ്യ നീതിദേവത പ്രതിമ, നിർബന്ധിത വസ്ത്രധാരണ രീതികൾ എന്നിവ ഇതിന്റെ ഭാഗമാണ്. അഭിഭാഷകർ കറുത്ത അങ്കി, വെളുത്ത ബാൻഡ് എന്നിവ ധരിക്കുക കോടതിക്ക് മുന്നിൽ കുമ്പിട്ട് തൊഴുക, ജഡ്ജിമാരെ 'യുവർ ലോഡ്ഷിപ്പ്','യുവർ ഓണർ' എന്നിങ്ങനെ അഭിസം ബോധന ചെയ്യുക തുടങ്ങിയ രീതികൾ എല്ലാംതന്നെ ഇന്നും ne ടെ കോടതികളിൽ നിലനിൽക്കുന്നു. ജഡ്ജി കോടതിമുറിയിൽ ഉപയോഗിക്കുന്ന കാവൽ അഥവാ ജഡ്ജിയുടെ ക്ലിക്കയും നീതിന്യായവ്യവസ്ഥയുടെ അധികാരചിഹ്നമായും കൊളോണിയൻ പാരമ്പര്യത്തിന്റെ തുടർച്ചയായും മനസ്സിലാക്കാം. കോടതി എന്ന സ്ഥാപനത്തിന്റെ ഇരുണ്ട ഭയം ജനിപ്പിക്കുന്ന അധികാരത്തിന്റെ സ്വരൂപം ഖബറിൽ പലയിടത്തായി സൂചിപ്പിക്കുന്നുണ്ട്. ഖബറിലെ കോടതി ചിത്രീകരണത്തിൽ കോടതിയുടെ ഘനഗംഭീര വാതിലുകളും, തടിച്ച ജനാലുകളും, ഇരുണ്ട ഇട നാഴിയും കടന്നുവരുന്നുണ്ട് (കെ. ആർ.മീര, 2021:56).

കോടതികളിൽ ഇന്നും തുടർന്നുപോരുന്ന കൊളോണിയൻ ആചാരങ്ങളെയും ഭാഷാപ്രയോഗങ്ങളെയും നോവലില ് കൃത്യമായി അടയാളപ്പെടുത്തുന്നുണ്ട്. 'വക്കീൽ വാദിയോട് കൂട്ടിൽ കയറി നിൽക്കാനും സത്യവാചകം ചൊല്ലാനും നിർദ്ദേശിച്ചു അപ്പോഴും ി ാൻ വാദിയെ പൂർണമായി അവഗണിച്ചു

അഡ്വക്കേറ്റ് ശ്യാം കൃഷ്ണൻ ചീഫ് തുടങ്ങി സത്യവാങ്മൂലം നിങ്ങൾ തന്നെയാണോ കൊടുത്തത്ന പറയുന്നതെല്ലാം സത്യമാണോന്നഇതിലെ ഒപ്പ് നിങ്ങളുടേതാണോന്നഎന്നൊക്കെ ചോദിച്ച ജഡ്ജിയെ നോക്കി തൊഴുതുകൊണ്ട് ഉത്തരം പറയാൻ നിർദ്ദേശിച്ചു. എന്നിട്ടും ീ ാൻ നോക്കിയില്ല വാദി ഭാഗത്തിന് കൂടുതൽ ചോദിക്കാൻ ഇല്ലാത്തതുകൊണ്ട് ീ ാൻ ക്രോസ് എന്ന് കൽപ്പിച്ചു' (പുറം:66). വാദിഭാഗത്തിനും പ്രതിഭാഗത്തിനും കയറി നിൽക്കാനുള്ള കൂടുകൾ, ജഡ്ജിയുടെ ചേമ്പർ എന്നിവയും സത്യവാചകം ചൊല്ലുക, കോടതിയെ തൊഴുക എന്നിങ്ങനെയുള്ള ആചാരങ്ങളും നോവലിൽനിന്നും വ്യക്തമാണ്. സമൂഹത്തിലെ നീതി നിർവഹണത്തിന്റെ സ്ഥാപനരൂപമായ കോടതികളുടെ വാതിലുകളും, ഇരുണ്ടയിടങ്ങളും സ്ഥാനദ്യോതകമായ രാജകീയ കസേരകളും അധികാര ചിഹ്നമായ ക്ലോക്കയും ജഡ്ജിയുടെ ഇരിപ്പിടവും ഇതര ഭാഗങ്ങൾ തമ്മിലുള്ള വേർതിരിവിന്റെ തടിപ്പാളികളും സാക്ഷിവിസ്താരത്തിനുള്ള കൂടുകളും എല്ലാം ഇന്ത്യയിലെവിടെയും ഒരുപോലെ കൊളോണിയൽ ബാക്കി പത്രങ്ങളായി തുടരുന്നു.

ഖബറിൽ കോടതിയുടെ പ്രത്യക്ഷ ചിത്രീകരണത്തിനോടൊപ്പം തന്നെ പരോക്ഷമായി കോടതി എന്ന സങ്കല്പത്തെ കെ. ആർ. മീര അവതരിപ്പിക്കുന്നുണ്ട് ഭാവന സച്ചിദാനന്ദൻ തന്റെ മനസ്സാക്ഷിയുടെ കോടതിയിൽ നടത്തുന്ന വിസ്താരത്തിലൂടെയാണ് അത് വ്യക്തമാകുന്നത് മുൻഭർത്താവായ പ്രമോദിന്റെ പുനർവിവാഹത്തിനു പങ്കെടുക്കുന്നതിനെ സംബന്ധിച്ചാണ് ആ നോവൽ സന്ദർഭം 'ആ കല്യാണത്തിൽ പങ്കെടുക്കണോ വേണ്ടയോ എന്നു ീ ാൻ എന്നെതന്നെ വിസ്തരിച്ചതാണ് വാദങ്ങളും മറുവാദങ്ങളും ഉണ്ടായിരുന്നു ഒരുപക്ഷത്ത് ന്യായം മറുപക്ഷത്ത് നീതി. ചില കേസുകളിൽ വാദി ജയിക്കുന്നത് എക്സ്പാർട്ടിയായി പ്രതിയെ വിജയിക്കാൻ അനുവദിച്ചുകൊണ്ടാണ്. മചേില കേസുകളിൽ പ്രതിക്ക് അനുകൂലമായ വിധിക്കെതിരെ അപ്പീൽ നൽകാതെയുംന ഇല്ലെങ്കിൽ ആത്മാവിന്റെ വിധിയെങ്ങനെ നടപ്പാകും' (പുറം:77). ന്യായത്തെയും നീതിയെയും ഇരുചേരികളിൽ നിർത്തികൊണ്ടാണ് മനസ്സാക്ഷിയുടെ കോടതിയിൽ വിസ്താരം നടക്കുന്നത്. യുക്തിയുക്തമായ കോടതിവിചാരണയുടെ മറുപുറം ആണ് മനസാക്ഷികോടതി. അവിടെ മനുഷ്യത്വത്തിനും മനുഷ്യന്റെ എല്ലാ ബലഹീനതകൾക്കും, ദൗർബല്യങ്ങൾക്കും, ഇവ ങ്ങൾക്കും സ്ഥാനം നൽകുന്നുണ്ട് മനുഷ്യത്വം അപഹസിക്കപ്പെടാതെയും ഹനിക്കപ്പെടാതെയും സൂക്ഷിച്ചുവയ്ക്കാനുള്ള ഇടങ്ങളും കൂടിയാണ് ഈ മനസാക്ഷി കോടതി. ഖയാലുദ്ദീൻ തങ്ങൾക്ക് നീതി നിഷേധിച്ചുകൊണ്ടുള്ള വിധി പ്രഖ്യാപിക്കുന്നതിന് ശേഷവും ഭാവനയുടെ മനസ്സിൽ കോടതിയും നീതിന്യായ വിസ്താരവും സാധ്യമാകുന്നത് ഈ മനസാക്ഷികോടതിയുടെ പഴുതിലൂ ടെയാണ് ഇവിടെ പ്രത്യക്ഷകോടതിയുടെ സ്ഥലരാശിയോടൊപ്പം സജീവമാകുന്ന ഭാവനയിലെ മനസ്സാക്ഷി കോടതിയാണ്

കഥയെ മുന്നോട്ട് കൊണ്ടു പോകുന്നത് എന്നു മാത്രമല്ല വ്യക്തിനീതി പലപ്പോഴും സങ്കല്പങ്ങൾക്ക് പുറത്താണെന്ന് എഴുത്തുകാരി തെളിയിക്കുകയും ചെയ്യുന്നു.

### 5.1.1.2 കോടതി അധികാരത്തിന്റെ മൂർത്തരൂപങ്ങൾ.

ആധുനിക കോടതികൾ നിലവിൽ വന്നതോടെ സമൂഹത്തിൽ നടക്കുന്ന സിവിലും ക്രിമിനലുമായ കേസുകളിൽ അന്തിമവിധി പുറപ്പെടുവിക്കുന്നത് കോടതിയാണ്. കോടതി എന്നത് ന്യായാധിപന്റെ വിധിയാണ്. ഇവിടെ ന്യായാധിപൻ ആകട്ടെ ഒരു വ്യക്തിയും കൂടിയാണ് വ്യക്തിയുടെ എല്ലാ ദൗർബല്യങ്ങളും, പാരമ്പര്യ ബോധങ്ങളും ഈ വ്യക്തിയിലും ഉണ്ടാകുമെന്നത് കോടതികളുടെ ദൗർബല്യമായി മാറുന്നു. ജഡ്ജിമാർ നിയമിതരാകുന്ന സമയത്ത് സത്യപ്രതിജ്ഞ ചെ- ാറുണ്ട് ഭയാശങ്കയോ, സ്വജനപ്രീതിയോ, വാ ല്യമോ, വിദ്വേഷമോ കൂടാതെ നീതിയുക്തമായി ഭരണഘടന സംരക്ഷിക്കും എന്നാണ് സത്യപ്രതിജ്ഞയുടെ ഉള്ളടക്കം. എന്നാൽ ജഡ്ജിയുടെ വഴിതെറ്റിയ അനുഭവങ്ങളും സാമൂഹിക രാഷ്ട്രീയ സാംസ്കാരിക ആഭിമുഖ്യങ്ങളും നീതിയുടെ വിതരണത്തിന് തടസ്സമാകുന്നുണ്ടെന്നതിന് ഖബർ എന്ന നോവൽ തെളിവ് നൽകുന്നു.

പുരാതനമായ ഖബറിനു വേണ്ടി വാദിക്കുന്ന ഖയാലുദ്ദീൻ തങ്ങളുടെ മാന്ത്രികവിദ്യമൂലം ജഡ്ജിയായ ഭാവനയുടെ മനസ്സിൽ ഉണ്ടായ മുൻധാരണകളാണ് നോവലിന് ആസ്പദമായ കേസിന്റെ വിധിയെ പരോക്ഷമായി സ്വാധീനിക്കുന്നത്. കൺകെട്ട് വിദ്യയിലൂടെ തനിക്ക് ബോധക്ഷയം ഉണ്ടാക്കിയ തങ്ങളെ പ്രതികാരകൃ ദ്ധിയോടെ ഭാവന നേരിടുന്നു. സ്യൂട്ടിന്റെ ഭാഗമായി സമർപ്പിക്കപ്പെട്ട തെളിവുകൾ ീ ാൻ പരിശോധിച്ച വാദി സമർപ്പിച്ച രേഖകൾ കേസുമായി ബന്ധമില്ലാത്തതു വ്യക്തിപരമായ കത്തുകളുമായിരുന്നു. പ്രതികൾ സമർപ്പിച്ച സെയിൽ ഡീഖ കളും സാകേതം ചാരിറ്റബിൾ ട്രല് ് സമർപ്പിച്ച ഓഡിറ്റോറിയത്തിന്റെ പ്ലാനും വിശ്വാസയോഗ്യവും എന്റെ പ്രതികാരകൃ ദ്ധി ഉണർന്നു വിധിന്യായത്തിന്റെ വരികൾ മനസ്സിൽ അപ്പോഴേ തെളിത   പക്ഷേ എഴുതിവച്ചില്ല വാദം കേൾക്കാതെ വിധിയെഴുതുന്നത് നീതിയല്ല. നീതി ആണോ പെണ്ണോ എന്ന സംശയമേ വേണ്ട പെണ്ണാണ് കA  കെട്ടിയ പെണ്ണ് (പുറം:36) നടപ്പിലാകാൻ പോകുന്ന നീതി അന്ധമായ നീതിയാണെന്ന വിശ്വാസമാണ് ഭാവന ഇവിടെ വ്യക്തമാക്കുന്നത്.

ജഡ്ജി എന്നാൽ കേവലം ഒരു വ്യക്തിയാണെന്നും ഒരു വ്യക്തിക്ക് ഉണ്ടാകുന്ന എല്ലാ പരിമിതികളും ജഡ്ജിക്കും ഉണ്ടാകും എന്നുള്ള സൂചനകൾ നോവൽ നൽകുന്നുണ്ട്.  അന്ധമായ നീതി എന്നത് ഒരു സങ്കല്പം മാത്രമാണ് ഭാവനയും അമ്മയും തമ്മിൽ സംസാരിക്കുന്ന സന്ദർഭത്തിൽ 'എന്റെ വിചാരം ജഡ്ജിമാർക്ക്

പേടിയോkപാവപ്പെട്ട മനുഷ്യരോട് ദയവ് തോന്നാനുള്ള മനസ്സോ ഒന്നുമില്ല എന്നായിരുന്നു' (പുറം:53) എന്ന അമ്മയുടെ പരിഹാസരൂപേണയുള്ള വാക്കുകളിൽ നിന്നും സമൂഹത്തിന്റെ കാഴ്ചപ്പാടും വ്യക്തമാകുന്നു. തങ്ങളുടെ മാന്ത്രികവിദ്യയിൽ ആകൃവ യാകുന്ന ഭാവന ജഡ്ജിയും മാനുഷിക വികാരങ്ങൾ ഉള്ളവരാണ് എന്ന രീതിയിൽ ചിന്തിക്കുന്നുണ്ട് 'എഡ്വേർഡ് റോക്രൂക്കളുടെ ചെണ്ട് എന്റെ കവിളിൽ ഉരുമ്മി എന്റെ ശരീരം കോരിത്തരിച്ചു. ജഡ്ജി കോരിത്തരിച്ചുകൂടെന്ന് നിയമം ഒന്നുമില്ല. അവരുടെ f ദയത്തിൽ പുരാതനമായ ഖബറിടങ്ങൾ ഉണ്ടായിക്കൂടെന്നില്ല. അതിലൊരെണ്ണം ആരെങ്കിലും തല്ലിപ്പൊളിച്ചാൽ കേസ് കൊടുത്തേ തീരൂ എന്നില്ല അതിനുള്ളിൽ പ്രേമത്തിന്റെ മ- ത്ത് അപ്പോൾ ചോരയൊലിച്ച് കിടക്കുന്നത് കണ്ടു നെഞ്ചു പൊട്ടിക്കൂടെന്നില്ല' (പുറം:79) ഇപ്രകാരമുള്ള നോവൽ സന്ദർഭങ്ങളിൽനിന്നും ഒരു വ്യക്തിയുടെ മനോവിചാരങ്ങളും വികാരങ്ങളും അയാളുടെ തൊഴിലിനനുസരിച്ച് നിയന്ത്രിക്കപ്പെടുന്നില്ല എന്ന് വ്യക്തമാക്കുന്നു. ഒരു മനുഷ്യ ജീവിക്കുണ്ടായേക്കാവുന്ന എല്ലാ പരിമിതികളും ആ വ്യക്തി ജഡ്ജി എന്ന സ്ഥാനത്തായാലും നിലനിൽക്കും എന്ന് ഭാവനസച്ചിദാനന്ദനിലൂടെ നോവലില് അടയാളപ്പെടുത്തുന്നു. കോടതി സ്ഥാപനവൽക്കരിക്കപ്പെടുകയും വ്യക്ത്യതീതമാണെന്ന് വ്യവഹരിക്കപ്പെടുകയും ചെയ്ത ആധുനിക കാലത്തുനിന്നും കോടതി ഒരു തൊഴിൽ മാത്രമാണെന്നും വ്യക്തി സ്വതന്ത്ര പക്ഷപാതങ്ങളോട് കൂടിയവരാണെന്നും ഉള്ള ഉത്തരാധുനിക ചിന്തയിലാണ് ഭാവനയുടെ ഈ ചിന്തകൾ ന്യായീകരിക്കപ്പെടുന്നത്.

സമൂഹം എങ്ങനെ ചിന്തിച്ചാലും ജഡ്ജി അഥവാ കോടതി വ്യക്തിരഹിതമായ ഒരു സ്ഥാപനമാണ് എന്ന് തെളിയിക്കാൻ ഇതുവരെയും ഒരു കോടതിക്കും കഴിഞ്ഞിട്ടില്ല. ഏത് ആദർശവുംപോലെ കോടതിയും വ്യക്തിപക്ഷപാതത്തിനും വ്യക്തിയുടെ ബോധ്യങ്ങൾക്കും അയാളുടെ ജീവിത സാഹചര്യങ്ങളിൽ രൂപപ്പെട്ട അറിവിനും വിധേയമാണ് എന്നതാണ് യാഥാർത്ഥ്യം. ഇവിടെ ഭാവന എന്ന ജഡ്ജിയും വ്യത്യസ്തയല്ല. പാരമ്പര്യങ്ങളുടെ കഥ കേൾക്കുന്ന ഭാവന യോഗീശ്വരൻ അമ്മാവന്റെ കഥയിലൂടെ പതുക്കെ മുത്തിം സമൂഹമായി ഉണ്ടായിരുന്ന തന്റെ കുടുംബത്തിന്റെ പൂർവ്വബന്ധത്തെ തിരിച്ചറിയുന്നിടത്ത് കഥയുടെ ട്വില് ആരംഭിക്കുന്നു. കൺകെട്ട് വിദ്യയിൽ തന്നെ കബളിപ്പിച്ച തങ്ങളോട് ക്രമേണ അവളുടെ മനസാക്ഷി കോടതി അനുഭാവപൂർവ്വം പെരുമാറുന്നു. പ്രണയത്തിന്റെ എഡ്വേർഡ് റോസാപുഷ്പങ്ങളും സുഖമില്ലാത്ത തന്റെ മകനോടുള്ള അയാളുടെ പരിഗണനയും അവളുടെ മനസ്സിൽ കോടതിക്ക് അതീതമായ മാനുഷികതലം ഉണർത്തുന്നു. 'സന്ധ്യ മയങ്ങും നേരം' എന്ന സിനിമയിലൂടെ ജഡ്ജിയുടെ വ്യക്തി മനസ്സ് കാലങ്ങൾക്ക് മുമ്പേതന്നെ മലയാളികളുടെ

ബോധമണ്ഡലത്തെ പ്രശ്നവൽക്കരിച്ചിട്ടുണ്ട്[3]. മനുഷ്യസഹജമായ വികാരവിചാരങ്ങൾക്ക് അതീതമല്ല കോടതി എന്ന സ്ഥാപനവൽക്കരിക്കപ്പെട്ട വ്യക്തി എന്ന് ഉത്തരാധുനികകാലമാവുമ്പോഴേക്കും മീര ഉറപ്പിക്കുകയാണ്.

**5.1.2 ലിംഗ ന്യൂനപക്ഷ നീതിവിചാരങ്ങൾ 'ഖബറി'ൽ.**

നൈതികപ്രശ്നങ്ങളെ വിലയിരുത്തുമ്പോൾ ലിംഗന്യൂനപക്ഷ നീതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പ്രസക്തമാവുകയും കഥാഘടനയിൽ സ്ഥാനം നേടുകയും ചെയ്യുന്നുണ്ട്. നിയമത്തിന് മുമ്പിലുള്ള വ്യക്തികളുടെ തുല്യതയും, സംരക്ഷണവും രാഷ്ട്രം വിഭാവനം ചെയ്യുന്നത് ഭരണഘടനയിലൂടെയാണ്. സാമൂഹികമായ ശ്രേണീയസമത്വത്തോടൊപ്പം തന്നെ ലിംഗപദവിയിൽ ഊന്നിയുള്ള വിവേചനങ്ങളും ഇവിടെ നിലനിൽക്കുന്നു. ലൈംഗിക ന്യൂനപക്ഷങ്ങൾ, കുട്ടികൾ, സ്ത്രീകൾ, ഭിന്നലിംഗക്കാർ എന്നിവരെല്ലാം സമൂഹത്തിൽ സവിശേഷമായ പരിഗണനയും, പരിരക്ഷയും അർഹിക്കുന്നു. സ്ത്രീകളുടെ തുല്യതയ്ക്കും, അവകാശങ്ങൾക്കും വേണ്ടി നിയമങ്ങളും, ചട്ടങ്ങളും ഇന്ത്യയിൽ നിലനിൽ ക്കുന്നുണ്ടെങ്കിലും കുടുംബം, മതം, രാഷ്ട്രീയം, തൊഴിൽ തുടങ്ങി ഓരോ സാമൂഹിക ഘടനയിലും സ്ത്രീകളുടെ രണ്ടാംനില ഭത്തുായി തുടരാൻ ആൺസമൂഹം സവിശേഷമായി ശ്രദ്ധിക്കുന്നു. ഇതിന്റെ നേർക്കാളകളാണ് നോവൽഘടനയെ ഇഴയൊതുക്കമുള്ളതും സംഘർഷഭരിതവും ആക്കുന്നത്. ശക്തിയും തൻറേടവുമുള്ള കഥാപാത്രമായി ഭാവന സച്ചിദാനന്ദനെ അവതരിപ്പിക്കുമ്പോഴും 'ജഡ്ജിയാണെങ്കിലും നീ വെറുമൊരു പെണ്ണല്ലേന(പുറം:35) എന്ന മുഖ്യ കഥാപാത്രവും കേസിൽ വാദിസ്ഥാനത്ത് നിൽക്കുന്നവനുമായ ഖയാലുദ്ദീൻ തങ്ങളുടെ മനോവിചാരം കോടതിയെ സ്ത്രീയായി കാണാനുള്ള സമൂഹത്തിന്റെ വൈമനസ്യമാണ് വെളിപ്പെടുത്തുന്നത്. നോവലിലെ വ്യവഹാര ഇടങ്ങളിൽ സ്ത്രീ നേരിടുന്ന ചൂഷണം കുടുംബത്തിനകത്തു നിന്നുതന്നെ ആരംഭിക്കുന്നു. ജോലി മികവിന് ഭാര്യക്ക് ലഭിക്കുന്ന അംഗീകാരങ്ങളും പ്രശസ്തിയും ഉൾക്കൊള്ളാൻ കഴിയാതിരിക്കുന്നതു മുതൽ തുടങ്ങുന്നു ചരിത്രത്തിൽ ഉടനീളം സ്ത്രീ അനുഭവിക്കുന്ന വിവേചനത്തിന്റെ നോവൽ ഭാഷ്യം. ഒരു വനിതജില്ലാ ജഡ്ജി ആയതിലെ അസ്വരസ്യങ്ങളെ നോവലിൽ അവതരിപ്പിക്കുന്നിടത്താണ് ഇന്ത്യയിലെ കോടതികളുടെ പ്രാതിനിധ്യസ്വഭാവം എന്ത് എന്ന ചോദ്യം പ്രസക്തമാകുന്നത്. കോടതി എന്ന സ്ഥാപനം പ്രാഥമികമായും ഒരു പുരുഷവരേണ്യ, ജാതിഅധീശലോകമാണ്. 2024 ൽ പുറത്തിറങ്ങിയ 'Justice in Circles' എന്ന റഹേല ഖോറാക്കിവാലയുടെ ഗവേഷണ പ്രബന്ധത്തിൽ കോടതികളുടെ വാസ്തു വിദ്യയെക്കുറിച്ച് പറയുന്നിടത്ത് സുപ്രീംകോടതിയുടെ രൂപകല്പനയെ ഫാലിക് ആർക്കിടെക്ചറൽ ഇമേജ് ആയി വ്യാഖ്യാനിക്കുന്നുണ്ട്[4]. കോടതിക്കുള്ളിൽ വേരൂന്നിയ പുരുഷമേധാവിത്വത്തിന്റെ പ്രതിഫലനമായാണ് അദ്ദേഹം

സുപ്രീംകോടതിയുടെ രൂപകൽപ്പനയെ മനസ്സിലാക്കുന്നത് ഇന്ത്യയിലെ നീതിന്യായരംഗത്തെ ലിംഗ പ്രാധിനിത്യത്തെക്കുറിച്ച് കൃത്യവും ഴ ദ്യോഗികവുമായ ഒരു കണക്ക് ഇതുവരെ രേഖപ്പെടുത്തിയിട്ടില്ല. 2016ലെ ഏകദേശം കണക്കുപ്രകാരം ഇന്ത്യയിലെ ഹൈക്കോടതികളിൽ 594 ന്യായാധിപന്മാരിൽ സ്ത്രീകളുടെ എണ്ണം 60 ആണ്. അതായത് 100 . 2021-2022ലെ കണക്കു പ്രകാരം സുപ്രീംകോടതിയിലെ 34 അഭിഭാഷകരിൽ മൂന്നു വനിതകൾ മാത്രമേയുള്ളു ന്യൂനപക്ഷ വിഭാഗത്തിന്റെ പ്രാതിനിധ്യത്തെകുറിച്ച് കൃത്യമായ ഒരു രേഖയുമില്ല (നാഷണൽ ജുഡീഷ്യറി ഡാറ്റ, ഡിസംബർ 2022).

നോവലിലെ പ്രധാന സ്ത്രീകഥാപാത്രങ്ങളായ ഭാവന സച്ചിദാനന്ദനെയും അവരുടെ അമ്മയെയും ഏറെക്കുറെ സമാനമായാണ് നോവലില് ചിത്രീകരിക്കുന്നത്. മേധാവിത്വ സ്വഭാവവും അപകർഷതാബോധവും ഉള്ള പുരുഷനീതിയോട് ആണ് ഇരുവരും കലഹിക്കുന്നത്. ഭാവന എന്ന കഥാപാത്രം കോളേജ് പഠന കാലത്ത് പ്രമോദിനെ പ്രണയിക്കുകയും പിന്നീട് ആറേഴ വർഷം തിങ്കളാളൻതം നോറ്റ് അയാളെത്തന്നെ വിവാഹം കഴിക്കുകയും ചെയ്ത കഥാപാത്രമാണ്. പ്രമോദിനെ ഇവ മില്ലാത്തതൊന്നും ചെ- ാൻ ഭാവന മുതിർന്നിരുന്നില്ല. വലിയ കേസുകൾ വാദിച്ചു ജയിച്ചാൽ ഭർത്താവിന്റെ അപകർഷതാ ബോധം വർദ്ധിക്കുന്ന് തിരിച്ചറിഞ്ഞ് അത്തരം കേസുകൾ വേണ്ടെന്ന് തീരുമാനിക്കുകയും അയാൾ എഴുതിതോറ്റ മുൻസിഫ് മജിസ്ട്രേറ്റ് ടെല് എഴുതാതിരിക്കുകയും ചെയ്യുന്ന ഭാവന വിവാഹമോചനശേഷം സ്വതന്ത്രയും കരുത്തുമുള്ള സ്ത്രീയായി മാറുന്നു. മുൻ സിഫ് മജിസ്ട്രേറ്റ് ടെല് പാസാവുകയും ജഡ്ജിയായി ഉയരുകയും ചെയ്ത ഭാവന ADHD ഉള്ള തന്റെ മകനെ ഒറ്റയ്ക്ക് വളർത്താനുള്ള നിർണായകമായ തീരുമാന മെടുക്കുകയും ചെയ്യുന്നു എന്നത് കഥയിലെ പ്രധാന സംഭവം എന്നതിലുപരി സമൂഹത്തിലെ സ്ത്രീനീതിക്കുവേണ്ടി നടന്ന ശക്തമായ മുന്നേറ്റവുമാണ്. ഭിന്ന ശേഷിക്കാർക്ക് ലഭിക്കേണ്ട നീതിയെക്കുറിച്ചും സംരക്ഷണത്തെക്കുറിച്ചും വ്യക്തമായ ഒരു ധാരണയും ഇവിടെ എഴുത്തുകാരി ശ്രദ്ധാപൂർവ്വം ചേർത്തുവയ്ക്കുന്നു. കേരളീയസമൂഹം ഇത്തരം കുട്ടികളോട് കാണിക്കുന്ന സഹതാപം അവർക്ക് നീതിയായി അല്ല എന്നും ഇത്തരം കുട്ടികൾ ഉണ്ടാകുന്നതിന്റെ പേരിൽ സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ വളരെകൂടുതലാണെന്നും ലിംഗനീതിയെകുറിച്ച് ചിന്തിക്കുന്ന ഭാവന എന്ന കഥാപാത്രത്തിലൂടെ എഴുത്തുകാരി വ്യക്തമാക്കുന്നു.

കലക്ടറേറ്റിൽ ലാല് ഗ്രേഡ് ജീവനക്കാരിയായിരുന്ന ഭാവനയുടെ അമ്മ വീട്ടി ലെ എല്ലാ ഉത്തരവാദി ത്വങ്ങളും തീർത്തിട്ടാണ് ദിവസവും രണ്ടുമണിക്കൂർ അകലെയുള്ള ജോലിസ്ഥലത്ത് എത്തിയിരുന്നത്. താൻ തൻറേതെന്ന് കരുതി യിരുന്ന വീട്ടിൽ തനിക്ക് ഒരു അവകാശവും ഇല്ല എന്ന് തിരിച്ചറിയുന്നതോടെയാണ് ഭാവന

യുടെ അമ്മ (അവർക്ക് ഒരു പേര് കഥാകൃത്ത് നൽകിയിട്ടില്ല എന്നതും ശ്രദ്ധേയമാണ്) ആ വീട്ടിൽനിന്നും പടിയിറങ്ങുന്നത് 'എനിക്ക് എന്റെ ആയിട്ട് ഒരു മുറി വേണം' (കെ. ആർ മീര , 2021:52) എന്നു പറത കൊണ്ടാണ്. അമ്മയുടെ ആ വാക്കു കളിൽനിന്നും തനിക്ക് അന്യമാകുന്ന സ്വന്തം ഇടങ്ങളെ കുറിച്ചാണ് കെ. ആർ മീര സംസാരിക്കുന്നത് എന്ന് വ്യക്തമാകുന്നു . അധ്വാനിക്കുകയും സ്വന്തം വരുമാനം ഉണ്ടായിരിക്കുകയും ചെയ്തിട്ടും സ്വന്തമായി ഒരു ഇടമില്ല എന്ന അനീതിയെ അഭിമുഖീകരിച്ചുകൊണ്ടാണ് മീര സ്ത്രീകളുടെ ലിംഗനീതിയെ പ്രശ്നവത്കരിക്കുന്നത്. സ്ത്രീക്ക് സ്വന്തമായി ഇടം നൽകാതിരിക്കുന്ന പുരുഷന്റെ അധികാര പരിധിയിൽപെടുന്ന ഒരു കേവലവസ്തുവായിട്ടാണ് സ്ത്രീ സമൂഹത്തിൽ അടയാള പ്പെട്ടിരിക്കുന്നത്.

ഉത്തരാധുനിക കാലമാകുമ്പോഴേക്കും സ്ത്രീവാദ ചരിത്രത്തിലെ അഞ്ചാം തരംഗം ആരംഭിക്കുകയും സ്വന്തം ശരീരവും അതിനെ സംബന്ധിക്കുന്ന നീതി നിർവ്വഹണവും (വസ്ത്രം, ലൈംഗികത, പ്രസവം, ഗർഭച്ഛിദ്രം തുടങ്ങിയവയെല്ലാം) പൊതു തൊഴിലിടവും അതിനുള്ള പട ം പൊതുസമൂഹത്തിന്റെ നേട്ടങ്ങളും സ്വന്തം സ്വത്തിന്റെ മേൽ ര വരുമാനത്തിന്റെമേൽ ഉള്ള സ്വയം നിർണയവകാശങ്ങളും തുറന്ന ചർച്ചയ്ക്കും നിയമവ്യവസ്ഥാപനത്തിനും വിധേയമായിത്തീർന്നു. എന്നിട്ടും സ്ത്രീയുടെ അടിസ്ഥാന പ്രശ്നങ്ങളും അവൾക്ക് സ്വന്തമായ ഇടങ്ങളും വരുമാനങ്ങളും കേവലസ്വQ മായി അവശേഷിച്ചപ്പോഴാണ് കെ ആർ മീരയിലെ ഫെമിനില് ആക്ടിവില് സമർത്ഥമായി ഈ നോവലിലൂടെ ഇടപെടുന്നത്. തന്റെ കുട്ടിയോട് കാണിക്കുന്ന പരിഗണനയാണ് ഖയാലുദ്ധീൻ തങ്ങളിലേക്ക് ഭാവനയുടെ ശ്രദ്ധ അനുഭാവപൂർവ്വം തിരിയാൻ കാരണമായത്. അയാളുടെ പ്രണയത്തിന്റെ സ്മാരകമായി എഡ്വേർഡ് റോസായുക്കൾ ഉള്ള ആ വീട് അവർക്കും കുഞ്ഞിനുമായി കൊടുക്കുമ്പോൾ സ്ത്രീയെ സംരക്ഷിക്കുക എന്ന ധർമ്മത്തിൽ ഊന്നിയാണ് സ്ത്രീ പുരുഷബന്ധം (പ്രണയം പോലും) ഈ കൃതിയിൽ സാക്ഷാത്കരിക്കുന്നത് മാത്രമല്ല സ്ത്രീപുരുഷ ബന്ധത്തിൽ ഒരു സ്ത്രീയെ ആദരിക്കേണ്ടതിന്റെ ആവശ്യകതയും എഴുത്തുകാരി ബോധ്യപ്പെടുത്തുന്നുണ്ട് (പുറം:68) മാനുഷികതയുടെ വിശാലതയിലേക്ക് ഖബർ ഉയരുന്നതും ഇങ്ങനെ സ്ത്രീയെ ആദരിക്കുകയും സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന ലിംഗനീതിയിൽ അടിയുറച്ചുകൊണ്ടാണ്.

'യത്ര നാര്യസ്തു പൂജന്ത്യേ

രാമന്തേ തത്ര ദേവതാ,

യത്രൈതാസ്തു ന പൂജ്യന്തേ

സർവാവ ത്രഫലാ: ക്രിയാ:' (മനു:Vപ്പൈ)

എന്ന ഭാരതീയ നൈതികപാരമ്പര്യവും മീര ഈ കൃതിയിൽ ചേർത്തു വായിക്കുന്നു.

### 5.1.3 ഖബറിലെ ചരിത്ര-കാല-നീതി വിചാരങ്ങൾ- സാംസ്കാരികവിശകലനം

നിയമവും അധികാരവും താർക്കിക യുക്തിയും ചേർന്ന് അടക്കം ചെയ്ത നീതിയുടെ ഈ കഥയിൽ കാലഘടന എന്നത് സവിശേഷ ശ്രദ്ധ അർഹിക്കുന്നതാണ്. പൊതുവെ നോവൽ എന്ന ജനുസ്സിൽ സ്ഥലം, കാലം, ചരിത്രം എന്നിവ എഴുത്തുപകരണങ്ങളായി കടന്നുവരാറുണ്ട്. ചരിത്രവും കാലവും കൂടിച്ചേർന്ന് നിർമ്മിക്കുന്ന നൈതികത നോവലിന്റെ കാതലായ പഠനവിഷയമാണ്, നമ്മുടെ രാഷ്ട്രത്തിന്റെ വർത്തമാന ചരിത്രത്തിലെ നീതികേടുകളെ 'ബാബ്റി മസ്ജിദ് തകർച്ച' എന്ന ചരിത്രസംഭവവുമായി ബന്ധപ്പെടുത്തി ഖബർ എന്ന നോവൽ അവതരിപ്പിക്കുന്നു. കൂടാതെ വഖഫ് സ്ഥലത്തെ സംബന്ധിച്ച ചർച്ചകൾ പ്രസക്തമാകുന്ന കാലമാണിത്. ആധുനികത രൂപപ്പെടുത്തിയ യാന്ത്രിക യുക്തിവിചാരമാണ് മാനവികതയ്ക്കും നൈതികബോധത്തിനും എതിരായി ഖബറിലെ വിധിപ്രസ്താവനയ്ക്ക് കാരണമാകുന്നത്. ജനാധിപത്യ സ്വാതന്ത്ര്യങ്ങളുടെ സംരക്ഷണത്തിന് സ്വയംഭരണമുള്ള ചില സംവിധാനങ്ങൾ അത്യന്താപേക്ഷിതമാണെന്നും അല്ലാത്തപക്ഷം നീതിയുടെ വിതരണത്തിൽ പാളിച്ചകൾ സംഭവിക്കാമെന്നുമുള്ള ചിന്തയാണ് ഭരണഘടനയുടെ ഭാഗമായിത്തന്നെ നീതിന്യായ വ്യവസ്ഥയെ കൊണ്ടുവരുന്നതിന് അതിന്റെ നിർമ്മാതാക്കൾ മുതിർന്നത്. എന്നാൽ അതേ നീതിന്യായസംവിധാനത്തിന് നീതിയുടെ വിതരണത്തിൽ സംഭവിക്കുന്ന പാളിച്ചകളാണ് ഖബർ എന്ന നോവലിന്റെ കേന്ദ്രം. യഥാർത്ഥവസ്തുതകളെ മറച്ചുവെച്ച് പൊതുബോധത്തെയും പൊതുജനാഭിപ്രായത്തെയും സ്വാധീനിക്കുന്ന രീതിയിൽ അഭിപ്രായങ്ങളെയും വികാരങ്ങളെയും അവതരിപ്പിക്കുന്ന സത്യാനന്തര കാലത്തെ കോടതികളെ ഖബറിലൂടെ വായിച്ചെടുക്കാവുന്നതാണ്. ബാബ്റിമസ്ജിദ്, ജ്ഞാൻവാപിമസ്ജിദ്, രാമജന്മഭൂമി എന്നീ വിഷയങ്ങളിൽ സമീപകാലത്തുണ്ടായ വിഭാഗീയനീക്കങ്ങളും അതിനോടുള്ള ഇന്ത്യൻ നീതി ന്യായവ്യവസ്ഥയുടെ പ്രതികരണങ്ങളും സത്യാനന്തരകാലത്തെ കോടതികളുടെ അയുക്തികതയെ വ്യക്തമാക്കുന്നു. 1991 ലെ കേന്ദ്രസർക്കാർ 'പ്ലേസസ് ഓഫ് വർഷിപ്പ് ആക്ട്' പ്രകാരം ആരാധ നാലയങ്ങൾ 1947 ആഗസ്റ്റ് 15 ന്റെ അവസ്ഥയിൽ നിന്ന് മാറ്റാൻ അനുവാദമില്ല. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിനുമുമ്പുള്ള തെളിവുകളുടെ സഹായത്തോടെ ആരാധനാലയങ്ങളുടെ നിലനി ന്ന അവസ്ഥയെ ചോദ്യം ചെ- ാൻ പാടില്ല എന്നതാണ് ഈ നിയമം കൊണ്ടുദ്ദേശിക്കുന്നത്. എന്നാൽ സമകാല ഇന്ത്യൻ കോടതി വ്യവഹാരരംഗം ഇതിന് ഒരപവാദവും അപഹാസ്യവുമായിത്തീർന്നത് ഇന്ത്യൻ രാഷ്ട്രീയ രംഗത്ത് ഏറെ ചർച്ചചെ- പ്പെടുന്ന വിഷയമാണ്.

#### 5.1.3.1 ഖബറിലെ രാഷ്ട്രീയ നീതിവിചാരം

ഖബർ എന്ന നോവലിന്റെ പിറവിയെക്കുറിച്ച് എഴുത്തുകാരി തന്നെ വ്യക്തമാക്കുന്നത്, നോവലിന്റെ കഥയ്ക്കുവേണ്ട വിത്തുപാകിയത് 1992 ഡിസംബർ 6 ന് ബാബ്റി മസ്ജിദ് തകർത്ത സംഭവത്തോടുകൂടിയാണ് എന്നതാണ്. ഈ കഥ എഴുതേണ്ടത് കാലത്തിന്റെ ആവശ്യമാണെന്നും ഇത് മറ്റാരും എഴുതിയിട്ടില്ലാത്തതിനാൽ ് ാൻ എഴുതുന്നു എന്നും മീര നോവലിന്റെ ആമുഖത്തിൽ എഴുതുന്നുണ്ട് (കെ. ആർ.മീര,2021:4). ഇന്ത്യ നേരിട്ട രണ്ടാമത്തെ വിഭജനമായാണ് ഈ സംഭവത്തെ എഴുത്തുകാരി കാണുന്നത്. ഇന്ത്യയ്ക്ക് സംഭവിച്ച ആദ്യ വിഭജനം ഭൂമിശ്സാത്രപരമായും രണ്ടാമത്തേത് ബാബ്റി മസ്ജിദ് തകർച്ചയിലൂടെ രൂപപ്പെട്ട സാമൂഹികമായ വിഭജനമാണെന്നും മീര അഭിപ്രായപ്പെട്ടു. 'ne ടെ സമൂഹത്തെ മതപരമായി വിഭജിക്കുക മാത്രമല്ല ഓരോ മതത്തെയും അത് രണ്ടായി വിഭജിച്ചു. ഹിർ വിനെ ഹിർ ത്വ ഹിർ വെന്നും മതേതര ഹിർ വെന്നും മുസ്ലീമിനെ മതേതര മുസ്ലീമെന്നും ഇസ്ലാമിക് മുസ്ലീമെന്നും ക്രിസ്ത്യനെ മതേതര ക്രിസ്ത്യനെന്നും തീൻവാദ ക്രിസ്ത്യനെന്നും വിഭജിച്ച് മനുഷ്യബന്ധങ്ങളെ തന്നെ വിഭജിക്കുകയാണ് ബാബ്റി സംഭവം' എന്ന് കെ. ആർ മീര ആരാച്ചാരും എന്റെ ജീവിതവും എന്ന ലേഖനത്തിൽ പരാമർശിക്കുന്നുണ്ട്. സമകാല ഇന്ത്യയിൽ മതേതര ഹിർ വിനും മുസ്ലീമിനും ക്രിസ്ത്യനും ഒക്കെ സ്വന്തമായൊരു ഇടം ഭാവനയുടെ ലോകത്തു മാത്രമെ സാധ്യമാഫഎന്ന ചിന്തയിൽ നിന്നാണ് നോവലിന്റെ പിറവി.

സ്വാതന്ത്ര്യാനന്തര ഇന്ത്യയെ പിടിച്ചു കുലുക്കിയ ഒരു വലിയ സംഭവമായിരുന്നു 1992 ഡിസംബർ 6 ന നടന്ന ബാബ്റി മസ്ജിദ് തകർക്കൽ. ബിജെപിയും വിശ്വഹിർ പരിഷത്തും ചേർന്ന് സംഘടിപ്പിച്ച ഒന്നരലക്ഷത്തോളം കർസേവകർ പങ്കെടുത്ത റാലി അക്രമാസക്തമാവുകയും അവർ ബാബ്റി മസ്ദിജ് തകർക്കുന്നതിലേക്ക് നീങ്ങുകയുമാണ് അന്നുണ്ടായത്. അയോദ്ധ്യാ ശ്രീരാമ ജന്മഭൂമി വിഷയത്തിൽ നടന്ന നിരവധി തർക്കങ്ങളുടെയും രാജ്യത്തെ പല കോടതികളിലായി നടന്ന നിരവധി വ്യവഹാരങ്ങളുടെയും തുടർച്ചയായിട്ടാണ് ബാബാറി മസ്ജിദ് തകർക്കപ്പെട്ടത്. 2019 നവംബർ 9 നാണ് അയോദ്ധ്യ കേസിലെ അന്തിമവിധി സുപ്രീംകോടതിയിൽ പ്രസ്താവിച്ചത്. ബാബ്റി മസ്ജിദ് തകർത്ത ദിവസത്തെ ഫോട്ടോകളും വീഡിയോ ദൃശ്യങ്ങളും ഓഡിയോ ടേപ്പുകളും മാധ്യമവാർത്തകളും തെളിവുകളായി കോടതി അംഗീകരിച്ചില്ല. ഫോട്ടോകളിൽ അത് എടുത്തയാളുടെ ഒപ്പില്ലാത്തതും ഫോട്ടോയ്ക്കൊപ്പം അവയുടെ നെഗറ്റീവ് ഇല്ലാത്തതുമാണ് കാരണമായി ചൂണ്ടിക്കാട്ടിയത്. വീഡിയോ ദൃശ്യങ്ങൾക്ക് വ്യക്തത ഇല്ലാത്തതും കാസകേൾ സീൽ ചെ- ാത്തതും തെളിവുകളുടെ വിശ്വാസ്യത ഇല്ലാതാക്കിയെന്നും കോടതി വിലയിരുത്തി.

രണ്ടായിരം പേജോളം വരുന്ന വിധിന്യായമാണ് അന്നത്തെ ജഡ്ജി യാദവ് ജനങ്ങൾക്കു മുമ്പിൽ അവതരിപ്പിച്ചത്. ക്ഷേത്ര നിർമ്മാണത്തിന് ഇന്ത്യയിൽ തന്നെ വേറെ ധാരാളം സ്ഥലങ്ങളുണ്ടെങ്കിലും മസ്ജിദ് ഇരിക്കുന്ന സ്ഥലം തന്നെയാണ് ക്ഷേത്രനിർമ്മാണത്തിന് തെരഞ്ഞെടുത്തത് എന്നതാണ് ചരിത്ര ദുരന്തത്തിലേയ്ക്കു വഴിതുറക്കാൻ കാരണം. നിയമത്തിലൂടെ ഈ വാദം അംഗീകരിക്കപ്പെടില്ലെന്ന് അറിയാമായിരുന്നതിനാൽ വിശ്വാസത്തെ കൂട്ടുപിടിച്ചാണ് ക്ഷേത്രനിർമ്മാണത്തെ ന്യായീകരിക്കുന്നത്. വിവിധ മതവിശ്വാസികളുള്ള ഒരു രാജ്യത്ത് ഒരു മതത്തിന്റെ വിശ്വാസം മാത്രമാണ് കോടതി വിശ്വാസമായി പരിഗണിച്ചത്. ഉത്തർപ്രദേശിൽ കല്യാൺ സിങ്ങ് മുഖ്യമന്ത്രിയായിരിക്കുന്ന സമയത്താണ് ബാബ്റി മസ്ജിദ് തകർക്കപ്പെടുന്നത്. മസ്ജിദ് ഒരു കാരണവശാലും തകർക്കപ്പെടുന്ന സാഹചര്യം ഉണ്ടാകരുതെന്ന് സുപ്രീം കോടതി അദ്ദേഹത്തിന് നിർദ്ദേശം നൽകിയിരുന്നു. മസ്ജിദിന് ഒന്നും സംഭവിക്കില്ലെന്ന് കല്യാൺ സിങ് ഉറപ്പുനൽകിയിരുന്നെങ്കിലും മസ്ജിദ് തകർക്കപ്പെട്ടു. സുപ്രീംകോടതിയെ തൃണവൽഗണിച്ച കല്യാൺസിങിന് അതേ കോടതി വിധിച്ച ശിക്ഷ ഒരു ദിവസം കോടതിയിൽ ഇരുന്നിട്ട് പോവുക എന്നുള്ളത് മാത്രമായിരുന്നു. ഇവിടെ കോടതിയും ഇന്ത്യൻ ശിക്ഷാനിയമവും ഭരണഘടനയും എല്ലാം പരിഹാസ്യമാവുകയും മതസൗഹാർദ്ദം, മാനവികത, ആത്യന്തികസത്യം എന്നിവയെല്ലാം മികച്ച നുണകളായി മാറുകയും ചെയ്തു എന്നതാണ് സമകാല യാഥാർത്ഥ്യം. ഇന്ത്യൻ ഭരണഘടന എഴുതി ഉറപ്പു നൽകുന്ന ജനാധിപത്യബോധം കാറ്റിൽപ്പറത്തികൊണ്ടാണ് ബാബ്റി മസ്ജിദ്തകർക്കപ്പെട്ടത്. ബാബ്റി മസ്ജിദ് കേസിൽ സുപ്രീംകോടതി ഏഴംഗബെഞ്ച് വിധിപറഞ്ഞത് 'നിയമം മാത്രമല്ല വിശ്വാസംകൂടി കണക്കിലെടുക്കണമെന്നാണ്'. വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ സുപ്രീംകോടതി വിധി ഉണ്ടാകുന്നത് ഒരു ചരിത്ര സംഭവം ആയിരുന്നു.

ചരിത്രത്തെതന്നെയും തെളിവുകളും സാക്ഷികളും അടങ്ങുന്ന കോടതിസംവിധാനത്തെയും അപഹസിക്കുന്ന വിധത്തിലായിരുന്നു ഈ വിധി. ഖയാലുദ്ധീൻ തങ്ങളുടെ കേസിൽ ഭാവന നടത്തുന്ന ആദ്യ വിധിയിൽ ഇന്ത്യൻ ജനതയുടെ ഓർമ്മയുടെ ആഴങ്ങളിലേക്ക് ബാബ്റിമസ്ജിദ് വിധി കടത്തിവിട്ട (ബ്രാമ ണിക്കൽ) ഹൈന്ദവപാരമ്പര്യത്തിന്റെ വേരോട്ടംകാണാം. എന്നാൽ മനുഷ്യത്വത്തിലേക്ക് ഉണരുന്ന അവളിൽ മതേതര ജനാധിപത്യ സോഷ്യലിസം എന്ന ഭരണഘടനയുടെ അടിസ്ഥാനരേഖ നുണകളെ തിരുത്താനുള്ള സത്യത്തിന്റെ സാക്ഷ്യമായി നിലകൊള്ളുന്നു. കേസിന്റെ അന്തിമവിധിക്ക് മുൻപ് ആ സ്ഥലത്ത് ഒരു ഖബർ ഉണ്ടായിരുന്നു എന്ന പരിശോധനയ്ക്കായി പുരാവസ്തുവകുപ്പിനെ ഏൽപ്പിക്കുമ്പോൾ കാലത്തി-ന്റെയും സ്ഥലത്തിന്റെയും നീതിബോധങ്ങളുമായി എഴുത്തുകാരി അഭിമുഖം നിൽക്കുകയാണ്. വഖഫ് ഭൂമികളെ കുറിച്ചുള്ള

സമകാല കേസുകളിലെ ചരിത്രത്തിന്റെ നീതിബോധവും ഇവിടെ ചേർത്തുവായിക്കാവുന്നതാണ്. മാത്രമല്ല മുസ്ലീം ക്രിസ്ത്യൻ ഹിർ പാഴ്സി ജൈന ബുദ്ധ ആരാധനാലയങ്ങൾ ഇന്ത്യൻ സ്വാതന്ത്ര്യകാലത്ത് എങ്ങനെ അടയാളപ്പെടുത്തിയോ അങ്ങനെതന്നെ സൂക്ഷിക്കണമെന്ന ഭരണഘടന നിർമ്മാതാക്കളുടെ ദീർഘവീക്ഷണം ഇന്ത്യയെ തൊട്ടാൽ പൊള്ളുന്ന വർഗീയതയുടെ രക്തത്തെ തിരിച്ചറിയുന്നതുകൊണ്ടായിരുന്നു എന്ന് രാമജന്മഭൂമി പ്രശ്നകാലം തെളിയിക്കുന്നു. സ്ഥലത്തെയും കാലത്തെയും ചരിത്രത്തെയും മികച്ച നുണകളാക്കാൻപോന്ന സാമർത്ഥ്യമാണ് സമകാല ഇന്ത്യൻ ചരിത്രം.

### 5.1.4 ഖബറിലെ കോടതിഭാഷയും അധികാരവും

കോടതിയിലെ ഭാഷ വ്യവഹാരവിശകലനം ചെയ്യുമ്പോൾ ഫൂക്കോയുടെ വ്യവഹാരവും അധികാരവും എന്ന ചിന്ത പ്രസക്തമാകുന്നു. അറിവും അധികാരവും സംയോജിക്കുന്ന ഇടമെന്നാണ് ഫൂക്കോ വ്യവഹാരത്തെ നിർവചിക്കുന്നത് (2.1 ൽ ഇത് വിശദീകരിക്കുന്നുണ്ട്). 'അധികാരത്തിന്റെ രണ്ട് ഭാഗങ്ങളെ വ്യവഹാരം ഉൾക്കൊള്ളുന്നുണ്ട്. വ്യവഹാരത്തിന് അകത്തുള്ള അധികാരം, വ്യവഹാരത്തിന് നിദാനമായുള്ള അധികാരം എന്നിവയാണ് അവ. അധികാര ബന്ധങ്ങൾ ഉണ്ടാകുന്നതും പ്രാവർത്തികമാവുന്നതുമായ അഭിമുഖംപോലുള്ള സന്ദർഭങ്ങളാണ് ഒന്നാമത്തേതിൽ. സമൂഹത്തിൽ, സാമൂഹിക സ്ഥാപനങ്ങളുടെയും ക്രമങ്ങളുടേയും പിന്നിലുള്ള അധികാരബന്ധങ്ങൾ രൂപപ്പെടുന്നത് എങ്ങനെയെന്ന അന്വേഷണമാണ് രണ്ടാമത്തേതിൽ. ഇവ ഭാഷാ വ്യവഹാരങ്ങളിൽ പ്രതിഫലിക്കുന്നത് വേർതിരിച്ച് അറിയുകയാണ് ഭാഷയിലെ അധികാരം വേർപ്പെടുത്തുവാനുള്ള മാർഗം' (ഗിരീഷ്, 2002:6) കോടതി, c ൾ, പോലീസ് ലേ ഷൻ മുതലായ സാമൂഹിക സ്ഥാപനങ്ങളിൽ അധികാരത്തിന്റെ ശ്രേണീവൽക്കരണമാണ് കാണപ്പെടുന്നത്. ഈ ശ്രേണീകരണത്തിൽ മേൽത്തട്ടിലുള്ളവരുടെ ഭാഷ മേധാവിത്വംനിറഞ്ഞ അധികാരഭാഷയാണ്. കോടതിയിൽ ജഡ്ജി- അഭിഭാഷകർ- സാധാരണജനം എന്നിവരുടെ ഭാഷാപ്രയോഗരീതികളിൽ നിന്നും അധികാരത്തിന്റെ ശ്രേണീകരണം വ്യക്തമാകുന്നു. ജഡ്ജിയുടെ വാക്കുകൾ 'കല്പന' യാകുന്നതും വാദിയുടെയും പ്രതിയുടെയും സംഭാഷണങ്ങൾ വിധേയത്വപൂർണമാകുന്നതും ഇതിനാലാണ്. അഭിഭാഷകൻ 'Your Honor, Me oord' എന്നിങ്ങനെയുള്ള പദപ്രയോഗങ്ങളാൽ കോടതിയുടെ അധികാരം ഉറപ്പിക്കുകയും പൊതുസമൂഹത്തിൽ ജഡ്ജി നീതിന്യായവ്യവസ്ഥയുടെ സർവ്വാധികരിയാണെന്നും, ബോധിപ്പിക്കുകയും ചെയ്യുന്നു.

'ഖബർ' എന്ന നോവലിൽ കോടതിഭാഷ അധികാരഭാഷയായി തീരുന്നതിന്റെ ഉദാഹരണങ്ങൾ കാണാം. വാദിഭാഗം തെളിയിക്കുന്നതിനായി സംസാരിക്കാനൊരുങ്ങുന്ന ഖയാലുദ്ദീൻ തങ്ങളെ വാദം പറയുവാൻ

സമ്മതിക്കാതെ തടയുന്ന കോടതിയെയാണ് കാണുന്നത്. 'വാദിയോട് ഇവിടെ ചോദിക്കുന്നതിന് ഉത്തരംമാത്രം പറഞ്ഞാൽമതി' എന്നു താക്കീതു നൽകി. 'ഇല്ല' - ലേശം പതിഞ്ഞ ശബ്ദത്തിൽ വാദി പറത .' അപ്പോൾ നിങ്ങൾ ഉണ്ടെന്നു പറയുന്ന ഖബർ നിങ്ങളുടെ പൂർവ്വികൻറേതാണ് എന്നതിനു തെളിവില്ല എന്നു നിങ്ങൾ അംഗീകരിക്കുന്നു. 'അതായത്, ആയിരത്തിമുറ്റൈ കൊല്ലം മുമ്പ് ി ങ്ങളുടെ.... 'പ്ലീസ് ചോദ്യത്തിനുള്ള ഉത്തരം മതിk 'അംഗീകരിക്കുന്നു'. 'നിങ്ങൾ അവിടെ ഉണ്ടെന്ന് ആരോപിക്കുന്ന ഖബർ ഇരിക്കുന്ന ഭൂമി നിങ്ങളുടെ പിതാവ് നാസറുദ്ദീൻ തങ്ങൾ നിങ്ങളുടെ സഹോദരന്മാർ സലാഹുദ്ദീൻ തങ്ങൾക്കും ഫസലുദ്ദീൻ തങ്ങൾക്കും നിസാറുദ്ദീൻ തങ്ങൾക്കും എഴുതികൊടുത്തതായി അറിയാമോ൯ 'അറിയാം. പക്ഷേ അതിന്റെ അടുത്ത സർവ്വേ നമ്പറിൽ' 'സർവ്വേ നമ്പർ ചോദിച്ചില്ല. ചോദിക്കുമ്പോൾ പറഞ്ഞാൽ മതി' (പുറം:67). വാദിഭാഗത്തിനും പ്രതിഭാഗത്തിനും അവരവരുടെ വാദഗതികൾ വ്യക്തമാക്കുന്നതിന് അവകാശമുണ്ടെങ്കിലും ജഡ്ജിയായ ഭാവനയ്ക്ക് വാദിയായ ഖയാലുദ്ദീൻ തങ്ങളോടുള്ള മുൻവിധിയും പ്രതികാരകൃ ദ്ധിയുമാണ് അയാളെ വാദത്തിൽനിന്നും വിലക്കാൻ പ്രേരിപ്പിക്കുന്നത്. ഖബർ ഇരിക്കുന്ന സ്ഥലത്തിന്റെ ചരിത്രപ്രാധാന്യത്തെക്കുറിച്ച് കോടതിയെ ധരിപ്പിക്കാൻ ശ്രമിക്കുന്ന തങ്ങളോട് 'ഇതെതാ കേരളചരിത്രത്തിന്റെ വൈവ പരീക്ഷയോ' (പുറം:67) എന്നാണ് ഭാവന പരിഹാസപൂർവ്വം ചോദിക്കുന്നത്. കോടതിയിൽ പ്രയോഗിക്കുന്ന ഇത്തരം പരിഹാസം നിറഞ്ഞ ഭാഷയിൽ നിന്നും വ്യവഹാരത്തിനകത്തെ അധികാരഭാഷയെ മനസിലാക്കാവുന്നതാണ്. 'മില ർ കൗൺത്യ്' നിങ്ങൽ എന്തിനാണ് ഇങ്ങനെ വലിച്ചുനീട്ടി മൂക്കിൽ തൊടാൻ തല ക്കുന്നത്ന്ദിസ് കോർട്ട് ഹാസ് സേർട്ടൺ ക്വല ൻസ്. വാദി ആരോപിക്കുന്ന നൂറ്റാണ്ടുകളുടെ ചരിത്രം ആ മണ്ണിലോ പ്രദേശത്തോ ഉണ്ടെന്നു തെളിയിക്കുന്ന രേഖകൾ ഉണ്ടോനഒരു ചരിത്രപുസ്തകത്തിലെങ്കിലും ഇതു സംബന്ധിച്ച പരാമർശം ഉണ്ടോ൯ കോടതി മുറിയിൽ നിശബ്ദത നിറത . തങ്ങളുടെ ശബ്ദം കേട്ടില്ല. 'രേഖയുണ്ടെങ്കിൽ നമുക്ക് ഈ വാദം തുടരാം. ഇല്ലെങ്കിൽ ഇവിടെ ക്ലോസ് ചെ- ാം. കേരളചരിത്രവും ഉയ്യപ്പാന്റെ കൺകെട്ട് കഥകളും പറയാനുള്ള ഇടമല്ല കോടതി' (പുറം:68). ഇവിടെ ഉയ്യപ്പാന്റെ കൺകെട്ട്പോലെ ഒട്ടും ശീലമല്ലാത്ത ഭാഷ പ്രയോഗിക്കുമ്പോൾ മറുഭാഗം കേട്ടുനിൽക്കുന്നത് അധികാരമുഷ്ടിനെ ഭയന്നിട്ടാണ്. വാദിയുടെ വിധേയത്വം നിശബ്ദതയിലും 'അംഗീകരിക്കുന്നു' എന്ന വിനയത്തിലും എഴുത്തുകാരി അടയാളപ്പെടുത്തി. കോടതി എന്ന അധികാരസ്ഥാപനം അതിന്റെ അധികാരത്തെ നിലനിർത്തുന്നതിനും തുടരുന്നതിനും ഭാഷയെ എപ്രകാരമാണ് പ്രയോഗിക്കുന്നത് എന്നതിന്റെ സൂചനകളാണ് നോവലിലെ ഈ വിചാരണരംഗങ്ങളിൽ നിന്നും വ്യക്തമാകുന്നത്. കൂടാതെ 'ചീഫ്', 'ക്രോസ്' തുടങ്ങിയ കോടതിമുറിയിലെ ഭാഷാപ്രയോഗങ്ങൾ നോവലിൽ അങ്ങനെ തന്നെ ഉപയോഗിച്ചിട്ടുണ്ട് (പുറം:66).

ഈ നോവലിൽ കോടതിവ്യവഹാരസന്ദർഭങ്ങളിൽ മാത്രമല്ല, കൗടിതിക ഭാഷാപ്രയോഗങ്ങളെ ഉപയോഗിക്കുന്നത്. നോവലിലെ നായികയായ ഭാവന ഒരു ജഡ്ജിയായതിനാൽത്തന്നെ അവരുടെ ദൈനംദിന ജീവിതവ്യവഹാരങ്ങളിലും കോടതിഭാഷ കടന്നുവരുന്നതായി കാണാം. യോഗീശ്വരനമ്മാവനെക്കുറിച്ച് ഭാവന ചിന്തിക്കുന്ന സന്ദർഭത്തിൽ 'കല്ലും മുള്ളും ചവിട്ടി, പല ദേശങ്ങൾ താണ്ടി, പല ഭാഷകൾ കേട്ട്, ഒരുപാട് നദികളിൽ മുങ്ങിക്കയറിയപ്പോൾ ജീവിതം ഒരു സൂട്ടല്ല, ഡിക്രിയാണ് എന്ന് അദ്ദേഹം കണ്ടെത്തിക്കാണും. ഈശ്വരൻ ആരുടെയും ജഡ്ജിയല്ല, എല്ലാവരുടെയും സാക്ഷിയാണ് എന്നു മനസിലാക്കിക്കാണും' (പുറം:80) എന്ന് പറയുന്നുണ്ട്. 'സൂട്ട്', 'ഡിക്രി' എന്ന പദവും നിത്യജീവിതവുമായി ബന്ധിപ്പിച്ചാണ് ഭാവന ഉപയോഗിക്കുന്നത് ഹർജിയും ു .പി.സിയും വാദിയും, സാക്ഷിയും, ജഡ്ജിയും അവരുടെ പദസമ്പത്തിലെ അനായാസപ്രയോഗങ്ങളാണെന്നത് സ്വാഭാവികംമാത്രം 'ഉറക്കത്തിന്റെ ജഡ്ജി എന്റെ ഹർജി തള്ളിയിരുന്നു' (പുറം:34). 'കരയാതിരിക്കാൻ ീ ാൻ കിണത പരിശ്രമിച്ചു. ചിരിയും കരച്ചിലും സംബന്ധിച്ച് ു .പി.സിയിൽ വകുപ്പുകളില്ലാത്തതിൽ നിരാശപ്പെട്ടു' (പുറം:48) എന്നിങ്ങനെ നോവലിലെ സാധാരണ ഭാഷാവ്യവഹാരങ്ങളിൽ കോടതിവ്യവഹാരങ്ങളും കോടതിഭാഷയും കടന്നുവരുന്നതായി കാണാം.

നീതിയും മനുഷ്യത്വവും എതിർനില പാലിക്കുന്ന ഒരു വിശാല നീതിപീഠമാണ് 'ഖബർ' എന്ന കൃതി. അവിടെ സാക്ഷിയും വിസ്താരവുമുള്ള നീതിന്യായ വ്യവസ്ഥകൾക്കും സാമൂഹിക വർഗീയ രാഷ്ട്രീയ അധികാരഘടനക്കും പ്രണയം ജീവകാരുണ്യം, ജീവിതോത്ബോധം, " ഭപ്രതീക്ഷ തുടങ്ങിയ മാനവികസത്തകൾക്കും ഒരുപോലെ ഇടം നൽകുന്നുണ്ട്. ഒരേസമയം സാമൂഹിക രാഷ്ട്രീയത്തെ പ്രസക്തമായ ബാബ്റിമസ്ജിദ് പ്രശ്നത്തോട് സ്പഷ്ടമായി പ്രതികരിക്കുമ്പോഴും ൽേഹവും, അംഗീകാരവും ആഗ്രഹിക്കുന്ന സ്ത്രീമനസ്സിന്റെ വിഹ്വലതയാണ് ഖബർ എന്ന നോവലിനെ ആസ്വാദ്യമാക്കുന്നത്. ADHD ഉള്ള കുട്ടിയുടെ നീതിപൂർവമായ അതി ജീവനത്തിനുവേണ്ടിയുള്ള ഒരു അമ്മയുടെ അതിയായ ആഗ്രഹവും, സാമൂഹികമായ അവരുടെ അസ്തിത്വത്തിനെതിരെയുള്ള അനീതിക്ക് നേരെ നടത്തുന്ന പ്രതിഷേധങ്ങളും കഥയെ മാനുഷികനീതിയുടെ മറ്റൊരു തലത്തിലേക്ക് ഉയർത്തുന്നു. ഒരു പ്രത്യേക മതവിഭാഗക്കാരോട് ഇന്ന് ഭാരതത്തിലെ അധികാരരാഷ്ട്രീയം പുലർത്തുന്ന അനീതിപൂർവമായ ഇടപെടൽ കഥയെ രാഷ്ട്രീയമാനമുള്ള ഗൗരവമുള്ള രചനയാക്കിമാന്നേ. ഇങ്ങനെ സാമൂഹികവും മാനവികവുമായ നീതിയുടെ അനേകം അടരുകളാണ് 'ഖബർ' എന്ന കൃതിയെ ശ്രദ്ധേയമാക്കുന്നത്. കോടതി യെന്ന പരിമിതമായ സ്ഥലത്തുനിന്നും സാമൂഹിക രാഷ്ട്രീയ വൈയക്തിക മേഖലകളിലേക്ക് കോടതി സ്വയംവികസിക്കുന്ന കാഴ്ചയാണ് ഈ നോവലിന്റെ സവിശേഷത. ഇവിടെ നീതി കോടതിയായും ഭാവന എന്ന സ്ത്രീയായും

പകർന്നാടുമ്പോൾ എഴുത്തുകാരിയുടെ നൈതികമായ ഭാവനാലോകങ്ങൾ ബോധപൂർവ്വം സ്വാവിച്ചെടുത്ത പേരാണ് കഥാനായികയ്ക്ക് നൽകിയിരിക്കുന്നത്. നീതി എന്നത് ഭാവനയിൽ മാത്രം നിറത നിൽക്കുന്നതും സത്തിലും, ചിത്തിലും പരന്ന് ആനന്ദം നൽകുന്നതുമാണ്. മനസ്സാക്ഷികോടതിയുടെ വിധിയിലേക്ക് നീളുന്ന കഥാന്ത്യത്തെ ഈ പേരിന്റെ നിസ്സൾ ത ഒളിച്ചുവയ്ക്കുന്നു. സത്തായ ആനന്ദം മനസ്സിൽ ര ഭാവനയിൽ മാത്രമുള്ളതാണ്. കഥയുടെ അന്ത്യത്തിൽ തങ്ങൾ നൽകുന്ന ആ വീട്തന്നെ ഭാവനയുടെ ആനന്ദമാണ്. പക്ഷേ അത് നൽകിയ തങ്ങളുടെ മരണം അനിവാര്യമാക്കുന്നത് ഇന്ത്യൻ മതസമൂഹബോധങ്ങളിൽ വന്ന സമകാലചിന്തയാണ് എന്നു കാണാം. നീതിപീഠം അപഹാസ്യമാകുന്ന സമകാല ഇന്ത്യൻ അവസ്ഥ ഒരു മാജിക്കൽറിയലി സത്തിന്റെ പരിവേഷത്തോടെ എഴുത്തുകാരി സമർത്ഥമായി ആവിഷ്കരിക്കുന്നു. സ്ത്രീഭാഷയുടെ നേരും ലാളിത്യവും സ്വപ്നകൽപനകളും ഈ നോവലിനെ രാഷ്ട്രീയ സാമൂഹികമാനമുള്ള സ്ത്രീയുടെ അടയാളമാക്കി മാറ്റുന്നു.

**കുറിപ്പുകൾ**

1. ബൈബിളിൽ മത്തായിയുടെ സുവിശേഷത്തിലാണ് ഈ സന്ദർഭം വിശദമായി രേഖപ്പെടുത്തിയിരിക്കുന്നത്. യേ" ക്രിസ്തുവിനെ പീലാ ത്തോസിന്റെ മുന്നിൽ വിചാരണയ്ക്ക വിധേയനാക്കു ന്നിടത്താണ് പ്രസ്തുത സന്ദർഭം. 'അവർ അവന്റെ വസ്ത്രം ഉരിത മാറ്റി ഒരു ചെമന്ന പുറട പ്പായം അണിയിച്ച്'. (മത്തായി, 27:28).

2. ഐPC 354 A – Sexual Harrasment ഉള്ള Punishment for Sexual Harrasment. (ഐPC Chapter VVൽ ഈ വകുപ്പുപ്രകാരം, ഒരു വ്യക്തി ലൈംഗിക സ്വഭാവമുള്ള ഏതെങ്കിലും പീഡനത്തിൽ ഏർപ്പെടുകയാണെങ്കിൽ തടവുശിക്ഷയോ പിഴയോ ലഭിക്കാവുന്നതാണ്. (പി.ജി. പത്മനാഭൻ, 2018:37).

3. 1983 ൽ ജോൺപോൾ കഥയും തിരക്കഥയും സംഭാഷണവും നിർവഹിച്ച് ഭരതൻ സംവിധാനം ചെയ്ത ചിത്രമാണ് 'സന്ധ്യമയങ്ങും നേരം'. ഒരു ന്യായാധിപന്റെ ആന്തരിക സംഘർഷങ്ങളെ സിനിമയിൽ ആവിഷ്കരിച്ചിട്ടുണ്ട്.

4. റഹേല ഖോറാക്കിവാല, 2024 ക്കൺ 28-ാം തീ- തി സുപ്രീംകോടതിയുടെ 75-ാം വാർഷികത്തോടനുബന്ധിച്ച പ്രസിദ്ധീകരിച്ച ലേഖനത്തിലാണ് ഈ പരമാർശം. 'The structure of the supreme court has been interpreted as a "Phallic architectural image", reflecting entrenched male dominance within the court" (Dr. Rahela Khorakiwala, 2020 Justice in circles, Hart publishers).

5. മനുസ്മൃതിയിൽ സ്ത്രീകളെക്കുറിച്ച് പ്രതിപാദിക്കുന്നിടത്താണ് ഈ ശ്ലോകം കടന്നുവരുന്നത്. 'സ്ത്രീകൾ ബഹുമാനിക്കപ്പെടുന്നിടത്ത് ദിവ്യത്വം വിരിയുന്നു. സ്ത്രീകൾ അപമാനിക്കപ്പെടുന്നിടത്ത് എല്ലാ പ്രവൃത്തികളും എത്ര ശ്രേ മാണെങ്കിലും ഫലശൂന്യമായിരിക്കും'. (സിദ്ധിനാഥാനന്ദസ്വാമി (വ്യാഖ്യാ), 1993 :68).

## ഉപദർശനങ്ങൾ

പ്രബന്ധത്തിലൂടെ കണ്ടെത്തിയ പ്രധാന നിഗമനങ്ങളെ ക്ഷുടെ ചേർക്കുന്നു.

കോടതി എന്ന സ്ഥാപനം ആധുനികമാണെങ്കിലും കോളനിവൽക്കരണത്തിനു മുൻപുതന്നെ ഇതിന്റെ പ്രാമു പങ്ങൾ കേരളത്തിൽ നിലവിലുണ്ടായിരുന്നു. കീഴാള- മേലാള, ദരിഞ്ഞ ധനിക ശ്രേണീകരണവുമായി ബന്ധപ്പെട്ടാണ് നീതി- അനീതി വ്യവഹാരങ്ങൾ ലോകത്തെവിടെയുമെന്നപോലെ ഇന്ത്യയിലും പ്രത്യേകിച്ച് കേരളത്തിലും സംഭവിച്ചിട്ടുള്ളത്. ആധുനികകോടതിയുടെ ആരംഭഘട്ടങ്ങളിൽ അനീതി അനുഭവിക്കുന്ന ബഞ്ഞ ഭൂരിപക്ഷം സാധാരണജനത തങ്ങൾ അനുഭവിക്കുന്നത് അനീതിയാണെന്നുപോലും തിരിച്ചറിയാനാവാതെ നീതിവ്യവഹാരങ്ങൾക്കു വെളിയിലാണ് നിലകൊണ്ടിരുന്നത്. നീതിവ്യവഹാരങ്ങൾ സവർണ- സമ്പന്ന- അധികാരവർഗ്ഗങ്ങളുടെ വ്യവഹാരയിടങ്ങളായി മാറുന്നതായും ആദ്യനോവലുകളായ 'ശാരദ', 'സരസ്വതീവിജയം' എന്നീ കൃതികളിൽ കാണാം. പത്തൊമ്പതാംനൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ഉന്നതകുലവിഭാഗത്തിലുള്ളവരാണ് കൊളോണിയൽ വിദ്യാഭ്യാസത്തിന്റെ ഫലം അനുഭവിക്കുകയും വക്കീലുദ്യോഗം പോലെയുള്ള ഉയർന്ന പദവികൾ നേടുകയും ചെയ്തിരുന്നത് എന്ന് 'ശാരദ', 'സരസ്വതീവിജയം'മുതലായ ആദ്യകാലനോവലുകൾ സാക്ഷ്യപ്പെടുത്തുമ്പോൾ മതപരിവർത്തനത്തിലൂടെ താഴ്ന്നജാതിയിൽപ്പെട്ടവർക്കും അധികാരത്തിന്റെ ഈ ഉന്നതസ്ഥാനത്ത് എത്താനുള്ള അവസരം ഉണ്ടായിരുന്നുവെന്ന്'സരസ്വതീവിജയം'സാക്ഷിക്കുന്നു. മരത്തനെപ്പോലുള്ള കീഴ്ജാതിക്കാരനെ യേ" ദാസനെന്ന ജഡ്ജിയാക്കി പരിവർത്തിപ്പിച്ചത് ഇംഗ്ലീഷ് വിദ്യാഭ്യാസവും ബ്രിട്ടീഷ് ഭരണത്തിന്റെ സ്വാധീനവുമായിരുന്നുവെന്ന് ഈ നോവൽ തെളിയിക്കുന്നു. ഗൃഞ്ഞ്ക്കുപോലും വിദ്യാഭ്യാസം അനുവദിക്കാതിരുന്ന, ജാതി സസദായത്തിന്റെ ശ്രേണീകരണം നിലനിന്നിരുന്ന കേരളത്തിൽ സാസദായികമല്ലാത്ത വിദ്യാഭ്യാസത്തിലൂടെ ജ്ഞാനാർ നത്തിന് സാധ്യതയുണ്ടായിരുന്നു എന്ന് ഈ നോവലുകൾ തെളിയിക്കുന്നു.

ജാതിക്കതീതമായി വിദ്യാഭ്യാസത്തിലൂടെ സാമൂഹികപരിഷ്കരണമെന്ന ലക്ഷ്യത്തെ സാധ്യമാക്കിയത് ഇംഗ്ലീഷ് വിദ്യാഭ്യാസമാണ് ആണ് എന്നതിൽ തർക്കമില്ല. ഇംഗ്ലീഷ് ഭാഷയോടും സാഹിത്യത്തോടുമുള്ള മലയാളിയുടെ അടുപ്പമാണ് നോവൽ എന്ന സാഹിത്യജനുസ്സിനെ ഇവിടെ ഇത്രമേൽ പ്രചാരത്തിലെത്തിച്ചത്. അതേ ജനുസ്സിനെത്തന്നെ മനുഷ്യന്റെ നീതിനിർവഹണം ആവിഷ്കരിക്കാനും

ചർച്ചചെ- ാനും ചന്തുമേനോൻ തെരഞ്ഞെടുത്തു എന്നത് ശ്രദ്ധേയമാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ സത്ഫലമായ കോടതിയുദ്യോഗം ലഭിച്ച ചന്തുമോനോനും തുടർന്ന് പോത്തേരി കുഞ്ഞമ്പുവും ആയിരുന്നു കോടതിയെന്ന വ്യവഹാരമണ്ഡലത്തെ മലയാളനോവൽ സ്ഥലരാശിയിൽ ആദ്യമായി ഇണക്കിച്ചേർത്തത് എന്നതും പ്രസക്തമാണ്. തുടർന്ന് ആധുനിക- ആധുനികാനന്തര കാലഘട്ടത്തിൽ കോടതി പരാമർശ വിധേയമാകുന്ന കൃതികൾ രചിച്ചവരാകട്ടെ ആധുനികതയുടെ മൂല്യബോധങ്ങളും ജാതി- മത അതീതജനാധിപത്യ സം l തിയും സോഷ്യലില ് ആദർശങ്ങളും പുലർത്തുന്നവരായിരുന്നു എന്നതുകൊണ്ട് കോടതിയുടെയും നീതിന്യായവ്യവസ്ഥയുടെയും ശക്തമായ ആധുനികവിമർശനമാണ് 'ഭരതൻ', 'ഗോവർധന്റെ യാത്രകൾ' തുടങ്ങിയ കൃതികൾ ഒരു സ്ത്രീ ആദ്യമായി കോടതി- നീതി- നിയമവ്യവസ്ഥകളെ ചർച്ചചെയ്യുന്നത് ഉത്തരാധുനിക കാലഘട്ടത്തിലാണ്. സ്ത്രീചിന്തകളും സ്ത്രീവിദ്യാഭ്യാസത്തിന്റെ സാധ്യതകളും വർദ്ധിച്ച സമകാല കേരളത്തിൽ കാലങ്ങളായി സ്ത്രീകൾക്കെതിരെ നടക്കുന്ന അനീതികളെ സ്ത്രീകൾ തിരിച്ചറിഞ്ഞ് എന്നതിന്റെ വ്യക്തമായ തെളിവാണ് 'ഖബർ' പോലെയുള്ള നോവലുകൾ.  മാത്രമല്ല സാമൂഹികമായ അനീതികളെയും ജാതി- മതചിന്തകളുടെ രാഷ്ട്രീയമുഖങ്ങളെയും തിരിച്ചറിയാനും വിമർശിക്കാനും സ്ത്രീ ശക്തയായി എന്നതിന്റെ വ്യക്തമായ തെളിവും കൂടിയാണ് 'ഖബർ'.

നീതിന്യായവ്യവസ്ഥയെ കേന്ദ്രീകരിച്ചുകൊണ്ട് കേരളത്തിന്റെ സാമൂഹികതയെ വിമർശനാത്മകമായി വിലയിരുത്തുന്നതാണ് ആദ്യകാലനോവലുകൾ. കേരളീയ സമൂഹത്തിൽ കോടതി വ്യവഹാരങ്ങളിൽ അമിതമായി താൽപര്യമുണ്ടായിരുന്നവർ ധാരാളമായിരുന്നുവെന്നും സ്വത്ത് സംബന്ധമായ കോടതിവ്യവഹാരങ്ങളിൽ കമ്പംമൂത്ത് സ്വത്തു മുഴുവൻ നശിച്ചുപോകുന്ന തറവാടുകൾ പത്തൊമ്പതാം നൂറ്റാണ്ടിൽ ഉണ്ടായിരുന്നതായും ഈ നോവലുകൾ തെളിവു നൽകുന്നു. സമ്പന്നരായ തറവാടുകളുടെ തകർച്ചയും അതിനു കാരണമായ നൈതികപ്രശ്നങ്ങളും 'ശാരദ', 'സരസ്വതീവിജയം'തുടങ്ങിയ കൃതികളിൽ ചർച്ചചെയ്യുന്നുണ്ട്. ഭൂമി ക- ാളിയിരുന്ന സവർണവിഭാഗം മേലനങ്ങാതെ കൈവശം വന്ന ഭൂസ്വത്തിനെ വിനിമയം ചെയ്യുന്നതിൽ കാണിക്കുന്ന ഉത്തരവാദിത്തമില്ലായയെയും കാരണവർഭരണത്തിന്റെ ഭൂവിനിമയത്തിൽ അസ്വസ്ഥരായ യുവതലമുറയെയും അടുത്തറിയാൻ സഹായകമായ രീതിയിലാണ് നോവലിലെ ചിത്രീകരണം. മരുമക്കത്തായം മക്കത്തായത്തിലേക്കു മാറുകയും ആളോഹരിസ്വത്തു വീതം വെക്കുന്നതിനെക്കുറിച്ചുള്ള കോടതിചർച്ചകൾ സജീവമാകുകയും ചെയ്ത കാലഘട്ടത്തിലാണ് 'ശാരദ'യും, 'സരസ്വതീവിജയവും' രചിക്കപ്പെട്ടതെന്നും ശ്രദ്ധേയമാണ്. കുടുംബസ്വത്തിൽ അതിലെ ഓരോ വ്യക്തിക്കും

അവർ ഏതു ജീവിതസാഹചര്യം തെരഞ്ഞെടുത്താലും അവകാശമുണ്ട് എന്ന് തെളിയിക്കുന്നതാണ് 'ശാരദ'യിലെ വ്യവഹാരം. താഴ്ന്നജാതിയിൽപ്പെട്ടവരോട് മനുഷ്യത്വരഹിതമായി പെരുമാറാനുള്ള അവകാശം മേൽജാതിക്കാർക്കില്ല എന്ന ആധുനികതയുടെ മനുഷ്യചിന്തയാണ് സരസ്വതീവിജയത്തിലെ വ്യവഹാരത്തെ സാധ്യമാക്കിയത്. ഇങ്ങനെ സമ്പത്ത്, മനുഷ്യത്വം തുടങ്ങി നീതിയുടെ നവോത്ഥാനപാഠങ്ങളാണ് ഈ കൃതികൾ ശക്തമായി മുന്നോട്ടുവെക്കുന്നത്.

പൂ പാരമ്പര്യനീതിബോധങ്ങളിൽനിന്നും പുതിയ നീതിന്യായ വ്യവസ്ഥയിലേക്കുള്ള സാമൂഹികമാറ്റത്തെ കൃത്യമായി അവതരിപ്പിക്കുന്ന 'സരസ്വതീവിജയ'ത്തിൽ പാരമ്പര്യ യുക്തി വിചാരവും ആധുനികയുക്തിവിചാരവും എതിർനില സൃഷ്ടിക്കുകയും നേർക്കുനേർ പ്രതിരോധിക്കുകയും ചെയ്യുന്നു. ബ്രാമ ണിക്കൽ ജ്ഞാനവ്യവസ്ഥയിൽനിന്നും കൊളോണിയൽ ജ്ഞാന വ്യവസ്ഥയിലേക്കുള്ള സാമൂഹിക പരിവർത്തനത്തിന്റെ ഭാഗമായി ഇതിനെ മനസ്സിലാക്കാം. കോടതികളുടെ ആധുനികവൽക്കരണം നടക്കുമ്പോഴും ബ്രാമ ണസമുദായം അതിൻറേതായ നീതിസംവിധാനങ്ങൾ തുടർന്നുപോന്നിരുന്നു എന്നതിന്റെ സാക്ഷ്യമാണ് പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ നടന്ന സ്മാർത്തവിചാരങ്ങൾ. പത്തൊമ്പതാംനൂറ്റാണ്ടിലും ബ്രിട്ടീഷ് നിയമവ്യവസ്ഥയിലുള്ള കോടതികൾക്കതീതമായി ജാത്യധി ിതവും സാമൂഹികവുമായ സമാന്തരകോടതികൾ ഇവിടെ നിലനിന്നിരുന്നു എന്നതിന്റെ തെളിവാണ് 'സരസ്വതീവിജയ'ത്തിലെ സ്മാർത്ത വിചാരം.

പൂ ഇന്ത്യൻ കോടതികൾ ആധുനികവൽക്കരിച്ചുവെങ്കിലും ജാതി- മതപ്രശ്നങ്ങൾ സമൂഹത്തിൽ സജീവമായിരുന്നുവെന്നതിന് ഉത്തമനിദർശമാണ് 'ഭരതനി'ലെയും 'ഗോവർധന്റെ യാത്രകളി'ലെയും കോടതിവിചാരണ.ഭരതൻ, ഗോവർധൻ, സൽമ, മന്നു തുടങ്ങിയ ജാതീയമായി താളയനുഭവിക്കുന്ന ഇന്ത്യയിലെ സാധാരണജനതയ്ക്ക് നീതി ലഭ്യമാകുന്നില്ലെന്നും സാമൂഹിക അധികാരസ്ഥാപനങ്ങൾ ഇവർക്ക് നീതി വിതരണം ചെയ്യുന്നില്ലെന്നും ഇവരെ ഇരകളായിക്കണ്ട് വേട്ടയാടുകയാണ് എന്നും ആധുനികതയുടെ മൂല്യബോധത്തിൽ രചിക്കപ്പെട്ട 'ഭരതൻ' 'ഗോവർധന്റെ യാത്രകൾ'തുടങ്ങിയ നോവലുകളിലൂടെ വിമർശനാത്മകമായി നോവലിw കൾ വെളിപ്പെടുത്തുന്നു.

പൂ ഫ്യൂഡലില ് അധികാരക്രമത്തിൽനിന്നും മുതലാളിത്ത അധികാരക്രമത്തിലേക്ക് ഇന്ത്യൻ നീതിന്യായസംവിധാനം മാറ്റിയെങ്കിലും ആധുനിക നീതിന്യായവ്യവസ്ഥയിൽ സവർണബോധങ്ങൾ നിലനിൽക്കുന്നുവെന്ന് 'ഭരതനി'ലെ അമ്പി എന്ന കഥാപാത്രത്തിലൂടെ നോവലില ് വ്യക്തമാക്കുന്നു.

പ്പ സമകാലഇന്ത്യയിൽ വിചാരണകൂടാതെ നടക്കുന്ന വർഗ്ഗീയകൊലപാതകങ്ങളും ബ്രാമ ണിക്കൽ പാരമ്പര്യത്തിലൂന്നി നിന്നുകൊണ്ടുള്ള ശിക്ഷാക്രമങ്ങളും വംശഹത്യകളും മതകോടതികളുടെ ഭീകരവാഴ്ചകളും പ്രവചനാത്മകമായി പറയുന്ന കൃതിയാണ് 'ഗോവർധന്റെ യാത്രകൾ' എന്നു കാണാം.

പ്പ 'ഭരതൻ' എന്ന നോവലിലെ കോടതിവിചാരണവേളയിൽ വാദിയുടെയും പ്രതിയുടെയും പക്ഷത്തുനിന്നുകൊണ്ട് അവിടെ അരങ്ങേറുന്ന നാടകീയരംഗങ്ങളെ കൊഴുപ്പിക്കുകയാണ് കോടതി ചെയ്യുന്നത്. കോടതിയെ ഒരു ഫാൻറസിയെന്ന തലത്തിൽ അവതരിപ്പിച്ചുകൊണ്ട് ആ വ്യവസ്ഥയെ വിമർശന വിധേയ മാക്കുകയാണ് കോവിലൻ. ആധുനികതയുടെ കലാസങ്കേതങ്ങളായി ഉപയോഗിച്ചിരുന്ന ആംബിഗ്യൂറ്റിയും അബ്സേർഡ് തിയറ്ററും 'ഭരതൻ','ഗോവർധന്റെ യാത്രകൾ' തുടങ്ങിയ നോവലുകളിൽ മനുഷ്യനെ ഇരകളാക്കുന്ന ദുരന്തനാടകത്തിന്റെ അരങ്ങായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.

പ്പ അധികാരം രാജവാഴ്ചക്കാലത്തുനിന്നും കോളനിവാഴ്ചക്കാലത്തിലേക്കും തുടർന്ന് ജനാധി പത്യത്തിലേക്കും മാറുന്നതനുസരിച്ച് അനീതി ഒരിക്കലും നീതിയായി പരിണമിക്കുകയില്ല എന്ന് 'ഗോവർധന്റെ യാത്രകൾ' വ്യക്തമാക്കുന്നു. അധികാരത്തിന്റെ ലഹരി ബാധിച്ച ഭരണം അനീതിയായിത്തന്നെ തുടരുമെന്ന് ആനന്ദ് നോവലിലൂടെ അടയാളപ്പെടുത്തുന്നു.

പ്പ ജഡ്ജി എന്നാൽ കേവലമൊരു വ്യക്തിയാണെന്നും ഒരു വ്യക്തിക്കുണ്ടാകുന്ന എല്ലാ ദൗർബല്യങ്ങളും ജഡ്ജിക്കും ഉണ്ടായിരിക്കും എന്നുള്ള സൂചന നൽകികൊണ്ടാണ് ഉത്തരാധുനിക നോവലായ 'ഖബർ' നീതിന്യായവിചാരം മുന്നോട്ടുവെക്കുന്നത്.

പ്പ 'ഖബർ' എന്ന നോവലിലൂടെ കോടതി എന്ന സ്ഥാപനത്തെ പുരുഷവരേണ്യജാതി അധീശ ലോകമായി എഴുത്തുകാരി ചിത്രീകരിക്കുന്നു. ജാതിമതലിംഗഅധികാരവ്യവസ്ഥകളുടെ ശക്തമായ വിമർശനസാധ്യതയാണ് ഉത്തരാധുനികകാലത്തിൽ നടക്കുന്നത് എന്നതിന് 'ഖബർ' തെളിവുനൽകുന്നു.

പ്പ അധികാരത്തിന്റെ ശക്തമായ വിനിമയമാണ് ഭാഷ എന്ന ഫൂക്കോ, റൂഥ് വോഡാക്ക് എന്നിവരുടെ സങ്കല്പനത്തെ സാധൂകരിക്കുന്നതാണ് തെരഞ്ഞെടുത്തിരിക്കുന്ന നോവലുകളിലെ കോടതിഭാഷ. ജാതി- മത- ലിംഗ- സാമ്പത്തിക- അധികാരസ്വത്വങ്ങളെ നോവൽസംഭാഷണങ്ങൾ കൃത്യമായി അടയാളപ്പെടുത്തുന്നു. 'കോടതി കല്പന', 'ജഡ്ജി കല്പിക്കുന്നു' എന്നിങ്ങനെയുള്ള പദപ്രയോഗങ്ങളിലൂടെ കോടതിയെന്ന ഭരണകൂട ഉപകരണത്തിന്റെ അധികാരസാധ്യത സ്പഷ്ടമാകുന്നു. ഫ്യൂഡലില് ക്രമത്തിൽ 'രാജാവിന്റെ കല്പന' എന്ന

അധികാരസ്വരം മുതലാളിത്തവ്യവസ്ഥയിൽ 'കോടതിയുടെ കല്പന'യായിമാറുന്നു. ഭാഷ അധികാരത്തിന്റെ വിനിമയ മാധ്യമമായി മാറുന്നതിന്റെ ശക്തമായ ദ്രവ ാന്തമാണിത്.

പൂ അധികാരകർതൃത്വത്തിലൂന്നിയ ഭാഷാപ്രയോഗങ്ങൾക്ക് കീഴടങ്ങുകയും വിധേയത്വം പാലിക്കുകയും ചെയ്യുന്നവരായി ആധുനികകാലത്തെ പ്രതിനിധീകരിക്കുന്ന ഭരതൻ, ഗോവർധൻ എന്നീ കഥാപാത്രങ്ങളെ ചിത്രീകരിക്കുമ്പോൾ ഇരുപതാംനൂറ്റാണ്ടിലും ജാതി അടിമത്തം കേരളത്തിൽ ആഴത്തിൽ നിലനിന്നിരുന്നുവെന്ന് എഴുത്തുകാർ കാണിച്ചുതരുന്നു.

പൂ സംബോധനകളിലൂടെ വിധേയത്വം പാലിക്കണമെന്നും അത് സമൂഹം ശീലിക്കണമെന്നും നിർബന്ധിക്കുന്ന ഒരു സവർണബോധം പത്തൊമ്പതാംനൂറ്റാണ്ടുവരെ കേരളത്തിൽ നിലനിന്നിരുന്നുവെന്ന് 'സരസ്വതീവിജയത്തി'ലെ കുബേരൻ നമ്പൂതിരിയുടെ ഭാഷണത്തിലൂടെ തെളിയുന്നു. മരത്തലയൻ മരത്തനായും മരക്കുട്ട ദാരുട്ടിയായും അടിയാളസമൂഹത്തിൽ നിലനിന്നിരുന്ന കേരളീയ ജാതിബോധങ്ങളെ ഭാഷാവിശകലനത്തിലൂടെ വിമർശിക്കാൻ ആദ്യകാല എഴുത്തുകാർക്കു കഴിഞ്ഞിട്ടുണ്ട്. എന്നാൽ അത്തരം ഭാഷാധികാരങ്ങൾക്ക് വിധേയനായിരുന്നുകൊണ്ടുതന്നെ കൺകെട്ടുവിദ്യ എന്ന തന്ത്രത്തിലൂടെ കോടതിയധികാരത്തെ പ്രതിരോധിക്കാനുള്ള ശ്രമമാണ് ഉത്തരാധുനികകാലത്തെ നോവൽപ്രതിനിധിയായ ഖയാലുദ്ദീൻ തങ്ങൾ ശ്രമിക്കുന്നത്. കോടതിയിലെ ജഡ്ജി- അഭിഭാഷകർ- സാധാരണജനം എന്നിവരുടെ ഭാഷാപ്രയോഗരീതികളിൽനിന്നും ഭാഷ അധികാരശ്രേണീകരണത്തിന്റെ ശക്തമായ മാധ്യമമാണെന്നു വ്യക്തമാകുന്നു.

പൂ വ്യക്തിസ്വത്വത്തെ നീചമായി ചിത്രീകരിക്കുവാനും കുറ്റം തെളിയുന്നതിനു മുമ്പുതന്നെ കുറ്റവാളിയായി ചിത്രീകരിക്കാനും ഭാഷ എങ്ങനെ ഉപയുക്തമാകുമെന്നത് 'കോളാമ്പിഭരതൻ', 'കൊലപ്പുള്ളി ഭരതൻ', 'കൊടുംകുറ്റവാളിയായ ഗോവർധൻ'തുടങ്ങിയ കോടതി മുറിയിലെ ഭാഷണങ്ങളിലൂടെ തെളിയുന്നുണ്ട്.

പൂ അഭിഭാഷകൻ കോടതിയിൽ ഉപയോഗിക്കുന്ന 'യുവർ ഓണർ','മേ ലോർഡ്' എന്നീ പദപ്രയോഗങ്ങൾ കോടതിയുടെ അധികാരം ഉറപ്പിക്കുകയും പൊതുസമൂഹത്തിൽ ജഡ്ജി നീതിന്യായവ്യവസ്ഥയുടെ സർവ്വാധികാരിയാണെന്ന് ബോധിപ്പിക്കുകയും ചെയ്യുന്നു.

പൂ വിചാരണ സമയത്ത് ഇന്നും ഉപയോഗിച്ചു വരുന്ന ഇംഗ്ലീഷ് പദങ്ങളെ കൊളോണിയൽ വിധേയത്വത്തിന്റെ തുടർച്ചയായി മനസിലാക്കാം.

പ്ല ഖബറിലെ ഉത്തരാധുനികപരിസരത്ത് കോടതി പലപ്പോഴും പരിഹാസ്യമായിത്തീരുന്നു. കോടതി ഒരു പെണ്ണാണ് എന്ന് ഓർമ്മപ്പെടുത്തുമ്പോൾ പുരുഷാധിപത്യസമൂഹത്തിന്റെ അടിച്ചമർത്തൽ തുടരുന്ന ഒരു സമകാലഇന്ത്യൻപശ്ചാത്തലം വ്യക്തമാകുന്നു.

പ്ല കോടതിയിൽ പ്രയോഗിക്കുന്ന ഭാഷയിലും ശൈലിയിലും പുതിയ മാറ്റങ്ങൾ വരുത്തുന്നതിനായി 'Combating Gender Steriotype' എന്ന പുതിയ ശൈലീപുസ്തകത്തിൽ സ്ത്രീവിരുദ്ധതയെ ഒഴവാക്കാൻ എന്ന രീതിയിൽ സ്വീകരിച്ച പലപദങ്ങളും കൂടുതൽ സ്ത്രീവിരുദ്ധമായിത്തീരുന്നു എന്ന് നിരീക്ഷിക്കുന്നു. വിശ്വസ്തഭാര്യ ര ചാരിത്ര്യവതി എന്നതിന് പകരമായി ഭാര്യ എന്ന പദമാണ് ശൈലീപുസ്തകം പുതിയതായി തെരഞ്ഞെടുക്കുന്നത്. ഭരിക്കപ്പെടുന്നവൾ എന്നർത്ഥത്തിലുള്ള ഈ പദം ഭരണത്തിന്റെ ഇരട്ടത്താപ്പിൽ രൂപംകൊണ്ട ചാരിത്ര്യവതി എന്ന സങ്കൽപത്തിൽ ഉപയോഗിക്കുമ്പോൾ പുരുഷാധിപത്യപ്രത്യയശാസ്ത്രം തന്നെയാണ് കോടതിഭാഷയെ രൂപപ്പെടുത്തുന്നതെന്ന് കാണാം. ഉദ്യോഗസ്ഥ എന്ന പദത്തിനുപകരമായി 'വനിത' എന്ന പദമാണ് ശൈലീപുസ്തകം തെരഞ്ഞെടുത്തിരിക്കുന്നത്. യാചിക്കപ്പെട്ട എന്നർത്ഥം വരുന്ന 'വനിത' എന്ന പദത്തിനു പകരം 'സ്ത്രീ' എന്ന പദം സ്വീകാര്യമാണ്. വീട്ടമ്മ എന്നതിനുപകരം ഹോംമേക്കർ എന്ന പദവും ദ്വിലിംഗജീവി എന്നതിനുപകരം ട്രാൻസ് ജെൻഡർ എന്ന പദവും തെരഞ്ഞെടുത്തിരിക്കുന്നത് കൊളോണിയൽ അടിമത്തത്തിന്റെയും ഭാഷാവിധേയത്വത്തിന്റെയും തുടർച്ചയായി മനസിലാക്കാം.

പ്ല കോടതികൾ ഇന്നും തുടർന്നുപോകുന്ന ആചാരങ്ങളും രീതികളും വസ്ത്രധാരണവും കൊളോണിയൽആധിപത്യത്തിന്റെ തുടർച്ചയാണ്. ജഡ്ജി, അഭിഭാഷകർ മുതലായവർ ധരിക്കുന്ന കറുത്ത അങ്കി, വെളുത്ത പാൻറ് എന്നിവ ഏറെ അപഹസിക്കപ്പെടുന്നത് ചൂടുകൂടിയ ഇന്ത്യൻ സാഹചര്യത്തിൽ ഈ വസ്ത്രം ആവശ്യമില്ലായെന്ന 2000- ത്തിൽ ഇറങ്ങിയ സുപ്രീംകോടതി ഉത്തരവിനോട് ചേർത്തു വായിക്കുമ്പോഴാണ്. വർഷങ്ങൾ കഴിഞ്ഞിട്ടും കൊളോണിയൽ അധികാരചിഹ്നമായ വസ്ത്രങ്ങളും കുങ്കിയും മാറ്റി പരിd രിക്കാൻ ഈ ഡിജിറ്റൽ യുഗത്തിലും ഇന്ത്യൻ കോടതികൾ ത- ാറാവുന്നില്ല.

ജാതി- മത- ലിംഗ അധികാരബോധങ്ങൾ ഇന്നും ഇന്ത്യൻ ജനതയെ ചൂവ്വനിാ ന്നുവെന്നും അത് കൂടുതൽശക്ത മാകുന്നുവെന്നും കോടതി വിചാരണകളിലൂടെ വ്യക്തമാകുന്നുണ്ട്. നീതിയെന്ന തുല്യതയും കA കെട്ടിയ നീതിയും ഇന്ത്യൻ സമൂഹത്തിൽ ബന്നുഭൂരിപക്ഷം ജനങ്ങൾക്കും അപ്രാപ്യമാകുന്ന സാമൂഹിക- രാഷ്ട്രീയ പരിസ്ഥിതിയോട് ബോധപൂർവ്വം പ്രതികരിക്കേണ്ടത് വിദ്യാസമ്പന്നരായ ആധുനിക മനുഷ്യന്റെ ഉത്തരവാദിത്തമാണ് എന്ന ഓർമ്മിപ്പിക്കലാണ് കോടതി കേന്ദ്രീകൃതമായ ഈ രചനകളുടെ ധർമ്മം

അത്കൊണ്ട് തന്നെ നീതികേന്ദ്രിതമായ സാമൂഹിക-രാഷ്ട്രീയ പ്രശ്നങ്ങളെ തുടർപഠനത്തിൽ സജീവമായി ഉപയോഗിക്കേണ്ടത് അനിവാര്യതയാണ്.

നിലനിൽക്കുന്ന സാമൂഹിക-രാഷ്ട്രീയ വ്യവസ്ഥകളിലെ അനീതികളോടുള്ള പ്രതി പ്രവർത്തനമായി വരുംകാലപഠനങ്ങൾ രൂപപ്പെടേണ്ടത് വിദ്യാഭ്യാസപരമായി മുന്നിൽനിൽക്കുന്ന ഒരു സമൂഹത്തിന്റെ ബാധ്യതയാണ്. കഥ, നാടകം, സിനിമ തുടങ്ങിയ വ്യത്യസ്ത ജനുസുകളെ കേന്ദ്രീകരിച്ചും ലിംഗബോധത്തിലധി ിതമായ നീതി- വ്യവസ്ഥയെ വിശകലനം ചെയ്യും ഭാഷാപരമായ അപഗ്രഥനത്തിലൂടെ പുതിയ കോടതിവിചാരണകളെ പഠിക്കാനും ഇനിയും സാധ്യതയുണ്ട്.

## ഗ്രന്ഥസൂചി


- ❖ അക്കിത്തം, 2004, വേദവിചാരം, കടവഘൻ അന്വോന്യപരിഷത്ത്, കറൻറ് ക്യ ക്സ്, കോട്ടയം.
- ❖ അച്യുതനുണ്ണി, ചാത്തനാത്ത്. 2011, ഗവേഷണം: പ്രബന്ധരചനയുടെ തത്ത്വങ്ങൾ, വള്ളത്തോൾ വിദ്യാപീഠം, " കപുരം.
- ❖ അജികുമാർ മേൽകുളങ്ങര, (വ്യാഖ്യാ), 2011, മനുസ്മൃതി, യൂണിവേഴ്സൽ പ്രസ്സ് പT ്ലിക്കേഷൻസ്, തിരുവനന്തപുരം.
- ❖ അജിത്കുമാർ. എൻ, 2004, കേരളസംസ്കാരം, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, തിരുവനന്തപുരം.
- ❖ അജു, കെ. നാരായണൻ. (എഡി), 2017, താക്കോൽ വാക്കുകൾ, ഭൂമി മലയാളം, വിദ്വാൻ പി.ജി. നായർ സ്മാരക ഗവേഷണകേന്ദ്രം, യു. സി. കോളേജ്, ആലുവ.
- ❖ അനീഷ് പോൾ, 2022, ആനന്ദിന്റെ നൈതികദർശനം, കാലിക്കറ്റ് യൂണിവേഴ്സിറ്റി, അപ്രകാശിത ഗവേഷണ പ്രബന്ധം.
- ❖ അശോകൻ, സി. (എഡി), 2015, ആരാച്ചാർ പഠനങ്ങൾ, കേരളഭാഷാ ഇൻല ിറ്റ്യൂട്ട്, തിരുവനന്തപുരം.
- ❖ ആനന്ദ്, 2018, ഗോവർധന്റെ യാത്രകൾ, ഡി. സി ക്യ ക്സ്, കോട്ടയം.
- ❖ ..................... 1994, മരുഭൂമികൾ ഉണ്ടാകുന്നത്, ഡി. സി ക്യ ക്സ്, കോട്ടയം.
- ❖ ആനന്ദ്, എസ്. (എഡി), 2015, ജാതി ഉന്മൂലനം വ്യാഖ്യാനവിമർശനക്കുറിപ്പുകൾ സഹിതം- ബി. ആർ.അംബേദ്കർ, ഡി.സി ക്യ ക്സ്, കോട്ടയം.
- ❖ ഇ.എം. എസ്, 2009, കേരളം മലയാളികളുടെ മാതൃഭൂമി, ചിന്ത പT ്ലിക്കേഷൻസ്, തിരുവനന്തപുരം.
- ❖ ഇളംകുളം കുഞ്ഞൻപിള്ള, 1995, അന്നത്തെ കേരളം, എൻ.ബി. എസ്, കോട്ടയം.
- ❖ ......................1995, കേരളം അഞ്ചും ആറും നൂറ്റാണ്ടുകളിൽ, എൻ.ബി. എസ്, കോട്ടയം.
- ❖ ഉണ്ണി ആമപ്പാറക്കൽ, 2012, അധികാരത്തിന്റെ ഭാഷാവഴക്കങ്ങൾ, പൂർണ്ണപT ്ലിക്കേഷൻസ്, കോഴിക്കോട്.
- ❖ ...........................2021, 'ഖബറിടങ്ങളിലെ ജീവിതം', സാഹിത്യ ചക്രവാളം വാരിക, വോള്യം 46, ലക്കം 11, പുറം 36-40

- ഉണ്ണികിടാവ്, 2015, സംഘസാഹിത്യപഠനങ്ങൾ, ജനത പ്രൻറിംങ്ങ് ആൻഡ് പT ിഷർ, കോട്ടയം.
- ഉണ്ണികൃഷ്ണൻ, എ.എം.ഡോ. (എഡി), 2019, നവസാഹിത്യം നവസംസ്കാരം, ധാരകൾ ധാരണകൾ, സാഹിതി, തിരുവനന്തപുരം.
- എഴുത്തച്ഛൻ, 2012, ഹരിനാമകീർത്തനം, മാതൃഭൂമി ക്യ ക്ക്സ്, കോഴിക്കോട്.
- കുഞ്ഞമ്പു പോത്തേരി, 2021, സരസ്വതി വിജയം, ചിന്ത പT ിഷേഴ്സ്, തിരുവനന്തപുരം.
- കുമാരനാശാൻ, എൻ. 2009, ആശാന്റെ പദ്യകൃതികൾ, ഡി.സി. ക്യ ക്ക്സ്,കോട്ടയം.
- കുശലകുമാരി പി. കെ ഡോ. 2013, സമൂഹമനസ്സും മലയാളനോവലും, മലയാള പഠന ഗവേഷണകേന്ദ്രം, തൃശൂർ
- കോവിലൻ, 2022, ഭരതൻ, മാതൃഭൂമി ക്യ ക്ക്സ്, കോഴിക്കോട്.
- ഗണേഷ്, കെ. എൻ, 1990, കേരളത്തിന്റെ ഇന്നലെകൾ, കേരളഭാഷാഇൻല ിറ്റ്യൂട്ട്, തിരുവനന്തപുരം.
- ഗിരീഷ് പി. എം, 2012, അറിവും ഭാഷയും, കേരളഭാഷാഇൻല ിറ്റ്യൂട്ട്, തിരുവനന്തപുരം.
- ഗിരീഷ്, പി. എം, 2017, അധികാരവും ഭാഷയും, ്യ ക്യ ക്ക്സ് കേരള, കോഴിക്കോട്.
- ഗിരീഷ്, പി.എം, (എഡി), 2018, ഭാഷാശാസ്ത്രം ചോംസിക്കപ്പുറം, കേരളഭാഷാ ഇൻല ിറ്റ്യൂട്ട്, തിരുവനന്തപുരം.
- ഗോപാലകൃഷ്ണൻ, പി. കെ, 1974, കേരളത്തിലെ സാംസ്കാരിക ചരിത്രം, കേരള ഭാഷാ ഇൻല ിറ്റ്യൂട്ട്, തിരുവനന്തപുരം.
- ചന്തുമേനോൻ, ഒ.2010, ശാരദ, ഡി. സി ക്യ ക്ക്സ്, കോട്ടയം.
- ചന്ദ്രശേഖരൻ, നായർ, കെ.ജി. (വിവ), 2016, തിരുക്കുറൾ, സെൻറ് ജോസഫ് പ്രസ്സ്, തിരുവനന്തപുരം.
- ജനാർദ്ദനൻ പിള്ള പി. (വിവ), 1989, മണിമേഖല, ക്രിസ് പ്രിൻറേഴ്സ്, കോട്ടയം.
- ജോർജ് ഇരുമ്പയം. 1982, ആദ്യകാല മലയാള നോവൽ, കറൻറ് ക്യ ക്ക്സ്, കോട്ടയം.
- ........................... 1985, നാലുനോവലുകൾ, കേരള സാഹിത്യ അക്കാദമി, തൃശൂർ
- ജോർജ്, ഇരുമ്പയം, ഡോ. 2012, മലയാള നോവൽ 19-ാം നൂറ്റാണ്ടിൽ, കേരള സാഹിത്യ അക്കാദമി, തൃശൂർ

- തരകൻ, കെ. എം 1990, മലയാള നോവൽ, സാഹിത്യ ചരിത്രം,കേരള സാഹിത്യ അക്കാദമി, തൃശൂർ
- തോമസ്, കെ. വി, ജോർജ്, സി.ജെ. 2010, സമകാലീന സാഹിത്യ സിദ്ധാന്തങ്ങൾ, ലിപി പT 1ിക്കേഷൻസ്, കോഴിക്കോട്.
- നാരായണൻ, എം.ജി. എസ്, 2000, അർത്ഥശാസ്ത്രം: വ്യാഖ്യാനം, വള്ളത്തോൾ വിദ്യാപീഠം, " കപുരം.
- നാരായണൻ, വി. കെ.2000, ഡോ. അംബേദ്കർ സമ്പൂർണ്ണ കൃതികൾ - വാല്യം 7, കേരള ഭാഷാ ഇൻല 1ിറ്റ്യൂട്ട്, തിരുവനന്തപുരം.
- നാരായണൻകുട്ടി മേലങ്ങത്ത്, 1985, സംഘസാഹിത്യചരിത്രം, കേരളഭാഷാ ഇൻല 1ിറ്റ്യൂട്ട്, തിരുവനന്തപുരം.
- പത്മനാഭൻ, പി. ജി. 2018, ne ടെ ശിക്ഷാനിയമം, സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം.
- പദ്മനാഭമേനോൻ, കെ. പി. 1989, കൊച്ചിരാജ്യചരിത്രം, മാതൃഭൂമി പ്രിന്റിങ് ആൻഡ് പT 1ിഷിംഗ് കമ്പനി ലിമിറ്റഡ്, കോഴിക്കോട്.
- പണിക്കർ, കെ. എൻ. 2008, കൊളോണിയലിസം സംസ്മാരം പാരമ്പര്യ കൃ ദ്ധിജീവികൾ, ചിന്ത പT 1ിഷേഴ്സ്, തിരുവനന്തപുരം.
- പരമേശ്വര അ- ർ, എസ്.1925, വ്യവഹാരമാല, ട്രിവാൻഡ്ര ം ഗവൺമെന്റ് പ്രസ്സ്, തിരുവനന്തപുരം.
- പരമേശ്വരൻ മൂസ്സത് ടി.സി. (വ്യാഖ്യാ) 2017, ശാംകരസ്മൃതി, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.
- പവിത്രൻ പി. 2020, മാർക്സ് ഗാന്ധി അംബേദ്കർ, ഇൻസൈറ്റ് പT 1ിക്കേഷൻസ്, കോഴിക്കോട്.
- പിള്ള കെ.സി. (വിവ), 1985, നീതി ശതകം, ഡി. സി കൃ ക്സ്, കോട്ടയം.
- പൈലി, എം. വി. 1975, ഇന്ത്യൻ ഭരണഘടന, കേരളഭാഷാഇൻല 1ിറ്റ്യൂട്ട്, തിരുവനന്തപുരം.
- പ്രസന്നരാജൻ, 2023, മലയാള നോവൽ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ, കേരള ഭാഷാ ഇൻല 1ിറ്റ്യൂട്ട്, തിരുവനന്തപുരം.
- ബഞ്ചമിൻ, ഡി. 1994, നോവൽ സാഹിത്യപഠനങ്ങൾ, കറൻറ് കൃ ക്സ് കോട്ടയം.

- ബഞ്ചമിൻ, ഡി. ഡോ. 2010, നോവൽ സാഹിത്യ പഠനങ്ങൾ, മാളുബൻ പT 1ിക്കേഷൻസ് , തിരുവനന്തപുരം.
- ബഷീർ, എം.എം. 2015, നോവൽ പഠനം, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.
- ബാലകൃഷ്ണൻ പി. കെ.1957, ചന്തുമേനോൻ ഒരു പഠനം, ഡി. സി ക്യ ക്സ്, കോട്ടയം.
- ബിപൻ ചന്ദ്ര, 2007, ആധുനിക ഇന്ത്യ, ഡി. സി ക്യ ക്സ്, കോട്ടയം.
- ഭാസ്കരനുണ്ണി പി. 2005, കേരളം ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ, കേരള സാഹിത്യഅക്കാദമി, തൃശൂർ
- മധു ടി. വി. 1999, നവമാർക്സിലെ ് സാമൂഹ്യവിമർശനം, ഡി. സി ക്യ ക്സ്, കോട്ടയം.
- മന്നാടിയാർ, എൻ. എസ്. 2015, കൗടില്യന്റെ അർത്ഥശാസ്ത്രം, അന്തർധാരയും സമകാലീക പ്രസക്തിയും, കേരള സാഹിത്യ അക്കാദമി, തൃശൂർ
- മാത്തൻ, കെ.2014, നമ ടെ രാജ്യത്തെ കോടതികൾ, എൻ.ബി. എസ്, കോട്ടയം.
- മീര കെ ആർ. 2021, ഖബർ, ഡി. സി. ക്യ ക്സ്, കോട്ടയം.
- മുരളീധരൻ നായർ ഇ. എൻ. 2016, 'കോടതി നീതിക്കു വേണ്ടിയുള്ള കാത്തിരിപ്പു കേന്ദ്രമോ'ന സാഹിത്യ വിമർശനം ദ്വൈമാസികം, പു.8, ലക്കം 2, പുറം 7-15
- മോഹനവർമ്മ കെ. എൻ,2014, നീതി, ഡി.സി ക്യ ക്സ്, കോട്ടയം.
- രഘുകുമാർ വി. 2002, ഭൂപടങ്ങൾ: ആനന്ദിന്റെ കൃതികളെക്കുറിച്ചുള്ള പഠനം, ഗ്രേസ് പT 1ിക്കേഷൻസ്, തിരുവനന്തപുരം.
- രതി വി.കെ.2004, ആനന്ദ് -വ്യക്തിയും ഭരണകൂടവും, മലയാള പഠന ഗവേഷണകേന്ദ്രം തൃശൂർ
- രവീന്ദ്രൻ പി. പി 2002, ഫൂക്കോ- വർത്തമാനത്തിന്റെ ചരിത്രം, കേരള ഭാഷാ ഇൻല 1ിറ്റ്യൂട്ട്, തിരുവനന്തപുരം.
- രാഘവവാര്യർ, രാജൻ : രുക്കൾ, 1982, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.
- രാജശേഖരൻ എസ്.2016, നവോത്ഥാനന്തര നോവൽ, കേരള ഭാഷാ ഇൻല 1ിറ്റ്യൂട്ട്, തിരുവനന്തപുരം.
- രാജശേഖരൻ പി. കെ. 1999, അന്ധനായ ദൈവം- മലയാളനോവലിന്റെ നൂറ് വർഷങ്ങൾ, ഡി. സി ക്യ ക്സ്, കോട്ടയം.

- രാജീവ് എ.ബി.2011, 'നീതി നിർവ്വഹണം മലബാറിൽ', മലബാർ പൈതൃകവും പ്രതാപവും(എഡി), കേരള ഭാഷാ ഇൻലറ്റിയൂട്ട്, തിരുവനന്തപുരം.
- രാജേർ . എസ്, 2022, കേരളത്തിലെ നീതിശാസ്ത്രങ്ങൾ, വള്ളത്തോൾ വിദ്യാപീഠം, " കപുരം.
- രാജേഷ് ചിറപ്പാട്, 2011, അംബേദ്കർ- ജീവിതം കൃതി ദർശനം, ചിന്ത പT ിക്കേഷൻസ്, തിരുവനന്തപുരം.
- രാജേഷ് എം. ആർ. ആചാര്യ.2013, മനുസ്മൃതി സത്യവും മിഥ്യയും, മാതൃഭൂമി ക്യ ക്സ്, കോഴിക്കോട്.
- രാധാകൃഷ്ണൻ സി. 2009, ഒറ്റയടിപ്പാതകൾ, പൂർണ പT ിക്കേഷൻസ കോഴിക്കോട്.
- വിനോദൻ നാവത്ത്, 2020, 'കൊളോണിയൻ ആധുനികതയും കേരളവും- ചില നിരീക്ഷണങ്ങൾ', താപസം ജേണൽ, വോള്യം, തൾ ക, ലക്കം 3, പുറം 133-149
- വിശ്വനാഥൻ നായർ പി. നെഹ്റു, (വ്യാഖ്യാ), 1997, ചിലപ്പതികാരം, കേരള സാഹിത്യ അക്കാദമി, തൃശൂർ
- ശട ണ്ണിമേനോൻ പി. 1973, തിരുവിതാംകൂർ ചരിത്രം, കേരളഭാഷാ ഇൻലറ്റിയൂട്ട്, തിരുവനന്തപുരം.
- ശരച്ചന്ദ്രൻ. പി. 1985, ചന്തുമേനോൻ അരങ്ങും അണിയറയും, കേരളഭാഷാ ഇൻലറ്റിയൂട്ട്, തിരുവനന്തപുരം.
- ശശി അരുൺ, 2005, നിയമവ്യവഹാരവും കേരളസംസ്കാരവും, കേരള യൂണിവേഴ്സിറ്റി, അപ്രകാശിത ഗവേഷണപ്രബന്ധം.
- ശിവപ്രസാദ്, പി. മാധ്യമമലയാളം: തെരഞ്ഞെടുത്ത പ്രയോഗസന്ദർഭങ്ങളെ മുൻനിർത്തിയുള്ള വ്യവഹാരാപഗ്രഥനം, കാലിക്കറ്റ് യൂണിവേഴ്സിറ്റി, അപ്രകാശിത ഗവേഷണ പ്രബന്ധം.
- ശ്രീജൻ വി.സി. 2003, നോവൽ വായനകൾ, ഡി. സി ക്യ ക്സ്, കോട്ടയം.
- ഷാജി ജേക്കബ്, 1996, ചരിത്രത്തിന്റെ രാഷ്ട്രീയം: ആനന്ദിന്റെ ദർശനം, ഡി. സി ക്യ ക്സ്, കോട്ടയം.
- ................................2003, നോവൽ: ചരിത്രത്തിന്റെ പാഠഭേദം, കറൻറ ക്യ ക്സ്, തൃശൂർ
- സണ്ണി കപിക്കാട്, എം. 2017, ജനതയും ജനാധിപത്യവും, വിദ്യാർത്ഥി പT ിക്കേഷൻസ്, കോഴിക്കോട്.
- സന്തോഷ് കുമാർ എൻ. (എഡി), 2019, ഭാവനയുടെ കോളനികൾ, ചിന്ത പT ിഷേഴ്സ്,ന്യ തിരുവനന്തപുരം.
- സ്കറിയ ജോസഫ്, 2015, പഴശ്ശിരേഖകളിലെ വ്യവഹാരങ്ങൾ, എൻ. ബി .എസ് കോട്ടയം.

- സിദ്ധിനാഥാനന്ദസ്വാമി (വ്യാഖ്യാ), 2010, മനുസ്മൃതി, ശ്രീരാമകൃഷ്ണമഠം, തൃശൂർ
- സുകമാരൻ കെ.1994, ന്യായാധിപചിന്തകൾ, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം.
- സുബ്രമ ണ്യൻ, എൻ. 2003, സംഘകാലത്തെ ഭരണസംവിധാനം: സംഘം തമിഴരുടെ ഭരണവും സാമൂഹികജീവിതവും, ഡി.സി. ബുക്സ്, കോട്ടയം.
- സുധീഷ്, എസ്. 2016, ചരിത്രവും ഭാവനയും നോവൽ കലയിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
- സുധീഷ് വി. ആർ 2012, നോവൽ വെളിച്ചങ്ങൾ, സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം.
- സുനിൽ : പ്ല, 'ജയിലുകൾ', മാതൃഭൂമി വാരിക, പുറം: 49, ലക്കം 30, പുറം: 8-11
- സുനിൽ, പി. ഇളയിടം, 2020, നീതിയുടെ പാർപ്പിടങ്ങൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട.ന്യൂ
- റോബിൻ ജെഫ്രി, 1979, നായർമേധാവിത്വത്തിന്റെ പതനം, ഡി. സി ബുക്സ്, കോട്ടയം.
- Achyuta Menon. C. 1995, The Cochin State Manual, State Editor, Kerala, Gazatteers, Thiruvananthapuram.
- Adam Jaworski and Nikolas Coupalnd (Eds.), 2014, The Discourse Reader, Third Edition, Routledge, Taylor and Francis Group, London and Newyork.
- Althusser, Louis. 1971, Ideology and Ideological State Apparatus in Lenin and Philosophy, New Left Books, London.
- Chris Horrocks and Zoran Jeutic. 2009, Introducing Foucault, A Graphic Guide, Totam Books, USA.
- Dayana Tayalor (Ed.), 2012, Michael Foucault Key Concepts, Rawat Publications, Jaipur.
- Fairclough, Norman.1989, Language and Power, Cogma Publications, London.
- Foucault, Michael. 1970, The Order of Discourse: An Archeology of the Human Sciences, Tavistock, London.
- ......................1972, The Archeology of Knowledge, trans. Sheridan

- Smith A.M, Tavistock, London...................... 1973, The Order of Things: An Archeology of Medical Perception, Vintage Books, Newyork.
- ...................... 1978, The History of Sexuality, Volume 1, trans, Robert Hurley, Pantheon Books, Newyork.
- ...................... 1995, Discipline and Punish, Vintage Books, Newyork.
- ...................... 1991, Governmentality, Trans. Rosi Braidotti and revised by Colin Gordon, in Graham Burchell, Colin Gordon and Peter Miller, 5 niversity of Chickago Press, Chickago.
- Friedman, W, 2011, Legal Theory, 5 niversal Law Publishing Company, Newdelhi.
- .................... 2011, Law and Social Change, 5 niversal Law Publishing Company, Newdelhi.
- Homi Bhabha, 1984, Of Mimicry and Man: The Ambivalence of Colonial Discourse, Spring, 5 SA.
- Nilakanta Sastri, K. A. 1955, The Colas, Madras press Madras.
- .................... 1955, History of South India, Oxford 5 niversity Press, Oxford.
- Rahela Khorakiwala, 2020 Justice in circles, Hart publishers, London.
- Ruth, Wodak. (Ed), 1938, Language Power and Ideology: Study in Political Discourse, Benhamins Publishing Company, London.
- Srinivasa Iyengar, M. 1914, Tamil Studies Madras Press, Madras.
- Van Dijk, Teun. 1991, Racism and Press in Robert Miles (Ed) in Critical Studies in Racism Migration, New York: Routledge.